# ലിംഗാവബോധത്തിന്റെ പരിണതികൾ മലയാളചെറുകഥയിൽ

**ധനുഷ സി.എം.**

**കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി**
**മലയാളം ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന പ്രബന്ധം**
**(സംശോധിതപതിപ്പ്)**

**മാർഗ്ഗദർശകൻ**

**ഡോ.പി.വി. പ്രകാശ്ബാബു**

**മലയാളവിഭാഗം,**
**ശ്രീ കേരളവർമ കോളേജ്**
**(കോഴിക്കോട് സർവകലാശാല)**
**തൃശൂർ**

**ജൂലൈ 2019**

# Remodeling Gender Consciousness in Malayalam Short Stories

**DHANUSHA C.M.**

*Thesis submitted to the University of Calicut for the Degree of Doctor of Philosophy in Malayalam*

(Corrected Copy)

Supervising Teacher

**Dr. P.V. Prakashbabu**

Department of Malayalam

Sree Kerala Varma College Thrissur

July 2019

## തിരുത്തൽ സംബന്ധിച്ച സാക്ഷ്യപത്രം

ഡോ. പി. വി. പ്രകാശ് ബാബുവിന്റെ മാർഗ്ഗനിർദ്ദേശത്താൽ **ധനുഷ സി. എം.** ഗവേഷണം പൂർത്തിയാക്കി സമർപ്പിച്ച **'ലിംഗാവബോധത്തിന്റെ പരിണതികൾ മലയാള ചെറുകഥയിൽ'** എന്ന പ്രബന്ധം മൂല്യനിർണയനം ചെയ്ത ഡോ. എൻ. അജയകുമാർ (അസോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല), ഡോ. കെ. ജ്യോതിഷ്കുമാർ (അസോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം മേധാവി, മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം) എന്നിവർ നൽകിയ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി തയ്യാറാക്കിയ സംശോധിത പതിപ്പാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഡോ. എം. ആർ. രാജേഷ്

വകുപ്പ് മേധാവി, മലയാള വിഭാഗം

ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ

Dr RAJESH M R
HOD, PG DEPT. OF
MALAYALAM & RESEARCH CENTRE
SREE KERALA VARMA COLLEGE
THRISSUR - 680 011

DEPT. OF MALYALAM
THRISSUR
SREE KERALA VARMA COLLEGE

# ആമുഖം

**സാ**ഹിത്യം ചരിത്രബാഹ്യമായ ഒരു പ്രക്രിയയല്ലാത്തതുകൊണ്ട് അതതുകാലത്തെ അധികാരവും അഭിരുചിയും ഇടപെടുന്ന സംസ്കാരരൂപം എന്ന നിലയിൽ തന്നെയാണ് പരിഗണിക്കപ്പെടുന്നത്. സാഹിത്യം വിലയിരുത്തേണ്ടത്, അത് രൂപപ്പെടുന്ന കാലത്തേയും വായിക്കപ്പെടുന്ന കാലത്തേയും സംസ്കാരത്തേയും ചരിത്രത്തേയും പ്രത്യയശാസ്ത്രത്തേയും അടിസ്ഥാനമാക്കിയാണ്. വ്യത്യസ്ത സാഹിത്യരൂപങ്ങളെ പരിഗണിക്കുമ്പോൾ അവയുടെയെല്ലാം അടിസ്ഥാനപരമായ പ്രത്യേകതകളായി മേൽകാണിച്ചവ വിലയിരുത്തപ്പെടേണ്ടതുണ്ട്. ചെറുകഥാ സാഹിത്യവും ഇതിൽനിന്നും വേറിട്ടുനിൽക്കുന്നില്ല.

വർത്തമാനജീവിതാവസ്ഥയിൽ ആണത്തത്തേയും പെണ്ണത്തത്തേയും കൂടാതെ ഇതരവിഭാഗങ്ങളെക്കുറിച്ച് സമൂഹം വെച്ചുപുലർത്തുന്ന മനോഭാവങ്ങളും സങ്കൽപ്പങ്ങളും സാമൂഹികമായും രാഷ്ട്രീയമായും വിപുലമായ സാധ്യതകൾ ഉൾകൊള്ളുന്ന മേഖലയാണ്. ആണും പെണ്ണും തമ്മിൽ മാത്രമല്ല, പെണ്ണും പെണ്ണും തമ്മിലും ആണും ആണും തമ്മിലുള്ള അധികാരവിതരണതലങ്ങളും ഇവയെ ചുറ്റിപ്പറ്റിയുള്ള അവസ്ഥകളും സമകാലപഠനവിഷയങ്ങളാണ്. മലയാളചെറുകഥാസാഹിത്യത്തിൽ എഴുത്തുകാരികളുടെ രചനകൾ മുന്നോട്ടുവെക്കുന്ന ലിംഗാവബോധം എന്തെന്ന അന്വേഷണം പ്രസക്തമാണ്. സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപദവിയെ പരിശോധിക്കപ്പെടുമ്പോഴാണ് ലിംഗാവബോധം പ്രവർത്തിക്കുന്നതെങ്ങനെയെന്ന് മനസിലാക്കാനാവുന്നത്.

## പഠനലക്ഷ്യം

സമകാലികതയിൽ വായന സംവാദങ്ങളുടെ പരിസരം സാഹിത്യരചനയുടേയും കലാവിഷ്കാരങ്ങളുടേയും ഭാവുകത്വത്തെ മാറ്റിത്തീർത്തിട്ടുണ്ട്. ചെറുകഥാസാഹിത്യത്തിൽ വ്യത്യസ്തവും നൂതനവുമായ ആവിഷ്കാരങ്ങൾ കാണാം. കേരളത്തിന്റെ രാഷ്ട്രീയസാംസ്കാരികചരിത്രത്തിൽ തന്നെ മായാത്ത അടയാളമായി പതിഞ്ഞുകിടക്കുന്ന ഒന്നാണ് നവോത്ഥാനം. ഈ കാലഘട്ടത്തിലാണ് ലിംഗഭേദവിചാരം സജീവമാവുന്നത്. കേരളത്തിൽ ഉയർന്നുവന്ന മിക്ക സാമൂഹിക സാംസ്കാരികസ്ഥാപനങ്ങളിലും ലിംഗഭേദം ഗൗരവമായി ചർച്ചചെയ്യപ്പെട്ടു.

പരിസ്ഥിതി, ലിംഗനീതി, സംസ്കാരം, ശാസ്ത്രം, നൈതികത, കീഴാളത

തുടങ്ങിയ പ്രമേയങ്ങളിന്ന് സാമൂഹികസാംസ്കാരികചർച്ചകളിൽ മുഖ്യമായി ഇടം നേടിയിട്ടുണ്ട്. കേരളീയ സമൂഹത്തിൽ രൂപപ്പെട്ടുവന്ന ലിംഗാവബോധത്തിന്റെ അടിസ്ഥാനത്തിൽ ചെറുകഥാസാഹിത്യത്തിലെ എഴുത്തുകാരികളുടെ രചനകളെ പഠിക്കാനാണ് ശ്രമിക്കുന്നത്. ഇതിനായി സരസ്വതിയമ്മ, മാധവിക്കുട്ടി, സാറാ ജോസഫ്, കെ.ആർ.മീര തുടങ്ങിയവരുടെ രചനകളെയാണ് സ്വീകരിക്കുന്നത്.

## പഠനമേഖല

സാമൂഹ്യ, രാഷ്ട്രീയ പദവിക്കും തുല്യതക്കുംവേണ്ടി ഇന്ന് പോരാട്ടങ്ങൾ നടന്നുകൊണ്ടിരിക്കുന്നിടത്താണ് പ്രബന്ധ വിഷയത്തിന്റെ ഭൂമിക. ലിംഗാവബോധപരിണതികൾ മലയാളചെറുകഥയിൽ എന്ന വിഷയത്തിൽ സരസ്വതിയമ്മ, മാധവിക്കുട്ടി, സാറാ ജോസഫ്, കെ.ആർ.മീര എന്നീ എഴുത്തുകാരുടെ തെരഞ്ഞെടുത്ത കഥകളാണ് പഠനത്തിന് സ്വീകരിക്കുന്നത്. സരസ്വതിയമ്മയുടെ വിശ്രമമുറിയിൽ (1941), ശരത്ചന്ദ്രിക (1942), രമണി (1943), വിവാഹവിദ്വേഷി (1943), ഒരോ ഒരു രാത്രി (1944), ഡബിൾ ആക്ട് (1944), കീഴ്ജീവനക്കാരി (1945), സ്വതന്ത്ര്യവാദക്കാരി (1946), സ്ത്രീജന്മം (1946), ഒരുക്കത്തിന്റെ ഒടുവിൽ (1946), സ്വർഗ്ഗദ്വാരം (1947), പ്രേമത്തിന്റെ പ്രവൃത്തി മണ്ഡലം (1947), വിവാഹസമ്മാനം (1947), പെൺബുദ്ധി (1948), അമ്പിളി (1951), തെറ്റും ശരിയും (1952), പകലും രാവും (1953) എന്നിവയും, മാധവിക്കുട്ടിയുടെ പുഴ വീണ്ടും ഒഴുകി (1953), ചതി (1959), കല്യാണി (1960), തരിശുനിലം (1960), ചതുരംഗം (1962), ചന്ദ്രരശ്മികൾ (1969), കവിയുടെ ഭാര്യ (1967), നപുംസകങ്ങൾ (1983), ചന്ദനമരങ്ങൾ (1988), അവശിഷ്ടങ്ങൾ (1992), സോനാഗാചി (1994), നായാട്ടുകാരൻ (1994), സാറാജോസഫിന്റെ മുടിത്തെയ്യമുറയുന്നു, സ്ക്കൂട്ടർ, പാപത്തറ, ഓരോ എഴുത്തുകാരിയുടെ ഉള്ളിലും (പാപത്തറ സമാഹാരം 1990), തായ്കുലം, കന്യകയുടെ പുല്ലിംഗം, ഈ ഉടലെന്നെ ചൂഴുമ്പോൾ (നിലാവറിയുന്നു കഥാസമാഹാരം 1994), കോഫീ ഹൗസ് (1995), വെളുത്തനിർമിതികളും കറുത്ത കണ്ണാടിയും (1995), ഒരു ചീത്ത സിനിമയുടെ ഷൂട്ടിങ്ങ് (2001) എന്നീ കഥാസമാഹാരങ്ങളും ഗില്ലറ്റിൻ (2001), സർപ്പയജ്ഞം (2001) കെ.ആർ. മീരയുടെ ആവേ മരിയ (2002), മോഹമഞ്ഞ (2004), കെ.ആർ. മീരയുടെ കഥകൾ (2012) എന്നിവയാണ്. കാലത്തിന്റെ പ്രതിനിധാനത്തിലാണ് എഴുത്തുകാരികളെ തെരഞ്ഞെടുത്തിരിക്കുന്നത്

## പഠനപ്രസക്തി

ഭാഷ, വേഷവിധാനങ്ങൾ തുടങ്ങി ശരീരഭാഷകളിൽ വരെ ജാതി, ലിംഗ

ഘടകങ്ങൾ പൂർണമായ ആധിപത്യം ചെലുത്തിയ സമീപഭൂതകാലത്തിൽ നിന്ന് നവീന കാലഘട്ടത്തിൽ കേരളത്തിന്റെ ഒരു നൂറ്റാണ്ടുകാലത്തെ സാമൂഹികചരിത്രം ഇനിയു മേറെ സൂക്ഷ്മപഠനങ്ങൾ അർഹിക്കുന്ന ഒന്നാണ്. അനുഭവത്തിന്റെ വ്യത്യസ്തതകൾ ആവിഷ്കരിക്കാൻ നിലവിലുള്ള വ്യവസ്ഥകളെ തിരസ്കരിക്കാനും കുടഞ്ഞുകളയാനും ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ ലിംഗാവബോധത്തിന് സംഭവിക്കുന്ന പരിവർത്തന ങ്ങൾ ശ്രദ്ധയോടെ വിശകലനം ചെയ്യേണ്ടതുണ്ട്. കെ.സരസ്വതിയമ്മ മുതൽ ഏറ്റവും പുതിയ എഴുത്തുകാരികളുടെ രചനകൾ വായനക്കെടുക്കുമ്പോൾ ആത്മപരതയോ അനു ഭവപരമ്പരയോ മാത്രമല്ല കണ്ടെടുക്കാൻ കഴിയുക. അതിലുപരി നിലനിൽപിനായുള്ള പോരാട്ടങ്ങൾ കാണാം.

കെ.സരസ്വതിയമ്മയുടെ കാലഘട്ടത്തിൽ തുടങ്ങി മാധവിക്കുട്ടി, സാറാജോസഫ്, കെ.ആർ.മീര എന്നിവരുടെ രചനകൾ പരിശോധിക്കുമ്പോൾ സാമൂഹികവും ചരിത്രപരവുമായ മാറ്റങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഓരോ എഴുത്തുകാരികളുടെ രചനകളിലും പ്രതിഫലിക്കുന്ന മാറ്റത്തിന്റെ തുടർച്ച കാണാം. അതുകൊണ്ടുതന്നെ സാഹിത്യത്തെ തിരിച്ചറിയുക എന്നത് സമൂഹത്തെ പരിണാമ വിധേയമാക്കുന്നവ തിരിച്ചറിയുക എന്നതുതന്നെയാണ്.

## പഠനരീതി

കേരളത്തിലെ സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ പരിസരങ്ങളിലുണ്ടായ മാറ്റങ്ങളുടെ പശ്ചാതലത്തിൽനിന്നുവേണം ചെറുകഥാസാഹിത്യത്തിലെ ലിംഗാവബോധപരിണാമങ്ങളെ വിലയിരുത്താൻ. ലിംഗപദവിപഠനങ്ങളോട് ബന്ധപ്പെടുത്തി എഴുത്തുകാരികളുടെ രചനകളെ പഠിക്കാൻ ശ്രമിക്കുന്നു. സാമൂഹിക രംഗങ്ങളിൽ സ്ത്രീയുടെ ഇടപെടൽ വർദ്ധിക്കുകയും വിദ്യാഭ്യാസ പരമായി മുന്നേറുകയും സ്ത്രീവാദപരമായ രാഷ്ട്രീയം ഉയർത്തിപിടിക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടാവുകയും ചെയ്തു.

സാഹിത്യപാഠങ്ങളിൽ നിന്നു സാമൂഹ്യാംശങ്ങളെ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ പാഠവിശകലന രീതിയാണ് ഈ പഠനത്തിൽ പിൻതുടരുന്നത്. ഏതെങ്കിലുമാരു പ്രത്യേക സിദ്ധാന്തം മുൻനിർത്തിയുള്ള പഠനമല്ല ഈ പ്രബന്ധത്തിന് സ്വീകരിക്കുന്നത്. ലിംഗപദവി പഠനങ്ങളുമായി ബന്ധപ്പെട്ട സൈദ്ധാന്തിക ആശയങ്ങൾ വിഷയത്തിനുതകുന്ന രീതിയിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പ്രബന്ധത്തിന്റെ രചനയ്ക്ക് എംഎൽഎ സ്റ്റൈൽ ഷീറ്റിന്റെ എട്ടാം പതിപ്പിനെയാണ് ആശ്രയിച്ചിരിക്കുന്നത്.

## പഠനപരിമിതി

ലിംഗാവബോധത്തിന്റെ പരിണതികൾ ചെറുകഥാസാഹിത്യത്തിൽ എന്ന വിഷയത്തെ മുൻനിർത്തി സരസ്വതിയമ്മ, മാധവികുട്ടി, സാറാജോസഫ്, കെ.ആർ.മീര തുടങ്ങിയവരുടെ രചനകളാണ് പഠനവിധേയമാക്കുന്നത്. അതുകൊണ്ട് തന്നെ ചെറുകഥാസാഹിത്യത്തിൽ ആവിഷ്കരിക്കുന്ന ലിംഗാവബോധത്തിന്റെ പരിണതികൾ പൂർണമായും പഠനവിധേയമാക്കാൻ സാധ്യമല്ല. ഏതൊരു പഠനത്തിനും കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് നാല് എഴുത്തുകാരികളുടെ രചനകളിൽ കേന്ദ്രീകരിക്കുന്നത്.

## പൂർവപഠനങ്ങൾ

സമകാലസാമൂഹികതയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഷയമാണ് ലിംഗപദവി. സ്ത്രീയും കീഴാളജനവിഭാഗങ്ങളും സാഹിത്യത്തിൽ എങ്ങനെ പരിഗണിക്കപ്പെട്ടു എന്ന അന്വേഷണങ്ങൾ വിവിധ വൈജ്ഞാനികമേഖലകളിൽനിന്ന് ഉയർന്നുവരികയും ചെയ്തു. ഈ പരിസരത്തിൽ നിന്നുകൊണ്ടാണ് മലയാളചെറുകഥയെ അവലംബമാക്കി ഇവിടെ ഗവേഷണപഠനം നടത്തുന്നത്.

ചെറുകഥയിലെ ലിംഗപദവിയുമായി ബന്ധപ്പെട്ടാണ് പഠനങ്ങളുണ്ടായിട്ടുള്ളത്. സത്താവാദപരമായ സ്ത്രീവാദത്തെ അത് വിശാലമായ ലിംപദവിയെ സംബന്ധിച്ച രാഷ്ട്രീയകാഴ്ചപ്പാടിലേക്ക് മാറ്റുന്നു. ഇത്തരം ആലോചനകളുടെ അടയാളപ്പെടുത്തലുകളാണ് ജി.ഉഷാകുമാരി 'ഉടൽ ഒരു നെയ്ത്ത് : സംസ്കാരത്തിന്റെ സ്ത്രീവായന' (2013) എന്ന പഠനം. രാജേഷ് എം ആറിന്റെ ലിംഗപദവി പഠനങ്ങൾ (2018) എന്ന ഗ്രന്ഥം ഈ വിഭാഗത്തിൽ ശ്രദ്ധേയമാണ്. സ്ത്രീപക്ഷകാഴ്ചപ്പാടുകളോടുതന്നെ സജീവമായി സംവദിച്ചുകൊണ്ട് വ്യത്യസ്ത ലിംഗപദവികളിലൂന്നിയ അന്വേഷണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. സ്ത്രീപക്ഷരാഷ്ട്രീയത്തിൽനിന്നും ലിംഗരാഷ്ട്രീയത്തിലേക്കുള്ള പരിവർത്തനം നിശ്ചിതമാനദണ്ഡങ്ങളിൽ ക്രമീകരിക്കപ്പെട്ട സ്ത്രീപുരുഷഘടനക്കപ്പുറം ലെസ്ബിയൻ, ഗേ, ബൈസ്ക്ഷൽ, ട്രാൻസ്ജെന്റർ, ഇന്റർസെക്സ് എന്നിങ്ങനെ വിവിധങ്ങളായ ലിംഗസ്വത്വങ്ങളെ അഭിമുഖീകരിക്കുന്നു. മുകളിൽ പ്രസ്താവിച്ച ആശസംവാദങ്ങളെ അവതരിപ്പിക്കുന്ന പഠനമാണ് രശ്മി ജി., അനിൽകുമാർ കെ.എസ്. എന്നിവരെഴുതിയ 'വിമതലൈംഗികത ചരിത്രം, സിദ്ധാന്തം, രാഷ്ട്രീയം' (2016), 'ട്രാൻസ്ജെന്റർ ചരിത്രം, സംസ്കാരം, പ്രതിനിധാനം', 'കെ.ആർ.മീരയുടെ കഥയുടെ കാലാന്തരങ്ങൾ' (2018) തുടങ്ങിയവയാണ്. ആദ്യത്തെ രണ്ട് പഠനങ്ങളും സൈദ്ധാന്തികവശങ്ങളും ചലച്ചിത്രാവിഷ്കാരങ്ങളിലെ

പ്രതിനിധാനങ്ങളുമായാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെ.ആർ.മീരയുടെ കഥയുടെ കാലാന്തരങ്ങൾ എന്ന പഠനവിഷയത്തിൽ സ്ത്രീത്വത്തിന്റെ സംഘർഷങ്ങളും പ്രതിസന്ധികളും പുതുനൂറ്റാണ്ടിന്റെ മൂല്യച്യുതികളും പങ്കുവെക്കുന്നു.

സത്യൻ എം. 'മലയാളസിനിമയും ലിംഗരാഷ്ട്രീയവും' (2018) എന്ന വിഷയത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പ്രബന്ധം ലിംഗപദവിയുടെ സൈദ്ധാന്തികതയിലൂന്നി സിനിമയിലെ ലിംഗരാഷ്ട്രീയം ചർച്ച ചെയ്യുന്നു. ഈ പ്രബന്ധത്തിൽ സ്ത്രീപ്രതിനിധാനത്തെ സിനിമ അടയാളപ്പെടുത്തുന്നതിന് ലിംഗപദവിസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ പഠിക്കുന്നു. 'സ്ത്രീചരിത്ര നിർമ്മിതി: കർതൃത്വവും ലിംഗപദവിയും മലയാള സാഹിത്യ ചരിത്രങ്ങളിൽ' (2017) സംസ്കൃതസർവ്വകലാശാലയിലെ ഈ പ്രബന്ധത്തിൽ ലിംഗപദവി സാഹിത്യചരിത്രത്തിൽ എഴുത്തുകാരികളുടെ പ്രതിനിധാനത്തെയാണ് വിശകലനം ചെയ്യുന്നത്.

'ലിംഗാവബോധത്തിന്റെ പരിണതികൾ മലയാള ചെറുകഥയിൽ' എന്ന ഈ പ്രബന്ധത്തിൽ മുകളിൽ പ്രസ്താവിച്ച പഠനങ്ങളിൽ നിന്ന് ഭിന്നമായി എഴുത്തുകാരികളുടെ കഥകളിൽ കേരളീയ പരിസരത്തിൽ രൂപപ്പെട്ട ലിംഗാവബോധത്തെ അടിസ്ഥാനമാക്കി പഠിക്കാനാണ് ശ്രമിക്കുന്നത്.

## പ്രബന്ധസ്വരൂപം

ആമുഖത്തിന് പുറമേ നാല് അധ്യായങ്ങളും ഉപസംഹാരവും ഗ്രന്ഥസൂചിയും ചേർന്നതാണ് പ്രബന്ധം. 'സ്ത്രീവാദവും ലിംഗാവബോധവും സൈദ്ധാന്തിക പശ്ചാത്തലം' എന്ന ഒന്നാമത്തെ അധ്യായത്തിൽ ലിംഗാവബോധത്തിന്റെ പരിണതികൾ പഠനവിധേയമാക്കുന്നതിന് ഉപകരിക്കുന്ന സൈദ്ധാന്തികധാരണകൾ രൂപപ്പെടുത്താനാണ് ശ്രമിച്ചിരിക്കുന്നത്. സമീപകാലത്ത് സംസ്കാരപഠന മേഖലയിലും കഥാപഠനമേഖലയിലും വളർന്നുവന്നിട്ടുള്ള ചിന്താധാരകളിൽ പ്രസക്തമായവ അവലംബമാക്കിയാണ് ഈ അന്വേഷണം നിർവഹിച്ചിരിക്കുന്നത്. സ്ത്രീവാദം, ലിംഗപദവി, ലൈംഗികത, കുടുംബം, ലൈംഗികന്യൂനപക്ഷങ്ങൾ, കർതൃത്വം എന്നിവയെ സംബന്ധിച്ച് ചിന്തകർ രൂപീകരിച്ചിട്ടുള്ള ആശയങ്ങൾ, നിരീക്ഷണങ്ങൾ, കാഴ്ചപ്പാടുകൾ തുടങ്ങിയവയാണ് പ്രധാനമായി പരിഗണിച്ചത്. സ്ത്രീവാദപരമായ ആശയങ്ങളെ അഭിമുഖീകരിച്ച് ലിംഗരാഷ്ട്രീയത്തിന്റെ സൈദ്ധാന്തിക പരിസരത്തെ വ്യക്തമാക്കാനാണ് ഒന്നാമധ്യായത്തിൽ ശ്രമിച്ചിട്ടുള്ളത്.

'ലിംഗാവബോധം മലയാളചെറുകഥയിൽ' എന്ന രണ്ടാമധ്യായത്തിൽ ചെറുകഥാസാഹിത്യത്തിൽ എഴുത്തുകാരികളുടെ രചനകളെ പൊതുവേ വിശകലനവിധേയമാക്കുന്നു. കുടുംബം, സമൂഹം, ലൈംഗികത, സ്വത്വരൂപീകരണം, ഭാഷ എന്നീ ആശയങ്ങളിലൂന്നിയാണ് അവയെ വിശകലനം ചെയ്യുന്നത്. കേരളത്തിലെ കുടുംബബന്ധങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പ്രവണതകളും ചിന്താരീതികളും എഴുത്തുകാരികളുടെ രചനകളിൽ എങ്ങനെ ആവിഷ്കരിക്കുന്നു എന്നും അതിനുപുറമേ സമൂഹത്തിന്റെ കാഴ്ചപ്പാട്, ലൈംഗികതയോട് പുലർത്തുന്ന മനോഭാവങ്ങൾ, സ്വത്വരൂപീകരിണവുമായി ബന്ധപ്പെട്ട കാഴ്ച, ഭാഷകൊണ്ട് വ്യത്യസ്തരീതി പ്രകടിപ്പിക്കുന്ന തലങ്ങളും വിശകലനം ചെയ്യുന്നു.

'ആഖ്യാനപാഠവും എഴുത്തുകാരികളുടെ രചനകളും' എന്ന മൂന്നാമധ്യായത്തിൽ ആഖ്യാനം എന്ന ചിന്താപദ്ധതിയെ മുൻനിർത്തി ആഖ്യാനത്തിന്റെ ഭിന്നതലങ്ങളെ പരിശോധിക്കുന്നു. സ്ത്രൈണാഖ്യാനം, പ്രമേയതലം, ഭാഷ, ബിംബങ്ങൾ തുടങ്ങിയ തലങ്ങളിൽനിന്ന് വിശകലനം ചെയ്യുന്നു. കഥയുടെ പ്രമേയത്തിലും രചനാശൈലിയിലുമുള്ള പരീക്ഷണങ്ങൾ കഥാസാഹിത്യത്തേയും സമകാലികവായനാസമൂഹത്തേയും ഗൗരവമായി എടുക്കേണ്ട നിലയാണുണ്ടാവുന്നത്. ഇത്തരമൊരു നില ഉളവാകുന്നത് ആഖ്യാനകൗശലത്തിന്റെ നേർസാക്ഷ്യങ്ങളായി കാലദേശാന്തരമായ അസ്തിത്വം കൈവരിച്ച് അവ ജീവിതത്തെ ജീവിതവുമാക്കിക്കൊണ്ടിരിക്കുന്നു എന്നതിൽനിന്നാണ്.

'ലിംഗഭേദങ്ങളുടെ വർത്തമാനം' എന്ന നാലാമധ്യായത്തിൽ കർതൃത്വം, ശരീരം, ലിംഗരാഷ്ട്രീയം, ലിംഗാവബോധത്തിന്റെ പരിണതികൾ എന്നീ നാല് ആശയങ്ങളെ അടിസ്ഥാനമാക്കി എഴുത്തുകാരികളുടെ തെരഞ്ഞെടുത്ത കഥകളെ പഠനവിധേയമാക്കുന്നു. മാത്രമല്ല, കെ.സരസ്വതിയമ്മ, മാധവിക്കുട്ടി, സാറാജോസഫ്, കെ.ആർ.മീര എന്നിവരുടെ രചനകൾ പരസ്പരം തുടർച്ചയോ മാറ്റങ്ങളോ ഉളവാക്കുന്നുണ്ടോ എന്നത് പരിശോധിക്കുന്നു. കൂടാതെ, ലിംഗാവബോധത്തെ വിശകലനം ചെയ്യാൻ ക്വീർ സിദ്ധാന്തത്തെ ഉപയോഗിക്കുന്നുണ്ട്.

പഠനത്തിലൂടെ എത്തിച്ചേർന്ന നിരീക്ഷണങ്ങൾ ക്രോഡീകരിക്കുകയാണ് ഉപസംഹാരത്തിൽ ചെയ്യുന്നത്.

# മുഖവുര

*ഗവേഷണം നിശ്ചിതസമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ അത്യുദാരമായ പ്രോത്സാഹനവും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകിയ പ്രിയ ഗുരുനാഥൻ ഡോ.പി.വി. പ്രകാശ്ബാബുവിനോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.*

*യാദൃശ്ചികമായി നമ്മെവിട്ടു പിരിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ഓർമ്മകൾ എന്നും തെളിഞ്ഞ് നിൽക്കുന്നതാണ്. പി.ബി. സർ നൽകിയ കരുതലും സ്നേഹവും പറഞ്ഞറിയിക്കാനാവില്ല. സാറിന്റെ കീഴിൽ ഗവേഷണം പൂർത്തിയാക്കാൻ കഴിഞ്ഞതിൽ മഹാസൗഭാഗ്യമായി ഞാൻ കരുതുന്നു.*

*പഠനവിഷയവുമായി ബന്ധപ്പെട്ട് ചർച്ചകളിലൂടെ ഇടപെട്ട ഡോ. പി.വി. കൃഷ്ണൻനായർ, ഡോ. ജി. ഉഷാകുമാരി, ഡോ. സജിത കെ.ആർ., പി.ബി. സാറിന്റെ സഹധർമ്മിണി ഡോ. സലീന ടീച്ചർ, ഡോ.വി.സി. സുപ്രിയ ടീച്ചർ, കേരളവർമ്മ കോളേജിലെ എല്ലാ അധ്യാപകരും, ബഷീർമാഷ്, ഡോ. മിഥുൻ കെ.എസ്., സരസ്വതി. വി., ദേശാഭിമാനി പ്രൂഫ് റീഡർ കനകാധരൻ, പാലക്കാട് ജില്ലാ ലൈബ്രറി, സാഹിത്യഅക്കാദമി, അപ്പൻതമ്പുരാൻ സ്മാരക ജീവനക്കാർ എന്നിവരോട് നന്ദി പറയുന്നു.*

*ഗവേഷണകാലത്ത് എഴുത്ത് പൂർത്തീകരിക്കുന്നതിൽ എല്ലാ തരത്തിലും ഒപ്പം നിന്ന അമ്മ, അച്ഛൻ, ജീവിത പങ്കാളി, സഹോദരങ്ങൾ, അമ്മ എഴുതിക്കൊ എന്ന് ഇടയ്ക്കിടയ്ക്ക് ഓർമ്മപ്പെടുത്തിയ നാലുവയസ്സുകാരനായ മകൻ അദിൽമിത്ര് എന്നിവരോടുള്ള നന്ദി വാക്കുകളിൽ ഒതുങ്ങുന്നില്ല. ഈ പ്രബന്ധം ടൈപ്പ് ചെയ്യാൻ സഹായിച്ച ടോറസ് ക്രീയേറ്റീവ് ഹബ്ബിലെ ജീവനക്കാരായ രേഷ്മ, ജെഫിൻ, രാഗി എന്നിവരോടും, എല്ലാവരോടും ഒരിക്കൽ കൂടി നന്ദി അറിയിക്കുന്നു.*

*എല്ലാറ്റിനുമുപരിയായി പറഞ്ഞറിയിക്കാനാവാത്ത ഏതു വിഷമത്തിലും ഞാൻ തനിച്ചല്ല എന്ന വിശ്വാസം ഉള്ളിൽ വരുത്തുന്ന ജഗദീശ്വരനോടുള്ള നന്ദിയും കൃതാർത്ഥതയും പ്രത്യേകം അടയാളപ്പെടുത്തുന്നു.*

*ധനുഷ സി.എം.*

# ഉള്ളടക്കം


ആമുഖം I-VI

അധ്യായം ഒന്ന്
സ്ത്രീവാദവും ലിംഗാവബോധവും
സൈദ്ധാന്തികപശ്ചാത്തലം 1–66

1.1 സ്ത്രീമുന്നേറ്റം കേരളത്തിൽ
1.2 സ്ത്രീവാദങ്ങൾ
1.3 സമകാലിക സ്ത്രീവാദങ്ങൾ
1.4 ലൈംഗികത
1.4.1 ലൈംഗികതയും കേരളവും
1.4.2 ലൈംഗിക ന്യൂനപക്ഷങ്ങൾ
1.5 ലിംഗപദവി പഠനങ്ങൾ
1.5.1 ലിംഗകൽപനയും പൊതുമണ്ഡലവും
1.5.2 ലിംഗപദവി
1.5.3 ആണത്തവും പെണ്ണത്തവും
1.5.4 സ്ത്രീ ശരീരം സമൂഹം
1.6 ലിംഗപദവി : ചരിത്രവും വർത്തമാനവും
1.6.1 ചരിത്രത്തിൽ ലിംഗപദവി
1.6.2 പ്രാകൃതസമൂഹവും പെണ്ണിടവും
1.6.3 കേരളീയ ദായക്രമങ്ങൾ
1.7 കുടുംബവും പൗരനിർമ്മിതിയും
1.7.1 മാതൃദായ രീതി
1.7.2 പിതൃദായരീതി
1.7.3 ആധുനിക കുടുംബം
1.8 കർതൃത്വവും ലിംഗപദവിയും

**അധ്യായം രണ്ട്**

ലിംഗാവബോധം മലയാളചെറുകഥയിൽ 67–103

2.1 കുടുംബം

2.2 സമൂഹം

2.3 ലൈംഗികത

2.4 സ്വത്വരൂപീകരണം

2.5 ഭാഷ

**അധ്യായം മൂന്ന്**

ആഖ്യാനപാഠവും എഴുത്തുകാരികളുടെ രചനകളും 104–137

3.1 ആഖ്യാനം

3.1.1 ആഖ്യാനത്തിന്റെ ഭിന്നതലങ്ങൾ

3.1.2 സ്ത്രൈണാഖ്യാനം

3.1.3 പ്രമേയതലം

3.1.4 ഭാഷ

3.1.5 ബിംബങ്ങൾ

**അധ്യായം നാല്**

ലിംഗഭേദങ്ങളുടെ വർത്തമാനം 138–196

4.1 കർതൃത്വം

4.1.1 കർതൃത്വവും ആവിഷ്കാരവും

4.1.2 പെൺകർതൃത്വം

4.1.3 കുടുംബത്തിലെ പെൺനിർമ്മിതി

4.1.4 പ്രതിരോധത്തിന്റെ പെൺശബ്ദങ്ങൾ

4.1.5 കഥയിടങ്ങളിലെ ആണത്തം

4.2 ശരീരപരത

4.2.1 ഉടലെഴുത്ത്

4.2.2 ശരീരവും സ്വത്വബോധവും

4.3 ലിംഗരാഷ്ട്രീയം

4.3.1 പെൺ-പെൺ ഇടങ്ങൾ

4.3.2 ആൺ-പെൺ ബന്ധം

4.3.3 സ്ത്രൈണലൈംഗികത

4.3.4 ലൈംഗികന്യൂനപക്ഷവും കഥയും

4.4. ലിംഗാവബോധത്തിന്റെ പരിണതികൾ

ഉപസംഹാരം 197–206

സഹായകഗ്രന്ഥങ്ങൾ 207–222

DHANUSHA C.M. “REMODELING GENDER CONSCIOSNESS” THESIS. RESEARCH DEPARTMENT OF MALAYALAM SREEE KERLA VARMA COLLEGE, UNIVERSITY OF CALICUT

# അധ്യായം ഒന്ന്
# സ്ത്രീവാദവും ലിംഗാവബോധവും
# സൈദ്ധാന്തികപശ്ചാത്തലം

1.1 സ്ത്രീമുന്നേറ്റം കേരളത്തിൽ
1.2 സ്ത്രീവാദങ്ങൾ
1.3 സമകാലിക സ്ത്രീവാദങ്ങൾ
1.4 ലൈംഗികത
1.5 ലിംഗപദവി പഠനങ്ങൾ
1.6 ലിംഗപദവി : ചരിത്രവും വർത്തമാനവും
1.7 കുടുംബവും പൗരനിർമ്മിതിയും
1.8 കർതൃത്വവും ലിംഗപദവിയും

*സ്ത്രീ*രാഷ്ട്രീയത്തിന്റേയും ലിംഗസമത്വത്തിന്റേയും സമീപകാലാന്തരീക്ഷ മൊരുക്കുന്നതിൽ സാഹിത്യം, സാമൂഹ്യസംഘടനകൾ, മാധ്യമങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയുടെ പങ്ക് ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെ നിലവിലുള്ള ഏതവസ്ഥയുമായും ബന്ധപ്പെടുത്തി പഠിക്കാനുള്ള പാഠവിസ്തൃതി സ്ത്രീവാദമുൾകൊള്ളുന്നു. സംസ്കാരം, രാഷ്ട്രീയം, ചരിത്രം, കല എന്നിവയെല്ലാം ഇതിന്റെ പരിധിയിൽപെടും.

പുരുഷക്കോയ്മാമണ്ഡലത്തിൽ സ്ത്രീയനുഭവം, ചിന്തകൾ, ശരീരം തുടങ്ങി സ്ത്രീയുമായി ബന്ധപ്പെട്ടവയൊക്കെ പാർശ്വവൽകരിക്കുന്ന സമൂഹത്തിന് എതിരെയുള്ള പ്രതിരോധത്തിന്റേയും കലാപത്തിന്റേയും സമരഭൂമികയിൽനിന്നാണ് ഫെമിനിസത്തിന്റെ ഉത്ഭവം. സമൂഹത്തിൽ സ്ത്രീ നേരിടുന്ന അടിച്ചമർത്തലുകളും സാമ്പത്തികാസമത്വങ്ങളും വെല്ലുവിളികളും സ്ത്രീപഠനങ്ങളെന്ന രീതിയിലാണ് നില കൊണ്ടത്. ആദ്യകാല സ്ത്രീപഠനങ്ങൾ സാമൂഹ്യനവോത്ഥാനത്തിന്റേയും ദേശീയ പ്രക്ഷോഭങ്ങളുടേയും ഭാഗമായി സ്ത്രീമുന്നേറ്റത്തെ കാണുകയും വിശകലനം ചെയ്യുകയുമായിരുന്നു. പിന്നീട് സ്ത്രീവാദത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ ഇടപെടലുകളിലൂടെ സ്ത്രീയുടെ പുരോഗതിയെ സംബന്ധിച്ച നിരവധി ചോദ്യങ്ങൾ ദേശരാഷ്ട്രവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നു.

## 1.1. സ്ത്രീമുന്നേറ്റം കേരളത്തിൽ

"1817ൽ കൊച്ചിയിലെ വെളുത്ത യഹൂദസ്ത്രീകൾ വിദ്യാഭ്യാസാദികാര്യ ങ്ങളിൽ തങ്ങൾക്ക് പുരുഷന്മാർക്കൊപ്പം തുല്യനീതി ലഭിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് കൊച്ചിരാജാവിന് ഭീമഹർജി നൽകി. രാജാവ് ഹർജി സ്വീകരിച്ച് ഉചിതനട പടികൾ സ്വീകരിക്കുവാൻ ഹജൂർകച്ചേരിയിലെ ക്യാപ്റ്റൻ ബ്ലാക്നറോട് കൽപിച്ചു. ഇതാവാം കേരളത്തിൽ നടന്ന ആദ്യത്തെ വനിതാവിമോചനസമരം."[1] എന്ന് വസന്തൻ എസ്.കെ. (31) രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ മാറുമറക്കൽ സമരമാണ്

സ്ത്രീമുന്നേറ്റത്തിന്റെ ചരിത്രത്തിൽ പ്രധാനപ്പെട്ട ഒന്നായി രേഖപ്പെടുത്തിയിട്ടുള്ളത്. അസ്വാതന്ത്ര്യം, അടിച്ചമർത്തൽ ഇവ സൃഷ്ടിക്കപ്പെട്ട സാഹചര്യങ്ങൾ വ്യവസ്ഥിതികൾ തുടങ്ങിയ ഒട്ടേറെ തലങ്ങളിൽ സ്ത്രീജീവിതത്തിൽ അസമത്വങ്ങൾ നേരിട്ടുകൊണ്ടിരുന്നു. 1930കളിലെ നവോത്ഥാനപ്രസ്ഥാനം വിവിധ സമുദായ പരിഷ്കരണസംഘടനകളിലൂടെ സ്ത്രീയുടെ പീഡനങ്ങളകറ്റാനും അവളെ ഉദ്ധരിക്കാനും ശ്രമിച്ചിട്ടുണ്ട് (ചന്ദ്രിക സി.എസ്., 1998; 11). കൂടാതെ വി.ടി, എംആർബി, ലളിതാംബിക, ആര്യാപള്ളം തുടങ്ങി ഒട്ടേറെപ്പേർ സാമുദായികസ്ത്രീയവസ്ഥകളെ ബാഹ്യലോകത്തെത്തിക്കാൻവേണ്ടി പ്രവർത്തിച്ചു.

വിദ്യാഭ്യാസത്തിലൂടെ സ്ത്രീകളുടെ മോചനം എന്ന ആശയത്തിനുവേണ്ടി വാദിച്ച ബ്രഹ്മാനന്ദശിവയോഗി ലിംഗസമത്വത്തിനുവേണ്ടി നിലകൊണ്ട സാമൂഹിക പരിഷ്കർത്താവാണ്. സാമൂഹികവും രാഷ്ട്രീയവുമായ പുതിയ തലങ്ങളിലേക്ക് സമൂഹത്തെ ഉയർത്താൻ സ്ത്രീകൾക്ക് വിദ്യാഭ്യാസം അനിവാര്യമാണെന്ന തിരിച്ചറിവാണ് ബ്രഹ്മാനന്ദശിവയോഗിയുടെ 'സ്ത്രീവിദ്യാപോഷിണി' എന്ന ലഘു കാവ്യത്തിലൂടെ വ്യക്തമാക്കുന്നത്.

''ആണുരാജ്യം ഭരിക്കുന്നതിൻമീതെ
യാണുവാണതും വീണില്ലധർമ്മത്തിൽ
ഈയിടെക്കഹോബീയേപാസ്സായിട്ടും
ആയതാക്ഷിമാരുണ്ടു പലേടത്തിൽ.''
"ചിത്തസൗഖ്യം പുരുഷർക്കും സ്ത്രീകൾക്കും
വർത്തിച്ചീടുവാൻ വിദ്യാഭ്യാസം വേണം."[2] (30)

ഇവിടെ ബ്രഹ്മാനന്ദശിവയോഗി വിദ്യാഭ്യാസം സ്ത്രീകൾക്ക് നിഷേധിക്കുന്നതിനേയും സ്ത്രീകൾ രാജ്യഭരണകാര്യങ്ങളിലേർപ്പെടാത്തതിനേയും പരാമർശിക്കുന്നു. വിദ്യയിലൂടെ പ്രബുദ്ധരാവാനും സ്വതന്ത്രരാകാനുമുള്ള ആഹ്വാനങ്ങൾ സാമൂഹ്യപരിഷ്കരണശ്രമങ്ങളിൽ നിരന്തരം മുഴങ്ങിക്കേട്ടു. സാമുദായികവിലക്കുകളുടേയും ലിംഗപരമായ അസമത്വത്തിന്റേയും ഇരകളായിരുന്ന സ്ത്രീകളുടെ നവീകരണം പ്രധാനലക്ഷ്യമായിക്കണ്ട പരിഷ്കർത്താക്കൾ അവളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ശ്രദ്ധ പുലർത്തി.

> കേരളത്തിന്റെ സ്ത്രീവിമോചന ഇടപെടലുകളിൽ നവോത്ഥാന ത്തിന്റെ കടന്നുവരവ് പല സാമൂഹികചലനങ്ങളാണ് സൃഷ്ടിച്ചത്. ഇത് പുത്തൻ അന്വേഷണങ്ങൾക്ക് വഴി തുറക്കുകയും പഠനമാതൃകകളായി ത്തീരുകയും ചെയ്തിട്ടുണ്ട്. "സാമൂഹികജീവിതത്തിന്റെ ആധുനിക തയിലേക്കുള്ള സംക്രമണഘട്ടങ്ങളെ പ്രശ്നഭരിതമാക്കുന്നതിൽ യാഥാ സ്ഥിതികമായ ജാതിലിംഗസംഘടനകൾക്ക് പുറമേ ആൺകോയ്മയുടെ സവിശേഷമായ രീതിയിലുള്ള മധ്യസ്ഥതയും പങ്കാളിത്തം വഹിച്ചു. ആയിരത്തി തൊള്ളായിരത്തി മുപ്പതുകൾ മുതൽ നടന്ന ജനനനിയ ന്ത്രണബോധവൽകരണപരിപാടികളിൽ ഉടനീളം അവതരിപ്പിക്കപ്പെട്ട കുടുംബാസൂത്രണ അജണ്ടയിൽ പുതിയ വിദ്യാഭ്യാസം, ഉദ്യോഗലബ്ധി, സാമുദായികപരിഷ്കരണം, കുടുംബപരിഷ്കരണം എന്നിവയിലൂടെ ഗണ്യമായ സ്വാധീനം നേടിയ ഒരു നവവരേണ്യവർഗം പ്രതിനിധാനം ചെയ്ത ലൈംഗികസദാചാരം കേന്ദ്രസ്ഥാനത്ത് വർത്തിച്ചു എന്ന് ദേവിക. ജെ (2014;41) നിരീക്ഷിക്കുന്നു. സാമൂഹിക്രമത്തിൽ ജാതിയും വർഗ്ഗവും മതവും കൂടിച്ചേരുന്ന സങ്കീർണതകളിലാണ് സ്ത്രീസ്വത്വം രൂപപ്പെടുന്നത്.

ആയിരത്തി തൊള്ളായിരത്തി മുപ്പതുകളിലാണ് കേരളത്തിൽ സ്ത്രീവാദ ചർച്ചകൾ രൂപപ്പെട്ടുവരുന്നത്. ഇതിനെക്കുറിച്ച് രവീന്ദ്രൻ എൻ. കെ പെണ്ണെഴുത്ത് എന്ന കൃതിയിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു. സ്ത്രീസാഹിത്യം വിമോചനാത്മുഖ മായി മാറുന്നതും കേരളീയസമൂഹത്തിന്റെ സ്ത്രീവിമോചനപാരമ്പര്യത്തെ ആവാഹിക്കുവാനും സ്ത്രീയുടെ വിമോചനസ്വപ്നങ്ങളും മോഹഭംഗങ്ങളും ജീവിത യാഥാർത്ഥ്യങ്ങളും ആവിഷ്കരിച്ചുകൊണ്ട് പുരുഷാധിപത്യത്തിനെതിരെ പ്രതിഷേധമുയർത്താനും സ്ത്രീസാഹിത്യം സജ്ജമായി. വിവിധ കാരണങ്ങളാൽ പിന്തള്ളപ്പെട്ടുകൊണ്ടിരുന്ന സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ സാഹിത്യത്തിൽ സജീവമാവുകയും അതിജീവിക്കുകയും ചെയ്തത് ഇക്കാലത്താണ്. കുടുംബ ചരിത്രം, സ്ത്രീകളുടെ സാമ്പത്തികപങ്കാളിത്തം, ലിംഗഭേദം, മാതൃത്വം എന്നീ സാമൂഹ്യഘടകങ്ങളെ വിശകലനം ചെയ്ത് പരിശോധിക്കാനും സ്ത്രീ മുന്നേറ്റങ്ങൾ വഴിയൊരുക്കി.

സ്ത്രീവാദത്തിന്റെ ഒന്നാംഘട്ടമെന്ന് വിശേഷിക്കപ്പെടുന്ന 1930 കാലഘട്ടത്തിൽ സ്ത്രീസ്വാതന്ത്ര്യവും സ്ത്രീവിമോചനവും സംബന്ധിച്ച് അനേകം അവകാശപ്രഖ്യാപനങ്ങളുണ്ടായി. സുദീർഘമായ സമരങ്ങളിലൂടെ സ്ത്രീകൾക്ക് വോട്ടവകാശവും പൗരത്വപദവിയും ലഭിച്ചു. ഇതേത്തുടർന്നാണ് ഫെമിനിസത്തിന്റെ രണ്ടാം ഘട്ടം 1960കളുടെ അന്ത്യത്തിൽ തുടങ്ങുന്നത്. ഇത് വ്യത്യസ്ത സൈദ്ധാന്തിക-രാഷ്ട്രീയ നിലപാടുകൾ അംഗീകരിക്കുന്ന അനേകം സ്ത്രീവാദങ്ങളെ രൂപപ്പെടുത്തുകയാണ് ചെയ്തത്. പൗരാവകാശം, രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം എന്നീ തലങ്ങളിൽ സ്ത്രീസമത്വത്തിനായി നിലകൊണ്ട പ്രസ്ഥാനമാണ് ഫെമിനിസം. ഇന്ത്യയിൽ എല്ലായിടത്തുമെന്നപോലെ കേരളത്തിലും ദേശീയസമരവുമായി ബന്ധപ്പെട്ടാണ് ആദ്യകാല വനിതാപ്രസ്ഥാനങ്ങൾ രൂപം കൊണ്ടത്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുക മാത്രമല്ല സ്ത്രീസ്വാതന്ത്ര്യത്തിനു വേണ്ടി പ്രയത്നിക്കുകയും ചെയ്ത ധീരദേശാഭിമാനികൾ കേരളത്തിലുമുണ്ടായിരുന്നു. കോഴിക്കോട്ടുവെച്ച് ആയിരത്തിതൊള്ളായിരത്തി നാൽപ്പത്തിരണ്ടിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശത്തെ സ്ത്രീകളുടെ ഒരു സംയുക്ത കൺവെൻഷൻ നടക്കുകയും ഇതിന്റെ ഫലമായി ആയിരത്തിതൊള്ളായിരത്തി നാല്പത്തിമൂന്നിൽ കേരളമഹിളാസംഘം രൂപംകൊള്ളുകയും ചെയ്തു.

തുടർന്ന് നടന്ന പുന്നപ്ര-വയലാർ സമരത്തിലും സ്ത്രീകൾ അവരുടേതായ പങ്ക് നിർവഹിച്ചു. ആയിരത്തി തൊള്ളായിരത്തി നാൽപ്പതുകളിൽ ബോംബെയിൽ വെച്ച് നടന്ന ടെക്സ്റ്റൈൽ തൊഴിലാളിസമരത്തിൽ കേരളത്തിൽനിന്ന് സ്ത്രീകൾ പങ്കെടുത്തു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം നടന്ന ഫാസിസത്തിനെതിരായ വനിതാമുന്നേറ്റത്തിലും കേരളീയവനിതകൾ സംഘടിച്ചു. കേരളത്തിലെ ജാതീയവും വർഗീയവുമായ ബന്ധനങ്ങളിൽ കുടുങ്ങിക്കിടന്ന സ്ത്രീജനങ്ങൾക്ക് ചിന്തിക്കാനും പ്രവർത്തിക്കാനും ഉണർവേകിയ സ്ത്രീസ്വത്വവാദപ്രസ്ഥാനം കേരളത്തിൽ ശക്തമായി വേരോടി.

''പുരുഷാധിപത്യത്തിനെതിരായ തുറന്ന പ്രതിഷേധം ആയിരത്തി തൊള്ളായിരത്തി അൻപതിനുശേഷം സ്ത്രീയുടെ സ്വത്വാന്വേഷണങ്ങളിലേക്കും ആന്തരികസംഘർഷങ്ങളിലേക്കും വ്യതിചലിച്ചു. വിവിധ തരത്തിൽ പുരുഷാധിപത്യത്താൽ തകർക്കപ്പെടുന്ന സ്ത്രൈണവ്യക്തിത്വത്തിന്റെ സങ്കീർണവും

സൂക്ഷ്മവുമായഭാവങ്ങളാണ് ഈ കാലഘട്ടം മുതൽ സ്ത്രീസാഹിത്യത്തിൽ കണ്ടുതുടങ്ങുന്നത്." (രവീന്ദ്രൻ എം.കെ. 73). പുരുഷൻ രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സാമൂഹികഘടനയിൽ, സംസ്കാരം, സാഹിത്യം, രാഷ്ട്രീയം, സാമ്പത്തികം തുടങ്ങിയ നിർണ്ണായക ഘടകങ്ങളിലെ അധീശത്വം പുരുഷൻ കയ്യാളുന്നു. ഈ അധീശത്വത്തെ മറികടക്കാനുള്ള ശ്രമങ്ങൾ സമൂഹത്തിലും സാഹിത്യത്തിലും കാണാം.

പുരുഷമേധാവിത്വത്തിൽ അടിച്ചമർത്തപ്പെട്ട് കിടന്ന സ്ത്രീവംശത്തിന്റെ ഉയർത്തെഴുന്നേൽപ്പ് കാലഘട്ടത്തിന്റെ അനിവാര്യമായ ആവശ്യമായി. വർഷങ്ങളോളം പീഡനം അനുഭവിച്ചുകഴിഞ്ഞിരുന്ന സ്ത്രീകൾക്ക് തങ്ങളുടെ വ്യക്തിജീവിതത്തെക്കുറിച്ച് ചിന്തിക്കേണ്ടതിന്റെ ആവശ്യകത കാലക്രമേണ ബോധ്യമായിത്തീർന്നു. അന്നുവരെ അനുഭവിച്ചിരുന്ന ബന്ധനങ്ങളിൽനിന്ന് മോചനം നേടുക എന്നത് വ്യക്തിത്വത്തിന്റെ ഉയർച്ചയിലേക്ക് വഴിതെളിക്കുമെന്ന് സ്ത്രീ സ്വയം തിരിച്ചറിഞ്ഞുതുടങ്ങി. അങ്ങനെ താൻ ജീവിക്കുന്ന സമൂഹത്തിൽ അംഗീകാരം നേടിയെടുക്കേണ്ടതിന്റെ ധാർമികമായ ഉത്തരവാദിത്തം തന്റെ കൈകളിൽ തന്നെയാണെന്ന് സ്ത്രീ മനസിലാക്കി. അതിന്റെ ഫലമായി രൂപപ്പെട്ടുവന്ന സ്ത്രീ സ്വത്വവാദപ്രസ്ഥാനത്തിന് സ്ത്രീയുടെ വ്യക്തിചോദനകളെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞു.

കേരളത്തിന്റെ പ്രത്യയശാസ്ത്രമണ്ഡലത്തിൽ സ്വാതന്ത്ര്യത്തിന്റേയും ജനാധിപത്യത്തിന്റേയും ആശയങ്ങൾ മേൽകോയ്മ നേടുകയും മറുവശത്ത് ആന്തരികഘടനയിലെ പരിവർത്തനങ്ങൾ സ്ത്രീയെ വീട്ടിലെ അടിമയാക്കി തീർക്കുകയും ചെയ്ത സവിശേഷസാഹചര്യം സ്ത്രീവിമോചനത്തിനുള്ള പ്രശ്നമായി ഉയർന്നുവന്നതെന്ന് കാണാം. ഇത് സ്ത്രീപുരുഷവർഗങ്ങൾ തമ്മിൽ മുമ്പെങ്ങുമില്ലാത്തവിധം വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും സൃഷ്ടിച്ചു. ഗാർഹികാടിമത്വത്തിൽ കഴിഞ്ഞിരുന്ന സ്ത്രീകളിൽനിന്നും വിമോചനാഭിലാഷങ്ങളും ആത്മരോഷവും നിഷേധങ്ങളും വിവിധ ഭാവങ്ങളിൽ പൊട്ടിപ്പുറപ്പെട്ടു എന്ന് രവീന്ദ്രൻ. എൻ.കെ നിരീക്ഷിക്കുന്നു. (27) വികാരവിചാരങ്ങളെക്കുറിച്ചുള്ള അവബോധം, സ്ത്രീപ്രശ്നങ്ങൾ തുറന്നുകാട്ടാനുള്ള വെമ്പൽ, സ്ത്രീകളുടെ കൂട്ടായ്മയിലുള്ള താൽപര്യം, സ്ത്രീസ്വത്വാവിഷ്കാരസാധ്യതകളെക്കുറിച്ചുള്ള തിരിച്ചറിവ് തുടങ്ങി ഒട്ടേറെ ഘടകങ്ങൾ സ്ത്രീപക്ഷചിന്തകളെ ശക്തിപ്പെടുത്തി.

കേരളത്തിലെ സ്ത്രീവിമോചനചിന്ത കേരളസംസ്കാരവുമായി

ബന്ധപ്പെട്ട് കിടക്കുന്നു. പാശ്ചാത്യമിഷണറിമാരുടെ പ്രവർത്തനങ്ങളും ബ്രിട്ടീഷ് ആധിപത്യത്തോടെ സാർവ്വത്രികമായിത്തീർന്ന ഇംഗ്ലീഷ് വിദ്യാഭ്യാസവും ദർശനങ്ങളുമാണ് കേരളത്തിന്റെ പ്രത്യയശാസ്ത്രമണ്ഡലത്തെ തകിടം മറിക്കുന്നത്. അതുവരെ അജ്ഞാതമായിരുന്ന അനേകം നവീനാശയങ്ങളും ആചാരങ്ങളും വിശ്വാസങ്ങളും ആദർശങ്ങളും അവ പ്രദാനം ചെയ്തു. പുതിയൊരു ലോക വീക്ഷണവും സ്ത്രീപുരുഷബന്ധങ്ങളെ സംബന്ധിച്ച് നവീനാദർശങ്ങളും മൂല്യ വ്യവസ്ഥകളും പുതിയ സാഹിത്യരൂപങ്ങളും ദർശനങ്ങളുമെല്ലാം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെയാണ് നമുക്ക് ലഭിക്കുന്നത്. മനുഷ്യസ്വാതന്ത്ര്യത്തിനായി ഗാഢ ബന്ധമുള്ളവയാണല്ലോ ഈ ആശയങ്ങളെല്ലാം. ഉപരിഘടനയിലെ ഇത്തരം പരിവർത്തനങ്ങളുടെ ഫലമായി, പുത്തൻ വീക്ഷണവും മൂല്യസംഹിതയും സ്വാതന്ത്ര്യബോധവും സ്വായത്തമാക്കിയ ഒരു പുതിയ വർഗം കേരളത്തിൽ ഉടലെടുത്തു എന്ന് ഗംഗാധരൻ എം. (24) ചൂണ്ടിക്കാണിക്കുന്നുണ്ട്. അയ്യൻകാളി യുടേയും ശ്രീനാരായണഗുരുവിന്റേയും ചട്ടമ്പിസ്വാമികളുടേയും സാധുകൊച്ചുകു ഞ്ഞിന്റേയും വി.ടി.ഭട്ടതിരിപ്പാടിന്റേയും വാഗ്ഭടാനന്ദന്റേയും മറ്റും നേതൃത്വത്തിൽ ഉയർന്നുവന്ന പ്രസ്ഥാനങ്ങൾ ജാതിക്കും അനാചാരങ്ങൾക്കെതിരേയും മനുഷ്യപു രോഗതിക്കുവേണ്ടിയും ഉയർത്തിയ പ്രക്ഷോഭങ്ങൾ സ്ത്രീകളുടെ പദവിയിലും പരിവർത്തനങ്ങൾ സൃഷ്ടിച്ചവയായിരുന്നു.

കേരളം ഒരു വ്യവസായവാണിജ്യസമൂഹമായി മാറാൻ തുടങ്ങിയതോടെ അതുവരെ കുടുംബജീവിതത്തിന്റെ ഭാഗമായിരുന്ന തൊഴിൽ കുടുംബത്തിൽനിന്ന് വേർപ്പെട്ടു. ഈ കാലഘട്ടത്തിലാണ് വീട് - തൊഴിൽ - സ്ഥലം എന്ന ഘടനാ പരമായ ഒരു വിഭജനവ്യവസ്ഥ രൂപപ്പെടുകയും അവിടെ സ്ത്രീക്ക് അകം എന്ന വ്യവസ്ഥിതി ഉടലെടുക്കുകയും ചെയ്തത്.

> "കേരളത്തിലെ സ്ത്രീകളുടെ പോരാട്ടത്തിന്റെ ചരിത്രം തുടങ്ങുന്നത് ഏകദേശം നൂറ്റമ്പത് വർഷം മുമ്പ് ചാന്നാർ ലഹള അല്ലെങ്കിൽ മാറു മറക്കൽ കലാപത്തോടെയാണ്. 1800കൾക്കുമുമ്പ് തുടങ്ങിയ സമരം അന്തിമവിജയം കണ്ടത് ചാന്നാർ സ്ത്രീകൾക്ക് മാറുമറക്കാനു ണ്ടായിരുന്ന വിലക്ക് ഉത്രം തിരുനാൾ മഹാരാജാവ് 1859 ജൂലൈ ഇരുപത്തിയാറിന്റെ വിളംബരത്തിലൂടെ നീക്കം ചെയ്തപ്പോഴാണ്. ഇന്ത്യ യിലെ ഒരുപക്ഷേ ലോകത്തിലെത്തന്നെ ആദ്യത്തെ സ്ത്രീ മുന്നേറ്റമെന്ന്

വിശേഷിപ്പിക്കാവുന്ന കേരളനവോത്ഥാനം സാധ്യമാക്കിത്തീർന്നത് ഈ കലാപം തന്നെയായിരുന്നു.” (രാധാകൃഷ്ണൻ ആർ; 21) ഇതിനെ തുടർന്ന് സ്ത്രീമുന്നേറ്റത്തിനുതകുന്ന ഘോഷബഹിഷ്കരണം, കല്ലു മാല സമരം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നു.

പന്ത്രണ്ട് മുതൽ പത്തൊമ്പത് വരെയുള്ള നൂറ്റാണ്ടുകൾ കേരളത്തിൽ ഫ്യൂഡൽ കാലഘട്ടമാണ്. രാഷ്ട്രീയമായും സാമ്പത്തികമായും അധികാരം കേന്ദ്രീകരിച്ചിരുന്ന നാടുവാഴികളും ബ്രാഹ്മണരും സമൂഹത്തിന്റെ നിയന്ത്രണം പൂർണമായും കൈവശപ്പെടുത്തി. ബ്രാഹ്മണരുടെ സംരക്ഷണമാണ് മുഖ്യധർമം എന്ന നിലയിൽ നാടുവാഴിത്തം നിർണയിക്കപ്പെട്ടു. ഈ കാലഘട്ടത്തെ ജാതിജന്മി നാടുവാഴിത്തം എന്ന് ഇഎംഎസ് വിശേഷിപ്പിക്കുന്നു. ജാതിമേധാവിത്വവും ഫ്യൂഡൽ മേധാവിത്വവും കൂടിക്കലർന്ന ഒരു ഭരണസംവിധാനമാണ് അക്കാലത്ത് നിലനിന്നിരുന്നത്. ജാതിശ്രേണിയിൽ താഴേത്തട്ടിലെ സ്ത്രീകൾ അടിമകളായി കൈമാറ്റം ചെയ്യപ്പെട്ടു. ജാതിജന്മിനാടുവാഴിത്തം സ്ത്രീയുടെ സ്വതന്ത്രജീവിതത്തിന് കടുത്ത ആഘാതമാണ് ഏൽപിച്ചത്. ജാതിശ്രേണി അനുസരിച്ചുള്ള ഉച്ചനീചത്വങ്ങൾക്കപ്പുറം എല്ലാ ജാതിയിലേയും സ്ത്രീകൾ കടുത്ത വിവേചനങ്ങൾ അനുഭവിക്കേണ്ടിവന്നു. ജാതീയമായ വിവേചനങ്ങൾക്ക് പുറമേയായിരുന്നു ഇത്. സ്ത്രീയുടെ ശരീരം ചൂഷണത്തിന് മുഖ്യോപാധിയായി നിർണയിക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ നിലനിന്ന വിവിധ നികുതി സമ്പ്രദായങ്ങളിലൊന്നായിരുന്നു മുലൈവിലൈ. പുരുഷബന്ധം ആരോപിക്കപ്പെടുന്ന സ്ത്രീകളെ അടിമകളാക്കിയിരുന്നു. സ്ത്രീകേന്ദ്രിതമായ സദാചാരസങ്കൽപം പ്രബലമായതിക്കാലത്താണ്.

കേരളീയസമൂഹം ഫ്യൂഡൽ സ്വഭാവത്തിൽനിന്ന് മുതലാളിത്തമൂല്യങ്ങളിലേക്ക് കടന്നുവന്നപ്പോഴും പിന്നീട് രാഷ്ട്രീയസ്വാതന്ത്ര്യവും ജനാധിപത്യവും നടപ്പിലായപ്പോഴും രൂപഭാവവ്യത്യാസങ്ങളോടെ ലൈംഗികചൂഷണവും സാമ്പത്തികാടിമത്വവും അസ്വാതന്ത്ര്യവും നിലനിന്നിരുന്നു. സ്ത്രീകളുടെ സാഹിത്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ആധുനിക കേരളസമൂഹം പുരുഷാധികാരസമൂഹമായിരുന്നുവെന്ന് രവീന്ദ്രൻ എൻ.കെ. (20) സമർത്ഥിക്കുന്നു.

ജാതിവ്യവസ്ഥയുടെ ഉന്നതശ്രേണിയിലായിരുന്ന നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ അവസ്ഥ ഏറെ ദയനീയമായിരുന്നു. സമുദായാചാരങ്ങളും കർക്കശനിയമങ്ങളും ഇക്കൂട്ടർ വെച്ചുപുലർത്തി. സ്ത്രീകളോടുള്ള സമുദായത്തിന്റെ

സമീപനത്തെ കുറിയേടത്ത് താത്രി ശക്തമായി പ്രതികരിച്ചു. "കേരളത്തിന്റെ സാമൂഹികചരിത്രത്തിൽ പുരുഷാധിപത്യ സദാചാരത്തിനെതിരായി പ്രതികാരാഗ്നിയായി ജ്വലിച്ചു നിന്ന കുറിയേടത്തു താത്രിയെ നവോത്ഥാനനായികയായി ചരിത്രം ഇന്ന് തിരുത്തിവായിക്കുന്നു." (ഭട്ടതിരിപ്പാട് വി.ടി., 1997; 626)

നമ്പൂതിരി യോഗക്ഷേമസഭയുടെ രൂപീകരണത്തോടെ സമുദായങ്ങളുടെ പരിഷ്കരണങ്ങൾക്ക് തുടക്കം കുറിച്ചു. വാർഷികയോഗങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം, പരിവേദനം, പുടമുറിവിവാഹം, സതി നിർത്തലാക്കൽ സ്ത്രീ വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിക്കുക മാത്രമാണുണ്ടായത്. സംഘടനയുടെ ഇത്തരം മനോഭാവങ്ങളെ ചൂണ്ടിക്കാണിച്ചാണ് വി.ടി. രംഗത്തെത്തുന്നത്. ആഢ്യൻ കൂലികളെക്കൊണ്ടുള്ള കഴുതകളി എന്ന വിശേഷണം കൊണ്ട് വി.ടി. യോഗക്ഷേമസഭയെ ആക്ഷേപിച്ചു. (രാധാകൃഷ്ണൻ. ആർ, 50)

അകത്തേക്കൊതുക്കിയ അന്തർജ്ജനങ്ങളുടേയും പുറത്തേക്ക് തള്ളപ്പെട്ട അപ്ഫൻമാരുടേയും കൈകോർക്കലായിരുന്നു നമ്പൂതിരിസമുദായത്തിലുണ്ടായ മഹാ പരിവർത്തനം. ഘോഷയും മറക്കുടയും കളഞ്ഞ് അടുക്കളയിൽനിന്നും സ്ത്രീയെ പുറത്തേക്ക് കൊണ്ടുവന്നു. അവർ പൊതുമണ്ഡലത്തിൽ ഒത്തുചേരാൻ തുടങ്ങി. എല്ലാ നീതികേടിന്റേയും ഭാരം ചെന്നുവീഴുന്നത് സ്ത്രീയുടെ ചുമലിലാണെന്നും സ്ത്രീയുടെ അവസ്ഥ മാറലാണ്, സമൂഹം മാറുന്നതിന്റെ ആദ്യപടവെന്നുമുള്ള തിരിച്ചറിവും യോഗ ക്ഷേമസഭക്ക് നൽകിയത് വി.ടി.ഭട്ടതിരിപ്പാടാണ്. കേരളത്തിലെ മറ്റ് പരിഷ്കരണപ്രസ്ഥാ നങ്ങളിൽനിന്നും ഭിന്നമായി സ്ത്രീ കേന്ദ്രബിന്ദുവായി നിലകൊണ്ടത് യോഗക്ഷേമ പ്രസ്ഥാനത്തിലാണ്." (രാധാകൃഷ്ണൻ ആർ, 107) തങ്ങൾക്ക് ചുറ്റും നിയമങ്ങളും ചട്ട ങ്ങളും തീർത്ത സമുദായത്തിന്റെ നിയന്ത്രണത്തിൽനിന്നും വേറിട്ടുനിന്ന് അതിനെതിരെ പ്രതിഷേധം ഉയർത്തുകയാണ്, വി.ടി.യെപ്പോലുള്ളവർ ചെയ്തത്.

കേരളീയ സ്ത്രീസമൂഹത്തെ ഏറെ സ്വാധീനിച്ചത് ദേശീയ സ്വാതന്ത്ര്യ സമരമായിരുന്നു. പുരുഷന്മാരോടൊപ്പം പൊതുരംഗങ്ങളിൽ പ്രവർത്തിക്കാൻ സ്ത്രീകൾ മുന്നോട്ടുവന്നു. തങ്കമ്മ കൃഷ്ണപിള്ള, കമാലാക്ഷി സരസ്വതി, രാധാമ്മ, തങ്കച്ചി തുടങ്ങിയവരുടെ നേതൃത്വത്തിൽ ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തി മൂന്നിൽ കോഴിക്കോട് വെച്ച് കേരളമഹിളാസംഘം രൂപീകൃതമായി. ഫാസിസ്റ്റ് ആക്രമണത്തിൽനിന്ന് രാജ്യത്തെ രക്ഷിക്കാൻ സ്ത്രീകളെ സംഘടിപ്പിക്കുക,

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി സ്ത്രീകളെ അണിനിരത്തുക, ക്ഷാമത്തിൽ നിന്നും പട്ടിണിയിൽനിന്നും ജനങ്ങളെ സംരക്ഷിക്കുക ഇവയായിരുന്നു സംഘടനയുടെ മുഖ്യചുമതലകൾ[3]. സ്ത്രീകളെക്കൂടാതെ യഥാർത്ഥത്തിൽ ഒരു ബഹുജന പ്രസ്ഥാനവും സാധ്യമല്ല എന്ന ലെനിന്റെ വാക്കുകൾ ഈ നീക്കങ്ങൾക്ക് പ്രേരണയായി എന്നുവേണം കരുതാൻ. കർഷകപ്രസ്ഥാനത്തിന്റെ ശക്തിയുമായി സഹകരിച്ച സ്ത്രീകൾ തൊഴിൽ സമരങ്ങൾക്കും കർഷകസമരങ്ങൾക്കും നേതൃത്വം നൽകി. 1946ൽ ഡിസംബറിൽ കണംകൈ ഗ്രാമത്തിൽ നടന്ന സ്ത്രീ പ്രക്ഷോഭവുമായിരുന്നു പുല്ലുസമരം. കെ. ദേവയാനി, കുഞ്ഞാക്കമ്മ, ചെറിയമ്മ എന്നിവർ നിരവധി ക്ലേശങ്ങളിലൂടെ സമരത്തെ മുന്നോട്ട് നയിച്ചു.

അക്കമ്മ ചെറിയാൻ, ആര്യാ പള്ളം, കെ.ദേവയാനി, പാർവതി നെന്മിനിമംഗലം, ലളിതാംബിക അന്തർജനം, പാർവതി അയ്യപ്പൻ, എ.പി.കുട്ടിമാളുവമ്മ, മുക്കാപ്പുഴ കാർത്യായനിയമ്മ, ഒ.ടി.ശാരാദാകൃഷ്ണൻ, ദേവകി നരിക്കാട്ടിരി, ദേവകി വാരിയർ, സി.കുഞ്ഞിക്കാവമ്മ, ആനി മസ്ക്രീൻ, കാർത്ത്യായനിയമ്മ, ആർ.ഒ.ഗ്രേസി, മാർഗരറ്റ്, കമലം, സ്വർണകുമാരി, സുഗുണാബായ് തുടങ്ങിയവർ അക്കാലത്ത് സ്വാതന്ത്ര്യ സമര സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾ നടത്തിയ പ്രമുഖ സ്ത്രീകളാണ്[4].

ഇന്ത്യൻ ഭരണഘടനയിൽ സ്ത്രീകൾക്ക് തുല്യനീതി ഉറപ്പു വരുത്തിയെങ്കിലും യഥാർത്ഥ സ്ത്രീപ്രശ്നങ്ങൾ സങ്കല്പമാത്രമായി നിലകൊണ്ടു. ഈ സന്ദർഭത്തിൽ ഇന്ത്യയിൽ സ്ത്രീസ്വാതന്ത്ര്യചിന്തകൾക്ക് പ്രാധാന്യം ഉണ്ടാവാൻ തുടങ്ങി. തുടർന്ന് കേരളത്തിലും സ്ത്രീത്വത്തിന്റേതായ പല പ്രശ്നങ്ങളും ഉയർന്നു വന്നു. സ്ത്രീധന മരണങ്ങൾ, ബലാൽസംഗം തുടങ്ങിയ അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുക എന്ന നിലയിലാണ് സ്ത്രീസംഘടനകൾ കേരളത്തിൽ ഉടലെടുത്തത്. സൈദ്ധാന്തികതയുടെ സ്വാധീനം പിന്നീടാണുണ്ടായത്. കേരളത്തിൽ പ്രചോദന (തിരുവനന്തപുരം). ബോധന (കോഴിക്കോട്), മാനുഷി (പട്ടാമ്പി), ചേതന (തൃശൂർ), ഗ്രാമീണവനിതാസംഘം (തിരുവല്ല), പ്രബുദ്ധത (കാഞ്ഞങ്ങാട്) തുടങ്ങി ഒട്ടേറെ സംഘടനകൾ രൂപംകൊണ്ടു.

സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ എതിർക്കുക, സ്ത്രീ പ്രശ്നങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടി ജാഥകളും ബോധവത്ക്കരണ ക്ലാസ്സുകളും പ്രചാരണങ്ങളും സംഘടിപ്പിക്കുക എന്നിവയായിരുന്നു സംഘടനയുടെ

പ്രവർത്തനങ്ങൾ. സ്ത്രീപ്രശ്നങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിൽ കേരളശാസ്ത്രസാഹിത്യപരിഷത്തിന്റെ ഇടപെടലുകൾ നിർണ്ണായകമായ പങ്ക് വഹിച്ചു. ഇതിന്റെ ഭാഗമായി ശാസ്ത്രസാഹിത്യപരിഷത്ത് വനിതാജാഥകൾ സംഘടിപ്പിച്ചു. സ്ത്രീകളുടെ അവകാശങ്ങൾക്കും സമത്വത്തിനും വേണ്ടിയുള്ള പ്രതികരണങ്ങളാണ് കേരളത്തിലെ സ്ത്രീവാദപ്രസ്ഥാനത്തിന് കളമൊരുക്കിയത്. ഇരുപതാം നൂറ്റാണ്ടോടെ സ്ത്രീയുടെ അവകാശപോരാട്ടങ്ങൾക്ക് ശക്തി ലഭിക്കുകയും തുടർന്ന് സാഹിത്യത്തിലും അതിന്റെ അനുരണനങ്ങൾ പ്രത്യക്ഷപ്പെടാനും തുടങ്ങി. സ്ത്രീസമത്വത്തിനുവേണ്ടി ഈ കൃതികളെ സൈദ്ധാന്തികമായി വിലയിരുത്താൻ വിമർശനപദ്ധതികളും രൂപംകൊള്ളുന്നത് ഇതേ കാലത്താണ്. സ്ത്രീമുന്നേറ്റത്തിന്റെ സാമൂഹ്യപശ്ചാത്തലം സാഹിത്യത്തിലും പ്രകടമായത് സ്ത്രീവാദപ്രസ്ഥാനത്തിന് ശക്തി പകർന്നു.

ആധുനിക കാലഘട്ടത്തിൽ വ്യത്യസ്ത തൊഴിലിടങ്ങൾ രൂപപ്പെടുകയും എല്ലാ വിഭാഗം ജനങ്ങളെയും അധ്വാനപ്രക്രിയയിലേക്ക് നയിക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമീണ തൊഴിൽ പദ്ധതിയുടെ ഭാഗമായി രൂപം കൊണ്ടവയാണ് കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവ. ഇത്തരം പദ്ധതികൾ സ്ത്രീകളുടെ സംഘടനാ ബോധം വളർത്തി ദാരിദ്ര നിർമ്മാർജ്ജന പദ്ധതിക്കായി നിലകൊണ്ടു.

കേരളസാമൂഹ്യചരിത്രത്തിൽ സംഘടനയിലൂടെയും ഒറ്റക്കും അല്ലാതെയും ഒട്ടേറെ സ്ത്രീസാമൂഹ്യപ്രവർത്തകർ സാമൂഹ്യതിന്മകൾക്കെതിരെ പ്രതിരോധം തീർത്തിട്ടുണ്ട്. ദയാബായി, മയിലമ്മ, സി.കെ.ജാനു എന്നിവരുടെ പോരാട്ടങ്ങൾ എടുത്തുപറയേണ്ടതാണ്. പാർശ്വവൽകരിക്കുന്നവരുടെ ഉന്നമനത്തിനു വേണ്ടി ഒറ്റയാൾ പോരാട്ടമായി സമൂഹത്തിലിറങ്ങിയവരാണ് ഇക്കൂട്ടർ. ഇവരിൽ മയിലമ്മ ജലസമരത്തിന് പ്രധാനപങ്ക് വഹിച്ച പോരാളിയാണ്.

സമകാലികതയിൽ എത്തിനിൽക്കുമ്പോൾ കേരളത്തിന്റെ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള എണ്ണമറ്റ പോരാട്ടങ്ങളിൽ മറ്റൊരു നാഴികക്കല്ലായി മാറുകയാണ് വനിതാമതിൽ. പരസ്പരം അംഗീകാരത്തിന്റേയും പങ്കാളിത്തത്തിന്റേയും ലോകത്താണ് സ്ത്രീപുരുഷസമത്വം സഫലമാവുന്നതെന്ന കാഴ്ചപ്പാട് വനിതാമതിൽ മുന്നോട്ടുവെക്കുന്നു. സമത്വം എന്നത് ഭരണഘടനയിലും നിയമ

പുസ്തകങ്ങൾക്കകത്തും ഒതുക്കാതെ, കേരളസമൂഹത്തിൽ ആശയസംവാദത്തിനും ഗൗരവതരമായ സമഗ്രചർച്ച ഉയർന്നുവരാനും വനിതാമതിൽ സാഹചര്യം സൃഷ്ടിക്കുന്നു. സ്ത്രീയുടെ അന്തസ്സുറ്റ നിലനിൽപുപോലും ചോദ്യം ചെയ്യപ്പെടുന്ന സാംസ്കാരിക ജീർണതക്കെതിരെ നവോത്ഥാനസന്ദേശവുമായി കേരളത്തിലുടനീളം രൂപപ്പെടുന്ന വനിതാമതിൽ വ്യക്തമാക്കുന്നത് പൗരാവകാശങ്ങൾ സ്ത്രീയുടേതുകൂടിയാണെന്നാണ്. ജാതിബോധത്തിന്റേയും മുതലാളിത്തചൂഷണത്തിന്റേയും ഇരുണ്ട കാലത്ത്നിന്ന് സ്ത്രീകളെ മോചിപ്പിക്കാൻ സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ നടത്തിയ പോരാട്ടത്തിലൂടെ ആർജ്ജിച്ച നേട്ടങ്ങൾ അവഗണിച്ച് ഫ്യൂഡൽ ആചാരാനുഷ്ഠാനങ്ങളുടെ തിരിച്ചുവരവിന് ബോധപൂർവം സാഹചര്യം സൃഷ്ടിക്കുന്ന ശ്രമങ്ങൾക്കെതിരെ സമൂഹത്തെ ജാഗരൂകമാക്കുക എന്ന ലക്ഷ്യവും അതിനുണ്ട്. പൊതുഇടങ്ങളിലെല്ലാം നിഷേധിക്കപ്പെട്ടവരായിരുന്നു സ്ത്രീകൾ. വഴിനടക്കാൻ, വിദ്യഅഭ്യസിക്കാൻ, പൊതുഇടങ്ങളിലേക്ക് കടക്കാൻ, വോട്ടുചെയ്യാൻ തുടങ്ങി സ്വന്തം ശരീരത്തിൽ പോലും സ്വയംനിർണയാവകാശമില്ലാത്തവരായിരുന്നു സ്ത്രീകൾ. ലിംഗപരമായ വിവേചനത്തിന് മേൽജാതി-കീഴ്ജാതി വ്യത്യാസമുണ്ടായിരുന്നില്ല. ജാതി-വർഗ-ലിംഗവിവേചനത്തെ ശക്തമായി നിലനിർത്തുന്നതിന് തക്കതായ സാമൂഹ്യാന്തരീക്ഷമായിരുന്നു കേരളത്തിൽ. ശ്രേണീബദ്ധമായ സാമൂഹ്യഘടനയിൽ സ്ത്രീ താഴേക്കിടയിലായിരുന്നു. സ്ത്രീകൾക്ക് മാറുമറക്കുന്നതിനുള്ള അവകാശമില്ലായ്മയും കീഴ്ജാതിയിലെ സ്ത്രീകൾ കല്ലുമാല മാത്രമേ ധരിക്കാവൂ എന്നിവയുമായിരുന്നു അവസ്ഥ. പുലയപ്പെണ്ണിന്റെ കന്യകാത്വം ഭേദിക്കാൻ ജന്മിക്കവകാശമുണ്ടെന്ന് കരുതിയിരുന്ന സമൂഹമാണ് ഇവിടെയുണ്ടായിരുന്നത്. മണ്ണാപ്പേടിയും പുലപ്പേടിയും പെൺകിടാങ്ങളെ അകത്തളങ്ങളിലേക്കൊതുക്കുന്നതിനുള്ള ആചാരങ്ങളായിരുന്നു. പതിനഞ്ച് തികയാത്ത പെൺകിടാങ്ങളെ വയോവൃദ്ധന്മാരുടെ അഞ്ചാംവേളിയും ആറാംവേളിയുമായി ഇല്ലങ്ങളിൽ കുടിവെക്കപ്പെടുന്നതും അകാലത്തിൽ വിധവയായി ജീവിതം അകത്തളങ്ങളിൽ ഹോമിക്കപ്പെടുന്നതും സാധാരണമായിരുന്നു.

അനാചാരങ്ങളെ ഒന്നൊന്നായി പടിക്ക് പുറത്താക്കി വോട്ടവകാശമായി, വിദ്യാഭ്യാസത്തിനുള്ള അവസരമായി, ശൈശവവിവാഹം ബഹുഭാര്യാത്വം തുടങ്ങിയവ നിരോധിക്കപ്പെട്ടതും വിധാവാവിവാഹം സാധ്യമായതും സമുദായങ്ങൾക്കകത്തു തന്നെ സ്ത്രീയുടെ പദവിയിൽ മാറ്റം വരുത്തി. പുലകുളി, അടിയന്തിരം, തിരണ്ടു

കല്യാണം, താലികെട്ടുകല്യാണം തുടങ്ങിയവക്ക് അറുതിയായി. തൊഴിലിടങ്ങളിലേക്കും പൊതുഇടങ്ങളിലേക്കുമുള്ള സ്ത്രീകളുടെ കടന്നുകയറ്റം അടിച്ചമർത്തലുകളിൽനിന്നും ചൂഷണത്തിൽനിന്നും പടിപടിയായി മാറാൻ തുടങ്ങി. സമസ്തമേഖലകളിലും സ്ത്രീപുരുഷതുല്യതയെന്നത് മുൻനിർത്തി സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരാനുള്ള ശാക്തീകരണപ്രവർത്തനങ്ങളിൽ മുന്നിട്ടുനിൽക്കുകയാണ് സംഘടനകൾ.

## 1.2. സ്ത്രീവാദങ്ങൾ

ആയിരത്തി തൊള്ളായിരത്തി അറുപതുകളിലാണ് സ്ത്രീവാദം നമ്മുടെ ആലോചനകളിൽ ഗൗരവമുള്ള ഒരു സമീപനമായി കടന്നുവരുന്നത്. പുരുഷാധിപത്യ സമൂഹത്തിന്റെ ബഹുവിധമായ ചൂഷണങ്ങൾക്കെതിരെയുള്ള സ്ത്രീസമരങ്ങളുടെ തുടർച്ചയാണത്. സ്ത്രീയുമായി ബന്ധപ്പെട്ടവയൊക്കെ സ്ത്രീപഠനം എന്ന നിലയിൽ വ്യാപ്തി നേടുമ്പോൾ ഇന്ന് സ്ത്രീപഠനമേഖലകളിലും ജ്ഞാനമണ്ഡലത്തിലും ലിംഗം, ലിംഗപദവി തുടങ്ങിയവയുമായി സംബന്ധിച്ച നവീനകാഴ്ചകളാണ് ലിംഗപദവിപഠനങ്ങൾ മുന്നോട്ടുവെക്കുന്നത്.

സ്ത്രീവിമോചനചിന്തയിൽ സാഹിത്യം, സിദ്ധാന്തം, പ്രയോഗം തുടങ്ങി പല നിലയിലേക്ക് ഫെമിനിസം വളർന്നു. സംസ്കാരം, രാഷ്ട്രീയം, ചരിത്രം, കല, തത്വചിന്ത തുടങ്ങിയ ആർത്ഥികവിസ്തൃതിയുള്ള പദങ്ങളോട് ചേർന്നുനിന്ന് വിശാലാർത്ഥത്തിൽ വളർന്നു.

പുരുഷാധിപത്യത്തിനെതിരായ തുറന്ന പ്രതിഷേധം 1950നുശേഷം സ്ത്രീയുടെ സ്വത്വാന്വേഷണങ്ങളിലേക്കും ആന്തരികസംഘർഷങ്ങളിലേക്കും വ്യാപിച്ചിരുന്നു. പുരുഷാധിപത്യത്താൽ തകർക്കപ്പെടുന്ന സ്ത്രൈണ വ്യക്തിത്വത്തിന്റെ സങ്കീർണവും സൂക്ഷ്മവുമായ ഭാവങ്ങളാണ് ഈ കാലഘട്ടം മുതൽ സ്ത്രീസാഹിത്യത്തിൽ കണ്ടുതുടങ്ങുന്നത് എന്ന രവീന്ദ്രന്റെ നിരീക്ഷണം ഓർക്കേണ്ടുന്ന ഒന്നാണ്. പുരുഷനോടൊപ്പം ഏതൊരു സ്ഥാനവും വഹിക്കാൻ സ്ത്രീക്ക് പ്രാപ്തിയുണ്ടെന്ന് സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ പഠനങ്ങൾ ഉന്നയിക്കുന്നു.

സ്ത്രീവാദത്തിന്റെ ഒന്നാം ഘട്ടത്തിൽ സ്ത്രീസ്വാതന്ത്ര്യവും സ്ത്രീവിമോചനവും സംബന്ധിച്ച് അനേകം അവകാശപ്രഖ്യാപനങ്ങളുണ്ടായി.

സുദീർഘമായ സമരങ്ങളിലൂടെ സ്ത്രീകൾക്ക് വോട്ടവകാശവും പൗരത്വപദവിയും ലഭിച്ചു. ഇതേത്തുടർന്നാണ് ഫെമിനിസത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നത്. സാമ്രാജ്യത്വശക്തികളോടും മുതലാളിത്തത്തോടും ലോകവ്യാപകമായി രൂപംകൊണ്ട എതിർപ്പ്, പൗരാവകാശപ്രസ്ഥാനങ്ങൾ, കറുത്ത വർഗക്കാരുടെ സംഘടനകൾ തുടങ്ങിയവയുടെ ചരിത്രപശ്ചാത്തലത്തിൽ സ്ത്രീവിമോചനപ്രസ്ഥാനം ശക്തിയാർജിച്ചു.

ആദ്യകാലമുന്നേറ്റത്തിൽ ഊന്നൽ നൽകിയ ശക്തമായ പ്രശ്നം വോട്ടവകാശമായിരുന്നു. ഇത് രാഷ്ട്രീയപ്രശ്നമായിരുന്നു. ദീർഘകാലസമരത്തിന്റെ നേട്ടമായി പൗരത്വപദവി ലഭിച്ചു. ലൈംഗികവിപ്ലവത്തിന്റെ ഒന്നാം ഘട്ടത്തിൽ പാശ്ചാത്യ വനിതകൾ നടത്തിയ സമരങ്ങൾ തന്നെയാണ് പൗരത്വപദവിയിലേക്ക് വഴിയൊരുക്കിയത്. ഈയൊരു കാഴ്ചപ്പാടിൽ നിന്നുകൂടിവേണം നമ്മുടെ നാടിന്റെ സാമൂഹ്യരാഷ്ട്രീയജീവിതത്തെ സ്വാധീനിച്ച പരിതസ്ഥിതികൾ മനസിലാക്കേണ്ടത്.

ഒന്നാമത്തെ ധാരയിൽ സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ധാരണകൾ അടിസ്ഥാനപരമായി യഥാസ്ഥിതികബോധത്തിൽ അധിഷ്ഠിതമായിരുന്നുവെങ്കിലും ഗാർഹികതയുടെ അതിരുകൾ ഭേദിച്ച് പുറത്തുവരാനുള്ള ധാർമികമായ ഉൾകരുത്ത് സ്ത്രീകൾക്ക് പ്രദാനം ചെയ്യുന്നതിൽ വിജയിച്ചു. പുരുഷമേൽകോയ്മകളേയും അധികാരങ്ങളേയും ചോദ്യം ചെയ്തും പുനർവിചിന്തനത്തിന് വഴിയൊരുക്കിയും സ്ത്രീവിമോചനത്തിലൂടെ വ്യവസ്ഥിതിയുടെ സമഗ്രനവീകരണത്തിലൂന്നിയും സ്ത്രീവാദം ഇന്നും ശക്തവും സജീവവുമായി നിലപാടുറപ്പിക്കുന്നു.

ലിബറൽ ഫെമിനിസം - നിലനിൽക്കുന്ന വ്യവസ്ഥിതിയിൽ പരമാവധി തുല്യതക്കും നീതിക്കും പ്രാധാന്യം നൽകുകയാണിവിടെ. കുടുംബം, മതം തുടങ്ങിയ സാമൂഹ്യമണ്ഡലങ്ങൾക്കകത്ത് നിന്നുകൊണ്ട് സ്ത്രീവിദ്യാഭ്യാസം, വോട്ടവകാശം, തുല്യസ്വത്തവകാശം തുടങ്ങിയ സാമൂഹ്യപരിഷ്കരണങ്ങൾക്കുവേണ്ടി പ്രവർത്തിക്കാനാണ് ലിബറൽ ഫെമിനിസം ആഹ്വാനം ചെയ്തത്. മേരി വുൾസ്റ്റൻ ക്രാഫ്റ്റ് (Marywollstane craft), ജോൺ സ്റ്റുവർട്ട് മിൽ (John stuart mill) തുടങ്ങിയ സ്ത്രീവാദികൾ അവരുടെ നിരീക്ഷണങ്ങൾ അവതരിപ്പിച്ചത് സാമൂഹ്യ പരിഷ്കരണാശയങ്ങളിലൂന്നിയാണ്[3].

പുരുഷാധിപത്യസാമൂഹ്യവ്യവസ്ഥയുടെ രൂപപ്പെടലുമായി ബന്ധപ്പെട്ട

വസ്തുതകൾ കണ്ടെത്താനോ പ്രതികരിക്കാനോ കഴിയുന്നില്ല എന്നതാണ് ലിബറൽ ഫെമിനിസത്തിന്റെ പോരായ്മയായി നിലകൊണ്ടത്. വ്യവസ്ഥാപിതമാർഗങ്ങളിലൂടെ സ്ത്രീകൾക്ക് അർഹമായ അവകാശങ്ങളും സ്വാതന്ത്ര്യവും നേടിക്കൊടുക്കുവാൻ പ്രാപ്തമായ രീതിയിലുള്ള പ്രവർത്തനങ്ങൾക്കാണ് ഇവർ മുൻതൂക്കം നൽകിയത്. ഇതിന്റെ പങ്കാളിയായി പുരുഷന്മാരും പ്രവർത്തിച്ചിരുന്നു. ജോൺ സ്റ്റുവർട്ട് മിൽ (John stuart mill), ലോക്ക്, റൂസോ തുടങ്ങിയവർ മുന്നോട്ടുവെച്ചത്. ലിംഗനീതിയുടെ പേരിൽ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ ചർച്ച ചെയ്യുക എന്നതാണ്. വ്യക്തിബോധം, നീതിബോധം, സ്വാതന്ത്ര്യബോധം, ചിന്താരീതികൾ, മനോഭാവങ്ങൾ, പെരുമാറ്റ രീതികൾ, സാമൂഹ്യപശ്ചാത്തലം തുടങ്ങിയവയിലാണ് ഇവരുടെ ആശയവിപ്ലവം. കൂടാതെ ലിംഗപരമായ തൊഴിൽവിഭജനം, ലൈംഗികസമത്വം എന്നിവയിലെ അധികാരശ്രേണിയെ പുറമേക്ക് അവതരിപ്പിക്കുന്നു.

റാഡിക്കൽ ഫെമിനിസം – ആധുനികത വളർത്തിയെടുത്ത പുരുഷാധിപത്യ സങ്കൽപങ്ങളേയും വ്യവഹാരങ്ങളേയും ശക്തമായി പ്രതിരോധിക്കുകയാണ് റാഡിക്കൽ ഫെമിനിസം ചെയ്തത്. സമ്പത്ത്, ജീവിതാനുകൂല്യങ്ങൾ, സ്ഥാനമാനങ്ങൾ, നിയമ സംരക്ഷണം, തൊഴിൽസ്വാതന്ത്ര്യം എന്നിവയിലെ ലിംഗഭേദത്തെ പ്രതിരോധിക്കാനുള്ള പദ്ധതികളാണ് മുന്നോട്ടുവെച്ചത്. തൊഴിൽരംഗത്ത് തുല്യതയ്ക്ക് എതിരായി നിൽക്കുന്ന ആശയമണ്ഡലങ്ങളും സാമൂഹികമായ ആചാരരീതികളിലെ ലിംഗനീതിയും വസ്ത്ര ധാരണരീതിയും പെരുമാറ്റരീതിയുമെല്ലാം ഇവർക്ക് വിഷയമായി[4].

സോഷ്യലിസ്റ്റ് ഫെമിനിസം – മാർക്സ്, ഏംഗൽസ് എന്നിവരുടെ ദർശനങ്ങൾ സോഷ്യലിസ്റ്റ് ഫെമിനിസത്തിന് താത്വികാടിത്തറയുണ്ടാക്കുവാൻ സഹായിച്ചു. തൊഴിൽപരവും സാമ്പത്തികവും ലൈംഗികവുമായ ചൂഷണങ്ങൾക്കെതിരെ ശബ്ദമുയർത്തുകയാണ് ഈ വിഭാഗക്കാർ. കുടുംബം മുതലാളിത്ത ഉൽപാദന ക്രമത്തിനകത്ത് നിർത്തി സമീപിക്കുകയാണ് ഇവർ ചെയ്തത്. സ്ത്രീവർഗം ചൂഷണത്തിന് വിധേയമാവുന്ന അവസ്ഥയെ/ലിംഗനീതിയെ വേണ്ടത്ര ശ്രദ്ധിക്കാൻ ഈ വിഭാഗക്കാർക്ക് കഴിഞ്ഞില്ല എന്നതാണ് അപര്യാപ്തത. കെയ്റ്റ് മില്ലെറ്റിന്റെ *ദി സെക്ഷ്വൽ പൊളിറ്റിക്സ്*, ഷുലാമിൻ ഫയർസ്റ്റോണിന്റെ (Shulamith Firestone) *ദി ഡയലക്റ്റിക് ഓഫ് സെക്സ്* എന്നീ കൃതികൾ ഈ വിഭാഗത്തിൽ ശ്രദ്ധേയമാണ്.

മാർക്സിസ്റ്റ് ഫെമിനിസം – സ്ത്രീകളുടെ സാമൂഹികമായ ദുരവസ്ഥകളുടെ

ആത്യന്തികകാരണമായി സാമ്പത്തികാസമത്വവും മുതലാളിത്തസമ്പ്രദായവും ആണെന്നാണ് ഇവരുടെ വാദം. സ്ത്രീകളുടെ പാർശ്വവൽകരണത്തിന്റെ മൂലകാരണം സാമ്പത്തികമാണ് എന്ന നിലപാടുതറയിലാണ് ഇവർ നിൽക്കുന്നത്. ഇവിടെ ലിംഗ -ജാതിവ്യവസ്ഥകൾ പരസ്പരബന്ധിതങ്ങളാണ്. സോഷ്യലിസത്തിലൂടെ മാത്രമേ സ്ത്രീവിമോചനം സാധ്യമാവൂ എന്നതാണ് ഇവരുടെ വാദം. മാർക്സിസ്റ്റ് ഫെമിനിസ്റ്റ് വക്താക്കൾ പുരുഷനോടൊപ്പം സ്ത്രീക്കും തുല്യമായ വേതനം നൽകണമെന്ന ആശയവും മുന്നോട്ടുവെച്ചു. എന്നിരുന്നാലും സ്ത്രീകളുടെ ലിംഗവിവേചനം, നീതി എന്നിവയിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തിയില്ല എന്നത് വിസമരിക്കവയ്യ.

കൾചറൽ ഫെമിനിസം - റാഡിക്കൽ ഫെമിനിസത്തിന്റെ ചിന്താപദ്ധതിക ളിൽ നിന്നും ആഹ്വാനമുൾകൊണ്ട് വളർന്നുവന്ന ധാരയാണ് സാംസ്കാരികസ്ത്രീ വാദം. സ്ത്രീയുടെ ജൈവികവും മാനസികവും സാമൂഹികവുമായ പെരുമാറ്റ രീതികൾ, ചിന്താഘടന, അവകാശങ്ങൾ ഇവയെല്ലാം ഉൾകൊണ്ട് സ്ത്രീസംസ്കാരം എന്ന ആശയമാണ് കൾചറൽ ഫെമിനിസം ഉയർത്തിക്കാണിച്ചത്. മാതൃത്വം, ലൈംഗികത, സ്വവർഗം തുടങ്ങി സ്ത്രീസംബന്ധമായ ഇടപെടലുകളെ സ്ത്രീപക്ഷത്തു നിന്നുകൊണ്ട് സൂക്ഷമനിരീക്ഷണം നടത്തുകയും വിമോചനസാ ധ്യതകൾ കണ്ടെത്തുംവിധം വൈജ്ഞാനികമായി ഉപയോഗപ്പെടുത്തുകയുമാണ് സാംസ്കാരികസ്ത്രീവാദം ചെയ്യുന്നത്. സംസ്കാരത്തിന്റെ പൊതുബോധം സ്ത്രീ വിരുദ്ധമായി പ്രവർത്തിക്കുന്നതുകൊണ്ടാണ് സ്ത്രീ തമസ്കരിക്കപ്പെടുന്നത്. സ്ത്രീ സ്വാതന്ത്ര്യമെന്നാൽ മനുഷ്യസ്വാതന്ത്ര്യം തന്നെയാണെന്ന് വാദമാണ് സ്ത്രീ പഠനങ്ങളും സമകാലികാശയങ്ങളും ഒരർത്ഥത്തിൽ പങ്കുവെക്കുന്നത്.

## 1.3. സമകാലികസ്ത്രീവാദങ്ങൾ

ഒട്ടനവധി വിജ്ഞാനസ്രോതസുകളെ, സിദ്ധാന്തങ്ങളെ, ജ്ഞാനമേഖലകളെ സമന്വയിപ്പിക്കുകയാണ് സമകാലികസ്ത്രീവാദം[5] ചെയ്തത്.

പാരിസ്ഥിതികസ്ത്രീവാദം - പ്രകൃതിയുടെ സ്വാഭാവികതക്ക് വിഘ്നം വരുത്തുന്ന മാനുഷികപ്രവർത്തനങ്ങളെ നേരിടുക എന്നതാണ് പാരിസ്ഥിതികസ്ത്രീ വാദത്തിന്റെ ആശയം. സ്ത്രീയെ/പ്രകൃതിയെ കേന്ദ്രസ്ഥാനത്ത് നിർത്തിയുള്ള കാഴ്ചപ്പാടിനാണ് ഇവർ മുൻതൂക്കം നൽകിയത്. 1974ൽ ഫ്രഞ്ച് എഴുത്തുകാരി

ഫ്രാൻസ്വാ ദ് യുവോൺ (francoise d Eaubonne) ഇക്കോഫെമിനിസം എന്ന വാക്ക് ആദ്യമായി പരിചയപ്പെടുത്തിയത്. പാരിസ്ഥിതികവിപ്ലവത്തിലൂടെ പ്രകൃതിയെ തിരിച്ചുപിടിക്കുക, സ്ത്രീപുരുഷബന്ധങ്ങളിലെ അസമത്വം ഇല്ലാതാക്കുക എന്നീ നിലപാടുകൾ ഇവർ അവതരിപ്പിച്ചു.

ബ്ലാക് ഫെമിനിസം - വംശീയമായ ഉച്ചനീചത്വങ്ങളെക്കുറിച്ചുള്ള തിരിച്ചറിവുകളാണ് ഇതിന്റെ അടിസ്ഥാനം. കറുത്ത വർഗക്കാരായ സ്ത്രീകളും അവരുടെ പ്രശ്നങ്ങളും മുഖ്യധാരാസ്ത്രീവാദത്തിന്റെ പരിഗണനയിൽ വരുന്നില്ല എന്ന വാദമാണ് ബ്ലാക് ഫെമിനിസം പ്രത്യക്ഷവൽകരിക്കുന്നത്. ലിംഗഭേദത്തിന്റെ ഇരകളായി എല്ലാ സ്ത്രീകളും അനുഭവിക്കുന്ന സ്വത്വനിരാസത്തിന് പുറമേ വർണ ഭേദത്തിന്റെ പേരിൽ പാർശ്വവൽകരിക്കപ്പെടുന്നു. ആലീസ് വാക്കർ (Alice Walker) ഉപയോഗിച്ച വുമണിസം അമേരിക്കയിൽ കറുത്ത വർഗക്കാരികളുടെ അനുഭവങ്ങളേയും സ്വത്വനഷ്ടഭീതികളേയും സൂചിപ്പിക്കുന്ന പദമാണ്. ആഞ്ചലാ ഡേവിഡ്(Angela Dauis), പട്രീഷ്യാ ഹിൽ കോളിൽസ്(Patricia Hill Collins), ബാർബറാ സ്മിത് തുടങ്ങിയവർ ബ്ലാക് ഫെമിനിസത്തിന്റെ വക്താക്കളാണ്. ബാർബറാസ്മിത് പ്രസ്താവിക്കുന്നത് കറുത്തവളുടെ ഭൗതികവും വൈയക്തികവുമായ അനുഭവങ്ങളിലൂടെ രൂപപ്പെടുന്ന സ്വത്വബോധവും രാഷ്ട്രീയവുമാണ് അവരുടെ വിമോചനസങ്കൽപത്തിന്റെ അടിസ്ഥാനം എന്നാണ്.

കോളനിയാനന്തരസ്ത്രീവാദം - മുഖ്യധാരാസ്ത്രീവാദം വംശീയവും വർഗ പരവുമായ വിവേചനങ്ങളെ കൃത്യമായി സംബോധന ചെയ്യുന്നില്ലെന്ന വാദത്തിൽനിന്നാണ് പോസ്റ്റ് കൊളോണിയൽ സ്ത്രീവാദത്തിന്റെ പിറവി. സ്ത്രീകളുടെ സാമൂഹ്യാവസ്ഥ, വർഗം, വംശം, വർണം തുടങ്ങി ലിംഗപദവിയെ രൂപപ്പെടുത്തുന്ന ഘടകങ്ങളൊന്നും അതിന്റെ പരിധിയിൽ വരുന്നില്ല. കോളനിയാനന്തരസ്ത്രീവാദം സ്ത്രീവാദത്തിനകത്തെ ഇത്തരം വൈരുദ്ധ്യങ്ങളേയും കാപട്യങ്ങളേയും വിമർശിക്കുകയും മൂന്നാംലോകസ്ത്രീകളുടെ അനുഭവ ലോകത്തെ തുറന്നുകാട്ടാൻ ശ്രമിക്കുകയും ചെയ്യുന്നു.

ദളിത് സ്ത്രീവാദം - കീഴാളവായനയുടെ രാഷ്ട്രീയവും പ്രത്യയ ശാസ്ത്രവുമാണ് ദളിത് സ്ത്രീവാദത്തിന്റെ സത്ത. കീഴാളസ്ത്രീകൾ അനുഭവിക്കുന്ന സവിശേഷമായ പാർശ്വവൽകരണങ്ങളെക്കുറിച്ചുള്ള ചിന്തകളിൽനിന്നാണ് ജാതീയ

പ്രശ്നങ്ങളും ലിംഗപദവിയും പരസ്പരബന്ധിതങ്ങളാണെന്ന തിരിച്ചറിവുണ്ടാവുന്നതും ദളിത് സ്ത്രീവാദം ശക്തിയാർജിക്കുന്നതും. ജാതിപരമായ അടിച്ചമർത്തൽ, വർഗവും വർണപരവുമായ കീഴടക്കൽ എന്നിവ ദളിതരും അനുഭവിക്കുന്നതാണെങ്കിൽ, ദളിത് സ്ത്രീകൾ ലിംഗപരമായ ചൂഷണങ്ങൾക്കുകൂടി വിധേയരാവുന്നുണ്ട്. ജാത്യാധിഷ്ഠിതവും ലിംഗാധിഷ്ഠിതവുമായ വിവേചനങ്ങളേയും അന്യവൽകരണങ്ങളേയും ചെറുക്കുന്നതാണ് ദളിത് സ്ത്രീവാദം.

ലെസ്ബിയൻ ഫെമിനിസം - 1970കളിൽ മുഖ്യധാരാഫെമിനിസം ലെസ്ബിയൻ ബന്ധങ്ങളെ അംഗീകരിക്കാനും അവരുടെ സ്വത്വപരമായ പ്രശ്നങ്ങളെ സംബോധന ചെയ്യാനും വിമുഖത കാണിച്ച സാഹചര്യത്തിലാണ് കൃത്യമായ സൈദ്ധാന്തികാടിത്തറയോടെ ലെസ്ബിയൻ ഫെമിനിസം രൂപംകൊള്ളുന്നത്. 'ഞാനൊരു സ്ത്രീയല്ല, ലെസ്ബിയനാണ്' എന്ന മോൺടിക് വിറ്റിങ്ങ്(Monique Witting) പരാമർശം ലെസ്ബിയൻ ഫെമിനിസത്തിന്റെ വിമോചനസാധ്യതകൾക്ക് ആക്കം കൂട്ടി. ലെസ്ബിയൻ ഫെമിനിസത്തിന്റെ തുടർച്ചയായി 1990കളിൽ ക്വീർ തിയറി രൂപപ്പെടുന്നു. ലെസ്ബിയൻ, പുരുഷസ്വവർഗലൈംഗികതയായ ഗേ, മൂന്നാം ലിംഗം എന്നിങ്ങനെ അംഗീകൃതവും ആധിപത്യം പുലർത്തുന്നതുമായ ജെന്റർ, ലൈംഗികതാ ചട്ടങ്ങളെ മറികടക്കുന്നവരുടെ സിദ്ധാന്തമാണ് ക്വീർ തിയറി. ലിംഗസ്വത്വാവകാശങ്ങൾക്കുവേണ്ടി വിശാലമായ രാഷ്ട്രീയാർത്ഥമുള്ള ക്വീർ തിയറി ശബ്ദമുയർത്തുന്നു. ഉഭയ ലൈംഗികത സ്വാഭാവികരീതിയായി കണ്ട് അതിനെ അടിച്ചേൽപിക്കുന്ന സാമൂഹ്യനീതിയെയാണ് ക്വീർ തിയറി വിമർശിക്കുന്നത്. ലിംഗസ്വത്വപ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണന്നും ഭിന്നലൈംഗികത സമൂഹം അംഗീകരിക്കപ്പെടേണ്ടതാണെന്നും ഇവർ വാദിക്കുന്നു.

സൈബർ ഫെമിനിസം - വിവരസാങ്കേതികയുമായുള്ള ബന്ധത്തിന്റെ ആവിഷ്കാരമാണിത്. നവസാക്ഷരത, ആശയവിനിമയരീതികൾ, പൊതുമണ്ഡലങ്ങൾ, വ്യവഹാരരീതികൾ തുടങ്ങിയവയുടെ ഇടപെടലിൽ രൂപമെടുത്ത നവസ്ത്രീവിമോചനമാണ് സൈബർ ഫെമിനിസം. സ്ത്രീശരീരം, സ്ത്രൈണാനുഭവം തുടങ്ങിയവയെ ഈ ചിന്താധാര പുനർവിചിന്തനത്തിന് വിധേയമാക്കി. വിവരസാങ്കേതികവിദ്യയെ സാമൂഹികബന്ധങ്ങളുമായി സംയോജിപ്പിക്കുന്ന സൈബോർഗ് സിദ്ധാന്തങ്ങളും പ്രയോഗവും സ്ത്രീകൾക്ക് വിമോചനത്തിന്റെ പുതുസാധ്യതകൾ

തുറന്നിടുന്നു. മർദ്ദിതാവസ്ഥകളുടെ സാമൂഹ്യസാംസ്കാരികപശ്ചാത്തലങ്ങളെ പുനർനിർമിക്കാനും തങ്ങളെ അപരമാക്കുന്ന വ്യവഹാരങ്ങളെ ചെറുത്തുതോൽപ്പിച്ച് അതിജീവനശേഷി വീണ്ടെടുക്കാനുമുള്ള ശ്രമങ്ങളാണ് സൈബർ ഫെമിനിസത്തിന്റേത്.

സൈക്കോ അനാലിറ്റിക് ഫെമിനിസം - മനഃശാസ്ത്രസിദ്ധാന്തങ്ങളെ മുൻനിർത്തിയുള്ള സ്ത്രീപക്ഷചിന്താരീതിയും വിശകലനവുമാണിത്. സാമൂഹികമായി സ്ത്രീകൾ അടിച്ചമർത്തപ്പെട്ട വിഭാഗമാവുന്നതിനെ മനഃശാസ്ത്രപരമായി സമീപിക്കുന്നു. സ്ത്രീകളുടെ മാനസികവും ശാരീരികവുമായ പാർശ്വവൽകരണത്തെ പ്പറ്റിയുള്ള പഠനങ്ങളെല്ലാം ഈ മേഖലയിൽ പെടുന്നു.

പോസ്റ്റ് മോഡേൺ ഫെമിനിസം - ഇത് രൂപമെടുത്തത് ഫ്രാൻസിലാണ്. ഇവർ ഭാഷയും ശരീരവും തമ്മിലുള്ള സവിശേഷമായ ബന്ധത്തെ മുൻനിർത്തി പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിലാണ് കൂടുതൽ ശ്രദ്ധ കൊടുത്തത്. ഈ പശ്ചാത്തലത്തിൽ ലകാന്റെ ജെന്റേഡ് ലാംഗ്വേജ് എന്ന ആശയം പഠനത്തിനായും വിലയിരുത്തലുകൾക്കായും സ്വീകരിച്ചു. ഫെമിനിസത്തിൽ നൂതനാശയങ്ങൾ ഇവയുണ്ടാക്കി. വികസിത/വികസ്വര, വെളുത്ത/കറുത്ത വർഗക്കാരായ സ്ത്രീകളുടെ അനുഭവങ്ങൾ ചേർത്തുവെച്ച് വായിക്കപ്പെട്ടു. നൂതനമായ ജെന്റർ തിയറി സാമൂഹികമായൊരു കൽപനയായി സ്ത്രീത്വത്തേയും പുരുഷത്വത്തേയും അവലംബിക്കുന്നതിന് പകരം തുല്യമായി പരിഗണിച്ചു.

സ്ത്രീവാദസിനിമാസൗന്ദര്യശാസ്ത്രം - സ്ത്രീപക്ഷചിന്തക്കുള്ളിലുണ്ടായ സൈദ്ധാന്തികവൈവിധ്യവും ആന്തരികസംവാദങ്ങളുമായാണ് സ്ത്രീവാദസിനിമാസൗന്ദര്യശാസ്ത്രം രൂപപ്പെടുന്നത്. ഘടനാവാദാനന്തരചിന്തയുടെ താത്വികത, ഉത്തരാധുനിക സമൂഹത്തിന്റെ ബഹുസ്വരത, വർഗസംവാദങ്ങളിൽ നിന്ന് ലിംഗഭേദത്തിലേക്കുള്ള മാറ്റം, മാർക്സിയൻ സൈദ്ധാന്തികനായ അൽത്തൂസറിന്റെ പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ എന്നിവയാണ് ഈ പഠനം സ്വാംശീകരിച്ചത്.

## 1.4 ലൈംഗികത

ലൈംഗികത എന്ന വാക്ക് നിഷേധാത്മകമായിട്ടാണ് ആളുകൾ പൊതുവിൽ ഉപയോഗിക്കുന്നത്. കുറ്റബോധം, പാപബോധം, പ്രായശ്ചിത്തം, ശിക്ഷ, അപകർഷതാബോധം എന്നീ പദങ്ങളുമായി ബന്ധപ്പെട്ടല്ലാതെ ലൈംഗികതയെക്കുറിച്ച്

സംസാരിക്കാൻ കഴിയാത്തവിധം ഈ പദങ്ങൾ അതുമായി ഇഴചേർത്തിരിക്കുന്നു. ഇത്തരമൊരു ഇഴചേരലിന് മനുഷ്യവംശത്തോളം പഴക്കമുണ്ട്. മേൽപറഞ്ഞ പദങ്ങളുമായി ബോധപൂർവവും അബോധപൂർവവുമായി ബന്ധപ്പെടുത്തി മാത്രമേ ലൈംഗികതയെക്കുറിച്ച് ചിന്തിക്കാൻ കഴിയുകയുള്ളൂ എന്ന അവസ്ഥയാണ് ഉള്ളതെന്ന് സത്യൻ പി.പി. (102) രേഖപ്പെടുത്തുന്നു. സമൂഹത്തിൽ ലൈംഗികത ആൺ-പെൺ ഇണചേരലുകൾ എന്ന തലത്തിൽ നിന്നുയർന്ന് സാമൂഹികവും സാംസ്കാരികവുമായ മാനങ്ങൾ കൈവരിക്കുന്നു.

ലൈംഗികതയും അതിന്റെ ആഴത്തിലുള്ള ഇടപെടലിനേയും ഒഴിച്ചുനിർത്തിക്കൊണ്ടുള്ള ജീവിതത്തെ നിശ്ചയിക്കാനോ നിർവചിക്കാനോ സാധിക്കില്ല. ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ ലൈംഗികത ജീവിതത്തിന്റെ സമസ്ത തലങ്ങളിലും സ്വാധീനം ചെലുത്തുന്നു. ഒരാളുടെ, അത് സ്ത്രീയാവട്ടെ പുരുഷനാവട്ടെ, ഉഭയലിംഗത്തിലുൾപെടുന്ന ആളാവട്ടെ, അയാളുടെ കേവല ചലനത്തിൽ തുടങ്ങി അയാളുടെ മനോവ്യാപാരത്തിന്റെ സൂക്ഷ്മചലനത്തിൽ വരെ ലൈംഗികത ഒരു പ്രധാനഘടകമായി ഇടപെടുന്നു, നിയന്ത്രിക്കുന്നു. ഇത്തരമൊരു നിയന്ത്രണത്തിന്റെ പരിധികളും പരിമിതികളും ആഴത്തിൽ ആലോചിക്കേണ്ട വിഷയങ്ങളാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽതന്നെ സാംസ്കാരികപഠിതാക്കളും ലിംഗപദവിയെ സംബന്ധിച്ച പഠനങ്ങളുമായി മുന്നോട്ടു വരുന്നവരും ഈ വിഷയത്തിൽ ശ്രദ്ധേയമായ സംഭാവന നൽകിയിട്ടുണ്ട്.

ലൈംഗികതയുടെ ചരിത്രം (വാല്യം ഒന്ന്) എന്ന ഗ്രന്ഥത്തിൽ ഫൂക്കോ ലൈംഗികതയുടെ സാങ്കേതികതയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. വ്യവഹാരങ്ങളിലൂടെയാണ് അധികാരം പ്രവർത്തിക്കുന്നതെന്നും സമൂഹത്തിൽ ഒരുപാട് അധികാരവ്യവഹാരങ്ങളുണ്ടെന്നും അവയെ ആന്തരികവൽകരിക്കുന്നതിലൂടെയാണ് വ്യക്തികൾ അവരുടെ യാഥാർത്ഥ്യത്തെ രൂപപ്പെടുത്തുന്നതുമെന്നാണ് ഫൂക്കോ (208) അഭിപ്രായപ്പെടുന്നത്. ലൈംഗികതയുടെ സാങ്കേതികവിദ്യ എന്ന പദം കൊണ്ട് ഫൂക്കോ അർത്ഥമാക്കുന്നത് ലൈംഗികതയെ ഉൽപാദിപ്പിക്കുകയും താൽപര്യം ജനിപ്പിക്കുകയും ചെയ്യുന്ന ഒരു കൂട്ടം പ്രവർത്തനരീതികളാണ്. ഇവയൊക്കെ അധികാരത്തിന്റെ വ്യവഹാരങ്ങളാണ്.

മനുഷ്യലൈംഗികത സ്ത്രീ-പുരുഷബന്ധം എന്ന് പണ്ട് സാധാരണയായി

കരുതിയിരുന്ന ഒരു അവസ്ഥയിൽ മാത്രം ഒതുങ്ങുന്നില്ലെന്നും സ്വവർഗലൈംഗികത, ഉഭയവർഗലൈംഗികത എന്നീ ന്യൂനപക്ഷവിഭാഗങ്ങൾ എല്ലാ മനുഷ്യ സമൂഹങ്ങളിലും കണ്ടുവരുന്നു എന്നും കിൻസിയുടെ സിദ്ധാന്തങ്ങളും അനുബന്ധ പഠനങ്ങളും തെളിയിച്ചു. ലൈംഗികതയിലെ വൈവിധ്യങ്ങൾക്ക് സമാന്തരമായി ജെന്ററിലുള്ള വൈവിധ്യങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നടന്നത് 1960കളിൽ ഡോ.സാൻഡ്രബെം എന്ന പാശ്ചാത്യശാസ്ത്രജ്ഞരുടെ നേതൃത്വത്തിലാണ്. കുട്ടികളെ ആൺ-പെൺ ദ്വന്ദമെന്ന തികച്ചും വ്യത്യസ്തമായ രണ്ട് മൂശകളിലിട്ട് വാർക്കുന്നത് അവരുടെ സ്വാഭാവികമായ വ്യക്തിത്വത്തിന് വിരുദ്ധമാണെന്നും എല്ലാ മനുഷ്യരുടെ വ്യക്തിത്വങ്ങളിലും ആണത്തവും പെണ്ണത്തവും വിവിധ അനുപാതങ്ങളിൽ കൂട്ടിച്ചേർത്തിരിക്കുന്നുവെന്നും സാൻഡ്രയുടെ പഠനങ്ങൾ (22) തെളിയിച്ചു.[5]

ശരീരവും അതിന്റെ മുഴുവൻ സാധ്യതകളുമാണ് ലൈംഗികതയുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ മുന്നിൽ വരുന്നത്. മാത്രമല്ല, ലൈംഗികതയും സമൂഹവും, ലൈംഗികതയും വ്യക്തിയും എന്നീ രണ്ട് ചിന്താധാരകളിവിടെ രൂപപ്പെട്ടു. അടിച്ചമർത്തിലിന്റെയോ നിരാശയുടേയോ ഉദാത്തീകരണത്തിന്റെയോ ആവശ്യമില്ലാതെ തന്റെ ജന്മവാസനകളെയെല്ലാം തൃപ്തിപ്പെടുത്താൻ കഴിയുന്ന ഒരാളെ മാനസികാരോഗ്യമുള്ള ആളെന്ന് പറയാമെന്ന് ഫ്രോയ്ഡ് സൂചിപ്പിക്കുന്നു. 1950കളിൽ വിശേഷിച്ച് ശീതയുദ്ധത്തിന്റെ കാലഘട്ടത്തിൽ ലൈംഗികതയെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ ഉണ്ടായി. ഈ അന്വേഷണത്തിൽ സവിശേഷശ്രദ്ധ പിടിച്ചുപറ്റിയത് സ്വവർഗലൈംഗികതയായിരുന്നു. സ്വവർഗ ലൈംഗികത അന്ന് കുടുംബത്തിന് പുറത്തുള്ള ഒരു വിഷയം ആയിരുന്നില്ല. കുടുംബത്തെക്കൂടി ഉൾപെടുന്ന അല്ലെങ്കിൽ കുടുംബം കൂടി ഉൾപ്പെടുന്ന സാധ്യതയായി. അറുപതുകളിലാവട്ടെ, ഈ സാധ്യത ഏറെക്കുറെ സ്വതന്ത്ര സമ്മതത്തിന്റെ തലത്തിലേക്ക് സ്വവർഗലൈംഗികതയെ ഉയർത്തിക്കൊണ്ടുവന്നു. ശരീരനിഷ്ഠ, ലൈംഗികത എന്ന ബോധമായിരുന്നു ഇതിനുള്ളിൽ പ്രവർത്തിച്ചത്. നിലവിലുണ്ടായിരുന്ന സമൂഹത്തിന്റെ ലൈംഗികതയിൽ ഉറച്ച ഏകാധിപത്യമനോ ഭാവത്തെ സാമൂഹ്യമനഃശാസ്ത്രം ചോദ്യം ചെയ്യാൻ തുടങ്ങിയതും ഇക്കാലത്തു തന്നെ. എഴുപതുകളിലേക്കും എൺപതുകളിലേക്കും എത്തുമ്പോഴേക്കും

മുൻദശകങ്ങളിൽ നിലവിലിരുന്ന അനേകം അരുതുകൾ ചോദ്യം ചെയ്യപ്പെടുന്നത് കാണാനാവും.

കുടുംബവ്യവസ്ഥയുടെ തകർച്ച രാഷ്ട്രീയപ്രശ്നമായി രൂപപ്പെടുന്നത് ഇക്കാലത്താണ്. പുരുഷലൈംഗികതയും സ്ത്രീലൈംഗികതയും വിമത ലൈംഗികതയുടെ പശ്ചാത്തലമായി കൈകോർക്കുന്നതും ഇക്കാലത്തുതന്നെ. സ്ത്രീവാദവും വിമതലൈംഗികതാവാദവും ഒരുപക്ഷേ ശക്തമായതും കാലാകാല ങ്ങളായി സമൂഹത്തിന്റെ ബോധമനസ് സൂക്ഷിച്ച ധാരണകൾ തകിടം മറിയാൻ തുടങ്ങിയതും ഇക്കാലത്തുതന്നെ. രണ്ടായിരാമാണ്ടോടെ രംഗപ്രവേശനം ചെയ്ത സൈബർ സെക്ഷ്വലിറ്റിയും ആഗോളവൽകരണവും സ്ത്രീയുടെ ഉടലിനേയും ലൈംഗികതയേയും വിപണീകേന്ദ്രിതമാക്കി. ഈ നിലപാട് ഭോഗാസക്തിയുള്ള ഒരു സമൂഹത്തെ വാർത്തെടുത്തു. ഇത് ക്രമേണ ശരീരത്തെ ഉപയോഗിക്കുക എന്ന ചിന്തയിലേക്ക് വിന്യസിക്കപ്പെട്ടു. നിലവിലുള്ള പുരുഷനിർമ്മിത സ്ത്രീത്വത്തിന്റെ വികലരൂപങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടാണ് ഓരോ കഥാകാരിയും നിലവിലുള്ള സാമ്പ്രദായികനിയമത്തെ ലംഘിക്കാനൊരുമ്പെടുന്നത്. ഫെമിനിസത്തിന്റെ രണ്ടാം ഘട്ടത്തിന്റെ ആരംഭത്തോടെ ശരീരത്തെ എഴുത്തിലേക്ക് സംക്രമിപ്പിക്കുവാൻ സ്ത്രീയെഴുത്തുകാർ തയ്യാറായി എന്നതും ഓർക്കേണ്ടതാണ്.

### 1.4.1. ലൈംഗികതയും കേരളവും

അറുപതുകളിലേയും എഴുപതുകളിലേയും വിമോചനപ്രസ്ഥാനങ്ങൾ ലിംഗ വ്യക്തിത്വത്തിൽ തുടങ്ങി ലൈംഗികതയുമായി ബന്ധപ്പെട്ട വിചാരചിന്തകൾ സംവേദനം ചെയ്തു. അതേത്തുടർന്ന് ലൈംഗികത എന്നത് ചരിത്രപരമായി നിർമിക്കപ്പെട്ട ഒരു മനുഷ്യതലമായാണ് സമീപിക്കേണ്ടത് എന്ന നില അവതരിപ്പിച്ചു.

> ''ദൈവത്തിന്റെ നാമത്തിൽ പെണ്ണിന്റെ ചൂഷണവും കമ്പോള വൽകരണവും ചന്തമായി നടത്താമെന്ന് ആണാധിപത്യവും പൗരോഹി ത്യവും മനസിലാക്കി. അങ്ങനെയാണ് ദേവദാസീസമ്പ്രദായം ചിട്ടപ്പെട്ടത്. പണ്ട് യവന-റോമൻ സമൂഹങ്ങളിൽ ദേവതാമണ്ഡപങ്ങളെ ചുറ്റിപ്പറ്റി വിശുദ്ധ കന്യകകൾ എന്നൊരു വിഭാഗമുണ്ടായിരുന്നു (ചരിത്രത്തിന്റെ ഇഷ്ടദേവതയായിരുന്നു). വ്രതശുദ്ധിയോടെ ഭഗവൽസേവ നടത്തുക എന്നതായിരുന്നു ഇവരുടെ ജോലി. ഏതാണ്ടൊരു

> രൂപത്തിലായിരിക്കണം ദേവദാസീസമ്പ്രദായവും സംവിധാനം ചെയ്തിരിക്കുന്നത്. ദേവരെ ആട്ടമാടി, പാട്ടുപാടി, പ്രീതിപ്പെടുത്തി കോവിൻകെട്ടൽ നേദ്യച്ചോറുണ്ട് കഴിയുക, ആൺചൂര് തട്ടരുത് ഇതൊക്കെയായിരുന്നു വിലക്കുകൾ." (സുകുമാരൻ വി 103)

പല തരത്തിലുള്ള വിലക്കുകൾ പല കാലഘട്ടത്തിലും രൂപപ്പെട്ടിരുന്നെങ്കിലും അത് സംബന്ധിച്ചുള്ള ചർച്ചകൾ എക്കാലത്തും സജീവമായിരുന്നു എന്നുവേണം മനസിലാക്കാൻ. വിക്ടോറിയൻ കാലഘട്ടിൽപോലും ശരീരത്തെക്കുറിച്ചുള്ള അവബോധത്തിൽ തങ്ങളുടെ തലമുറ കൊണ്ടാടിപ്പോന്ന മനോവിചാരങ്ങളുടെ നേർക്ക് ആരും മുഖം തിരിച്ച് നടന്നിട്ടില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ബ്രിട്ടീഷ് ചരിത്രം പരിശോധിക്കുമ്പോൾ ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ ലൈംഗികാവബോധം അതിന്റെ കേന്ദ്രത്തിൽ വർത്തിച്ചിട്ടുണ്ടെന്ന് പറയാം. (ഷീബാ കുരിയൻ 86) മാതൃദായക്രമത്തിലെ ലൈംഗികത ഗോത്രജീവിതത്തിലെ ലൈംഗികതയുമായി ബന്ധപ്പെട്ട് കിടക്കുന്നു. കുടുംബത്തിൽ സ്ത്രീക്ക് ലൈംഗികമായ സ്വാതന്ത്ര്യവും അവകാശവും ലഭിച്ചിരുന്നു.[6] എന്നാൽ പിതൃദായക്രത്തിലേക്കുള്ള പരിവർത്തനം മാതൃത്വവും സദാചാരവുമായി ബന്ധപ്പെടുത്തി. കൂടാതെ പിതൃത്വം നിർണയിക്കാനും പിതൃസ്വത്തിന്റെ അവകാശം നിർണയിക്കാൻ സദാചാരത്തെ കൂട്ടുപിടിച്ച് ചാരിത്ര്യശുദ്ധി എന്ന വ്യവഹാരത്തിന്റെ ഇടപെടൽ സാധ്യമാക്കി. മാതൃദായക്രമത്തിൽ സ്ത്രീയും പുരുഷനും ലൈംഗികമായി സ്വതന്ത്രരായിരുന്നു. അതിനാൽ സംബന്ധബന്ധങ്ങളും നിലനിന്നിരുന്നു. മാതൃദായസമൂഹത്തിൽ ലൈംഗികവികാരങ്ങളെ അടിച്ചമർത്തുകയല്ല പൂർണമായി സഫലീകരിക്കുകയാണ് ചെയ്തതെന്ന് വിൽഹം റീഹ് പറയുന്നു. സമുദായഘടനയും അധികാരശക്തിയും ലൈംഗികജീവിതത്തെ നിർണയിച്ചിരുന്നു. ഭാരതത്തിൽ ലൈംഗികത മതപരമെന്നപോലെ അധികാരശ്രേണീഘടനയുടെ പ്രശ്നമായിരുന്നതായി കാണാം. (സോമൻ. പി, 2014; 7) പുരാതന ഹിന്ദുസമുദായചരിത്രം പരിശോധിച്ചാൽ ലൈംഗികതയുടെ പരിസരങ്ങളിൽ അത്രയേറെ നിഷ്കർഷകളില്ലെന്ന് കാണാം.[7] ലിംഗഭേദങ്ങളുടെ ഇടുങ്ങിയ ഇടങ്ങളല്ല ഖജൂരാഹോ ചിത്രങ്ങൾ പ്രത്യക്ഷമാക്കുന്നത്. ലൈംഗികതയിലൂടെ ഭക്തിയെ സായൂജ്യമാക്കുന്ന കൃഷ്ണസങ്കൽപത്തിലൂന്നിയ ദൈവികത്വം തന്നെയുണ്ട് നമുക്ക്. സന്യാസത്തിന് മുമ്പുള്ള ഗൃഹസ്ഥാശ്രമത്തിന് ഭാരതീയതത്വചിന്തയിൽ വളരെ പ്രാധാന്യമുണ്ട്.

സാമ്പത്തികസ്വാതന്ത്ര്യത്തെപ്പോലെ ലൈംഗികതസ്വാതന്ത്ര്യവും കേരളത്തിലെ നായർ തറവാടുകളിൽ ഒരുകാലത്ത് സ്ത്രീക്ക് സാധ്യമായിരുന്നു. മരുമക്കത്തായ സമ്പ്രദായത്തിൽ സ്വത്തവകാശം സ്ത്രീകൾക്കായിരുന്നു. പുരുഷനെ സ്വീകരിക്കാനും നിരാകരിക്കാനും ചില ചിഹ്നങ്ങളും അന്ന് വ്യവഹാരത്തിലുണ്ടായിരുന്നു. ഇതിന് പ്രതിലോമമായി കുടുംബ വ്യവസ്ഥയുടെ സുരക്ഷിതത്വത്തിൽനിന്ന് പുറത്താക്കപ്പെടുന്ന പാർശ്വവൽകരണവും ഒപ്പം സംഭവിച്ചുകൊണ്ടിരുന്നു എന്നത് മറ്റൊരു യാഥാർത്ഥ്യമാണ്. (സുമംഗല 93) ആധുനിക വൈജ്ഞാനികതലങ്ങൾ ലൈംഗികതയെ ജീവശാസ്ത്രവും പരിണാമശാസ്ത്രവും മസ്തിഷ്കശാസ്ത്രവും നരവംശശാസ്ത്രവും മനഃശാസ്ത്രവും സാമൂഹ്യശാസ്ത്രവും അതിന്റെ ഇതര വഴികളേയും ബന്ധപ്പെടുത്തിയാണ് മുന്നോട്ടുപോവുന്നത്.

### 1.4.2. ലൈംഗികന്യൂനപക്ഷങ്ങൾ

പ്രത്യുൽപാദനാവയവത്തിൽ പ്രത്യക്ഷപ്പെടുന്ന അസ്വാഭാവികതയാണ് മിശ്രലിംഗത്വം എന്ന് വൈദ്യശാസ്ത്രം വ്യക്തമാക്കുന്നു. ആൺപെൺ ദ്വന്ദത്തിലധിഷ്ഠിതമായ സ്ഥാപിതസാമൂഹ്യലിംഗബോധത്തെ പുനർനിർമിച്ചുകൊണ്ടു മാത്രമേ മിശ്രലിംഗാവസ്ഥയിലുള്ളവർക്ക് സ്വത്വം വെളിപ്പെടുത്തി നിലനിൽക്കാൻ സാധിക്കുകയുള്ളൂ.

ആൺലൈംഗികാവയവത്തോടെ ജനിക്കുന്നവർ ഭൂരിപക്ഷവും ആണത്തം എന്ന തനിമ രൂപഭാവങ്ങളിലൂടെ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നവരും പെണ്ണിനോട് ലൈംഗികാകർഷണം തോന്നുന്നവരുമാണ്. അതുപോലെ പെൺലൈംഗിക അവയവത്തോടെ ജനിക്കുന്നവർ ഭൂരിപക്ഷവും പെണ്ണത്തം എന്ന തന്മ രൂപഭാവങ്ങളിലൂടെ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നവരും ആണിനോട് ലൈംഗികാകർഷണം തോന്നുന്നവരുമാണ്. എന്നാൽ സ്ത്രീപുരുഷലിംഗഭേദം സ്ത്രീപുരുഷലൈംഗികത എന്നിവക്ക് പുറത്തുള്ള അവസ്ഥകളിൽ ഉള്ളവരാണ് സമൂഹത്തിലെ ഒരു ശതമാനം മുതൽ രണ്ട് ശതമാനം ന്യൂനപക്ഷവിഭാഗം എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നത്. സ്വന്തം ലിംഗത്തിലുള്ളവരോടുതന്നെ ലൈംഗികാകർഷണവും പ്രണയവും അനുഭവപ്പെടുന്നവരാണ് സ്വവർഗപ്രേമികളായ ഒരു ന്യൂനപക്ഷം. ഒരു വ്യക്തിയുടെ മാനസികമായ സ്ത്രീപുരുഷൻ അല്ലെങ്കിൽ ഇവ രണ്ടും കൂടി ചേർന്നുള്ളതോ ഇവ രണ്ടുമല്ലാത്തതോ ആയ എന്നുള്ള ലിംഗപരമായ

സ്വത്വത്തെയാണ് ജെന്റർ എന്ന് പറയുന്നത്. വ്യക്തിയുടെ സ്വത്വബോധപ്രകാരം രൂപഭാവങ്ങളിലൂടെ നടത്തുന്ന സാമൂഹ്യാവതരണമാണ് ജെന്റർ.

ലോകത്തിലാദ്യമായി ട്രാൻസ്ജെന്റർ നയം രൂപീകരിച്ച സംസ്ഥാനമാണ് കേരളം. എന്നിരുന്നാലും ശരീരത്തിന്റേയും ലൈംഗികതയുടേയും വൈവിധ്യങ്ങൾ അംഗീകരിക്കാനും ഈ വിഭാഗക്കാരോടുള്ള സമീപനത്തിനും വൈമുഖ്യം പ്രകടിപ്പിക്കുന്നവരാണ് ഭൂരിഭാഗവും. പൊതുസമൂഹം ഭിന്നലൈംഗികാഭിരുചികളെ അരികുവൽകരണത്തിലൂടെയും സ്ഥാനമില്ലായ്മയിലൂടെയുമാണ് സമീപിക്കുന്നത്. തൊണ്ണൂറുകൾക്കുശേഷം കേരളത്തിൽ ഭിന്നലൈംഗികതയുമായി ധാരാളം ചർച്ചകൾ ഉണ്ടാവുന്നുണ്ട്. എന്നാൽ അവയൊന്നും മുഖ്യധാരയുടെ ഭാഗഭാക്കാവുന്നില്ല. മുഖ്യ ധാരാവബോധത്തിൽ ആൺപെൺ എന്ന ബൈനറി രാഷ്ട്രീയമാണ് ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്നത്. ഒരു ട്രാൻസ്ജെന്ററോ സ്വവർഗാനുരാഗിയോ ഇന്റർസെക്സ് വ്യക്തിയോ ആണ് തന്റെ കുട്ടി എന്ന് തിരിച്ചറിയുന്ന ഭൂരിഭാഗം മാതാപിതാക്കളും അതൊരു അസുഖമായാണ് കാണുന്നത്. (അഗജ പി 36)

"പുരുഷനോ സ്ത്രീയോ ആയി പിറക്കുമ്പോൾതന്നെ പുരുഷത്വമെന്നും സ്ത്രൈണതയെന്നും നമ്മൾ വിളിക്കുന്ന അവസ്ഥ സവിശേഷമായ മനോഘടനയുമായി ബന്ധപ്പെട്ടുകിടക്കുന്നു. ജെന്റർ ജൈവനിർമിതിയല്ല. സാമൂഹ്യ നിർമിതിയാണ്. പുരുഷന്റേതെന്നും സ്ത്രീയുടേതെന്നും പറഞ്ഞ് ഒരുപക്ഷേ സമൂഹം അടിച്ചേൽപിക്കുന്ന പെരുമാറ്റരീതികൾ വസ്ത്രധാരണരീതികൾ എന്നിവയെല്ലാം മാറ്റിമറിക്കപ്പെടണമെന്നതാണ് ക്വീർ തിയറിയുടെ അടിസ്ഥാനം."[8] (സുരേന്ദ്രൻ പി 13)

2009 ഡൽഹി ഹൈക്കോടതി സ്വവർഗരതി കുറ്റവിമുക്തമാക്കിക്കൊണ്ട് നടത്തിയ സുപ്രധാനവിധി ലൈംഗികന്യൂനപക്ഷാവകാശ പോരാട്ടങ്ങൾക്ക് ഇന്ത്യയിൽ നീതിന്യായവ്യവസ്ഥയിൽനിന്ന് ലഭിച്ച ചരിത്രപരമായ നേട്ടമായിരുന്നു. ഈ വിധിയെ ത്തുടർന്ന് കുടുംബത്തിനകത്തുനിന്ന് സ്വന്തം ലിംഗസ്വത്വം വെളിപ്പെടുത്തി ജീവിക്കാൻ ലൈംഗികന്യൂനപക്ഷങ്ങൾ സമൂഹത്തിലേക്ക് ഇറങ്ങിവന്നു. കേരളത്തിനകത്തും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ലൈംഗികന്യൂനപക്ഷ സംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചു. അപേക്ഷാഫോമുകളിൽ ട്രാൻസ്ജെന്റർ എന്ന കോളം ഉൾപെടുത്തി അവരെ അംഗീകരിക്കുന്നുണ്ട്. കൂടാതെ പൗരാവകാശങ്ങൾ നിഷേധി ക്കുന്നത് വലിയ കുറ്റകരമായ ഒന്നായി പരിഗണിക്കുന്നു.

ഹിജഡ/നപുംസകം/ഒമ്പത് എന്നീ സ്വീകാര്യതയിൽ അറിയപ്പെടുന്ന ട്രാൻസ്ജെന്റെറുകൾ പൊതുദൃശ്യതയുടെ രാഷ്ട്രീയത്തിലേക്ക് വലിയൊരു സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നു. ജെന്റെർ വിഭിന്നമായ ലെസ്ബിയൻ/ഗേ എന്നീ പൊളിറ്റിക്കൽ ഐഡെന്റിറ്റികളെ, സെക്ഷ്വൽ മൈനോറിറ്റി പ്രതിനിധീകരിക്കുമ്പോൾ ട്രാൻസ്ജെന്റെർ, ട്രാൻസ്മെൻ, ട്രാൻസ്വുമൺ, സൈബർ സെക്ഷ്വൽ, ഇൻർസെക്ഷ്വൽ എന്നിങ്ങനെയുള്ള വൈവിധ്യങ്ങളെ ജെന്റെർ മൈനോറിറ്റിയും പ്രതിനിധീകരിക്കുന്നു.[9] (രശ്മി ജി, അനിൽകുമാർ കെ.എസ്., 2017;30) സ്വയം പ്രാതിനിധ്യം, ജനാധിപത്യം, സമത്വം, വിമോചനം, ജാതി, അവകാശങ്ങൾ എന്നീ ഇടപെടലുകൾക്ക് തുറന്നിടുന്ന പ്രക്ഷോഭങ്ങൾ വിമതവിഭാഗത്തിന്റെ ഉയർപ്പിനെ സൂചിപ്പിക്കുന്നു. ഇവർക്ക് പഠനം നിഷേധിക്കുക, ജോലി, ലൈംഗികത, കുടുംബബന്ധം, ജീവിക്കാനുള്ള അർഹത നിഷേധിക്കുക തുടങ്ങിയവയാണ് ഇവർ നേരിടുന്ന പ്രധാന വെല്ലുവിളികൾ.

ലിംഗപദവിയെ മുൻനിർത്തി നടത്തുന്ന സമകാലികമായ ഏതൊരന്വേഷണ ത്തിലും ഒഴിവാക്കാനാവാത്ത വിധത്തിൽ സൈദ്ധാന്തികവും സമരോൽസുകവുമായ ലിംഗരാഷ്ട്രീയസമീപനങ്ങൾ ശ്രദ്ധ നേടിയിട്ടുണ്ട്. വിചിത്രമായത്, അസാധാരണ മായത്, വിമതസ്വഭാവമുള്ളത്, ഉന്മാദകരമായത് തുടങ്ങിയ സൂചനകൾ ഉൾകൊള്ളുന്ന ക്വീർ എന്ന പ്രയോഗംകൊണ്ടാണ് പാശ്ചാത്യ സൈദ്ധാന്തികർ ഈ ലൈംഗികപ്രവണതകളെ കുറിക്കുന്നത്.

## 1.5 ലിംഗപദവിപഠനങ്ങൾ

ആയിരത്തി എണ്ണൂറ്റി എൺപത്തിരണ്ടിലാണ് താരാബായ് ബിന്ദ 'സ്ത്രീപുരുഷ സംന്തുലനം' എന്ന പ്രബന്ധം പ്രസിദ്ധീകരിക്കുന്നത്. മഹാരാഷ്ട്രയിലാണ് ഈ കൃതി ജന്മം കൊള്ളുന്നത്. ലിംഗനീതിയെക്കുറിച്ച് പരാമർശിക്കുന്ന ആദ്യത്തെ ഇന്ത്യൻ പുസ്തകമാണ് ഇത്. സ്ത്രീകൾക്ക് വിദ്യാഭ്യാസമോ അക്ഷരജ്ഞാനമോ ഇല്ലാത്ത അക്കാലത്ത് പുരാണങ്ങളേയും അന്നത്തെ സാമൂഹ്യാവസ്ഥകളേയും ഈ കൃതി വിമർശിക്കുന്നു.

ബ്രാഹ്മണർക്കിടയിലുണ്ടായിരുന്ന ദുരാചാരങ്ങളും വിധവകൾക്കെതിരെയുള്ള അനാചാരങ്ങളും സാമൂഹ്യബോധങ്ങളും താരാബായ് ബിന്ദ ആവിഷ്കരിക്കുന്നു. പുരുഷന്മാർ സ്ത്രീകളെ നോക്കിക്കാണുന്നതിനേയും അവർ രചനയിൽ

വിമർശിക്കുന്നു. യൂറോപ്പിൽ സ്ത്രീവാദികളായ സിമോൺ ദി ബുവെ, വെർജീനിയാ വുൾഫ് തുടങ്ങിയവർ എഴുതിയ സ്ത്രീചിന്താവിചാരത്തിന് എത്രയോ മുമ്പാണ് ബിന്ദ ലിംഗനീതിയെക്കുറിച്ച് പ്രസ്താവിക്കുന്നത് എന്നത് ശ്രദ്ധാവഹമാണ്.

ഈ കൃതി മലയാളസാഹിത്യത്തിന് പരിചയപ്പെടുത്തുന്നത് മാനസിയാണ്. ഈ ഗ്രന്ഥത്തിൽ പി.കെ.രാജശേഖരന്റെ നിരീക്ഷണങ്ങളും പി.ഗീത, ജെ.ദേവിക എന്നിവരുടെ പഠനങ്ങളാലും ഇന്ത്യയിലെ സ്ത്രീപക്ഷസംവേദനത്തിന് മാറ്റുള്ള ഒന്നായിത്തീർന്നിരിക്കുന്നു. ഏതാണ്ട് ഇതേ കാലത്താണ് ബ്രഹ്മാനന്ദശിവയോഗി സ്ത്രീവിദ്യാപോഷിണി എന്ന പേരിൽ സ്ത്രീക്ക് വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത ഉയർത്തികൊണ്ട് കൃതിരചിക്കുന്നത്.

ലോകസ്ത്രീപക്ഷചിന്തകളെ സംബന്ധിച്ചും 1880കൾ പ്രധാനപ്പെട്ടതാണ്. 1884ലാണ് കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്ന ഫ്രെഡെറിക് ഏംഗൽസ് രചന പുറത്തുവരുന്നത്. സ്ത്രീകളുടെ പിന്നാക്കാസ്ഥക്ക് കാരണം സ്വകാര്യസ്വത്തും അതേത്തുടർന്നുള്ള പിതൃദായക്രവുമാണെന്ന് ഏംഗൽസ് സമർത്ഥിക്കുന്നു.

സ്ത്രീവാദവും മാർക്സിസവും ബന്ധപ്പെടുത്തിയുള്ള സൈദ്ധാന്തിക ചർച്ചയും ചരിത്രത്തിലുടനീളം ദീർഘമായി നടക്കുന്നുണ്ട്. സ്ത്രീപക്ഷചിന്തകൾ ഉയർത്തുന്നത് ലിംഗനീതിയുടെ അടിസ്ഥാനപ്രശ്നങ്ങൾ മാർക്സിസം ഏറ്റെടുത്തിട്ടില്ല എന്ന വിമർശനമാണ്. എന്നാൽ ലിംഗപദവിയെക്കറിച്ചുള്ള വിശകലനങ്ങൾ മാർക്സിന്റേയും ഏംഗൽസിന്റേയും സാമ്പത്തികപഠനങ്ങളിൽ കാണാനാവും എന്ന അഭിപ്രായവും നിലനിൽക്കുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള വിനിമയങ്ങളിലൂടെ നിലവിൽ വരുന്നതാണ് ലിംഗപദവിയും ലിംഗപദവീ ബന്ധങ്ങളുമെന്ന് മാർക്സ് വീക്ഷിക്കുന്നു. ഏംഗൽസ് ആധുനികകുടുംബ വ്യവസ്ഥിതിയുടെ ചരിത്രപരമായ ആധികാരബന്ധത്തെ വിശകലനം ചെയ്തു കൊണ്ട് കുടുംബത്തിലെ സ്ത്രീവിരുദ്ധതയെ വിമർശിക്കുന്നു.

സ്ത്രീവാദം, വംശീയരാഷ്ട്രീയസംഘടനകൾ, കറുത്തവരുടെ പ്രസ്ഥാനം, പരിസ്ഥിതിസംഘടനകൾ എന്നിവ സജീവമായത് രണ്ടാം ലോകമഹായുദ്ധകാല ത്താണ്. ഫൂക്കോ, ലകാൻ, അൽത്തൂസർ തുടങ്ങിയവരുടെ ചിന്തകൾ സംഘടനാ പ്രവർത്തനങ്ങൾക്ക് ഊർജം നൽകി. ഇത്തരമൊരു പരിസരത്തിൽ സ്ത്രീവാദ വായനയും പ്രവർത്തനവും ദിശ മാറി സഞ്ചരിക്കാൻ തുടങ്ങി. അതോടുകൂടി ലിംഗ

പദവീപഠനങ്ങൾ രൂപപ്പെട്ടു. ലിംഗപദവീപഠനത്തിന് സൈദ്ധാന്തികമായ അടിത്തറ നൽകിയത് വെർജീനിയാ വുൾഫ്, സിമോൺ ദി ബുവെ, ബെറ്റി ഫ്രീഡൻ, കെയ്റ്റ് മില്ലെറ്റ്, ജൂഡിത് ബട്ലർ എന്നിവരാണ്. സ്ത്രീവാദപഠനങ്ങളിൽ എ റൂം ഓഫ് വൺസ് ഓൺ, ദി സെക്കന്റ് സെക്സ്, ദി ഫെമിനിസ്റ്റ് മിസ്റ്റിക്, സെക്ഷ്വൽ പൊളിറ്റിക്സ് എന്നീ ഗ്രന്ഥങ്ങൾ വലിയ കോളിളക്കം സൃഷ്ടിച്ചു.

ഇരുപതാം നൂറ്റാണ്ടിൽ ആരംഭിച്ച സ്ത്രീവാദം വൈവിധ്യതലങ്ങളിലേക്കും പ്രയോഗങ്ങളിലേക്കും കടക്കുകയും ലിബറൽ ഫെമിനിസത്തിൽ തുടങ്ങി ആന്റി പോണോഗ്രാഫി ഫെമിനിസം എന്നുവേണ്ട നവതലഫെമിനിസം സ്ത്രീകളുടേയും അരികുവൽകരിക്കുന്നവരുടേയും സ്വവർഗരതിക്കാരുടേയും ന്യൂനപക്ഷത്തിന്റേയും അവകാശങ്ങളെ പ്രചരിപ്പിക്കുകയും സമൂഹത്തോട് സംവദിക്കുകയും ചെയ്തു.

സാഹിത്യം, വിമർശനം, വ്യാകരണം തുടങ്ങി സാഹിത്യവ്യവഹാരങ്ങൾ നിർമിച്ചെടുത്തിരിക്കുന്നത് ആണത്തലോകങ്ങളാണ്. ഇവയിൽ ലിംഗനീതി പുരുഷാനുസാരം നിർണയിച്ചിരിക്കുകയാണെന്ന വാദം കൂടുതൽ കാഴ്ചപ്പാടുകൾക്ക് വഴിയൊരുക്കി. കൂടാതെ പത്രദൃശ്യമാധ്യമങ്ങൾ, നവമാധ്യമങ്ങൾ, സൈബറിടം, തൊഴിലിടങ്ങളിലെ ലിംഗപദവി, മാതൃത്വപദവി, ജാതിയും ലിംഗപദവിയും എന്നു വേണ്ട ബഹുവിധസൂക്ഷ്മസ്വരൂപത്തിലേക്ക് ലിംഗപദവീപഠനങ്ങൾ സ്വീകരിക്കപ്പെട്ടു.

ലിംഗപദവിയേയും ലൈംഗികതയേയും പുനർനിർവചിക്കുന്നതിൽ ജൂഡിത് ബട്ലർ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ലിംഗപദവി (gender) ഒരു അവതരണാത്മകമായ (performative) സാംസ്കാരികസങ്കൽപമാണെന്ന് ബട്ലറുടെ നിരീക്ഷണം ശ്രദ്ധേയമാണ്. ഇത് സൂചിപ്പിക്കുന്നത് ഒരു വ്യക്തിയുടെ ലിംഗപദവീ പരമായ സ്വത്വം (identity) നിർണയിക്കുന്നത്. അവതരണീയതയും (performity) റോൾ പ്ലേയിങ്ങും (role playing) ആണ്. ആവർത്തനം (repetition) എന്നത് ഇതിൽ ഏറെ പ്രധാനമാണ്. ആവർത്തിച്ചുള്ള അവതരണത്തിലൂടെയാണ് വ്യക്തിക്ക് കെട്ടു റപ്പുള്ള സ്വത്വം (coherent identity) നേടിയെടുക്കുന്നതായ തോന്നലുണ്ടാവുന്നത്.

ജെന്റർ റോൾ (gender role) എന്നത് ഒരു വ്യക്തിക്ക് നൈസർഗികമായി ഉണ്ടാവുന്നതോ സ്വയം തെരഞ്ഞെടുക്കാൻ കഴിയുന്നതോ അല്ല, മറിച്ച് വിവിധങ്ങളായ സാംസ്കാരികവ്യവഹാരങ്ങളിലൂടെ നിർമിക്കപ്പെടുന്നതാണ്. ആവർത്തനങ്ങളിലൂടെ

നേടിയെടുക്കുന്ന ഈ സ്വത്വം (identity) സ്ഥിരതയുള്ള ഒന്നല്ല. ലിംഗസ്വത്വത്തിന്റെ മാതൃകാസങ്കൽപങ്ങളെ (normative conceptions) മാറ്റിത്തീർക്കുന്നതിന് പെർഫോമേറ്റീവ് ആക്റ്റിന് (performative act) കഴിയും. (ജൂഡിത് ബട്ലർ 34)

ഭിന്നലിംഗരതി (heterosexual) സ്വവർഗരതി (homosexuality) ഉഭയലിംഗരതി (bisexuality) എന്നിവയിലൂന്നിയ വിവിധ തരം ലൈംഗികകാമനകളേയും പ്രവർത്തനങ്ങളേയും ഉൾകൊള്ളുന്ന വിധത്തിൽ ഇന്ന് ലിംഗപദവിയേയും ലൈംഗികതയേയും പുനർനിർവചിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. കൂടാതെ സാംസ്കാരികമായി നിർണയിക്കപ്പെട്ട ലിംഗപദവിയുടേയും ലൈംഗികതയുടേയും ബഹുത്വത്തെ (plural) ഇന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

ജെന്റെർ, ലൈംഗികത എന്നിവ പരസ്പരം ബന്ധപ്പെട്ടതാണെന്ന പൊതു ധാരണ ജൂഡിത് ബട്ലർ സ്വീകരിക്കുന്നില്ല. അതായത് ജീവശാസ്ത്രപരമായി സ്ത്രീയായ ഒരു വ്യക്തി, സ്ത്രീത്വത്തിന്റെ വിശേഷഗുണങ്ങൾ പ്രകടിപ്പിക്കുകയോ പുരുഷനെ ആഗ്രഹിക്കുകയോ ചെയ്യണമെന്നില്ല. ലിംഗപദവി അഥവാ ജെന്റെർ ഒരു സ്വാഭാവികത അല്ലെന്നാണ് ബട്ലർ വാദിക്കുന്നത്. അതുകൊണ്ടുതന്നെ ഒരു വ്യക്തിയുടെ ശരീരവും ജെന്റെറും തമ്മിൽ പരസ്പരബന്ധം ഉണ്ടാവണമെന്നില്ല. ആദിയും അന്തവുമില്ലാത്ത ഒരു പ്രക്രിയയാണ് ജെന്റെർ എന്നും അതുകൊണ്ട് നാം എന്താണ് എന്നതല്ല എന്ത് ചെയ്യുന്നു എന്നതാണ് ജെന്റെറിനെ നിർണയിക്കുന്നതെന്നും ജെന്റെർ ട്രബ്ൾ എന്ന പുസ്തകത്തിൽ ബട്ലർ അഭിപ്രായപ്പെടുന്നത്.

### 1.5.1. ലിംഗകൽപനയും പൊതുമണ്ഡലവും

പൊതുതാൽപര്യത്തെ മുൻനിർത്തി വ്യക്തികൾ യുക്തിയോടു കൂടി നടത്തുന്ന സംവാദങ്ങളിലൂടെ ആധുനികസമൂഹത്തിൽ രൂപപ്പെടുന്ന ബഹുജനാഭിപ്രായങ്ങളുടെ അന്തരീക്ഷത്തെയാണ് പൊതുമണ്ഡലം എന്ന സങ്കൽപംകൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികതയും കൊളോണിയൽ വിരുദ്ധസമരങ്ങളും നവോത്ഥാന മൂല്യങ്ങളും വ്യവഹാരങ്ങളും മുൻനിർത്തി സംഘടനകളും വ്യക്തികളും മാധ്യമങ്ങളും മറ്റും ഉയർത്തിക്കൊണ്ടുവന്ന സംവാദ മണ്ഡലത്തെയാണ് കേരളത്തിന്റെ പൊതുമണ്ഡലമായി കണക്കാക്കുന്നത്. നവോത്ഥാനത്തിന്റേയും ആധുനികതയുടേയും മൂല്യസങ്കൽപങ്ങളാണ് സംവാദാത്മകമായ സാംസ്കാരിക പൊതുമണ്ഡലം സാധ്യമാക്കിയത്. (സജിത കെ.ആർ, 2012; 211)

“കേരളത്തിന്റേത് ഒരു പുരുഷമേധാവിത്വസമൂഹമാണ്. ശിശുവിന്റെ ജനനം മുതൽക്കുതന്നെ ആൺപെൺ വ്യത്യാസത്തിന്റെ അടിസ്ഥാന ത്തിൽ ചില അവകാശങ്ങളും അധികാരങ്ങളും ആണിനും പെണ്ണിനും വെവ്വേറെ കൽപിച്ച് കൊടുക്കുകയും ചിലത് നിഷേധിക്കുകയും ചെയ്യുന്നു. പുരുഷമേധാവിത്വപ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാന ത്തിൽ സാമൂഹികമായും സാംസ്കാരികമായും സ്ത്രീയേയും പുരു ഷനേയും വിവേചനപ്പെടുത്തുന്ന രീതിയെ ലിംഗകൽപനയെന്ന് വിളിക്കാം. സ്ത്രീ/പുരുഷഭേദം ജീവശാസ്ത്രപരമാണെന്നിരിക്കെ ആണത്തം/പെണ്ണത്തം എന്ന ലിംഗകൽപന ചില പ്രത്യേകമായ സ്വഭാവ സവിശേഷതകളേയും പെരുമാറ്റരീതികളേയും ആധാരമാക്കിയുള്ള സമൂഹസൃഷ്ടിയാണ്.” (ഗിരീഷ്കുമാർ 2734) കാലവ്യതിയാനങ്ങൾ സാംസ്കാരികവ്യവഹാരമാതൃകകളെ രൂപാന്തരപ്പെടുത്തുമെന്നതിനാൽ ലിംഗഭാവനകളിലും മാറ്റമുണ്ടാവുന്നു.

കൊളോണിയൽ ആധുനികതയുടേയും നവോത്ഥാനശ്രമങ്ങളുടേയും ദേശീയ സ്വാതന്ത്ര്യസമരങ്ങളുടേയും ഭാഗമായി ആധുനികമായ സമൂഹം രൂപംകൊണ്ടതോടെ ജാതിവിലക്കുകളും ലിംഗപദവീസംബ ന്ധമായ വിലക്കുകളും ഇല്ലാതായി. ഏകീകരിക്കപ്പെട്ട ദേശസങ്കൽപം, നഗരങ്ങളുടെ രൂപപ്പെടൽ, ആധുനികവാർത്താവിനിമയഗതാഗതസം വിധാനങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ തേടിയുള്ള യാത്രകൾ തുടങ്ങി നിരവധി ഘടകങ്ങൾ അതുവരെ നിലനിന്നുപോന്ന സാമൂഹ്യഘടനയെ പൊളിച്ചെഴുതി. പല ജാതി സ്വരൂപങ്ങളാൽ നിയന്ത്രിക്കപ്പെട്ട് സ്ത്രീവ്യവസ്ഥകൾ ഘോഷ ബഹിഷ്കരിച്ചും കല്ലുമാല ഉപേക്ഷിച്ചും ജാതീയമായ ഘടകങ്ങളെ ഒരു പരിധി വരെ പുറംതള്ളിക്കൊണ്ട് സ്ത്രീകൾ എന്ന പൊതുസംജ്ഞയുടെ കീഴിൽ പുറത്തിറങ്ങിയത് ഇക്കാലത്താണ്. എന്നാൽ എല്ലാത്തരം വിലക്കുകളും പൂർണമായി ഇല്ലാതായി എന്ന് പറഞ്ഞുകൂടാ. ജാതിസംബന്ധമായ വിലക്കുകൾ അപ്രത്യക്ഷമായെങ്കിലും ആധുനികസമൂഹം പരോക്ഷമായി സമൂഹ ത്തിന്റെ ഘടനാപരമായ ക്രമീകരണത്തിലൂടെ ലിംഗപദവിയുടെ പേരിൽ പല വിലക്കുകളും ഏർപെടുത്തി. (സൗമ്യ തോമസ് 2194).

സമൂഹനിർമ്മിതങ്ങളായ സാംസ്കാരികചിഹ്നങ്ങൾ സൃഷ്ടിക്കുന്ന ആശയങ്ങൾ പൊതുമണ്ഡലത്തിലെ ലിംഗകല്പനയെ സ്വാധീനിച്ചു.

സാമൂഹികവും സാംസ്കാരികവും മതപരവും ജീവശാസ്ത്രപരവുമായ വ്യത്യസ്തസന്ദർഭങ്ങൾക്കകത്തുവെച്ച് ലിംഗസങ്കൽപം പുരുഷകേന്ദ്രീകൃതവും സ്ത്രീകേന്ദ്രീകൃതവുമെന്ന രീതിയിൽ വേർതിരിക്കപ്പെട്ടു. സമൂഹം കൂടുതൽ സ്വതന്ത്രമാവുകയും രാഷ്ട്രീയവൽകരിക്കുകയും ചെയ്തതോടെ ലിംഗസങ്കൽപം മറ്റൊരു വഴിക്ക് തിരിഞ്ഞു. സദാചാരസമൂഹത്തിന്റെ പ്രാബല്യത്തിൽ രാഷ്ട്രീയമായി ലിംഗവ്യവസ്ഥയായി വ്യാഖ്യാനിക്കപ്പെടാനും ഇടയായി. നിലവിലുള്ള ലിംഗാധിഷ്ഠിത ഭാഷ തന്നെ പരിണാമവിധേയമാക്കി. അടുക്കളയിൽനിന്ന് അരങ്ങിലെത്തിയ നവോത്ഥാനകാലത്തെ സ്ത്രീ പിന്നീട് അടുക്കള തിരിച്ചുപിടിക്കാൻ നടത്തിയ യുദ്ധങ്ങൾ ശ്രദ്ധേയമാണ് എന്ന് ബാലചന്ദ്രൻ വടക്കേടത്ത് (11) രേഖപ്പെടുത്തുന്നു.

സ്ത്രീകളുടെ കർതൃത്വം രൂപീകരിക്കുന്നതിൽ സാമൂഹ്യപ്രക്രിയകൾ കേരളത്തിലെ പല സമുദായങ്ങളിലും പ്രവർത്തിച്ച രീതി വ്യത്യസ്തമായിരുന്നു എന്ന് മാധവിക്കുട്ടി ആത്മകഥയിൽ സൂചിപ്പിക്കുന്നുണ്ട്. ഇത്തരം ആത്മകഥാഖ്യാനങ്ങൾ ചരിത്രപരമായ ചില വ്യവഹാരങ്ങളിലേക്ക് കടന്നുചെല്ലുന്നു.

“പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങൾ മുതൽ സമുദായ പരിഷ്കരണ പ്രസ്ഥാനങ്ങൾ ശക്തി പ്രാപിച്ചതോടെ പരമ്പരാഗതലിംഗമൂല്യങ്ങൾ മനുഷ്യത്വത്തിന് എതിരാണെന്ന് വിമർശനമുന്നയിച്ച ഈ പ്രസ്ഥാനങ്ങൾ അവക്ക് പകരം പുതിയ ലിംഗമൂല്യങ്ങൾ മുന്നോട്ടുവെച്ചു. എന്നാൽ പരിഷ്കരണ വാദങ്ങളിലൂടെ പുതിയൊരു ലിംഗമാന്യതയും ആദർശലൈംഗികതയും ഇരുപതാം നൂറ്റാണ്ടിൽ കൂടുതൽ ജനവിഭാഗങ്ങളിലേക്ക് വ്യാപിച്ചു. സ്ത്രീകൾക്കിടയിൽതന്നെ നല്ല സ്ത്രീയേയും ചീത്ത സ്ത്രീയേയും വേർതിരിക്കുന്ന മാനദണ്ഡങ്ങൾ ഇതിന്റെ ഭാഗമായിരുന്നുവെന്ന് ദേവിക ജെ. (2002;38) നിരീക്ഷിക്കുന്നു.

പൊതുസമൂഹത്തിൽ സാധാരണക്കാർക്കുപോലും തങ്ങളുടെ അവകാശങ്ങൾക്കായി സംയുക്തമായി വാദിക്കാനും അഭിപ്രായവ്യത്യാസങ്ങൾ പങ്കുവെക്കാനുള്ള ഇടത്തെയാണ് പൊതുമണ്ഡലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പൊതുതാൽപര്യമുള്ള പ്രശ്നങ്ങൾക്കുമേൽ ജനാധിപത്യപരമായ അഭിപ്രായങ്ങൾ മുഖാമുഖസംവാദങ്ങളിലൂടെയും പൗരന്മാർ സംവദിക്കുമ്പോഴാണ് പൊതുമണ്ഡലം

നിലവിൽ വന്നത്. വിമർശനാത്മകചർച്ചകൾക്കുള്ള ഇടമായ പൊതുമണ്ഡലത്തെ ഒരു സൈദ്ധാന്തികസങ്കൽപനം എന്ന നിലയിൽ അവതരിപ്പിച്ചത് ജർമൻ ചിന്തകനായ ഹേബർ മാസാണ്. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ നവോത്ഥാനശ്രമങ്ങൾ കോളനിവൽകരണം തുടങ്ങി വ്യത്യസ്തഘടകങ്ങളാണ് പൊതുമണ്ഡലരൂപീകരണ ത്തിന് പശ്ചാത്തലമായി വർത്തിച്ചത്.

### 1.5.2. ലിംഗപദവി

പാശ്ചാത്യസ്ത്രീവാദത്തിന്റെ സമകാലികവികാസമായി ലിംഗപദവി പഠനങ്ങൾ ശരീരം, ലിംഗം, ലിംഗപദവി തുടങ്ങിയവയെ പ്രശ്നവൽക്കരിച്ചു. സ്വത്വകർതൃ ധാരണകളെക്കുറിച്ച് ഘടനാവാദാനന്തരത ഉയർത്തിയ വസ്തുതകൾ ലിംഗപദവി പഠനങ്ങൾക്ക് ഊന്നൽ നൽകി. സ്ത്രീ എന്നത് അപ്രധാനമായി പകരം ലിംഗപദവിയെ കേന്ദ്രീകരിച്ചും ചർച്ചകളും അന്വേഷണങ്ങളും രൂപപ്പെട്ടു. ലിംഗപദവി ഒരു സാമൂഹികനിർമ്മിതിയാണെന്ന ആശയം സിമോൺ ദ ബുവ്വേയുടെ പ്രസ്ഥാവന ശ്രദ്ധേയമാണ്. കൂടാതെ ലിംഗസ്വത്വമെന്നത് ഒരു ചരിത്രപരമായ നിർമ്മിതിയും. രാഷ്ട്രീയസംവർഗവും ആണെന്നാണ് ജൂഡിത് ബട്‌ലർ മുന്നോട്ട് വയ്ക്കുന്നത്. അതിനുപുറമെ സാമൂഹികമായി നിർമ്മിക്കപ്പെടുന്നതും ദൈനംദിന വ്യവഹാരങ്ങളിലൂടെ ബലമായി അനുശീലിക്കപ്പെടുന്നതുമായി ഒന്നാണ് ലൈംഗികസ്വത്വമെന്ന കാഴ്ചപ്പാടിന്റെ വിപുലീകരണമാണ് എന്നും വ്യക്തമാക്കുന്നു.

ലിംഗം ജീവശാസ്ത്രപരമായ സംവർഗവും ലിംഗപദവി സാംസ്കാരിക സംവർഗമാണെന്ന കാഴ്ചപ്പാട് ഘടനാവാദനന്തര ചിന്ത, നൽകിയത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള വിനിമയങ്ങളിലൂടെ നിലവിൽവരുന്നതാണ് ലിംഗപദവിയും ലിംഗപദവീ ബന്ധങ്ങളും എന്ന് മാർക്സ് അഭിപ്രായപ്പെടുന്നു. കൂടാതെ ഒരു സമൂഹത്തിന്റെ പൊതുവായ പുരോഗതി ആ സമൂഹത്തിലെ സ്ത്രീകളുടെ പദവിയിൽ നിന്നും മനസ്സിലാക്കാൻ കഴിയും എന്ന പ്രസ്താവനയും ശ്രദ്ധേയമാണ്.

> പുരുഷത്വം, സ്ത്രീത്വം എന്നിവയെക്കുറിച്ചുള്ള ചരിത്രപരമായ വിശദീകരണങ്ങൾ വൈവിധ്യം നിറഞ്ഞതാണ്. എന്നിരുന്നാലും രാഷ്ട്രീയപരമായതും നരവംശശാസ്ത്രപരമായ തത്വങ്ങൾ അടിസ്ഥാനമാക്കി ആഴത്തിലുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നത്. ജീവശാസ്ത്രപരമോ ഫിസിയോളജിക്കു അപ്പുറത്ത് നിന്നാണ് ഇവയെ

> സമീപിക്കുന്നത്. ഓരോന്നിനും നൂറ്റാണ്ടുകളായി മനുഷ്യനിർമ്മിതമായ ചിന്താഗതികളുടെയും പ്രവർത്തനങ്ങളുടെയും ഭാഗമാണിത്. അവരവരുടെ അർത്ഥവും വിശകലനവും ഭൂമിശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും വസ്തുതകളാൽ സ്വാധീനിക്കപ്പെടുന്ന സമയത്തെയും സ്ഥലത്തെയും ആശ്രയിച്ചാണ് (ഗീത വി. 51).

ചരിത്രപരമായി പുരുഷനും സ്ത്രീയും വ്യത്യസ്തമായ സ്ഥാനങ്ങളും പദവിയുമുള്ള ലൈംഗികമായ പ്രയോഗങ്ങളും വ്യക്തിത്വങ്ങളുമായാണ് നിലകൊള്ളുന്നത്. ലിംഗപദവിയുള്ള സ്ത്രീകർതൃത്വം ഒരേ സമയം ലിംഗപദവിയുടെ പ്രത്യയശാസ്ത്രത്തിന്റെ അകത്തും പുറത്തുമാണ്. സ്ത്രൈണം, മാതൃത്വം, വിശുദ്ധി എന്നിങ്ങനെ ക്രമപ്പെടുത്തുന്ന ലിംഗപദവിയും പ്രത്യയശാസ്ത്രം ദർശിക്കാവുന്നതാണ്. സ്ത്രീവാദത്തിന്റെ പ്രയോഗങ്ങൾ സ്ത്രീയുടെ വ്യതിരക്തതയെ വേർതിരിച്ചു കാണിക്കുകയും വ്യക്തിസത്തയുള്ള ഭിന്നമായ ഇടങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്നു. പുരുഷനോ സ്ത്രീയോ എന്നതല്ല വ്യത്യസ്ത സാമൂഹികസാംസ്കാരിക വ്യക്തിത്വങ്ങൾ, പ്രായം, ലിംഗം, വർഗം, വംശം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സ്ത്രീവാദ സിദ്ധാന്തങ്ങളെ കൂടുതൽ വളർച്ചയിലേക്ക് നയിച്ചു.[10]

പുരുഷസത്തയെക്കൂടി നിർവ്വഹിക്കേണ്ട ആവശ്യതയിലേക്ക് അത് വളർന്നു. സ്ത്രൈണത എന്നത് അധികാരബന്ധങ്ങളുടെ വലയ്ക്കുള്ളിൽ നിർമ്മിക്കപ്പെട്ട ഒരു സ്ഥാനമായി അവർ തിരിച്ചറിഞ്ഞു. പുരുഷനിർമ്മിതിയും അതുപോലെ തന്നെ. ഇങ്ങനെ ബഹുരൂപത്തിലും നാനാത്വത്തിലും സ്ത്രൈണതയെ കാണാൻ സമകാലിക ഫെമിനിസത്തിന് കഴിഞ്ഞു.

മനുഷ്യ ശരീരം സ്ഥിതി ചെയ്യുകയോ, പ്രവർത്തിക്കുകയോ ചെയ്യുന്ന പരിസരങ്ങളിൽ ദൃശ്യമാകുന്ന എല്ലാ സവിശേഷതകളേയും ബന്ധപ്പെടുത്തി ആരോപിക്കുന്ന രീതി സാധാരണയായി കണ്ടു വരുന്നുണ്ട്. സ്ത്രീ-പുരുഷ ശരീരങ്ങളുടെ ലിംഗഭേദവൽക്കരണത്തിനുള്ള ശക്തമായ വർത്തന-പ്രവർത്തനങ്ങൾ സാമൂഹികമായി നടക്കുന്നുമുണ്ട്. സ്ത്രീപുരുഷന്മാർ തങ്ങളുടെ ശരീരങ്ങളെ വ്യത്യസ്തതകളുടെ അടിസ്ഥാനത്തിൽ ആഘോഷിക്കുന്നുമുണ്ട്. ഇങ്ങനെയൊക്കെ ആകുമ്പോഴും ഉണ്ടായിരുന്നു എന്നതിനെപ്പറ്റി ഉണർന്നിരിക്കുന്ന മനുഷ്യസജീവത/ശക്തി ഉറപ്പാക്കുന്ന ഉണ്മയുടെ അന്തസ്ഥലം ഉണ്ട് (ശോഭ 19).

ജെന്റർ എന്ന പ്രയോഗം സാമാന്യമായി ലിംഗപദവി എന്ന അർത്ഥത്തിലാണ് കേരളത്തിലെ സാമൂഹിക - രാഷ്ട്രീയ - സാംസ്കാരിക സ്ത്രീപ്രസ്ഥാനങ്ങളും പഠനാന്വേഷകരും ഉപയോഗിക്കുന്നത്, എന്നാൽ ലിംഗഭേദം സാമൂഹിക - സാമ്പത്തിക ശ്രേണികളെ മാത്രം അടിസ്ഥാനമാക്കി നിലനിൽക്കുന്ന തികച്ചും ലംബമാനദശയിൽ അളക്കാനാകുന്ന പദവി എന്ന രീതിയിലുള്ള സംവർഗ്ഗം മാത്രമല്ല (42) എന്നാണ് വ്യക്തമാക്കുന്നത്.

പെൺ/ആൺകുട്ടികളുടെ സാമൂഹികവൽക്കരണം സാംസ്കാരികതലങ്ങൾ സാമൂഹ്യ അവബോധങ്ങൾ, മനോഭാവങ്ങൾ, രൂപപ്പെടുത്തുന്നതിനു പിന്നിലെ പ്രത്യയശാസ്ത്രം സൂക്ഷമറിവ് പരിശോധിക്കപ്പെടേണ്ടതുണ്ട്. ഇത്തരമൊരു വിഷയം അമർത്യസെൻ ജീവശാസ്ത്രവുമായി ബന്ധപ്പെടുത്തി പഠിക്കുന്നത് ഇവിടെ വീക്ഷിക്കേണ്ടതുണ്ട്.

### 1.5.3 ആണത്തവും പെണ്ണത്തവും

1975 നു ശേഷം ലിംഗഭേദവുമായി ബന്ധപ്പെട്ട് സിനിമാപഠനങ്ങൾ രൂപം കൊണ്ടു. 1970 കളിൽ ഫെമിനിസ വാദമുഖത്തിന്റെ രണ്ടാംഘട്ടത്തിൽ സ്ത്രീവാദ സിനിമാപഠനങ്ങൾ സ്ത്രീപ്രതിനിധാനം എന്ന ആശയത്തെ കേന്ദ്രീകരിച്ച് നിരവധി സംവാദങ്ങൾക്കും പഠനങ്ങൾക്കും വഴി തുറന്നു. അതിൽ വളരെ പ്രാധാന്യത്തോടെ ആവിഷ്കരിച്ചതാണ് ആണത്തപഠനങ്ങൾ. സിഗമണ്ട് ഫ്രോയ്ഡ് തുടങ്ങിവെച്ച മാനസിക അപഗ്രഥനത്തിലൂടെയാണ് ആദ്യമായി ആണത്തത്തെകുറിച്ചുള്ള ഒരു ശാസ്ത്രീയ അന്വേഷണത്തിന്റെ ആലോചനകൾ തുടങ്ങിയത്. 1980 ൽ സ്റ്റീവൻ നീൽ ആണ് ആണത്തപഠനത്തിന് തുടക്കം കുറിച്ചത്.

ആണത്തം (Masculinity) ഒരു പരികല്പന എന്ന നിലയിൽ ഉരുത്തിരിഞ്ഞു വരുന്നത് മനശാസ്ത്രത്തിൽനിന്നാണ്. ലൈംഗികതയെ ഒരു പഠനവസ്തുവായി മനശാസ്ത്രം രൂപാന്തരപ്പെടുത്തുകയായിരുന്നു. അങ്ങനെ രൂപപ്പെട്ട ലൈംഗിക വിജ്ഞാനം മാനസികാരോഗ്യത്തെ സംബന്ധിച്ച അറിവുകളായ് കരുതപ്പെട്ടു. അതാകട്ടെ, സമൂഹത്തിന്റെ പൊതുവായ താൽപര്യങ്ങളെ മുൻനിർത്തി അപഭ്രംശങ്ങളെ കണ്ടെത്താനും മെരുക്കാനുമുള്ള ഉപാധിയായി മാറുകയും ചെയ്തു.

“സൈക്കോ അനാലിസിസിന് ചികിത്സയുമായുള്ള ബന്ധം അതിന്റെ

ചരിത്രത്തിലുടനീളം സമൂഹത്തെ ക്രമപ്പെടുത്തുന്നതിനും നിയന്ത്രണ വിധേയമാക്കുന്നതിനുള്ള യത്നത്തിൽ ഭാഗഭാക്കായിട്ടുണ്ട്. ആണത്തത്തെയും പെണ്ണത്തത്തെയും സംബന്ധിച്ച് മനശാസ്ത്രം ഉല്പാദിപ്പിച്ച വീക്ഷണങ്ങളിലും ഈ നിയന്ത്രണത്വര ഉപദർശിക്കാനാവും. എങ്കിലും, ഈ മേഖലയിൽ രൂപപ്പെട്ട ഉൾക്കാഴ്ചകൾ സാംസ്കാരിക പ്രതിഭാസങ്ങളുടെ വിശകലനത്തിന് വിലപ്പെട്ടതാണ്. വിമർശനാത്മകമായി അവയെ പരിശോധിച്ചുകൊണ്ട് മാത്രമേ അത്തരം വിശകലന ങ്ങൾക്കുള്ള ഇടം നിർമ്മിച്ചെടുക്കുവാൻ കഴിയുകയുള്ളൂ. സാമൂഹിക ശാസ്ത്രരംഗത്തു നിന്ന് ഉളവായ സിദ്ധാന്തീകരണങ്ങളെയും അക്കൂട്ടത്തിൽ പരിഗണിക്കേണ്ടതുണ്ട്." (Connel.R.W 8)

ആണത്തം-പെണ്ണത്തം ദ്വന്ദ്വാവിഷ്കാരങ്ങളിലെ അധികാരകോയ്മ - കീഴാള നിലകൾ, ലൈംഗിക അവസ്ഥകൾ എന്നിവയെ പിന്തുടരുന്ന പൊതുസമൂഹം സ്ത്രീ-പുരുഷ വിഭാഗങ്ങൾക്കായി നിർദ്ദിഷ്ടചട്ടക്കൂടുകളും സാമൂഹികാവസ്ഥകളും നിർമ്മിച്ച് വ്യവസ്ഥാപിതപ്പെടുത്തുന്നു. ആൺ, പെൺ സമ്പ്രദായിക ഇടങ്ങളിലേക്ക് അതാത് വിഭാഗങ്ങളെ രൂപപ്പെടുത്തുന്ന പശ്ചാത്തലത്തിൽ പ്രശ്നവൽകൃതരായാണ് ട്രാൻസ്ജെന്ററുകൾ നിലയുറപ്പിക്കുന്നത്. ജന്റർസ്വത്വം തിരിച്ചറിയുന്നവരിൽ ഒരുവിഭാഗം ആളുകൾ അതു പൊതുഇടത്തിൽ കൃത്യമായി പ്രകടിപ്പിക്കുന്നു.

പുരുഷത്വം ഇന്ന് പലതരത്തിൽ സിദ്ധാന്തവൽക്കരിക്കപ്പെടുന്നു. പുരുഷത്വവും പ്രായം, വർഗ്ഗം, വംശം, ജാതി മുതലായ അധികാരരേഖകൾ പരസ്പരം മുറിച്ചു കടക്കുന്ന ഇടങ്ങളിൽ രൂപപ്പെടുന്ന പ്രതിഭാസമാണെന്ന് വ്യക്തമാകുന്നു. ആൺപെൺ ഭേദത്തിന്റെ പ്രമുഖമായി വർത്തിക്കുന്ന ശരീരം കേവലം പ്രകൃതി നിർണ്ണിതമല്ല. അത് പലതരം വ്യവഹാരങ്ങളിലൂടെ പ്രത്യേകരീതികളിൽ തെളിഞ്ഞു വരുന്നു എന്ന് തീർച്ചയാണ്.

ആണത്തത്തിന്റെയും പെണ്ണത്തത്തിന്റെയും ലക്ഷണശാസ്ത്രങ്ങളെ ലാവണ്യയുക്തികളെ പ്രതിരോധിക്കുന്ന ട്രാൻസ്ജെന്ററുകളെ പൊതുമണ്ഡലത്തിന്റെ സൗന്ദര്യബോധങ്ങൾക്കു വെളിയിലായി പ്രതിഷ്ഠിക്കുന്നതിനു പിന്നിൽ വേരുറച്ചുപോയ ലിംഗബോധവും സാമൂഹ്യ സമ്പ്രദായങ്ങളുടെയും വിലയിരുത്തലുകളാണ്. അതുകൊണ്ട് തന്നെ നിലവിലുള്ള ലിംഗധാരണകൾ പൊളിച്ചെഴുതേണ്ടതുണ്ട്.

ലൈംഗിക രാഷ്ട്രീയത്തിലെ അധീശത്വവിധേയത്വ ബന്ധങ്ങൾ അരക്കിട്ടുറപ്പിക്കപ്പെടുന്നത് ലൈംഗികപദവിയിലൂടെയാണ് എന്നും കേവലമായ ലിംഗവ്യത്യാസത്തി ലൂടെയല്ലെന്നും കെയ്റ്റ് മില്ലറ്റ് ചൂണ്ടിക്കാണിക്കുന്നു (രാമകൃഷ്ണൻ 116).

''പാശ്ചാത്യ സമൂഹമെന്നത് എല്ലാ അർത്ഥത്തിലും ശക്തമായ പുരുഷാധിപത്യം നിലനിൽക്കുന്ന ഒന്നാണെന്ന് മില്ലറ്റ് വ്യക്തമാക്കുന്നു. സ്ത്രീവായന എന്തെന്നും സ്ത്രീവായനക്കാരിയുടെ സമീപനമെന്തെന്നും വിശദീകരിച്ചുകൊണ്ട് പിതൃ മേധാവിത്വമെന്ന സംവർഗത്തെ കൃത്യമായി ഉപയോഗിക്കുന്ന മേരി എൽമാനം സ്ത്രീ വിമർശനത്തിന്റെ സാധ്യതകൾ ആരായുന്നത് സാഹിത്യത്തിലെ സ്ത്രീ പ്രതിനിധാനത്തെ അപനിർമ്മിച്ചുകൊണ്ടാണ്''(യാക്കോബ്തോമസ്, 2010; 6).

സ്ത്രീവാദകാവ്യശാസ്ത്രത്തിന് രണ്ട് മണ്ഡലങ്ങളുണ്ടെന്ന വാദമാണ് എലൻഷോ വാൾട്ടർ മുന്നോട്ട് വയ്ക്കുന്നത്. സ്ത്രീയെന്ന വായനക്കാരിയും എഴുത്തുകാരിയുമാണ് ഈ മണ്ഡലങ്ങളുടെ വിഷയം. സ്ത്രീവാദപഠനങ്ങൾ സവിശേഷമായ നിലയിൽ പ്രശ്നവൽക്കരണത്തിന്റെ പ്രയോഗമായി മാറിയത് രണ്ടാംതരംഗത്തിന്റെ കാലത്താണ്. ഇക്കാലത്താണ് ശരീരത്തെ വിമർശനാത്മകമായി വിലയിരുത്തുന്നത്.

> "സാമൂഹികചിന്തകളും ഫ്രോയ്ഡിലൂടെയും മറ്റും ആധികാരിക മാക്കപ്പെട്ട മന:ശാസ്ത്രവും ശരീരത്തിന്റെ ലിംഗപദവിയെ അടിയുറപ്പിച്ചു സ്ത്രീ ശരീരമെന്നത് ഇരുണ്ട ഭൂഖണ്ഡമാണെ ന്നതായിരുന്നു ഫ്രോയിഡിന്റെ കണ്ടെത്തൽ. അതിശക്തമയായി കോയ്മീകരിക്കപ്പെട്ട ഈ പുരുഷചിന്തകളെ ആഴത്തിലാദ്യം മുറിവേൽപ്പിച്ചത് സിമോൺ ദബുവ്വെയായിരുന്നു. സ്ത്രീ ജനിക്കുകയല്ല പിന്നീട് ഉണ്ടാക്കുകയാണെന്നുള്ള വിഖ്യാതമായ നിരീക്ഷണം ആക്രമിക്കുന്നത് നാളിതുവരെ പുരുഷൻ പറഞ്ഞുവച്ച എല്ലാ ശരീര രാഷ്ട്രീയത്തെയുമാണ്. അതോടുകൂടിയാണ് ലിംഗപദവിയെന്നും പരികൽപ്പന സവിശേഷമായ വ്യവഹാരപ്പെടുന്നത്" (യാക്കോബ്തോമസ്, 2010;959).

ലിംഗം, ലിംഗപദവി എന്നിവയെല്ലാം പ്രശ്നവൽക്കരിച്ചുകൊണ്ടാണ് ബട്ലർ വാദിച്ചത്. ലിംഗഭേദമെന്നത് ജന്മനാ നിലനിൽക്കുന്ന ഒന്നല്ലെന്നും ബഹുലൈംഗികതയെ നിർമ്മിച്ച പുരുഷവ്യവഹാരങ്ങൾ അടിച്ചേൽപ്പിക്കുന്നതാണ്

ഇതെന്നും, പല വിധത്തിലുള്ള ശിക്ഷണങ്ങളിലൂടെ പഠനക്രമീകരണങ്ങളിലൂടെ സവിശേഷമായി ശീലിപ്പിക്കുന്നതാണ് ഈ ലിംഗമാതൃകയെന്നുമാണ്. ലിംഗ ഭേദമെന്നത് ഒരു നാട്യമാണെന്നും ജനിച്ചുവീഴുന്ന നിമിഷം മുതൽ ഒരാൾ ഒരു വേഷം കെട്ടിയാടാൻ നിർബന്ധിക്കപ്പെടുകയാണെന്നും ആന്തരീകമായും അടിസ്ഥാനമായും നിലനിൽക്കുന്നു എന്നു പറയുന്ന ശരീരം ഇല്ലെന്നും ലിംഗ ഭേദം ആന്തരികമെന്ന് തോന്നിപ്പിക്കുന്നത് ശരീരത്തിന്മേലുള്ള വ്യത്യസ്ത തരത്തിലുള്ള സാംസ്കാരിക മുദ്രണങ്ങളിലൂടെയാണെന്നുമാണ് അവർ വാദിക്കുന്നത്. (യാക്കോബ്തോമസ്, 2010;960).

പുരുഷമേധാവിത്തവ്യവസ്ഥയിൽ സ്ത്രീകൾ അനുഭവിക്കുന്ന ഇച്ഛാഭംഗങ്ങളെ വിശകലനം ചെയ്യാൻ മാനസികാപഗ്രഥനരീതി സഹായിച്ചിട്ടുണ്ടെന്ന് ലോറാമൽവി (18) തന്റെ ലേഖനത്തിൽ വിശദമാക്കുന്നു. മൽവിയുടെ പുരുഷനോട്ടം (Malegaze) എന്ന ആശയം സ്ത്രീകളായ കാഴ്ചക്കാരുടെ സിനിമയുമായുള്ള ബന്ധത്തെ പ്രശ്നവൽക്കരിക്കുന്നുണ്ട്. എന്നാൽ തുടർന്ന് വന്ന ഫെമിനിസ്റ്റു സൈദ്ധാന്തികർ സ്ത്രീകാഴ്ചക്കാരെ മുൻനിർത്തി മൽവി നടത്തിയ ആശയക്കുറവിനെ ചൂണ്ടിക്കാണിക്കുകയാണ് ചെയ്തത്.

നീൽ സിനിമാമേഖലയിലെ കഥാപാത്രത്തെ ഫെമിനിസത്തിന്റെ പരിസരത്തിൽ സമീപിക്കുമ്പോൾ രൂപം കൊള്ളുന്ന വിവക്ഷകൾക്ക് പുറമെ അവയെ ബഹുസ്വരതകളിലൂടെ സഞ്ചരിക്കേണ്ടതുണ്ട് എന്ന വിശദീകരണം നൽകുന്നു. കൂടാതെ, പെണ്ണത്തം, ആണത്തം എന്ന വിഭാഗങ്ങളിലേക്ക് പഠന ശ്രദ്ധകൊണ്ടു പോകുകയും ഇത് സിനിമാ സിദ്ധാന്തവും പഠനതലത്തിലും ലിംഗഭേദത്തെ മുൻനിർത്തി പഠിക്കുന്നതിനും മൂന്നാംലിഗത്തെക്കുറിച്ചുള്ള ചർച്ചകൾക്കും വഴിതെളിച്ചു.

1970 കളിൽ രണ്ടാംതരംഗം സ്ത്രീവാദ പഠനങ്ങൾക്ക് സമൂഹം, സിനിമ, സാഹിത്യം തുടങ്ങി സാംസ്കാരിക വ്യവഹാരങ്ങളിലെല്ലാം ചലനം സൃഷ്ടിച്ചു. ഇത് ആണത്തത്തിന്റെ ബോധ്യങ്ങളിൽ പരിവർത്തനം ഉളവാക്കി. അതിനുപുറമെ പാരമ്പര്യബോധത്തിൽ നിലവിലിരുന്ന പ്രത്യശാസ്ത്രങ്ങളേയും നിർവചനങ്ങളെയും തകിടം മറിച്ചുകൊണ്ട് സാമൂഹികരൂപീകരണ പ്രക്രിയ നിരന്തരം പരിണാമത്തിന് വിധേയമായി 1980 കളിൽ ശ്രമിച്ചത് പുരുഷസ്വത്വ സവിശേഷതകളെ

തിരിച്ചറിയാനാണ്. ഈ കാലത്താണ് സമൂഹഘടനയെ ആണത്തസങ്കല്പനങ്ങളോട് ചേർത്ത് വച്ച് നിരീക്ഷിച്ചത്. ഇത് നിലവിലുള്ള ലിംഗപദവി പഠനങ്ങൾക്ക് പുറത്ത് എൽജിബിറ്റി തുടങ്ങിയ വ്യവഹാരങ്ങളെ മനസ്സിലാക്കലുകളിലേക്ക് നയിച്ചു. വിക്ടർ സെഡ്‌ലറിന്റെ ആണത്തപഠനങ്ങൾ മുന്നോട്ട് വെക്കുന്നത് സ്ത്രീ/പുരുഷൻ എന്നത് ഒരു സാമൂഹിക സാംസ്കാരിക നിർമ്മിതി എന്ന വിവക്ഷയാണ്.

ഫ്രോയ്ഡ് മാനസികചികിത്സയുമായി ബന്ധപ്പെട്ട് നടത്തിയ ശാസ്ത്രീയ നിരീക്ഷണങ്ങളിലൂടെയാണ് ആണത്തത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലെത്തി ച്ചേരുന്നത്. സമൂഹത്തിൽ നിലവിലുള്ള ധാരണകളെ അട്ടിമറിയ്ക്കുകയാണ് ഫ്രോയ്ഡ് ചെയ്തത്. ആണത്തവും പെണ്ണത്തവും എല്ലാ മനുഷ്യരിലും അന്തർലീന മായിട്ടുള്ളതും ഒരേസമയം നിലനിൽക്കുന്നതുമായ അവസ്ഥയാണെന്ന സങ്കല്പം അദ്ദേഹം അവതരിപ്പിച്ചു.

കേരളീയ പൊതുമണ്ഡലത്തിൽ ലിംഗപദവിയുടെ ഉള്ളടക്കത്തെ ഇനിയുമവസാനിച്ചിട്ടില്ലാത്ത വൈവിധ്യപൂർണമായ വായനകളെ, ചരിത്രത്തെ, ഭൂമിശാസ്ത്രത്തെ വർത്തമാനകാലത്തെ അനേകമനേകം ഇടങ്ങളെ ചർച്ചയ്ക്കെടുക്കുന്നു. ആണത്തവും അതിന്റെ രാഷ്ട്രീയവും അധികാര സാമൂഹ്യ ഘടനയും തിരിച്ചറിയാൻ സഹായിക്കുന്നു.

1960കളും 70കളും വിമൻസ്മൂവ്മെന്റും ഫെമിനിസ്റ്റ് സിദ്ധാന്തവും ലിംഗാധിഷ്ഠിത വിഷയങ്ങൾക്ക് പ്രാധാന്യം നൽകി. ഫെമിനിസ്റ്റ് സാമൂഹ്യ അന്വേഷണത്തിന്റെ ആഘാതം കാലക്രമേണ ഫെമിനിസം സ്ത്രീ പുരുഷ അനുപാതങ്ങളിലേക്ക് ശ്രദ്ധിക്കുകയും വംശം, വർഗം, ലൈംഗികത എന്നിവയെ സംബന്ധിച്ച് പ്രശ്നങ്ങൾ പരിഹാരിമായി മാറുകയും ചെയ്തു.

പുരുഷാധിപത്യപദവി, ലിംഗം, ശക്തി എന്നിവ തമ്മിലുള്ള പൊരുത്തമില്ലാത്ത ബന്ധം ഫെമിനിസ്റ്റ് പരിപാടിയുടെ അടിസ്ഥാനത്തിൽ സ്ത്രീകളെ മാത്രമല്ല, എല്ലാ വനിതകളെയും കെട്ടിപ്പടുക്കാൻ പുരുഷാധിപത്യം ശ്രമിച്ചുവെന്ന് ലിംഗപഠിതാക്കൾ വാദിക്കുന്നു.

ജെൻഡർ സ്റ്റഡീസ് ലൈംഗികതയും ലിംഗഭേദവും ഒന്നല്ല എന്നും അതിനാൽ ലിംഗബൈനറി (പുരുഷ/സ്ത്രീ) എന്നത് ദുർബലമായ സാമൂഹിക

ഘടനയാണ് എന്ന ആശയം മുന്നോട്ട് വയ്ക്കുന്നു. 1990 കളിൽ ലിംഗപരമായ അന്വേഷണമേഖലയിൽ പുതുതലമുറയെ സമീപിക്കുന്നു. മസ്കുലിനിറ്റി സ്റ്റഡീസ്, പുരുഷന്മാരെപ്പറ്റിയും പുരുഷാധിപത്യശക്തിയുമായുള്ള ബന്ധത്തെ/അതുവരെ അപ്രത്യക്ഷമായതും ചോദ്യം ചെയ്യാത്തതുമായിരുന്നില്ലെന്നു തോന്നിപ്പിക്കുന്നതും ആയ ചോദ്യങ്ങൾ ഉയർന്നു.

സാംസ്കാരിക, സാമൂഹിക, ചരിത്ര, രാഷ്ട്രീയ മാനസിക സാമ്പത്തിക കലാപരമായ വിശകലനങ്ങളും വിജ്ഞാനശാഖയാണ് മസ്കുലിനിറ്റിസ്റ്റഡീസ്. പുരുഷലിംഗത്തിന്റെ കൂടുതൽ സമത്വരൂപങ്ങളുടെ വികസനത്തിന് ഫെമിനിസം മുഖ്യസ്ഥാനം വഹിക്കുന്നുണ്ടോ? സമകാലിക സമൂഹത്തിൽ പുരുഷത്വത്തെ വിശകലനം ചെയ്യുന്നതിനെയും നിർമ്മാണത്തെയും കുറിച്ച് കേന്ദ്ര ചോദ്യങ്ങൾ ചോദിക്കുകയാണ് മസ്കുലിനിറ്റി സ്റ്റഡീസ് ആന്റ് ഫെമിനിസ്റ്റ് സിദ്ധാന്തം. പുരുഷന്മാരുടെയും സ്ത്രീകളുടെയും ഇത്തരം നിർമ്മിതികളുടെ ഫലമായി പുരുഷന്റെ അധികാരം രൂപീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. സ്വത്വം, ഇരയാക്കലിനും ആധിപത്യത്തിനും ബദലുകളുടെയും പ്രാധാന്യത്തെയും കുറിച്ചുള്ള പഴയ മാമൂലുകളെയും ഇത്തരം പഠനങ്ങൾ മറികടക്കുന്നു.

- എല്ലാ മനുഷ്യർക്കും അധികാരമുണ്ടോ?

എല്ലാ പുരുഷന്മാർക്കും ശക്തി ആഗ്രഹിക്കുന്നുവോ?

ഓരോ സംസ്കാരത്തിലും കാലഘട്ടത്തിലും പുരുഷനാവുകയാണോ?

ബഹുസ്വരത ഒരു ബഹുവചനവും ഏകവചനവുമുള്ള പദമാണോ?

സ്ത്രീത്വവും പുരുഷത്വവും ലിംഗഭേദമനുസരിച്ചാണെങ്കിൽ സാമൂഹിക സാംസ്കാരിക പ്രക്രിയയിലൂടെയാണ് അവ രൂപപ്പെടുന്നത്.[11] സ്ത്രീലിംഗം/ പുരുഷലിംഗം, മേഖല, മതം, വർഗം, ദേശീയ സംസ്കാരം മറ്റ് സാമൂഹ്യഘടകങ്ങൾ എന്നിവയാൽ വ്യത്യാസപ്പെട്ടിരിക്കുന്നു. സ്ത്രീലംഗം, പുല്ലിംഗം സ്വഭാവത്തെ കുറിച്ചുള്ള സന്ദേശങ്ങൾ പരസ്യം, മീഡിയ, വാർത്ത, വിദ്യാഭ്യാസവസ്തുക്കൾ തുടങ്ങിയവയിൽ ഉൾപ്പെടുന്നു. വീടുമുതൽ ജോലിസ്ഥലത്തേക്കുള്ള പൊതു മണ്ഡലങ്ങളിലേക്കുള്ള പരിതസ്ഥിതികളിൽ ഈ സന്ദേശങ്ങൾ അടങ്ങിയിരിക്കുന്നു.

### 1.5.4 സ്ത്രീ, ശരീരം, സമൂഹം

സമകാലിക പരിസരത്തിൽ സാഹിത്യം ഉൾപ്പെടെ എല്ലാതലത്തിലും ശരീരത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് വ്യത്യസ്തങ്ങളായ വ്യവസ്ഥകൾ സ്വീകരിക്കാറുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ടത് രണ്ട് കാര്യങ്ങളാണ്. സാഹിത്യം സമീപിക്കുന്ന ശരീരത്തെ പഠിക്കുന്നതിന് സ്ത്രീവാദം മാത്രമല്ല, ചരിത്രാത്മകമായും സൈദ്ധാന്തികമായും വിശകലനം ചെയ്യുന്ന മറ്റ് പല പഠനപദ്ധതികളുമുണ്ട്. (മനശ്ശാസ്ത്രം, സംസ്കാരപഠനം, രാഷ്ട്രതന്ത്രം, സാഹിത്യവിമർശനം, ലിംഗപദവി പഠനങ്ങൾ... എന്നീ മേഖലയിൽ ശരീരപഠനസാധ്യതകൾ കാണാം).

ഫൂക്കോ ഉൾപ്പെടെയുള്ളവരുടെ പഠനങ്ങൾ ഉദാഹരണമാണ്. കേറ്റ് മില്ലറ്റിന്റെ ലൈംഗികരാഷ്ട്രീയം ഫൂക്കോയുടെയും ആൻ ഓക്സിയടക്കമുള്ള വരുടെയും ലൈംഗികതാവായനകൾ, അപനിർമ്മാണത്തിന്റെ ഭാഷവ്യവഹാര പ്രശ്നവൽക്കരണങ്ങൾ എന്നിവയിൽ ശരീരം സങ്കീർണ്ണതയിലെത്തി നിൽക്കുന്നു.

സ്ത്രീ എന്നത് ശരീരത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളെ മാത്രം അടിസ്ഥാനമാക്കിയല്ല വികസിക്കേണ്ടത്. ചരിത്രം, ആചാരാനുഷ്ഠാനങ്ങൾ, വർഗ്ഗം, വർണ്ണം, നീതിന്യായവ്യവസ്ഥ തുടങ്ങിയ ധാരാളം ബാഹ്യവും ആന്തരികവും ആയ ഘടകങ്ങൾ സ്ത്രീയെ നിർണ്ണയിക്കുന്നുണ്ട്. ഇവയുടെയെല്ലാം അടിസ്ഥാനത്തിലുള്ള വീക്ഷണമാണ് രൂപപ്പെടുത്തിയെടുക്കേണ്ടത്. ഓരോ ചരിത്രസന്ദർഭങ്ങളും അവൾക്ക് പതിച്ചു നൽകിയിട്ടുള്ള അടക്കവും ഒതുക്കവും സൗന്ദര്യസങ്കല്പവുമൊക്കെ പരിശോധിക്കേണ്ടതാണ്. ഇവിടെയാണ് ശരീരത്തിന്റെ രാഷ്ട്രീയം പൂർണ്ണമാവുന്നത്.

ശരീരത്തിന്റെ ചരിത്രപരവും ചരിത്രത്തിന്റെ ശരീരപരതയും വിശകലനം ചെയ്തതിലൂടെ ശരീരമെന്നത് ജൈവികമായ നിർമ്മിതിയല്ലെന്നും സാംസ്കാരികമായ വിവിധ വ്യവഹാരത്തിലൂടെ നിർമ്മിക്കപ്പെടുന്ന ഒന്നാണെന്നും പുരുഷ മേൽക്കോയ്മകൾ സ്ത്രീയെ കീഴമർത്തിയത് ശരീരത്തെ ഉപയോഗിച്ചാണെന്നും ശരീരമെന്നത് സ്ത്രീയുടെ ഭാരമാണെന്നും പുരുഷന്റെ പ്രലോഭന വിഷയമാണെന്നും അതിനാൽ സ്ത്രീ ശരീരം വിധേയപ്പെടുത്തി കഴിയണമെന്നും അനുശാസിക്കപ്പെട്ടു. പ്രലോഭനം – വിധി എന്ന ദ്വന്ദ്വത്തിലാണ് ആധുനികതയിലും ശരീരവ്യവഹാരങ്ങൾ രൂപപ്പെട്ടത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ശരീരത്തിനുമേൽ ആത്മനിഷ്ഠയ്ക്കുപകരം സാമൂഹികാശയങ്ങൾ രൂപപ്പെട്ടുവരുന്നുണ്ട്. ഹെഗൽ, കാൾമാർക്സ്, ഫ്രെഡറിക്നീഷേ, കിർക്കഗാഡ്, എഡ്മണ്ട് ഹുസ്സേൻ, മെർല്യുപോണ്ടി തുടങ്ങിവരെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ ശരീരത്തിന്റെ സാമൂഹികതയെ കണ്ടറിഞ്ഞവരാണ്.

ശരീരത്തിന്റെ സാമൂഹികശാസ്ത്രം ചർച്ച ചെയ്യുന്ന പുസ്തകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ബ്രിയാൽ എസ്. ടർണറുടെ[11] ശരീരവും സമൂഹവും കൂടാതെ ഉപഭോഗശരീരത്തെക്കുറിച്ച് പഠിക്കുന്ന പാസിഫാൽക്കിന്റെ കൺസ്യൂമിംഗ്ബോഡി (1994) ഡോൺവെൽട്ടർ എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ച ദ ബോഡീറീഡർ (2005) തുടങ്ങിയ ഗ്രന്ഥങ്ങൾ ശ്രദ്ധേയമാണ്. ശരീരപഠനങ്ങളുടെ വികാസത്തിൽ സുപ്രധാനമായ സ്ഥാനമാണ് മിഷേൽ ഫൂക്കോയുടെ ഗ്രന്ഥത്തിനുള്ളത്.[12]

ആത്മാവും ശരീരവും സത്താപരമായിത്തന്നെ വേർതിരിഞ്ഞു നിൽക്കുന്നു വെന്നാണ് ദെക്കാർത്ത് സ്ഥാപിച്ചത് ഇത് ശ്രദ്ധേയമാണ്. ശരീരത്തെ കേന്ദ്രീകരിച്ച് വന്ന ധാരണകൾ ഉടമഭാവം സൃഷ്ടിച്ചു. ആത്മാവ്/ശരീരം, പുരുഷൻ/സ്ത്രീ, സമൂഹം/പ്രകൃതി, മേലാളൻ/കീഴാളൻ തുടങ്ങിയ പുതിയ അവസ്ഥാന്തരങ്ങൾ സൃഷ്ടിച്ചു.

സ്ത്രീയുടെ സ്വത്വപ്രകാശനങ്ങളെയും സ്വതന്ത്രപ്രഖ്യാപനങ്ങളെയും കീഴടക്കിവയ്ക്കേണ്ടത് പുരുഷകേന്ദ്രിത സമൂഹത്തിന്റെ ആധിപത്യയുക്തിയുടെ ആവശ്യമാണ്. ശരീരത്തെക്കുറിച്ചുള്ള സ്ത്രീ എഴുത്ത് സാഹിത്യത്തിൽ പുരുഷാധിപത്യ സങ്കല്പനങ്ങൾക്കെതിരെ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ച് കൊണ്ടാണ് കടന്നുവരുന്നത്. ആധുനിക സ്ത്രീസ്വത്വത്തിന്റെ ഘടനയിൽ പൂർണമായി അധിവസിക്കാനാവാത്തതിന്റെ വിമ്മിട്ടം തന്നെയാണ് എഴുത്തുകാരികൾ തങ്ങളുടെ രചനകളിലൂടെ ആവിഷിക്കരിക്കുന്നത്. സമൂഹത്തിൽ, കുടുംബത്തിൽ, വ്യക്തിജീവിതത്തിൽ ഒക്കെ പലതരത്തിൽ സ്ത്രീ നിരീക്ഷിക്ക പ്പെടുന്നത് കാണാം. ശരീരമെന്നത് ചരിത്രപരവും സാംസ്കാരികവും ആയ നിർമ്മിതിയാണ്.

സ്ത്രീസ്വത്വത്തെ പുരുഷനോട് ബന്ധിപ്പിച്ചു കാണുന്നതിനാലാണ് പുരുഷഫെമിനിസ്റ്റ് എന്ന പ്രയോഗം തന്നെ സാധിതമാകുന്നത്. മോഡേൺ

ഫിലോസഫി മുന്നോട്ടു വച്ച ദ്വന്ദ്വാത്മകയുക്തിക്കനുസരിച്ചാണ് സ്ത്രീപുരുഷ ബന്ധത്തെയും പദവിയെയും മനസ്സിലാക്കിയിരുന്നത്. ദെക്കാർത്തിന്റെ ശരീരം/ മനസ്സ് എന്ന ബൈനറി ലോജിക്ക് മനസ്സിന് കർതൃസ്ഥാനം ആരോപിച്ച് നൽകുന്നത്. പുരുഷാധിപത്യം സ്ത്രീയേയും പുരുഷനെയും ഇതേ യുക്തി ഉപയോഗിച്ചാണ് നിർവചിച്ചത്. നാൻസി ജെ. ജെൻഡർ ആൻഡ് ഡൈക്കോട്ടമി എന്ന ലേഖനത്തിൽ ലംഗപദവിയെയും ദ്വന്ദ്വാത്മകചിന്തയേയും വിശകലനം ചെയ്യുന്നുണ്ട്.[13]

ഫ്രോയിഡ് പുരുഷലിംഗകേന്ദ്രിത യുക്തിയാണ് കർതൃസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നത് തുല്യതാവാദികളായ സ്ത്രീവാദികൾ സ്ത്രീപുരുഷസമത്വം എന്ന വാദം മുന്നോട്ടു വയ്ക്കുമ്പോഴും പുരുഷന് ഒപ്പമെത്തുക എന്നു പറയുമ്പോഴും കേന്ദ്രസ്ഥാനത്ത് പുരുഷൻ തന്നെയാണ്. പുരുഷാധീശത്വസമൂഹം കൽപ്പിച്ചു നൽകിയ പുരുഷലിംഗകേന്ദ്രിതവാദം ഇപ്പോഴും നിലനിൽക്കുന്നു എന്നതാണ് സൂചിപ്പിക്കുന്നത്. ലിംഗവ്യക്തിത്വത്തിന്റെ വികാസത്തെ ആൺശരീരത്തിന്റെ പൂർണത കേന്ദ്രമാക്കി വ്യാഖ്യാനിച്ച ഫ്രോയിഡിയൻ സിദ്ധാന്തങ്ങൾ ലിംഗമില്ലായ്മ മൂലം പെൺ ശരീരമുള്ള വ്യക്തിയിൽ ഉളവാക്കുമെന്നനുമാനിച്ച അപകർഷത നിറഞ്ഞ അസൂയ അടിസ്ഥാനമാക്കിയാണ് സ്ത്രീത്വത്തിന്റെ ആവിർഭാവത്തെ വിശദീകരിച്ചത്. ശരീരത്തിന്റെ യാഥാർത്ഥ്യത്തെ തന്നെ ചോദ്യം ചെയ്തുകൊണ്ടാണ് ലകാൻ ഈ വാദത്തെ നേരിടുന്നത്.

ലിംഗാധിഷ്ഠിതമായ ആൺ-പെൺ വിഭജനം ഒരു അടിസ്ഥാന യാഥാർത്ഥ്യമാകുന്നില്ലെന്നും ശരീരങ്ങളെ അറിയാനുള്ള ഒട്ടനവധി സാധ്യതകളിൽ ഒന്നുമാത്രമാണിതെന്നും ലകാന്റെ സിദ്ധാന്തങ്ങൾ സൂചിപ്പിക്കുന്നു. സ്ത്രീയുടെ മാനസിക ഭാവവുമായി പെൺശിശു ജനിക്കുന്നില്ല. ലിംഗഭേദം അനുസരിച്ച് പെണ്ണായി ജനിച്ച വ്യക്തിയെ വ്യക്തിത്വം ഉളവാക്കുന്നതിനുപകരം സ്ത്രൈണമൂല്യ ങ്ങളുടെ കർമ്മ മാതൃകയായി രൂപാന്തരപ്പെടുന്നു.

ലൂസി ഇറിഗറെയെപ്പോലുള്ള ഘടനാവാദാനന്തര ഫെമിനിസ്റ്റുകൾ പുരുഷലിംഗത്തിന്റെ അഭാവമായല്ല സ്ത്രീലിംഗത്തെ പരിഗണിക്കേണ്ടത് എന്ന് സൂചിപ്പിക്കുന്നുണ്ട്. മറിച്ച് അത് മറ്റൊരു ഉണ്മയാണ് എന്നുള്ള നിലയിലാണ് പരിഗണിക്കപ്പെടേണ്ടത്. സ്ത്രീ ലൈംഗികതയെ എല്ലായ്പ്പോഴും സങ്കൽപ്പിച്ചിരുന്നത് പുരുഷന്റെ അളവുകോലുപയോഗിച്ചായിരുന്നു എന്ന് ഇറിഗറേ സൂചിപ്പിക്കുന്നു.[14]

വിൽഡ്യൂറന്റ് വിവരിക്കുന്നത് സാവധാനം പുരുഷൻ തന്റെ ഇംഗിതം നേടി യെടുത്തു. പിതൃത്വം സമൂഹത്തിൽ അംഗീകൃതമായി. സ്വത്തുക്കൾ പിതാക്കന്മാർ വഴി കുട്ടികൾക്ക് കൊടുക്കുന്ന പതിവുണ്ടായി മാതൃമേധാവിത്വം പിതൃമേധാവിത്വ ത്തിന് വഴങ്ങികൊടുത്തു. ഗോത്രത്തിലെ ഏറ്റവും പ്രായംചെന്ന പുരുഷൻ ഗോത്ര തലവനായി. സാമ്പത്തികവും മതപരവുമായ എല്ലാ അധികാരങ്ങളും കയ്യടക്കി കൊണ്ടുള്ള പിതൃമേധാവിത്വ വ്യവസ്ഥിതി സമൂഹത്തിൽ ഉടലെടുക്കുകയും ചെയ്തു. ശരീരത്തെ മൃതപ്രഥമമായി ആധുനികത മുന്നോട്ട് വന്നു. മനുഷ്യന്റെ വൈകാരിക അനുഭവങ്ങൾ ദെക്കാർത്ത് Passion എന്നാണ് വിളിക്കാറുള്ളത്. ഉൽപത്തികേന്ദ്രത്തെ ആസ്പദമാക്കി മൂന്നുതരം Passion നെകുറിച്ച് അദ്ദേഹം പറയുന്നു.

- ബാഹ്യവസ്തുവിനെ ആശ്രയിച്ചുണ്ടാകുന്നത് (നിറം, ശബ്ദം എന്നീ അനുഭവങ്ങൾ)
- Passion അനുഭവിക്കുന്ന വ്യക്തിയുടെ ശരീരത്തെ ആശ്രയിച്ചുണ്ടാകുന്ന (ഊഷ്മാവ്, ചലനങ്ങൾ എന്നിവ)
- സ്വത്വത്തെ ആശ്രയിച്ച് നിൽക്കുന്നവ (ഭയം, സന്തോഷം തുടങ്ങിയവ ഇവയിലെല്ലാം) സ്വത്വം നിശ്ചേഷ്ടമാണ്. (ജയപ്രകാശ്. ആർ 16)

വ്യക്തിയുടെ അഹത്തെ കേന്ദ്രീകരിച്ചുകൊണ്ടും ശരീരത്തെയും മനസിനെയും പൂർണമായി വേർതിരിച്ചുകൊണ്ടും ഉള്ള ജ്ഞാനസങ്കല്പങ്ങളാണ് ആധുനികതയുടെ ജ്ഞാനശാസ്ത്രത്തിന് അടിത്തറയായത്.

ആൺകോയ്മയുടെ ജ്ഞാനവ്യവസ്ഥ സൃഷ്ടിച്ച, സ്ത്രീയെ സംബന്ധിച്ച സദാചാരസങ്കല്പങ്ങൾ അവളുടെ മേലുള്ള ആധിപത്യം ഉറപ്പിക്കുന്നതിനായിരുന്നു. ആൺകാഴ്ചകളെ രമിപ്പിക്കുന്ന വിധത്തിൽ പ്രവർത്തിക്കാനാണ് സമൂഹം സ്ത്രീയോട് ആവശ്യപ്പെടുന്നത്. ശരീരചലനങ്ങളെ മെരുക്കുന്നതോടെ അവളുടെ ഭാഷയേയും ചിന്തയേയും മെരുക്കാൻ കഴിയുമെന്ന് പുരുഷാധിപത്യത്തിന് അറിയാമായിരുന്നു.

ശരീരത്തെക്കുറിച്ച് ഓർമ്മിപ്പിക്കുകയാണെന്ന വ്യാജേന ശരീരകേന്ദ്രിതമായ രാഷ്ട്രീയമിത്തുകൾ നിർമ്മിക്കുകയാണ് സൗന്ദര്യവ്യവസായം. ആഗോളമൂലധനം തടസ്സങ്ങളില്ലാതെ കടൽകടന്നുവന്നപ്പോൾ കമ്പോളത്തിൽ സ്ത്രീശരീരം മികച്ച

ഡിമാന്റുള്ള വസ്തുവായി തീർന്നു. സ്വന്തം കാഴ്ചയ്ക്കുമേൽ അധികാരം നേടുന്നത് അധികാരിയുടെ/പുരുഷക്കോയ്മയുടെ യുക്തി തന്നെയാണ്.

പ്രശസ്തലിംഗവാദപഠിതാവായ ലോറമുൽവെ സിദ്ധാന്തപ്പെടുത്തുന്ന നോട്ടത്തിൽ പ്രവർത്തിക്കുന്ന അധികാരബലതന്ത്രങ്ങൾ നോക്കുന്നവൻ/ൾ, നോട്ടത്തിന് വിധേയമാകുന്നവർ/ൾ എന്നിങ്ങനെ ശ്രേണീകൃതമായ ഘടനയെ രൂപപ്പെടുത്തുന്നു. ഇത് ആൺ നോക്കുന്നവനും പെൺ നോട്ടവസ്തുവുമായി മാറുന്ന പ്രത്യയശാസ്ത്രത്തിന്റെ വിവക്ഷകളാണ് സമൂഹത്തിൽ പ്രവർത്തിക്കുന്നത്.

സ്ത്രീയുടെ സ്ഥാനം പുരുഷൻ നിർണ്ണയിക്കുന്നു. ലിംഗവിവേചനത്തെ വർഗവിവേചനവും സാമ്പത്തിക ബന്ധങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്ന മാർക്സിസ്റ്റു മുതലാളിത്തത്തിന്റെ ഒരു സൃഷ്ടിയായിത്തന്നെ പുരുഷാധിപത്യ ത്തെയും കാണുന്നു. വർഗം, ജാതി, ആചാരം എന്നിവയുടെ ഏറ്റുമുട്ടലുകളിൽ നിന്നും വിമുക്തമായ മനശ്ശാസ്ത്രപരമോ, ദാർശനികമോ, ജീവശാസ്ത്രപരമോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ ഒരു സ്ത്രൈണപ്രകൃതിയെ ജൻഡർ തിയ്യറി നിഷേധിക്കുന്നു. തുല്യതയെക്കുറിച്ചുള്ള അവബോധമാണ് അവ മുന്നോട്ടു വയ്ക്കുന്നത്. എന്റെ മനസ്സിനും ശരീരത്തിനും പറയാനുള്ളത് മുഴുവൻ പറയാൻ എനിക്ക് കഴിയണം. പക്ഷേ, എനിക്കതിനധികാരമില്ല എന്ന വെർജീനിയാവൂൾഫിന്റെ ആശയം ശ്രദ്ധേയമാണ്.

> നമ്മുടെ സംസ്കാരത്തിൽ സ്ത്രീയെപ്പറ്റി അടിസ്ഥാനപരമായൊരു ഉഭയവൃത്തിത്വമുണ്ട്. ഇതുകാരണം സാഹിത്യഭാഷയിൽ തന്നെ സ്ത്രൈണാനുഭവത്തിന്റെ പരസ്പരവിരുദ്ധമായ വ്യവഹാരങ്ങൾ നിലനിൽക്കുന്നു. ശക്തിയായും ദേവതയായും ആരാധ്യയാവുമ്പോൾ തന്നെ ദുർബലയായും ചേട്ടയായും അവൾ സുസ്ഥിതിക്കു ഭീഷണിയാവുന്നു. ഉർവ്വരതയുടെ പര്യായമാവുമ്പോൾ തന്നെ അവൻ പ്രദൂഷണത്തിന്റെ ഉറവിടമാകുന്നു. മതപരവും ആചാരപരവുമായ വിശ്വാസങ്ങളിലും അനുഷ്ഠാനങ്ങളിലും ഈ ഉഭയവ്യക്തിത്വം കാണാം. സ്ത്രീ ആദർശവൽക്കരിച്ച് വിശേഷങ്ങൾ കൊണ്ട് അലങ്കരിച്ചതും പുരഷാധികാരം തന്നെ (രാമകൃഷ്ണൻ.ഇ.വി., 1994; 23). പുരുഷാധിപത്യകേന്ദ്രങ്ങളിൽ നിന്നു നിർദ്ദേശാത്മകമായി

> സ്വീകരിക്കപ്പെട്ടതാണ് സ്ത്രൈണത, സ്ത്രീത്വം എന്നിവ അതുകൊണ്ടുതന്നെ അവയെ പുനർനിർമ്മിക്കേണ്ടിയിരിക്കുന്നു.

ലൈംഗികതയെ സംബന്ധിച്ച ശരീരശാസ്ത്രവാദങ്ങൾ ഏറ്റവും അധികം എടുത്തുപയോഗിച്ചത് വ്യവസ്ഥാപിതമതങ്ങളാണ്. ജാതിയുടെയും സംസ്കാരത്തിന്റെ അധികാരശ്രേണികളുടേയും ചിഹ്നങ്ങളായും മറ്റും സ്ത്രീലൈംഗികതയ്ക്ക് മേലുള്ള നിയന്ത്രണങ്ങൾ ചരിത്രത്തിലെ തുടർന്നുപോരുന്ന യാഥാർത്ഥ്യമായി മാറി. സ്ത്രീയുടെ സ്വച്ഛന്ദലൈംഗികത ഇല്ലാതാക്കിയാണ് ആൺകോയ്മ സമൂഹത്തിൽ ആധിപത്യം സ്ഥാപിച്ചെടുത്തത് എന്ന് സാറാജോസഫ് വ്യക്തമാക്കുന്നു. മെരുക്കപ്പെടാനും കൈകാര്യം ചെയ്യപ്പെടാനും ഉള്ളതാണ് പെൺശരീരവും സ്വത്വവും എന്ന മനോഭാവമാണ് അക്രമങ്ങൾ അഴിച്ചുവിടുന്നതിനും പെൺശരീരത്തെ ഉപഭോഗവസ്തുവാക്കി മാറ്റുന്നതിനും കാരണമായിത്തീർന്നത്. സ്വത്വപ്രകാശത്തിന് പരമ്പരാഗത കുടുംബമൂല്യങ്ങൾ തടസ്സമായി നിൽക്കുന്നു. അതുകൊണ്ടുതന്നെ പൊതുമേഖലയും ഉല്പാദനരംഗവും വിപണിയുമൊക്കെ സ്ത്രീയെ വിപണിവൽകൃതമാക്കുന്നു.

> പുരുഷകേന്ദ്രിതസമൂഹത്തെ സാമ്പ്രദായികവും വ്യവസ്ഥാപിതവുമായി നിലനിർത്തുവാൻ സ്ത്രീയെ ലൈംഗികതയുടെ വിചാരങ്ങളെയും വ്യത്യാസങ്ങളെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കാൻ പുരുഷലിംഗം ശ്രമിക്കുന്നു. പുരുഷനിൽ നിന്നുവിഭിന്നമായ ഗുണഗണങ്ങൾ കൽപ്പിച്ചു സ്ത്രീയെ രൂപപ്പെടുത്തുന്നതോടെയാണ് ആധുനികഅണുകുടുംബ മക്കത്തായ അധികാരക്രമം വ്യവസ്ഥാപിതമാകുന്നത്. പലരുമായുള്ള ലൈംഗികവേഴ്ചയിൽ നിന്ന് മരുമക്കത്തായം ഒരാളിലുള്ള അനുരാഗം രൂപപ്പെടുത്തുന്നിടത്താണ് മനസ്സ്/അന്തരംഗം തീവ്രമായി പ്രത്യക്ഷപ്പെടുന്നത്. ഈ മനസ്സിന്റെ രൂപപ്പെടലാണ് ആധുനികതയുടെ അടിസ്ഥാന യുക്തികളിലൊന്ന്. മനസ്സ്/ശരീരം എന്ന ദ്വന്ദ്വത്തിൽ മനസ്സ് ശരീരത്തേക്കാൾ പ്രധാനമാവുകയും ശരീരം കീഴാളമാവുകയും ചെയ്യുന്നു ഈ ആശയം സമൂഹത്തിൽ ശരീരത്തെ മാറ്റിനിർത്താനും ശരീര സംബന്ധ മായതൊക്കെ പ്രശ്നവൽക്കരിക്കാനുമാണ് ശ്രമിച്ചത് (യാക്കോബ് തോമസ്, 2012;29).

സ്വകാര്യസ്വത്ത് കൂട്ടിവച്ച പുരുഷനാണ് വീട്ടിനകത്തെ പതിവ്രതാ

ജീവിതത്തെയും വീട്ടിന് പുറത്തെ വേശ്യാജീവിതത്തെയും നിർമ്മിച്ചതെന്ന് ഏംഗൽസ് കൂട്ടിച്ചേർക്കുന്നു. അതായത് സ്വത്താധികാരപുരുഷന്റെ ബലപരീക്ഷണങ്ങളിലാണ് ആദർശവൽക്കരിക്കപ്പെട്ട സ്ത്രീയും (പതിവ്രത), അപകൃഷ്ടയായ സീതയും (വേശ്യ) രൂപപ്പെടുന്നത് (നൗഷാദ് 33).

## 1.6 ലിംഗപദവി: ചരിത്രവും വർത്തമാനവും

വ്യവസ്ഥാപിതമായ ലിംഗം/ലിംഗപദവി/ലൈംഗീകത എന്നീ മേഖലകൾ സമീപകാലത്ത് ഓർമ്മപ്പെടുത്തലുകളുടെയും പുനരവലോകനത്തിന്റെയും ശ്രദ്ധ ആവശ്യപ്പെടുന്ന ഒന്നാണ്. പല സാമൂഹിക പരിതോവസ്ഥയിലും തലങ്ങളിലും ആശയങ്ങളിലൂടെ ഇടഞ്ഞും ഇണങ്ങിയും വിപുലീകൃതമായി വ്യത്യസ്ത ആവിഷ്കാരങ്ങളിൽ എത്തിനിൽക്കുന്ന ഒന്നാണ് ലിംഗപരിസരം. ജീവിത വ്യവഹാരങ്ങളിൽ, സാഹിത്യത്തിൽ കലകളിൽ അവയുടെ അവതരണ സമ്പ്രദായത്തിൽ കഥാപാത്രങ്ങളിൽ സ്ത്രീയുടെ സ്ഥാനം എന്നത് പിൻപറ്റി നിൽക്കുന്ന അവസ്ഥയാണിത്. രൂപം കൊള്ളലിൽ ആൺ/പെൺ ലിംഗഭേദാടി സ്ഥാനത്തിലുള്ള ലിംഗനീതിയുടെ പ്രത്യയശാസ്ത്രം പരോക്ഷമായും പ്രത്യക്ഷമായും വർത്തിക്കുന്നു.

1960കളും 1970കളും വിമൻസ് മൂവ്മെന്റും ഫെമിനിസ്റ്റ് സിദ്ധാന്തവും ലിംഗപദവിയുടെ പ്രധാന ആശയങ്ങൾ പങ്കുവെച്ചു. ഈ അന്വേഷണത്തിന്റെ ഭാഗമായി സ്ത്രീ/പുരുഷ അനുപാതങ്ങളിലേക്ക് ശ്രദ്ധിക്കുകയും വംശം, വർഗ്ഗം, ലൈഗികത എന്നിവയെ സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ അന്വേഷിക്കുകയും ചെയ്തു. ലിംഗപഠനവാദികൾ ഫെമിനിസ്റ്റ് പ്രവർത്തനങ്ങളുടെയും പരിപാടിയുടെയും അടിസ്ഥാനത്തിൽ സ്ത്രീകളെ കെട്ടിപ്പടുക്കാനാണ് പുരുഷാധിപത്യം ശ്രമിച്ചത് എന്നാണ് ഉന്നയിച്ചത്.

ചരിത്രം, ശാസ്ത്രം, സാഹിത്യം തുടങ്ങി വൈജ്ഞാനിക മേഖലകൾ എടുത്താൽ അതെല്ലാം സവിശേഷമായി ലിംഗാധിപത്യപരമാണ്. വ്യക്തമായ ചരിത്ര സൂനകളും മറ്റും ലഭ്യമാകുന്ന പതിനേഴാം നൂറ്റാണ്ടുമുതലുള്ള കേരള സാമൂഹിക പശ്ചാതലം ശ്രദ്ധിക്കുമ്പോൾ വിജ്ഞാനത്തിന്റെ കുത്തക പുരുഷനിലാണെന്ന് കാണാം. ജാതി സാമൂഹികാവസ്ഥയും തറവാട് കേന്ദ്രീകൃത കുടുംബഘടനയും

ഉന്നയിക്കുന്ന ലിംഗപരമായ സ്ഥല, സാമൂഹികവിഭജനത്തിന്റെ അടിസ്ഥാനം തന്നെ സ്ത്രീക്ക് നിലവിലുള്ള വിജ്ഞാനത്തിന്റെ വ്യവഹാരങ്ങളിലേക്കും പ്രവേശനം സിദ്ധിക്കുന്ന വിധത്തിലായിരുന്നില്ല. വീട്, പാചകം, കുട്ടികളുടെ പരിപാലനം തുടങ്ങിയ മേഖലകളിൽ ജൈവികശേഷി ഉള്ളവരാണ് സ്ത്രീകൾ എന്നതിനാൽ അവരെ അവിടെ തളയ്ക്കുന്ന വിധത്തിലുള്ള സംവിധാനമാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

ജൈവഘടനാപരമായ, പ്രകൃതിദത്തമായ ലിംഗവ്യത്യാസങ്ങൾക്കപ്പുറം, സാമൂഹികജീവിതതലത്തിലും സ്ത്രീയും പുരുഷനും വ്യത്യസ്തങ്ങളായ രണ്ടു തട്ടുകളിലായി മാറ്റി നിർത്തപ്പെട്ടിരുന്നു. പ്രകൃതി ദത്തപരമായ ലിംഗഭേദത്തിനപ്പുറം മനുഷ്യൻ സൃഷ്ടിച്ചതാണ് ലിംഗപരമായ ആധിപത്യവ്യവസ്ഥ.

ആധുനിക/നവോത്ഥാന പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസത്തിന്റെ ലിംഗപരതയെക്കുറിച്ചുള്ള ആലോചനകൾ ശക്തമാകുന്നത്. ഫ്യൂഡലിസത്തിന്റെ ജാതിസ്ഥലങ്ങളെ നിർമ്മാർജ്ജനം ചെയ്തുകൊണ്ട് ആധുനികത പൊതു സ്ഥലത്തെയും, അതിന് എതിരായി വീടെന്ന സ്വകാര്യസ്ഥലത്തെയും നിർവചിച്ച പശ്ചാത്തലത്തിലേക്ക് ഈ ചർച്ചകൾ രൂപ കൊള്ളുന്നത്. ഇതിൽ പുരുഷന്റെ സ്ഥലമായി പൊതുസ്ഥലവും വീട് സ്ത്രീകളുടെ ഇടമായും വേർതിരിക്കപ്പെട്ടു. സ്ത്രീക്ക് വീടു നോക്കാനുള്ള ബുദ്ധിയും കഴിവുമാണ് ഉണ്ടാകേണ്ടതെന്നും അതിനുതക്ക വിദ്യാഭ്യാസമാണ് നൽകേണ്ടതെന്നുമായിരുന്നു പൊതുവിൽ സ്ത്രീ വിദ്യാഭ്യാസത്തെ കുറിച്ചുള്ള ചർച്ചകളുടെ പൊതു ഊന്നൽ. (യാക്കോബ്തോമസ്, 2012;85). ആധുനിക വിദ്യാഭ്യാസം ശക്തമാകുന്ന പത്തൊമ്പത് ഇരുപത് നൂറ്റാണ്ടുകളിലാണ് വിജ്ഞാനർജ്ജനത്തിന്റെ ജാതി-ലിംഗബോധം ശകലിതമാകുന്നത്.

### 1.6.1 ചരിത്രത്തിൽ ലിംഗപദവി

ചരിത്രാതീതകാലത്ത് ഭക്ഷണം തേടികൊണ്ടു വന്നിരുന്നവരുടെ നിസ്സാരമായ മിച്ചം പലപ്പോഴും സംഘത്തിലെ സ്ത്രീകളാണ് വിഭജിക്കുകയും പങ്കിടുകയും ചെയ്തിരുന്നത്. കൂടുതൽ വളർന്നപ്പോൾ പങ്കുവയ്ക്കൽ സംഘനാഥന്റെ കുലതലവന്റെ അഥവാ ഗോത്രധിപന്റെ കൃത്യമായിത്തീർന്നു (കൊച്ച്. കെ.കെ. 68) ആ കൃത്യം നിർവഹിക്കുന്നത് കുടുംബഘടകത്തിലൂടെയായിരുന്നു പരിണാമത്തിന്റെ ക്രമം മാറിയിരിക്കുന്ന പൊതുബോധങ്ങൾ സ്വീകരിക്കപ്പെട്ടി രിക്കുന്നത് ഇത്തരത്തിൽ കുടുംബ, സാംസ്കാരിക രാഷ്ട്രീയ ഘടകങ്ങളിലൂടെയാണ്.

കുടുംബം, വിവാഹം, വർഗ്ഗം, ജാതി, വംശം, ലിംഗഭേദം എന്നിവയെല്ലാം സമൂഹ ഘടനയെ നിർണ്ണയിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. ഏതൊരു സമൂഹത്തിലും സ്ഥാനങ്ങളും പദവികളും ക്രമീകരിക്കപ്പെട്ട ഘടന കാണാനാവുന്നതാണ്. സമൂഹത്തിലെ ഘടനയെ പരിശോധിക്കുമ്പോൾ തൊഴിൽ, ലിംഗഭേദം, വൈവാഹികനില, കുടുംബം എന്നിവയെ കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്. വിവിധ കാലങ്ങളിൽ വിവിധ സമൂഹങ്ങൾക്കിടയിൽ സ്ത്രീ-പുരുഷന്മാരുടെ പദവിയും പങ്കാളിത്തവും പല രീതിയിലാണ് കാണുന്നത്.

### 1.6.2 പ്രാകൃതസമൂഹവും പെണ്ണിടവും

പ്രാകൃതസംസ്കാരത്തിൽ സ്ഥിരമായ കുടുംബം, നേതൃത്വം, സംഘം ചേരൽ എന്നിവ കാണാൻ സാധിക്കുകയില്ല. സാമൂഹിക ജീവിതത്തെ കുറിച്ചുള്ള ബോധമോ കുടുംബജീവിതവ്യവസ്ഥകളൊ കാണാനാവില്ല. ആണും പെണ്ണും കണ്ടുമുട്ടുന്നത് ആഹാരം തേടുന്ന അവസരങ്ങളിലാണ് പരസ്പരാകർഷണം തോന്നിയാൽ ഇണ ചേരുകയും അവരവരുടെ കാര്യങ്ങളിലേക്ക് പോവുകയും ചെയ്യും. സ്ത്രീ ഗർഭിണിയാകുകയും പ്രസവിക്കുകയും ചെയ്യുന്നതോടെ ഒരു താല്ക്കാലിക കുടുംബമുണ്ടാകുന്നു. (കൊച്ച്. കെ.കെ. 89) അമ്മയും കുഞ്ഞുങ്ങളുമടങ്ങുന്നതാണീ കുടുംബം കുഞ്ഞുങ്ങൾ ആഹാരം തേടാനാകുന്നതുവരെ നിലനിൽക്കുകയുള്ളൂ.

പ്രാകൃതസമൂഹത്തിൽ സ്ത്രീ, പുരുഷൻ എന്ന അവസ്ഥമാത്രമേ ഉണ്ടായിരുന്നുള്ളൂ. സംഘവിവാഹം അഥവാ യുഗ്മവിവാഹം എന്ന സ്ത്രീപുരുഷ ബന്ധം മനുഷ്യ സംസ്കാരത്തിന്റെ പരിണാമത്തിന്റെ രണ്ടാം ഘട്ടത്തിലാണ് മോർഗൻ വിശദീകരിക്കുന്നത്. ഈ സമ്പ്രദായത്തിൽ ഒരു യൂഥത്തിലുള്ള എല്ലാ സ്ത്രീകൾക്കും മറ്റൊരു യൂഥത്തിലുള്ള എല്ലാ പുരുഷന്മാരുമായും ലൈംഗികബന്ധം പുലർത്താം എന്ന നിലയിലാണ്. ഇത് കുഞ്ഞിന്റെ പിതൃത്വ നിർവാഹകത്തിന് ബുദ്ധിമുട്ട് അനുഭവപ്പെട്ടു. അമ്മ വഴിക്കുള്ള അവകാശക്രമം സമൂഹത്തിൽ മാതൃ മേധാവിത്വവ്യവസ്ഥ ദൃഢതരമാക്കി. ഇവിടെ കുടുംബനായകത്വം വഹിച്ചിരുന്നത് സ്ത്രീയായിരുന്നു.

പരിവർത്തനത്തിന്റെ അടുത്ത ഘട്ടമാവുമ്പേഴേക്കും മൃഗങ്ങളെ വേട്ടയാടുകയും ഓമനിച്ച് വളർത്തുകയും ചെയ്തു. ഇവിടെ സ്ത്രീ-പുരുഷന്മാരുടെ

തൊഴിൽ വിഭജനമുണ്ടായി. മാതൃശബ്ദം നിർമാണത്തെയും പിതൃശബ്ദം പാലനത്തെയും കുറിക്കുന്ന പദങ്ങളായി. സ്ത്രീകൾ ഗുഹാപ്രദേശത്തിന്റെ അടുത്ത് വിത്തുകൾ വിതറി കൃഷിയിലേർപ്പെടുകയും ഗുഹാഭിത്തികളിൽ ചിത്രങ്ങൾ വരച്ചിടുകയും ചെയ്തു. രൂപങ്ങൾ കൊത്തിയുണ്ടാക്കുകയും വസ്ത്ര നിർമ്മാണത്തിലേർപ്പെടുകയും ചെയ്തു. ഗാർഹികാവശ്യങ്ങൾക്കുള്ള വിവിധ പണികളിലവർ ഏർപ്പെട്ടു. ചരിത്രകാരനായ വിൽഡ്യൂറന്റ് സാമ്പത്തിക പുരോഗതിയുടെ എല്ലാ സംരംഭങ്ങളും സ്ത്രീയിൽ നിന്നും ഉണ്ടായി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ, കുടുംബത്തെ വളർത്തിയെടുത്ത് അവനെ സാമൂഹ്യമര്യാദക്രമങ്ങൾ പഠിപ്പിക്കുകയും സ്ത്രീ ചെയ്തു.

അതുവരെയുള്ള കാലഘട്ടത്തിൽ കൃത്യതയില്ലാതെ ജീവിച്ച പുരുഷൻ അധികാരം കയ്യാളുകയും സ്വന്തം നിയന്ത്രണത്തിൽ കൊണ്ടുവരുകയും ചെയ്തു. ഈ മാറ്റം മാതൃമേധാവിത്വത്തെ പിതൃമേധാവിത്വത്തിലേക്കെത്തിച്ചു പ്രായം ചെന്നയാൾ ഗോത്രത്തലവനായി രാഷ്ട്രീയവും സാമ്പത്തികവും നിയമപരവും മതപരവുമായ എല്ലാ അധികാരങ്ങളും കയ്യടക്കി.

മാതൃപാരമ്പര്യത്തിൽ സ്ത്രീയുടെ കുട്ടികളെല്ലാം അയാളുടെ കുടുംബത്തിൽ പെടുന്നു. അവളുടെ ഭർത്താവിന് കുട്ടികളുടെ മേൽ നിയന്ത്രണാധികാരമോ സാമ്പത്തികമായ അവകാശങ്ങളോ ഇല്ല. ദ്രാവിഡർക്കു മുൻപുണ്ടായിരുന്ന ആദിമ നിവാസികളുടെ ആചാരങ്ങൾക്ക് കേരളത്തിലെ മാതൃപാരമ്പര്യത്തിന്റെ വളർച്ചയിൽ പങ്കുണ്ടെന്ന് കെ. മാമ്മൻ രേഖപ്പെടുത്തുന്നു.

കുടുംബത്തിന് ഭക്ഷണം നേടുക എന്നത് പുരുഷന്റെ ജോലി വീട്ടിൽ അഗ്നി അണയാതെ സൂക്ഷിക്കുക, കുട്ടികളെയും വളർത്തുമൃഗങ്ങളെയും സംരക്ഷിക്കുക എന്നത് സ്ത്രീയുടെ ജോലി എന്നൊരു തൊഴിൽ വിഭജനം രൂപപ്പെട്ടതോടെ സ്ത്രീ വീട്ടിൽ തളച്ചിടപ്പെട്ടു. അവർ അടുക്കളക്കാരികളും വീടുകളിൽ വളർത്തുന്ന തത്തമ്മകളും നരനുഗർഭധാനപാത്രങ്ങളും ആയി ലിംഗവ്യവസ്ഥയുടെ പേരിൽ ജീവശാസ്ത്രപരമായ വ്യത്യാസം സമസ്തജീവികളിലും ഉണ്ട്. എങ്കിലും അത് സമൂഹപദവിയുമായി ബന്ധപ്പെടുന്നത് മനുഷ്യരിൽ മാത്രമാണ്. സെമറ്റിക് മതങ്ങൾ സിദ്ധാന്തത്തിലും പ്രയോഗത്തിലും സ്ത്രീയെ താണനിലയിൽ നിർത്തി. കോൺവെന്റുകളുടെ മേൽനോട്ടത്തിൽ പുരോഹിതന്മാർക്ക് നിർണ്ണായക പങ്കുണ്ട്.

സെമിനാരികളുടെ മേൽനോട്ടത്തിൽ കന്യാസ്ത്രീമാർക്ക് ഒരു പങ്കും ഇല്ല. ഇരു കൂട്ടരും ജീവിതം ഈശ്വരസേവയ്ക്കും മാനവസേവയ്ക്കും സമർപ്പിച്ചവരാണെങ്കിലും ഭാരതീയമതങ്ങളും സൈദ്ധാന്തികമായി സ്ത്രീയെ മാനിച്ചപ്പോഴും പ്രായോഗികജീവിതത്തിൽ അവളെ വീട്ടിൽ തളച്ചിട്ടു അരങ്ങ് പുരുഷന് അടുക്കള സ്ത്രീയ്ക്കും ഇതായിരുന്നു അലിഖിതനിയമം. ആർത്തവം, ഗർഭധാരണം, പ്രസവം എന്നീ കാര്യങ്ങൾ പ്രാക്തന സമൂഹത്തിൽ സ്ത്രീശക്തിയെക്കുറിച്ച് അത്ഭുതവും നിഗൂഢഭയവും പുരുഷനിൽ വളർത്തി എന്നും അതുമൂലമാണ് അവൾ യക്ഷിയും മന്ത്രവാദിനിയും മറ്റുമായി ചിത്രീകരിക്കപ്പെട്ടത് എന്നും ഒരഭിപ്രായം (വസന്തൻ എസ്.കെ. 410) നിലനിൽക്കുന്നു.

### 1.6.3 കേരളീയദായക്രമങ്ങൾ

വിവാഹം, കുടുംബഘടന, സ്വത്തവകാശം എന്നിവ വഴി ജാതി സംബന്ധമായ വിവിധ മേലധികാരവ്യവസ്ഥകൾ സ്ത്രീകളുടെ നേർക്ക് പ്രയോഗിക്കുന്നതിൽ വിവിധ ദായക്രമങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മാതൃദായക്രമത്തിലും പിതൃദായക്രമത്തിലും ഇതുരണ്ടും ചേർന്ന മിശ്രദായ ക്രമത്തിലും സ്ത്രീകൾ വ്യത്യസ്തതരത്തിലുള്ള പദവി നിലകളിലാണ് ജീവിച്ചിരുന്നത്. (ചന്ദ്രിക സി.എസ്., 1998;36). നമ്പൂതിരി സമുദായത്തിൽ പിതൃദായക്രമം ആണ് നടപ്പിലിരുന്നത്.

മാതൃദായക്രമം നിലനിന്നിരുന്നപ്പോഴും സമൂഹത്തിലും കുടുംബത്തിലും പുരുഷന്മാർ കയ്യടക്കിപ്പോന്നു എന്ന വിശകലനം മാതൃദായപഠനങ്ങളിൽ കാണാം. സ്വത്തവകാശം സ്ത്രീകളിലാണെങ്കിലും അത് കൈകാര്യം ചെയ്തിരുന്നത് പുരുഷൻ തന്നെയാണ്. പരമ്പരാഗത കേരളത്തിൽ മാതൃദായക്രമം നിലനിന്നിരുന്നുവെങ്കിലും സ്വത്തവകാശം കാരണവരായിരുന്ന പുരുഷനായിരുന്നു (ശ്രീകുമാർ 100). മാതൃദായക്രമത്തിൽ സ്ത്രീകൾക്ക് ജനിച്ച വീട്ടിൽ സ്വന്തമായ ഒരിടമുണ്ട്. സ്വന്തം പേരിലുള്ള സ്വത്ത് ഇഷ്ടപ്രകാരം വിനിയോഗിക്കാൻ സ്ത്രീകൾക്ക് അധികാരമുണ്ടായിരുന്നില്ല. മക്കത്തായ സമുദായങ്ങളിൽ വിവാഹശേഷം ഭർത്താവിന്റെ വീട്ടിലാണ് ഭാര്യ താമസിക്കേണ്ടത്. അതുകൊണ്ട് തന്നെ ഭർതൃഗൃഹത്തിലെ യാതനകൾ മാതൃദായവ്യവസ്ഥയിൽ വിവാഹശേഷം സ്ത്രീകൾക്ക് നേരിടേണ്ടതില്ല.

സമുദായ പരിഷ്കരണത്തിന്റെ ഭാഗമായി ഏകദാമ്പത്യവിവാഹ

സമ്പ്രദായത്തിലേക്കും പുരുഷകേന്ദ്രീകൃതമായ പിതൃദായക്രമങ്ങൾക്ക് വഴിവച്ചു ശ്രീനാരായണ ധർമ്മപരിപാലനസംഘം മക്കത്തായത്തിലെ ഏകപത്നീ സമ്പ്രദായം, ദാമ്പത്യത്തിലെ പരസ്പരവിശ്വാസം തുടങ്ങിയ മാതൃകകളാണ് തുടരുന്നത്. മക്കത്തായ സമുദായങ്ങളിലേതുപോലെ പിതൃത്വബോധത്തോടെ കഴിയുന്ന മക്കളോടുകൂടി ഈഴവപത്നിക്ക് ഭർത്താവിന്റെ പരിരക്ഷയിൽ കഴിയാനാവണം എന്നതായിരുന്നു എസ്.എൻ.ഡി.പി.യുടെയും സമുദായ പരിഷ്കരണപ്രചരണ പ്രവർത്തനങ്ങളിൽ കെട്ടുകല്യാണം, തിരണ്ടുകുളി എന്നിവ ഉപേക്ഷിക്കണമെന്നും ബഹുഭർതൃത്വം നിർത്തലാക്കണമെന്ന ആശയം ഉയർന്നുവന്നു (ചന്ദ്രിക സി.എസ്., 1998;90).

പന്തിഭോജനത്തെ നടപ്പിലാക്കിയ കെ. അയ്യപ്പൻ സിവിൽ മാര്യേജ് ബില്ലിനെ പിന്തുണച്ച് ലളിതവും സ്വതന്ത്രവുമായ വിവാഹം എന്ന നിലപാടിനെ അനുകൂലിച്ചു. സാമൂഹ്യപരിഷ്കരണപ്രസ്ഥാനത്തിൽ വിവാഹം, സദാചാരം, സമുദായത്തിന്റെ അഭിമാനമായ സ്ത്രീപാതിവ്രത്യം എന്നീ സ്ത്രീപ്രശ്നങ്ങളെയാണ് പരിഗണിച്ചത്. സമുദായത്തിനുള്ളിലെ സ്ത്രീപുരുഷബന്ധങ്ങൾ, ബന്ധങ്ങളിൽ സ്ത്രീയുടെ നില, സംഘർഷങ്ങൾ, അടിമത്തം, സ്ത്രൈണലൈംഗികതയ്ക്ക് നേരെയുള്ള അടിച്ചമർത്തൽ എന്നിവ ചർച്ചാവിഷയമായില്ല. പിതൃദായക്രമത്തിലെ സ്ത്രീകളുടെ പദവി വളരെ ഗുരുതരമായിരുന്നു. നമ്പൂതിരിസമുദായത്തിലെ സ്ത്രീ പ്രശ്നങ്ങളിൽ നിന്നുമാണ് പദവിയുമായുള്ള ചർച്ചകൾ ഉയർന്നു വന്നത്.

താഴ്ന്ന ജാതിയിലെ സ്ത്രീകൾ സ്വസമുദായത്തിലും സവർണ്ണ മേധാവിത്യത്തിലും ഉൾപ്പെട്ട് ദുരിതപൂർണ്ണമായ ജീവിതത്തെ നേരിട്ടു. വിവാഹത്തോടു കൂടി പെൺവീട്ടുകാർക്കുള്ള ബന്ധങ്ങളും വീട്ടിലേക്കുള്ള അവകാശങ്ങളും നിഷേധിക്കപ്പെടുകയും ജനിച്ച വീട്ടിൽ നിന്നും പ്രദേശത്ത് നിന്നുതന്നെയും മാറ്റി നിർത്തപ്പെട്ടു. ജന്മികകൾ പുലയ സ്ത്രീകളുടെ മേൽ ലൈംഗികനീക്കങ്ങൾ നടത്തുകയും ചെയ്തു. പുലയ സ്ത്രീകളുടെ ദുരന്തങ്ങൾക്കും പീഡനങ്ങൾക്കും സാമൂഹ്യമായ ദൃശ്യത കൈവരിക്കുന്നത് അയ്യങ്കാളിയുടെ നേതൃത്വത്തിലുള്ള സമുദായ പരിഷ്കരണ - ജാതിവിരുദ്ധ സമരങ്ങളുടെ ഭാഗമായിട്ടായിരുന്നു കൂടുതൽ പ്രസവിച്ച് ഉൽപ്പാദിപ്പിക്കാൻ കഴിവുള്ള അടിമസ്ത്രീക്ക് കൂടുതൽ വില നിശ്ചയിക്കപ്പെട്ടിരുന്ന സവർണ്ണ പുരുഷാധികാര ജാതിഘടനയ്ക്കുള്ളിലായിരുന്നു പുലയസ്ത്രീയുടെ സാമൂഹ്യസ്ഥാനം. മനുഷ്യർ

എന്ന നിലയിൽ സമൂഹത്തിൽ ഇടം സ്ഥാപിച്ചെടുക്കുന്നതിനു വേണ്ടിയുള്ള സമുദായത്തിന്റെ സമരമുന്നേറ്റങ്ങളിൽ പുലയ സ്ത്രീകൾ പങ്കാളികളാവുന്നത് ഈ സാമൂഹ്യ സാഹചര്യത്തിലാണ് (ചന്ദ്രിക സി.എസ്., 1998;92). ആ മുന്നേറ്റവും പൂർണ്ണമായിരുന്നില്ല.

## 1.7 കുടുംബവും പൗരനിർമ്മിതിയും

മാനവരാശിയുടെ കുംടുംബഘടനയുടെ ഉത്ഭവത്തെകുറിച്ച് മോർഗന്റെ കാഴ്ചപ്പാടുകളെ ഫ്രെഡറിക് ഏംഗൽസ് വിശകലനം ചെയ്യുന്നു.

> "പുരുഷന്മാർ ബഹുഭാര്യാത്വത്തിലും അവരുടെ തന്നെ ഭാര്യമാർ ബഹു ഭർത്തൃത്വത്തിലും കുട്ടികളെല്ലാം അവർക്ക് പൊതുവും ആയിരിക്കുന്ന അവസ്ഥയാണ് പ്രാകൃത സമൂഹത്തിൽ കാണാൻ കഴിയുന്നത്. ആ അവസ്ഥയിൽ ക്രമാനുഗതമായി വന്നു ഭവിച്ച മാറ്റങ്ങൾ അവസാനം ഏകഭാര്യാത്വത്തിൽ എത്തിചേരുന്നു. അങ്ങനെ പൊതുവിവാഹ ബന്ധങ്ങളുടെ വൃത്തം ചുരുങ്ങി ചുരുങ്ങി ഇന്ന് സാർവ്വത്രികമായി തീർന്നിരിക്കുന്ന ഒറ്റയായ ദമ്പതി കുടുംബത്തിൽ വന്നെത്തി യിരിക്കുന്നു." (15)

ഏംഗൽസിന്റെ നിരീക്ഷണങ്ങളിൽ പ്രധാനമായും മൂന്ന് കുടുംബ രീതികളാണ് ഉണ്ടായിരുന്നതെന്നും അവ ഓരോന്നും മാനവ പുരോഗതിയിലെ മുഖ്യ മായ മൂന്ന് ഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്നു. "കാടത്തത്തിൽ സംഘവിവാഹം, അപരിഷ്കൃതാവസ്ഥയിൽ യുഗ്മവിവാഹം, നാഗരികതയിൽ ഏകഭാര്യത്വം അതിന്റെ അനുബന്ധമായ ജാരബന്ധവും, വ്യഭിചാരവും. പുരുഷന്മാരെ സംബന്ധിച്ചിട ത്തോളം വാസ്തവത്തിൽ സംഘവിവാഹം ഇന്നും നിലനിൽക്കുകയാണ്. സ്ത്രീയെ പാപിയും പതിതയുമാക്കുന്ന അതേ കൃത്യം തന്നെ പുരുഷന്മാർ ചെയ്താൽ അത് മാന്യമോ, ഏറി വന്നാൽ ആരും ഭൂഷണമായി എണ്ണുന്ന നിസ്സാരമായൊരു സന്മാർഗ്ഗ ഭ്രംശമോ ആയി മാത്രമേ കണക്കാക്കപ്പെടുന്നുള്ളൂ." (43)

ആഹാരസംമ്പാദനത്തിനും, പ്രകൃതിയുമായി ബന്ധപ്പെട്ട ചില അവസരങ്ങളിൽ കൂട്ടമായി സഞ്ചരിച്ച അവസ്ഥയാണ് ആദിമകാലത്ത് മനുഷ്യനു ണ്ടായിരുന്നത്. പിന്നീട് കൃഷിയാവശ്യത്തിനായി സ്ഥിരവാസമുറപ്പിച്ചു തുടങ്ങുകയും

സ്വത്തിനും ബന്ധത്തിനും അതിർത്തി രേഖപ്പെടുത്തുകയും ചെയ്തു. സ്ഥിരവാസ മുറപ്പിക്കുന്നതിനു ശേഷമാണ് കുടുംബം രൂപീകരിക്കപ്പെട്ടത്. "പല തലങ്ങളിൽ സംഘടിപ്പിക്കപ്പെട്ടതാണ് മനുഷ്യ സമൂഹം അതിന്റെ ഏറ്റവും വിസ്തൃതമായ തലത്തിലുള്ള സംഘടന രാഷ്ട്രമാകുന്നു. ഏറ്റവും സീമിതമായ തലത്തിലുള്ള സംഘടന കുടുംബവും, സമൂഹഘടനയുടെ പ്രാഥമിക ഘടകമത്രേ കുടുംബം" (ഭാസ്കരനുണ്ണി പി., 289) എന്നു വ്യക്തമാക്കുന്നു.

"രക്തബന്ധത്തിലൂടെയോ വിവാഹബന്ധത്തിലൂടെയോ ഒരു വീട്ടിൽ ഒരുമിച്ച് താമസിക്കുകയും ഉപജീവനത്തിനും പൊതുവായ ക്ഷേമത്തിനുംവേണ്ടി ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ചെറുസമൂഹമാണ് കുടുംബം." എന്ന് എൻ.വി. കൃഷ്ണവാര്യർ (602) വിലയിരുത്തുന്നു.

ഞാനൊരു സ്ത്രീയായി ജനിച്ചിരുന്നെങ്കിൽ, സ്ത്രീ തന്റെ കളിപ്പാട്ടമായിരിക്കാനാണ് ജനിച്ചതെന്നുള്ള പുരുഷന്റെ ഭാവത്തിനെതിരായി ഞാൻ ലഹളയ്ക്കു പുറപ്പെടുമായിരുന്നു (സൂസൻ ജോസഫ് 49) എന്ന ഗാന്ധിജിയുടെ വചനങ്ങൾ വളരെ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭാര്യമാർ വെറും ഭോഗോപകരണങ്ങളോ ഭോഗസാധനങ്ങളോ ആകാതെ പൊതുസേവനത്തിൽ ബഹുമാനിതരായ സഖാക്കളായി പരിഗണിക്കപ്പെടണം ഈ ലക്ഷ്യപ്രാപ്തിക്ക്, നല്ല വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവർക്ക് അത്തരം ശിക്ഷണം തങ്ങളുടെ ഭർത്താക്കന്മാരിൽ നിന്ന് ആവുന്നത്രയും ലഭിക്കണം എന്ന് സ്ത്രീയുടെ പദവിയെക്കുറിച്ച് വ്യക്തമാക്കിയിരുന്നു.

ആദിമകാലം തൊട്ട് പരിണമിച്ചുവന്ന കുടുംബം എന്ന മനുഷ്യന്റെ ഒരുമയെ പല കാലങ്ങളായി പല പല ഘടകങ്ങളായി തിരിച്ച് മനുഷ്യൻ അവന്റെ സൗകര്യങ്ങൾക്കനുസരിച്ച് മാറ്റിമറിച്ചു. സമൂഹത്തിന്റെ സ്പന്ദനം അതിന്റെ ഏറ്റവും ചെറിയ രൂപമായ കുടുംബങ്ങളിൽ നമുക്ക് കാണാൻ കഴിയും. വ്യക്തികളുടെ കൂട്ടത്തിന്റെ സംസ്കാരവും ജീവിതശൈലിയും ആദർശങ്ങളും എല്ലാം കുടുംബത്തിൽ കണ്ടെടുക്കാൻ കഴിയും. മജുംദാറിന്റെ അഭിപ്രായത്തിൽ കുടുംബം എന്നു പറയുന്നത് ഒരു മേൽക്കൂരയ്ക്കു താഴെ ജീവിക്കുന്ന ഒരേ രക്തബന്ധ വ്യവസ്ഥയിൽപ്പെട്ട കുറെ മനുഷ്യരുടെ ഒരു കൂട്ടമാണ്.

നായാട്ടു സംഘങ്ങളിൽ നിന്ന് കാർഷിക സമൂഹങ്ങളിലേയ്ക്ക് മനുഷ്യൻ

സാഹചര്യാധിഷ്ഠിതമായി മാറ്റപ്പെട്ടതോടെയാണ് കുടുംബസമ്പ്രദായവും അതിനെ അടിസ്ഥാനമാക്കി ബന്ധുത്വപദങ്ങളും അവയുടെ മൂല്യങ്ങളും ഉത്ഭവിച്ചത്. സ്ത്രീയും പുരുഷനും ഒത്തൊരുമിച്ച് ഒരു വാസസ്ഥലം കേന്ദ്രമാക്കി ജീവിതമാരംഭിച്ച തോടെയാണ് കുടുംബവും ബന്ധുത്വമൂല്യങ്ങളും അനുവർത്തിക്കപ്പെട്ടതെന്ന് സാമൂഹ്യനരവംശ ശാസ്ത്രജ്ഞൻ വിശദീകരിക്കുന്നു (രാധാകൃഷ്ണൻ എ.പി 75).

സമൂഹത്തിന്റെ ഏറ്റവും പ്രധാനമായ പ്രാഥമിക സംഘമാണ് കുടുംബം. രക്തബന്ധമുള്ളവർ ഒത്തുചേരുന്ന ചെറിയ സംഘമാണ് കുടുംബമെന്ന് ജെയിംസ് ഫ്രെയ്സർ പറയുന്നു.

> കുടുംബമെന്നത് സാർവ്വത്രികമാണ്. സാമൂഹികസംഘങ്ങളിൽ ഏറ്റവും അടിസ്ഥാനപരമായതും ലളിതവും പ്രാഥമികവുമായ ഒരു സംഘമാണ് കുടുംബം. ഒരു സ്ഥാപനമെന്ന നിലയിൽ കുടുംബ സാർവ്വ ലൗകികവുമാണ്. സാമൂഹ്യ സ്ഥാപനങ്ങളിൽ വെച്ചേറ്റവും പഴക്കമുള്ളതും അടിസ്ഥാനപരമായതും കുടുംബമാണ്. കുടുംബത്തിന് നിയതമായ രൂപവും വലിപ്പവുമുണ്ട്. കുടുംബഘടനയ്ക്ക് വൈവിദ്ധ്യമുണ്ടെങ്കിലും അതിന് നിശ്ചിതമായ രൂപവും വലിപ്പവുമാണുള്ളത്. കുടുംബം ഓരോ സമൂഹത്തിലും ഓരോ തരത്തിലാണെങ്കിലും നിയതമായൊരംഗത്വ സ്വഭാവമാണുള്ളത്. ഏറ്റവും ചെറിയ കുടുംബം അണുകുടുംബമാണ്. ഭാര്യയും ഭർത്താവും അവരുടെ കുട്ടികളും അടങ്ങുന്നതാണ് അണുകുടുംബം. ഇതിനെ പ്രാഥമിക കുടുബമെന്നും പറയും. അണുകുടുംബത്തിൽ കുഞ്ഞുങ്ങൾ വളർന്ന് വിവാഹം ചെയ്യുന്നതോടെ കുടുംബം വീണ്ടും വിഭജിക്കപ്പെടുന്നു. അതായത്, മാതാപിതാക്കളുടെ കുഞ്ഞുങ്ങളുമടങ്ങുന്ന അണുകുടംബത്തിൽ കുഞ്ഞുങ്ങൾ വളർച്ച പ്രാപിക്കുന്നതോടെ കുടുംബചക്രം പൂർണ്ണമാകുന്നു. ഏറെക്കുറെ സ്വതന്ത്രസ്വഭാവമുള്ള ഒന്നാണ് അണുകുടുംബം (രാധാകൃഷ്ണൻ എ.പി, 75).

പിൻതുടർച്ചാസമ്പ്രദായത്തിൽ കുടുംബാഗങ്ങളുടെ വേർതിരിവ് സ്വത്തധികാരം, ഗൃഹവാസം എന്നിവയെ അടിസ്ഥാനമാക്കിയാണ് വിവാഹരീതിയും കുടുംബ സമ്പ്രദായത്തിൽ മുഖ്യ സ്വാധീനം ചെലുത്തുന്നുണ്ട്. ലിംഗഭേദം

അനുസരിച്ചുള്ള കുടുംബഘടനയിൽനിന്ന് ബന്ധുക്കളുടെ സംഘടിത രൂപമായ ഗണങ്ങളും തുടർന്ന് ഭരണകൂടം തന്നെയും വികസിക്കുന്നു. അതായത് ഏതു കാലത്തായും ദേശത്തായും നിലനിന്ന ഭരണകൂടങ്ങളുടെ ചെറുരൂപമായിരുന്നു കുടുംബങ്ങൾ എന്ന് പി ഗീത (2002;576) പ്രസ്താവിക്കുന്നു.

### 1.7.1 മാതൃദായരീതി

ഈ സമ്പ്രദായത്തിൽ കുടുംബപാരമ്പര്യം മാതാവിലാണ്. ഓരോ വ്യക്തിയുടേയും അവകാശങ്ങൾ മാതാവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കപ്പെടുന്നത്. മാതൃദായക കുടുംബത്തിൽ ഭർത്താവ് ഭാര്യാഗൃഹത്തിൽ താമസിക്കുന്നു. പെൺകുട്ടികൾക്ക് കുടുംബസ്വത്തിൽ അവകാശമുള്ള വ്യവസ്ഥയാണിത്. ബഹുഭർതൃത്വവും വെച്ച് പുലർത്തുന്ന രീതിയും നിലനിന്നിരുന്നു.

സമൂഹത്തിൽ സ്ത്രീകളനുഭവിക്കുന്ന രണ്ടംകിട നിലയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്നത് ഫെമിനിസ്റ്റ് ചിന്തകർ ഉന്നയിക്കുന്ന ഒരു പ്രധാനപ്രശ്നമാണ് അതായത് ഇവിടെ നിന്നാണ് സ്വകാര്യയിടം, പൊതുയിടം തുടങ്ങിയ ഇടങ്ങളിൽ അധികാരം ഉയർന്നുവരുന്നത്. 2005 ൽ കുട്ടിയുടെ ജാതി പിതാവിന്റേതായിരിക്കണം എന്ന വിധി വരുന്നത്. ഈ വിധി ജാതിവിരുദ്ധമാകുന്നതിന് പകരം പിതൃ മേധാവിത്വത്തെ അരക്കെട്ടുറപ്പിക്കാൻ ജാതിസ്വത്വങ്ങളെ വിനിയോഗിക്കുകയാണ് ഉണ്ടായത്.

> "കുടുംബഘടനയുടെ ആധാരം ജനനമോ വിവാഹമോ ആകാം. ജനനത്തെ ആസ്പദിച്ചുള്ള കുടുംബഘടനയാണ് മരുമക്കത്തായം. മരുമക്കത്തായത്തെ ഒരു കുടുംബത്തിലെ അംഗങ്ങൾ പ്രസവിക്കുന്ന കുഞ്ഞുങ്ങളെയെല്ലാം മരണപര്യന്തം വരെ ആ കുടുംബത്തിലെ അംഗങ്ങളായി തുടരാം. മരുമക്കത്തായത്തെ വിവാഹം വ്യക്തികൾ തമ്മിലുള്ള ഒരു സ്വകാര്യബന്ധമോ, എപ്പോൾ വേണമെങ്കിലും റദ്ദാക്കാവുന്ന ഒരു കരാറോ മാത്രമായിരുന്നു. എങ്കിലും കുടുംബത്തിലെ മറ്റ് അംഗങ്ങളുടെയും സമുദായത്തിന്റെ ആകെ തന്നെയും അംഗീകാരം മരുമക്കത്തായ സമ്പ്രദായത്തിലും വിവാഹബന്ധത്തിന്റെ ഭദ്രതക്ക് അനുപേക്ഷണീയമായി കരുതപ്പെട്ടിരുന്നു." (ഭാസ്കരനുണ്ണി 564)

കേരളത്തിലെ ദായക്രമത്തിന് ജാതിയുമായി ബന്ധമുണ്ട്. ജാതിയും ജാതിയുമായി തിരഞ്ഞെടുക്കുന്ന ഓരോ വർഗ്ഗത്തിനും വ്യത്യസ്ത ദായക്രമങ്ങളാണ് ഉണ്ടായിരുന്നത്.

### 1.7.2 പിതൃദായരീതി

പുരുഷനാണ് കുടുംബനാഥൻ. തുടർന്ന് ആൺമക്കളിലൂടെ കുടുംബത്തിന്റെ നേതൃത്വം നിർവ്വഹിക്കുന്നു. ഈ സമ്പ്രദായത്തിൽ വിവാഹത്തിനുശേഷം ഭാര്യ ഭർത്തൃഗൃഹത്തിൽ താമസിക്കുന്നു. ഭാര്യയുടെയും കുഞ്ഞുങ്ങളുടെയും പരിപാലനവും സംരക്ഷണവും ഭർത്താവിൽ നിക്ഷിപ്തമായിരിക്കും. സമകാലികതയിൽ പിതൃദായകകുടുംബ രീതിയാണ് പിൻതുടരുന്നത്.

### 1.7.3 ആധുനിക കുടുംബം

കുടുംബം എന്നത് പലതരം ആഗോള–ദേശീയസ്വാധീനങ്ങളുടെ സൃഷ്ടിച്ചാണ് എന്ന് ജെ. ദേവിക വ്യാഖ്യാനിക്കുന്നുണ്ട്. ആധുനിക കുടുബത്തിൽ കുട്ടികളും രക്ഷിതാക്കളുമാണ് ഉള്ളത്. ആധുനിക കുടുംബമെന്ന സ്ഥാപനം പ്രകൃതി പ്രേരണകളും സാമൂഹികധർമ്മവും സമാസമം ചേർന്നുണ്ടായതാണെന്നും അത് നശിച്ചാൽ പ്രകൃതിയും മനുഷ്യസമൂഹവും രണ്ടും ഒരുപോലെ നശിക്കുന്നതിന്റെ ലക്ഷണമാണെന്നുള്ള ധാരണകൾ അരക്കിട്ടുറപ്പിക്കപ്പെട്ട കാലമാണ് ഇരുപതാം നൂറ്റാണ്ട് (ദേവിക ജെ, 2014;40).

മോർഗൻ അഭിപ്രായപ്പെടുന്നത് സ്ത്രീപുരുഷബന്ധങ്ങളുടെ മാതൃകകൾ കാലത്തിനൊത്ത് മാറിവന്നതനുസരിച്ച്, ആദ്യകാലത്തെ ലൈംഗികാരാജകത്വം സ്വഗോത്രകുടുംബം, പുനാലുവാൻ കുടുംബം, യുഗ്മകുടുംബം എന്നീ കുടുംബ വ്യവസ്ഥകൾക്ക് വഴിമാറി. സ്വഗോത്രകുടുംബങ്ങളിൽ ഭന്നതലമുറകൾ തമ്മിൽ (മാതാപിതാക്കൾ മക്കളുടെയും മറ്റും നടത്തിയിരുന്ന) ലൈംഗികബന്ധം പുലർത്തുന്നത് നിർത്തലാക്കി. പുനാലുവൻ കുടുംബത്തിലാകട്ടെ സഹോദരീ സഹോദരബന്ധങ്ങൾക്കെതിരെ പ്രവർത്തിച്ചു. യുഗ്മകുടുംബത്തിൽ സ്ത്രീ പുരുഷന്മാർ ലൈംഗികജീവിതം നയിച്ചു. എന്നാൽ സ്ത്രീ പുരുഷന്മാർ തമ്മിലുള്ള ദാമ്പത്യബന്ധം ഒരിക്കലും സ്ഥാപനവൽകൃതമായ ആജീവനാന്ത ബന്ധമായിരുന്നില്ല.[15]

ഏംഗൽസിന്റെ വീക്ഷണത്തിൽ മനുഷ്യവികാസത്തിന്റെ മൂന്നു

ഘട്ടങ്ങളുമായി ബന്ധപ്പെട്ട് മൂന്ന് വിവാഹസമ്പ്രദായങ്ങളാണ് പൊതുവെ ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത്. ഒന്നാമതായി, കാടത്ത യുഗത്തിലെ കൂട്ടവിവാഹം രണ്ടാമതായി കിരാതത്വയുഗവുമായി ബന്ധപ്പെട്ട യുഗ്മകുടുംബം, മൂന്നാമതായി പരിഷ്കൃതയുഗത്തിലെ ഏകദാമ്പത്യംകുടുംബം. യോദ്ധാവും വേട്ടക്കാരനുമായ കാടൻ വീട്ടിൽരണ്ടാംസ്ഥാനം കൊണ്ട് തൃപ്തിപ്പെടുമായിരുന്നു. അയാൾ വീടിനകത്ത് സ്ത്രീയ്ക്ക് ഒന്നാംസ്ഥാനം നൽകി മാറി നിന്നു. എന്നാൽ കൂടുതൽ സൗമ്യനായ ഇടയനാകട്ടെ സ്വത്തുടമസ്ഥനായതു നിമിത്തം സ്വയം വീട്ടിൽ ഒന്നാമനാവുകയും സ്ത്രീയെ രണ്ടാംസ്ഥാനത്തേക്ക് മാറ്റുകയും ചെയ്തു. അവൾക്ക് പരാതിപ്പെടാൻ കഴിഞ്ഞതുമില്ല. കുടുംബത്തിനകത്തെ തൊഴിൽ വിഭജനം വീട്ടിനകത്തെ സമ്പത്തിനെയും പുരുഷനും സ്ത്രീയ്ക്കു ഇടയിൽ വീതിച്ചിരുന്നു. ഈ തൊഴിൽ വിഭജനം മാറ്റമില്ലാതെ തുടർന്നുപോരുകയും ചെയ്തു. എന്നാൽ വീടിനുപുറത്തുള്ള തൊഴിൽ വിഭജനത്തിൽ വന്ന മാറ്റം വീട്ടിലെ സ്ത്രീയുടെ സ്ഥാനത്തെ സാരമായി ബാധിച്ചു (30).

ആധുനിക കാലഘട്ടത്തിലെ ഏകദാമ്പത്യകുടുംബത്തിൽ പുരുഷൻ ബൂർഷ്വാസിയേയും സ്ത്രീ തൊഴിലാളി വർഗ്ഗത്തേയുമാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് ഏംഗൽസ് അഭിപ്രായപ്പെടുന്നു. ഒരുപാടുപേർ എന്നതിൽ നിന്ന് ഒരാളുടെ സ്വകാര്യസ്വത്തായി മാറ്റപ്പെടുകയാണ് അണുകുടുംബം എന്ന വ്യവസ്ഥ പുതിയ കുടുംബങ്ങൾ പുരുഷാധിപത്യത്തെ ശക്തമാക്കി സ്ത്രീയുടെ ചാരിത്ര്യം കർശനമാക്കിയതുപോലെ, കൊളോണിയൽ മൂലധനപ്രക്രിയകൾ രൂപപ്പെടുത്തിയ പുതിയ കുടുംബം അമ്മയുടെ അവിഹിതബന്ധങ്ങളെ നിരോധിച്ച് അച്ഛന്റെ പിന്തുടർച്ചയെ പവിത്രമാക്കി. ഇങ്ങനെ വീടനെ മഹത്വീകരിച്ച് ഭാര്യാപദവിയെ നിർവചിക്കുന്നു.

പ്രത്യയശാസ്ത്രപരമായി ബ്രാഹ്മണ്യവൽക്കരിക്കപ്പെട്ട കുടുംബമാണ് ആധുനികതയുടെ കേരളീയമായ മാതൃകയായി നിലകൊള്ളുന്നത്. കീഴാളമായി രൂപപ്പെടുന്ന മുന്നേറ്റങ്ങളെ ബ്രാഹ്മണീകരിക്കുന്നതിന്റെയും ആണത്തീകരിക്കുന്നതിന്റേയും പ്രത്യയശാസ്ത്രമായി സമൂഹത്തിൽ പ്രവർത്തിക്കുന്നു. സംസ്കാര ഘടനയിലെ അധികാര, ജാതി, വർഗ, ലിംഗ ഘടനകളുടെ രാഷ്ട്രീയത്തിൽ നിന്ന്

പദവി ചിന്തകൾ രൂപപ്പെടുന്നത്. മാറി വന്ന സാമൂഹികഘടനയ്ക്കനുസരിച്ച് കുടുംബ ബന്ധങ്ങളിലും വിവാഹ ബന്ധങ്ങളിലും മാറ്റങ്ങളുണ്ടായി എന്ന് ഏംഗൽസ് വിശദീകരിച്ചിട്ടുണ്ട്.

## 1.8 കർതൃത്വവും ലിംഗപദവിയും

ചരിത്രവൽക്കരണം അടിസ്ഥാനപരമായി വിളിച്ചു പറയുന്നത് പുരുഷന്റേതാണ് എന്നാണ്. ചരിത്രത്തിനുള്ളിൽ അമർത്തി വയ്ക്കുന്നത് സ്ത്രീയുടെയും കീഴാളരുടെയും അനുഭവങ്ങളും ഇച്ഛകളും കാമനകളും എഴുത്തുകളുമാണ്. സാമൂഹിക, ചരിത്രസ്ഥാപനങ്ങൾക്കിടയിൽ പുരുഷ മേധാവിത്വത്തിൽ തകർക്കപ്പെട്ട സ്ത്രീത്വത്തെ കാണാം. ഭരണകൂടം, കുടുംബം, ഭാഷ, സാഹിത്യം എന്നിവ എല്ലാ സാമൂഹിക സ്ഥാപനങ്ങളിലും സ്ത്രീയെ പാർശ്വവൽക്കരിക്കുന്നു.

കൃതിയെ പൊതിഞ്ഞിരിക്കുന്ന ദമിതമായ പാഠങ്ങൾ കണ്ടെടുക്കുന്നതിലൂടെ മലയാളസാഹിത്യ ചരിത്ര അവബോധത്തെക്കുറിച്ചുള്ള രാഷ്ട്രീയ വായനകൾ ഒട്ടേറെ അനിവാര്യമായിരിക്കുന്നു. ഈ അവസ്ഥ കർതൃത്വത്തേയും ലിംഗപദവിയെയും സാമൂഹ്യബന്ധങ്ങൾക്കുള്ളിൽ വച്ച് പുനർപാരായണത്തിന് വിധേയമാക്കേണ്ടതുണ്ട്.

ആധുനിക കേരളത്തിന്റെ രൂപപ്പെടലിൽ ജാതിക്കുപരിയായി ലിംഗപരമായ ക്രമീകരണം ശക്തമാവുകയും പുരുഷാധിപത്യം ശക്തമാവുകയും ചെയ്യുന്നതായി ദേവിക ജെ. നിരീക്ഷിക്കുന്നു. കേരളീയ ആധനികതയുടെ വ്യക്തി -കുടുംബ- ലൈംഗിക-രാഷ്ട്ര വൈകാരികതകളെ പ്രത്യയശാസ്ത്രപരമായി ഉൽപാദിപ്പി ക്കുകയാണ് എന്നുകാണാം.

സ്ത്രീ ചരിത്രരചനാരംഗത്തെ ഉമാചക്രവർത്തി ഇന്ത്യൻ സമൂഹത്തിലെ ജാതിവ്യവസ്ഥയെയും അവ സ്ത്രീകളിൽ നടപ്പിലാക്കിയ നിയന്ത്രണങ്ങളെയും സൂക്ഷ്മമായി വിശകലനം ചെയ്ത് അവതരിപ്പിക്കുന്നുണ്ട്. ഇത്തരമൊരു ആശയ കേരളത്തിന്റെ പരിസരത്തിൽ ലിംഗപദവിയിൽ പ്രവർത്തിക്കുന്നത് പഠിക്കുമ്പോൾ ചേർത്തുവയ്ക്കേണ്ട ഒന്നാണ്.

കേരളീയ സാമൂഹിക ജീവിതത്തെ വിശകലനം ചെയ്യുമ്പോൾ വളരെ പ്രയോ ജനകരമായ ഒന്നാണ് ജെ. ദേവിക അവതരിപ്പിക്കുന്ന ജന്മഭേദവയവസ്ഥ എന്ന സങ്കല്പനം. "കേരളത്തിലെ എല്ലാ സ്ത്രീകൾക്കും ഒരുപോലെ ബാധകമായ ഒരു

സ്ത്രീ സങ്കല്പനം അല്ലെങ്കിൽ സ്ത്രീത്വദർശനം പരമ്പരാഗത മലയാളി സമൂഹത്തിൽ ഉണ്ടായിരുന്നില്ലെന്ന് പറയാം. പരമ്പരാഗത കേരളീയ സമൂഹത്തെ ജന്മഭേദവ്യവസ്ഥ എന്ന് നമുക്ക് വിളിക്കാം. ഒരു വ്യക്തി ഏത് ജാതിവിഭാഗത്തിൽ ജനിക്കുന്നുവോ ആ വിഭാഗത്തിന്റെ പൊതുനിയമങ്ങൾക്ക് അടിപെട്ട് ജീവിതകാലം മുഴുവൻ കഴിച്ചു കൂട്ടികൊള്ളണമെന്ന നിബന്ധന ഇതിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്നായിരുന്നു." (69)

> ഓരോ ജാതിയിലും ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും വെവ്വേറെ ലിംഗനിയമങ്ങളുണ്ടായിരുന്നു എന്ന് ജെ. ദേവിക വിലയിരുത്തുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങൾ മുതൽ സമുദായ പരിഷ്കരണപ്രസ്ഥാനങ്ങൾ ശക്തി പ്രാപിച്ചതോടുകൂടി പരമ്പരാഗത ലിംഗമൂല്യങ്ങൾ മനുഷ്യത്വത്തിനെ തിരാണെന്ന വിമർശനമുന്നയിച്ച ഈ പ്രസ്ഥാനങ്ങൾ അവയ്ക്കുപകരം പുതിയ മൂല്യങ്ങളെ മുന്നോട്ടുവച്ചു. ആൺ–പെൺ ഭേദങ്ങളും ഇരട്ട സദാചാരവും രൂപം പ്രാപിച്ചത് ഈ കാലഘട്ടത്തിലാണ്. സ്ത്രീകൾക്കിടയിൽ തന്നെ നല്ല സ്ത്രീയെയും ചീത്ത സ്ത്രീയെയും വേർതിരിക്കുന്ന മാനദണ്ഡങ്ങൾ ഇതിന്റെ ഭാഗമായിരുന്നു (ദേവിക ജെ, 2000; 69). നിലവിലുള്ള എല്ലാ പൊതുബോധങ്ങൾക്കപ്പുറം സ്ത്രീ തന്റെ ആന്തരികതയെ/സ്വത്വത്തെ ആവിഷ്കരിക്കാനുള്ള ആർജ്ജവം നേടേണ്ടതുണ്ട്. പൊതുബോധത്തിന്റെ വ്യവസ്ഥാപിതനേട്ടങ്ങൾക്കോ, സങ്കൽപ്പങ്ങൾക്കോ, കൽപ്പനകൾക്കോ അടിപ്പെടാത്ത കർതൃത്വമാണ് ഉയർത്തിക്കാട്ടേണ്ടത്.

പെണ്മയെ, ലിംഗപരതയെ എല്ലാം പുതിയ ദർശന സാധ്യതകളിലൂടെ വിശകലനം ചെയ്യുമ്പോൾ സ്ത്രീകൾക്കും പുരുഷനുമിടയിൽ ഒട്ടനേകം ലിംഗസ്വത്വങ്ങൾ ഉണ്ടെന്ന് കാണാം. വ്യത്യസ്തലിംഗപദവി സാമൂഹിക പ്രക്രിയയിൽ രാഷ്ട്രീയകാഴ്ചപ്പാടുകളുടെ ഇംഗിതത്തിന് അനുസരിച്ച് മാറ്റം വരുന്നു. സമ്പത്തും സ്ത്രീശരീരവും ലക്ഷ്യംവച്ചാണ് പ്രാചീനകാലം മുതൽ സാമ്രാജ്യ വിപുലീകരണങ്ങളും യുദ്ധങ്ങളും നടന്നത്. പുരുഷശരീരത്തിന്റെ ശക്തി പ്രകടനങ്ങളും ആണത്ത ധാർഷ്ട്യത്തിന്റെ ഭിന്ന ബിംബങ്ങളും യുദ്ധങ്ങളെയും കീഴടക്കലുകളെയും സാധൂകരിച്ച് കൊണ്ടാണ് എക്കാലത്തും ആവിഷ്കരിക്കപ്പെട്ടത്.

ബോധം പ്രവൃത്തിയെ സ്വാധീനിക്കുന്നു എന്നുള്ളത് ഒരു

സാമാന്യതത്വമാണ്. ബോധത്തെ ക്രമീകരിക്കുന്ന ഒരു തരം ആന്തരപ്രവർത്തനം സാമൂഹ്യ ഘടനയ്ക്കുള്ളിൽ നടക്കുന്നുണ്ട്. ഈ പ്രക്രിയ ലിംഗപദവി നിർണ്ണയത്തിൽ കാണാൻ സാധിക്കും. ലൈംഗിക താല്പര്യത്തിലെ വ്യത്യാസമോ ലിംഗപദവിയൊ തിരിച്ചറിയുമ്പോൾ സമൂഹത്തിൽ അവർ നേരിടേണ്ടിവരുന്ന തിരസ്ക്കരണവും രൂക്ഷവിമർശനവുമാണ്.

ആൺ-പെൺ ഘടനയ്ക്കകത്താണ് സമൂഹവും നിയമനിർമ്മാണവും നിലകൊള്ളുന്നത്. കേരളത്തിൽ നിലനിൽക്കുന്ന ആൺകോയ്മയിലധിഷ്ഠിതമായ ധാരണകളിലും സ്ത്രീവിരുദ്ധ ചിന്തകളും പുരുഷനു താഴെയായി സ്ത്രീയേയും അതിനു താഴെ ഭിന്നലിംഗക്കാരനേയും ഉൾപ്പെടുത്തുന്നു.

ജെൻഡർ, സെക്സ്, സെക്ഷ്വാലിറ്റി എന്നിവയുടെ അർത്ഥഘടനയെ കുറിച്ച് ആധികാരികമായ ധാരണയില്ലായ്മയുടെ പ്രശ്നങ്ങളാണ് കേരളീയ പൊതുമണ്ഡലം അഭിമുഖീകരിക്കുന്നത്. ലിംഗരാഷ്ട്രീയം, ലിംഗപദവി തുടങ്ങിയ ചർച്ചകൾ ഉടലെടുക്കുന്നത് പാശ്ചാത്യലോകത്താണ്. ഇവയെപ്പറ്റിയുള്ള ചർച്ചകൾ ആഗോളതലത്തിൽ രൂപപ്പെട്ടു. ലിംഗപദവിയും ലിംഗരാഷ്ട്രീയത്തിന്റെ രാഷ്ട്രീയവും അക്കാദമിക് തലങ്ങളിൽ പഠിച്ചുതുടങ്ങുന്നത് പാശ്ചാത്യ സിദ്ധാന്തങ്ങളിൽ നിന്നാണ്. എന്നാൽ ഈ സിദ്ധാന്തങ്ങൾ ഏഷ്യയിലെയോ മറ്റു രാജ്യങ്ങളിലെയോ രാഷ്ട്രീയത്തെ പൂർണ്ണമായി നിർവചിക്കാൻ പ്രാപ്തമല്ല എന്ന തിരിച്ചറിവ് അടുത്തകാലത്ത് ഉണ്ടായിട്ടുണ്ട്. ഈ തിരിച്ചറിവിൽ നിന്നും അതാത് ഭൂപ്രദേശങ്ങളിലെ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക തലത്തിൽ പഠിക്കുകയും അവയ്ക്കനുസൃതമായി മുകളിൽ പ്രസ്താവിച്ചവയെ വിലയിരുത്തേണ്ടതുണ്ട് എന്ന തിരിച്ചറിവിലേക്ക് എത്തുന്നു. പാശ്ചാത്യസിദ്ധാന്തങ്ങളെ വിലയിരുത്തുകയും തുടർന്ന് കേരളീയ പരിസരങ്ങളെ പഠനവിധേയമാക്കുകയും ചെയ്യുന്നു.

## കുറിപ്പുകൾ

1. ചാന്നാർ കലാപത്തെക്കുറിച്ച്, മാറുമറക്കൽ സമരം തുടങ്ങിയ കേരളചരിത്രവുമായി ബന്ധപ്പെട്ടവ എസ്.കെ.വസന്തൻ 'നമ്മൾ നടന്ന വഴികൾ' പി.കെ.ബാലകൃഷ്ണൻ, ജാതി വ്യവസ്ഥിതിയും കേരളചരിത്രവും' എന്നിവ കൂടാതെ കേരളചരിത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങളാണ് ഇവിടെ പരിഗണിച്ചിരിക്കുന്നത്.

2. "വിദ്യയെ (അറിവിനെ) കൊടുക്കുന്ന സരസ്വതി തന്നെ സ്ത്രീയാണെന്ന് ആര്യന്മാർ വിശ്വസിച്ചിരുന്ന അവസ്ഥക്കും സ്ത്രീകൾക്ക് വിദ്യയുണ്ടായാൽ അനേകം ഗുണം സിദ്ധിക്കുന്ന അവസ്ഥയിരിക്കെ സ്ത്രീകൾക്ക് വിദ്യാഭ്യാസം പാടില്ലെന്ന് പറയുന്നത് വളരെ അബദ്ധമാണ്." – ബ്രഹ്മാനന്ദ ശിവയോഗി, 1889, ശ്രീവിദ്യാപോഷിണി

ഇതിന് പുറമേ ശിവയോഗരഹസ്യം, സിദ്ധാനുഭൂതി, മോക്ഷപ്രദീപം എന്നീ ഗ്രന്ഥങ്ങളിലും മറ്റുള്ള മോക്ഷശാസ്ത്രങ്ങളാലും സ്ത്രീകൾക്ക് യോഗജ്ഞാനംകൊണ്ടേ മുക്തി ലഭിക്കുകയുള്ളൂ എന്ന്.

"വാസ്തവത്തിൽ ആത്മാവിനെത്തന്നെയാണ് സ്ത്രീയെന്നും പുരുഷനെന്നും പറയുന്നത്. ആ ആത്മാവോ ജ്ഞാനസ്വരൂപമാകുന്നു. അപ്പോൾ സ്ത്രീകൾ ജ്ഞാനത്തിന് പാത്രമല്ലെന്ന് പറയുന്ന പക്ഷക്കാർ ജ്ഞാനസ്വരൂപമായ ആത്മാവ് ജ്ഞാനത്തിന് പാത്രമല്ല എന്ന് പറയുന്ന കൂട്ടത്തിലായിത്തീരുന്നു"

"സ്ത്രീകളെ വിദ്യയഭ്യസിപ്പിച്ചീടുകിൽ

പോകും തങ്ങടെ പാതിവ്രത്യമെന്നു

ലോകത്തിൽ ചിലർ വാദിച്ചുകൊള്ളുന്നു

മൂകപക്ഷമതെന്നേ പറയേണ്ടൂ"

ബ്രഹ്മാനന്ദശിവയോഗി സ്ത്രീവിദ്യാഭ്യാസത്തെപ്പറ്റി തന്റെ മിക്ക രചനകളിലും അവതരിപ്പിക്കുന്നുണ്ട്.

3. മലബാറിലെ കർഷകസമരത്തിലും സ്വാതന്ത്ര്യസമരത്തിലെ വിവധ ഘട്ടങ്ങളിലും സ്ത്രീകൾ സജീവമായി ഇടപ്പെട്ടു. ചീമേനിയിലെ 'തോലുവിറകുസമരം' കണ്ടും കൈയിലെ മേച്ചിൽപുല്ലു സമരവും സ്ത്രീകൾ തന്നെ ഏറ്റെടുത്ത് നടത്തിയവയാണ്. (ഇന്ദു ഇടപ്പിള്ളി 325) പാർവതി നെന്മേനിമംഗലം കൊച്ചിയിലും ആര്യാപള്ളം മലബാറിലും ലളിതാംബിക അന്തർജ്ജനം തിരുവിതാംകൂറിലും കെ. ദേവയാനി കൈയ്യൂർ സമരത്തിലും സാമൂഹ്യപരിഷ്കർത്താക്കളായി പ്രവർത്തിച്ചിരുന്നു.

4. ഉദാരസ്ത്രീവാദമെന്ന പേരിൽ അറിയപ്പെടുന്ന ലിബറൽ ഫെമിനിസത്തിന്റെ മുഖ്യ വക്താക്കൾ മേരി വുൾസ്റ്റൺ, ക്രാഫ്റ്റ്, ഹാരിയറ്റ് റ്റെയ്‌ലർ തുടങ്ങിയവരാണ്.

**Liberal feminisam** - "is an indivudalistic form of feminist theory which focuses on women's ability to maintain their equality through their own action and choices. Its emphasis is an making the legal and political rights of women equal to men"

**Radical feminisam** - Radical feminists view society as fundamentally a patriarchy in which men dominate of oppress women. "Liberate everyone form an unjust society by challenging existing social norms and institution."

**Black feminisam** - Alice walker, Angela Davis, Patricia Hill Collins

**Eco feminism** - It address the parallels between the oppression of nature and the oppression of women to emphasize the idea that both must be understood in order to properly recognize how they are connected. These parallels included but are not limited to seeing and nature as property, seeing mean as the curators of culture and women as the curators of nature, and how men dominate women and humans dominate nature

**Lesbian Feminisam** - "Lesbian feminisam emerged as a result of two developments lesbian within the [women's liberation movement] began to create a new, distinctively feminist lesbian politicsp and lesbians in the left to joinup with their sisters" [https://wikipedia.org/feminisam]

4. ലൈംഗികതയിലെ വൈവിധ്യങ്ങൾക്ക് സമാന്തരമായി ജെന്ററിലുള്ള വൈവിധ്യങ്ങളെ ക്കുറിച്ചുള്ള പഠനങ്ങൾ നടത്തിയത് സാൻഡ്രബെം എന്ന പാശ്ചാത്യരുടെ നേതൃത്വത്തിലാണ്.

കിൻസി ആൽഫ്രെഡ് ചാൾസ് 'സെക്ഷ്വൽ ബിഹേവിയർ ഇൻ ദി ഹ്യൂമൺ മെയ്ൽ' വിശകലനം ചെയ്യുന്നുണ്ട്.

Handbook of Human Sexuality - Benjamin, Wolman, John Money (Ed) 1980 എന്ന പുസ്തകത്തിൽ വിശകലനം ചെയ്യുന്നുണ്ട്.

Kinsey Alfred Charles "For nearly century the term homosexual in connection with human behaviour has been applied to sexual relations, either over psychic, between individuals of the same sex. Derived from the Greek route homorather than from the Latin word for man..." കൂടുതൽ വിശകലനാന്വേഷണങ്ങൾക്ക് ഈ ഭാഗങ്ങൾ ഉപയോഗിക്കുന്നു.

6. മരുമക്കത്തായലൈംഗികത മാതൃദായക്രമത്തിന്റെ വികാസത്തിൽ ഉറച്ചുപോയ ഗോത്ര ജീവിതത്തിലെ പൊതുലൈംഗികതയുടെ അവശിഷ്ടമാണ്. കുടുംബത്തിൽ സ്ത്രീക്ക് ലൈംഗികമായ സ്വാതന്ത്ര്യവും അനന്തരതലമുറകളുടെ അവകാശവും നിർണയിക്കാനുള്ള സ്ഥാനവും ലഭിച്ചതോടെ ഭർത്താവ് അഥവാ കുഞ്ഞുങ്ങളുടെ പിതാവ് അന്യനും

അപ്രസക്തനും ആയിത്തീർന്നു. "മലയാളത്തിൽ കുടുംബമെന്ന് പറയുന്നത് മാതാവും എത്ര തലമുറ ഇറങ്ങിയിരുന്നാലും സന്താനങ്ങളും കൂടിയുള്ളൊരു സംഘമാണ്." കൊച്ചി രാജ്യചരിത്രം, വാല്യം 1, പേജ് 8

7. മരുമക്കത്തായലൈംഗികസ്വാതന്ത്ര്യത്തെക്കുറിച്ച് കെ.പി.പത്മനാഭമേനോൻ പറയുന്ന തിങ്ങനെ. "സ്ത്രീപുരുഷന്മാരുടെ സംസർഗവിഷയത്തിലുള്ള സ്വാതന്ത്ര്യത്തിന് അളവില്ല. പുരുഷന്മാർക്ക് ഇഷ്ടം പോലെ എവിടേയും കയറി എന്തും ചെയ്യാം. ഭർത്താവ് തന്നെയായാലും യാതൊരു തടസവും ചെയ്തുകൂടാ. വാതുക്കൽ ആയുധം ചാരിവെച്ചി രിക്കുന്നത് കണ്ടാൽ ഭർത്താവ് കൂടി മടങ്ങിപ്പോകണം. ബഹുഭർതൃത്വം ഒട്ടും അസാധാര ണമല്ലായിരുന്നു. ഓരോ ഭർത്താവും സ്ത്രീയുടെ ഓരോ ആവശ്യങ്ങൾക്ക് വേണ്ടുന്നത് കൊടുത്തിരുന്നു. ഊഴമിട്ട് ഭാര്യയുടെ ഗൃഹത്തിൽ പോവുകയും ചെയ്യും. ഭർത്താക്കന്മാർ തമ്മിൽ സ്പർദ്ധ കൂടാതെ കഴിഞ്ഞിരുന്നു." "എത്ര കണ്ട് അധികം പുരുഷന്മാർ ഒരു സ്ത്രീക്ക് സംബന്ധക്കാരായിട്ടുണ്ടോ അത്രകണ്ട് അധികം മാന്യതയിലാണ് ജനങ്ങൾ അവളെ സ്വീകരിച്ചുപോന്നത്." കേരളം വിദേശീയരുടെ ദൃഷ്ടിയിൽ (കെ.ഇ.എൻ. 50)

"പ്രഭുഭവനങ്ങളിലെ നായർസ്ത്രീകൾ അവരുടെ ഭർത്താക്കന്മാരെ എത്ര ബ്രാഹ്മണർ എത്ര ക്ഷത്രിയർ ഉണ്ടെന്ന് പറഞ്ഞ് അഭിമാനിക്കുകയും മേനി നടിക്കുകയും ചെയ്തിരുന്നതായി" ബുക്കാനനും എഴുതിയിരുന്നു. ഒരുവളുടെ മാന്യത ഭർത്താക്കന്മാരുടെ എണ്ണക്കൂടുതലിലായിരുന്നു. ഗർഭിണിയായാൽ കുഞ്ഞിന്റെ പിതാവ് ആരാണെന്ന് അവൾ നിശ്ചയിച്ച് പറഞ്ഞയയ്ക്കുന്നു. അയാളാണ് കുഞ്ഞിന്റെ ചിലവ് നിർവ്വഹിക്കേണ്ടത്. അതും നിർബന്ധമില്ല. പിതാവിന്റെ സ്വത്തിന് മക്കൾക്ക് അവകാശം ഉണ്ടായിരിക്കുകയില്ല" (വില്യം ലോഗൻ 139).

8. ലിംഗസ്വത്വവകാശങ്ങൾക്കുവേണ്ടി വിശാലമായ രാഷ്ട്രീയ അർത്ഥങ്ങളുള്ള ക്വീർതിയറി ശബ്ദമുയർത്തുന്നു. സമൂഹഘടനയിലെ പ്രാബല്യവും അധീശത്വവും പുലർത്തുന്നവ യുമായ ആശയങ്ങളെ ചോദ്യം ചെയ്യുന്നു. ഉഭയലൈംഗികത സ്വാഭാവിക രീതിയായി കണ്ട് അതിനെ അടിച്ചേൽപ്പിക്കുന്ന സാമൂഹിക നീതിയെയാണ് ക്വീർതിയറി വിമർശിക്കുന്നത്. ലിംഗസ്വത്വ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടേണ്ടതാണെന്നും വ്യത്യസ്ത ലൈംഗികത അംഗീ കരിക്കപ്പെടേണ്ടതാണെന്നും ക്വീർതിയറി ആവശ്യപ്പെടുന്നു.

9. ലൈംഗികന്യൂനപക്ഷങ്ങൾ (Sexual minorities)

ഭിന്നവർഗ്ഗലൈഗികതയിൽനിന്ന് വിഭിന്നമായ ലൈഗികതാൽപര്യങ്ങൾ പുലർത്തുന്നവരെയാണ് ലൈഗിക ന്യൂനപക്ഷങ്ങൾ എന്ന് വിളിച്ചുവരുന്നത്. ലെസ്ബിയൻ, ഗേ തുടങ്ങിയവരാണ് ലൈംഗികന്യൂനപക്ഷങ്ങളായി അറിയപ്പെടുന്നത് (LGBT).

ലെസ്ബിയൻ, ഗേ, ട്രാൻസ്ജെന്ററുകൾ ഉൾപ്പെടെയുള്ളവരെ ഒറ്റഗ്രൂപ്പായി എൽജിബിറ്റി കമ്മ്യൂണിറ്റി എന്ന് വിശേഷിപ്പിക്കുന്നു. ലൈംഗികതാവ്യവഹാരങ്ങളിൽ നിന്നും അസ്പൃശ്യരായി മാറ്റി നിർത്തപ്പെട്ട വിമത ലൈഗിക വ്യക്തിത്വങ്ങളുടെ സാമൂഹ്യപദവിയെ കുറിച്ചുള്ള അന്വേഷണങ്ങൾ നടത്തുന്നു.

മിഷായേൽ ഫൂക്കോ തന്റെ കൃതികളെ സ്വവർഗാനുരാഗത്തിന്റെ രാഷ്ട്രീയ

മാനങ്ങളെ വെളിച്ചത്തു കൊണ്ടുവരുന്നുണ്ട്. ദി ഹിസ്റ്ററി ഓഫ് സെക്ഷ്വാലിറ്റി, ദി അബ്നോർമൽ എന്നീ കൃതികളിൽ വിസകലനം നടത്തുന്നുണ്ട്. ഗേ സിദ്ധാന്തങ്ങളെ സ്വാധീനിച്ച രണ്ട് സിദ്ധാന്തകരാണ് സിഗ്മണ്ട് ഫ്രോയ്ഡ്, മിഷേൽ ഫൂക്കോ എന്നിവർ ലൈംഗികതയുടെ വിചാരണങ്ങളാണ് നടത്തിയത്. Benkert എന്ന ചിന്തകനാണ് 1869ൽ homo sexuality എന്ന പ്രയോഗം ആദ്യമായി കൊണ്ടുവന്നത്. 1976ൽ അദ്ദേഹം എഴുതിയ The history of sexuality പുംസ്ത്രീ ലൈഗികതകളെ ഒരു ശരീരത്തിൽ ഒന്നിപ്പിക്കുവാനുള്ള യത്നമായി പത്തൊമ്പതാം നൂറ്റാണ്ടിലെ സമസ്യയെ മാറ്റുന്നുണ്ട് (ലൈംഗിക-ലിംഗത്വ ന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള കൈപുസ്തകം).

10. (Historical explanations of masculinity of feminity are diverse. Ye they are informed by acrucial epistemological of political principle masculinity of femininity are not aspects of biology or physiology. Neither are they god gien instead they are parts of systems of thought and action which human beings have constructed over centuries. this means that their meanings of significance are myriad, dependent on time of place, influenced by facts of both geography of history.) (ഗീത വി 50).

11. രാഷ്ട്രീയവും സാമൂഹികവുമായ ക്രമങ്ങളുടെ കേന്ദ്രപ്രതീകമാണ്/കേന്ദ്രരൂപകമാണ് ശരീരം എന്ന് ടർണർ പറയുന്നുണ്ട് (Body is the central metaphor of political and sociological order).

12. ഫൂക്കോവിന്റെ പഠനങ്ങളും, ദെരീദയുടെ വ്യതിരിക്തതയുടെ കാഴ്ച്ചപ്പാടും ഉത്തരാധുനികപഠനങ്ങളിൽ ശരീരത്തെക്കുറിച്ചുള്ള ചർച്ചകളെ സ്വാധീനിച്ചിട്ടുണ്ട്. സിമോൺ ദിബുവ്വെ, കേറ്റ്മില്ലറ്റ, ഷൂലാമിത്ത്ഫയർസ്റ്റോൺ തുടങ്ങിയവ ലിംഗതുല്യതയ്ക്ക് പ്രത്യുൽപാദനം നടത്തുന്ന സ്ത്രീശരീരം അപവാദമാണെന്നും അത് മറികടക്കാൻ ശാസ്ത്ര സാങ്കേതിക വിദ്യയെ പ്രകൃതിയുമായി കൂട്ടിയിണക്കുന്ന ചർച്ചകൾ നടത്തിയിരുന്നു.

13. പുരുഷനെ A എന്നും സ്ത്രീയെ (Not A) എന്നും രേഖപ്പെടുത്തുമ്പോൾ Not A എന്നത് അ എന്നതിനെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് ഈ യോജിക്കൽ എ എന്നതിന്റെ ഇല്ലായ്മമാത്രമാണ് (Not A)എന്നത്, മാത്രമല്ല (Not A) എന്നതിനും അയിലൂടെ മാത്രമേ നിർവചിക്കാനുമാവൂ. ഈ ബൈനറി ലോജിക്കനുസരിച്ച് സ്ത്രീപുരുഷനെ ആശ്രയിച്ചിരിക്കുന്നു എന്നും സ്ത്രീയുടെ സ്വത്വത്തെ പുരുഷനിലൂടെയേ നിർവചിക്കാനാവൂ എന്നും വരുന്നു. (A Not A) എന്നതിൽ നിന്ന് വ്യത്യസ്തമായി എ/ബി എന്നുള്ള നിലയിൽ സ്ത്രീ-പുരുഷബന്ധത്തെ മനസ്സിലാക്കണമെന്ന് നാൻസി ജെ. സൂചിപ്പിക്കുന്നുണ്ട്. അങ്ങനെയാവുമ്പോൾ പുരുഷലിംഗത്തിന്റെ അഭാവമല്ല സ്ത്രീലിംഗമെന്നും അത് മറ്റൊരു ഉണ്മയാണെന്നു വരുന്നു. ഫ്രോയിഡും, പുരുഷലിംഗ കേന്ദ്രീതയുക്തിയുമാണ് കർതൃസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നത് (Libido is masculive).

14. ലൂസിഇറിഗറെ (LuceIrigaray) പറയുന്നത് ലകാന്റെ പ്രതീകാക്രമം തന്നെ പുരുഷലിംഗ കേന്ദ്രീകൃതമാണ്, (Phallocentric) എന്നാണ്. അതിൽ സ്ത്രീകൾ പുരുഷന്മാരുടെ കല്പിത സ്ത്രീയായി മാത്രമെ അവതരിക്കയുള്ളൂ എന്ന് വാദിച്ചു. സ്ത്രീ ലൈംഗികത പുരുഷലൈംഗിതയ്ക്ക് അപരമാണ് (Others) എന്നും പറഞ്ഞു. ലകാൻ പറഞ്ഞപോലെ,

ഭാഷാ, ആസ്ക്തിയെ (Desire) സൃഷ്ടിക്കുമെന്നും സ്ത്രീകളുടെ ലിബിഡോ ഊർജ്ജം, പുരുഷ ഊർജ്ജത്തിൽനിന്ന് അപരമായതുകൊണ്ട് ഭാഷയും അപരമാകുമെന്നും അവർ വാദിച്ചു.

15. നരവംശശാസ്ത്ജ്ഞനായ മോർഗൻ അഞ്ച് രീതിയിലുള്ള കുടുംബ സമ്പ്രദായത്തെ കുറിച്ച് പറയുന്നുണ്ട്.

1. പുരുഷമേധാവിത്വകുടുംബം (patrilineal family) കുടുംബത്തിൽ പുരുഷന്റെ പൂർണ്ണമേധാവിത്വവും ബഹുഭാര്യാത്വവും നിലവിലുള്ള അവസ്ഥ.

2. ഏകഭാര്യത്വ/ഏക ഭർതൃത്ത്വകുടുംബം (managerial family) ഒരു പുരുഷൻ ഒരു സ്ത്രീയെ മാത്രമോ അല്ലെങ്കിൽ സ്ത്രീ മേധാവിത്വമുള്ള കുടുംബങ്ങളിൽ ഒരു സ്ത്രീ ഒരു പുരുഷനെ മാത്രമോ വിവാഹം ചെയ്ത് കുടുംബജീവിതം നയിക്കുന്ന രീതിയാണിത്.

3. ചാർച്ചാകുടുംബങ്ങൾ (punaluant family) ഒരു കുടുംബത്തിലെ എല്ലാ സഹോദരന്മാരും മറ്റൊരു കുടുംബത്തിലെ സഹോദരിമാരെ വിവാഹം ചെയ്യുക വഴി സൃഷ്ടിക്കപ്പെടുന്ന കുടുംബരീതിയാണിത്.

4. ബന്ധുത്വകുടുംബം (consanguine family) - പ്രാഥമിക രക്തബന്ധം ഒഴികെ മറ്റെല്ലാ രക്തബന്ധത്തിലുള്ളവരും തമ്മിൽ വിവാഹം ചെയ്യുകയും ജീവിക്കുകയും നയിക്കുകയും ചെയ്യുന്ന സമ്പ്രദായമാണിത്. ആദിവാസികളിലും ഇന്ത്യയിലെ ചില ജാതി വിഭാഗങ്ങളിലും ഇത്തരം സമ്പ്രദായം കാണാം.

5. സിൻഡാസ്മിയൻ കുടുംബം (syndasmian family) - ഈ കുടുംബത്തിൽ ലൈംഗികബന്ധങ്ങൾ നിശ്ചിതമോ നിർവചിക്കപ്പെട്ടതോ ആയിരിക്കില്ല. വിവാഹം ചെയ്തു വന്ന സ്ത്രീക്ക് ഭർതൃസഹോദരന്മാരെ ബന്ധത്തിൽ പങ്കാളികളാക്കാം. ഇത്തരം കുടുംബങ്ങളിൽ വ്യക്തിപരിഗണനകൾക്ക് മുൻതൂക്കം നൽകുന്നു (രാധാകൃഷ്ണൻ എ.പി. 80).

സ്ത്രീ വിവാഹശേഷം സ്വഗൃഹത്തിലെ അവകാശങ്ങളുപേക്ഷിച്ച് ഭർത്താവിന്റെ കുടുംബത്തിനുള്ളിൽ ചേരുന്നതാണ് വിവാഹകുടുംബസമ്പ്രദായം. സാമൂഹ്യ ശാസ്ത്രത്തിൽ ഇതിനെ പിതൃദായ ഭർതൃഗൃഹവാസം അഥവാ (patri lineal verilocality). ബ്രിട്ടീഷുകാർ 1937-ൽ പാസ്സാക്കിയ ഹിന്ദു സ്ത്രീകളുടെ സ്വത്തവകാശനിയമം വഴി ഹിന്ദുസ്ത്രീകൾ ഭർത്താവിന്റെ സ്വത്ത് ലഭിക്കുമെന്ന അവസ്ഥ വന്നു.

പിതൃമേധാവിത്വപരമായ കുടുംബമാണ് പൗരത്വത്തെ രൂപപ്പെടുത്തുന്നത്. ഈ പിതൃമേധാവിത്വകുടുംബമാണ് ലിംഗപരമായ തൊഴിൽ വിഭജനം സ്ത്രീകളുടെ പൗരത്വത്തെ മോശമാക്കി തീർക്കുന്നു.

ഡബ്ല്യൂ.ജി.സമ്നർ, മലിനോസ്കി.എ.എൽ.ക്രോബർ, എച്ച്.ജെ.എസ്.മെയിൻ തുടങ്ങിയ നരവംശ ശാസ്ത്രഞ്ജമാർ ഗോത്രസമൂഹങ്ങളിലൂടെ വിവാഹം, കുടുംബ ബന്ധങ്ങൾ തുടങ്ങിയവയെ കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്.

* ഒരേ ഗോത്രത്തിൽനിന്നും ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്ന രീതിക്ക് സഗോത്ര

വിവാഹം എന്നു പറയുന്നു. വ്യക്തികൾ അന്യഗോത്രങ്ങളിൽ നിന്ന് ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്ന വിവാഹത്തിന് പരഗോത്രവിവാഹം എന്ന് പറയുന്നു.

ജാതീയസമൂഹങ്ങളെ രണ്ടു വിധത്തിൽ വിവാഹം നടക്കുന്നു.

1. സ്വജാതീയവിവാഹം (Endogamy): ഒരേ ജാതിയിൽ നിന്ന് ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്ന രീതിയാണ് സ്വാജാതീയ വിവാഹം. ഉപജാതികൾ, വർഗ്ഗങ്ങൾ, ഗ്രാമകൂട്ടങ്ങൾ തുടങ്ങിയവയിലെല്ലാം ഈ രീതിയിലുള്ള വിവാഹം നടക്കുന്നു.

2. പരജാതീയ വിവാഹം (Exogamy): ഒരു വ്യക്തി മറ്റു ജാതിയിൽ നിന്നു ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്ന വിവാഹ രീതിക്ക് പരജാതീയ വിവാഹം എന്നു പറയുന്നു.

* ഗോത്രം(clan)

ഒരു പൂർവ്വികനിൽ നിന്ന് ആരംഭിച്ച ഒരു കുടുംബത്തിന്റെ വികസിത രൂപമാണ് താവഴി (Lineage) ഇതിനെ പിൻതുടർച്ചാ ക്രമമെന്നോ വംശപരമ്പരയെന്നോ വിളിക്കാവുന്നതാണ്. രക്തബന്ധമുള്ളവരുടെ ഒരു കൂട്ടമാണിത്. സാമൂഹിക നരവംശ ശാസ്ത്രം ഇതിനെ ഒരു സമജാതീയ സംഘമായി കാണുന്നു. താവഴി വികസിച്ചാണ് ഗോത്രം രൂപപ്പെടുന്നത്. (രാധാകൃഷ്ണൻ.എ.പി 65)

DHANUSHA C.M. “REMODELING GENDER CONSCIOSNESS” THESIS. RESEARCH DEPARTMENT OF MALAYALAM SREEE KERLA VARMA COLLEGE, UNIVERSITY OF CALICUT

# അധ്യായം രണ്ട്
# ലിംഗാവബോധം മലയാളചെറുകഥയിൽ


2.1 കുടുംബം

2.2 സമൂഹം

2.3 ലൈംഗികത

2.4 സ്വത്വരൂപീകരണം

2.5 ഭാഷ

**ആ**ഖ്യാനത്തിലും വിഷയത്തിലും ഭാഷയിലും നിരന്തരപരീക്ഷണങ്ങളിൽ ഏർപ്പെടുന്നവരും അതാത് കാലത്തിലെ പ്രശ്നങ്ങളെ അവതരിപ്പിക്കുന്നതിൽ ബഹുസ്വരാത്മകമായ ശൈലി പിന്തുടരുന്ന സാഹിത്യതലമാണ് കഥാലോകം. എക്കാലത്തും കഥകൾ മനുഷ്യജീവിതത്തെ നിരീക്ഷിക്കാനും ഒന്നിനൊന്ന് വിചിത്രമായ അതിന്റെ സൂക്ഷ്മഭാവങ്ങളെ ആവിഷ്കരിക്കാനുമാണ് പരിശ്രമിച്ചിട്ടുള്ളത്. മലയാളചെറുകഥയിലെ എഴുത്തുകാരികളുടെ രചനകളിലെ ലിംഗാവബോധത്തെക്കുറിച്ച് സാമാന്യമായ ഒരവലോകനമാണ് ഇവിടെ നടത്തുന്നത്.

"കഥകൾ ആത്മാനുഭവപ്രധാനമോ സാമൂഹ്യവിമർശനപരമോ ആയാൽ പോരെന്നും ആത്യന്തികമായി മനുഷ്യജീവിതത്തിൽ അധിഷ്ഠിതമാകണമെന്നും നവീന കഥാകൃത്തുക്കൾ പ്രഖ്യാപിച്ചു. അനുഭവസത്യങ്ങളെ ഖനനം ചെയ്തും വർത്തമാന യാഥാർത്ഥ്യങ്ങളോട് പ്രതികരിച്ചും സ്വപ്നബിന്ദുക്കൾക്ക് നിറം കൊടുത്തും ചെറുകഥ പുതിയ വാങ്മയങ്ങൾ സൃഷ്ടിച്ചു." (രവികുമാർ കെ.എസ്13) ഉള്ളടക്കംകൊണ്ടും ആഖ്യാനകൗശലംകൊണ്ടും മലയാളകഥ വ്യത്യസ്തകാലങ്ങളിൽ നിന്നുള്ള കഥകൾ പോലെയാണ് വായനക്കാർക്കുമുന്നിൽ പ്രത്യക്ഷപ്പെടുന്നത്.

> "മലയാളചെറുകഥയുടെ ചരിത്രത്തിന്റെ ഒന്നാം ഘട്ടത്തിൽ ആദർശപ്രണയം, വീരാപദാനം തുടങ്ങിയ ഭാവങ്ങൾ പ്രാമുഖ്യമാർജിച്ചു. രണ്ടാം ഘട്ടത്തിൽ നിലവിലുള്ള സാമൂഹികവ്യവസ്ഥയുടെ ക്രൂരയാഥാർത്ഥ്യങ്ങൾക്ക് നേരെയുള്ള പ്രതിഷേധം പ്രകടമായി. ആ പ്രതിഷേധമനോഭാവം വിപ്ലവബോധമായി വികസിപ്പിച്ച കഥാകൃത്തുക്കളുണ്ട്. പിന്നീട് ആത്മപരതയാണ് പ്രാധാന്യം നേടുന്നത്, അതിന്റെ ഉച്ചാവസ്ഥയും തുടർന്നുണ്ടാവുന്ന പ്രതിഷേധം പിന്നീട് എഴുതപ്പെട്ട എഴുത്തുകളിൽ

കാണാം." (ബഷീർ എം.എം 25) സാമൂഹ്യപ്രതിബദ്ധതയും ക്രിയാത്മകതയും സാഹിത്യത്തിന്റെ ആയുധമാക്കി ചെറുകഥാസാഹിത്യം പരിവർത്തിക്കപ്പെട്ടു.

സ്ത്രീയുടെ സാമൂഹികാവസ്ഥയെ തിരിച്ചറിഞ്ഞുകൊണ്ട് കഥകൾ രചിച്ചവരാണ് ടി.സി.കല്യാണിയമ്മ, എം.സരസ്വതീബായ്, മുളങ്ങൂർ വിശാലാക്ഷിയമ്മ, അമ്പാടി കാർത്യായനിയമ്മ, അമ്മുവമ്മ തുടങ്ങിയവർ. കഥയെഴുത്തിലൂടെ വ്യവസ്ഥയെ ചോദ്യം ചെയ്യുകയും സംഘർഷങ്ങളെ അവതരിപ്പിക്കുകയും ചെയ്തു. ആദ്യകാലത്ത് ജീവിതത്തിലെ അനുഭവബോധം കലർത്തി നർമ്മരസത്തിൽ കഥകളെഴുതുന്നവരുണ്ടായിരുന്നു. അതിനുപുറമേ പുരുഷകഥാപാത്രത്തിന്റെ ക്രൂരത സഹിച്ച് അവരെ നന്മയിലേക്ക് എത്തിക്കുന്ന സ്ത്രീകഥാപാത്രങ്ങളെയാണ് കൂടുതൽ ആവിഷ്കരിച്ചത്. മാത്രമല്ല, സ്ത്രീയുടെ സാമൂഹികാവസ്ഥയെ തിരിച്ചറിഞ്ഞുകൊണ്ട് കഥകൾ രചിച്ചവരായിരുന്നു ഇവർ. കഥയിലെ ജീവിതത്തെ സ്വന്തം ജീവിതമായി തെറ്റിദ്ധരിക്കാനിടയുള്ളതിനാൽ പലരും മൂടിവെച്ചാണെഴുതിയിരുന്നത്. സ്വതന്ത്രാവിഷ്കാരം അന്നത്തെ സ്ത്രീകളുടെ മുന്നിലെ പ്രധാന വെല്ലുവിളിയായിരുന്നു.

മലയാളത്തിൽ ഒരു സ്ത്രീ എഴുതിയ കഥകൾ ആദ്യമായി സമാഹരിക്കപ്പെടുന്നത് 'പത്മിനിയും ഭീമസിംഹന്റെ പുത്രിയും' എന്നതാണ്. വെങ്ങാലിൽ ചിന്നമാളുവമ്മ രചിച്ച ഈ കഥകളിൽ ചരിത്രകഥകളുടെ പുനരാഖ്യാനമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിനുമുമ്പുതന്നെ ആനുകാലികങ്ങളിൽ ഒട്ടേറെ പേർ കഥകളെഴുതിയിട്ടുണ്ട്. കല്യാണിയമ്മ (രാജപങ്കജം, ഒരു കഴുതയുടെ കഥ, മനം പോലെ മംഗല്യം), ബി.കല്യാണിയമ്മ (ലളിത), കല്യാണിക്കുട്ടി (നാണിച്ചുപോയി), ചിന്നമ്മു അമ്മാൾ (ഒരു കൊലക്കേസ്), ലക്ഷ്മിക്കുട്ടി വാരസ്യാർ (ഇനിയെന്താ ചെയ്ക), പി.മാധവിയമ്മ (ഒരു കപടസ്നേഹിതൻ), അമ്മുവമ്മ (പത്മിനി) തുടങ്ങിയവയാണ്.

ടി.സി.കല്യാണിയമ്മ എഴുതിയ രാജപങ്കജമാണ് ആദ്യസ്വതന്ത്രസ്ത്രീകഥാരചനയെന്ന് കനകലത പി.കെ. (25) വിലയിരുത്തുന്നു. മലയാളത്തിലെ ആദ്യകഥാകാരിയും പരിഭാഷാകഥാകാരിയും കല്യാണിയമ്മയാണെന്ന നിരീക്ഷണവും കനകലത പി.കെ. മുന്നോട്ടുവെക്കുന്നു. ചെറുകഥയുടെ ജന്മശതാബ്ദി സന്ദർഭത്തിലിറങ്ങിയ നൂറു വർഷം നൂറു കഥ എന്ന കൃതിയിൽ സ്ത്രീ എഴുത്തുകാരുടെ രചനകളെ

സൂചിപ്പിച്ചുപോവുകയാണ് ചെയ്തത്. തുടർന്ന് ലളിതാംബിക, സരസ്വതിയമ്മ, രാജലക്ഷ്മി എന്നിവരുടെ രചനകളെ അവതരിപ്പിച്ചുകൊണ്ട് മുന്നോട്ടുപോവുന്നു.

## 2.1. കുടുംബം

ഓരോ സമൂഹത്തിന്റേയും ചരിത്രം പരിശോധിച്ചാൽ കാലഘട്ടങ്ങളിലൂടെ സമൂഹത്തെ നിയന്ത്രിച്ചിരുന്നത് അതത് സമൂഹത്തിന്റെ സംസ്കാരമാണ് എന്ന് കാണാൻ കഴിയും. ‘‘സമൂഹത്തെ ഒന്നിച്ചുനിർത്തുന്ന അതിന്റെ ലക്ഷ്യത്തിന് പൊതുവായൊരു ചട്ടക്കൂടുണ്ടാക്കുന്ന ഒന്നാണ് സംസ്കാരം. ഭാഷയിലും ചിന്താ രീതിയിലും ജീവിതശൈലിയിലും സമീപനങ്ങളിലും മുൻധാരണകളിലുമാണ് അതിന്റെ നില കുടികൊള്ളുന്നത്. കല, സംഗീതം, നാടകസാഹിത്യാദികൾ എന്നിവയിലൂടെ സംസ്കാരം ആവിഷ്കാരം നേടുന്നു. ജനങ്ങളുടെ കൂട്ടായ ലക്ഷ്യങ്ങൾക്കും വരുംതലമുറകൾക്കും കൈമാറേണ്ടുന്ന സഞ്ചിതപൈതൃകത്തിനും രൂപം നൽകുന്നത്’’ ഇതാണ് എന്ന് തോമസ് നിരീക്ഷിക്കുന്നു (27). ഓരോ കാല ഘട്ടത്തിന്റേയും സാമൂഹ്യവളർച്ചയും ഓരോ ദേശത്തിന്റേയും സവിശേഷസാഹ ചര്യങ്ങളുമായി ബന്ധപ്പെട്ട് നിരന്തരമായി പരിഷ്കരിക്കപ്പെടുന്നതിന്റെ ചരിത്രമാണ് നമ്മുടെ കുടുംബവ്യവസ്ഥക്കുള്ളത്.

> “കുടുംബത്തെ മാറ്റിനിർത്തിക്കൊണ്ട് സ്ത്രീപുരുഷബന്ധം, വ്യത്യാസം, വിവേചനം, സമത്വം എന്നിവയെപ്പറ്റി മാത്രമല്ല, സമൂഹത്തേയും സാഹിത്യത്തേയും പറ്റി സംസാരിക്കുക സാധ്യമല്ല. എന്തു കൊണ്ടെന്നാൽ വൈയക്തികവും സാമൂഹികവുമായ സ്ഥാപനമെന്ന നിലക്ക് കുടുംബമാണ് മനുഷ്യരെ ഐക്യപ്പെടുത്തിയ ചരിത്രപരമായ ഘടകം. അതത് കാലത്തും ദേശത്തും നിലനിന്ന കുടുംബരൂപങ്ങളെ ആസ്പദിച്ചാണ് അതത് ദേശകാലങ്ങളിലെ സംസ്കാരം, പരിഷ്കാരം, നാഗരികത എന്നിവയെപ്പറ്റി പഠിക്കുവാൻ കഴിയുന്നത്. കെട്ടുറപ്പില്ലാതെ കുത്തഴിഞ്ഞുകിടന്ന മനുഷ്യരാശിയുടെ അസംഘടിതാവസ്ഥയിൽ നിന്നുള്ള സംഘടിതമുന്നേറ്റമാണ് കുടുംബത്തിന്റെ രൂപപരിണാമങ്ങൾ. മനുഷ്യാനുഭവത്തിന്റെ സൂക്ഷ്മവശങ്ങളിലേക്ക് കുടുംബം വെളിച്ചം വീശുന്നു.” (ഗീത പി, 2002; 574)

‘തലച്ചോറില്ലാത്ത സ്ത്രീകൾ’ എന്ന എം.സരസ്വതിഭായിയുടെ കഥ ഗോവിന്ദൻനായരുടെ മനോഭാവത്തിലൂടെയാണ് മുന്നോട്ട് പോകുന്നത്. തലച്ചോറില്ലാത്ത സ്ത്രീകൾക്ക് സാഹിത്യമൊന്നും മനസ്സിലാവില്ലെന്നും സാഹിത്യകാരനായ ഗോവിന്ദൻനായർ ഭാര്യ കല്ല്യാണിയമ്മയെ പരിഹസിക്കുമായിരുന്നു. സാഹിത്യരംഗത്ത് തന്റെ പ്രതിയോഗിയായ, പ്രഖ്യാതനായ ബാലകൃഷ്ണൻനായർ തന്റെ ഭാര്യയുടെ തൂലികാനാമമാണെന്ന് അറിഞ്ഞപ്പോൾ ഗോവിന്ദൻനായർ സ്തബ്ധനായിപ്പോയി. അഭിമാനിയായ അദ്ദേഹം വീട് വിട്ടു പോകാൻ തീരുമാനിച്ചു. തന്റെ പ്രസവം കഴിയുന്നതുവരെ അതു ചെയ്യരുതെന്ന് കല്ല്യാണിയമ്മ അപേക്ഷിച്ചു. ആ അഭിപ്രായം സ്വീകരിച്ച് ഒരതിഥിയായി അവിടെ കഴിയാമെന്ന് ഗോവിന്ദൻനായർ സമ്മതിച്ചു. കല്ല്യാണിയമ്മ പ്രസവിച്ചതിനുശേഷം താൻ മരിക്കുകയാണെന്നും കുഞ്ഞുങ്ങളെ സംരക്ഷിക്കണമെന്നും ഭർത്താവിനെ അറിയിച്ചു. മാത്രമല്ല തനിക്കു നോവൽ മത്സരത്തിൽ ലഭിച്ച സമ്മാനത്തുകയും കോപ്പിറൈറ്റിനുള്ള പണവും സ്വീകരിക്കണമെന്ന് അറിയിച്ചു. കല്ല്യാണി നീ മരിക്കുകയാണെങ്കിൽ താൻ പണം തീരെ തൊടുകയേയില്ലെന്നും മരിക്കുകയില്ലെന്ന് സമ്മതിച്ചാൽ താൻ പറയുന്നത് കേട്ട് നടന്ന് കൊള്ളാമെന്നും ഗോവിന്ദൻ നായർ അറിയിച്ചു.

താൻ മരിക്കുകയില്ലെന്നും മേലിൽ ഒരുമിച്ച് സാഹിത്യ പരിശ്രമം ചെയ്ത് കാലം കഴിക്കാമെന്നും കല്ല്യാണിയമ്മ അഭിപ്രായപ്പെടുന്നു. സ്ത്രീകൾക്ക് തലച്ചോറില്ലെന്ന് താനൊരിക്കലും പറയുകയില്ലെന്ന് ഗോവിന്ദൻ നായർ പ്രതിജ്ഞ ചെയ്യുന്നു. ഇവിടെ താൻ ജീവിക്കുന്ന ലോകത്തിലെ യാഥാർത്ഥ്യങ്ങളാണ് കഥാകാരി വിശകലനം ചെയ്യുന്നത്. എഴുത്തുകാരി നിർമിക്കുന്ന ചിത്രങ്ങൾ ആശയരൂപത്തിലുള്ള അർത്ഥങ്ങളായും മനുഷ്യാവസ്ഥകളുടെ അർത്ഥങ്ങളായും വായനക്കാരെ സമീപിക്കുന്നു. സർഗപ്രതിഭയുള്ള പെണ്ണിനെ സമൂഹം അംഗീകരിക്കില്ലായെന്ന ആശയമാണ് ആയിരത്തിതൊള്ളായിരത്തി പതിനൊന്നിൽ എം.സരസ്വതിഭായ് പങ്കുവെച്ചത്.

ചമ്പത്തിൽ ചിന്നമ്മുഅമ്മാൾ എഴുതിയ ‘ഒരു കൊലക്കേസ്’ എന്ന കഥയിൽ കേസന്വേഷണത്തിലൂടെയാണ് കഥ സഞ്ചരിക്കുന്നത്. കുറ്റാന്വേഷണ കഥയെന്ന രീതിയിലാണ് ഈ കഥ ശ്രദ്ധിക്കപ്പെട്ടത്. ലക്ഷ്മിക്കുട്ടിവാരസ്യർ ‘ഇനി എന്താ

ചെയ്ക' അക്കാലത്തെ യുവതികളുടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അമിതമായ താത്പര്യം, ഭാവി വരനെ കുറിച്ചുള്ള സങ്കൽപ്പനങ്ങൾ എന്നിവ കഥയിൽ വ്യക്തമാക്കുന്നത്.

ജീവിതത്തിലെ മറ്റു സുഖസൗകര്യങ്ങൾ ഉപേക്ഷിച്ചിട്ടുപോലും വിദ്യാ സമ്പന്നരായ ഭർത്താക്കൻമാരെ കിട്ടാൻ യുവതികൾ ആഗ്രഹിച്ചു തുടങ്ങിയിരിക്കുന്നു. അമ്മയിൽ നിന്ന് മക്കളിലേയ്ക്ക് വന്നപ്പോൾ ഭർത്താവിനെ കുറിച്ചുള്ള സങ്കൽപ്പം മാറി പരിഷ്കരണവും പണവുമൊന്നും അവൾക്കുവേണ്ട. വേണ്ടത് വിദ്യാഭ്യാസ മുള്ള വരനെയാണ്. ആ വിദ്യാഭ്യാസമാവട്ടെ ആധുനിക ഇംഗ്ലീഷ് വിദ്യാഭ്യാസം തന്നെയാവണം. എന്ന മനോഭാവത്തെയാണ് കഥാകാരി ചർച്ചചെയ്യുന്നത്.

മാധവിയമ്മയുടെ 'ഒരു കപടസ്നേഹിതൻ' സുഹൃത്തിന്റെ ചതിയിൽപ്പെട്ട നല്ലവനായ ഒരു മനുഷ്യന്റെ കഥയാണ്. കെ.ജെ.അമ്മയുടെ 'കാന്തിമതി' ആദ്യ ഭാര്യയെ കൊലപ്പെടുത്തി എന്ന കുറ്റം ചുമത്തപ്പെട്ട ഭർത്താവിന്റെ നിരപരാധിത്വം വെളിച്ചത്ത് കൊണ്ടുവന്ന കാന്തിമതിയുടെ ആത്മാർത്ഥതയുടെയും സാമർത്ഥ്യ ത്തിന്റെയും കഥയാണ്. വിദേശത്ത് പോയി പഠിച്ചുവന്ന പ്രതിശ്രുതവരനെ മദാമ്മ ചമഞ്ഞ് ആകർഷിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട് ഒടുവിൽ ആത്മഹത്യ ചെയ്യാൻ പോരുന്നതായി അറിയിച്ച് പാട്ടിലാക്കിയ 'പേശലാംഗിയുടെ കൗശലം' ബാലിശ മെന്നു തോന്നാവുന്നതെങ്കിലും ചിന്തിക്കേണ്ട ആശയം തുറന്നിടുന്നു. ടി.സി.കല്ല്യാണിയമ്മയുടെ 'മനംപോലെ മാംഗല്യം' കെട്ടുകഥപോലെ അവിശ്വസ നീയമാണെങ്കിലും ഉദ്യോഗജനകമാണ്. കൊള്ളക്കെത്തുന്ന കള്ളന്മാർ, എവിടെ നിന്നോ അവിടെ എത്തുന്ന ഇൻസ്പെക്ടർ രാമചന്ദ്രമേനോൻ, നായിക ശാരദ എന്നിവരിലൂടെ കഥ സഞ്ചരിക്കുന്നു.

തച്ചാട്ടുദേവകി നേത്യാരമ്മ 'ഒരു യഥാർത്ഥഭാര്യ' ഭർത്താവിന്റെ മർദ്ദനം സഹിക്ക വയ്യാതെ ജാനകിയമ്മ ബാല്യകാല സുഹൃത്തായ ബാലകൃഷ്ണമേനോനുമൊത്ത് അയാൾ ജോലി ചെയ്യുന്ന ബർമ്മയിലേയ്ക്ക് പോകാൻ തിരിയ്ക്കുന്നു. വഴിയിൽ ഭർത്താവ് അപകടത്തിൽപ്പെട്ട് രക്തത്തിൽ കുളിച്ചുകിടക്കുന്നത് കാണാനിടയായ ജാനകിയമ്മ ആകെ കുഴങ്ങി, ഭർത്താവിനെ ശുശ്രൂഷിക്കാൻ തീരുമാനിച്ചു.

ഈ കാലഘട്ടത്തിൽ സ്ത്രീകൾ എഴുതിയ പല കഥകളിലും ഭർത്താവിനോടുള്ള സ്നേഹത്തേയും ധീരതയേയും കൗശലബുദ്ധിയേയും

ചിത്രീകരിക്കുന്നു. സ്ത്രീകളുടെ ചാപല്യങ്ങൾ അവതരിപ്പിക്കുന്ന കഥകളുമുണ്ട്. പുരുഷൻമാരുടെ ദുർവൃത്തികളെ പറ്റിയുള്ള കഥകളാണ് കൂടുതൽ പരാമർശിക്കുന്നത്. അവർ സ്ത്രീകളോട് കാട്ടുന്ന നിന്ദ്യവും ക്രൂരവുമായ പ്രവൃത്തികൾ സമാധാനത്തോടെ സഹിച്ച് ഭർത്താവിന്റെ മനം മാറ്റിയെടുക്കുന്ന സ്ത്രീ കഥാപാത്രങ്ങളെയും കാണാം. ആദ്യകാല കഥാകാരികൾ എഴുതിയതിൽ ഏറ്റവും ശ്രദ്ധേയമായ കഥയാണ് അമ്പാടി കർത്ത്യായനിയമ്മ രചിച്ച 'മനസാക്ഷിയും മോഹവും' പുതുമയുള്ള ഇതിവൃത്തമാണ് ഇതിൽ അവതരിപ്പിക്കുന്നത്. ബാഹ്യജീവിതത്തിന്റെ സ്ഥൂലാവിഷ്ക്കാരങ്ങളിൽ നിന്ന് മലയാള ചെറുകഥ മനസ്സും, മനസ്സിന്റെ അഗാധ പ്രശ്നങ്ങളേയും വിശകലനം ചെയ്യാൻ തുടങ്ങി.

ഒരു കൊലപാതകിയുടെ മനസാക്ഷിയും അയാളുടെ മോഹവും തമ്മിലുള്ള ആന്തരിക സംഘർഷമാണ് പ്രസ്തുത കഥയിൽ അവതരിപ്പിക്കുന്നത്. "ഇപ്പോൾ ഞാൻ ചെയ്തിരിക്കുന്ന ദുഷ്ടകൃത്യം എന്റെ ഒടുവിലത്തേതാണ്. ഇപ്പോൾ ഞാൻ പല പാഠങ്ങളും ഇതിൽ നിന്ന് പഠിച്ചു കഴിഞ്ഞു. എന്റെ പരമദാരിദ്രസ്ഥിതി എനിക്കു സഹിക്കാൻ ശക്തിയില്ലാഞ്ഞിട്ടാണ് ഞാൻ ഈ പ്രവൃത്തിചെയ്തത്. ഈ പ്രവൃത്തിയുടെ ഫലമായി അനവധി ധനവും വളരെ ഉപയോഗപ്രദമായ ഒരു പാഠവും എനിക്ക് ലഭിച്ചിട്ടുണ്ട്. ഇനി ഞാൻ യാതൊരു പാപവും ചെയ്കയില്ല....."

> "......ഞാൻ നിങ്ങളെ സൂക്ഷിച്ച് നോക്കിയിട്ടുണ്ട്......" മനസ്സാക്ഷിയും മോഹവും ദ്വന്ദമായിനിന്ന് പടവെട്ടുന്ന സങ്കൽപ്പം അന്ന് മലയാള കഥാസാഹിത്യത്തിന് അപരിചിതമായിരുന്നു. "ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ കേരളീയ ജീവിതത്തിൽ ദൃശ്യമായ പുരോഗതിയും ഇംഗ്ലീഷ് വിദ്യാഭ്യാസവും സ്ത്രീകളെ പ്രബുദ്ധതയിലേയ്ക്ക് നയിച്ചു. സാഹിത്യരംഗത്തും പുരുഷന്മാരെപോലെ തങ്ങളും കെല്പുള്ളവരാണെന്നും അവർ തെളിയിച്ചു. ജീവിതത്തിന്റെ വൈവിധ്യമാർന്ന ചിത്രങ്ങൾ അവർ കഥകളിൽ അവതരിപ്പിക്കുന്നുണ്ട്."(ബഷീർ.എം.എം 130) അക്കാലത്ത് പുരുഷന്മാരായ കഥാകൃത്തുക്കൾ അധികവും സാമൂഹ്യ യാഥാർത്ഥ്യങ്ങളിൽ നിന്ന് മുഖം മറിച്ച് നില്ക്കുന്ന ചിത്രം തന്നെയാണ് അവതരിപ്പിച്ചത്.

തലവേദന, ഓമനമുഖം, മെയ്ഡൻസ്പീച്ച്, ശകുനംമുടക്കി, മീൻകാരി,

ചക്കിപ്പൂച്ച, മീൻകാരൻ, തുടങ്ങിയ കഥകളുമായി ബി.സരസ്വതി കഥാസാഹിത്യരംഗത്ത് എത്തുന്നത്. 'കരിഞ്ഞപ്പൂക്കൾ' എന്ന കഥയിൽ ഭാര്യയുടെ മരണശേഷം ചെറിയ മകളുമൊത്ത് അവൾക്കുവേണ്ടി മാത്രം ജീവിക്കുകയാണ് പുരുഷ കഥാപാത്രം. പിന്നീട് മറ്റ് വിവാഹത്തിനു തയ്യാറാവുകയും ചെയ്യുന്നു. എന്നാൽ മകൾക്ക് അച്ഛനെ തട്ടിയെടുക്കാൻ വന്ന സ്ത്രീ എന്ന രീതിയിലാണ് അവരെ കാണാൻ കഴിഞ്ഞത്. അച്ഛനും മകളും തമ്മിലുള്ള സ്നേഹ ദാർഢ്യം, ആദ്യ ഭാര്യയോട് ഉണ്ടായിരുന്ന വിശ്വാസ്യത, പുതിയസ്ത്രീ വന്നപ്പോഴുണ്ടായ മാറ്റം എന്നിവയാണ് ചർച്ചചെയ്യുന്നത്.

അനുഭവങ്ങളുടെ ചൂടും യാഥാർത്ഥ്യങ്ങളുടെ നേരും നിറഞ്ഞ, ഇടത്തരം കുടുംബങ്ങളുടെ ആവിഷ്ക്കാരങ്ങളാണ് ലില്ലി.സി.കെ നടത്തിയത്. 'തീരം മറയുന്ന തിരകൾ' എന്ന കഥയിൽ വിവാഹം കഴിച്ചുപോയ മകൾ തന്റെ പിറന്നാൾ ഓർക്കാത്തതിൽ ഒരമ്മയ്ക്കുണ്ടായ ദു:ഖത്തെ വ്യക്തമാക്കുന്നു. "ദാ...... അവളിപ്പോൾ തന്റെ പിറന്നാളും ഓർത്തിരിപ്പല്ലേ. എടോ മക്കളങ്ങനെയാണ്. നമ്മൾ അത്രയധികമൊന്നും പ്രതീക്ഷിക്കരുത്." മോളുവരുമെന്നുതന്നെയമ്മ പ്രതീക്ഷിക്കുന്നു. അന്നുതന്നെ മകളുടെ കത്ത് കിട്ടിയപ്പോൾ സന്തോഷമായി. പക്ഷേ മകൾ തന്റെ ഒരാവശ്യം മാത്രം അറിയിക്കുകയായിരുന്നു ചെയ്തത്.

എം.ഡി. രത്നമ്മ താൻ ജീവിക്കുന്ന സമൂഹത്തിലെ പരിചിതമായ ജീവിതാവസ്ഥകളാണ് കഥകളിലൂടെ കൈകാര്യം ചെയ്യുന്നത്. സാധാരണ ജീവിതാനുഭവങ്ങളെ ലളിതമായ ഭാഷയിൽ യദാതഥമായി ചിത്രീകരിക്കുന്നു. വൃദ്ധയായ സ്ത്രീയ്ക്ക് ഉണ്ടായ ദു:ഖത്തിന്റെയും വേദനയുടെയും കഥയാണ് 'പന്തൽ'. ഒരു പ്രേമ ബന്ധത്തിന്റെ ഏകപക്ഷീയമായ തകർച്ചയുടെ കഥയാണ് 'അപർണ' താൻ സ്നേഹിച്ച അപർണ എന്ന പെൺകുട്ടിയ്ക്ക് എല്ലാ വാഗ്ദാനങ്ങളും നൽകിയതിനു ശേഷം പ്രതാപിയായ അച്ഛന്റെ മുന്നിൽ തോറ്റുകൊടുക്കുന്ന കാമുകന്റെ ഭീരുത്വം അവതരിപ്പിക്കുന്നു. പാവപ്പെട്ട കുട്ടികളെ കൊണ്ടുവന്ന് തന്റെ ജോലി നിലനിറുത്താൻ ശ്രമിക്കുന്ന 'തണലിൽ തളിർക്കുന്ന ചെടികൾ'. ഗൾഫിൽ നിന്ന് വന്ന മനുഷ്യനെ ബന്ധുക്കൾ കൂടിച്ചേർന്ന് ചൂഷണം ചെയ്യുന്ന 'അവകാശികൾ' തുടങ്ങിയ ഒട്ടേറെ കഥകൾ പ്രമേയത്തിന്റെ വ്യത്യസ്തതകൊണ്ടു എടുത്തു പറയാവുന്നതാണ്.

ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ, ആകുലതകൾ, വ്യക്തിദു:ഖങ്ങൾ എന്നിവ ചിത്രീകരിക്കുകയാണ് എം.ഡി. രത്നമ്മ. സന്ദർശനം, സുഹൃത്ത്, അനാമിക, അഭയം,

മടക്കയാത്ര തുടങ്ങിയ കഥകൾ ഉദാഹരണമാണ്. ബീനജോർജ്ജ് ബാഹ്യ സംഘർഷങ്ങൾക്കു പകരം വൈകാരിക ക്ഷോഭങ്ങൾക്കും ഭാവങ്ങൾക്കുമാണ് പ്രാധാന്യം നൽകിയത്. മാത്രമല്ല മനുഷ്യന്റെ ധർമ്മസങ്കടങ്ങളേയും ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളേയും പുതിയ തലമുറയുടെ അതിരുകടന്ന സ്വതന്ത്രവാഞ്ഛകളേയും അനുഭവതീവ്രതയോടെ വ്യക്തമാക്കി. രാജമ്മാളുടേയും ഹരിഹര സുബ്രഹ്മണ്യയ്യരുടേയും ജീവിതത്തെ അവതരിപ്പിക്കുന്നതാണ് 'നക്ഷത്രപ്പകർച്ചകൾ', 'പാളങ്ങൾ' എന്ന കഥ ഉദാഹരണമാണ്.

ആഖ്യാനപരമായ ചില വ്യതിയാനങ്ങൾ വരുത്താൻ കഥാകാരി ബോധ പൂർവ്വം ശ്രമിക്കുന്നു. ആഖ്യാതാവ് / കഥാകൃത്ത് നേരിട്ട് വായനക്കാരെ വിളിച്ചു കൊണ്ട് കഥയിലേയ്ക്ക് പ്രവേശിക്കുകയും കഥാപാത്രങ്ങളേയും സംഭവങ്ങളേയും അടുത്തുനിന്ന് പരിചയപ്പെടുത്തുകയും ചെയ്യുന്നു. 'തീക്കളിവെട്ടങ്ങൾ', 'അഞ്ജുവിനു പറയുവാനുണ്ടായിരുന്നത്', 'ഇതിൽ ഏതുവേണം?' എന്നീ കഥകളിൽ ഈ രചനാ തന്ത്രം ഉപയോഗിച്ചിരിക്കുന്നു. ആഖ്യാതാവും കഥാപാത്രങ്ങളും കൂടി ക്കുഴയുന്ന രിതിയാണ് ഇത്. ശ്രീകുമാരി രാമചന്ദ്രന്റെ നിർമ്മാല്യം, തായ്‌വേര്, വഴി യോരത്തെ നിഴലുകൾ, ഒരു ജന്മം കൂടി എന്നീ ഒട്ടേറെ കഥകളും ശ്രദ്ധേയമാണ്.

ജാനമ്മ കുഞ്ഞുണ്ണിയുടെ കഥകൾ യാഥാർത്ഥ്യങ്ങൾക്കപ്പുറമുള്ള സത്യാ ന്വേഷണത്തിന്റെ സ്വാഭാവമാണ് പ്രകടിപ്പിക്കുന്നത്. 'അന്യൻ' ലൗകികതയുടേയും ആദ്ധ്യാത്മികതയുടേയും ഭിന്നമായ വഴികൾ കാട്ടിത്തരുന്നു. അവൾ ആത്മാർത്ഥമായി അടുക്കാൻ ശ്രമിച്ചിട്ടും അവനെ പിടിച്ചു നിർത്താൻ കഴിഞ്ഞില്ല. "ഞാനെന്നും വേനലായിരുന്നു അപ്രതീക്ഷിതമായി പ്രകൃതി എന്റെ മേൽ ഒരു കുടയായി വിരിഞ്ഞു. ആ തണൽ എന്റെ സ്വന്തമാണെന്നും ഞാൻ അവകാശപ്പെടും: സത്യം അല്ലെങ്കിൽ പോലും" അവൻ പറഞ്ഞു "ഞാനാർക്കും സ്വന്തമല്ല എനിക്കു പോലും. നിങ്ങൾ സ്വന്തം ഹൃദയം എന്നിൽ നിക്ഷേപിക്കരുത്......" എന്റെ വഴി ദേശാടനത്തിന്റേതും ഹൃദയം സന്യാസത്തിന്റേതും എന്ന് വ്യക്തമാക്കുന്നു. സ്വന്തം നേതാവിനെ കൊലപ്പെടുത്തി അദ്ദേഹത്തിന്റെ മകളെ സ്വന്തമാക്കുന്ന നേതാവിന്റെ നിഷ്ഠൂരവും നിഗൂഢവുമായ ചെയ്തികളിലേയ്ക്ക് വെളിച്ചം നൽകുന്ന കഥയാണ് 'ശിക്ഷ'. സ്ത്രീയുടെ അവസ്ഥ ചിത്രീകരിക്കാൻ ശ്രമിക്കുന്ന 'നീലാംബരി'

കുടുംബം ഒരു പ്രത്യയശാസ്ത്ര ഉപകരണമാണെന്ന് മാർക്സിസം

പറയുന്നു. ഈ ആശയത്തോട് ചേർത്തുവായിക്കാവുന്നതാണ് എഴുത്തുകാരികളുടെ രചനകൾ. നമ്പൂതിരി സമുദായത്തിലെ ദുരാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും വിമർശിക്കുകയും പരിഷ്കാരങ്ങൾക്ക് പ്രേരണ നൽകുകയുമാണ് ലളിതാംബിക അന്തർജ്ജനം ചെയ്തത്. "സ്ത്രീധനം, അധിനിവേശം, വൃദ്ധവിവാഹം, ബാലവൈധവ്യം, സപത്നീമൽസരം, പൊതുവിദ്യാഭ്യാസനിഷേധം, മാമൂലുകൾ എന്നിങ്ങനെ നമ്പൂതിരി കൂട്ടുകുടുംബങ്ങൾക്കുള്ളിലെ ഇരുണ്ട അറകൾ തുറന്ന് സ്ത്രീകളെ വെളിച്ചത്ത് കൊണ്ടുവരാൻ ധൈര്യപ്പെട്ടു." (ഗീത പി, 2002;582) അന്നത്തെ കുടുംബചിത്രങ്ങളാണ് അവരുടെ കൃതികൾ വെളിപ്പെടുത്തുന്നത്.

'യാത്രാവസാനം' എന്ന ആദ്യകാലകഥ തന്നെ വൈധവ്യത്തെ പ്രതി പാദിക്കുന്നതാണ്. 'പ്രതിധ്വനിയി'ലെ അമ്മു ആഗ്രഹിക്കുന്നത് അടുത്ത ജന്മമെങ്കിലും ആത്തേമ്മമാരായി പിറക്കരുതേയെന്നാണ്. ആചാരബദ്ധമായി വിവാഹം ചെയ്തവനും ഹൃദയംകൊണ്ട് സ്വയം വരിച്ചവനുമിടയിൽ പരാജിതനായി ജീവൻ വെടിയുന്ന പാപ്പിയെ മൂടുപടത്തിൽ കാണാം. സ്ത്രീയുടെ പരമ്പരാഗതധർമ സങ്കൽപനങ്ങൾ എഴുത്തിന്റെ ലോകവുമായി സദാ സംഘർഷത്തിലാണ്.

1960ൽ പുറത്തുവന്ന 'അഗ്നിപുഷ്പങ്ങൾ' എന്ന സമാഹരത്തിലെ 'കഥയല്ല ഒരു കത്ത്' എന്ന കഥയിൽ ഒരു വീട്ടമ്മയുടെ സർഗാത്മകപ്രതിസന്ധികളെ അവതരിപ്പിക്കുന്നു. ഒരു കഥാകാരി പത്രാധിപസുഹൃത്തിന് എഴുതുന്ന കത്തിന്റെ രൂപ ത്തിലാണ് കഥയുടെ ഘടന. കഥാകാരിക്ക് സമയത്ത് കഥ പത്രാധിപർക്ക് നൽകാൻ കഴിയുന്നില്ല. നിരവധി സംഘർഷങ്ങൾ കഥാപാത്രം സഹിക്കേണ്ടിവരുന്നു.

> "ക്രൂശിക്കപ്പെട്ട ജീവിതത്തിന്റെ കാഥികയെന്ന് അന്തർജ്ജനത്തെ വിശേ ഷിപ്പിക്കാം. സ്വസമുദായത്തിലെ സഹോദരികൾ അനുഭവിച്ചുപോന്ന യാതനകളാണ് 'വെളുക്കുവോളം' എന്ന കഥകയെഴുതാൻ അവരെ പ്രേരിപ്പിച്ചത്. യാത്രാവസാനം, മൂടുപടത്തിൽ, വിധിബലം, പ്രതിധ്വനി, പ്രതികാരദേവത, കുറ്റസമ്മതം, ജീവിതവും മരണവും, ബാലവൈധവ്യം, സപത്നീമൽസരം, സ്മാർത്തവിചാരം മുതലായ കഥകളിലെ പ്രമേയങ്ങൾ തുടങ്ങിയവ നമ്പൂതിരിസ്ത്രീകൾ അനുഭവിക്കേണ്ടിവന്ന യാതനകളാണ്." (ലീലാവതി എം, 2008; 17)

'ഇത് ആശാസ്യമാണോ' എന്ന കഥയിൽ തന്റെ ഭർത്താവിനെ

> എതിർക്കുകയും അങ്ങനെ പുരുഷവർഗത്തെ വെല്ലുവിളിക്കുകയും ചെയ്യുന്ന സ്ത്രീകഥാപാത്രത്തെയാണ് കഥാകാരി അവതരിപ്പിച്ചിരിക്കുന്നത്. "ഇതു ആശാസ്യമോ? എന്ന കഥ അന്തർജനങ്ങളുടെ പേരുവെച്ച് എഴുതുന്നവരെല്ലാം പുരുഷന്മാരാണെന്ന ആധിപത്യ സംസ്കാരത്തിന്റെ ആരോപണത്തിനു മറുപടിയായി രചിക്കപ്പെട്ടതാണ്. ഈ രചനാലക്ഷ്യം വിസ്മരിച്ചുകൊണ്ട് കഥയെ സമീപിക്കുമ്പോൾ വളരെ പ്രശസ്തമായ ചില സമാന്തര ചോദ്യങ്ങളും അതുന്നയിക്കുന്നത് കാണാം. ഒരു ഭാര്യയെ, അവൾ പതിവ്രതയായിരുന്നാലും ഭർതൃ വിരുദ്ധമായ ഒരു ആദർശം-അതു കുടുംബവുമായി ബന്ധമുള്ളതല്ലെങ്കിലും-വെച്ചുപുലർത്താൻ കുടുംബം അനുവദിക്കുന്നുണ്ടോ? ഇത് ആശാസ്യമാണോ? ഇത് പാതിവ്രത്യഭംഗമാവില്ലേ? ഇന്നും പ്രസക്തമാണ് ഈ ചോദ്യങ്ങൾ. സ്ത്രീയുടെ അഭിപ്രായ സ്വാതന്ത്ര്യം പോലും ഭർത്താവിന്റെ ഔദാര്യമാവുന്നതും കുടുംബം അവൾക്ക് നൽകുന്ന പീഡനങ്ങളും ഈ കഥ വ്യക്തമാക്കുന്നു" (രവീന്ദ്രൻ എൻ.കെ. 82).

'ഏഴാമിടം' എന്ന കഥയിൽ കുടുംബത്തിൽ ഒരു പദവിക്കുവേണ്ടി ഇടപെടുന്ന സ്ത്രീ കഥാപാത്രത്തെയാണ് കാണാൻ കഴിയുന്നത്. 'യുഗസന്ധിയിൽ' ദേവകിയമ്മ ടീച്ചറുടെ അനുഭവങ്ങളും അവരെ തേടിയെത്തുന്ന ഓർമ്മകളും തകർക്കപ്പെട്ട കുറെ ജീവിതങ്ങളുമാണ് ഇവിടെ കുടുംബ ജീവിതം സംഘർഷ ഭരിതമാണ്. മക്കൾ ഉത്തരവാദിത്വമില്ലാത്തവർ, ഭർത്താവ് ഭാര്യയേയും, ഭാര്യ ഭർത്താവിയേും പഴി പറഞ്ഞ് ദിവസങ്ങൾ തള്ളി നീക്കുന്ന കുടുംബചിത്രമാണ് കഥയിൽ അടയാളപ്പെടുത്തുന്നത്.

അമ്മ, മകൾ, ഭാര്യ എന്നിങ്ങനെ വിവിധ തലങ്ങളിൽ സ്ത്രീത്വം എങ്ങനെ അടയാളപ്പെടുന്നു എന്നതാണ് രചനകളിലൂടെ വ്യക്തമാക്കുന്നത്. ഉദാഹരണത്തിന് അമ്മ, വെളുക്കുവോളം, മനുഷ്യപുത്രി, അവിവാഹിത, കൊടുംകാട്ടിലൊരു ഇല എന്നിവ.

രാജലക്ഷ്മി കഥാരംഗത്തേക്ക് വരുന്നത് 1965ൽ 'മകൾ' എന്ന കഥയിലൂടെയാണ്. 'മാപ്പ്' എന്ന കഥയിലെ രമ, 'ഒരു അധ്യാപിക ജനിക്കുന്നു' എന്ന കഥയിലെ ഇന്ദിര, 'പരാജിതയിലെ' നിർമല, 'മകളിലെ' ശാരദ തുടങ്ങിയ ശക്തമായ സ്ത്രീകഥാപാത്രങ്ങളിലൂടെ സ്ത്രീലോകത്തെ അവതരിപ്പിക്കുന്നു.

"എഴുതാതിരിക്കാൻ വയ്യ. ജീവിച്ചിരിക്കുകയാണെങ്കിൽ ഇനിയും എഴുതി പ്പോകുമെന്ന്" രാജലക്ഷ്മിയുടെ ആത്മഹത്യാക്കുറിപ്പാണ്. എഴുത്ത് നിർത്താനാണ് അവർ മരണത്തെ വരിച്ചത്. ജീവിതവും എഴുത്തും ഒന്നുതന്നെയായ സ്ത്രീയുടെ ഈ ആത്മഹത്യക്ക് കുറേമാനങ്ങളുണ്ട്. രാജലക്ഷ്മിയുടെ കഥകളിൽ പിറന്ന കുടും ബത്തിനുവേണ്ടി പ്രണയം വിലയായി നൽകേണ്ടിവരുന്ന സ്ത്രീയനുഭവങ്ങൾ കുറേ യേറെയുണ്ട്. ഉദാഹരണത്തിന് മകൾ, ഒരധ്യാപിക ജനിക്കുന്നു.

സ്ത്രീപക്ഷ-പരിസ്ഥിതി-ദളിത് വീക്ഷണങ്ങൾ അവതരിപ്പിച്ചാണ് പി. വൽസല കഥാരംഗത്തേക്ക് വരുന്നത്. ചാമുണ്ഡിക്കുഴി, ശിശിരത്തിലെ ഉറുമ്പുകൾ എന്നീ കഥകൾ നവീനകുടുംബത്തെ അടയാളപ്പെടുത്തുന്നു. കുടുംബവും ഉദ്യോഗവും ഒരുമിച്ച് കൊണ്ടുപോകേണ്ടിവരുമ്പോൾ സ്ത്രീകളനുഭവിക്കുന്ന സംഘർഷങ്ങളാണ് കഥ സംവേദനം ചെയ്യുന്നത്. അടിവാരങ്ങളിൽനിന്ന് വന്നവർ എന്ന കഥയും സ്ത്രീയുടെ ഉദ്യോഗവും വിവാഹജീവിതവും തമ്മിലുള്ള ഇടഞ്ഞു നിൽക്കുന്ന ചിത്രമാണ് നൽകുന്നത്. വൽസലയുടെ സ്ത്രീകഥാപാത്രങ്ങൾ കുടുംബ ത്തിലെ വിവിധ പ്രശ്നങ്ങൾ പറഞ്ഞുവെക്കുന്നുണ്ട്. ഇതിനുദാഹരണമായി മണ്ഡ പത്തിലെ ദേവി എന്ന കഥ എടുക്കാവുന്നതാണ്. വിവാഹജീവിതത്തിലേക്ക് കടന്നു വന്ന സ്ത്രീകഥാപാത്രത്തെ സഹനത്തിന്റെ സ്ത്രീത്വത്തിന്റെ മാതൃകയാക്കി കുടിയിരു ത്തുകയാണ് ചെയ്യുന്നത്. കൂടാതെ ദാമ്പത്യത്തിന് പുറത്ത് അസ്തിത്വം നിഷേധിക്ക പ്പെടുന്നവളായി ചിത്രീകരിക്കുന്നു. ഇത്തരം കഥകളെല്ലാം കുടുംബത്തിന്റെ പ്രത്യയ ശാസ്ത്രം വളരെ വ്യക്തമായി പറയുന്നു. നിലനിൽക്കുന്ന കുടുംബവ്യവസ്ഥയെ പൊളിച്ചടുക്കിയില്ലെങ്കിൽ സ്ത്രീയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും ഓർമകളുടെ സ്മാരകങ്ങളായി കുടികൊള്ളുമെന്നും പറഞ്ഞുവെക്കുന്നു.

'അനുപമയുടെ കാവൽക്കാരൻ' എന്ന കഥയിൽ ദുഃസഹമാവുന്നത് പാരമ്പര്യത്തെ കൂട്ടുപിടിക്കുന്നതുകൊണ്ടാണ്. വിപ്ലവം നയിക്കുന്ന പുരുഷൻ മാത്രമല്ല, അതിൽ പങ്കാളി അതിന്റെ സഹനം ഏറ്റുവാങ്ങുന്ന സ്ത്രീയുടെ അവസ്ഥയാണെന്ന് ആഗ്നേയം എന്ന കഥ വെളിപ്പെടുത്തുന്നു.

പിതൃഅധികാരത്തിൽ നിയന്ത്രിതമായ ആധുനിക അണു കുടുംബത്തിന്റേയും പിതൃഅധികാരത്തിന്റെ സമാഹൃതരൂപമായ ഭരണകൂടസദാ ചാരത്തിന്റേയും പിടിയിൽനിന്ന് സ്ത്രീജീവിതത്തേയും മനുഷ്യവംശത്തെ കാമനാ

ജീവിതത്തേയും മോചിപ്പിച്ചുകൊണ്ടല്ലാതെ ഒരു ആധുനികജനാധിപത്യസമൂഹമോ സ്ത്രീപുരുഷസമത്വമോ സാധ്യമാവില്ല എന്ന് സുനിൽ പി.ഇളയിടം (45) വിലയിരുത്തുന്നു. ഈ ആശയത്തെ പൊതുബോധത്തിലെത്തിക്കുന്ന തരത്തിലാണ് എഴുത്തുകാരികൾ രചനകളെ വിനിയോഗിച്ചത്.

"ഒരു വശത്ത് ദാരിദ്ര്യവും മറുവശത്ത് ചൂഷണവുംകൊണ്ട് വീർപ്പുമുട്ടുന്ന വനവാസികളുടെ ജീവിതവ്യഥകൾ അവതരിപ്പിക്കുമ്പോൾ വൽസലയുടെ രചനക്ക് പ്രത്യേകമായൊരു ശക്തിയാണ്" (സുധീർ കിടങ്ങൂർ 166).

അമ്മയുടെ മകനിലൂടെ ദാമ്പത്യബന്ധങ്ങളുടെ അർത്ഥശൂന്യതയിലേക്ക് കഥാകാരി വിരൽചൂണ്ടുന്നു. ഇതിലെ ദുർഗ തന്റെ കാമുകനായ അഭിജിത്തിൽനിന്നും ഗർഭം ധരിച്ച് ഒരു കുഞ്ഞിന്റെ മാതാവാകുന്നു. തന്നെ കാണാനെത്തിയ അഭിജിത്ത് അവളെ ദാമ്പത്യത്തിലേക്ക് ക്ഷണിക്കുമ്പോൾ അവൾ നിരസിക്കുകയാണ് ചെയ്തത്. ഉടമ-അടിമ ബന്ധത്തിന്റെ ആ ലോകം തനിക്ക് വേണ്ടെന്ന് പറയുന്ന ദുർഗ അയാളെ വിദേശത്ത് പോകാൻ പ്രേരിപ്പിക്കുന്നു. "കുട്ടിക്ക് പേരിടാൻപോലും അവൾ അയാളെ അനുവദിക്കുന്നില്ല. അപ്പോൾപിന്നെ അവൾ ആ കുഞ്ഞിന് ജന്മം നൽകിയതോ?" "ഉത്തരം ദുർഗ തന്നെ പറയുന്നു. ഞാനൊരു സ്ത്രീയാണെന്നും സ്ത്രീക്ക് ഒറ്റക്ക് ജീവിക്കാൻ കഴിയുമെന്നും ഈ ലോകത്തെ ഒരു കുഞ്ഞില്ലാതെ ഞാൻ ബോധ്യപ്പെടുത്തുന്നതെങ്ങനെ?" എന്നാണ്.

കുടുംബവും കുടുംബത്തിലെ സ്ത്രീ പുരുഷബന്ധങ്ങളുടെ ആഖ്യാനവുമാണ് മാനസി ആവിഷ്ക്കരിക്കുന്നത്. വ്യവസ്ഥകളും ചടങ്ങുകളും അതിർത്തി രേഖകളുമില്ലാത്ത സ്വാഭാവികമായ പ്രണയത്തെ മാത്രം അംഗീകരിക്കുന്നവളാണ് അവിടെ സ്ത്രീ. തന്നെ വിട്ടുപോകുന്ന പുരുഷൻ ദാമ്പത്യത്തിന്റെ കുരുക്കിൽപെട്ട് അവശനായി സാന്ത്വനം തേടി തന്നിലേക്ക് മടങ്ങിവരുന്നത് സന്തോഷിക്കുകയാണ് സ്ത്രീ കഥാപാത്രം. ഉത്തരാർധം, തണൽ, നിഴലുകൾ തുടങ്ങിയ ഒട്ടേറെ കഥകൾ ഇതിന് ഉദാഹരണമാണ്.

സ്ത്രീ മനസ്സിന്റെ വിചിത്രവും അതിരുകളില്ലാത്താതുമായ അവസ്ഥാന്തരങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യാൻ മാനസി ശ്രമിക്കുന്നു. ജീവിതത്തിൽ സ്ത്രീകൾ നേരിടേണ്ടിവരുന്ന പരീക്ഷണങ്ങളെയും പ്രശ്നങ്ങളെയും

കൈക്കാര്യം ചെയ്യുന്നു. മാനസിയുടെ ആഖ്യാനം ആത്മഭാഷണങ്ങളിലൂടെ മുന്നോട്ടു പോകുന്നു. ഉത്തമ പുരുഷ വീക്ഷണത്തിലായി കഥ അവതരിപ്പിക്കുന്നു ഉദാഹരണത്തിന് 'മഞ്ഞിലെ പക്ഷി'. മാത്രമല്ല 'വാല്മീകം', 'നീലതുരുത്ത്', 'ചതുരങ്ങൾ', 'ഇടിവാളിന്റെ തേങ്ങൽ' തുടങ്ങിയ കഥകളിൽ മാനസി സ്ത്രീകളുടെ നിലപാടുകളെ വ്യക്തമാക്കുന്നു. കുടുംബവും, കാമുകി, ഭാര്യ, അമ്മ, സഹോദരി എന്നീ പലതലത്തിലുള്ള അവസ്ഥകൾ അവതരിപ്പിക്കുന്നു.

അച്ഛനമ്മമാർ അവരുടെ സ്വകാര്യതകൾ തേടി വഴി പിരിഞ്ഞുപോയ ഒരു കുടുംബ പശ്ചാത്തലമാണ് ഭ്രാന്തൻ പൂക്കളിലെ നായികയ്ക്കുള്ളത്. അവളെ അലട്ടിയിരുന്ന ഏകാന്തതയിൽ നിന്നും ശൂന്യതയിൽ നിന്നും മോചനം നേടാൻ പല ഉപാധികളും സ്വീകരിക്കുന്നു. ദൈവത്തിലും ചെകുത്താനിലും അവൾക്ക് വിശ്വാസം നഷ്ടപ്പെട്ടു. സഹപാഠിയുടെ നീണ്ട വിരലുകൾ അവളെ ആകർഷിച്ചു അവനുമായി അടുക്കാൻ ശ്രമിച്ചപ്പോൾ പ്രണയം, വിവാഹം തുടങ്ങിയ സാമ്പ്രദായികതകളിൽ കുടുങ്ങിയ അവന്റെ സമീപനം വിരസമായി അനുഭവപ്പെട്ടു.

യാഥാർത്ഥ്യത്തിന്റെയും അയാർത്ഥ്യത്തിന്റെയും ഇടയിൽപെട്ട് ഞെരിഞ്ഞമരുന്ന വ്യകതിത്വങ്ങളെ കുറിച്ചുള്ള വേവലാതിയാണ് സിത്താരയുടെ 'കളി'യിൽ. കുടുംബജീവിതത്തിന്റെയും വ്യക്തിജീവിതത്തിന്റെയും വ്യർത്ഥതയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്ന വീട്ടമ്മ സ്വന്തം നിലിനിൽപ്പിന് അർത്ഥം കണ്ടെത്താൻ ശ്രമിക്കുന്നു. പലപലവേഷങ്ങൾ പകർന്നാടുന്ന മനുഷ്യാവസ്ഥയുടെ വൈചിത്ര്യങ്ങളെ വേഷപകർച്ചയിൽ അവതരിപ്പിക്കുന്നു.

പ്രിയ.എ.എസ് കുടുംബത്തിലെ പ്രശ്നങ്ങൾ, സ്നേഹശൂന്യതകൾ, വിവാഹ മോചനാനുഭവങ്ങൾ, ആശുപത്രികൾ അങ്ങനെ ജീവിതത്തിലെ ചില പ്രമേയങ്ങളാണ് തിരഞ്ഞെടുക്കുന്നത്. മഞ്ഞ മരങ്ങൾക്കു ചുറ്റിലും ഓരോരോ തിരിവുകൾ തുടങ്ങിയവ ഉദാഹരണമാണ്.

ചന്ദ്രികയുടെ കഥകൾ സ്ത്രീവ്യക്തിത്വത്തിന്റെ ചില അടരുകളെ സൂക്ഷമതയോടെ അവതരിപ്പിക്കുന്നുണ്ട് സ്വന്തം ഐഡന്റിറ്റി കണ്ടെത്താൻ ശ്രമിക്കുന്ന സ്ത്രീകഥാപാത്രങ്ങൾ കഥകളിൽ കാണാം. ജാതിയുടെയും മതത്തിന്റെയും കെട്ടുപാടുകളില്ലാത്ത ലോകത്തെ ആഗ്രഹിക്കുകയും അത്തരം

ജീവിതങ്ങളെ പ്രത്യക്ഷവത്കരിക്കുകയുമാണ് കെ.രേഖ. സ്ത്രീ പുരുഷ ബന്ധങ്ങളുടെ വിവിധ ഭാവങ്ങളും അനുഭവമേഖലകളും വിഷയമാകുന്നു. ജുറാസിക് പാർക്ക്, ആരുടേയോ ഒരു സഖാവ്, കന്യകയുടെ പുല്ലിംഗം എന്നിവയാണ് കഥകൾ. കഥാകാരിയുടെ കഥകളിൽ കുടുംബബന്ധ വ്യവഹാരങ്ങളിൽ മാധ്യമങ്ങൾ ഇടപെടുന്നു. സ്ത്രീയെ മാധ്യമങ്ങൾ ഉപയോഗിക്കുന്നത് എങ്ങനെയെന്ന് സമകാലീനമായ സ്ത്രീ കഥാകാരികളിൽ നിന്നും രേഖയുടെ കഥകൾ ഭാഷാ സൃഷ്ടികൊണ്ടും ആശയസ്വീകരണംകൊണ്ടും കഥാപാത്രസൃഷ്ടികൊണ്ടും വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യക്തിബന്ധങ്ങളിലും, കുടുംബഘടനയിൽപ്പോലും ആഗോളവത്കരണം സ്വാധീനിക്കുന്നു. നളപാകം, രംഘപടം, അപഥസഞ്ചാരം എന്നീകഥകൾ ഉദാഹരണമാണ്. കന്യകയുടെ പുല്ലിംഗം കേന്ദ്രീകരിക്കുന്ന സ്ത്രീയുടെ ചിത്രീകരണത്തിന് പുതിയ ഒരുതലം കൈവരുന്നുണ്ട്. “വിവാഹിതരും കലയിലും സാഹിത്യത്തിലുമൊക്കെ താല്പര്യമുള്ളവരുമായ സ്ത്രീകളെ കുടുംബത്തിന്റെ ചട്ടക്കൂടിൽ നിന്നും വിമോചിപ്പിക്കാൻ കലാഹൃദയ മുള്ള ഒരു ചെറുപ്പക്കാരൻ അവിവാഹിതന് എളുപ്പമാണ്. അവരോടൊപ്പം ഒന്നോ രണ്ടോ ഫിലിംഫെസ്റ്റിവിലുകൾക്ക് പോകുന്നതോ പുസ്തക മേളയിൽപോയി കൊള്ളാവുന്ന രണ്ടു പുസ്തകങ്ങൾ തിരഞ്ഞെടുത്ത് കൊടുക്കുന്നതോ വലിയ ചാരിതാർത്ഥ്യം പകരുന്ന ഏർപ്പാടുമാണ്......”

വീണ്ടും കുടുംബത്തിന്റെ ഒരു ഫ്രെയ്മിനകത്തേയ്ക്ക് നസീമയെ ഞാൻ കൊണ്ടുവരുന്നതും ഭക്ഷണം പാകം ചെയ്യലും വിളമ്പലുമായി ഒരു നീക്കുപോക്കിന്റെ, മട്ടിൽ ജീവിതം പരിവർത്തിപ്പിക്കുന്നതും എത്ര ഭീകരമാണ്. ക്രിയാത്മകമായി നാം ഇതിനെ നേരിടുകയാണ് വേണ്ടത്. സ്നേഹവും കരുതലുമാണ് നയിച്ചിരുന്നതെങ്കിൽ എന്തുകൊണ്ട് ചിന്തയും വികാരവും പങ്കിട്ടുകൂട......

“നിന്റെ മനസ്സിലിരുപ്പ് എനിക്ക് മനസ്സിലായി വിമോചനം? മണ്ണാങ്കട്ട! നിനക്ക് വയ്യ, നിനക്ക് ഇത്തിരി നേരംപോക്ക് മതി. തീറ്റതരുന്നതിനു നന്ദി പ്രതീക്ഷിക്കുന്ന എന്റെ ഭർത്താവിനെക്കാളും ഒട്ടും ഭേദമല്ല നീയും. നസീമ കുഞ്ഞിനെ തറയിലാക്കി നടക്കാൻ തുടങ്ങി.......” കഥയുടെ ഈയിടങ്ങൾ ആ കാലഘട്ടത്തിന്റെ ചിന്തകളെയും ആലോചനകളെയും പ്രതിനിധീകരിക്കുന്നു. ഇവ കേരളബോധത്തിന്റെയും വ്യവഹാരമേഖലകളുടേയും അടിസ്ഥാനത്തിലാണ് വിലയിരുത്തേണ്ടത്.

കരയുന്ന കുഞ്ഞിനെ ക്രഷിലാക്കി ലൈബ്രററിയുടെ നിശബ്ദതയിലേയ്ക്ക് ഓടിയെത്തി ഉള്ളിൽ വെമ്പി നിൽക്കുന്ന ഒരു കഥയെഴുതാൻ തത്രപ്പെടുന്ന 'ഉണ്ണി കുട്ടന്റെ അമ്മയുടെ ഒരു ദിവസം' എന്ന കഥ (ഗീതാഹിരണ്യൻ)യിൽ കഥാകാരി / സ്ത്രീ തന്റെ ലിംഗ കർതൃത്വത്തിൽ വന്നു വീഴുന്ന സമർദ്ദങ്ങൾ ഒന്നൊന്നായി തുറന്നു കാണിക്കുന്നു.

ഉണങ്ങാത്ത മുഖങ്ങൾ, ഒറ്റപ്പെട്ട നിമിഷങ്ങൾ, ഗുണം തെറ്റിയ കണക്കുകൾ എന്നീ ഗ്രേസിയുടെ കഥകളിൽ ജീവിതബന്ധങ്ങളിലെ സംഘർഷം, വ്യക്തി ജീവിതത്തിലെ ധർമ്മസങ്കടങ്ങൾ, കുടുംബചിത്രം എന്നിവ കണ്ടെത്താൻ സാധിക്കും. ഗാർഹിക ജീവിതത്തിലെ അധ്വാനങ്ങളുടെ ആദ്യാവസാനക്കാരിയാകേണ്ടി വരുന്ന സ്ത്രീയുടെ പൊറുതിമുട്ടുന്ന കുടുംബമാണ് 'ഭിന്നസംഖ്യ' വെളിപ്പെടുത്തുന്നത്.

സ്ത്രീകളുടെ അവസ്ഥ യാഥാർത്ഥ്യബോധത്തോടെ അനാവരണം ചെയ്തു കൊണ്ടാണ് സാറാ തോമസ് ചെറുകഥാസാഹിത്യത്തിൽ എത്തുന്നത്. കുടുംബ ബന്ധങ്ങളുടെ വിഭിന്നതലങ്ങൾ ചിത്രീകരിക്കുകയാണ് കഥാകാരി രചനകളിലൂടെ ചെയ്യുന്നത്– ഇണങ്ങാത്ത മുഖങ്ങൾ, ഒറ്റപ്പെട്ട നിമിഷങ്ങൾ. കെ.പി.സുധീരയും കുടുംബ ബന്ധങ്ങളെ രചനകളിലൂടെ അവതരിപ്പിക്കുന്നു. ആകാശചാരികൾ, ചോലമരങ്ങളില്ലാത്ത വഴി, സ്നേഹസ്പർശങ്ങൾ, അതീതം, സഹയാത്രിക തുടങ്ങിയവയാണ്.

സ്ത്രീയും പുരുഷനും ചേർന്നുകഴിയുന്ന കുടംബവൃത്തത്തിലെ വ്യവഹാരങ്ങൾ തെളിവോടെ ഒപ്പിയെടുത്ത് അവതരിപ്പിക്കുകയാണ് ചന്ദ്രമതി. നിറഞ്ഞ സ്വാഭാവികതയാണ് അതിന്റെ കരുത്ത്. ദേവീഗ്രാമം, ആര്യാവർത്തനം, ദൈവം സ്വർഗത്തിൽ, തട്ടാരക്കുടിയിലെ വിഗ്രഹങ്ങൾ തുടങ്ങിയവ ഉദാഹരണ ങ്ങളാണ്. ആധുനികത സ്ഥാപിച്ചെടുക്കുന്ന വ്യവസ്ഥാപിത നിയമങ്ങളോടും, മൂല്യ സംഹിതകളോടും പൊരുതുന്ന കഥാപാത്രമാണ് 'അമലയുടെ മോചന'ത്തിലെ അമല. ദാമ്പത്യജീവിതത്തിലും, തൊഴിൽ മേഖലയിലും, കുടുംബത്തിലും ഉണ്ടാകുന്ന തർക്കങ്ങളും ആശങ്കകളും മാത്രമല്ല ഒരു പുരുഷനും കൊടുക്കാത്ത സ്വാതന്ത്ര്യമാണ് താൻ അമലക്ക് കൊടുത്തതെന്ന വാദവും ആ സ്വാതന്ത്ര്യത്തിന്റെ പിന്നിലെ പ്രശ്ന സങ്കീർണ്ണതകളുമാണ് കഥയിലെ പ്രമേയം.

അമല എന്ന കഥാപാത്രം വളരെ സ്വാതന്ത്ര്യത്തോടെയാണ് ജീവിച്ച് വന്നത്. തന്റേതായ ഒരു വ്യക്തിത്വം ഉണ്ടാക്കിയെടുക്കുന്നതിന് അച്ഛൻ ഒപ്പം നിന്നിരുന്നു.

പെൺകുട്ടി എന്ന പരിധി അവൾക്ക് അനുഭവിക്കേണ്ടിവന്നിട്ടില്ല. സ്വന്തമായി തീരുമാനങ്ങൾ എടുക്കുവാനും പ്രാവർത്തികമാക്കാനും ശരിതെറ്റുകൾ വിവേചിച്ച റിയുവാനും എല്ലാം അവളെ അച്ഛൻ പഠിപ്പിച്ചിരുന്നു.

ഒരു ഭാഗത്ത് ഭർത്താവ് ചെയ്ത തെറ്റിനെ ഒരു വിധത്തിലും ന്യായീകരിക്കാൻ കഴിയാതെ നിൽക്കുന്ന അമല, എന്നാൽ മറുഭാഗത്ത് വിദ്യാഭ്യാസം നൽകിയതു കൊണ്ട് ഇവൾ ചീത്തയായി എന്ന് വാദിക്കുന്ന അമ്മ, കാര്യങ്ങൾ മൂടിവെക്കാനുള്ള വൈദഗ്ധ്യമാണ് നമ്മൾ വിദ്യാഭ്യാസത്തിലൂടെ സ്വായത്തമാക്കേണ്ടത് എന്ന പ്രസ്താവനയുമായി സുഹൃത്ത്, താനെടുത്ത തീരുമാനം പുനഃപരിശോധിക്കാൻ പറയുന്ന പിതാവ് - ഇവരുടെ ഇടയിൽ വീർപ്പുമുട്ടുകയാണ് കഥാപാത്രം. സ്ത്രീയായതു കൊണ്ട് മാത്രം നിശബ്ദയോടെ ഇത്തരം കാര്യങ്ങൾ ഏറ്റു വാങ്ങേണ്ടിവരുകയാണ്. പല പ്രശ്നങ്ങളും അതിനെതിരെ പ്രതികരിക്കാൻ എന്താണ് ചെയ്യേണ്ടതെന്ന് ചിന്തിക്കാൻ നിർബന്ധിതയാക്കുന്നു. അതിന്റെ സങ്കീർണ്ണതയിലേക്ക് കഥ കടന്ന് ചെല്ലുന്നു.

‘‘ജീവിതത്തിൽ എന്തൊക്കെ നേട്ടങ്ങൾ ഉണ്ടായാലും കുടുംബം താറുമാറായാൽ എന്ത് വിജയമാണത്? ഈ വിവാഹമോചനം നടന്നാൽ ഇത്രയും നാൾ നിന്നെ സ്തുതിച്ച് സംസാരിച്ചവരൊക്കെ നിനക്കെതിരെ സംസാരിച്ചുതുടങ്ങും. ജീവിത്തെ ഒറ്റക്ക് നേരിടാമെന്ന നിന്റെ ഈ തന്റേടം താൽക്കാലികമാണ്. നിന്നേക്കാളേറെ ജീവിതം കണ്ട അച്ഛന്റെ വാക്കുകൾ കേൾക്കൂ പ്രായോഗിക പ്രശ്നങ്ങളുമായി ഏറ്റുമുട്ടുമ്പോൾ സോപ്പു കുമിളപോലെ നിന്റെ ഈ തന്റേടം തകർന്നുപോകും.’’ സ്ത്രീക്ക് തന്റേടം താൽക്കാലികമായി നിലനിൽക്കുന്നതാണെന്നും അതല്ലെങ്കിൽ സമൂഹം അതിനെ കാണുന്നത് മറ്റൊരർത്ഥത്തിലാണെന്നും ഇവിടെ വായിച്ചെടുക്കാം.

അച്ഛന്റെ നിലപാട് അമലയെ കുടുംബം എന്ന സ്ഥാപനത്തിലേക്ക് തിരിച്ചു വരാനാണ് ആവശ്യപ്പെടുന്നത്. കുടുംബത്തിനകത്തെ സ്ത്രീയെയാണ് സമൂഹം എല്ലായ്പ്പോളും അംഗീകരിക്കുന്നത്. കുടുംബം എന്ന അധികാര പ്രയോഗത്തിന്റെ മണ്ഡലത്തിൽനിന്ന് വ്യതിചലിക്കാൻ സ്ത്രീക്ക് കഴിയില്ല അല്ലെങ്കിൽ പുരുഷ നിർമ്മിതവും അവരുടെ കാഴ്ചപ്പാടുകളെ അടിച്ചേൽപ്പിക്കുന്ന ഒന്നായി കുടുംബത്തെ കാണുന്നത് എന്നതും ആലോചിക്കേണ്ട വസ്തുതയാണ്. സിതാര എസ്. ആവട്ടെ,

സ്ത്രീമനസ്സിന്റെ വ്യത്യസ്ത അവസ്ഥകളുമായാണ് കഥാരംഗത്തെത്തുന്നത്– വേഷപ്പകർച്ച, അഗ്നിയും മറ്റ് കഥകളും, കറുത്ത കുപ്പായക്കാരി.

കേരളീയസമൂഹം പുരുഷമേധാവിത്വത്തിന് അധീനമാണെന്ന വിചാരം പൊതുവേ സ്ത്രീസമൂഹത്തിന് അസഹിഷ്ണുത സൃഷ്ടിക്കുന്നു. ഈ അസ്വസ്ഥത അവരിൽ സൃഷ്ടിക്കുന്ന മാനസികവ്യഥയും വൈകാരികഭാവങ്ങളുമാണ് സി.എസ്.ചന്ദ്രികയുടെ കഥാരചനക്ക് ആക്കം കൂട്ടുന്നത്. ഭൂമിയുടെ പതാക, ലേഡീസ് കംമ്പാർട്ട്മെന്റ് എന്നിവ ഉദാഹരണം. ബി.എം.സുഹറക്കാവട്ടെ, സ്ത്രീമനസ്സിന്റെ സങ്കീർണതയും പൗരോഹിത്യത്തിന്റെ സ്ത്രീവിരുദ്ധസമീപനങ്ങളുമാണ് കഥയ്ക്ക് വിഷയമാവുന്നത്.

“സമൂഹത്തിന്റെ വർഗബന്ധങ്ങളിലുള്ള അഴിച്ചുപണികളാണ് തോപ്പിൽ ഭാസിയുടെ നാടകങ്ങൾ പൊതുവിൽ വിഭാവനം ചെയ്തത്. അതിനാൽ ലിംഗ ബന്ധങ്ങൾ പരിശോധിക്കപ്പെടാതെ പോയി. പുതിയ വർഗസങ്കൽപത്തിലും കുടുംബ മൂല്യങ്ങൾ പഴയവ തന്നെയായി തുടർന്നു” എന്ന് ഗീത (2002;587) വിലയിരുത്തുന്നു. എന്നാൽ സമകാലിക എഴുത്തുകാരികൾ പരമ്പരാഗതസ്ത്രീപുരുഷബന്ധങ്ങൾ ചോദ്യം ചെയ്യുകയുണ്ടായി. മാത്രമല്ല സ്ത്രീയോടുള്ള ബന്ധത്തിൽ പുരുഷൻ അനുവർത്തിച്ചുപോരുന്ന ഇരട്ടത്താപ്പുകൾ വിമർശനാത്മകമായി വിലയിരുത്തുന്നുണ്ട്. ഇതിനുപുറമേ കുടുംബജീവിതത്തിൽ തങ്ങളുടെ കർതൃത്വം വ്യക്തമാക്കുന്നു. ഒരു ജനതയുടെ ജീവിതാവബോധത്തെ ആഴത്തിൽ പിടിച്ചുനിർത്തി ക്കൊണ്ട് നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന ജീവിതസങ്കൽപങ്ങളേയും ദുരാ ചാരനിഷ്ഠകളേയും ഇളക്കിമറിക്കുകയാണ് നവീന എഴുത്തുകാരികൾ.

## 2.2. സമൂഹം

മറ്റ് സാഹിത്യരൂപത്തേക്കാൾ ശക്തമായി ചെറുകഥയിൽ സാമൂഹ്യബന്ധങ്ങ ളേയും സാമൂഹികാവസ്ഥകളേയും അവതരിപ്പിച്ചിരിക്കുന്നത് കാണാനാവും. “രാഷ്ട്രീയ ഇടപെടലുകൾ സാമൂഹ്യബോധത്തേയും വ്യക്തിബോധത്തേയും വളരെ പെട്ടെന്ന് ആവേശിക്കുന്നതുകൊണ്ട് സുഷുപ്തിയിൽപോലും എഴുത്തുകാർക്ക് തങ്ങളുടെ ചുറ്റുപാടുകളെ മറക്കാനാവില്ല. എഴുത്തിലെ സമൂഹം അമൂർത്തവും നിസ്സാരവുമാണെന്ന് വാദിക്കുന്ന എഴുത്തുകാർപോലും സാമൂഹ്യാസ്തിത്വത്തെ അംഗീകരിച്ചുകൊണ്ടാണ് തങ്ങളുടെ വാദം നിലനിർത്തുന്നത്.” (സിദ്ധിഖ് 25)

പ്രസവിക്കുക എന്ന അർത്ഥം വരുന്ന സൂ ധാതുവിൽനിന്ന് നിഷ്പന്നമാണ് സ്ത്രീശബ്ദം.

"സ്ത്രായതഃ അസ്യ ഇതി സ്ത്രീ

സ്ത്രായതഃ സംഗതേ ഭവതഃ

അസ്യാ ശുക്ലശോണിതേ ഇതി"

എന്നാണെന്ന് ഭാരതീയനിരുക്തശാസ്ത്രം അനുശാസിക്കുന്നത്. ആദിമമനുഷ്യന്റെ ചരിത്രം പരിശോധിച്ചാൽ ലിഗംഭേദത്തെക്കുറിച്ചുള്ള ചിന്ത അന്നുണ്ടായിരുന്നില്ല എന്ന് വ്യക്തമാണ്. (ലീലാവതി എം, 2009;187)

> "എന്നെപ്പോലെയുള്ള സ്ത്രീക്ക് ഒരു കലാകാരിയെന്ന ബിരുദം കിട്ടുക അത്രയെളുപ്പമൊന്നുമല്ല. കിട്ടിയാൽതന്നെ അത് വെച്ചുപുലർത്തുക അത്രേംകൂടി എളുപ്പമല്ല; സുഖകരവുമല്ല. ഒരു കലാജീവിതത്തെ ചൂഴുന്ന നിരവധി സംശയങ്ങൾ, അസ്വാതന്ത്ര്യങ്ങൾ, പേടികൾ, പുരുഷനാണെങ്കിൽ നിസ്സംശയം ചവിട്ടിമെതിക്കാവുന്ന ആ മുൾപടർപ്പുകളിലൂടെ ഞങ്ങൾ സ്ത്രീകൾ എത്ര കരുതലോടെ, ഭയാശങ്കയോടെ നൂഴ്ന്ന് നൂഴ്ന്ന് കയറിപ്പോകണം. ഒരു കലാഹൃദയത്തിന്റെ സ്വച്ഛന്ദമായ വികസനത്തിന് ഏറ്റവും വലിയ ശത്രുവാണീ ഭയം. എങ്കിലും ഞങ്ങൾക്ക് പേടിക്കാതെ കഴിയുകയില്ല." (ലളിതാംബിക അന്തർജ്ജനം 100)

"എഴുത്തിൽ എനിക്ക് ഭാഗ്യങ്ങളേ ഉണ്ടായിട്ടുള്ളൂ. എഴുത്തിൽ നിലയുറപ്പിക്കുന്നതിനിടയിൽ ഒരുപാട് കൊച്ചുകൊച്ച് ഭൂകമ്പങ്ങളെ നേരിടേണ്ടിവരുന്നവരാണ് ഭൂരിഭാഗം സ്ത്രീകളും." (പ്രിയ എ.എസ്. 12)

രണ്ട് തലമുറയിൽപെട്ട എഴുത്തുകാരികൾ തങ്ങളുടെ എഴുത്തുലോകത്തിലെ അനുഭവങ്ങളെ വ്യക്തമാക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഇത്, സമൂഹത്തിന്റെ ഒരു നേർചിത്രം നമുക്ക് തരുന്നു.

ഒരു ജനസംസ്കാരത്തിന്റെ ആന്തരികവും ബാഹ്യവുമായ തിക്തഫലങ്ങളനുഭവിക്കുന്നത് സ്ത്രീകളാണ്. കുടുംബാന്തരീക്ഷത്തിലായാലും സാമൂഹ്യാന്തരീക്ഷത്തിലായാലും മതം, ജാതി, ലിംഗം, രാഷ്ട്രം തുടങ്ങിയ അധികാര സ്ഥാപനങ്ങൾ സ്ത്രീക്കുമേൽ ചെലുത്തിയ അടിച്ചമർത്തൽ സമീപനമാണ് ഇതിന്

കാരണം. എല്ലാ അധികാരകേന്ദ്രങ്ങൾക്കും പുറത്താണ് സ്ത്രീ. മതങ്ങൾ പ്രത്യേകിച്ചും സ്ത്രീ ജീവിതത്തിൽ അധികാരം ചെലുത്തുന്നു. മാത്രമല്ല, സ്ത്രീശരീരം എറ്റവും വലിയ അപകടകാരിയാണെന്ന് പഠിപ്പിക്കുന്നു. അതുകൊണ്ടു തന്നെ മനുഷ്യന്റെ മൗലികവിചാരങ്ങളെ കർക്കശമായി സമീപിക്കുന്നു. ഇതിനെതിരെ സ്ത്രീ എഴുത്തുകാർ രചനയിലൂടെ പ്രതിരോധം തീർക്കുന്നു. എഴുത്തുകാരികൾ സ്ത്രീസ്വത്വം അനാവരണം ചെയ്യുന്നതിൽ അതീവശ്രദ്ധാലുക്കളായിരുന്നു. കൂടാതെ, സ്ത്രീ താൻ കടന്നുപോകുന്ന ചുറ്റുപാടുകളും അവയുടെ തീവ്രാനുഭവങ്ങളും സ്ത്രീത്വത്തിന്റെ ഭിന്നഭാവങ്ങളും രചനകളിലൂടെ സമൂഹത്തിൽ സംവദിച്ചു.

“സ്ത്രീധർമം ഗൃഹപരിപാലനമാകയാൽ പെൺകുട്ടികൾ വിദ്യാഭ്യാസത്തിൽ ശ്രദ്ധ വെക്കുന്നതുപോലെത്തന്നെ ഗൃഹവിദ്യാഭ്യാസത്തിലും പ്രത്യേകം മനസ്സു വെക്കേണ്ടതാകുന്നു. വീട്ടിലെ സമാധാനവും സൗഖ്യവും ഒരു വീട്ടുകാരിയെ ആശ്രയിച്ചിരിക്കുമ്പോൾ അവളുടെ ശ്രദ്ധ എല്ലായ്പോഴും വീട്ടുകാര്യങ്ങളിലായിരിക്കേണ്ടതാണ്. അവനവന്റെ സുഖം മാത്രം നോക്കിയിരിക്കുന്ന ഗൃഹിണികൾ മൂലമായി ഗൃഹത്തിൽ ദുഷ്കീർത്തിയും ശാപവും ദുരിതവും ഉണ്ടാകുന്നതാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ മുഖ്യമായൊരംശം ഗൃഹകൃത്യങ്ങളിൽ പരിചയിക്കുകയായിരിക്കും” നല്ലതെന്ന് ആദ്യകാലമാസികയായ ‘ശാരദ’യിൽ (196) പരാമർശിക്കുന്നുണ്ട്. ഇത് ആ കാലഘട്ടത്തിലെ സമൂഹത്തിന്റെ കാഴ്ചപ്പാടാണ് വ്യക്തമാക്കുന്നത്.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും പെട്ടുഴലുന്ന നമ്പൂതിരിസ്ത്രീ സമുദായത്തിന്റെ ഉന്നമനത്തിനായി ലളിതാംബിക അന്തർജനം കഥാരചന ഉപയോഗപ്പെടുത്തുന്നു. അവരുടെ രചനാകാലഘട്ടത്തിൽ സ്ത്രീകേന്ദ്രീകൃതസാഹിത്യം ഉണ്ടായിരുന്നില്ല. സ്ത്രൈണഭാവത്തിന്റെ വിവിധ തലങ്ങളും സ്വത്വാവകാശബോധത്തിന്റേയും സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളോടും പുരോഗമനാശയങ്ങളോടും ആഭിമുഖ്യം പുലർത്തി ഇവർ രചനകളിലൂടെ സംവദിച്ചു. യാത്രാവസാനം, മൂടുപടം, വിധിബലം, പ്രതിധ്വനി, പ്രതികാരദേവത തുടങ്ങിയവ അന്തർജനങ്ങളുടെ അവസ്ഥ ആലേഖനം ചെയ്യുന്നു. പുരുഷമേധാവിത്വത്തെ പ്രതികാരം കൊണ്ടുതന്നെ നേരിടാമെന്ന് വാദിക്കുന്ന പ്രതികാരദേവതയും എല്ലാ മേൽകോയ്മകളേയും നിശ്ശബ്ദമായി സഹിക്കാൻ തയ്യാറാണെന്ന് മൗനസമ്മതം മൂളുന്ന മൂടുപടവും ഉദാഹരണമാണ്.

സരസ്വതിയമ്മ, മാധവിക്കുട്ടി, സാറാ ജോസഫ്, ഗ്രേസി, അഷിത, കെ.ആർ.മല്ലിക, സി.എസ്.ചന്ദ്രിക, ബി.എം.സുഹറ, മാനസി, സിതാര എ.എസ്., പ്രിയ എ.എസ്., കെ.പി.സുധീര, ധന്യാരാജ്, കെ.രേഖ, കെ.ആർ.മീര, ഇ.കെ.ഷാഹിന തുടങ്ങിയ എഴുത്തുകാർ സമൂഹത്തിന്റെ അനാചാരങ്ങളേയും അസ്വാതന്ത്ര്യത്തേയും വിമർശിച്ചുകൊണ്ട് സാഹിത്യരംഗത്തെത്തിയവരാണ്.

അഷിതയുടെ പൗരുഷം എന്ന കഥ 2014 മാർച്ചിൽ ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ചതാണ്. ഇത് പൗരുഷത്തെക്കുറിച്ചുള്ള ഒരു ചെറുകഥനമാണ്. ബ്രാഹ്മണപൗരോഹിത്യപൗരുഷത്തിന്റെ സർവജ്ഞാവതാരമായ ആദിശങ്കരനും ഭക്തകവി മീരാബായിയും തമ്മിലുള്ള ഒരു സാങ്കൽപികസംവാദത്തിലൂടെ പൗരുഷത്തിന്റെ യാഥാർത്ഥ്യങ്ങളെ അപനിർമിക്കാനുള്ള ഒരു കഥനപരിശ്രമമാണിത്. വിവേകചൂഡാമണിയിൽ പുരുഷനായി പിറക്കുക ഭാഗ്യമാണെന്ന് പരമാചാര്യർ പറഞ്ഞുവെച്ചിരിക്കുന്നു. പ്രപഞ്ചത്തിലെ ഒരേയൊരു പുരുഷൻ വിരാടപുരുഷനായ കൃഷ്ണനും ബാക്കിയുള്ളവരെല്ലാം സ്ത്രീകളും ആയ സ്ഥിതിക്ക് ഇത് ശരിയോ ഗുരോ എന്നാണ് മീരയുടെ ചോദ്യം. ഇത് കേട്ട് മന്ദഹസിച്ച ആചാര്യരുടെ മുന്നിൽ അപ്പോൾ മാത്രം ഭർത്താവിന്റെ തൊഴിയേറ്റ് മരിച്ച് സ്വർഗലോകം പൂകിയ നെയ്യാറ്റിൻകരയിലെ പാറു അക്കൻ വിളിച്ചുപറയുന്നു. ഇന്ത്യാമഹാരാജ്യത്ത് പുരുഷനായി പിറക്കുന്നത് മഹാഭാഗ്യം തന്നെ. കാരണം, എന്ത് കൊടിയ മർദ്ദനം നടത്തിയാലും പെണ്ണുങ്ങൾ പുരുഷന്മാരെ ദൈവങ്ങളായി നെഞ്ചിലെ താലിയായും നെറ്റിയിലെ സിന്ദൂരമായും കൊണ്ടുനടക്കുകയാണല്ലോ. ഇത് കേൾക്കെ ദൈവവും പ്രപഞ്ചവുമെല്ലാം പതുക്കെ ഒരു മൂകതയിലേക്ക് താഴ്ന്നുപോകുന്നു. ലിംഗ നിർമ്മിതിയിലെ പൗരുഷത്തിന്റെ ഇടപെടലുകൾ കഥ ചർച്ച ചെയ്യുന്നു.

കഥാസാഹിത്യരംഗത്തെത്തുന്ന ചന്ദ്രമതി കാലികമായി സ്ത്രീ നേരിടുന്ന പ്രശ്നങ്ങൾ, മനുഷ്യ ബന്ധങ്ങളിൽ കടന്നുവരുന്ന ദുരൂഹതകൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവ തന്റെ രചനകളിലൂടെ അവതരിപ്പിച്ചു. സമൂഹം, കുടുംബം, വ്യക്തി മുതലായ സങ്കൽപങ്ങളിൽ കടന്നുവന്നിട്ടുള്ള മാറ്റങ്ങളെ നിരീക്ഷിക്കുന്നതിനും, നോക്കികാണുന്നതിനുമുള്ള എഴുത്തുകാരിയുടെ ശ്രമം അവരുടെ കഥകളിൽ കാണാം.

മാധവിക്കുട്ടിക്കുശേഷം മലയാളചെറുകഥയിൽ ശക്തമായ സ്ത്രീ

ശബ്ദമുയർത്തിയത് ഗ്രേസിയാണ്. പടിയിറങ്ങിപ്പോയ പാർവതി. നരകവാതിൽ എന്നീ കഥകളിലൂടെ വിരുദ്ധമായ സമൂഹനിലപാടുകൾക്കെതിരെ എഴുത്തുകാരി പൊട്ടിത്തെറിക്കുന്നു. സാമൂഹികവും വൈകാരികവുമായ സ്ത്രീകൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ 'ഭിന്നസംഖ്യ'യിലൂടെ അടയാളപ്പെടുത്തുന്നു.

പച്ചയായ ജീവിതമണ്ഡലത്തിൽ വരച്ചിടുന്ന അനുഭവവാങ്ങ്മയ ചിത്രങ്ങൾക്ക് വൈകാരികത എന്ന പ്രസ്താവനയുമായി ചന്ദ്രമതി എന്ന എഴുത്തുകാരി രംഗത്തെത്തുന്നു. ഇതിന്റെ തനിമകളാണ് 'രത്നാകരൻ എന്ന കാട്ടാളന്റെ പേരില്ലാത്ത ഭാര്യയുടെ ആരും വരച്ചിടാത്ത മുഖത്തെ വരയ്ക്കുന്നതിലൂടെ സാധിച്ചെടുക്കുന്നത്.

"ഇന്ദുലേഖയുടെ കുളിമുറിക്ക് ചുവരുകളും വാതിലുകളും മേൽക്കൂരയും ഒക്കെയുണ്ടെങ്കിലും നിലത്തെ സിമന്റ് പൊളിഞ്ഞിറങ്ങിയിടത്ത് മണൽ തെളിഞ്ഞ് പുല്ലുകൾ വളർന്ന് പൊങ്ങിയിട്ടുണ്ട്. ഒരിക്കൽ പുല്ലിൽ പതുങ്ങി ഒരു മഞ്ഞ പാമ്പ് ഇന്ദുലേഖയുടെ കുളിസിൻ നോക്കിനിന്നിട്ടുണ്ട്. ഫ്രോയിഡിന്റെ പാമ്പല്ല സാക്ഷാൽ വിഷപാമ്പ്...." ഇവിടെ അനുഭവങ്ങളുടെ സാക്ഷാത്കാരം എന്നത് വെറും പറച്ചിലുകളിൽ നിന്ന് തിരിഞ്ഞുനിൽക്കുന്നു. 'രത്നാകരന്റെ ഭാര്യ' എന്ന കഥയിൽ ജീവിതത്തിന്റെ അടിത്തട്ടിലേയ്ക്ക് ഇതിഹാസ പ്രമേയത്തെ പരിവർത്തിക്കുന്നു. മാത്രമല്ല ചരിത്ര നിർമിതിയിലെ അഭിരുചികൾ തീണ്ടാത്ത 'കാട്ടുപെണ്ണ്' സാമ്പ്രദായിക സംവദനത്തിന് സാധുത ജനിപ്പിക്കുന്നു. ഇതിനുപുറമേ അല്പം വിടവ് നൽകി എഴുത്തിടങ്ങൾ വായനക്കാരന്റെ ജ്ഞാനനിക്ഷേപത്തെ പരിശോധിക്കുകയാണോ? അതോ അറിവിനുള്ള വൈവിധ്യ ഉപാധികൾ തുറന്നിടുകയാണോ എന്ന് തോന്നാം.

അധികാരഭ്രമത്താൽ കെട്ടി പൊക്കുന്ന വ്യക്തിത്വം, സ്ത്രീ, ശരീരം, രതി എന്നിവയോട് അടഞ്ഞ മുറുകിയ സമീപനമാണ് നൽകുന്നത്. അധികാരത്തിന്റെ മേൽക്കോയ്മ പ്രകടിപ്പിക്കുന്ന സാമൂഹിക നിയമങ്ങൾ പ്രതിഫലിപ്പിക്കുന്ന ആകാരങ്ങളിലേയ്ക്കും അഭിരുചികളിലേയ്ക്കും സ്ത്രീ ശരീരത്തെ ചുരുക്കുകയും വസ്തുവൽകരിക്കുകയും ചെയ്യുകയാണ്. 'നല്ല കതിരു പെൺകുട്ടികൾ', 'കരിമോന്തയുള്ള പെണ്ണുങ്ങളെ എന്തിനുകൊള്ളാം' സമൂഹത്തിൽ നിലനിൽക്കുന്ന സൗന്ദര്യബോധത്തിന്റെ ധാരകൾ ഇടപെടുന്നത് കഥാകാരി അവതരിപ്പിക്കുന്നു.

വളരുന്ന എഴുത്തുകാരികൾക്ക് തണൽ നൽകുന്ന ചോലമരങ്ങളെപോലെ പൂർവികരായ എഴുത്തുകാർ താങ്ങായും തണലായും വർത്തിക്കുകയാണെങ്കിൽ വളർച്ച മുട്ടുന്ന മരങ്ങൾക്ക് വഴി മുട്ടുന്ന അനുഭവം ഉണ്ടാകാം. അങ്ങനെ ചോല മരങ്ങളാൽ വളർച്ച തടയപ്പെടാത്ത കഥാകാരിയാണ് കെ.പി.സുധീര. എഴുത്തുകാരിയെ അന്യർ ആദരിക്കുന്നത് പൊറുക്കാത്ത ഒരു ഭർത്താവും അയാളെ ധിക്കരിക്കാതെ എല്ലാം സഹിച്ച് അറിയപ്പെടാതെ എഴുത്ത് തുടരുന്നതും വിജയിച്ച ഭാര്യയും കഥാപാത്രങ്ങളാകുമ്പോൾ (അവളുടെ വീട്) സഹനശീലവും പുരുഷാധിപത്യത്തിന്റെ രക്തസാക്ഷിയുമായ ഒരുവളെ ചിത്രീകരിച്ച് സമൂഹത്തോട് സംവദിക്കുകയാണ്.

ശ്രീബാല.കെ.മേനോന്റെ 'സിൽവിയാപ്ലാത്തിന്റെ മാസ്റ്റർപീസ്' എന്ന കഥയിൽ മാസ്റ്റർപീസായ അപ്പുണ്ണിയേട്ടന്റെ കഥ ഒരുപാട് വർഷങ്ങളെടുത്ത് എഴുതിതീർക്കുന്നു. സാഹിത്യരംഗത്ത് സ്ത്രീ എഴുത്തുകാരികളുടെ പ്രശന്ങ്ങളാണ് ഈ കഥ കൈകാര്യം ചെയ്യുന്നത്.

ഷാഹിനയുടെ ഗാന്ധർവം എന്ന കഥ പെണ്ണുങ്ങളുടെ ശബ്ദത്തിനും ഇച്ഛക്കും കാമനക്കും പ്രാധാന്യം കൊടുക്കുന്ന രചനയാണ്. ചെറുകഥയുടെ സമകാലികസാമൂഹ്യരാഷ്ട്രീയവും ജീവിതത്തിന്റെ അന്യാപദേശവിമർശവും ഷാഹിനയുടെ കഥയിൽ ദൃശ്യമാണ്. പുതിയ അനുഭവമേഖലകളുടെ ഗാഢവും ഭാവനിർഭരവുമായ സൂക്ഷ്മാഖ്യാനവും ദൃശ്യബിംബങ്ങളുടെ ഉചിതമായ പ്രതിനിധാനവും ചെറുകഥനത്തിലേക്ക് കലർത്തുന്നത് ഇവിടെ ശ്രദ്ധേയമാണ്.

### 2.3 ലൈംഗികത

ചരിത്രത്തേയും സംസ്കാരത്തേയും മുൻനിർത്തിയും അല്ലാതെയും ലൈംഗികതയുടെ ചിന്താവിചാരങ്ങൾക്ക് പുതിയ ജ്ഞാനമാതൃകയിൽ സവിശേഷമായ സ്ഥാനമാണുള്ളത്. അതുകൊണ്ട്തന്നെ ലൈംഗികതയേയും ലിംഗപദവിയേയും സൂചിപ്പിക്കുന്ന പ്രയോഗങ്ങളും നവീനതയിൽ ഏറെ അർത്ഥവ്യതിയാനങ്ങൾ ഉളവാക്കുന്നു. എഴുത്തുകാരികളുടെ രചനകൾ ലൈംഗികത ആവിഷ്കരിക്കുന്നതിലൂടെ സൃഷ്ടിക്കുന്ന സാമൂഹികാചാരങ്ങളെ സൂക്ഷമനിരീക്ഷണത്തിന് വിധേയമാക്കേണ്ടതുണ്ട്.

നമ്മൾ നമ്മുടെ ശരീരത്തെ ഒരു കുട്ടിയായിരിക്കുമ്പോൾ എങ്ങനെ നോക്കി കാണുന്നു, നമ്മുടെ മാതാപിതാക്കൾ, അധ്യാപകർ, കൂട്ടുകാർ, സമൂഹം മൊത്തത്തിൽ തന്നെ നമ്മുടെ ലിംഗബോധത്തിലേയ്ക്ക് നടത്തുന്ന സ്വാധീനങ്ങൾ എന്നിവയുടെ യൊക്കെ ഫലമായാണ് നമ്മുടെ ലൈംഗികക്രമീകരണം രൂപപ്പെടുന്നത് എന്നത് സമൂഹം കാലങ്ങളായി ഉൾക്കൊണ്ടിരിക്കുന്ന മുൻവിധിയാണ് എന്ന് ജീവൻജോബ് തോമസ് (65) വിലയിരുത്തുന്നു.

ജീവിതം ആഖ്യാനമാവുമ്പോഴും വിമർശനമാവുമ്പോഴും അതിജീവന ത്തിന്റെ സാധ്യതയിലും ലൈംഗികതയുടെ അടയാളപ്പെടുത്തലുകൾക്ക് ചരിത്രഭാ രങ്ങളാവശ്യപ്പെടാതെ അർത്ഥം നിർമ്മിക്കാം അതിനുപുറമെ അവ സ്വീകരിക്കുന്ന അവബോധവും ശ്രദ്ധിക്കേണ്ടുന്ന ഒന്നാണ്.

സ്ത്രീ–പുരുഷബന്ധത്തിനുള്ളിൽ ലൈംഗികത ഏറ്റവും വലിയ സമത്വകാരി യായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ആൺ/പെൺ എന്ന ജൈവീക വർഗ്ഗീകരണമാണ് ലിംഗം എന്ന് സാമാന്യമായി വിവക്ഷിക്കുന്നത്. ലിംഗപദവി സാമൂഹികമായി നിർമ്മി ക്കപ്പെട്ട ആണത്തത്തെയും പെണ്ണത്തത്തെയും കുറിക്കുന്നു. ലിംഗമെന്നത് ഒരു ശരീരത്തെ ആസ്പദമാക്കുന്ന വർഗ്ഗീകരണമാണെങ്കിൽ ആണത്തവും പെണ്ണത്തവും സാംസ്കാരിക നിർമ്മിതികളാണ്. ലൈംഗികത ഓരോ ജീവസമൂഹത്തിന്റെയും കൂട്ടായ നിലനില്പിനേയും അതിജീവനത്തേയുമാണ് നിർണ്ണയിക്കുന്നത്. ഉത്പാദന –പ്രത്യുത്പാദനബന്ധങ്ങളുമായി ബന്ധപ്പെടുത്തി ലൈംഗികതയെ കാണേണ്ടതുണ്ട്. ലൈംഗികത അറിവിന്റെ വിഷയമായിത്തീരുന്നത് ആധുനിക സമൂഹത്തിലാണ്. ലൈംഗികതയെ ചരിത്രവത്കരിക്കുകയാണ് ഫ്രഞ്ച് ചിന്തകൻ മിഷേൽ ഫൂക്കോ ചെയ്യുന്നത്. ലൈംഗികതയെക്കുറിച്ച് സൃഷ്ടിക്കുന്ന വിപുലമായ വ്യവഹാരങ്ങളിലൂടെ അധികാരം ആധുനികകർത്തൃത്വത്തെ ഉത്പാദിപ്പിക്കുന്നുവെന്ന സിദ്ധാന്തമാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. (ലിസ.പി. 279)

"സ്ത്രീകളുടെ ലൈംഗിക മനസ്സുകളുടെയും ശരീരങ്ങളുടെയും നിഗൂഢതകളെ തുറന്നുകാട്ടിയ കഥാകാരിയെന്നാണ് ഗ്രേസിയെ ചിലർ വിശേഷിപ്പിച്ചിട്ടുള്ളത്." (ബഷീർ.എം.എം. 420) 'വേനലിൽ വീണ ഒരു മഴത്തുള്ളി' ഒരു പെൺകുട്ടിയുടെ പ്രതിഷേധത്തിന്റെയും ലൈംഗികാഭിനിവേശത്തിന്റെയും ആവിഷ്കാരമാണ്. പിണങ്ങികഴിയുന്ന അച്ഛനും അമ്മയും, മുടങ്ങാതെ എത്തുന്ന

പണം, വല്ലപ്പോഴും തന്നെ കാണാനെത്തുന്ന അച്ഛൻ, അമ്മയുടെ തനിഛായയുള്ള തന്നെ കാണുമ്പോൾ ധൃതിപിടിച്ച് പോയികളയുന്ന അച്ഛൻ എന്നിവയിലൂടെ കഥ സംവേദനം ചെയ്യുന്നു. "എങ്കിൽ ഞാനാണ് കുന്തി തന്റെ മനസ്സിന്റെ ഇരുണ്ട മട ക്കുകളിൽ അഞ്ചു മന്ത്രങ്ങൾ ഞാൻ ഒളിപ്പിച്ചുവെച്ചിട്ടുണ്ട്..... വീണ്ടും കന്യകയാ കാനുള്ള മന്ത്രം......" ഇത്തരം കഥാ സന്ദർഭങ്ങൾ ഒരവബോധമാണ് സൃഷ്ടിക്കുന്നത്. അച്ഛനമ്മമാരോടും തന്നോടു തന്നെയും പ്രതിഷേധിക്കുന്ന യുവതി സ്വന്തം ശരീരം കൊണ്ടാണ് എല്ലാത്തിനും മറുപടി പറയുന്നത്.

'പടിയിറങ്ങിപോയ പാർവ്വതി' പാർവ്വതിയോട് അവൾക്ക് വല്ലാത്ത അഭിനിവേശമായിരുന്നു. കവിളിൽ തൊടുക, മിനുത്ത മുടിയിൽ തഴുകുക ഇതൊക്കെ അവളെ അസാധാരണമായി ആഹ്ലാദിപ്പിച്ചു. പാർവ്വതിയുടെ വിവാഹത്തിൽ അവൾ പങ്കെടുത്തില്ല. പാർവ്വതി ഭർത്താവ് രാമനാഥനോടൊപ്പം അവളെ കാണാനെത്തിയ പ്പോൾ അവൾക്ക് ജാള്യം തോന്നി.

പുരുഷനായി മാറിയ യുവതിയുടെ കഥയാണ് 'പ്രവാസിയുടെ ജനനം' ഉറക്കത്തിൽ സ്വപ്നം കണ്ടു ഞാൻ പുരുഷനായിരിക്കുന്നത്. അവൾ എഴുത്തിന്റെ ലോകത്തിൽ മുഴുകി. ജനിച്ചപ്പോൾ തന്നെ തന്റെ ആത്മാവിൽ പുരുഷത്വവേരുകൾ ഉണ്ടായിരുന്നു എന്ന നടുക്കുന്ന സത്യം അവൾ കണ്ടെത്തി. എല്ലാ പുരുഷന്മാരിലും സ്ത്രീകളിലും പുരുഷന്റെയും സ്ത്രീയുടെയും അവസ്ഥകളുണ്ട്. കഥയിലെ നായിക പുരുഷനാണ്, സ്ത്രീയുമാണ് എന്നിവയിലൂടെ അവസാനിക്കുന്ന കഥ വായനക്കാരന് ചർച്ചചെയ്യാനുള്ള വിഷയങ്ങൾ നൽകുകയാണ് ചെയ്യുന്നത്.

പാവക്കുട്ടി, ശുഭം, ഭ്രാന്ത്, പന്ത്, പാഞ്ചാലി, നാട്ടുനടപ്പ്, നായയുണ്ട് സൂക്ഷിക്കുക തുടങ്ങിയ ഒട്ടേറെ കഥകളും ലൈംഗികതയുമായി ബന്ധപ്പെട്ട പ്രമേയ ങ്ങളാണെന്ന് കൈകാര്യം ചെയ്തിരിക്കുന്നത്. "ഗ്രേസിയുടെ കഥകളിലെല്ലാം ബാഹ്യമായോ ആന്തരികമായോ സെക്സ്. പക്ഷേ സെക്സിന്റെ അതിപ്രസരമുള്ള അശ്ലീലകഥകൾ എന്നു പറഞ്ഞ് ഇവയെ മാറ്റി നിർത്തുന്നത് കലാസൃഷ്ടിയോടുള്ള അനാദരവാകും" (ബഷീർ.എം.എം. 469)

'ഭ്രാന്തൻപൂക്കൾ' എന്ന കഥയിൽ കേന്ദ്രസ്ഥാനത്തു നിൽക്കുന്നത് ഒരു സ്ത്രീയാണ് മറ്റു കഥാപാത്രങ്ങൾക്കെന്നപോലെ അവൾക്കും കഥയിൽ പേരില്ല. അവൾ മാത്രമാണവൾ. ശരീരത്തേയും കവിയുന്ന തൊണ്ടയേക്കാൾ ആഴത്തിലുള്ള

ഏതോ കാമനെയാണ് അവൾ വഹിക്കുന്നത്. ദാഹത്തിന്റെയും വാക്കിന്റെയും ഉറവിടമായ തൊണ്ട എന്ന ശരീര ഭാഗം സൂചകമായി കഥയിൽ നിലകൊള്ളുന്നു. 'കല്പാന്തം' കഥയിൽ പുരുഷനെയാണ് ആഖ്യാനത്തിന്റെ മുഖ്യസ്ഥാനത്ത് നിർത്തി യിരിക്കുന്നത്.

> "സ്ത്രീ പുരുഷലൈംഗികതയും ഹോമോസെക്ഷ്വാലിറ്റിയും ലെസ്ബിയനിയവും ഈ കഥകളിൽ അനായാസം കൈകാര്യം ചെയ്യു ന്നത് ബോധപൂർവ്വമായ ഒരിടപെടലായിത്തന്നെ ഞാൻ കാണുന്നു" സിതാരയുടെ ആദ്യത്തെ കഥാസമാഹാരത്തിന് സാറാ ജോസഫ് എഴുതിയ അവതാരികയിലെ പ്രസ്താവനയാണ് മുകളിൽ പരാമർശി ച്ചിരിക്കുന്നത്. 'അഗ്നിയും,ചതുപ്പും', കല്പിതവൃത്താന്തവും പ്രണയ വൈറസും സ്ത്രീയെ അവളുടെ യാഥാർത്ഥസ്വത്വത്തിൽ ചിത്രീകരി ക്കാനുള്ള ശ്രമങ്ങളും സിത്താരയുടെ കഥകളിൽക്കാണാം. സ്ത്രീയെ ക്കുറിച്ചുള്ള പുരുഷന്റെ ഓമനത്തമുള്ള സങ്കല്പമല്ല, ഓരേ സമയം ദൗർബല്യങ്ങളും സാദ്ധ്യതകളുമുള്ള സ്ത്രീവ്യക്തിത്വത്തിന്റെ പൂർണ്ണതയാണ്, സിതാര പ്രത്യക്ഷവത്കരിക്കാൻ ശ്രമിക്കുന്നത്. (ജോർജ്ജ് കെ.എം, 412) 'അഗ്നിയിലെ' പ്രിയ എന്ന അസാധാരണ മനോബലമുള്ള കഥാപാത്രം സ്ത്രീയെക്കുറിച്ചുള്ള കഥാകാരിയുടെ ആഗ്രഹചിന്തയാണ് വെളിപ്പെടുത്തുന്നത്.

സ്ത്രീയുടെ ലൈംഗികതയെ നിയന്ത്രിക്കുകയും അധികാരം ചെലുത്തുകയും ചെയ്യുന്ന പുരുഷമേധാവിത്വ മനോഭാവത്തെ നിഷേധിക്കുന്ന ലൈംഗികകർത്തൃസ്വ ത്വങ്ങളായി സ്ത്രീ രൂപാന്തരപ്പെടുമ്പോൾ ലൈംഗീകരാഷ്ട്രീയമാണ് സിത്താരയുടെ അഗ്നിരേഖപ്പെടുത്തുന്നത്.

ചങ്ങമ്പുഴയുടെ രമണനെ അപനിർമ്മിക്കുന്ന കഥയാണ് പ്രണയചന്ദ്രിക. ഈ കഥയിൽ ചന്ദ്രികയിൽ പൗരുഷവും, രമണനിൽ സ്ത്രൈണതയും ആരോപി ച്ചിരിക്കുന്നത് ശ്രദ്ധിക്കുക. അഗ്നിയും കഥകളും, വേഷപ്പകർച്ച, നൃത്തശാല എന്നിവയാണ് സിത്താരയുടെ പ്രധാന കഥാസമാഹാരങ്ങൾ. ലെസ്ബിയൻപശു എന്ന കഥയിലൂടെ ശ്രദ്ധ പിടിച്ചുപറ്റിയ കഥാകാരിയാണ് ഇന്ദു മേനോൻ. മറ്റുകഥ കളാണ് സംഘ്പരിവാർ, ഹിന്ദുഛരായയുള്ള മുസ്ലീം പുരുഷൻ എന്നിവയാണ്.

> 'അഗ്നിയിൽ' ശരീരത്തിനുമേലുള്ള ലൈംഗികമായ കടന്നുകയറ്റത്തെ പാപം എന്നു വ്യാഖ്യാനിക്കുന്ന സാമൂഹികനിയമാവലിയെ, അസഹനീയമെങ്കിലും അസാധാരണമായ ഇച്ഛാശക്തിയോടെ പ്രിയ എന്ന കഥാപാത്രം പൊളിച്ചെഴുതുന്നുണ്ട്. ഇത് സ്ത്രീ ശരീരത്തെക്കുറിച്ചും പുരുഷ മനസിനെക്കുറിച്ചുമുള്ള അപനിർമ്മാണവുമായിത്തീരുന്നു. "അടിസ്ഥാനപരമായി സ്ത്രീയുടെ സാമൂഹികമനസ്സിൽ ഉറച്ചുപോയ അപരലിംഗം എന്നമേച്ഛപദവിയിൽ നിന്ന് വിടുതൽനേടാൻ പ്രിയക്കാവുന്നില്ല. സാമൂഹികമായി എത്രതന്നെ വിപ്ലവകരമായ കാലത്തു ജീവിച്ചാലും പെണ്ണു പെണ്ണുതന്നെ എന്ന അലിഖിതനിയമം ഒരു ശാപവചനംപോലെയാണെങ്കിലും പ്രിയ ചിന്തിക്കുന്നുണ്ട്. അത്തരമൊരു ശാരീരിക സംബോധനയുടെ പ്രത്യയശാസ്ത്ര പരിസരത്തു ജീവിക്കേണ്ടിവരുന്ന കാലത്തോളം പീഢിപ്പിക്കപ്പെടാവുന്നതും ഉപഭോഗവിധേയമാക്കാവുന്നതുമായ ഒന്നാണ് സ്ത്രീശരീരം എന്ന പുരുഷ വർഗകാഴ്ച്ചപ്പാട് തിരസ്ക്കരിക്കപ്പെടുന്ന എന്നും വ്യക്തമാക്കുന്നുണ്ട് ഈ കഥ". (സിദ്ദിഖ്.എം.എം. 94). ഓരോ പുരുഷന്റെ ഉള്ളിലും ഒരു വേശ്യ ഉണ്ടാകും എന്ന് പറഞ്ഞവസാനിപ്പിക്കുകയാണ് എഴുത്തുകാരി.

സമത്വത്തിലും സാഹോദര്യത്തിലും വിശ്വസിക്കുന്ന കമ്മ്യൂണിസം എന്ന പ്രസ്ഥാനത്തിനുള്ളിൽപ്പോലും സ്ത്രീലിംഗപരമായ അസമത്വം അനുഭവിക്കുന്നുണ്ട് എന്ന് കെ രേഖയുടെ ആരുടേയോ ഒരു സഖാവ്. വനിതാസഖാവ് തന്റെ സ്വത്വ ബോധത്തെ തിരിച്ചറിയുമ്പോഴും കർശനനിയന്ത്രണങ്ങൾക്കകത്ത്പെട്ട് വലയുന്നു.

ഇന്ദുമേനോന്റെ ശ്രീഹരിയും മെഹറുന്നീസയും കോഹാബിറ്റേഷനിലൂടെ സൃഷ്ടിക്കുന്ന സാമ്പ്രദായികതയോടുള്ള വെല്ലുവിളിയാണ്, പക്ഷേ മെഹറുന്നീസ നിലനിൽക്കുന്നത് സാധാരണ വീട്ടമ്മയുടെ ചിട്ടവട്ടത്തിൽ തന്നെയാണ്. ഭർത്താവ് ജോലിക്കുപോയശേഷമുള്ള കുളി, തുണിയലക്കൽ, വീടിനുള്ളിലെ ഒതുങ്ങിയ ജീവിതം, ഒരു നല്ല ഭാര്യ, അവൾ പെരുമാറുന്ന ഇടങ്ങളുടെ പരിസരം ഇത്തരം സീമാംശതലങ്ങൾ പദവിയെ ഏറെ പ്രശ്നവൽക്കരിക്കുന്നു. ഇവ വ്യക്തിവിനിമയ ങ്ങളിൽ നിന്ന് ലിംഗബോധത്തെയും, ശരീരവിനിമയങ്ങളിൽനിന്ന് ലൈംഗികതയേയും കൂട്ടിച്ചേർക്കുന്നു.

ലൈംഗികതയുടെ നിരോധനത്തിലൂടെയും മർദനത്തിലൂടെയുമാണ് സ്ത്രീ പുരുഷ നിർമ്മിതി എന്ന ജെൻഡറിനെ വളർത്തിയെടുക്കുന്നത്. (സത്യൻ പി.പി, 166) ലൈംഗികതയുടെ ചരിത്രത്തെ മുൻനിർത്തിയുള്ള വീക്ഷണം പ്രാധാന്യമർഹിക്കുന്നു. വിക്ടോറിയൻ സദാചാരത്തിന്റെ മൂശയിൽ പുരുഷൻ/സ്ത്രീ എന്ന അമൂർത്ത സങ്കല്പനങ്ങളായി മനുഷ്യരെ വിഭജിച്ചു. (ഷാജി ജോസഫ് 43) ഇത്തരം യുക്തികൾ വിഭജനത്തിന് ആക്കംകൂട്ടി മാത്രമല്ല പുരുഷകേന്ദ്രീകൃത നിർവചനത്തിലേക്ക് സ്ത്രീലൈംഗികതയെ ചുരുക്കുകയും ചെയ്തു. എന്നാൽ നിലനിൽക്കുന്ന ചില ക്രമങ്ങളിലെ അക്രമങ്ങളെ വെല്ലുവിളിച്ച് അതിനെ പൊളിച്ചെഴുതി പുതിയക്രമങ്ങൾ സൃഷ്ടിക്കാനും അതിൽ കാലുറപ്പിച്ച് നിൽക്കാനും ശ്രമിക്കുന്ന സ്ത്രീകഥാപാത്രങ്ങളാണ് കഥാകാരികൾ ചേർത്തുവെക്കപ്പെടുന്നത്. മാത്രമല്ല സമകാല സാമൂഹികജീവിതത്തിലെ ആണധികാരത്തിന്റെ ധിക്കാരത്തോടും ശരീരത്തിന്റെയും മനസ്സിന്റെയും മേലുള്ള അധിനിവേശങ്ങളോടും ആ അധികാരങ്ങളും ധിക്കാരങ്ങളും അധിനിവേശങ്ങളും പുലർത്തുന്ന അസഹിഷ്ണുതയോടും സ്ത്രീരചനാകാരികളുടെ സ്ത്രീകഥാപാത്രങ്ങൾ പ്രതിഷേധപ്രതിരോധങ്ങൾ തീർക്കുന്നു.

ഇന്ദുമേനോന്റെ ആൺവണ്ടികൾ എന്ന കഥയിൽ സ്ത്രീ സമൂഹത്തോട് പ്രതികരിച്ച്കൊണ്ട് തന്റെ ഉടലിനെ ഉപയോഗിക്കുന്നു. ഭാഷയിലൂടെയും, ബിംബങ്ങളിലൂടെയും ആഖ്യാനതന്ത്രങ്ങളിലൂടെയും, ലൈംഗികതയിലൂടെയും വ്യത്യസ്ത വഴികൾ തീർക്കുകയാണ് ഇന്ദുമേനോൻ. തീവണ്ടിയുടെ പുകക്കിതപ്പുകൾ ഉയർന്നു. വേഗത്തിന്റെ അർവ്വാചീന മന്ത്രങ്ങളിൽ ഇരുമ്പുരസി സീൽക്കാരം പുറപ്പെട്ടു. വിഷപ്പല്ലുനിറഞ്ഞ മുഖയന്ത്രത്താൽ ചുംബിക്കാൻ വെമ്പി വരുന്ന പെരുസർപ്പത്തെപ്പോലെ തീവണ്ടി, വളവിൽ പുളയുന്നത് ഊർമ്മിള അടുത്തു നിന്നുകണ്ടു. കഥയുടെ ഭാഷാസന്ദർഭങ്ങളിലൂടെ സമൂഹത്തോട് സംവദിച്ചും കലഹിച്ചും ആശയങ്ങൾ പങ്കുവയ്ക്കുന്നു.

അനേകം സ്ത്രീകളെ ചൂഷണംചെയ്യാൻ ശ്രമിക്കുന്ന ഊർമ്മിള, ലോഡ്ജ് ഉടമയുടെ ഗൂഢാലോചനയിൽപ്പെട്ട് പോലീസ് സ്റ്റേഷനിലെത്തുന്നതും സ്ത്രീത്വത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി കൊതിക്കുന്ന അവസ്ഥകളാണ് ആൺവണ്ടികളിൽ കാണാനാവുക.

"തൊണ്ണൂറുകളിൽ ലൈംഗികതയുടെ പ്രതിനിധാനം സ്വത്വവും

> വ്യക്തിയുമായുള്ള ബന്ധത്തിലേക്ക് കേന്ദ്രീകരിക്കപ്പെട്ടു തുടങ്ങി. ഇവിടെ ലൈംഗികത അധികാരവ്യവഹാരഘടനയിലെ ഘടകമായി കണ്ടിരുന്ന സമീപനങ്ങളിൽനിന്ന് സ്വത്വത്തിന്റെ ഘടകമായി തിരിച്ചറിയുന്നതു കണ്ടെത്തണം. ഇവിടെ അധികാരത്തിന്റെ ഇടപെടൽ തികച്ചും നിഷേധാത്മക രീതിയിലാണ് കൈകാര്യം ചെയ്യപ്പെട്ടിട്ടുള്ളത്. ഇങ്ങനെ രൂപീകരിക്കപ്പെടുന്ന വ്യവഹാരമണ്ഡലത്തിൽ സ്ത്രീ ലൈംഗികത തുറന്ന ചർച്ചകൾക്ക് വിധേയമാക്കപ്പെടുന്നുണ്ട്. സ്ത്രീ-പുരുഷ ലൈംഗികതയുടെ സ്ത്രീ പ്രതിനിധാന പ്രശ്നങ്ങളോടൊപ്പം തന്നെ സ്ത്രീയുടെ ലൈംഗിക സ്വാതന്ത്ര്യത്തിലധിഷ്ഠിതമായ ലൈംഗികാസക്തിയെപ്പറ്റിയും സംസാരിച്ചുതുടങ്ങി എന്നതും ശ്രദ്ധേയമാണ്." (ലിഷ എച്ച്. 619)

മലയാള ചെറുകഥാ സാഹിത്യത്തിൽ ലെസ്ബിയനിസം ആവിഷ്കരിക്കുന്നത് ന്യൂനപക്ഷരചനകളിലാണ്. മാധവിക്കുട്ടിയുടെ സ്ത്രീ, ചന്ദനമരങ്ങൾ, ഇന്ദുമേനോന്റെ ഒരു ലെസ്ബിയൻ പശു, ജലത്തിലൂടെ നടക്കുന്ന കന്യകമാർ, സിത്താരയുടെ സ്പർശം, ചന്ദ്രികയുടെ ലേഡീസ് കമ്പാർട്ട്മെന്റ്, കാഞ്ചിപുരം, ചന്ദ്രമതിയുടെ ശ്രീഹവ്യയും ചില അക്കാദമിക് പ്രശ്നങ്ങളും, വൽസല ദുഷ്ന്തനും ഭീമനുമില്ലാത്തലോകം..... തുടങ്ങിയവയാണ്.

സിതാരയുടെ 'സ്പർശം' എന്ന കഥയിൽ മാദ്രി – മറിയ എന്നീസ്ത്രീകളുടെ പരസ്പരമുള്ള അനുരാഗത്തെ അവതരിപ്പിക്കുന്നു. രവിയുമായി പിരിഞ്ഞു കഴിയുന്ന മറിയയും നന്ദന്റെ ഭാര്യ മാദ്രിയും തമ്മിൽ ലെസ്ബിയൻ ബന്ധത്തിലേർപ്പെടുന്നതിനു പിന്നിൽ ഇരുവരുടെയും അസംതൃപ്ത ദാമ്പത്യങ്ങളാണ്. മാദ്രിയുടെ സ്ത്രീത്വത്തെ അംഗീകരിക്കാത്ത നന്ദൻ പുരുഷ നിർമിതമായ കുടുംബസ്ത്രീ - കുലസ്ത്രീ വാർപ്പുമാതൃകയിലേയ്ക്കു മാദ്രിയെ പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ മാദ്രി ആ വ്യവസ്ഥിതിയെ തന്നെ പുറംതള്ളുന്നു. മാദ്രി തന്റേതായ ഇടം കണ്ടെത്താൻ മറിയയുമായി ബന്ധത്തിലാവുന്നു.

ചന്ദ്രികയുടെ ലേഡീസ് 'കമ്പാർട്ട്മെന്റ്' എന്ന കഥ കമ്പാർട്ട്മെന്റിൽ വച്ച് യാദൃശ്ചികമായി കണ്ടുമുട്ടുന്ന അഞ്ജലിയും മഞ്ജുവും തമ്മിലുള്ള അസാധാരണ ബന്ധത്തെ അവതരിപ്പിക്കുന്നു. സ്ത്രീകൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ

തുടങ്ങിയവരുടെ ഇടം കണ്ടെത്തേണ്ട അവസ്ഥയിൽ ലിംഗനീതിയും അധികാരവും എങ്ങനെ ഇടപെടുന്നു എന്നു കാണാവുന്നതാണ്.

സമൂഹത്തിന്റെ അധികാരവ്യവസ്ഥകളോട് കലഹിക്കേണ്ടിവരുന്ന സ്ത്രീസ്വത്വങ്ങളെ പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് സ്ത്രീപുരുഷ ബന്ധങ്ങളിലെ സ്വത്വ പ്രതിസന്ധികളും. സി.എസ്.ചന്ദ്രികയുടെ ഷെഹർബാൻ, നിലാവും സർപ്പങ്ങളും തുടങ്ങിയ കഥകൾ അത്തരം പ്രശ്നപരിസരത്തു നിന്നു കൊണ്ടാണ് സംസാരിക്കുന്നത്. വിവാഹവ്യവസ്ഥിതിയിൽ സ്ത്രീ ഉടൽമാത്രമായി ചുരുക്കപ്പെടുന്നതിന്റെ അവസ്ഥയാണ് ഷെഹർബാൻ ചർച്ചചെയ്യുന്നത്. നിലാവും സർപ്പങ്ങളുമാവട്ടെ പ്രണയത്തിലും രതിയിലും വിവാഹത്തിലും സ്ത്രീക്കു ലഭിക്കാതെ പോകുന്ന അവസ്ഥാന്തരങ്ങളെയാണ് അടയാളപ്പെടുത്തുന്നത്. പ്രിയ.എ.എസിന്റെ പച്ചകുതിരയും പാത്തുമ്മകളും പറയുന്നത് സ്ത്രീ ലൈംഗികതയുടെ സ്വത്വത്തെ എങ്ങനെയാണ് അടയാളപ്പെടുത്തുന്നത് എന്നാണ്. സിൽവികുട്ടിയുടെയും ഇ.കെ.ഷാഹിനയുടെയും കഥകൾ സ്ത്രീഅവസ്ഥകൾക്കു ള്ളിൽ നിന്നുകൊണ്ട് പ്രണയത്തേയും ലൈംഗികതയേയും കുറിച്ചെഴുതുന്നുണ്ട്.

ഇന്ന് ജീവിത പരിസരം കൂടുതൽ സുതാര്യമാകുമ്പോൾ വ്യക്തിപരവും സാമൂഹികവും രാഷ്ട്രീയവും എന്ന് വേണ്ട സ്വന്തം ആകുലതകളും രോഷങ്ങളും അവതരിപ്പിക്കാൻ പോലും ഇടം ലഭിക്കുന്നു എന്നത് പുതിയ തിരിച്ചറിവിന്റെ സ്ഥലികളാണ്. ഇത്തരം തിരിച്ചറിവുകൾ വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ലിംഗനീതി യുടെയും സ്വതന്ത്ര ലൈംഗികതയുടെയും പുതിയ കാലഘട്ടം തുറന്നുതരുന്നു. എഴുത്ത് പുതിയ മേച്ചിൽപുറങ്ങൾ തേടുന്നു.

## 2.4. സ്വത്വരൂപീകരണം

സംസ്കാരപഠനം, സാംസ്കാരികപാഠങ്ങളെ രാഷ്ട്രീയവൽകരിക്കുകയും ചരിത്രവൽകരിക്കുകയും ചെയ്യുന്നു. സാംസ്കാരികപ്രക്രിയകൾക്കിടയിൽ രൂപപ്പെടുന്ന പൊതുബോധത്തിന്റെ പ്രത്യയശാസ്ത്രവിവക്ഷകളെ സംസ്കാരപഠനം തിരിച്ചറിയുന്നു. ഏത് തരം ഒഴിച്ചുനിർത്തലുകളും അധികാരപരമാണ്.

സ്വത്വരാഷ്ട്രീയം തിരിച്ചറിയുന്നു എന്നത് സംസ്കാരപഠനത്തിന്റെ സവി ശേഷതയാണ്. സ്വത്വനിർമിതിയുടെ സൂക്ഷ്മപരിശോധനയിലൂടെ ആഖ്യാതാവ്,

ആഖ്യാനത്തിലൂടെ സ്വത്വം നിർമിച്ചെടുത്ത് ആഖ്യാനലക്ഷ്യം നേടുന്നത് എങ്ങനെയെന്ന് പഠിക്കാവുന്നതാണ്. ആഖ്യാതാവ് ഇക്കാര്യത്തിൽ സർവസ്വതന്ത്ര നല്ല. സാഹിത്യത്തെ ഒരു സാംസ്കാരികോൽപന്നമായി പരിശോധിക്കുമ്പോൾ കർതൃ ത്വത്തെ എഴുത്തുകാരുടെ സ്വത്വമായി മനസിലാക്കാൻ സംസ്കാരപഠനം അനുവ ദിക്കുന്നില്ല. സാമൂഹ്യപ്രക്രിയയുമായി ബന്ധപ്പെട്ടുകൊണ്ടാണ് എഴുത്തുകാരുടെ വാക്കുകൾ സാഹിത്യം ചമക്കുന്നത്. അതിലെ ലിംഗകർതൃത്വത്തെപ്പോലും സാംസ്കാരികശൃംഖലയുടെ ഭാഗമായി വേണം വ്യാഖ്യാനിക്കാൻ.

ദേശീയസ്വത്വം സാംസ്കാരികസ്വത്വം, സ്വത്വരാഷ്ട്രീയം, സമഷ്ടിസ്വത്വം തുടങ്ങിയ വ്യവഹാരത്തിൽ സ്വത്വവിചാരവും വിചിന്തനവും ശ്രദ്ധേയമായ പരിഗണന അർഹിക്കുന്ന ഒന്നാണ്. സ്വത്വാന്വേഷണം ഒരു പുതിയ മേഖലയല്ലെങ്കിലും അതിന് വർധിച്ചുവന്ന പ്രാധാന്യവും തെളിമയും സമകാലികയാഥാർത്ഥ്യമാണ്. സ്വത്വത്തിന്റെ നിർവചനങ്ങളോടൊപ്പം വീണ്ടെടുപ്പിനെ സംബന്ധിച്ച ചർച്ചകളും നിരാസത്തിന്റെ വിചാരധാരകളും കാണാം.

വ്യക്തിയുടേയും സമൂഹത്തിന്റേയും സ്വത്വത്തെ നിർണയിക്കുന്നത് പല ഘടകങ്ങളേയും മുൻനിർത്തിയാണ്. ഈ സംവർഗങ്ങളിലെ ബഹുസ്വരതകളെ (വ്യക്തിയിലെ സ്വഭാവസവിശേഷതകളെ, വിഭിന്ന താൽപര്യങ്ങളെ, സമൂഹത്തിലെ വ്യത്യസ്ത വ്യക്തികളിലേയും സംഘങ്ങളിലേയും സവിശേഷതകളെ, ചേഷ്ടാ പരമായ സമീപനങ്ങളെ) അഥവാ നാനാത്വത്തെ അതിന്റെ സ്വത്വാന്വേഷണത്തിന്റെ ഫലമായി ആറ്റിയും കുറുക്കിയും പല രൂപത്തിലേക്കും ചുരുക്കപ്പെടുകയും അതിന്റെ ഗുണദോഷപരങ്ങളായ സാധ്യതകൾവെച്ച് നിർവചിക്കപ്പെടുകയും ചെയ്യും.

അധികാരം സാമൂഹ്യസാംസ്കാരികഘടനകളിലെ ശീലങ്ങളിലും അച്ചടക്കങ്ങ ളിലും മറ്റ് മേഖലകളിലും സ്വാധീനിക്കുന്നു. അതായത് രാഷ്ട്രീയത്തിന്റെ, വിദ്യാഭ്യാ സത്തിന്റെ, ശിക്ഷണത്തിന്റെ, മൂല്യസംഹിതയുടെ, സാഹിത്യകലകളുടെ, മാധ്യമത്തി ന്റെ, രുചിയുടെ, രതിശീലങ്ങളുടെ, ദൈവസങ്കൽപങ്ങളുടെ, മതാഭ്യാസങ്ങളുടെ, ഭാഷ യുടെ എന്നുവേണ്ട മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളേയും സ്പർശിക്കുന്നു. അതുകൊണ്ടുതന്നെ എഴുത്തും ഭാഷയും സംസ്കാരവും എല്ലാം അധികാരഘടന യുടെ ശ്രേണി സ്ഥാപനവൽകരിക്കുന്നു. ഇത് ദളിത്, സ്ത്രീ, പുറംപോക്കിലുള്ളവർ എന്നീ വിഭാഗങ്ങൾ സമൂഹത്തിൽ ഉടലെടുക്കുന്നതിനുള്ള സാധ്യതകൾ

തുറന്നിടുന്നു. സാഹിത്യത്തിൽ പലപ്പോഴും പ്രാന്തവൽകരിക്കുന്ന സമീപനമാണ് സ്ത്രീസാഹിത്യത്തോടും സാഹിത്യത്തിൽ സ്ത്രീയോടുമുള്ളത്. എന്നാൽ ഇന്ന് ഏറെക്കുറെ ഈ മനോഭാവത്തിന് വ്യതിചലനം ഉണ്ടായിട്ടുണ്ട്.

സർഗാത്മകതയുടെ ഉൽഭവംതൊട്ടേ വിവിധ സാഹിത്യമേഖലകളിൽ സ്ത്രീ കഥാപാത്രങ്ങളെ നിർമിക്കുകയും സ്ത്രീയെ ചുറ്റിപ്പറ്റിയുള്ള സംഭവങ്ങൾ താൽപര്യ പൂർവം അവതരിപ്പിക്കുകയും ചെയ്തു. സ്ത്രീ നിരന്തരം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സ്ത്രൈണത, സ്ത്രീത്വം, സ്വത്വം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സമൂഹവുമായി സംവദിച്ചു.

സ്ത്രീ തന്റെ ഇടം ആവിഷ്കരിക്കാൻ സാഹിത്യത്തെ മാധ്യമമാക്കുമ്പോൾ അത് വെറും വികാരപ്രകടനമായി തള്ളപ്പെടുന്നു. ഈ സാംസ്കാരികചട്ടക്കൂടുകളെ പ്രതിരോധിക്കാനുള്ള എഴുത്തുകാരികളുടെ ശ്രമങ്ങളെ രൂപാന്തരീകരിച്ച് ലിംഗ വിധേയത്വത്തിന് കീഴ്പെടുത്തുന്നു. ഇത് സമൂഹത്തിന്റെ പൊതുബോധത്തിൽ എഴുത്തുകാരികളുടെ സ്വീകാര്യത കുറക്കുന്നു.

പ്രമേയത്തിലും ആവിഷ്കാരരീതിയിലുമെല്ലാം മലയാളചെറുകഥ നവീക രിക്കപ്പെടുകയും വൈവിധ്യലോകങ്ങൾ തുറക്കുകയും ചെയ്തു. സാറാ ജോസഫ്, ഗ്രേസി, ചന്ദ്രമതി, പ്രിയ എ.എസ്., സി.എസ്.ചന്ദ്രിക, കെ.രേഖ, സിതാര, ഇന്ദുമേനോൻ, കെ.ആർ.മീര തുടങ്ങിയ ഒട്ടേറെ എഴുത്തുകാരുണ്ട്. സമൂഹം സ്ത്രീക്ക് നൽകുന്ന പദവികളെക്കുറിച്ചുള്ള നിരന്തരമായ അപഗ്രഥനമായിരുന്നു മുതിർന്ന കഥാകാരികളുടേത്. പുതിയവരാകട്ടെ സമൂഹത്തിൽ തങ്ങളെ അടയാളപ്പെടുത്താൻ ശ്രമിക്കുന്നവരും അതിനവർ പെൺജീവിതത്തെ പല മട്ടിൽ വായിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സ്ത്രീപദവീബോധ്യങ്ങൾ അമ്മയിലും ഭാര്യയിലും വീണ്ടും അന്വേഷണവിധേയമാക്കുമ്പോൾതന്നെ 'പെൺകുട്ടി' ശക്തമായൊരു രൂപ കമാണിവരിൽ. ഭാര്യയിലേക്കും അമ്മയിലേക്കും നടന്നടുക്കുന്നതിന് മുന്നേയുള്ള പെൺകുട്ടിയുടെ ജീവിതം ശക്തമായ പ്രത്യയശാസ്ത്രബന്ധത്തിനുള്ളിലാണെന്ന തിരിച്ചറിവ് കേന്ദ്രാശയമായിത്തന്നെ ഇവരുടെ കഥകളിൽ വർത്തിക്കുന്നു. ഒരുപാട് അരുതുകളുടേയും പരിഭ്രമങ്ങളുടേയും ലോകത്തുനിന്ന് ഒഴിഞ്ഞുമാറി വളരെ ലാഘവത്വത്തോടെ അലയാനും കണ്ടുനടക്കാനും താൽപര്യമുള്ള പെൺകുട്ടി മുതൽ രതിയുടെ ആഴക്കടലുകളും ബോധ്യങ്ങളും ഉൾകൊള്ളുന്നവരെ ഇവരുടെ

പെൺകുട്ടികൾ പ്രകടിപ്പിക്കുന്നുണ്ട്. (സജിത കെ.ആർ. 49). സ്ത്രീത്വത്തിന്റെ ആത്മ സംഘർഷങ്ങളും ആധികളും അസംതൃപ്തികളും പുരുഷാധിപത്യപ്രവണതക ളോടുള്ള വെല്ലുവിളികളെ അവതരിപ്പിക്കുകയുമാണ് എഴുത്തുകാരികൾ.

> അഗ്നി, ചതുപ്പ്, കല്പിതവൃത്താന്തം, പ്രണയവൈറസ് എന്നീ കഥകളിൽ സ്ത്രീയെ അവളുടെ യഥാർത്ഥസ്വത്വത്തിൽ ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ സിത്താരയിൽ കാണാം. "സ്ത്രീയെ അവളുടെ യഥാർത്ഥസ്വത്വത്തിൽ ചിത്രീകരിക്കാനുള്ള ശ്രമങ്ങളും സ്ത്രീയെ കുറിച്ചുള്ള പുരുഷന്റെ ഓമനത്വമുള്ള സങ്കല്പമല്ല, ഒരേ സമയം ദൗർബ്ബല്യങ്ങളും സാധ്യതകളുമുള്ള സ്ത്രീ വ്യക്തിത്വത്തിന്റെ പൂർണ്ണതയാണ് സിത്താര പ്രത്യക്ഷവത്ക്കരിക്കാൻ ശ്രമിക്കുന്നത്. ഇക്കാര്യത്തിൽ ഒരു ആക്ടിവിസ്റ്റിന്റെ തന്നെ നിലപാടാണ് അവർ സ്വീകരിക്കുന്നത്. പക്ഷേ ആ സ്ത്രീ സമൂഹം കേരളീയസമൂഹത്തെ സംബന്ധിച്ചിടത്തോളം അയഥാർത്ഥമായ ഒന്നാണ്". (ബെഞ്ചമിൻ ഡി. 412)

നവലോകക്രമത്തിൽ ഏറ്റവുമധികം ഉയരുന്ന ശബ്ദമാണ് സ്ത്രീകളുടെ ശാക്തീകരണം. ലോകത്ത് പലയിടങ്ങളിലും നടക്കുന്ന സ്ത്രീശാക്തീകരണങ്ങൾ ഓരോ സന്ദർഭമനുസരിച്ച് ശ്രദ്ധയാകർഷിക്കുന്നുണ്ട്. പുരുഷാധിപത്യത്തിനെതി രെയുള്ള മുന്നേറ്റം മാത്രമല്ല ഇന്നത്തെ സ്ത്രീപ്രക്ഷോഭങ്ങൾ. അവക്കുള്ളിൽ കുടിയി രിക്കുന്ന അനേകം വൈജാത്യങ്ങൾ, രാഷ്ട്രീയത്തിലെ സ്വത്വപരത, ലിംഗാധിഷ്ഠിത വ്യവഹാരങ്ങൾ, ഇടങ്ങൾക്കുള്ളിലെ ഇടങ്ങൾ, പൊതു ഇടവും സ്വകാര്യതയും, കമ്പോളവൽകരണം തുടങ്ങി നിരന്തരം പരീക്ഷണത്തിന് വിധേയമായിക്കൊണ്ടിരി ക്കുന്ന അവസ്ഥാന്തരങ്ങളാണ്.

### 2.5 ഭാഷ

ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വ ബോധത്തിന്റേയും സംസ്കാരത്തിന്റേയും പ്രതിഫലനം കൂടിയാണ്. സാമൂഹ്യ ജീവിതത്തിന്റെ ഇടപെടൽ, തലങ്ങൾ തിരിച്ചറിയാനും ലോകത്തിന്റെ ഗതിവി ഗതികളറിയാനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. സംസ്കാരത്തിന്റെ വികാസക്ഷമതക്കും നവീകരണത്തിനും ഭാഷ ശക്തമായ ഉപാധിയാണ്.

മലയാളചെറുകഥാരംഗത്ത് ഏറ്റവും കൂടുതൽ പ്രാദേശികഭാഷാഭേദങ്ങളുടെ

അവതരണം എഴുത്തിൽ കണ്ടെടുക്കാൻ കഴിയും. "ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മലയാളിയുടെ ധാരണ പൊതുഇടങ്ങളിൽ അംഗീകൃതമായ ഭാഷ സംസാരിക്കണം എന്നതാണ്. പ്രാദേശികഭാഷാഭേദങ്ങളെ പൊതുഇടത്തിൽ ഉപയോഗിക്കുന്നത് വില കുറഞ്ഞ ഒന്നായി കാണുന്ന കുറച്ചധികം മലയാളികളെങ്കിലും കേരളീയ സമൂഹത്തിലുണ്ട്. മാനകഭാഷക്ക് കൂടുതൽ മാന്യതയും പ്രാദേശികഭാഷാഭേദങ്ങളുടെ മരണത്തിന് വഴിവെക്കുകയുള്ളൂ. അത്തരമൊരു സാഹചര്യം സംജാതമായാൽ കേരളത്തിലെ ഏതെങ്കിലും പിഎച്ച്ഡി പ്രബന്ധങ്ങളിലോ വിരലിലെണ്ണാവുന്ന സാഹിത്യകൃതികളിലോ മാത്രമായി പ്രാദേശികഭാഷകൾ ഒതുങ്ങിക്കൂടും." (രശ്മി.ജി, അനിൽകുമാർ.കെ.എസ്., 2018;28) ജീവിതത്തെ ആഴങ്ങളിൽ അന്വേഷിക്കുകയും അതിനെ കലാതീതമായ അനുഭവങ്ങളാക്കി വായനക്കാർക്ക് നൽകുന്നതിനായി എഴുത്തുകാർ ഭാഷയെ സമർത്ഥമായി പ്രയോഗിക്കുന്നു.

> പല കൈവഴികളിലൂടെ സഞ്ചരിച്ചുകൊണ്ട് ഭാഷയുടെ രൂപത്തിൽ അനുഭവങ്ങളുടെ പുതിയ വഴി വെട്ടിത്തെളിച്ചവരാണ് എഴുത്തുകാരികൾ. പരമ്പരാഗതവും നവീനവുമായ വൈവിധ്യങ്ങളും നൂതനവും പ്രാക്തനവുമായ ആവിഷ്കാര കൗശലങ്ങളും കഥക്ക് സ്വീകരിച്ച ഭാഷ്യത്തിനുണ്ട്. രാജലക്ഷ്മിയുടെ രചനകളുടെ സവിശേഷതയായിരുന്നു വാക്കുകളുടെ പ്രയോഗം. തീക്ഷ്ണാനുഭവങ്ങളുടെ അവതരണം കുറിയ വാക്കുകളിൽ കൊരുത്തിരിക്കുന്നു. മകൾ എന്ന കഥയിൽ നിർമല പ്രണയത്തിന്റെ ചൂടും തണുപ്പും അനുഭവിക്കുന്നുണ്ട്, സംരക്ഷണഭാരമോർക്കാതെ സൃഷ്ടിച്ചുകൂട്ടുന്ന കുചേലന്റെ നവയുഗപ്പതിപ്പുണ്ട്, ചോദ്യം ചെയ്യാതെ സഹിച്ചുകൊണ്ട് ആയുഷ്കാലമത്രയും താരാട്ടുപാടിക്കഴിയുന്ന കുചേലപത്നിയുണ്ട്, പൊട്ടിത്തെറിക്കുന്ന യൗവനമുണ്ട്, ത്യാഗിനിയുടെ ബലിബോധം ക്രമേണ നിറംമാറി സ്നേഹിക്കപ്പെട്ടവരോടുള്ള അനാസ്ഥയും ത്യാഗത്തിന് ഹേതുഭൂതരായവരോടുള്ള ദ്വേഷവും പരിണമിക്കുന്നതിലെ മനോഗതി വൈദഗ്ധ്യമുണ്ട്... ഇവയെല്ലാം മകളിലെ ജ്വാലക്കുള്ള ഇന്ധനങ്ങളാണെന്ന് ലീലാവതി പ്രസ്താവിക്കുന്നു (2008;31). സാമൂഹ്യ പുരോഗതിയെക്കുറിച്ചുള്ള അവബോധം വാക്കുകളുടെ ശിൽപത്തിൽ ആവിഷ്കരിക്കുന്നവയ്ക്ക് ഉത്തമോദാഹരണമാണിത്.

"ഒരു പറ്റം പിള്ളേർക്കുവേണ്ടി" എന്ന സംഭാഷണത്തിലെ പറ്റം എന്ന ആ വാക്ക് താൻ സ്നേഹിക്കുന്ന കൂടപ്പിറപ്പുകളെപ്പറ്റി പറയാൻ പറ്റുന്ന ഒരാളോട് "നമസ്കാരം, ഞാൻ പോവുന്നു..." രാജലക്ഷ്മി പ്രേമത്തെ അവതരിപ്പിക്കുന്ന സന്ദർഭങ്ങളാണിത്. ശാരദ പ്രണയബന്ധത്തിൽനിന്ന് കുതറിപ്പോവുന്ന രംഗം അത്യന്തം ധ്വനിസുന്ദരമാണ്. "ആകെ ഇളകിമറിഞ്ഞിരിക്കയാണ്; ഒരു വാക്കുകൂടി അവൾ കീഴടങ്ങിയേനെ. അയാൾ തുടർന്നു." "എന്റെ ജീവിതം പൂർണമാക്കാൻ വേണ്ടി മറ്റുള്ളവരെ നശിപ്പിക്കുന്നത്, ആരെയാണ് നശിപ്പിക്കുന്നത്? അനിയന്മാരും അനിയത്തിമാരും! മക്കളെ ഉണ്ടാക്കിയവരാണ് അവരെ നോക്കേണ്ടത്. അല്ലാതെ ചേച്ചിയല്ല. ഒരു പറ്റം പിള്ളേർക്കുവേണ്ടി..." ഒരു വ്യക്തി അയാൾ ആയിരിക്കുന്നത് എങ്ങനെയാണോ അതിനെ പ്രതിഫലിപ്പിക്കുവാനും അയാളുടെ സാമൂഹ്യസാംസ്കാരികചുറ്റുപാടുകളെ കൃത്യമായി വ്യക്തമാക്കാനും ഭാഷക്ക് കഴിയുന്നുണ്ട്. ഇത് തന്നെയാണ് രാജലക്ഷ്മി കഥാപാത്രങ്ങളെ മുന്നിൽ നിർത്തിക്കൊണ്ട് സംസാരിപ്പിക്കുന്നത്. കൂടാതെ, സ്വത്വത്തെ പ്രകടിപ്പിക്കുന്ന പ്രധാന മാധ്യമം ഭാഷയാണെന്ന തിരിച്ചറിവ് തന്നെ രാജലക്ഷ്മിയുടെ കഥാപാത്രങ്ങൾ തങ്ങളുടെ ഇടവും ഭാഷയിലൂടെ സ്പഷ്ടമായി ആശയവിനിമയത്തിലും ഏർപെടുന്നു.

റോബിൻ ലാക്കോഫിന്റെ അഭിപ്രായത്തിൽ വാക്കുകൾ തെരഞ്ഞെടുക്കുന്നതിലും വാക്യഘടനാനിയമത്തിലും ഈണത്തിലും സ്ത്രീകളും പുരുഷന്മാരും വ്യത്യസ്തരാണ്." പുറംമോടിയുള്ളത് സംശയാത്മകവും വിശേഷണങ്ങളേറിയതും അതിപരിഷ്കരണത്തോടുകൂടിയ ഉച്ചാരണവും നർമപരിഹാസങ്ങൾ കുറഞ്ഞ പദാവലിയും ചേരുന്നതാണ് സ്ത്രീയുടെ ഭാഷണരീതി. ഇത് പുരുഷനിൽനിന്ന് വ്യത്യസ്തമായ സ്വത്വം സ്ത്രീകൾക്ക് നൽകുന്നു. ലോകത്തിലെ എല്ലാ ഭാഷകളിലും ലിംഗവിവേചനം ഭാഷയെ സ്വാധീനിക്കുന്നുണ്ട്." (ഗിരീഷ്.പി.എം. 25) ഭാഷയിലെ ഈ ലിംഗവിവേചനം എഴുത്തുകാരികൾ മറികടക്കുകയാണ് ചെയ്യുന്നത്.

മാപ്പ് എന്ന കഥ "ഒരു വലിയ ഞാൻ മുമ്പിലുണ്ടായതല്ലേ കുഴപ്പം" എന്ന് അവൾ തന്നോടുതന്നെ ചോദിക്കുന്നു. "ഏറ്റവും കുത്സിതമായ സർവനാമം" എന്ന വാക്യം ഉച്ചരിച്ച് തീരുംമുമ്പേ കേട്ട അവൾ എന്ന ശബ്ദത്തിൽ മുഴങ്ങിയ വെല്ലുവിളി എന്താണ്. കഥാസന്ദർഭങ്ങൾ ഭാഷാവഴക്കത്തിനെയാണ് പ്രത്യക്ഷീകരിക്കുന്നത്.

പി.വൽസല ആദിവാസികളുടെ ജീവിതവും സമൂഹപ്രശ്നങ്ങളിലൂടെയുമാണ്

രചനകൾക്ക് പ്രമേയങ്ങൾ സ്വീകരിക്കുന്നത്. രചനകളിലെ അവതരണമാകട്ടെ, അതിന്റേതായ ഭാഷാരീതി ഉപയോഗിക്കുന്നു. കോണിച്ചോട്ടിലെ മുറിയൻ വെളിച്ചം, കാലാൾ, കാവലാൾ, അന്നാ മേരിയെ നേരിടാൻ എന്നിവ ഉദാഹരണങ്ങളാണ്. ഭാഷാഘടന, പ്രതിപാദ്യം എന്നിവക്കൊരു തനതായ വഴിയൊരുക്കുകയായിരുന്നു കഥാകാരി ഗ്രേസി. അവരുടെ പ്രസിദ്ധ കഥയാണ് ഗൗളീജന്മം. "അതുകൊണ്ടാണ് ഈ ജന്മത്തിൽ ഞാൻ മേൽകൂര താങ്ങുന്ന ഗൗളിയായത്" എന്ന സംഭാഷണം ശ്രദ്ധേയമാണ്. മറ്റ് കഥാകാരികളിൽനിന്നും ഗ്രേസിയെ വ്യതിരിക്തമാക്കുന്ന ആഖ്യാനസ്വഭാവവും ഭാഷാഘടനയുമാണ്. കൂടാതെ, ഗൗളി രൂപകത്തിൽ പ്രകടമാവുന്നതുപോലുള്ള നർമബോധവും മൂർച്ചയേറിയ ആക്ഷേപഹാസ്യവുമാണ്. ഗ്രേസിയുടെ കഥാസമാഹരത്തിലെ അവതാരികയിൽ സി.രാധാകൃഷ്ണൻ രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ്. "കഥയെന്നാൽ കുളിരരുവി പോലെയിരിക്കണം എന്ന് കരുതുന്നവർക്കും പിന്നീടൊരു നൊമ്പരവും കഥ ഉളവാക്കുകയില്ല എന്ന മുൻവിധിയുള്ളവർക്കും തൊട്ടാൽ പൊള്ളുന്നവ" എന്നാണ്. കൂടാതെ "പറച്ചിലിലെ കൂസലില്ലായ്മ ഈ കഥകളിലെ പ്രത്യേകതയാണ്." കൂസലില്ലായ്മ തുടങ്ങിയ വാക്കുകളുടെ പ്രയോഗം ശ്രദ്ധിക്കേണ്ട ഒന്നാണ്. സീതായനം, വേനലിൽ വീണ ഒരു മഴത്തുള്ളി, പാഞ്ചാലി എന്നുവേണ്ട ഒട്ടേറെ കഥകൾ ഭാഷാപ്രയോഗത്തിന് ഉദാഹരണങ്ങളാണ്.

ജന്തുക്കൾക്ക് ഭാഷ നൽകിക്കൊണ്ട് മനുഷ്യരെ വിമർശിക്കുന്ന തന്ത്രം നർമബോധത്തോടെ അവതരിപ്പിക്കുകയാണ് ഗൗളീജന്മം. അചേതനങ്ങൾക്ക് ഭാഷ നൽകപ്പെട്ടിട്ടുള്ള മറ്റൊരു കഥയാണ് മാമല്ലപുരത്തെ മുയലുകൾ. "ആരെ കഥാപാത്രമാക്കുന്നുവോ ആ ആൾക്ക് തനതായ ഒരു ഭാഷയുണ്ടാവും. ആ ഭാഷ ഗ്രേസിക്ക് വശഗതമാവുന്നു. ഓറോതയും പ്രേതങ്ങളും നിർഭയതയുടെ അവതാരമായ ഓറോത പ്രേതങ്ങളോട് ഭാഷണം ചെയ്യുന്നതും ശിപായിയുടെ സങ്കീർത്തനം എന്ന കഥയിൽ തെല്ല് മദ്യപിച്ച് ശിപായിയുടെ തമ്പുരാനോട് ചങ്ങാതിയോടെന്നപോലെ നർമഭാഷണം ചെയ്യുന്നതും ശ്രദ്ധിക്കാവുന്നതാണ്. "ഈ അഹന്തേണ്ടല്ലോ, വാനാറ്റം പോലാ, കള്ളവന്നിയൂല അനുപവിക്കണ ദുരിതം മുഴുവൻ തന്റെ മനഃസ്ഥിതീം ഇവടത്തെ വെവസ്ഥിതീം ഒരുപോലെ ഒള്ളവന് വാരിക്കോരി പിന്നേം പിന്നേം വെച്ചു നീട്ടും..." തുടങ്ങിയവയാണ് സംഭാഷണങ്ങൾ. "ബോധിവൃക്ഷച്ചുവട്ടിലിരുന്ന് ധ്യാനത്തിന്റെ കവാടം തുറന്ന ആൺഗൗളി, പൊട്ടിച്ചിലക്കുന്ന പെൺഗൗളി" തുടങ്ങി സന്ദർഭങ്ങൾ ഭാഷാപ്രയോഗങ്ങളുടെ സാധ്യതയാണ് മുന്നോട്ടുവെക്കുന്നുത്.

മാനസിയുടെ കഥകളാവട്ടെ സ്ത്രീപ്രശ്നങ്ങളും ദാമ്പത്യബന്ധത്തിലെ പൊരുത്തകേടുകളും തീവ്രസംഘർഷങ്ങളുമെല്ലാം ലളിതമായ ഭാഷാ പ്രയോഗത്തിലൂടെ സമൂഹത്തോട് സംവദിക്കുന്നു. ഇടിവാളിന്റെ തേങ്ങൽ, മഞ്ഞിലെ പക്ഷി, അലിയുന്ന നിറങ്ങൾ, എന്നിവയാണ കഥാസമാഹാരങ്ങൾ. മഞ്ഞിലെപക്ഷി എന്നതിൽ ശീലാവതി എന്ന കഥ ആർഷഭാരതത്തിലും വർത്തമാനകാലത്തിലും പാതിവ്രത്യത്തിന്റെ പേരിൽ സ്ത്രീകൾ അനുഭവിക്കുന്ന അവസ്ഥ വ്യക്തമാക്കുന്നു.

സാഹിത്യത്തിന്റെ ബാഹ്യാഭ്യന്തരഘടനയിൽ ഭാഷപുലർത്തുന്ന നിർണ്ണായക സ്വാധീനത്തെക്കുറിച്ച് വ്യക്തമായ അവബോധം പുലർത്തിയിരുന്ന എഴുത്തുകാരിയാണ് ഗീതഹിരണ്യൻ. ഓരോ കഥക്കുള്ളിലും ഭാഷകൊണ്ട് പുതു ലോകം സൃഷ്ടിച്ചിരിക്കുന്നു. നാട്ടുഭാഷയേയും, പദങ്ങളേയും യാതൊരു കൃത്രിമത്വവുമില്ലാതെ കഥയ്ക്ക് ഉപയുക്തമാക്കുമ്പോൾ അതൊരു സവിശേഷമായ ആഖ്യാനതന്ത്രംപോലുമായി രൂപപ്പെടുന്നു. 'ഒറ്റ സ്നാപ്പിൽ ഒതുക്കാനാവില്ല, ഒരു ജന്മസത്യം' എന്ന കഥയിൽ "അതോടെ സഹപാടി വന്നുകഴിഞ്ഞു ഓർമ്മയിൽ....." "പനിനീർചെടികൾക്കു തളിക്കാൻ പിൻമുറ്റത്തിരുന്ന് വിഷമരുന്ന് കലക്കുന്ന ഈ തോട്ടകാരനുമായി ഇന്നലെ രമ്യക്കുട്ടി തർക്കിച്ചപ്പോൾ...." തുടങ്ങീ വാക്യങ്ങളുടെ ഒരു നീണ്ടനിരതന്നെ കാണാം. വാക്കിന്റെ ശക്തിയെ, ഭാഷയുടെ വ്യതിരിക്തതകളെ രചനകളിൽ ആവിഷ്കരിക്കുന്നു.

അക്ഷരങ്ങളെയും വാക്കുകളെയും അവയുടെ ധ്വനിമൂല്യങ്ങളെപോലും സവിശേഷതലത്തിൽ വിന്യസിച്ച് ഉണ്ടാക്കിയെടുക്കുന്ന ആഖ്യാനഭാഷയുടെ വൈവിധ്യവും ആകർഷകത്വവും ചെറുകഥാ സാഹിത്യത്തിൽ എഴുത്തുകാരികളുടെ രചനകളെ വേറിട്ടതാക്കുന്നത്.

# അധ്യായം മൂന്ന്
# ആഖ്യാനപാഠവും എഴുത്തുകാരികളുടെ രചനകളും

3.1 ആഖ്യാനം

3.1.1 ആഖ്യാനത്തിന്റെ ഭിന്നതലങ്ങൾ

3.1.2 സ്ത്രൈണാഖ്യാനം

3.1.3 പ്രമേയതലം

3.1.4 ഭാഷ

3.1.5 ബിംബങ്ങൾ

**പ**രമ്പരാഗതകഥാഖ്യാനസമ്പ്രദായങ്ങളിൽനിന്ന് മാറി ലോകത്തെ പുതിയ വഴിയിൽ വായിച്ചെടുക്കാനുള്ള തന്ത്രങ്ങളാവിഷ്കരിക്കുന്ന കാലഘട്ടത്തിലാണ് ഇന്ന് നാം നിൽക്കുന്നത്. ജീവിതവും ചരിത്രവും രാഷ്ട്രീയവും സംസ്കാരവുമെല്ലാം കാഴ്ചപ്പാടുകൾക്കനുസരിച്ച് പല രീതിയിൽ വായിച്ചെടുക്കാം. അതുകൊണ്ടുതന്നെ ആഖ്യാനപാഠം നൽകുന്ന അർത്ഥതലങ്ങൾ വളരെ വലുതാണ്. പ്രമേയപ്രതിപാദന രീതിയേയും ഭാഷാരീതിയേയും സംസ്കാരത്തേയും ഒരുപോലെ അവതരിപ്പിച്ച ഇടമാണ് ആഖ്യാനശാസ്ത്രം.

ഒരു കഥയുടെ വായന ഉണ്ടാക്കുന്ന പ്രതീതികളാണ് പുസ്തകം അടച്ചു കഴിഞ്ഞശേഷവും വായനക്കാരെ പിന്തുടരുന്നത്. ആ പ്രതീതികളിലൂടെ കഥ ആഖ്യാനയാഥാർത്ഥ്യത്തിന്റെ ഒരു രൂപം തരുന്നു. അത് യാഥാർത്ഥ്യത്തിന്റെ ഒരു രൂപവും യാഥാർത്ഥ്യത്തിന്റെ ഒരു ക്രമവും ആണെന്നതാണ് കഥാഖ്യാനത്തിന്റെ സവിശേഷത എന്ന് പി.കെ.രാജശേഖരൻ (22) പ്രസ്താവിക്കുന്നു. ഇത് ഗ്രന്ഥ പാഠത്തെ സൂക്ഷ്മവിശകലനപഠനത്തിനും ആഖ്യാനപ്രയോഗസാധ്യതക്കും വഴിയൊരുക്കുന്നു.

## 3.1. ആഖ്യാനം

സാഹിത്യം, സംസ്കാരം, തത്വചിന്ത തുടങ്ങി ആഖ്യാനത്തിന്റെ മേഖല വ്യാപകമാണ്. മിത്ത്, ഐതിഹ്യം, ഇതിഹാസം, ദുരന്തനാടകം, കഥ, നോവൽ, ചിത്രങ്ങൾ, സിനിമ, സംഭാഷണം, ചരിത്രം ഇവയെല്ലാം ആഖ്യാനങ്ങളെ ഉൾകൊള്ളുന്നുണ്ട്. ഏത് വസ്തുവും ആഖ്യാനങ്ങളെ ഉൾകൊള്ളുന്നതിന് പര്യാപ്ത മാണെന്ന് പറയാം. “മനുഷ്യചരിത്രത്തോടൊപ്പം ആഖ്യാനവും ആരംഭിക്കുന്നു. ഏതൊരു സമൂഹത്തിന്റേയും സമുദായത്തിന്റേയും കാഴ്ചപ്പാടുകളായി അവ നില

കൊള്ളുന്നു. കൂടാതെ, ആഖ്യാനം ദേശാതീതവും സംസ്കാരാതീതവുമാണ്. മാത്രമല്ല, ആഖ്യാനം സംഭവശൃംഖലയാണ്. സംഭവമെന്നത് ഒരു സങ്കീർണ സംജ്ഞയാണെന്ന് പി.എസ്.രാധാകൃഷ്ണൻ (2) രേഖപ്പെടുത്തുന്നു.[1]

പുതിയ നൂറ്റാണ്ടിന്റെ ലോകവീക്ഷണങ്ങളും അവയുൾക്കൊള്ളുന്ന സംസ്കാരനിർമിതികളും മാറ്റങ്ങളും ആവശ്യപ്പെടുന്ന വിലയിരുത്തലുകൾ സാഹിത്യത്തിൽനിന്നും കണ്ടെടുക്കാനാവും. അതിനാൽ വിവിധ വിജ്ഞാന ശാഖകളായ നരവംശശാസ്ത്രം, സാമൂഹ്യശാസ്ത്രം, മനഃശാസ്ത്രം, തത്വശാസ്ത്രം, ഫോക്ലോർ, സയൻസ്, സാങ്കേതികവിദ്യ തുടങ്ങിയ വ്യത്യസ്തമേഖലകൾ സാഹിത്യത്തെ സ്വാധീനിക്കുന്നു. ഇത്തരമൊരു സ്വാധീനം ആഖ്യാനത്തിന്റെ അകം പുറങ്ങളിലൂടെ കൃതിയെ എഴുത്തുകാരുടെ അഭിരുചികളുടെ നിർമാണമാക്കി മാറ്റുന്നതും തുടർന്ന് ഭാവുകനിൽ എത്തിക്കുന്നതും ശ്രദ്ധേയമാണ്. ആഖ്യാനം പ്രത്യേകിച്ചും പ്രശ്നാത്മകമാണ്. കഥനം നിർദോഷകരമല്ല, മറിച്ച്, പ്രബലസാമാന്യ ബോധത്തേയും മുഖ്യാധാരാ പ്രത്യയശാസ്ത്രങ്ങളേയും പരോക്ഷമായി വെളിപ്പെടുത്തുന്ന ഒന്ന് കൂടിയാണ്. കാരണം, അതൊരു ചരിത്രസാമൂഹ്യമുഹൂർത്തത്തിൽ ഒരാഖ്യാനവിഷയമായി നടത്തുന്ന പ്രവൃത്തിയാണ്.

### 3.1.1. ആഖ്യാനത്തിന്റെ ഭിന്നതലങ്ങൾ

ജനവിശാലതയിലേക്ക് പടരുന്നതാണ് ആഖ്യാനം. ഇവ സംസ്കാരവുമായി പ്രത്യക്ഷവും പരോക്ഷവുമായ ബന്ധം നിലനിർത്തുന്നു. പൊതുഇടങ്ങൾ, കൊടുക്കൽ വാങ്ങലുകൾ, സാംസ്കാരികമണ്ഡലങ്ങൾ, വിനോദമേഖലകൾ, അനുഷ്ഠാനതലങ്ങൾ എന്നുവേണ്ട ഒട്ടേറെ തലങ്ങളെ ഉൾകൊള്ളുന്ന ആഖ്യാനം സൃഷ്ടിക്കുന്ന ആവിഷ്കാരങ്ങൾ കാലാകാലങ്ങളോളം പാരായണത്തിനും പുനർവിചിന്തനത്തിനും വിധേയമാക്കേണ്ടതുണ്ട്. മാത്രമല്ല, ഇവിടെ വിസ്മരിക്കവയ്യാത്ത ഒന്നുണ്ട്. അതായത്, readers response theory മുന്നോട്ടുവെക്കുന്ന സർഗപ്രക്രിയയായ വായനയിൽ അർത്ഥം ഉൽപാദിപ്പിക്കുന്നത് വായനക്കാരാണ്. ഈ സർഗപ്രക്രിയയിൽ അനുവാചകരെ വൈവിധ്യപൂർണമായ ദിശകളിലേക്ക് തിരിച്ചു വിടുന്നതിൽ കഥാഖ്യാനത്തിന്റെ പ്രാധാന്യവും പങ്കും ചെറുതല്ല. ആവിഷ്കാരം പോലെത്തന്നെ സർഗാത്മകമാകുന്ന ഒന്നാണ് ആസ്വാദനം എന്ന തിരിച്ചറിവ് ഇതിന്റെ ഭാഗമാണ്.

കഥ ഒരു സാംസ്കാരികവ്യവഹാരമാണ്. സമൂഹത്തിലെ വികാസ

പരിണാമങ്ങളെ പ്രത്യയശാസ്ത്രപരമായി വിവരിക്കുകയാണ് അതിന്റെ രാഷ്ട്രീയം. അതുകൊണ്ടുതന്നെ കഥയെ അർത്ഥോൽപാദനശേഷിയുള്ളതാക്കി മാറ്റുന്നത് ആഖ്യാനത്തെ സ്വാധീനിക്കുന്ന ചരിത്രപ്രത്യയശാസ്ത്ര സാമൂഹികനിലപാടുകളാണ്.

ആദ്യകാലകഥകളിൽനിന്നും നിരന്തരവും വിപ്ലവകരവുമായ പരിവർത്തനങ്ങൾ ചെറുകഥയിലുണ്ടായി. ഈ മാറ്റം ആഖ്യാനത്തിന്റെ വഴികളേറെ പുതുമയിലൂടെയും ചിട്ടപ്പെടുത്താനാവാത്ത വ്യവസ്ഥിതികളിലൂടെയും വൈവിധ്യമാർഗങ്ങളിലൂടെയും ഒട്ടേറെ ദൂരം സഞ്ചരിക്കുകയാണ് ചെയ്തത്.

സമൂഹത്തോട് ചേർന്നുനിൽക്കുന്ന ഭാഷകൊണ്ട് ആഖ്യാനം രൂപപ്പെടുമ്പോൾ എഴുത്തുകാർ അനുഭൂതികളുടെ ആവിഷ്കരണം വായനക്കാരിലേക്ക് സന്നിവേശിപ്പിക്കുന്നു. ഇവിടെയാണ് ആഖ്യാനത്തിന്റെ വിജയരഹസ്യം കിടക്കുന്നത്. കൂടാതെ എഴുത്തുകാരുടെ പ്രത്യയശാസ്ത്രനിലപാടുകളുടെ രാഷ്ട്രീയം വെളിപ്പെടുത്തുന്ന സാക്ഷ്യങ്ങളായി ആഖ്യാനം വർത്തിക്കുന്നു.

കഥ ധർമങ്ങളുടെ ഒരു ശൃംഖലയാണ്. ഒരർത്ഥത്തിൽ കഥയെ മുമ്പോട്ട് നയിക്കുന്നത് ധർമങ്ങളാണ്. പ്രത്യക്ഷത്തിൽ സംഭവങ്ങളാണെങ്കിലും ഓരോ സംഭവത്തിനും അതിന്റേതായ ധർമമോ ധർമങ്ങളോ ഉണ്ട്. ഈ ധർമമോ ധർമങ്ങളോ കഥയെ മറ്റൊരു സംഭവത്തിലേക്കും ഒടുവിൽ ആരംഭിച്ച അതേ ബിന്ദുവിലേക്കും എത്തുന്നു. ആദ്യം മുതൽ അവസാനം വരെ കഥക്ക് സംഭവങ്ങളുടേതായ ഒരു ബാഹ്യഘടനയും ധർമങ്ങളുടേതായ ഒരു ആന്തരികഘടനയുമുണ്ട്. രാഘവൻ പയ്യനാട് (65) വ്യക്തമാക്കുന്നു. ഇത് കഥനത്തിന്റെ കാലാന്തരങ്ങളിലും തെളിഞ്ഞുനിൽക്കുന്നത് കാണാം.

ഭാഷയിലെ പുത്തൻ പരിപ്രേക്ഷ്യവും കാലത്തിന്റെ ശിരോരേഖകളും കഥ അടയാളപ്പെടുത്തുമ്പോൾ ബാഹ്യമായ രൂപത്തിലും കഥാപാത്രങ്ങളിലും വിഷയങ്ങളിലും ചുരുങ്ങാതെ രചനകൾ നടത്തുന്ന പൊളിച്ചെഴുത്തുകൾ കഥാപഠനങ്ങളുടേയും നിരൂപണങ്ങളുടേയും മാറ്റുരക്കാൻ സഹായകമാവുന്നു.

### 3.1.2. സ്ത്രൈണാഖ്യാനം

ആഖ്യാനസവിശേഷതകളിലൂടെ എഴുത്തുകാരികൾ രാഷ്ട്രീയമാനങ്ങളെ കൈകാര്യം ചെയ്തു. കേന്ദ്രസ്ഥമായ ആശയങ്ങൾ, തീക്ഷ്ണവികാര

വിചാരാവിഷ്കാരങ്ങൾ, ആഖ്യാനപരമായ ബഹുലതയും പരീക്ഷണങ്ങളും ചരിത്രത്തേയും പ്രത്യയ ശാസ്ത്രത്തേയും അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രമേയങ്ങൾ സാധ്യമാക്കി. സ്ത്രൈണതയുടെ ആവരണമുഖങ്ങളിലൂടെ ജീവിത ത്തിലേയും ചിന്തയിലേയും നവസമസ്യകൾ ആവിഷ്കരിച്ചുകൊണ്ട് ആഖ്യാന തലത്തിൽ എഴുത്തുകാരികൾ കോളിളക്കം സൃഷ്ടിച്ചു.[2]

കഥയുടെ പ്രമേയത്തിലും രചനാശൈലിയിലുമുള്ള പരീക്ഷണങ്ങൾ കഥാ സാഹിത്യത്തേയും സമകാലികവായനാസമൂഹത്തേയും ഗൗരവമായി എടുക്കേണ്ട നിലയാണുണ്ടാവുന്നത്. ഇത്തരമൊരു നില ഉളവാകുന്നത് ആഖ്യാനകൗശലത്തിന്റെ നേർസാക്ഷ്യങ്ങളായി കാലദേശാന്തരമായ അസ്ഥിത്വം കൈവരിച്ച് അവ ജീവിതത്തെ ജീവിതവുമാക്കിക്കൊണ്ടേയിരിക്കുന്നു എന്നതിൽനിന്നാണ്. ആഖ്യാനം ഒരു സാമൂഹിക പ്രതിനിധാനപ്രക്രിയയാണെന്നും ആഖ്യാനത്തിൽ അബോധമായിരി ക്കുന്ന ചരിത്രത്തേയും രാഷ്ട്രീയത്തേയും പാഠത്തിന്റെ ഉപരിതലത്തിൽ പുനഃസ്ഥാ പിക്കണം എന്ന് പറയുന്ന ഫ്രെഡെറിക് ജെയിംസന്റെ രാഷ്ട്രീയ അവബോധം എന്നത് ഇവിടെ വായിക്കപ്പെടേണ്ടുന്ന ഒന്നാണ്. പ്രസ്തുത ആശയം കഥനത്തേയും ജീവിതത്തേയും ചരിത്രത്തേയും വേർതിരിക്കാനാവാത്ത ഒന്നാക്കി മാറ്റുന്നു.

സാഹിത്യം കേവലം വ്യക്തിസത്തയുടെ പ്രകാശനമല്ലെന്നും ഒരു പ്രത്യേക ചരിത്രസന്ദർഭത്തിലെ സവിശേഷാവസ്ഥയോടുള്ള പ്രതികരണമാണെന്നും ജെയിംസൺ വിലയിരുത്തുന്നു. ഒരു സവിശേഷ ചരിത്രകാലഘട്ടത്തിലെ സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ പ്രതിഫലനമെന്നതിൽനിന്ന് വ്യത്യസ്തമായി കൃതി അതിന്റെ യാഥാർത്ഥ്യം നിർമിക്കുന്നു. ഈ യാഥാർത്ഥ്യത്തെ പൂർണമായും മനസിലാക്കുന്ന തിന് അതിന്റെ ഉപപാഠങ്ങളെ തുറന്നുകാട്ടേണ്ടതുണ്ട്. അത് കൃതിയിൽ അദൃശ്യവും എന്നാൽ സന്നിഹിതവുമാണ്.

കഥ പറയാനും കേൾക്കാനുമുള്ള കൗതുകം മനുഷ്യസഹജമാണ്. ഏറെക്കുറെ സംസാരശേഷിയോടൊപ്പംതന്നെ വികസിച്ചതാവണം കഥ പറയാനുള്ള താൽപര്യമെന്നാണ് ഡേവിഡ് ഡയഷസ് അഭിപ്രായപ്പെടുന്നത്. കഥ പറച്ചിലിന്റെ ആരംഭകാലംതന്നെ സ്ഥാനം പിടിച്ചവയാണ് മുത്തശ്ശിക്കഥകൾ. നമ്മുടെ കഥാ പാരമ്പര്യത്തിന്റെ കണ്ണികളിലൊന്നാണിവ. ബാലമനസുകളെ പ്രചോദിപ്പിക്കുകയും ആവേശം കൊള്ളിക്കുകയും രസിപ്പിക്കുകയും കുരുന്നുഭാവനയെ

ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. വിവിധ കഥകളിൽ ഒരേ കഥാപാത്രങ്ങൾതന്നെ വ്യത്യസ്ത കർമസ്വഭാവരീതികൾ പ്രകടിപ്പിക്കുന്ന ആഖ്യാന ശൈലിയിലാണ് ഇവിടെ കഥാകഥനം സാധ്യമാവുന്നത്.

ആദ്യകാലകഥാസാഹിത്യത്തിൽ എഴുത്തുകാരികൾ കുറവായിരുന്നു. ലളിതാംബിക, സരസ്വതിയമ്മ തുടങ്ങിയ എഴുത്തുകാരികളുടെ കടന്നുവരവ് ചെറുകഥയിൽ സ്ത്രീയുടെ ശക്തമായ സാന്നിധ്യം വിളിച്ചറിയിച്ചവരാണ്. ഇവർ സ്ത്രീകളഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വേറിട്ട വഴികളിലൂടെ അവതരിപ്പിച്ചു. ആദ്യകാലസ്ത്രീരചനകൾ പുരുഷപ്രത്യയശാസ്ത്രം സ്വാംശീകരിച്ചവയാണ്. രണ്ടാമത്തെ വിഭാഗം സാമൂഹ്യസാമുദായികപ്രശ്നങ്ങളെ ഉത്തരവാദിത്തത്തോടെ പ്രതിപാദിക്കുന്നവയാണ്. ഇവിടെ സ്ത്രീയുടെ പ്രശ്നം സാമൂഹ്യപ്രശ്നമെന്ന നിലയിൽ കടന്നുവരുന്നു. മൂന്നാമത്തെ വിഭാഗം സ്ത്രീസ്വത്വത്തിലൂന്നുന്ന സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കുന്നവയാണ്.

വൈവിധ്യമാർന്ന സ്ത്രീകഥാപാത്രങ്ങളുടെ ആവിഷ്കാരത്തിലൂടെ ആധുനികത മുന്നോട്ടുവെച്ച സ്ത്രീപ്രത്യയശാസ്ത്രത്തെ ശക്തമായി എതിർത്ത് സ്ത്രീസ്വത്വവും സ്ത്രീ അനുഭവിക്കുന്ന പ്രശ്നങ്ങളും സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുകയാണ് സരസ്വതിയമ്മ ചെയ്തത്. ഇവരുടെ ആഖ്യാനപരിസരങ്ങളിൽ നർമോക്തികളും ആഴങ്ങളിൽ ഒളിപ്പിക്കുന്ന ധ്വനിപദങ്ങളും സാമ്പ്രദായിക രീതികളോട് കലഹിക്കുന്ന വിമർശനങ്ങളും നിലകൊള്ളുന്നത് കാണാം. കഥയിലെ മിക്ക കഥാപാത്രങ്ങളും ആവിഷ്കാരത്തിന്റെ തനിമ ഉൾകൊള്ളുന്നവയാണ്. ഉദാഹരണത്തിന് സ്വതന്ത്രവാദക്കാരി, കലാമന്ദിരം, വിലക്കപ്പെട്ട വഴി, സ്ത്രീജന്മം, കീഴ്ജീവനക്കാരി, എല്ലാം തികഞ്ഞ ഭാര്യ, കുലമഹിമ, ബഹുമാനപ്പെട്ട അമ്മ തുടങ്ങിയ കഥകൾ.

സരസ്വതിയമ്മയുടെ കഥകൾ ഒരു സവിശേഷമായ സാമൂഹികമൂല്യവ്യവസ്ഥയോടുള്ള കലാപം മാത്രമായിരുന്നില്ല. അതിന്റെ ഭാഗമായ സൗന്ദര്യസങ്കൽപത്തോടും സാഹിതീയഭാവുകത്വത്തോടുമുള്ള കലാപം കൂടിയായിരുന്നു. ഇത് ബോധപൂർവമായ ഒരു പ്രക്രിയയാണെന്ന് തോന്നുന്നില്ല എന്ന് കെ.എസ്.രവികുമാർ (27) യാഥാർത്ഥ്യത്തിന്റേയും സമൂഹത്തിന്റേയും വ്യവസ്ഥിതിയോടുള്ള പ്രതിരോധമാണ് അവർ ഉയർത്തിയത്.

"കഥ സൗന്ദര്യശാസ്ത്രത്തിന്റെ മാമൂലുകളെ ഭേദിച്ചുകൊണ്ട് ഒന്നില ധികം മേഖലകളിലേക്ക് സംക്രമിച്ച് നിൽക്കുന്നു. ഏകതാനമായി, അനു ക്രമഗതിയായി അവിച്ഛിന്നം നീങ്ങുന്ന കഥാപരിണതിക്കുപകരം ഇടർച്ചകളും, ഇണക്കളും പലപ്പോഴും വലിയ തർക്കങ്ങളും ഒക്കെ കഥകളിൽ കടന്നുവരുന്നു. സ്ത്രീകൾ തമ്മിലാണ് പലപ്പോഴും ഈ സംവാദങ്ങൾ നടക്കുന്നത് എന്നതാണ് ഇവിടെ ശ്രദ്ധേയം. പ്രണയം, ലൈംഗികത, പ്രസവം, മാതൃത്വം, കുടുംബം, കലാഭിരുചി, ഉദ്യോഗം എന്ന് തുടങ്ങി സ്ത്രീജീവിതത്തിന് സവിശേഷമായുള്ള വിഷയ ങ്ങളെകുറിച്ചെല്ലാമുള്ള വിശദമായ ചർച്ചകളായി അവ വികസി ക്കുന്നു." (ഗീത പി, 1997;16) കഥയ്ക്കുള്ളിലെ കഥനം പുതിയ മാന ങ്ങൾ കൈവരിക്കുന്നു. എല്ലാ കഥകളിലും ഒരു പതിനെട്ടാം അധ്യായം തുറക്കപ്പെടുന്നു. ഈ ഭാഷണങ്ങൾ വെറും തർക്കങ്ങളല്ല. കഥയുടെ ഭാഗവുമല്ല. മറിച്ച് നിലനിൽക്കുന്ന ചിന്തയുടെ വഴികളിലൂടെയുള്ള ചില ആരായലുകളാണ്. കഥക്കുള്ളിലെ കഥക്കുപകരം അവ വേറിട്ട ഒരു ആഖ്യാനഘടന തിരയുന്നു. പെൺബുദ്ധി, രമണി, സ്ത്രീജന്മം, ഒരുക്കത്തിന്റെ ഒടുവിൽ ഇങ്ങനെ നിരവധി കഥകളിൽ ഈ ചർച്ച കാണാം.

കലാജീവിതത്തിന്റെ ശത്രുവാണ് വിവാഹം. അവ രണ്ട് വിവിധ മേഖലക ളുടേതാണ്. കല സ്വാതന്ത്ര്യത്തിന്റേയും വിവാഹം പാരതന്ത്ര്യത്തിന്റേയും എന്ന് കലാമന്ദിരത്തിലെ ഉഷാദേവി എന്ന കഥാപാത്രം വ്യക്തമാക്കുന്നു. സ്ത്രീകൾ വിജ്ഞാനം വർധിപ്പിക്കുക, വായിക്കുക, അതേക്കുറിച്ച് സംസാരിക്കുക, സാമൂഹിക ഇടപെടലുകൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഥകളിലൂടെ എഴുത്തുകാരി ആഹ്വാനം ചെയ്യുന്നു.

സരസ്വതിയമ്മയുടെ കഥകളിൽ വളരെ പ്രത്യക്ഷത്തിലുള്ള വൈവിധ്യങ്ങളും പുതുമകളും ആഖ്യാനഭേദങ്ങളും കാണാം. സ്ത്രീപക്ഷം എന്ന നിലപാടിന്റെ ചുരു ക്കെഴുത്തുകളായല്ല മറിച്ച് അവയുടെ വിപുലീകരിക്കപ്പെട്ട സാധ്യതകളായി വേണം അവയെ കാണാൻ. സ്ത്രീയവസ്ഥയെന്നത് കേവലമായ സ്ത്രീയവസ്ഥയുടെ സമാ ഹൃതമായ ഒരു ഏകകമായല്ല മറിച്ച് അവസ്ഥകളുടേയും സ്വത്വങ്ങളുടേയും

ബഹുലതയാണ്. കൂടാതെ സ്ത്രീയാവുകയെന്ന അനുഭവത്തിന്റെ സൂക്ഷ്മഭേദങ്ങളെ ആഖ്യാനം ചെയ്യുന്നു.

സാഹിത്യത്തിലെ ആൺകോയ്മയെ മറികടക്കുകയും ആൺപെൺദ്വന്ദ്വത്തെ മറികടന്ന് ലിംഗഘടനയിലെ അധികാരവ്യവസ്ഥയെ അപനിർമിക്കുകയാണ് മാധവിക്കുട്ടി ശ്രമിക്കുന്നത്. അതിനാൽ കുടുംബം, രാഷ്ട്രീയം, സംസ്കാരം എന്നിവയെ അഭിമുഖീകരിച്ചുകൊണ്ടാണ് രചനകൾ മുന്നോട്ടുപോയത്. ആൺ/ പെൺ എന്ന് കൃത്യമായി വേർതിരിക്കപ്പെട്ടിട്ടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് രചനകളിൽ വരച്ചിടുന്നു. അതിന് പുറമേ ഉഭയലിംഗിയുടെ അവസ്ഥ അവതരിപ്പിക്കുകയും ഇവിടെ അധികാരകേന്ദ്രവും പെണ്ണ് അധികാരരഹിതവുമായ ഇടവുമായി വർത്തിക്കുകയും ഭിന്നവർഗലിംഗപദവിയെ പ്രശ്നവൽകരിക്കുകയും ചെയ്യുന്നു.

“സ്ത്രീപുരുഷബന്ധങ്ങൾ സാമൂഹ്യവ്യവസ്ഥകളുടെ കേന്ദ്രഘടകങ്ങളിലൊന്നാണ്. സ്ത്രീപുരുഷബന്ധങ്ങൾ സമൂഹത്തിന്റെ ഭൗതികമായ പുനരുൽപാദനം സാധ്യമാക്കുന്നു” എന്ന് കെ.എൻ.ഗണേശ് (2014;217) നിരീക്ഷിക്കുന്നു.[3] മാധവിക്കുട്ടിയുടെ കഥകൾ സ്ത്രീപുരുഷ ബന്ധങ്ങളേയും സാമൂഹ്യവ്യവസ്ഥകളേയും ആവിഷ്കരിക്കുന്നുണ്ട്.

വളരെ വ്യത്യസ്തമായ ആഖ്യാനശൈലിയിലൂടെ വിഷയസ്വീകരണത്തിൽ പുതുഭാഷ്യം ചമക്കുകയാണ് മാധവിക്കുട്ടി. മാത്രമല്ല സ്ത്രീസ്വത്വവും സ്വത്വപൂർണവുമായി ബന്ധപ്പെട്ടതും മറ്റ് പ്രശ്നങ്ങളും അവതരിപ്പിക്കുന്നു. ശരീരത്തെ എഴുത്തിലേക്ക് സംക്രമിപ്പിച്ചുകൊണ്ടുള്ള വളരെ വ്യത്യസ്തമായ ആഖ്യാനമാണ് മാധവിക്കുട്ടി സ്വീകരിക്കുന്നത്. അവരുടെ രചനകളിൽ ഉടച്ചുവാർക്കുന്ന ഉടലെഴുത്തുകളുടെ ആവിഷ്കാരത്തിലൂടെ ചുമരുകൾക്കുള്ളിലെ രാഷ്ട്രീയം സമൂഹവുമായി പങ്കുവെക്കുന്നു. സ്ത്രീ, പക്ഷിയുടെ മണം, കോലാട്, ചന്ദനമരങ്ങൾ, സോനോഗാച്ചി തുടങ്ങിയ ഒട്ടേറെ കഥകൾ എടുക്കാവുന്നതാണ്. സ്ത്രീത്വത്തിന്റെ വിവിധ മുഖങ്ങളെ സ്ത്രീശരീരത്തിന്റെ അനന്തസാധ്യതകളിലൂടെ തുറന്നടിക്കുന്നു. അരുതുകളുടെ കൂച്ചുവിലങ്ങുകളെ പൊട്ടിച്ചെറിയുന്ന ആഖ്യാനം കഥയുടെ ലോകത്ത് വിപ്ലവം സൃഷ്ടിച്ചു. കൂടാതെ ശരീരമെഴുത്ത് എന്ന ആഖ്യാനത്തിന്റെ പുതുതലം അവതരിപ്പിച്ചു. ആഖ്യാനത്തിലെ പുതുമകളെ കേവലം സാങ്കേതികമായോ സൗന്ദര്യയുക്തിയായോ കാണാതെ മാറിവരുന്ന സാംസ്കാരികപരിണാമങ്ങളാണ് അവ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.

കഥ അനുഭവത്തിന്റെ പരിചിതവും അപരിചിതവുമായ ലോകങ്ങളെ ആഖ്യാനത്തിന്റെ തന്ത്രങ്ങളിലൂടെ മറ്റുള്ളവരുടെ വിരലുകൾ പതിഞ്ഞിട്ടില്ലെന്ന് കഥനകൗശലത്തിലൂടെ ഭാഷയിൽ പുനരാനയിക്കുകയും മാറ്റിയെഴുതുകയുമാണ് ചെയ്യുന്നത്. ആ എഴുത്തിന് ലിംഗഭേദമില്ല. എഴുത്തുരൂപമെന്ന നിലയിൽ ലിംഗഭേദമില്ലാത്ത കഥയിൽ സ്ത്രീയെന്ന നിലയിലുള്ള തന്റെ വിശേഷനിലയുടെ സാധ്യതകളും പ്രശ്നപരിസരങ്ങളും ആവിഷ്കരിക്കുന്നതുകൊണ്ട് അവ സ്ത്രീപക്ഷരചനകളായി മാറുന്നു. നിലവിലുള്ള കഥാരീതിയിൽ സാറാജോസഫ് നടത്തുന്ന മാറ്റിയെഴുത്തുകളാണ് കഥാകാരികളുടെ രചനകളെ മൗലികതയാക്കിത്തീർക്കുന്നത്, കൂടാതെ സ്ത്രീപക്ഷരാഷ്ട്രീയത്തിന്റെ വഴി തുറന്നുനൽകുകയും ചെയ്യുന്നത്. നിലാവറിയുന്നു എന്ന സമാഹാരത്തിലെ 'കന്യകയുടെ പുല്ലിംഗം' എന്ന കഥയിൽ എനിക്കൊന്നും മറച്ചുവെക്കാനില്ല. നമുക്ക് കഥ പറയുന്നതിലെ നാട്യങ്ങൾ എറിഞ്ഞുകളയുകയാണ് നല്ലത്. നമുക്ക് തീ കൂടിയിരുന്ന് മരവിച്ച വിരലുകൾക്ക് ചൂടുപിടിപ്പിച്ച് മുഖത്തോടുമുഖം നോക്കിയിരുന്ന് ചൂടുള്ള നാവുകൊണ്ട് നമുക്ക് കഥ പറഞ്ഞുതുടങ്ങണം എന്ന് സാറാജോസഫ് എഴുതുന്നത് ശ്രദ്ധേയമാണ്. ചിലതൊക്കെ ഗുപ്തവും ദമിതവുമാക്കി (നാട്യ)ലക്ഷണങ്ങളോടെ എഴുതുന്ന കഥാരീതിയിൽനിന്ന് വ്യത്യസ്തമായ എഴുത്തിനെക്കുറിച്ചുള്ളതാണ് ഈ പ്രകടനപത്രിക. കഥാഖ്യാനം പുതിയ അർത്ഥതലങ്ങളിലൂടെ വ്യത്യസ്താനുഭവങ്ങളിലൂടെ പ്രമേയമാക്കി അവതരിപ്പിക്കുകയാണ് സാറാജോസഫ്.

സാറാജോസഫിന്റെ രചനകൾ സ്ത്രീസത്വത്തിൽ ഊന്നുന്നതുകൂടാതെ പുരുഷമേധാവിത്വപ്രത്യയശാസ്ത്രത്തോട് കലഹിക്കുന്നു. എഴുത്തുകാരിയുടെ രചനകൾ യാഥാർത്ഥ്യത്തെ സ്ത്രീപക്ഷത്തുനിന്ന് കാണാനും വ്യാഖ്യാനിക്കാനും നടത്തുന്ന ശ്രമം നമ്മുടെ സാഹിത്യത്തിന്റേയും സാഹിത്യപാരായണത്തിന്റേയും ഗതി നിർണയിക്കുന്നതിൽ സുപ്രധാനപങ്ക് വഹിക്കുന്നു. വൈവിധ്യമാർന്ന് ആഖ്യാനതന്ത്രങ്ങളിലൂടെ മനുഷ്യജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സ്വരചനയിലുടനീളം അവതരിപ്പിക്കുന്നു.

കാലനിബദ്ധമായി കോർത്തിണക്കപ്പെടുന്ന യഥാർത്ഥമോ കൽപിതമോ ആയ സംഭവങ്ങളുടെ പ്രതിനിധാനമാണ് ആഖ്യാനം. ആഖ്യാനത്തിന് ഉപയോഗിക്കുന്ന ഏറ്റവും ചെറിയ ഘടകങ്ങളാണ് ആഖ്യാനകങ്ങൾ. ഇവയുടെ സ്വഭാവം, രൂപം, ധർമം എന്നിവയെക്കുറിച്ചുള്ള പഠനമാണ് ആഖ്യാനശാസ്ത്രം എന്ന്

ജെറാൾഡ് പ്രിൻസ് (35) വ്യക്തമാക്കുന്നു. ഈ ആശയത്തെ മുൻനിർത്തി സാറാ ജോസഫിന്റെ കഥകളെ വിശകലനം ചെയ്യുമ്പോൾ ആഖ്യാനതന്ത്രങ്ങൾ എഴുത്തുകാരി പ്രയോഗിച്ചിരിക്കുന്നത് വ്യക്തമായി മനസിലാക്കാം.

> "തീക്ക് ചുറ്റുമിരുന്ന് മുഖത്തോടുമുഖം നോക്കിയിരുന്ന് പറയുന്ന കഥയെക്കുറിച്ചുള്ള" സങ്കൽപനത്തിന് പിന്നിൽ കഥാഖ്യാനപാരമ്പര്യത്തിന്റെ പ്രാചീനമായ അന്തരീക്ഷമുണ്ട്. കഥ പറച്ചിലിന്റെ ആദിമ ശൈശവത്തെ വിദഗ്ധമായി ഉപയോഗിക്കുന്ന രീതി എഴുത്തുകാരിയുടെ കഥകളിൽ പ്രബലമാണ്. "ആദിരൂപങ്ങളും പൗരാണിക കഥാപാത്രങ്ങളും അനുഷ്ഠാനാന്തരീക്ഷവും നിരവധി കഥകളിൽ കടന്നുവരുന്നു. ഇതിന് പുറമേ കഥാകാരി സ്വീകരിക്കുന്ന മറ്റൊരു ആഖ്യാനതന്ത്രം ഐറണിയുടേതാണ്. വർത്തമാനകാലജീവിതസന്ദർഭങ്ങളെ നിർഭയമായ ഫലിതത്തിൽ കുളിപ്പിക്കുന്ന ഈ കഥകൾ ആദ്യം പറഞ്ഞ ആദിരൂപപരമായ ആഖ്യാനതന്ത്രത്തിന്റെ വിശുദ്ധദിശയിൽ സഞ്ചരിക്കുന്നു. മൂന്നാമതൊരു തരം കഥനരീതിയും സാറാ ജോസഫ് സ്വീകരിക്കുന്നുണ്ട്. പ്രബോധനപരവും രൂക്ഷമായ വിമർശനസ്വരമുള്ളതും ആശയവാദപരമായ സ്ത്രീപക്ഷം ഉയർത്തുന്നതുമായ കഥകളാണിവ." (രാജശേഖരൻ പി.കെ., 2000;89). വ്യക്തിമനസിന്റേയും സമൂഹമനസിന്റേയും സ്ഥൂലവും സൂക്ഷ്മവുമായ അവസ്ഥാഭേദങ്ങളെ ചിത്രീകരിക്കുന്ന കഥകൾ വ്യതിരിക്തമായ ആഖ്യാനശൈലി പ്രകടിപ്പിക്കുന്നത് കാണാനാവും.

ഉള്ളുറപ്പും പേശീബലവും നൽകുന്ന ആഖ്യാനമാണ് മീരയുടേത്. മീരയുടെ കഥകളിലെ സമർത്ഥവും സൂക്ഷ്മവുമായ പ്രതിരോധം സ്ത്രീയുടെ പരാതിപ്പെടലുകളല്ല, മറിച്ച് സ്ത്രീയവസ്ഥയുടെ അപനിർമാണമാണ്. എഴുത്തുകാരിയുടെ എഴുത്ത് സ്ത്രീക്ക് പ്രത്യേകമായി സ്വീകരിക്കേണ്ടിവരുന്ന പ്രതിരോധങ്ങൾ ഉൾക്കൊള്ളുന്നുണ്ടെങ്കിലും അത് പ്രകടിപ്പിക്കുന്നത് എഴുത്ത് നിർമിക്കുന്ന പ്രതിരോധങ്ങൾ തന്നെയാണ്. എഴുത്തുകാരിയുടെ ആഖ്യാനം പരമ്പരാഗതപെണ്ണെഴുത്തിനേയും ആണെഴുത്തിനേയും അട്ടിമറിക്കുന്നു. വായനക്കാരുടെ സുസ്ഥിരധാരണകളെ തകിടം മറിച്ച് മുന്നോട്ടുവരുന്നവയാണ് മീരയുടെ കഥാപാത്രങ്ങൾ. മോഹമഞ്ഞ,

ആവേ മരിയ, ഓർമയുടെ ഞരമ്പ് എന്നീ കഥാസമാഹാരങ്ങൾ വിളിച്ചോതുന്നത് ഇത് തന്നെയാണ്.

ചെറിയ കഥനത്തിലൂടെ ജീവിതത്തിന്റെ സങ്കീർണമായ വലിയ ചോദ്യങ്ങളും ഉത്തരങ്ങളും തേടുകയും ആ തേടലിൽതന്നെ പല സമ്മിശ്രദൃശ്യങ്ങളും കഥന ത്തിന്റെ ക്യാൻവാസിൽ മീര കോറിയിടുന്നു. മാത്രമല്ല ഗഹനമായ താത്വികസമീക്ഷ കളും അതിലളിതമായ പുഞ്ചിരികളും അതിദയനീയമായ ജീവിതദുരന്തങ്ങളും അതി ജീവനത്തിന്റെ ഭാഷണങ്ങളുമെല്ലാം കഥയിൽ നിലനിൽക്കുന്നുണ്ട്. അതിനുപുറമേ ലിംഗനിർമിതിയിലെ പൗരുഷത്തിന്റെ കാതലും കരളും ഹിംസയാണെന്ന് അടയാ ളപ്പെടുത്താനും കഥാകാരി മടിക്കുന്നില്ല.

രചനകളിൽ മീര സ്ത്രീപുരുഷവിനിമയത്തെ വ്യാഖ്യാനിച്ച് ലിംഗാധിഷ്ഠിത പ്രശ്നങ്ങൾ ഉയർത്തുന്നു. സ്ത്രീപുരുഷബന്ധത്തെ നിർണയിക്കുന്നതിലും നിർവ ചിക്കുന്നതിലും പ്രവർത്തിക്കുന്ന സമൂഹത്തിന്റെ കാഴ്ചപ്പാട് അവതരിപ്പിക്കുന്നു. പ്രണയാന്ധി എന്ന കഥ സംവദിക്കുന്നത് ഇത്തരത്തിലാണ്. വേദനയെക്കുറിച്ച് പരാതിപ്പെടാതെ അവൻ മടിക്കുത്തിൽ കരുതിയിരുന്ന കുങ്കുമം നെറുകയിൽ ചാർത്തുകയും എന്റെ പത്നിയെന്ന് മന്ത്രിച്ച് നെഞ്ചോട് ചേർക്കുകയും ചെയ്തു. പ്രണയമെന്ന ശാരിപുത്ര കൊടുമുടിമുകളിലെ ബലിപീഠത്തിൽ രണ്ട് ശിരസുകൾ ഒറ്റ വായ്ത്തലയാൽ ഛേദിക്കപ്പെടുന്നതാണ് തുടങ്ങി കഥാസന്ദർഭങ്ങൾ ആഖ്യാ നാവിഷ്കാരങ്ങളുടെ ഉദാഹരണമാണ്.

### 3.1.3. പ്രമേയതലം

ചെറുകഥാസാഹിത്യത്തിൽ വളരെയധികം ഭാവുകത്വപരിണാമത്തിന് വിധേയമായ ഒന്നാണ് പ്രമേയം. കെ.സരസ്വതിയമ്മ മുതൽ ഏറ്റവും പുതിയ എഴുത്തുകാരികളുടെ രചനകൾ പരിശോധിക്കുമ്പോൾ പ്രമേയാവിഷികാരത്തിൽ പല വഴികളും രൂപങ്ങളും സ്വീകരിക്കുന്നത് കാണാം.

വ്യതിരിക്തമായ പ്രമേയങ്ങൾകൊണ്ട് ചില കഥകൾ ശ്രദ്ധാർഹങ്ങളാ വുന്നുണ്ട്. എങ്കിലും മലയാളത്തിലെ ആദ്യകാലകഥാകാരികളുടെ രചനകൾ പൊതുവേ പുരുഷന്മാരുടെ രചനകളെ പിന്തുടരുന്നതാണെന്ന് പറയാം. എന്നാൽ ആയിരത്തിത്തൊള്ളായിരത്തിമുപ്പതിനുശേഷം പ്രത്യക്ഷപ്പെട്ട കഥകൾ സ്ത്രീവമോ

ചനാശയങ്ങളും തനതായ വ്യക്തിത്വവും ഉൾക്കൊണ്ടവയാണ്. കഥാസാഹിത്യത്തിൽ ശക്തമായ സ്ത്രീസാന്നിധ്യം പ്രകടമാക്കിക്കൊണ്ടുതന്നെയാണ് സരസ്വതിയമ്മ, ലളിതാംബിക എന്നീ എഴുത്തുകാരികൾ കടന്നുവന്നത്.

കേരളീയപശ്ചാത്തലത്തിൽ നിലയുറപ്പിച്ചുകൊണ്ടുതന്നെ വ്യതിരിക്തമായ സ്ത്രൈണാവബോധത്താൽ ശ്രദ്ധേയരാവുന്ന നിരവധി സ്ത്രീകഥാപാത്രങ്ങൾ സരസ്വതിയമ്മയുടെ ചെറുകഥകളിൽ സ്ഥാനമുറപ്പിച്ചിട്ടുണ്ട്. 'വിശ്രമമുറി'യിലെ ശാന്തിയും 'ഡബിൾ ആക്ടി'ലെ സീനയും പെൺബുദ്ധിയിലെ വിലാസിനിയുമെല്ലാം വേറിട്ട സ്വത്വം ആർജ്ജിച്ച സ്ത്രീകഥാപാത്രങ്ങൾ തന്നെ. മലയാളകഥാസാഹിത്യത്തിൽ നിർണായകസ്ഥാനം അവകാശപ്പെടാവുന്ന സരസ്വതിയമ്മ വ്യതിരിക്തമായ സ്ത്രൈണാവബോധം തന്റെ കഥകളിലൂടെ അവതരിപ്പിച്ചുകൊണ്ട് സ്ത്രീയുടെ സ്വത്വാന്വേഷണത്തിന് മലയാളസാഹിത്യത്തിൽ തുടക്കമിടുകയായിരുന്നു. (കനകലത പി.കെ., 68)

സരസ്വതിയമ്മ ആദ്യമായി പ്രസിദ്ധീകരിച്ച കഥ സീതാഭവനമാണ്. വിവാഹനിഷേധമായിരുന്നു പ്രമേയതലം. വീട്ടുകാർ നിശ്ചയിച്ചുറപ്പിച്ച വിവാഹവും സഹപാഠിയുടെ വിവാഹാഭ്യർത്ഥ തള്ളിക്കളയുന്നതാണ് സീതാഭവനത്തിലെ നായിക. രമണിയെന്ന കഥ രണ്ട് സൗഹൃദബന്ധങ്ങളിലൂടെ മുന്നോട്ടുപോവുന്നു. സൗഹൃദബന്ധത്തിനപ്പുറം അവരുടെ കാഴ്ചപ്പാടുകളവതരിപ്പിക്കുന്ന രീതിയിലാണ് കഥ സജ്ജമാക്കിയിരിക്കുന്നത്. ശാന്തി, സുഷമ എന്നീ സുഹൃദ്ബന്ധങ്ങളിലൂടെ സ്ത്രീത്വത്തെക്കുറിച്ചുള്ള കാഴ്ചയും സമൂഹം പുലർത്തിപ്പോന്ന വീക്ഷണവും അവതരിപ്പിക്കുന്നു. "സുഷമ കുറേനേരം മിണ്ടാതിരുന്നു. എന്നിട്ട് പറഞ്ഞു. കഷ്ടം. ഈശ്വരന്റെ ഏറ്റവും വലിയ ശാപമാണ് സ്ത്രീജന്മം. അലിവുനിറഞ്ഞ ഹൃദയം." "സുഷി ഏങ്ങിയേങ്ങിക്കരഞ്ഞു. അവളുടെ കണ്ണിൽ പുരുഷവർഗത്തോടുള്ള വെറുപ്പായി എന്റെ ഹൃദയത്തിൽ സ്ഥലം പിടിച്ചു. സ്ത്രീജന്മം ശാപമാണെന്ന സമൂഹത്തിന്റെ കാഴ്ചപ്പാടാണ് ഇവരുടെ ആദ്യകാലരചനകളിൽ കഥാപാത്രങ്ങളെക്കൊണ്ട് പറയിപ്പിക്കുന്നത്. കൂടാതെ വ്യവസ്ഥാപിതജീവിതത്തിലെ സ്ത്രീയുടെ ലിംഗാധിഷ്ഠിതമായ നിലയെ വെല്ലുവിളിക്കുന്ന ബദൽ സ്ത്രൈണാവബോധത്തെ കഥയിൽ അവർ ആവിഷ്കരിക്കുന്നു.

പ്രമേയത്തിൽ പല വൈവിധ്യലോകങ്ങളും സരസ്വതിയമ്മ

അവതരിപ്പിക്കുന്നു. ആൺപെൺ മൈത്രീബന്ധവും അവർക്ക് സമൂഹത്തിൽ നേരിടേണ്ടിവന്ന പ്രശ്നങ്ങളും കഥകളിൽ സംവദിക്കുന്നു. ഉദാഹരണം രമണി, ശരത്ചന്ദ്രിക, പ്രേമത്തിന്റെ പ്രവൃത്തിമണ്ഡലം, കുടിശ്ശികയും കൂടി, വിശ്രമമുറിയിൽ, സ്ത്രീജന്മം, വിവാഹസമ്മാനം, അവിവാഹിതന്റെ അശ്രുക്കൾ, ഒരേയൊരു രാത്രി, സ്വർഗദ്വാരം, ഡബിൾ ആക്ട്, പെൺബുദ്ധി എന്നിവയാണ്.

സാമുദായികനിയമങ്ങളോട് പൊരുത്തപ്പെടാനാവാതെ സംഘർഷമനുഭവിക്കുന്ന നായികാനായകന്മാരുടെ ഒരു നീണ്ട നിര തന്നെ കാണാനാവും. കൂടാതെ വിവാഹം, മാതൃത്വം, സൗഹൃദം, പ്രണയം, രതി, സദാചാരസങ്കൽപങ്ങൾ, പൊതുമണ്ഡലവും സ്ത്രീയും തുടങ്ങി ഒട്ടേറെ വിഷയങ്ങൾ കഥകളിൽ ചർച്ചക്കെടുക്കുന്നുണ്ട്. പ്രണയത്തിനും വഞ്ചനക്കും ഇരയായ കഥാപാത്രങ്ങൾ അവതരിപ്പിക്കുന്നുണ്ട്. വൈവിധ്യം വേണ്ടേ, ഭാവങ്ങളും എന്നീ കഥകൾ പങ്കുവെക്കുന്നത് ഇതാണ്.

സ്വപ്നമണ്ഡലം എന്ന കഥ മകളേപ്പോലെ കരുതി വളർത്തിയെടുത്തവളെ ഭാര്യയായി സ്വീകരിക്കേണ്ടിവരുന്ന ഒരാളുടെ ആത്മസംഘർഷത്തിന്റെ കഥയാണ്. സാമൂഹികബോധത്തിന് രുചിക്കാത്ത ആ ബന്ധത്തിന്റെ പേരിൽ വ്യവസ്ഥിതിയിൽനിന്നും അവർ ഒറ്റപ്പെടുന്നു. കൂടാതെ സമൂഹം ചിട്ടപ്പെടുത്തിയെടുത്ത് സദാചാരനീതിക്കും വിവാഹം എന്ന സ്ഥാപനത്തിന്റെ അധികാരത്തിനും ഈ കഥ ക്ഷതമേൽപ്പിക്കുന്നു.

പുരുഷനോടുള്ള സ്ത്രീയുടെ സൗഹൃദംപോലും അവളുടെ വിവാഹതാൽപര്യമായി കരുതുന്ന പുരുഷസംസ്കാരത്തിന്റെ ദൗർബല്യവും അതുവഴി അവളുടെ സ്വാതന്ത്ര്യത്തെ ദുർവ്യാഖ്യാനം ചെയ്യുന്ന സാമ്പ്രദായികമൂല്യബോധത്തിന്റെ വൈകല്യവുമാണ് ഈ കഥ വെളിവാക്കുന്നത്. ഈയൊരനുഭവപരിസരം പെൺബുദ്ധിയിലെ നായികയായ വിലാസിനിക്കും തരണം ചെയ്യേണ്ടിവരുന്നുണ്ട്. തുല്യപങ്കാളിത്തം ഉറപ്പാക്കപ്പെടുന്ന ആൺപെൺമൈത്രീബന്ധത്തോടുള്ള സരസ്വതിയമ്മയുടെ നിലപാട് വ്യക്തമാണ്. വ്യവസ്ഥാപിതവിവാഹത്തെ നിഷേധിച്ചുകൊണ്ട് പകരം ചങ്ങാത്തവിവാഹത്തെ വിഭാവനം ചെയ്യാൻ അവർക്ക് പ്രേരണയുണ്ടെന്ന് കനകലത (88) പ്രസ്താവിക്കുന്നു.

ഭാഗ്യവതിയിൽ വ്യവസ്ഥാപിതവിവാഹം ആത്മൈക്യം പുലർത്തുന്ന

സ്ത്രീപുരുഷബന്ധത്തേക്കാൾ അധികാരപദവിയെ നിലനിർത്തുന്ന ഭാര്യാഭർതൃ ബന്ധമാണ് ലക്ഷ്യമാക്കുന്നത്. പരസ്പരപൂരകമായി വർത്തിക്കേണ്ട സ്നേഹ പരിഗണനക്കും പങ്കുവെക്കലിനും പകരം വ്യവസ്ഥാപിതമൂല്യബോധത്തിനിണ ങ്ങുന്ന കർതൃത്വവുമാണ് അവിടെ നിർണയിക്കപ്പെടുന്നത്.

മാധവിക്കുട്ടി അനുഭവാഖ്യാനങ്ങളിലൂടെ ബാല്യലോകങ്ങൾ മാതൃത്വം, സ്നേഹം, പ്രണയം, രതി, ദാമ്പത്യബന്ധങ്ങൾ, സ്ത്രീപദവി, പുരുഷസങ്കൽപങ്ങൾ, സ്ത്രൈണലൈംഗികത തുടങ്ങി വൈവിധ്യപ്രമേയങ്ങൾ അവതരിപ്പിക്കുന്നുയ ഏതൊരാഖ്യാനത്തിനകത്തും ഒരു ഞാനുണ്ട്. ഇതിന്റെ ഉത്തമോദാഹരണമാണ് മാധവിക്കുട്ടിയുടെ രചനകൾ. ആഖ്യാനം ഒരു തരത്തിൽ സ്വത്വത്തിന്റെ തുടർച്ചയെ സാധൂകരിക്കുന്നുണ്ട്. ഞാനുണ്ടെന്ന ബോധമാണ് ആഖ്യാനത്തിനാധാരം. സമാനതയും ഞാനെന്ന തോന്നലും തമ്മിലുള്ള വൈരുദ്ധ്യാത്മകബന്ധത്തെ ആഖ്യാനം സവിശേഷമായ രീതിയിൽ ആവിഷ്കരിക്കുന്നുണ്ട്. മാത്രമല്ല ആഖ്യാനങ്ങൾ കർതൃത്വസങ്കൽപത്തെക്കുറിച്ച് പുനരാലോചിക്കാനും നമ്മെ പ്രേരി പ്പിക്കുന്നു എന്ന് കെ.എം.അനിലിന്റെ (203) ആശയത്തെ ഇവിടെ ഉദ്ധരിക്കുന്നു.

പുഴ വീണ്ടുംഒഴുകി എന്ന കഥയുടെ പ്രമേയം സ്നേഹത്തിനുവേണ്ടി കൊതിക്കുന്ന ഭാര്യയും ഭർത്താവിനാൽ അവഗണിക്കപ്പെടുന്ന സന്ദർഭങ്ങളും അതിനെ ചുറ്റിപ്പറ്റിയുണ്ടാവുന്ന പ്രശ്നപരിസരവുമാണ്. “അവൾ സിനിമക്ക് പോവാൻ ചമയുകയാണ്. കടുംമഞ്ഞ ബ്ലൗസ്. തുറന്നുകിടക്കുന്ന മാറിടത്തെ ചുവ പ്പുകല്ലുവെച്ച കുഴുമിന്നി. ഒരു ചുവന്ന പട്ടുപുടവ ഞൊറിഞ്ഞുടുക്കുകയാണ്. കണ്ണാടി യിലെ അവളുടെ പ്രതിബിംബത്തെ അയാൾ നോക്കിക്കാണുന്നു. ആരാധനയും ബഹുമാനവും കലർന്ന നോട്ടം. ടെന്നീസ് വേഷത്തിൽ രാധക്ക് കിട്ടാറുള്ള അതേ നോട്ടം. അവളുടെ ഹൃദയം തണുത്തു. അവളൊന്നും മിണ്ടിയില്ല. വെറുതെ ചിരിച്ചു. തല നരച്ചുതുടങ്ങിയ ഭർത്താവ് അവളുടെ ചുമലിൽ കൈവെച്ച് അവളെ ചുംബിച്ചു. അവൾ മാറിനിന്ന് അയാളുടെ കൈകൾ തട്ടിനീക്കി. അയാൾക്കെങ്ങനെ മനസിലാവും അയാളുടെ ചുംബനങ്ങൾ അവൾക്ക് ദുഃസഹമായിക്കഴിഞ്ഞിരുന്നു വെന്ന്. ഒരിക്കൽ അവൾ അവക്കുവേണ്ടി കൊതിച്ചിട്ടുണ്ട്. അന്ന് പുതിയ വേഷം ധരിച്ച്, അയാൾ വരുന്നത് കാത്തുനിന്നിട്ടുണ്ട്.” ഇത്തരത്തിൽ സ്നേഹത്തിന്റെ രാഷ്ട്രീയം മാധവിക്കുട്ടി പങ്കുവെക്കുന്നു.

ചുവന്ന പാവാട, തരിശുനിലം, വെള്ളത്തകിട്, രാധയുടെ കത്ത്, വേനലിന്റെ ഒഴിവ് മറൈൻ ഡ്രൈവ്, സനാതനൻ ചൗധരിയുടെ ഭാര്യ തുടങ്ങിയ ഒട്ടേറെ കഥകൾ സ്നേഹത്തിന്റെ ഭിന്നമുഖങ്ങളാണ് കാട്ടിത്തരുന്നത്.

മറൈൻഡ്രൈവ് എന്ന കഥയുടെ അന്ത്യം "ജീവിതത്തിന് ഒരവസാന മുണ്ടെങ്കിലും സ്നേഹത്തിനൊരവസാനം വേണമെന്നില്ലായെന്ന് അവർക്ക് മനസിലായി." ഈ കഥയിൽ അനസൂയയും അവളുടെ പ്രിയതമനും തമ്മിലുള്ള സ്നേഹബന്ധമാണ് ഇതിവൃത്തം. അനസൂയ എന്ന കഥാപാത്രം സ്നേഹത്തിനു വേണ്ടി കൊതിക്കുകയും വഞ്ചിതയാവുകയുമാണ് കഥയിൽ സംഭവിക്കുന്നത്. "അയാളുടെ കാപട്യങ്ങളും കുതന്ത്രങ്ങളും അവൾ കണ്ണുമടച്ച് സഹിച്ചു. അവൾ മാറിത്തുടങ്ങി. രാഷ്ട്രീയത്തിലും വ്യവസായത്തിലും അനുരാഗത്തിലും കാപട്യം അത്യാവശ്യമാണെന്ന് അവൾ വിശ്വസിച്ചുതുടങ്ങി." സ്നേഹത്തേയും പ്രണയ ത്തേയും മാത്രമല്ല വ്യക്തിയുടെ വികാരവിചാരങ്ങളെല്ലാംതന്നെ കാപട്യങ്ങളിലൂടെ പരിവർത്തിക്കപ്പെടുന്ന ദാമ്പത്യവും കുടുംബവും വരച്ചിടുന്നു. കുടുംബമെന്ന സ്ഥാപനത്തെ പെണ്ണിന് കീഴ്പെടുത്താനുള്ള ഒരായുധമാക്കി വിലയിരുത്തുന്ന സാമൂ ഹികകാഴ്ചപ്പാട് അവതരിപ്പിക്കുന്നു. സോനാഗാച്ചി, രുഗ്മിണിക്കൊരു പാവക്കുട്ടി എന്നീ കഥകളിൽ സമൂഹത്തിൽ നിലനിൽക്കുന്ന യാഥാസ്ഥിതികസദാചാരങ്ങളെ പൊളിച്ചെഴുതി സ്ത്രീപുരുഷബന്ധങ്ങളെ ആവിഷ്കരിക്കുന്നു.

"ഞാൻ വീണ്ടും വീണ്ടും വിധിയെ ശപിച്ചു. സുഭഗനായ ഒരു പുരുഷന്റെ ആശ്ലേഷത്തിലൊതുങ്ങി രാത്രി കാലം കഴിച്ചുകൂട്ടുന്ന സ്ത്രീകളോടെനിക്ക് അസൂയ തോന്നി. അസൂയ ശാരീരികാസ്വാസ്ഥ്യംപോലെ എന്നെ തീരെ അവശയാക്കി. എന്റെ വായിൽ ഉമിനീർ വറ്റി." എന്ന് ചന്ദനമരങ്ങളിലെ കഥാപാത്രം പറയുന്ന സന്ദർഭ മാണ്. സ്ത്രീയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും വ്യക്തമായ നിലപാടുകളും അനു ഭവാവിഷ്കാരത്തിൽ പ്രകടമാവുന്ന ആർജവവും തീവ്രതയും ധീരമായി മാധവി ക്കുട്ടി അവതരിപ്പിക്കുന്നു.

വിവാഹസങ്കൽപങ്ങൾ രൂപപ്പെട്ടുവരുന്നതിന് എത്രയോ മുമ്പ് ബാല്യത്തിൽ തന്നെ വിവാഹിതയാവേണ്ടിവരുന്ന പെൺകുട്ടികളുടെ കഥാലോകം മാധവിക്കുട്ടി വരച്ചിടുന്നു. ശിക്ഷ, പാതിവ്രത്യം, കുളക്കോഴികൾ, ഉണ്ണി, അരുണയുടെ സൽക്കാരം, ചതുരംഗം, വേലായുധന്റെ ഭാര്യ എന്നിവ ഉദാഹരണങ്ങളാണ്. "ഇപ്പോഴത്തെ

പെൺകുട്ടികൾക്ക് വിദ്യാഭ്യാസവും ഉദ്യോഗവും കിട്ടിയതുകൊണ്ട് അവർക്ക് സ്വാതന്ത്ര്യം കിട്ടിയെന്ന് എനിക്ക് വിശ്വാസമില്ല. അവർ നേടിയതിനേക്കാളേറെ നഷ്ട പ്പെടുത്തുകയാണുണ്ടായത്. യഥാർത്ഥ്യത്തിൽ ഒരു മൂന്ന് ദിവസമെങ്കിലും പഴയ സ്ത്രീയായിട്ട് ജീവിക്കുവാൻ എനിക്ക് കൊതിയുണ്ട്" എന്ന് സ്നേഹത്തിന്റെ സ്വർഗ വാതിലുകൾ എന്ന കഥ സമൂഹത്തോട് സംവദിക്കുന്നു.

സാറാ ജോസഫിന്റെ ആദ്യകാലരചനകൾ പുറത്തുവരുന്നത് എഴുപതുക ളിലാണ്. മലയാളത്തിൽ ഫെമിനിസവും പെണ്ണെഴുത്തും സ്ത്രീപക്ഷവായനകളും വിമോചനസംഘങ്ങളും സജീവമാകാത്ത കാലഘട്ടമാണ്. മനസിലെ തീ മാത്രം, കാടിന്റെ സംഗീതം എന്നീ സമാഹാരങ്ങളാണ് ആദ്യകാലത്ത് പുറത്തുവന്നത്. എൺപതുകളിൽ കേരളത്തിൽ സ്ത്രീവേദികൾ ഒരുങ്ങിത്തുടങ്ങിയപ്പോൾ സാറാ ജോസഫിന്റെ രചനകളും സ്ത്രീവിമോചനത്തിന്റെ കാഴ്ചപ്പാടുകൾ ആവിഷ്കരിച്ചു. ഓരോ എഴുത്തുകാരിയുടെ ഉള്ളിലും മുടിത്തെയ്യമുറയുന്നു, പാപത്തറ, ദാമ്പത്യം തുടങ്ങിയ രചനകൾ പുരുഷാധിപത്യരചനകളോട് കലഹിക്കാൻ തുടങ്ങി. മാത്രമല്ല സാമൂഹ്യവ്യവസ്ഥിതിയിൽ അധികാരരൂപങ്ങളോടുള്ള ഇടച്ചിലുകളായി രൂപപ്പെട്ടു. നിലാവറിയുന്നു, ഒടുവിലത്തെ സൂര്യകാന്തി തുടങ്ങിയ സമാഹാരങ്ങൾ ഉദാഹര ണങ്ങളാണ്. ഭാരതീയമതപുരാണ പാരമ്പര്യത്തിന് വർഗവർണവിവേചനംപോലെ സ്ത്രീ വിരുദ്ധതയുടേയും ചരിത്രമാണുള്ളത്. പുരാണങ്ങളിലേയും മിത്തുകളിലേയും സാമ്പ്രദായികസ്ത്രീസങ്കൽപങ്ങളെ അപനിർമിക്കുന്നു എന്ന് മധുസൂദനൻ (13) വിലയിരുത്തുന്നു.

"കന്യകാത്വം സ്ത്രീയെ ദുരന്തത്തിൽ വീഴ്ത്തുമ്പോൾ അതിന് ഹേതുവായി ഭവിച്ച പുരുഷന് പോറലുപോലും ഏൽക്കുന്നില്ലെന്ന വൈരുദ്ധ്യത്തെ കന്യക എന്ന പദത്തിന് പുല്ലിംഗരൂപമില്ല എന്ന ഭാഷാപരമായ അനുഭവത്തെക്കൊണ്ട് ധ്വനി പ്പിക്കുന്ന കഥയാണ് കന്യകയുടെ പുല്ലിംഗം" എന്ന് എം.ലീലാവതി (2008;84).

> "കേൾക്കുമ്പോഴേക്കും ഇക്കിളിയാക്കുന്ന തലവാചകത്തിന് കീഴെ ദുരന്തമാണ് പതിയിരിക്കുന്നത്. നാമാകട്ടെ എത്ര വൈകിയാണ് ഓരോന്ന് മനസിലാക്കുക. പുറമേനിന്ന് നോക്കിയാൽ ഏതൊരു വീടും പോലെത്തന്നെ ആ വീടും കയറിച്ചെല്ലുന്നിടത്ത് വിചാരത്തിൽ മുഴുകിയ ക്രിസ്തുവിന്റെ ചിത്രമിരിക്കുന്നു. അതിനുകീഴെ ഒരു തിരു

> കുടുംബം വസിക്കുന്നു. നല്ലവനും കച്ചവടം ചെയ്തും കുടുംബം പുലർത്തുന്ന അപ്പനും വിശ്വാസത്തിൽ അടിയുറച്ച് അമ്മയും കന്യക യായ മകളും സമർത്ഥനായ മകനും ദുരന്തം അവർക്കിടയിൽ സമയം കാക്കുന്ന സർപ്പമാകുന്നു" ഇത്തരം കഥാസന്ദർഭങ്ങൾ മുന്നോട്ടുവെ ക്കുന്നത് ലിംഗസമത്വത്തിലുള്ള കാഴ്ചപ്പാട് തന്നെയാണ്. ഒന്നിനൊന്ന് വൈവിധ്യമേറിയ പ്രമേയങ്ങളാണ് സാറാ ജോസഫിന്റെ രചനകൾ കൈകാര്യം ചെയ്യുന്നത്. ആഖ്യാനത്തിലെ പലമകളും രൂപപരമായ വഴിമാറലുകളും മിത്തിക്കൽ തന്റേടങ്ങളും ഏറെയാണ് കഥാ കാരിയുടെ കഥാലോകത്തിൽ.

കഥക്കകത്ത് ഒരു കഥ സൃഷ്ടിച്ച് പ്രമേയം അവതരിപ്പിക്കുന്നത് പരിശോധി ക്കേണ്ടത് തന്നെയാണ്. ഇതിന് ആഖ്യാനതന്ത്രത്തിന്റെ വശങ്ങൾ എന്ന് വിളിക്കാം. "എനിക്കൊന്നും മറച്ചുവെക്കാനില്ല. നമുക്ക് കഥ പറയുന്നതിലെ നാട്യങ്ങൾ എറിഞ്ഞു കളയുകയാണ് നല്ലത്." ഇവിടെ ആഖ്യാനത്തിന്റെ ബഹുപാഠങ്ങൾ അവതരിപ്പിക്കുന്നു. "അവൾ കോണിപ്പടിയുടെ ഒന്നാം പടി ചവിട്ടിയപ്പോൾ മകൻ ഗൃഹപാഠത്തിൽനിന്ന് മുഖം പൊന്തിച്ച് അടുത്തിരിക്കുന്ന അപ്പനോട് ചോദിക്കുന്നു. കന്യകയുടെ പുല്ലിംഗം എന്താ? മകൾ രണ്ടാം പടിയിലേക്കുയർത്തിയ കാൽ പൊടുന്നനെ പിൻവലിച്ചു. മുന്നോട്ടുനടക്കാൻ പറ്റാത്തവിധം അവൾ സ്തബ്ധയായി." പുതിയ കാഴ്ചകളുടെ ആഖ്യാനശൈലിയാണ് കഥാകാരി ഇവിടെ അവതരിപ്പിക്കുന്നത്.

കഥയിൽനിന്ന് കഥയിലേക്ക് തന്നെത്തന്നെ പൊളിച്ചടുക്കുന്ന എഴുത്തു കാരിയാണ് മീര. ഭാഷയേയും അവബോധത്തേയും സമീപനത്തേയും പുനർജനി പ്പിക്കുന്ന മീര പാരമ്പര്യ എഴുത്തിന്റെ അതിർവരമ്പുകളിൽനിന്ന് തെന്നിമാറി സ്വത്വ ബോധത്തിന്റെ പ്രതിനിധികളായി പരിണമിക്കുന്ന കാഴ്ചയാണ് രചനകൾ പകർന്നു തരുന്നത്. നർമരസത്തിലൂടെയാണ് എഴുത്തുകാരി വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. ഓർമയുടെ ഞരമ്പ്, മോഹമഞ്ഞ, ആവേ മരിയ, മാലാഖയുടെ മറുകുകൾ, കരിനീല, ആ മരത്തേയും മറന്നു ഞാൻ, നേത്രോന്മീലനം എന്നീ രചനകൾ ഉദാഹരണമാണ്.

പുതുകഥകളുടെ സവിശേഷതയെന്നു വിശേഷിപ്പിക്കാവുന്ന പാഠാന്തരത (Intertextuality) എഴുത്തുകാരികളുടെ കഥകളിൽ പ്രത്യക്ഷപെടുന്നുണ്ട്.

ആലിഫ്ലൈല, ഏകാന്തതയുടെ നൂറ് വർഷങ്ങൾ, ആനപ്പുരയ്ക്കൽ കേശവൻ പിള്ളമകൻ എന്നീ കെ.ആർ.മീരയുടെ കഥകൾ ഉദാഹരണമാണ്.

സ്വവർഗസങ്കടങ്ങളിൽ മുഴുകുന്ന ഗോപാലകൃഷ്ണപിള്ളയിലൂടെയും പയ്യ നിലൂടെയും സ്വവർഗരതിയുടെ കാണാക്കാഴ്ചകൾ പകർന്നുനൽകുന്നു. കാല ഘട്ടങ്ങളേറെക്കഴിഞ്ഞാലും പ്രണയം അതിന്റെ തീവ്രതയോടെ നിലനിൽക്കുമെന്ന് കാമുകന്റെ കുഞ്ഞിനെ പ്രസവിക്കാനാഗ്രഹിക്കുന്ന ശ്രീകുമാരിയമ്മയിലൂടെ തെളിയുന്നു. പ്രണയം മധുരവും മരണമില്ലാത്തതുമാണെന്ന് പിന്നെ സന്ദേഹവു മായിട്ടും എന്ന കഥ ഉറപ്പ് നൽകുന്നു. വാണിഭം എന്ന കഥയിലെ സുകന്യ മാധവി ക്കുട്ടിയുടെ സ്ത്രീകഥാപാത്രങ്ങളെ ഓർമപ്പെടുത്തുന്നു. ലൈംഗികത ടോയ്ലെറ്റിൽ പോവുന്നതുപോലെ അഞ്ച് മിനിറ്റ് നിലനിൽക്കുന്ന ഒന്നാണെന്ന് സുകന്യയുടെ ഭർത്താവ് ശങ്കർ വിശ്വസിക്കുന്നത്. അടിച്ചമർത്തപ്പെട്ട വികാരങ്ങൾ സുകന്യയെ വ്യഭിചരിക്കാൻ പ്രേരിപ്പിക്കുന്നു. ആഡംബരമായി ജീവിക്കുന്ന സ്ത്രീപുരുഷബന്ധം ദൃഢമാകില്ലെന്ന് സമൂഹത്തോട് സുകന്യ എന്ന കഥാപാത്രത്തിലൂടെ സംവദിക്കുന്നു. ഈ കഥ അത്യന്തം നർമം കലർത്തിയാണ് കഥാകാരി അവതരിപ്പിക്കുന്നത്. “എന്തൊരു ലോകമാണിത്. വെറുതെ നിൽക്കുന്നവരെ തട്ടിക്കൊണ്ടുപോകും. വാണിഭം ചെയ്യും. ആവശ്യക്കാരെ അവഗണിക്കും.” കഥയുടെ ഇത്തരം സന്ദർഭങ്ങൾ ഉദാഹരണമാണ്.

‘സോളോഗോയ്യാ’ എന്ന കഥ പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. ചിത്രകാരൻ ഗോയയുടെ അനശ്വരപ്രണയത്തിന്റെ കഥ പറയുന്ന ‘സോളോഗോയ്യാ’ ഇന്നത്തെ മലയാളകഥയുടെ വിമോചനചിഹ്നമായിത്തീരാൻ പര്യാപ്തമായ കഥയാണെന്ന് സക്കറിയ അഭിപ്രായപ്പെടുന്നു. കഥാകാരി കഥയുടെ പുതിയ ഭാവുകത്വങ്ങൾ തേടി ക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്.

### 3.1.4. ഭാഷ

കഥ ഒരേ സമയം ഭാഷയുടെ ആഴങ്ങൾ ബോധ്യപ്പെടുത്തുകയും പുറംലോ കത്തേക്ക് നോക്കുകയും ചെയ്യുന്നു. കഥയെപ്പോലെ കാലത്തിന്റെ ചരിത്രഗതി അളക്കുകയും ഒപ്പം ഭാഷയുടെ സൂക്ഷ്മചലനങ്ങൾ പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന മറ്റൊരു മാധ്യമം വേറെയില്ല. വാക്കുകൾതന്നെ പുറംലോകത്തെ സൃഷ്ടിക്കാനുള്ള ഭാഷയുടെ കഴിവാണ്. അർത്ഥവും ആത്മാവുമുള്ള ശബ്ദമായാണ് അരിസ്റ്റോട്ടിൽ

ഭാഷയെ വിശേഷിപ്പിച്ചത്. അതിന് നിർവഹിക്കാൻ കഴിയുന്ന സാമൂഹ്യധർമങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടാണ് ഭാഷയിലെ വൈവിധ്യങ്ങൾ അതുപയോഗിക്കുന്ന വ്യക്തിയുടെ/സമൂഹമനസിനെ വെളിപ്പെടുത്തുന്നു എന്ന് പ്രസ്താവിച്ചത്. അതോടൊപ്പം സാമൂഹ്യവ്യവസ്ഥിതി അധികാരഘടന സംസ്കാരം തുടങ്ങിയവയേയും ജാതി, മതം, സമ്പത്ത്, വിദ്യാഭ്യാസം, തൊഴിൽ എന്നീ വ്യത്യാസങ്ങളെ ഭാഷ മുൻനിർത്തി പരിശോധിക്കാവുന്നതാണ്.

> സരസ്വതിയമ്മയുടെ കഥാലോകത്ത് വാക്കുകൾകൊണ്ട് തീർക്കുന്ന ഒരാശയപ്രപഞ്ചത്തെ കാണാവുന്നതാണ്. കാലത്തിന്റെ മാറ്റം ഭാവുകത്വമാറ്റം ഇവയുടെയെല്ലാം അനന്തസാധ്യതകൾ കഥാകാരി തുറന്നിടുന്നു. ആധുനികസമൂഹത്തെക്കുറിച്ചുള്ള ചിന്തകളിൽ സമൂഹത്തിന്റെ ആണിക്കല്ലായി അവതരിപ്പിക്കപ്പെട്ടു. സമൂഹത്തെ പുറം ലോകമെന്നും അകമെന്നും വേർതിരിച്ചു. അവയെ പുരുഷന്റേയും സ്ത്രീയുടേയും സ്വാഭാവിക ഇടങ്ങളായി കാണാനും തുടങ്ങി. ഈ രണ്ടിടങ്ങളും വിന്യസിക്കപ്പെട്ട വ്യത്യസ്തങ്ങളായ അധികാരരൂപങ്ങളുടെ പരസ്പരപൂരകത്തിലൂടെ മുന്നോട്ടുനീങ്ങുന്ന സമൂഹത്തെ വിഭാവനം ചെയ്യുന്ന ആശയങ്ങളെ അരക്കിട്ടുറപ്പിക്കുന്ന ചർച്ചകളായിരുന്നു അക്കാലത്ത് എന്ന് ജെ.ദേവിക (2010;256) നിരീക്ഷിക്കുന്നു. ഈ ആശയം ഭാഷയുടെ പ്രയോഗത്താൽ കഥാകാരി സമൂഹത്തിന് ഇമേജുകളിലൂടെ വ്യക്തമാക്കുന്നു.

സ്ത്രീജന്മം എന്ന കഥ പരിശോധിക്കുമ്പോൾ വാക്കുകൾകൊണ്ട് വ്യക്തമായ സാമൂഹ്യചിത്രം കാണാം. “മാലതിക്ക് വളരെ കോപം വന്നു. അമ്പട ലോകത്തുള്ള മിരട്ട് മുഴുവൻ കൈയിലുണ്ട്. തോന്നിയതെല്ലാം പറയും. ചെയ്യും. എന്നാൽ പിണങ്ങാനോ ദേഷ്യപ്പെടാനോ സമ്മതിക്കുമോ. അപ്പം വേണം. കൊഞ്ചൽ മുഴുവൻ കാണണം. കെട്ടിപ്പിടിച്ച് കഴുത്തിൽ തൂങ്ങി താടിയിൽ പിടിച്ച് എന്തെല്ലാം ഓമനത്വം കാണിക്കണം. നോക്കൂ ശാന്തീ. ഈ സൂത്രങ്ങളൊന്നും നിർത്തിക്കളയും.” നർമത്തോടെ വാക്കുകൾകൊണ്ട് ഭാഷയുടെ ആഖ്യാനതന്ത്രങ്ങളാണ് ഈ കഥാസന്ദർഭങ്ങൾ വെളിപ്പെടുത്തുന്നത്. “അതേ ശാന്തി തലയയുർത്താതെ വലിയ മര്യാദക്കാരിയുടെ മട്ടിൽ പറഞ്ഞു. ഞാൻ പാവത്തിലും പാവം. മാലതി. ഞാനാണ്

ഇനിയത്തെ ചക്രവർത്തിനി ആയിരിക്കാം. യുദ്ധാനന്തരപുനഃസംഘടനയുടെ കാലം വരട്ടെ. അന്നെത്ര തവണ ഒരു സന്ദർശനത്തിനുവേണ്ടി ഞാനാ പടിക്കൽ കാത്തുകിടക്കും." "ഇത് മാലതി ഓണേഴ്സ് പാസായി കൃത്യം ഇരുപത് രൂപക്ക് ഒരു സർക്കാർ സ്കൂൾ മെനക്കെടുത്തുന്നു. ഇത് വെറോനിക്ക, മുരിങ്ങക്കാ, കത്തിരിക്കാ ഒക്കെ പോലെ ഞങ്ങൾ നെല്ലിക്കാ എന്ന് വിളിക്കും. തിന്നാൻ കൊള്ളാമല്ലോ എന്നു വെച്ച്." വാക്കുകളുടെ കൃത്യമായ ഉപയോഗമാണ് ഇവിടെ നടക്കുന്നത്. മറ്റൊരു സന്ദർഭം ശ്രദ്ധിക്കാം. "ശാന്തിയുടെ അംഗസാമ്രാജ്യത്തിന് കുഞ്ഞുങ്ങൾ ഒരടിപിടി നടത്തി."

"മാലതിയുടെ മാതാമഹി ഭക്തിസാമ്രാജ്യത്തിൽ ആക്രമണം നടത്തുകയായിരുന്നു. മൂന്നിഞ്ച് പൊക്കമുള്ള നീണ്ട പലകപ്പുറത്ത് പടങ്ങൾ നിരത്തിവെച്ചിട്ടുണ്ട്. ഫുൾഷേവ് ചെയ്ത ഒരു ഗംഗാഗാന്തൻ. ഇരുവശത്തും സ്ത്രീകളുമായി മയിൽപുറത്തിരിക്കുന്ന ഒരു ഷൺമുഖൻ. രാധയെ ഓടക്കുഴൽ വായന പഠിപ്പിക്കുന്ന ഗോപാലകൃഷ്ണൻ. സീതയെ മടിയിലിരുത്തി പട്ടാഭിഷേകപ്പാലേൽക്കുന്ന ശ്രീരാമൻ." വാക്കുകളുടെ നർമരസത്തോടെ മതവും ഭക്തിയും അധികാരവുമെല്ലാം കഥക്ക് സന്ദർഭങ്ങളൊരുക്കുന്നു. ഗഹനമായ വിഷയങ്ങളോടൊപ്പം പുതിയ ഭാവുകത്വം സൃഷ്ടിച്ചെടുക്കുകയാണ് കഥാകാരി.

വിഷ്ണുവിനും രണ്ട് ഭാര്യമാരുണ്ട്. ഗണപതിക്കുമുണ്ട് രണ്ട്. ആകെപ്പാടെ ദൈവങ്ങളുടെ ഇടയിലും പെണ്ണുങ്ങളുടെ സംഖ്യ കൂടുതൽ തന്നെ. അമ്മച്ചി മരിക്കുമ്പോൾ ദൈവദൂതന്മാർ തമ്മിൽ ദേഹിക്ക് വഴക്ക് പിടിച്ചു. ഇത്തരത്തിൽ സമൂഹത്തെ നർമരസത്തോടെ അവതരിപ്പിക്കുന്ന കഥാസന്ദർഭങ്ങൾ ധാരാളം കാണാം. "അവന്റെ എഴുത്തിലെ സംബോധനാരൂപങ്ങൾ എന്തെല്ലാമാണെന്ന് മാലതി ഏങ്ങിയേങ്ങിപ്പറഞ്ഞു. ഏഞ്ചൽ സ്വീറ്റ്ഹാർട്ട്, ഡാർലിങ് എന്നെല്ലാം. അവന്റെ ഏഞ്ചലും പൂഞ്ചോലയും! മാലതി എന്തെഴുതും. ഞാൻ ഒന്നും എഴുതുകയില്ല. ഒരു വര മാത്രമിടും. സ്ത്രീപുരുഷബന്ധങ്ങളും പ്രണയവും ആവിഷ്കരിക്കുന്നു. ജീവിതത്തെ ആഴങ്ങളിൽ അന്വേഷിക്കുകയും അതിനെ കാലാതീതമായ അനുഭവങ്ങളാക്കി മാറ്റുകയുമാണ് കഥാകാരി.

ഭാഷ ആശയസംവേദനത്തിന്റെ ആദ്യശ്രേണിയാണെന്ന വ്യക്തമായ അവബോധം മാധവിക്കുട്ടിയുടെ രചനകളിൽ പ്രവർത്തിക്കുന്നത് കാണാം. ആശയസംവേദനോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധത്തിന്റേയും

സംസ്കാരത്തിന്റേയും പ്രതിഫലനമാണ്. രൂപത്തിന്റെ കാര്യത്തിലും ആഖ്യാനത്തിന്റെ കാര്യത്തിലും ഭാഷയുടെ കാര്യത്തിലും വ്യത്യസ്ത പുലർത്തുന്ന എഴുത്തുകാരി. കഥകൾക്കുള്ളിൽ യാഥാർത്ഥ്യത്തിന്റെ നിരവധി പാഠങ്ങൾ സൃഷ്ടിച്ച് ബഹുസ്വരതയാർന്ന ആഖ്യാനരൂപമായിത്തീർന്നു അവരുടെ രചനകൾ.

കുറഞ്ഞ വാചാലത, കുറിയ കഥ, സാരാംശം, കൂർത്ത വാക്ക്: ഇവ ചെറുകഥയുടെ അംഗീകൃതനിർവചനത്തിൽനിന്ന് സ്വീകരിക്കുന്നതാണ്. ചെറുകഥയാണ് തനിക്ക് ഇഷ്ടം – ഈ സൂചന മാധവിക്കുട്ടിയുടെ രചനകളെ ഭാഷാപഠനത്തെ സഹായിക്കുന്ന ഒന്നാണ്. തന്റെ ഭാഷാസങ്കൽപം മാധവിക്കുട്ടി പി.പി.രവീന്ദ്രനോട് വെളിപ്പെടുത്തുന്നത് ഇങ്ങനെയാണ്. ‘‘സരളമായ നല്ല മലയാളം നാം സ്വാഭാവികമായി ഉപയോഗിക്കുന്ന ഭാഷയാണ്.”

‘സഹൃദയൻ’ എന്ന കഥയിലെ സന്ദർഭങ്ങൾ നോക്കാം. കവിയും തന്റെ ഭാര്യയും കുടുംബം ചുറ്റിപ്പറ്റിയുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന പ്രമേയമാണ് സ്വീകരിച്ചിരിക്കുന്നത്. വാക്കുകളുടെ കേവലമായ അർത്ഥത്തിനപ്പുറത്ത് അനേകം സൂചിതാർത്ഥങ്ങൾ സന്നിഹിതമായിരിക്കുന്നു. സാമൂഹികസന്ദർഭങ്ങളാണ് സാഹിത്യത്തിലെ പദങ്ങളുടെ അർത്ഥം നിർണയിക്കുന്നത് എന്ന ആശയം ചേർത്തുവെച്ച് പഠിക്കേണ്ടതാണ്.

സഹൃദയനിൽ “മലബാറിലെ പെണ്ണുങ്ങളെ കല്യാണം കഴിക്കരുത് എന്ന് എന്റെ ചങ്ങാതിമാർ നൂറുവട്ടം പറഞ്ഞതാണ്. മലബാറുകാരികൾക്ക് അസൂയ കൂടുതലാണ്. എന്ത് ചെയ്താലും അവർക്ക് ശങ്കയാണ് എന്നൊക്കെ ശ്രീധരൻചേട്ടനും പറഞ്ഞു. എന്നിട്ടും ഞാൻ നിന്നെ ഗുരുവായൂര് പോയി താലികെട്ടിച്ചു. ഞാനൊരു കവിയല്ലേ. എനിക്ക് മറ്റ് കവികളേയും കവിയിത്രിമാരെയും കാണണ്ടേ.” ഇത്തരം സന്ദർഭങ്ങൾ വളരെ സാധാരണക്കാരന് മനസിലാകുന്ന ഭാഷ ഉപയോഗപ്പെടുത്തി അർത്ഥസാധ്യതകൾ തുറന്നിടുന്നു. മറ്റൊരിടത്ത് “കവിയുടെ പുതിയ ചെരുപ്പുകൾ ഓരോ കാൽവെപ്പിലും തേങ്ങലുകൾ പുറപ്പെടുവിച്ചു.” “ഞാനും കുട്ട്യോളും വീട്ടിന്റെ ആത്ത് ഇരുട്ടത്ത് നൊച്ചെലിയോളെപ്പോലെ കുത്തിയിരിപ്പ് തൊടങ്ങീട്ട് കാലം എത്രയായി! കവിയാത്രെ കവി.” യാഥാർത്ഥ്യലോകത്ത് പച്ചയായ ജീവിതാവിഷ്കാരത്തിന് ഉപയുക്തമായ ഭാഷയുടെ പ്രയോഗമാണ് ഇത്. മറ്റൊരു പ്രയോഗം “സുന്ദരിയാണോ എന്നൊക്കെ നിങ്ങൾ തന്നെ തീരുമാനിക്കുക. നിഷ്കളങ്കയാണ്. കുലീനയും

നാഗരികാംഗനയല്ല, നാഗരികാംഗനകളോട് എനിക്ക് പരമപുച്ഛമാണ്.” തുടങ്ങി ധാരാളം സന്ദർഭങ്ങൾ കാണാം.

‘അവശിഷ്ടങ്ങൾ’ എന്ന കഥയിൽ സമൂഹം സ്ത്രീയോട് കാണിക്കുന്ന അവഗണന വ്യക്തമാക്കുന്നു. “ഒരു സ്ത്രീക്ക് തന്റെ ഭർത്താവ് മരിക്കുമ്പോൾ തന്റെ ശരീരബോധം നഷ്ടപ്പെടുന്നു. തന്റെ ശരീരത്തിന്റെ യഥാർത്ഥവില അറിഞ്ഞിരുന്ന ഒരു വ്യക്തി ജീവിച്ചിരിക്കുന്നില്ല എന്ന് ബോധ്യമാവുമ്പോൾ സ്ത്രീ ശരീരപരിചരണത്തിൽ ജാഗ്രത പുലർത്തുകയില്ല. തൈലം തേച്ച് തിരുമ്മിയും സുഗന്ധലേപങ്ങൾ ഉപയോഗിക്കുന്നതും മറ്റും അവ നിർത്തും.” ഭർത്താവിന്റെ മരണശേഷം സ്ത്രീക്ക് ലഭ്യമാവുന്ന പരിതാപകരമായ അവസ്ഥയാണ് കഥ വിളിച്ചോതുന്നത്.

വാക്കിന്റെ കലയാണ് സാഹിത്യം. ചില വാക്കുകൾ നമ്മെ ചിന്തിപ്പിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. കഥാരചയിതാക്കൾ കഥകളിലൂടെ സ്വന്തം അനുഭവങ്ങളേയും വികാരവിചാരങ്ങളേയും വായനക്കാരുടെ ഹൃദയത്തിൽ മുദ്രണം ചെയ്യത്തക്കവിധം സസൂക്ഷ്മം ആഖ്യാനം നടത്തുന്നു. മാത്രമല്ല പ്രതിബോധത്തിന്റേയും പ്രതിരോധത്തിന്റേയും മൂർച്ച ആഖ്യാനങ്ങൾക്കുണ്ട്. ഈ ആശയം സാറാ ജോസഫിന്റെ കഥകൾക്ക് കൃത്യമായി ഇണങ്ങുന്നു.

> “പെണ്ണെഴുത്തുകാർ നേരിടുന്ന ഭാഷാപ്രതിസന്ധിയിൽനിന്നും ഉരുവം കൊണ്ട ആശയമാണ് പെൺഭാഷ എന്നത്. സ്ത്രീകൾക്ക് അവരെക്കുറിച്ച് എഴുതാനും അവരെ അവതരിപ്പിക്കാനും ഒരു ഭാഷയില്ലാതെ പോവുന്നു. (രവീന്ദ്രൻ എൻ.കെ. 69). നമ്മുടെ സമൂഹം പുരുഷകേന്ദ്രീകൃതമാണ്. അതുകൊണ്ടുതന്നെ പുരുഷനിർമിതമായ ഭാഷയുടെ കാര്യത്തിലും അതിന് മാറ്റമില്ല. സ്ത്രീരചനയുടെ ഭാഷ ഒരു പ്രശ്നമായി മാറുന്നത് അവിടെനിന്നാണ്. താനുപയോഗിക്കുന്ന ഭാഷ പുരുഷൻ അവന്റെ ആശയാവിഷ്കരണത്തിനായി ചിട്ടപ്പെടുത്തിയതാണെന്ന് എഴുത്തിന്റെ വേളയിൽ അവൾ തിരിച്ചറിയുകയും തങ്ങൾക്കനുയോജ്യമായൊരു ഭാഷ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാവുകയും ചെയ്തു. പുരുഷഭാഷയിൽ സ്ത്രീസംബന്ധമായി വന്നുകൂടിയിട്ടുള്ള പിഴവുകൾ നികത്തി സ്ത്രീക്ക് അനുയോജ്യമായൊരു ഭാഷ ചിട്ടപ്പെടുത്തിയെടുക്കുകയെന്നത് പെണ്ണെഴുത്തുകാരുടെ ലക്ഷ്യമാണ്.

> വെർജീനിയ വുൾഫും ഇത് തന്നെയാണ് അഭിപ്രായപ്പെടുന്നത്. (സുഷമാകുമാരി കെ. 49)

പാപത്തറ എന്ന കഥാസന്ദർഭം – "ഉഷ്ണത്തിന് തള്ളുന്നൊരു പാലക്കാടൻ കാറ്റിൽ മഞ്ഞരളിക്കാടുകൾ മുടിയഴിച്ചിട്ടാടിയപ്പോൾ, അടിവയറ്റിലൊരു സ്വപ്നം പോലുടഞ്ഞ് തകർന്ന് ലക്ഷ്മിക്കുട്ടിക്ക് പേറ്റുനോവാരംഭിക്കുന്നു. മെടയാനിട്ട ഓലമടലുകൾക്കു നടുവിലിരുന്ന് നെഞ്ചത്ത് കൈയമർത്തി ലക്ഷ്മിക്കുട്ടി അമ്പരന്ന് വിളിച്ചു പോവുമ്പോൾ, കൊടിയ വേനലിലും പച്ചത്തഴപ്പ് മുറ്റിയ മഞ്ഞരളിക്കാടുകൾക്ക് മീതെ മീനമാസത്തിലെ സന്ധ്യ ചോരത്തുള്ളികളായി ഇറ്റിറ്റുവീഴുന്നു. മുനിസ്വാമി...... ദെയ്‌വങ്ങളേ......"

ഒളിഞ്ഞുവെക്കാത്ത തെളിഞ്ഞ ഭാഷാപ്രയോഗങ്ങളാണ് ദർശിക്കാനാവുക. പെൺകുഞ്ഞ് ജനിക്കുമ്പോൾ അത് മോശമായി കാണുന്ന സമൂഹത്തെ ഭാഷയുടെ തന്ത്രത്തിൽ വളരെ ഭംഗിയായി ചിത്രീകരിക്കുകയാണ് കഥാകാരി.

"ഈറ്റില്ലത്തിൽ നിസ്സഹായതയോടെ കൈകൂപ്പി, കണ്ണുയർത്തി, ഹൃദയമുരുകി ലക്ഷ്മിക്കുട്ടി പ്രാർത്ഥിച്ചു. അവസാനനിമിഷത്തിൽപോലും അത്ഭുതകരമായ ഒരു ലിംഗമാറ്റം നടത്തിത്തരാൻ കെല്പുള്ള കുറുമ്പഭഗവതിയോട്, മുനീശ്വരനോട്, തറയിലെ മുഴുവൻ ദൈവങ്ങളോടും......" ഭ്രൂണഹത്യയാണ് കഥയുടെ പ്രമേയം. മാത്രമല്ല സ്ത്രീയോടുള്ള സാമൂഹ്യസമീപനംകൂടി ഇത്തരം കഥാസന്ദർഭങ്ങൾ ഗൗരവമായി എടുക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

"അടക്കല്ല്യാത്തോള്! ഞാനൊക്കെ ഞങ്ങണ്ടെ കൊച്ചറാണനെ പെറ്റത് ഈച്ചീം പൂച്ചീം അറ്യാണ്ടായിരുന്നു. ഇദെന്തൊര് ബഹളവാണ്. തറേല്ള്ളോര് കൂട്ടംകൂടി ചിരിക്കണ കാണണം.'' "ഞമ്മള് കൊടുത്തതൊന്നും പോരാ പോരാന്നാണ് ഏട്ത്ത്യേയ്. ഏട്ടേടെ വീട്ടുകാർക്ക് എപ്പോഴും ആർത്തി തന്നെ ആർത്തി! ഇനി അച്ചോട് പറഞ്ഞ് ആ എവ്ടെന്ന്ട്ത്തട്ട് തര്കാ?" വളരെ സാധാരണഭാഷയിലാണ് ഇവിടെ ആശയലോകം തീർത്തിരിക്കുന്നത്.

"എനിക്കീറ്റ്നോവില്ല. എന്റെ മകളെ ഒളിപ്പിച്ച് കടത്ത്വോ? നിലവറക്കുള്ളിലെ വാതിലുകൾ തകർത്ത് ഇടിമുഴക്കം പോലെ കാലൊച്ച മുഴക്കി കംസനെത്തുംമുമ്പ് അടുത്ത ഉഷ്ണക്കാറ്റ് മഞ്ഞരളിക്കാടുകളൊന്നായി ഇളകിയാടിത്തിമർക്കുംമുമ്പ് ആഭിചാരത്തിന്റെ പരുത്ത കൈപ്പത്തികളുമായി കൊച്ചുനാരായണന്റെ അമ്മ പറന്നെത്തും

മുമ്പ് ഒരു കൊട്ടയിലാക്കി പഴംതുണികൾക്കിടയിൽ ഒളിപ്പിച്ച് മഞ്ഞരളിക്കാടുകൾ നൂഴ്ന്ന് കടന്ന് ചാവുതറക്കും പാപത്തറക്കുമപ്പുറം വഴിമാറിത്തരാത്ത പുഴ മുറിച്ചു നീന്തി നരിമാൻകുന്നും പുലിമടയും കയറിയിറങ്ങി..... അക്കരെയക്കരെ...... പെണ്ണ് പൂക്കണ നാട്ടിൽ എത്തിച്ചുതരും? ഈ തലേം മാലേം പൊട്ടിച്ച് തരാം." പുതിയൊരു ലോകത്തെ വിഭാവനം ചെയ്യുകയാണ് കഥാകാരി. സ്ത്രീസ്വത്വത്തെ മുരടിപ്പിക്കുകയും വറുത്തുപൊടിച്ച് കാറ്റിൽ വിതറുകയും ചെയ്യുന്ന പുരുഷാധിപത്യത്തോടുള്ള തീക്ഷ്ണ പ്രതിഷേധം നിറഞ്ഞ കഥകളെന്നാണ് എം.ലീലാവതി സാറാ ജോസഫിന്റെ കഥകളെ വിലയിരുത്തുന്നത്.

സാറാ ജോസഫിന്റെ ഓരോ എഴുത്തുകാരിയുടെ ഉള്ളിലും എന്ന കഥ എഴുത്തുകാരിയായ സ്ത്രീയുടെ അടങ്ങാത്ത സ്വാതന്ത്ര്യതൃഷ്ണയാണ് അഭിവ്യഞ്ജിപ്പിക്കുന്നത്. മേബിൾ അമ്മായിയും അവരുടെ വീടും സ്വാതന്ത്ര്യത്തിന്റെ സമർത്ഥമായ ബിംബങ്ങളാണ്. സ്ത്രീസ്വാതന്ത്ര്യത്തെ ലൈംഗികതയുമായി ബന്ധപ്പെടുത്തി സ്ത്രീപുരുഷലൈംഗികതയുടെ നേർക്ക് പുതിയ ചോദ്യങ്ങളെറിയുന്ന കഥയാണ് കോഫീ ഹൗസ്. സ്ത്രീയുടെ ലൈംഗികസ്വാതന്ത്ര്യം പുരുഷന് തുല്യ മാണെന്ന ബോധപൂർവമായ വെളിപ്പെടുത്തൽ ഇതിലൂടെ നിർവഹിക്കുന്നു.

ഭാഷയിൽ പെട്ടെന്നുള്ള മാറ്റം അസാധ്യമാണെന്ന് സാറാ ജോസഫ് ഒരിക്കൽ പറയുകയുണ്ടായി. എങ്കിലും തിരിച്ചറിവ് ആവശ്യമാണെന്നും അവർ പറഞ്ഞിരുന്നു. മലയാളത്തിലെ എഴുത്തുകാരികൾ വെല്ലുവിളിക്കപ്പെട്ടതും അവഹേളിക്കപ്പെട്ടതും അധീശവർഗമൂല്യങ്ങൾ ചോദ്യം ചെയ്തപ്പോഴാണ്. അവർ ഭജനപ്പാട്ടും കുമ്മിയും തിരുവാതിരയും പരിവേദനങ്ങളും മൃദുലപ്രേമവുമായി നടന്നപ്പോഴൊന്നും ആരുമൊന്നും പറഞ്ഞില്ല. എന്നാൽ സ്വന്തം ലൈംഗികതപോലും അധീശവർഗ താൽപര്യത്താൽ നിർണയിക്കപ്പെടുന്നതുകണ്ട് കലാപത്തിനൊരുങ്ങിയപ്പോൾ സരസ്വതിയമ്മയും രാജലക്ഷ്മിയും മാധവിക്കുട്ടിയും കല്ലേറ്റുപിടഞ്ഞു. എന്തായാലും ആ വഴിയാണ് ഞാനും തേടുന്നത്. ഓരോ എഴുത്തുകാരിയും തേടേണ്ടതും ഈ വഴി തന്നെയാണ് എന്ന് എസ്.ഷിഫ (75) രേഖപ്പെടുത്തുന്നു.

മനുഷ്യനെ സാമൂഹ്യജീവിയാക്കി മാറ്റിയതിന്റെ അടിസ്ഥാനം ഭാഷയാണ്. വ്യക്തി-സാമൂഹ്യബന്ധങ്ങൾ, അധികാരഘടനകൾ, സാമൂഹ്യസ്ഥാപനങ്ങൾ എന്നിവ രൂപപ്പെടുന്നതും നിലനിർത്തപ്പെടുന്നതും ഭാഷയിലൂടെയാണ്. ഓരോ

ഭാഷയിലും നിരവധി ഭാഷാഭേദങ്ങൾ പ്രകടമായിട്ടുണ്ടാവും. ദേശം, ജാതി, തൊഴിൽ, വർഗം തുടങ്ങിയവയാണ് ഭാഷാഭേദങ്ങൾക്ക് അടിസ്ഥാനം. സ്വനിമതലം, പദാവലി, വാക്യഘടന എന്നിവയിലാണ് ഭാഷാഭേദങ്ങൾ പൊതുവേ അനുഭവപ്പെടുക (കോശി കെ 27). സ്ത്രീയെഴുത്തുകാരിൽ മാധവിക്കുട്ടിയും സാറാ ജോസഫും വാമൊഴിവഴക്കങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്. ഇതിന് പുറമേ സമകാലിക എഴുത്തുകാരിൽ കെ.ആർ.മീരയുടെ രചനകളിലാണ് ഇത് കൂടുതൽ കാണാനാവുക. പായിപ്പാട് മുതൽ പേസ്മേക്കർ വരെ എന്ന കഥ നസ്രാണികുടുംബത്തിലെ വൃദ്ധ ദമ്പതികളുടെ ജീവിതാവസ്ഥകളെ പ്രതിഫലിപ്പിക്കുന്നതാണ്. സംസാരഭാഷയിൽ പറ ഞ്ഞുപോവുന്ന ഈ കഥ അതിവേഗത്തിലുള്ള ആഖ്യാനപാടവമാണ് പ്രകടിപ്പിക്കു ന്നത്. “വൃദ്ധന്റെ പറച്ചിലുകളിലൂടെയാണ് കഥ മുന്നേറുന്നത്. ഒരു വ്യക്തിയുടെ കഥ പറച്ചിലുകളായതുകൊണ്ടുതന്നെ അത് ഭാഷക്ക് അക്കാദമിക് വടിവുകളും വ്യാകര ണത്തിന്റെ ചതുരംഗഭംഗികളോ അല്ല വേണ്ടതെന്ന് എഴുത്തുകാരിക്ക് നല്ല ബോധമു ണ്ടായിരുന്നതിന്റെ പ്രതിഫലനങ്ങളാണ് നാട്ടുമൊഴിയുടെ മുത്തുകൾ വൃദ്ധന്റെ വായിൽനിന്നും ചിതറിച്ചത്. നാട്ടുഭാഷയുടെ ലാളിത്യത്തിനപ്പുറം പ്രൗഢഗംഭീരമെന്ന് പലരും അവകാശപ്പെടുന്ന ഭാഷ വയസനായ ആ കഥാപാത്രത്തിന് നൽകിയിരുന്നു വെങ്കിൽ അത് തികച്ചും അപഹാസ്യമാവുകയും കഥാഗതിയെ സാരമായി ബാധി ക്കുകയും ചെയ്യുമായിരുന്നു. (രശ്മി ജി, അനിൽകുമാർ കെ.എസ്, 2018;33)

ആവിഷ്കരണത്തിലെ ശ്രദ്ധയും സൂക്ഷ്മപാടവവും ആഖ്യാനത്തിലെ വ്യതിരിക്തതയും ഭാഷയുംകൊണ്ട് ഏറെ ജനശ്രദ്ധയാകർഷിക്കുന്ന കഥയാണ് ശൂർപ്പണഖ. “ഫെമിനിസ്റ്റ് എന്ന് പറഞ്ഞാൽ കുടുംബം തകർക്കുന്നവര്, കുട്ടികളെ നോക്കാത്തവര്, വീട്ടിൽ ഭക്ഷണം പാകം ചെയ്യാത്തവര് ഇങ്ങനെ കുറേ വാർപ്പു മാതൃകകളുണ്ട്.” ഈ ആശയമാണ് മീര ശൂർപ്പണഖ എന്ന കഥയിൽകൂടി ചെയ്തിട്ടുള്ളത് എന്ന് സി.എസ്.ചന്ദ്രിക (13) നിരീക്ഷിക്കുന്നുണ്ട്. സമൂഹത്തിൽ സിംബലൈസ് ചെയ്യപ്പെട്ട ആശയങ്ങളെ മാറ്റിചിന്തിക്കാനുള്ള ശ്രമങ്ങൾ കൂടിയാണ് ശൂർപ്പണഖ ചെയ്യുന്നത്.

“കോഴിക്കോട് ഐസ്ക്രീം സമരത്തിനിടയിലാണ് പി.പി.അനഘക്ക് ജോലി കിട്ടിയത്. ആദ്യത്തെ ക്ലാസ് കടന്നുചെല്ലുമ്പോൾ ബ്ലാക്ബോഡിൽ കുറിച്ചിട്ടിരി ക്കുന്നു. ശൂർപ്പണഖക്ക് സ്വാഗതം. പി.പി.അനഘ തിരിഞ്ഞുനിന്ന് ബോഡ് തുടക്കുമ്പോൾ കടലാസമ്പുകൾ തുരുതുരാ വന്നു.

മിസ് ഒരു സംശയം.

ചോദിച്ചോളൂ.

മിസ് ഒരു ഫെമിനിസ്റ്റല്ലേ?

അന്നൊക്കെ ഫെമിനിസ്റ്റായാൽ പെട്ടെന്ന് പ്രതികരിക്കണം. അതുകൊണ്ട് അനഘ അപ്പോൾതന്നെ അവനെ ഗെറ്റൗട്ടടിച്ചു. തിരിച്ചെടുക്കാൻ വിസമ്മതിച്ചപ്പോൾ സമരം വന്നു. വിട്ടുവീഴ്ചക്ക് തയ്യാറാകാതിരുന്നപ്പോൾ സമരം ശക്തമായി. ഫെമിനിസ്റ്റ് നേതാവായതുകൊണ്ട് സംഘടനയുടേയും മാതൃപാർട്ടിയുടേയും പിന്തുണ അനഘക്ക് കിട്ടി." എഴുത്തുകാരിൽ ഭാഷയുടെ ദൃശ്യസംസ്കാരം ആഖ്യാന ത്തിൽ ഉപയോഗപ്പെടുത്തുന്നു. പുതുമയുണർത്തുന്ന പദച്ചേരുവകളും സ്ഫോട നാത്മകമായ ബിംബാവലികളും ആഖ്യാനക്രമത്തെ വ്യതിരിക്തമാക്കുന്നത് കാണാം.

ശൂർപ്പണഖയിലെ അനഘയെ മറ്റുള്ളവർ നോക്കിക്കാണുന്നത് ഒരു പക്കാ ഫെമിനിസ്റ്റ് എന്ന് മാത്രമാണ്. അവരുടെ ധാരണകൾകൂടി അനഘയുടെമേൽ ചാർത്തപ്പെട്ടിരിക്കുന്നു. മധ്യവർഗസ്ത്രീയുടെ സോഷ്യൽ സ്റ്റാറ്റസിന്റെ ഒരു തലം കൂടിയാണ് ഇത് വ്യക്തമാക്കുന്നത്. മാത്രമല്ല അനഘ മകൾ ഒരു സാധാരണ പെൺകുട്ടിയായി ജീവിക്കുന്നത് കാണാനാഗ്രഹിക്കുന്നില്ല. അതിനുവേണ്ടി പൊട്ടി ത്തെറിക്കുന്ന സന്ദർഭങ്ങളും കഥയിലുണ്ട്. ഫെമിനിസ്റ്റ് അനഘയുടെ മകൾ അത്തരമൊരു ഇമേജ് ഉണ്ടാക്കിയെടുക്കാനാണ് ആഗ്രഹം.

"രാവിലെ സീമന്തരേഖയിലിട്ട സിന്ദൂരം വിയർപ്പിൽ കുതിർന്ന് വിരലിലൊട്ടി. ഒരു തുള്ളി രക്തം പോലെ അത് വിരൽതുമ്പിൽ ഒരു നിമിഷം തങ്ങി. പിന്നെ മെല്ലെ താഴേക്ക് വീണ് മരിച്ചു." ഒരു വൃദ്ധയുടെ ഓർമകളെ കേന്ദ്രീകരിച്ചാണ് ഓർമയുടെ ഞരമ്പ് എന്ന കഥ വികസിക്കുന്നത്. ഓർമകളാണ് അവരെ ജീവിപ്പിക്കുന്നത്. അവ യില്ലാതാവുമ്പോൾ അവരും ഇല്ലാതാവും. ഈ ഓർമകൾ കേവലം വൈയക്തികമല്ല. ഒരു ദേശത്തിന്റെ, ഒരു സമൂഹത്തിന്റെ അവഗണിക്കപ്പെടുന്ന സ്ത്രീവർഗത്തിന്റെ ഒക്കെ ചരിത്രമാണ് അവരുടെ ഓർമകളുടെ കാതൽ. ഇവിടെ ഭാഷയുടെ പ്രയോഗ സാധുത കഥക്ക് മുതൽകൂട്ടാവുന്നു.

ഭാഷാപരമായും ബിംബങ്ങളിലൂടെയും തെരഞ്ഞെടുത്ത് ജീവിതാനുഭവങ്ങളെ ആവിഷ്കരിക്കുകയാണ് മീര. കഥയുടെ വിവിധ ഘടകങ്ങളെ കൂട്ടിയിണക്കുന്ന

ഒരു കലാതന്ത്രമാണ് ആഖ്യാനമെന്നതിനാൽ ഒരു കഥാകൃത്തിന്റെ കല സ്ഥിതി ചെയ്യുന്നത് അയാളുടെ ആഖ്യാനകലാതന്ത്രങ്ങളുടെ സവിശേഷമായ വിന്യാസത്തിലും ആഖ്യാനഘടകങ്ങളുടെ സമന്വയിപ്പിക്കലിലുമാണ്. ഇതിന്റെ ഉത്തമോദാഹരണമാണ് ശൂർപ്പണഖ.

പുതിയതരം കഥപറച്ചിലും ഭാവനകളും ആശയങ്ങളും ഭാഷയിൽ വിധ്വംസകമായി പ്രവർത്തിക്കുമ്പോൾ അതിനൊരു നവീനസ്വരം കൈവരുന്നു. ഭാഷയിൽ വരുത്താവുന്ന പൊളിച്ചെഴുത്തുകളെയും കൂട്ടിച്ചേർക്കലുകളെയും രൂപത്തിൽ നടത്താവുന്ന പരമാവധി സാധ്യതകളെയും കോർത്ത് വിന്യസിക്കുന്നുണ്ട്. ഈ വിന്യാസ ക്രമം തീർത്തും ഐറണികളുടെയും പുതുമയുള്ള രൂപകങ്ങളുടെയും ശൃംഖലകൾ തീർത്തുകൊണ്ട് ഭാഷാ സൂചകത്തെ ഒരേ സമയം പലതരം സൂചനകളിലേയ്ക്ക് നീട്ടി ധ്വനിപ്പിച്ചുകൊണ്ട് ഭാഷയെ പുതുക്കി പണിയുകയാണ് കഥാകാരി.

### 3.1.5. ബിംബങ്ങൾ

എഴുത്തുകാർക്ക് യഥാതഥമായ ആഖ്യാനത്തിന് വഴങ്ങാത്ത ഏത് വിഷയവും ഏത് ആശയവും ആഖ്യാനം ചെയ്യാൻ ബിംബങ്ങളിലൂടെ കഴിയുന്നു. ദൃശ്യം, ശ്രാവ്യം, ഗന്ധം, സ്പർശം, രുചി എന്നിങ്ങനെ പഞ്ചേന്ദ്രിസംബന്ധിയായ ഏത് കാര്യങ്ങളും അവതരിപ്പിക്കാൻ ബിംബങ്ങൾ എഴുത്തുകാരന് പ്രയോജനം ചെയ്യുന്നു. ആഖ്യാനം ധ്വന്യാത്മകമാക്കുന്നതിനും അതോടൊപ്പം സഹൃദയന്റെ ഭാവനയെ വളർത്തുന്നതിന് ബിംബങ്ങൾ സഹായകമാണ്.[4]

അനുഭൂതികളെ ഇന്ദ്രിയവേദ്യങ്ങളായ ചിത്രങ്ങളാക്കി മാറ്റുകയാണ് യഥാർത്ഥ കലാകാരൻ ചെയ്യുന്നത്. വൈകാരികവും ബുദ്ധിപരവുമായ സങ്കീർണതകളെ ആവിഷ്കരിക്കാൻ മറ്റ് മാർഗങ്ങളില്ലാതെ വരുമ്പോഴാണ് ബിംബങ്ങൾ സ്വീകരിക്കാറുള്ളത്. ബിംബങ്ങൾ നിർധാരണം ചെയ്യുന്നതുവഴി അബോധതലത്തിൽ കുടിയിരിക്കുന്ന അടിസ്ഥാനവാസനകളെ ചികഞ്ഞെടുക്കാനും കഴിയുന്നു. വാക്കുകളിലൂടെ വൈകാരികമായ ഈ അനുഭവചിത്രങ്ങളുടെ പരമ്പരയെ ബിംബങ്ങളിൽ തളക്കാനും കലാകാരൻ ശ്രമിക്കുന്നു (രാജീവ്കുമാർ എം., 89). മനുഷ്യന്റെ മനോഘടനയെ രൂപപ്പെടുത്തുന്നതിൽ ബിംബങ്ങളും പ്രതീകങ്ങളും വഹിക്കുന്ന പങ്കിനെക്കുറിച്ച് ഴാക് ലകാൻ വിശദീകരിക്കുന്നുണ്ട്.

വൈവിധ്യമാർന്ന ജീവിതത്തിന്റെ ആവിഷ്കാരങ്ങളാണ് സാഹിത്യരചനകൾ. അതുകൊണ്ടുതന്നെ കഥാസാഹിത്യത്തിൽ സരസ്വതിയമ്മ ഘടനയിലും പ്രമേയ ത്തിലും സംഭാഷണത്തിലുമൊക്കെ പുതുമയുള്ള കഥാപരിസരം രൂപപ്പെടുത്തു ന്നതോടൊപ്പം ബിംബങ്ങളും സസൂക്ഷ്മം ആശയസംവേദനത്തിന് ഉപയോഗിച്ചു. കുലമഹിമ എന്ന കഥയുടെ പേരുതന്നെ കൃത്യമായ ഒരു ഇമേജ് നൽകുന്നു. വാക്കുകൾ കൊണ്ട് ദൃശ്യകാഴ്ച നൽകുന്ന സന്ദർഭങ്ങൾ രചനയിലുണ്ട്. “അന്തി മേഘങ്ങൾ മുറ്റത്തെ മണൽതരികളെ പൊൻപൊടികളാക്കി കഴിഞ്ഞിരിക്കുന്നു.” ഇവിടെ ഭാഷയിലെ ബിംബാത്മകത പ്രവർത്തിക്കുന്നത് ദർശിക്കാവുന്നതാണ്. കൂടാതെ ഭാഷകൊണ്ടുള്ള ആഖ്യാന ഇടങ്ങളും കാണാം. “കണ്ണുനീർ വടിച്ചെറി ഞ്ഞിട്ട് അവൾ പറഞ്ഞു. ഇല്ലത്തിൽ നായരല്ലാത്ത ഒരു യുവാവിന്റെ ഭാര്യയായി ത്തീർന്ന ഒരു സ്ത്രീ തന്റെ വീതം സ്ഥലം മഹമ്മദീയർക്ക് വിറ്റു. ബന്ധുക്കളുടെ നിസ്സഹകരണത്തിന് പ്രതികാരം ചെയ്തു.” മറ്റൊരു സന്ദർഭം “ഗൗരിയമ്മയുടെ വീട്ടിൽ ചെന്നപ്പോൾ കറുത്തുമെലിഞ്ഞ്, കണ പിടിച്ച്, മഞ്ഞിച്ച കണ്ണുകളോടുകൂടിയ ഒരു കുട്ടി ഒരു കൊഴുത്ത പൊന്തെങ്ങിന്റെ അടുത്തിരിന്ന് കളിച്ചുകൊണ്ടിരിക്കുകയാ യിരുന്നു. കമലമ്മയെ കണ്ടപ്പോൾ അവർ കഠിനമായ ദേഷ്യത്തോടെ വിളിച്ചുപറഞ്ഞു. എടാ, ഹരികൃഷ്ണാ, ഇങ്ങെഴീച്ചുവാടാ.” ഇത്തരം കഥാസന്ദർഭങ്ങൾ പ്രാദേശിക വഴക്കങ്ങളിലൂടെ ബിംബങ്ങളുടെ കൃത്യമായ പ്രയോഗമാണ് കാഴ്ചവെക്കുന്നത്.

“ഫൂ, രാജപദവി തേവിടിശാലയിട്ടാലിതിലുമധികം രാജപദവിയിൽ കഴിയാം.” കുലമഹിമയെന്ന പാരമ്പര്യം ഇമേജുകളിലൂടെ അവതരിപ്പിക്കുന്നു. 1946ലാണ് കുല മഹിമ എന്ന കഥയെഴുതുന്നത്. ആ കാലഘട്ടത്തിൽതന്നെ അവർ അവത രിപ്പിക്കുന്നത്.

ഭാഷയുടെ കരുത്ത് മാധവിക്കുട്ടിയുടെ കഥകളിലെ ബിംബങ്ങളിലെ കരുത്താണ്. മാധവിക്കുട്ടിയുടെ രചനകളിൽ ധാരാളം ബിംബങ്ങൾ കണ്ടെടുക്കാം. സന്ധ്യ, ഇരുട്ട്, വെയിൽ, ഉച്ച, സൂര്യൻ, ചന്ദ്രൻ, തണുപ്പ്, മഞ്ഞ് തുടങ്ങിയവ ഉദാഹ രണങ്ങളാണ്. കോലാട് എന്ന കഥ ഒരമ്മയുടെ ചിത്രമാണ് നൽകുന്നത്. കുടുംബമെന്ന വ്യവഹാരത്തിൽ ഒരമ്മക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളാണ് മുന്നോട്ടുവെക്കുന്നത്. കോലാട് എന്ന വാക്കുതന്നെ ഒരു ഇമേജായി വായനക്കാരിൽ സ്വാധീനം ചെലുത്തുന്നു. “അമ്മേ, നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ വരിക. രാവിലെ മുതൽ അർധരാത്രി വരെ അവിശ്രമം ജോലിയെടുത്ത് അവൾ തന്റെ കുടും

ബത്തെ വളർത്തിക്കൊണ്ടിരുന്നു. മെലിഞ്ഞ് വെളുത്ത് അവിടവിടെയായി ചില ഒടിവുകൾ പറ്റിയെന്ന് തോന്നിപ്പിക്കുന്ന ഒരു ശരീരമായിരുന്നു അവളുടേത്. പക്ഷേ അവൾ ഒരിക്കലും ക്ഷീണിച്ച് വീഴുകയോ ആവലാതിപ്പെടുകയോ ഉണ്ടായിട്ടില്ല. കുടുംബത്തിൽ സ്ത്രീക്ക് അനുഭവപ്പെടുന്ന് ദുരിതങ്ങളാണ് പറഞ്ഞുവെക്കുന്നത്.

"എന്റെയുള്ളിലെ ചോരപ്പുഴയുടെ വക്കത്ത് നായാടിത്തളർന്ന രാജാവിനേപ്പോലെ വിശ്രമിക്കുന്നു. എന്റെ ഞരമ്പുകളെ പാപ്പാസിട്ട കാലടികൊണ്ട് നീ ചവിട്ടി മെതിക്കുന്നു. അവ മൺമറഞ്ഞുപോയ കാട്ടുമരങ്ങളുടെ വേരുകളാണോ എന്ന് നീ സംശയിക്കുന്നു..." എന്ന വാക്യത്തിലെ 'എന്റെ ഉള്ളിലെ ചോരപ്പുഴയുടെ വക്കത്ത് നായാടിത്തളർന്ന രാജാവ്' എന്ന ബിംബം ആന്തരികമായ ഒട്ടേറെ അർത്ഥത്തിലേക്ക് കൊണ്ടുപോവുന്നു. മനസിന്റെ വൈകാരികഭാവങ്ങളെ വെളിപ്പെടുത്താൻ കൃത്യമായി ബിംബങ്ങളുടെ തെരഞ്ഞെടുപ്പ് മാധവിക്കുട്ടിയുടെ രചനകളെ കരുത്തുള്ളതാക്കുന്നു. ഉദാഹരണം ചുവന്ന ചോര, കള്ളിച്ചെടി, വനപുഷ്പം, സൂര്യൻ, കടൽ എന്നിവ.

"അവരുടെ മുമ്പിൽ മഴവെള്ളം വീണ് വീർത്ത കടൽ. കാമവിവശയായ ഒരു സ്ത്രീയെപ്പോലെ നിശ്വസിക്കുകയും കിടന്നുറങ്ങുകയും ചെയ്തുകൊണ്ടേയിരുന്നു." തരിശുനിലം എന്ന കഥയിലെ സന്ദർഭമാണിത്. "കുറച്ചുകഴിഞ്ഞപ്പോൾ എന്റെ കണ്ണിൽ സൂര്യൻ മാത്രമായി. എന്റെ ഉള്ളിൽനിന്ന് പെട്ടെന്നൊരു തേങ്ങൽ ഉയർന്നു." സൂര്യൻ എന്ന കഥയിലെ സന്ദർഭമാണ് ഇവിടെ. പുനഃസമാഗമം എന്ന കഥയിൽ "അകം മാത്രം നനവ് കടന്ന് കുതിർന്നുപോയ ഒരു മരത്തടി പോലെയായിത്തീർന്നു അവൾ" തുടങ്ങിയ ഒട്ടേറെ പ്രയോഗങ്ങൾ സ്നേഹം ബിംബങ്ങളിലൂടെ ആവിഷ്കരിക്കുന്നു.

ഭാഷയിലെ ബിംബാത്മകമായ ധാരാളം പ്രയോഗങ്ങൾ കണ്ടെടുക്കാം– മെലിഞ്ഞ കാലുകൾ, രണ്ട് മുറികളുള്ള ആ കൊച്ചുവീട്ടിൽ വിശ്രമമില്ലാതെ ചലിച്ചുകൊണ്ടിരുന്നു. അവൾക്ക് പനി തുടങ്ങി ഒട്ടേറെ ഉദാഹരണങ്ങളാണ്. സ്ത്രീത്വവാദം, സ്വതന്ത്രപ്രഖ്യാപനം, ഭിന്നവ്യക്തിത്വം, സാമൂഹ്യനിയമങ്ങളോടുള്ള കലാപം, മാതൃത്വഭാവം, നിറങ്ങളുടെ മനഃശാസ്ത്രം, നഗരജീവിതം, ബാല്യത്തിന്റെ നിഷ്കളങ്കത, സ്നേഹം, സ്നേഹനിരാസം തുടങ്ങിയ ചിത്രങ്ങളിലൂടെ മനുഷ്യനെ വെളിപ്പെടുത്തുന്നു.

പാഠപുസ്തകങ്ങൾക്ക് മുന്നിൽ ഇരുന്നിരുന്ന കുട്ടികൾ അത് കേട്ട് നടുങ്ങി.

ഒരു പരിചാരകൻ അവളെ ചക്രക്കട്ടിലിൽ കിടത്തി. ഉന്തിക്കൊണ്ട് ആശുപത്രി മുറിയിൽ പ്രവേശിച്ചപ്പോൾ കണ്ണുകൾ മിഴിച്ചുകൊണ്ട് അവൾ പറഞ്ഞു.

അയ്യേ! പരിപ്പ് കരിയ്ണ്ട് തോന്ന്ണൂ.

അവളുടെ ഭർത്താവിന്റെ കണ്ണുകൾ നനഞ്ഞു.

കുടുംബത്തിനുവേണ്ടി ജീവിക്കുന്ന ഒരു സ്ത്രീയുടെ ജീവിതം മുഴുവൻ ഒരൊറ്റ ഇമേജ് നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു.

'പക്ഷിയുടെ മണം' എന്ന കഥയിൽ മരണം അനുഭവവേദ്യമാകുന്നത് ഗന്ധദൃശ്യബിംബങ്ങളിലൂടെയാണ്. മരണത്തിന്റെ മണം / പക്ഷിയുടെ മണവുമായി താരതമ്യം ചെയ്യപ്പെടുന്ന പ്രയോഗവിശേഷം ഉണ്ട്. മഞ്ഞകലർന്ന തവിട്ടുനിറമുള്ള പക്ഷി, മഞ്ഞക്കാമില, മഞ്ഞപ്പൂക്കൾ, തുടങ്ങിയപ്രയോഗങ്ങൾ അപഗ്രഥിക്കുന്നു. Dying എന്ന വാക്ക് സൃഷ്ടിക്കുന്ന ഭാവം. Dyeing(തുണിക്കു ചായം കൊടുക്കുക) – അക്ഷരത്തെറ്റ് ജീവിതത്തിന്റെ തന്നെ നഷ്ടഭാവത്തിൽ എത്തിച്ചേരുന്നത് കാണാം. സങ്കീർണമായ ഇതിവൃത്തം അത്യന്തം ലാളിത്യത്തോടെയാണ് പക്ഷിയുടെ മണത്തെ ചിത്രീകരിച്ചിരിക്കുന്നത്. 'സൂര്യൻ' എന്ന കഥാശീർഷകവും ശ്രദ്ധേയമാണ് മാധവികുട്ടിയുടെ കഥകളിലെ പ്രധാനബിംബമാണ് സൂര്യൻ. ഇത് നിലകൊള്ളുന്നത് സ്നേഹസങ്കൽപ്പവുമായി ബന്ധപ്പെട്ടാണ്.

സ്ത്രീപക്ഷനിലപാടുകളിലുറക്കുന്ന ബിംബങ്ങളും പദാവലികളും ശൈലികളും പ്രയോഗങ്ങളും സാറാ ജോസഫിന്റെ രചനകൾ സജീവമായി ഉപയോഗിച്ചിരിക്കുന്നു. സ്ത്രീയും പ്രകൃതിയുമായി ബന്ധപ്പെടുത്തി വരുന്ന ബിംബ കൽപനകൾ ധാരാളം രചനകളിൽ കണ്ടെത്താനാവും. മുടി എന്ന പദം ഉദാ ഹരണമാണ്. കേരളീയസങ്കൽപത്തിൽ മുടി സ്ത്രീസൗന്ദര്യത്തിന്റേയും ശാലീനത യുടേയും പ്രതീകമാണ്. മുടി മുറിക്കുന്നതാകട്ടെ വൈധവ്യത്തിന്റേയും അവഹേ ളനത്തിന്റേയും ചിഹ്നവുമാണ്. ഇത് സമൂഹത്തിന് പുരുഷൻ കൽപിച്ചുകൊടുത്ത സ്ത്രൈണസങ്കൽപങ്ങളാണ്. ഓരോ എഴുത്തുകാരിയുടെ ഉള്ളിലും, മുടിത്തെയ്യ മുറയുന്നു തുടങ്ങിയ കഥകളിൽ മുടിയെന്ന ബിംബം സ്ത്രീയുടെ സ്വാതന്ത്ര്യ ബോധം, സ്വത്വം, ആത്മാഭിമാനം, ശക്തി, കാമം എന്നിവയുടെ പ്രതീകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്.

“എന്റെ ആത്മാവ് എന്റെ ഭർത്താവിന്റെ കാലടികൾ മണത്തുകൊണ്ട്

പരുങ്ങുന്ന ഒരു അനാഥപട്ടിയല്ലായിരുന്നെങ്കിൽ ഈ വേനലിൽ കാർലോ എന്ന യുവാവിന് ഞാൻ ഈ കണ്ണാടിയിൽ പ്രതിഫലിക്കുന്ന ശരീരത്തെ വെള്ളിത്തളികയിൽ ഇരുണ്ടുതുടുത്ത കനിയെന്നപോലെ എന്നെന്നേക്കുമായി കാഴ്ചവെക്കുമായിരുന്നു.'' തുടങ്ങി ഒട്ടേറെ ദൃശ്യബിംബങ്ങളിലൂടെ ആശയങ്ങൾ അവതരിപ്പിക്കുന്നു. മറ്റൊരു ഉദാഹരണം നോക്കാം. "ശരീരത്തെ പരിത്യജിച്ചാൽ ശരീരത്തിന്റെ മരണമുള്ള അഭിമാനത്തെ മാത്രമേ ആ പരിത്യാഗം തകർക്കുകയുള്ളൂ. പക്ഷേ ഇത്തരത്തിലുള്ള പരിത്യാഗം ആത്മാവിന്റെ അഭിമാനത്തെ നശിപ്പിക്കുന്നു. എന്നെന്നേക്കുമായി.'' ചതുരംഗം എന്ന കഥയിലെ സന്ദർഭമാണ്. മനുഷ്യന്റെ ഇച്ഛകളും ആഗ്രഹങ്ങളും ആലേഖനം ചെയ്യപ്പെടുന്നത് ഉടലിന്റെ സാംസ്കാരികഭൂമികയിലാണെന്ന് വ്യക്തം. ബിംബാവലികളിലൂടെ വൈരുദ്ധ്യങ്ങളുടേയും സംഘർഷത്തിന്റേയും നിരന്തരമാറ്റങ്ങളുടേയും തിരുത്തലുകളുടേയും അഭിവാഞ്ജ നിരന്തരം അടയാളപ്പെടുത്തുന്നു.

കഥാകാരിയുടെ കഥയുടെ പേരുകൾ തന്നെ ചടുലമായ ചലനാത്മകത സൃഷ്ടിക്കുന്നു. മാത്രമല്ല രാഷ്ട്രീയത്തിലും സാമൂഹികസാംസ്കാരിക രംഗത്തുമൊക്കെ പ്രത്യക്ഷത്തിൽതന്നെ ദൃശ്യാത്മകത സൃഷ്ടിക്കുന്ന ബിംബ പ്രയോഗങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്.

ജീവിതചുറ്റുപാടുകളിൽ നിന്നാണ് കഥയ്ക്കുവേണ്ട ബിംബങ്ങളെ മീര തിരഞ്ഞെടുക്കുന്നത്. അതുകൊണ്ട് തന്നെ അത് ആസ്വാദകന്റെ സംവേദനത്തെ കൂടുതൽ എളുപ്പമുള്ളതാക്കി തീർക്കുന്നു. ഗില്ലറ്റിൻ എന്ന കഥയിലെ സന്ദർഭം നോക്കാം. "തുരുമ്പു പിടിച്ചൊരു ബ്ലെയ്ഡ് കൊണ്ട് ഗുരു ഞരമ്പ് മുറിച്ചെന്നു കേട്ടപ്പോൾ അജിതയ്ക്കു ഭീതിയാണുണ്ടായത്. ഭീതിയും ഒരുതരം പരാജയസന്നദ്ധതയാണ്. പരുന്തുകൾ വട്ടമിട്ടുപറക്കുന്ന പഴയ വിമാന താവളത്തിനടുത്ത് ഗുരുവിന്റെ പൊളിഞ്ഞുതുടങ്ങിയതും പായൽ മൂടിയതുമായ ഓടിട്ട വീടിന്റെ തടിക്കോവണി കയറുമ്പോൾ അജിതയുടെ പാദങ്ങൾ ഇടറി....'' ദൃശ്യബിംബങ്ങളിലൂടെ ദൃശ്യാനുഭൂതി കഥാകാരി വ്യക്തമാക്കിതരുന്നു. മാത്രമല്ല കഥയുടെ പേരുകൾ ശ്രദ്ധിക്കുമ്പോൾ തന്നെ ഉചിതമായ ബിംബാവലികളുടെ പ്രയോഗം കാണാം. നായ്ക്കോലം, ജോർജ്ജ് മൂന്നാമൻ തീവണ്ടിയോടിക്കുമ്പോൾ, ആണുങ്ങളോടു കളിച്ചാൽ, പശ്യപ്രിയേ, കൊങ്കണേ എന്നീ കഥകൾ ഉദാഹരണങ്ങളാണ്.

വൈവിധ്യമാർന്ന പ്രമേയങ്ങൾ, നവീനമായ ആഖ്യാനശൈലി വിസ്തൃതമായ

ക്യാൻവാസിൽ കഥാപാത്രങ്ങളുടെ സൂക്ഷ്മഭാവങ്ങളെപ്പോലും വിടർത്തിവിരിക്കുന്ന രചനാകൗശലം എന്നിവ എഴുത്തുകാരികളുടെ രചനകളുടെ മുഖമുദ്രയായിരുന്നു. അനുഭവങ്ങളുടെ ശുദ്ധമായ അവസ്ഥ മാത്രം പോരാ കഥാസാഹിത്യത്തെ ജനകീയമാക്കുവാൻ. യുക്തിക്കതീതവും അർത്ഥത്തിനതീതവുമായ അനുഭവങ്ങളെ ഏകീകരിക്കാൻ പരീക്ഷണങ്ങൾ ആവശ്യമാണ് എന്നുകൂടി കഥാകാരികൾ സൂചിപ്പിക്കുന്നുണ്ട്.

പാഠങ്ങൾ, അഭ്യാസം, പ്രവർത്തനം, അടിക്കുറിപ്പുകൾ, വിശദീകരണങ്ങൾ, വാർത്തകൾ, ഭൂപടങ്ങൾ, ചോദ്യോത്തരങ്ങൾ, ഉദ്ധരണികൾ, ഗണിതങ്ങൾ, നാൾവഴിക്കുറിപ്പുകൾ, ഡയഗ്രാം എന്നിവയിലൂടെ കഥാഖ്യാനം ഒട്ടേറെ വഴി തേടുന്നു.

## കുറിപ്പുകൾ

1. ആഖ്യാനമെന്നത് (Narrative) യഥാർത്ഥമോ കൽപിതമോ ആയ ഗതകാല സ്മരണകളുടെ ആവിഷ്കാരമാണ്. ( Trauggot and pratt, Linguistics for studies of literautre, Newyork, Harcourst Beacer jovernovich, 1980)

നമ്മുടെ ജീവിതത്തിൽ ആഖ്യാനങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ബാർത്തിന്റെ അഭിപ്രായങ്ങൾ - ആഖ്യാനം മിത്തിൽ, ഫേബിളിൽ, കഥയിൽ, നോവല്ലയിൽ, എപ്പിക്കിൽ, ചരിത്രത്തിൽ, ദുരന്തനാടകത്തിൽ, മൈമിൽ, ചിത്രങ്ങളിൽ, എണ്ണച്ചായങ്ങളിൽ, സിനിമകളിൽ, കോമിക്കുകളിൽ പുതിയ പുതിയ ആശയാവിഷ്കാര മാധ്യമങ്ങളിൽ, സംഭാഷണങ്ങളിൽ, ആഖ്യാനം എല്ലാ യുഗങ്ങളിലും എല്ലാ ഇടങ്ങളിലും എല്ലാ സമൂഹങ്ങളിലും മൂല്യമുള്ള സാന്നിധ്യമോ മൂല്യമില്ലാത്ത സാന്നിധ്യമോ എന്ന വേർതിരിവിൽ നിന്നും വിധേയമാകാതെ അന്തർദേശീയ സ്വഭാവത്തോടെ, ചരിത്രാതീതമായി, സംസ്കാരതീതമായി, ജീവിതം പോലെ അങ്ങനെ നിലനിൽക്കുന്നു.

2. സ്തൈണാഖ്യാനം (Feminine Narration)

സ്ത്രൈണാഖ്യാനം എന്ന ഈ വാക് ആഖ്യാനം അഥവാ ആവിഷ്കാരവുമായി ബന്ധപ്പെട്ട ചർച്ചകളിൽ കടന്നുവരുന്നതാണ്. സ്ത്രീയുടെ സവിശേഷതകൾ എന്ന അർത്ഥത്തിലാണ് സ്ത്രൈണത എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നത്. സ്ത്രൈണാഖ്യാനം എന്ന പ്രയോഗത്തിൽ ആഖ്യാനത്തിന് സ്ത്രൈണ സ്വഭാവമുള്ള അവസ്ഥയാണ് സൂചിപ്പിക്കുന്നത്. എന്ന് വിവരിക്കാം. ശ്രദ്ധിക്കേണ്ട ഒരു വസ്തുത ഇവിടെ സ്ത്രീയുടെ ആഖ്യാനം എന്നല്ല സൂചിപ്പിക്കപ്പെടുന്നത് എന്നാണ്. (ഫെമിനിസ്റ്റ് നിഘണ്ടു; മലയാളം സർവ്വകലാശാല)

3. "സ്ത്രീപുരുഷ ബന്ധങ്ങൾ സമൂഹ വ്യവസ്ഥകളുടെ കേന്ദ്രഘടകങ്ങളിൽ ഒന്നാണ്. സ്ത്രീപുരുഷ ബന്ധങ്ങൾ സമൂഹത്തിന്റെ ഭൗതികമായ പുനരുൽപാദനം സാധ്യമാക്കുന്നുവെന്ന് മാത്രമല്ല ഓരോ സമൂഹവ്യവസ്ഥയുടെയും തൊഴിൽ വിഭജനത്തിന്റെ രൂപത്തെയും സമൂഹ വിഭാഗങ്ങളുടെ രൂപീകരണത്തിന്റെ സ്വാഭാവത്തെയും നിർണയിക്കുക കൂടി ചെയ്യുന്നു." (ഗണേശ് കെ.എൻ 219)

4. ബിംബങ്ങളെ അവയുടെ സ്വഭാവമനുസരിച്ച് പലതായി തരംതിരിക്കാം. ഇമേജ് നൽകുന്ന ഇന്ദ്രിയ പ്രതീതിയെ ആസ്പദമാക്കിയുള്ള വിഭജനമാണ് ഏറ്റവും

പ്രസിദ്ധം. അതിന്റെ അടിസ്ഥാനത്തിൽ ദൃശ്യബിംബം, ഗന്ധബിംബം, സ്പർശബിംബം, ശ്രവ്യബിംബം, രുചിബിംബം, സങ്കീർണബിംബം എന്നിങ്ങനെ ആറായിതരംതിരിക്കാം. കണ്ണുകൊണ്ടു അനുഭവച്ചറിയാൻ കഴിയുന്ന ബിംബങ്ങളാണ് ദൃശ്യബിംബങ്ങൾ. സ്പർശാനുഭവത്തിന്റെ പ്രതീതി നൽകുന്നവയാണ് സ്പർശബിംബങ്ങൾ. ഇത്തരം ബിംബങ്ങളിലൂടെ ചൂട്, തണുപ്പ് തുടങ്ങി അനുഭവങ്ങൾ അവതരിപ്പിക്കുന്നു. ശ്രവ്യബിംബങ്ങളാവട്ടെ ശബ്ദാനുഭവം കൊണ്ടുണ്ടാവുന്നതാണ്. ഏതെങ്കിലും ഒരു അനുഭവത്തെ ഗന്ധാവബോധമായി അവതരിപ്പിക്കുന്നതാണ് ഗന്ധബിംബങ്ങൾ. രുചിച്ചറിയാവന്ന തരത്തിൽ എഴുത്തുകാരന്റെ അനുഭൂതികളെ അവതരിപ്പിക്കുന്നതിനാണ് രുചിബിംബങ്ങൾ ഉപയോഗിക്കുന്നത്.

# അധ്യായം നാല്

# ലിംഗഭേദങ്ങളുടെ വർത്തമാനം

4.1 കർതൃത്വം

4.2 ശരീരപരത

4.3 ലിംഗരാഷ്ട്രീയം

4.4. ലിംഗാവബോധത്തിന്റെ പരിണതികൾ

**സ്ത്രീ**ത്വം (feminity), പുരുഷത്വം (masculinity) എന്നിവയെ സംബന്ധിച്ച് നിലനിന്നുപോന്ന പല ധാരണകളും തിരുത്തപ്പെട്ടുതുടങ്ങി. സ്ത്രീപക്ഷ കാഴ്ചപ്പാടിൽനിന്നും ലിംഗരാഷ്ട്രീയത്തിന്റെ മാനങ്ങളിലേക്കുള്ള പരിവർത്തനം സ്ത്രീയെപ്പോലെത്തന്നെ പ്രാന്തവൽകൃതരായ ലിംഗസ്വത്വങ്ങൾ (LGBT) എന്നീ ഐഡന്റിറ്റിയുള്ളവർ കൂടുതൽ അടിച്ചമർത്തൽ നേരിടുന്നു.

ലിംഗവ്യത്യാസത്തെ ആൺ, പെൺ എന്നിങ്ങനെ വേർതിരിക്കുന്ന മനോഭാവത്തിൽനിന്നും വ്യതിചലിച്ച് ഇതര ലൈംഗികതയെക്കൂടി ഉൾകൊള്ളാനുള്ള വിജ്ഞാനം ഇന്നുണ്ട്. വ്യത്യസ്തമായ ലൈംഗികസവിശേഷതകളെ ഉൾകൊള്ളുന്നതിന് മടി കാണിക്കാത്ത ക്വീർ സമീപനം ലിംഗപദവിപഠനങ്ങളിൽ പ്രധാനമായിത്തീർന്നിരിക്കുന്നു.

> ''കാലാകാലങ്ങളായി വ്യത്യസ്തസാമൂഹ്യസന്ദർഭങ്ങളിലൂടെ, അനുശാസനങ്ങളിലൂടെ രൂപംകൊണ്ടും മാറിമറിഞ്ഞ് ഉറച്ചതുമായ സ്ത്രീത്വം എന്ന സ്വത്വപദവി ഒരു സവിശേഷനിർമിതി തന്നെയാണ്. ഈ നിർമ്മിതത്വത്തിന്റെ അടിസ്ഥാനത്തിൽതന്നെയാണ് പൗരുഷത്തിന്റെ ഘടനയേയും ആധുനികസ്ത്രീവാദം തിരിച്ചറിയുന്നത്. സാമൂഹ്യമായ നിബന്ധനകളും അനുശാസനങ്ങളും വ്യക്തിചോദനകളും സാഹചര്യങ്ങളും ചേർന്ന് സൃഷ്ടിക്കുന്ന ഈ നിർമ്മിതികൾ രണ്ട് വിരുദ്ധദ്വന്ദ്വകേന്ദ്രങ്ങളായി നാം സ്വരൂപിക്കുന്നു. ഈ രണ്ട് ഘടനയിലും പെടാത്ത അവയെ ഭദ്രമായി പ്രതിനിധീകരിക്കാത്ത മറ്റനവധി ലിംഗസ്വത്വങ്ങളേയും ലൈംഗികാഭിരുചികളേയും അഭിസംബോധന ചെയ്യാതെ സാമൂഹികമായ നവരാഷ്ട്രീയത്തെ മുന്നോട്ടു വെക്കാനാവില്ല...'' എന്ന് ജി.ഉഷാകുമാരി (18) വിലയിരുത്തുന്നു.

## 4.1 കർതൃത്വം

സത്താവാദപരവും കേവലാത്മകവുമായ സമീപനങ്ങളെ കൈയൊഴിയുവാൻ സഹായിച്ച സൈദ്ധാന്തികപരികൽപനകളിൽ പ്രധാനപ്പെട്ട ഒന്ന് കർതൃത്വസംബന്ധിയായി ഉയർന്നുവന്നിട്ടുള്ള പുതിയ കാഴ്ചപ്പാടുകളും നിഗമനങ്ങളുമാണ്. ഘടനാവാദപരമായ ഉൾകാഴ്ചകളുടെ വെളിച്ചത്തിൽ, കർതൃത്വം എന്നത് ആധുനികതയിൽ (modernity) കരുതപ്പെട്ടതുപോലെ വ്യക്തിനിഷ്ഠമായി മനസിലാക്കേണ്ടതല്ലെന്ന് വിശദീകരിക്കപ്പെട്ടു. കർതൃത്വത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങളെയാണ് ശ്രദ്ധിക്കുന്നത്.

♦ ഒരു വ്യക്തി അതായിരിക്കുന്ന അവസ്ഥ (condition of being a person)

♦ ആ അവസ്ഥ നിർമ്മിക്കപ്പെടുന്നതിൽ അന്തർഭവിച്ചിട്ടുള്ള പ്രക്രിയകൾ (process that go its construction)

♦ ഈ നിർമ്മിക്കപ്പെട്ട വ്യവസ്ഥയെ വ്യക്തി എങ്ങനെ അനുഭവിച്ചറിയുന്നു എന്നത് (experience of being a person) (സത്യൻ എം. 13)

കർതൃത്വം ചരിത്രപരമായും സാംസ്കാരികമായും സോപാധികമായ (conditioned) നിർമ്മിതിയാണ്. അത് നിരന്തരമായ ഒരു പ്രക്രിയയാണ്. 'ഒരു വ്യക്തി സ്ത്രീയായി ജനിക്കുകയല്ല, മറിച്ച്, ആയിത്തീരുകയാണ്' (one is not born, but rather becomes a woman) എന്ന സിമോൺ ദി ബുവെ(Simone de Bauvoir)യുടെ സെക്കന്റ് സെക്സ് (1972) എന്ന പുസ്തകത്തിലെ പ്രസ്താവന ഏറെ ശ്രദ്ധേയമാണ്. കർതൃത്വത്തിന്റെ ആപേക്ഷികതയേയും നിർമിതിപരതയേയുമാണ് ബുവെ ഈ പ്രസ്താവനയിലൂടെ ഉയർത്തിക്കാണിക്കുന്നത്. ഇത് നന്നായി മനസിലാക്കിക്കൊണ്ടാണ് ജൂഡിത് ബട്ലർ (Judith Buttler) അവരുടെ ജെന്റർ ട്രബ്ൾ (Gender Trouble) എന്ന കൃതിയിൽ ഇങ്ങനെ പ്രസ്താവിക്കുന്നുണ്ട്. "ബുവെയുടെ കാഴ്ചപ്പാടുകൾ ശരിയാണെങ്കിൽ സ്ത്രീയെന്ന സംജ്ഞയുടെ സൂചിതം ഉൾകൊള്ളുന്നത് ഉത്ഭവവും അന്ത്യവുമില്ലാത്ത നിരന്തരപ്രക്രിയയേയും ആയിത്തീരലിനേയും നിർമ്മിതിയേയുമാണ്. തുടർന്നുകൊണ്ടേയിരിക്കുന്ന ഒരു വ്യാവഹാരികപ്രയോഗം (discoursive practice) എന്ന നിലയിൽ അതിൽ ഇടപെടലിനും പുനർനിർമിതിക്കുമുള്ള ഇടം എപ്പോഴുമുണ്ട്. കർതൃത്വം നിർമിക്കപ്പെടുന്നത് വ്യവഹാരത്തിലൂടെയാണ്.

### 4.1.1 കർതൃത്വവും ആവിഷ്കാരവും

സ്വതന്ത്രചിന്ത വ്യാപകമായതോടെ സ്ത്രീകൾക്കിടയിൽ കർതൃത്വബോധം രൂപപ്പെട്ടു. കർതൃത്വചിന്തയും സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനവും അന്വേഷിക്കുന്നതിൽ ഫെമിനിസ്റ്റ് ആശയങ്ങളാണ് മുന്നിട്ടുനിൽക്കുന്നത്. യഥാർത്ഥജീവിതത്തിൽ മാത്രമല്ല, കലകളിൽ, അവയുടെ അവതരണസമ്പ്രദായത്തിൽ, സാംസ്കാരികവിനിമയങ്ങളിൽ, മതാചാരങ്ങളിൽ ഒക്കെ സ്ത്രീയുടെ സ്ഥാനം പിന്നിലായിരുന്നു. എന്നാൽ, പെൺ ഇടപെടലുകൾ ഇന്ന് സജീവമാണ്. സാമൂഹ്യഘടനയിലും ജനകീയസമരങ്ങളിലും സാമുദായികജീവിതരീതികളിലും ഇത്തരം ഇടപെടലുകൾ കാണാം.

### 4.1.2 പെൺകർതൃത്വം

മലയാളിയുടെ സ്ത്രീസങ്കൽപ്പചരിത്രം എന്നത് ജാതിമതനിർമിതിയുടെ പരിണതഫലങ്ങളിലും കീഴാളസ്ത്രീസ്വത്വവിരുദ്ധതയിലും നിലകൊണ്ട അനുഭവമണ്ഡലമാണ് ഉള്ളത്. പുരുഷമേധാവിത്വത്തിൻ കീഴിൽ അടിച്ചമർത്തപ്പെട്ടുകിടന്ന സ്ത്രീവർഗത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് കാലഘട്ടത്തിന്റെ അനിവാര്യമായ ആവശ്യമായിരുന്നു. വർഷങ്ങളോളം പീഡനമനുഭവിച്ചുകഴിഞ്ഞിരുന്ന സ്ത്രീകൾക്ക് തങ്ങളുടെ വ്യക്തിജീവിതത്തെക്കുറിച്ച് ചിന്തിക്കേണ്ടതിന്റെ ആവശ്യകത കാലക്രമേണ ബോധ്യമായിത്തീർന്നു. അന്നുവരെ അനുഭവിച്ചിരുന്ന ബന്ധനങ്ങളിൽനിന്ന് മോചനം നേടുക എന്നത് വ്യക്തിത്വത്തിന്റെ ഉയർച്ചയിലേക്ക് വഴിതെളിക്കുമെന്ന് സ്ത്രീ സ്വയം തിരിച്ചറിഞ്ഞുതുടങ്ങി. അങ്ങനെ താൻ ജീവിക്കുന്ന സമൂഹത്തിൽ അംഗീകാരം നേടിയെടുക്കേണ്ടതിന്റെ ധാർമികമായ ഉത്തരവാദിത്തം തന്റെ കൈകളിൽത്തന്നെയാണെന്ന് സ്ത്രീ മനസിലാക്കി. അതിന്റെ ഫലമായി രൂപപ്പെട്ടുവന്ന സ്ത്രീസ്വത്വവാദപ്രസ്ഥാനത്തിന് സ്ത്രീയുടെ വ്യക്തിചോദനകളെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞു.

പുരുഷനോടൊപ്പം ഏതൊരു സ്ഥാനവും വഹിക്കാൻ സ്ത്രീക്കും പ്രാപ്തിയുണ്ടെന്ന് സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ പഠനങ്ങൾ വാദിച്ചു. ഇവയുടെ പ്രതിഫലനം സമൂഹത്തിലുമുണ്ടായി. നൂതനമായ ചിന്താധാരകളും ആശയമണ്ഡലങ്ങളും സ്ത്രീത്വത്തിന് പുതിയ മാനങ്ങൾ നൽകി.

പുരുഷനും സ്ത്രീയും എന്തായിരിക്കണമെന്ന് പറഞ്ഞുവെച്ചിരുന്ന കാഴ്ചപ്പാടുകൾ പിന്നീടുള്ള കാലഘട്ടത്തിലും പിന്തുടരണമെന്ന ആശയത്തിൽനിന്ന്

ഒരു വിഭാഗസമൂഹം പിന്മാറിയില്ല. മുമ്പ് പറഞ്ഞുശീലിച്ച നിയാമകതത്വങ്ങളിൽതന്നെ ജീവിതം മുന്നോട്ടുപോവണമെന്ന് അവർ ശഠിച്ചു. ഈ അവസരത്തിൽ കേരളീയ സമൂഹത്തിന് പ്രത്യേകിച്ചും കേരളീയസ്ത്രീക്ക് സ്വത്വബോധം, ആത്മാഭിമാനം എന്നിവയിലധിഷ്ഠിതമായി ഉണ്ടാവേണ്ട ഉയർച്ചയെക്കുറിച്ച് ചിന്തിച്ച് ആവിഷ്കരിക്കാൻ സരസ്വതിയമ്മക്ക് കഴിഞ്ഞു. സ്ത്രീയുടെ സ്വത്വവിശകലനം കഥകളിലൂടെ നടത്താനാണ് എഴുത്തുകാരി ശ്രമിച്ചത്.

വ്യവസ്ഥാപിത മൂല്യബോധത്തിനനുസരിച്ച് ചിട്ടപ്പെടുത്തിയെടുത്ത സ്ത്രീത്വ സങ്കൽപങ്ങളെ വിമർശിക്കുന്ന കഥയാണ് സ്വതന്ത്രവാദക്കാരി (കനകലത പി.കെ. 100). തനിയെ ബസ് യാത്ര ചെയ്യേണ്ടിവന്ന സ്വതന്ത്രവാദക്കാരിയായ വിലാസിനിക്ക് സഹയാത്രികയായ മറ്റൊരു സ്ത്രീ ശല്യമായിത്തീരുന്നു. സ്ത്രീകൾ പുരുഷ സഹായമില്ലാതെ പുറത്തിറങ്ങി യാത്ര ചെയ്യുന്നത് ശരിയല്ല എന്ന് വിശ്വസിക്കുന്ന ആ സ്ത്രീയെ നയിക്കുന്നത് സാമ്പ്രദായികമൂല്യബോധമാണ്.

വനിതാകോളേജിലെ വാർഷികാഘോഷവേളയിൽ പ്രസംഗമൽസരത്തിന് സ്ത്രീസ്വാതന്ത്ര്യമെന്ന വിഷയത്തിൽ വിലാസിനി ഒന്നാം സമ്മാനം വാങ്ങിയത് വാചാലതകൊണ്ടോ വിജ്ഞാനംകൊണ്ടോ ആയിരുന്നില്ല. പിന്നെയോ, ആളെ ആവേശംകൊള്ളിച്ച ആത്മാർത്ഥതകൊണ്ടാണ്. സാമ്പത്തികസ്വാതന്ത്ര്യം നേടിയാൽ സ്ത്രീയുടെ അടിമത്തം താനേ നീങ്ങിക്കൊള്ളുമെന്ന് അവൾ ഉദ്ബോധിപ്പിച്ചു. സ്ത്രീപുരുഷസമത്വത്തെയാണ് എഴുത്തുകാരി പറഞ്ഞുവെച്ചത്. സ്ത്രീക്ക് തന്റേതായ ഒരിടമുണ്ടെന്നും പറയുന്നു. കർതൃത്വത്തെക്കുറിച്ച് ആവിഷ്കരിക്കുകയാണ് ഇത്തരം സന്ദർഭങ്ങൾ.

പുരുഷനോടൊപ്പം എല്ലാ രംഗങ്ങളിലും സ്ത്രീ കർമനിരതയായി ഇറങ്ങേണ്ടത് സ്ത്രീയുടെ സമുദായത്തിന്റെ മാത്രമല്ല, മനുഷ്യവംശത്തിന്റെതന്നെ ഉൽകർഷത്തിനാവശ്യമാണെന്നവൾ സ്ഥാപിച്ചു. ആ സ്ത്രീ വിലാസിനിയുടെ സഹ യാത്രക്കാരനെ അർത്ഥവത്തായി നോക്കി മന്ദഹസിച്ചു. വിലാസിനിയുടെ ദേഹം തളർന്നുപോയി. ഇങ്ങനെയൊരു തെറ്റിദ്ധാരണ ആർക്കെങ്കിലുമുണ്ടാവുമെന്ന് അവൾ പ്രതീക്ഷിച്ചിരുന്നതല്ല. ബാലഗോപാലന്റെ മുഖത്തിൽ മാറ്റമൊന്നും കാണായ്കയാൽ ആ സ്ത്രീ സൂചിപ്പിച്ചതയാൾ കേട്ടില്ലെന്ന് വിലാസിനിക്ക് തോന്നി. ആ ധാരണകൾ അവളെ ഏറെക്കുറെ ആശ്വസിപ്പിക്കുകയും ചെയ്തു. കഥയുടെ ഇത്തരം സന്ദർഭങ്ങൾ

സമൂഹത്തിന്റെ പൊതുമണ്ഡലത്തിൽ സ്ത്രീയെ നോക്കിക്കാണുന്നതും സ്ത്രീ സ്വയം നിരീക്ഷിക്കുന്നതിനേയും പറ്റിയുള്ള സാമ്പ്രദായിക കാഴ്ചപ്പാടുകളെ വരച്ചിടാൻ കഥാകാരി ശ്രമിക്കുന്നു. "ആ സ്ത്രീയുടെ ഭർത്താവ് ചോദിച്ചു, എവിടേക്കാണ് നിങ്ങളുടെ യാത്ര. ആ നിങ്ങൾ ഏകവചനമോ, പൂജകബഹു വചനമോ..." "ഇപ്പോഴത്തെ ഒരു പരിഷ്കാരം... പത്തും പതിനഞ്ചും പെറാൻ പ്രായമുള്ള പെണ്ണുങ്ങൾ ആന്താനും കൂന്താനുമില്ലാതെ റോഡടിച്ചുകൊണ്ട് നടക്കുന്നതൊരന്തസാണ്, അല്ലേ! അതുങ്ങടെ മൂധേവിയടഞ്ഞ മുഖത്തു നോക്കിയാൽ വെള്ളംകുടി മുട്ടിപ്പോവും. ഇത് കാണാൻതന്നെ എന്തൊരൈശ്വര്യം? എന്തൊരു ചേർച്ച? പെണ്ണായാൽ ഒരുത്തന്റെ ശാസന കേട്ടുവേണം ജീവിക്കാൻ. ആൺതുണയുണ്ടെങ്കിലേ പെണ്ണിനെ ഈശ്വരൻ തുണക്കൂ." സ്ത്രീയുടെ പ്രതിസന്ധി കളും അവളുടെ സ്ഥലങ്ങളും കൂട്ടിവായിച്ചുകൊണ്ട് കഥാകാരിയുടെ കഥാലോകം സഞ്ചരിക്കുന്നത്. കൂടാതെ ആണത്തത്തെ പൊതുമണ്ഡലം പരിപാലിച്ചുപോകുന്ന അനുഭവമണ്ഡലങ്ങളെ ഇവിടെ സംവദിപ്പിക്കുന്നു.

ലിംഗവൽകൃതബന്ധങ്ങൾക്ക് മർദ്ദകസ്വഭാവമുണ്ടെന്നും അവ മൂലം സ്ത്രീകൾക്ക് ജീവിതത്തിന്റെ പൂർണസാധ്യതകൾ സഫലമാക്കാൻ കഴിയുന്നില്ലെ ന്നുമുള്ള തിരിച്ചറിവ് സരസ്വതിയമ്മയുടെ കഥാപാത്രങ്ങൾ പങ്കുവെക്കുന്നു. "വാഹനത്തിന്റെ ഗതിവേഗത്താൽ ബാലഗോപാലന്റെ ശരീരത്തേക്ക് പറന്നുവീണു കൊണ്ടിരുന്ന സാരിത്തുമ്പും തലമുടികളും അവൾ മുമ്പത്തേക്കാൾ നിഷ്കർഷ യോടെ പിടിച്ചൊതുക്കിവെച്ചു... ആ സ്ത്രീ പറഞ്ഞു, ഇതെന്തൊരു പൂരായം? പുതു പ്പെണ്ണെന്നുച്ച് ഇങ്ങനേയും ഒരു നാണമുണ്ടോ? പഠിച്ച പരിഷ്കാരിപ്പെണ്ണുങ്ങളു പോലും ഇങ്ങനെയല്ല." വിലാസിനി വിയർത്ത് തളർന്നു. സമൂഹകാഴ്ചപ്പാടുകൾ വ്യക്തമായി പ്രതിപാദിക്കുന്ന സന്ദർഭങ്ങളാണ് ഇത്. ഗാർഹികവൃത്താന്തങ്ങളും സ്ത്രൈണമൂല്യങ്ങളും ദാർശനികമാനങ്ങളും മുഖ്യധാരാസ്ത്രീസങ്കൽപനത്തെ പരി പോഷിപ്പിക്കുന്ന മൂല്യവ്യവസ്ഥയാണ് ഇത് അടയാളപ്പെടുത്തുന്നത്. മാത്രമല്ല വ്യവ സ്ഥാപിതസ്ത്രൈണമൂല്യങ്ങളെ ആവിഷ്കരിക്കുന്ന ചിട്ടവട്ടങ്ങളെ എഴുത്തുകാരി വെല്ലുവിളിക്കുന്നു.

പെണ്ണായാൽ അന്യരറിയാതെ എല്ലാം സഹിക്കാൻ പഠിക്കണം. കണ്ടോ? ഇതിനാണൊരുത്തൻ വേണമെന്ന് പറയുന്നത്. പെൺബുദ്ധി, പിൻബുദ്ധി അറിഞ്ഞു

കരുതാൻ ആണിനേ അറിയാവൂ തുടങ്ങി നിലവിലുള്ള സാമ്പ്രദായികപാരമ്പര്യ മൂല്യങ്ങളെ അനുസരിച്ച് ഒത്തുപോകുന്ന ഒരു കഥാപാത്രവും എന്നാൽ അതേ സമയം അവയോട് കലഹിക്കുന്ന മറ്റൊരു സ്ത്രീകഥാപാത്രവും കഥാകാരി നിർമിച്ചിരിക്കുന്നു.

വിലാസിനി ആലോചിക്കുന്ന സന്ദർഭം ശ്രദ്ധേയമാണ്. "എന്തുകൊണ്ട് സഹ യാത്രക്കാരുടെ സൗമനസ്യത്തെ മറ്റൊരു ബന്ധമെന്ന് അവർ പൂർണമായും വിശ്വസിക്കുന്നു. വല്ലപ്പോഴും പുറത്തിറങ്ങുന്ന സ്ത്രീക്ക് തനിയേ യാത്ര ചെയ്യേണ്ട ആവശ്യമില്ലാത്തതുകൊണ്ട് -അസ്വാതന്ത്ര്യം കുലീനതയും അന്തസുമായി കരുതപ്പെടുന്നതുകൊണ്ട്- മാനവസമുദായത്തിൽ പകുതിയിലധികം ജീവികളെ പല വിധത്തിൽ ദുരിതമനുഭവിപ്പിക്കുന്ന മനോഭാവങ്ങൾ മാറ്റിക്കളയേണ്ടതല്ലേ.'' കഥയിലുടനീളം സമൂഹം നിലനിർത്തിപ്പോരുന്ന വ്യവസ്ഥിതികളേയും കാഴ്ചപ്പാടുകളേയും പറ്റി വ്യാഖ്യാനിക്കുകയാണ്.

''സ്ത്രീയുടെ അടിമത്തം ആദ്യം ഒരാവശ്യവും പിന്നീട് സമുദായം നിർബന്ധിക്കുന്ന ഒരാചാരാവും, അവിടവും കടന്ന് ഒടുവിൽ പാരമ്പര്യം പുലർത്തി പ്പോരുന്നതുമാകുന്നു." ഇത്തരം ഓരോ കഥാസന്ദർഭത്തിലൂടെ സമൂഹത്തിലെ മനോ ഭാവങ്ങൾ മാറേണ്ടതാണെന്ന് ആഹ്വാനം ചെയ്യുന്നു.

സ്ത്രീസ്വത്വത്തെ സംബന്ധിച്ച് സരസ്വതിയമ്മയ്ക്ക് ഉണ്ടായിരുന്ന സങ്കല്പങ്ങൾ അവരുടെ രചനകളിൽ കാണാൻ കഴിയും. ഡബിൾ ആക്ട് എന്ന കഥയിൽ സുഹൃത്തുക്കളായ സൗദാമിനിയും സീതയും തമ്മിലുള്ള സംഭാഷണത്തിനിടയ്ക്ക് 'സീത' എന്ന കഥാപാത്രം പറയുന്നുണ്ട്. "പരസ്പരം മതിപ്പുള്ളവർ തമ്മിൽ വിവാഹം പാടില്ലെന്ന അഭിപ്രായക്കാരിയാണ് ഞാൻ".

"എന്തുകൊണ്ട്?"

"അടുത്ത പരിചയം മതിപ്പിനെ മാറ്റിക്കളയാം"

"പണ്ട്, സഹോദരസ്നേഹമാണ് സീതയോടുള്ളതെന്നല്ലേ എന്നോടു പറഞ്ഞത്"

"അതൊക്കെ എന്തു സൂത്രമാണെന്ന് എനിക്കറിഞ്ഞുകൂടാ. ആളുകളുടെ മുമ്പിൽ അവരുടെ ബോധ്യത്തിനൊരുവേഷം, സ്വന്തം അഭിമതമനുസരിച്ച് സ്വകാര്യമായി മറ്റൊരു വേഷം, പണ്ടേ തുടങ്ങിയതാണ് ഈ ഡബിൾ ആക്ട്" (ഡബിൾ ആക്ട്, 344). ഇവിടെ വളരെ കൃത്യമായ കാഴ്ചപ്പാടാണ് മുന്നോട്ട് വയ്ക്കുന്നത്.

പുരുഷവിദ്വേഷത്തിൽ തെറ്റിദ്ധരിച്ച് വായിക്കപ്പെട്ട സരസ്വതിയമ്മയെപ്പോലെ മാധവിക്കുട്ടിയേയും മലയാളസാഹിത്യപൊതുമണ്ഡലം പുരുഷകേന്ദ്രിതങ്ങളായ ലൈംഗികതയുമായി ബന്ധപ്പെട്ട വ്യാഖ്യാനത്തിനും വിമർശനത്തിനുമാണ് കൂടുതൽ പ്രാധാന്യം നൽകിയത്. ഇതിന്റെ ഭാഗമായാണ് മലയാളസാഹിത്യവ്യവഹാരത്തിൽ 'എന്റെ കഥ' കൂട്ടിച്ചേർക്കപ്പെട്ടത്. ഇരുപതാം നൂറ്റാണ്ടിലെ സാമുദായികസാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന ഗാർഹിക സ്ത്രീത്വാദർശത്തെ ശക്തമായി വിമർശിക്കുകയും വെല്ലുവിളിക്കുകയും മാധവിക്കുട്ടി ചെയ്തു. സൗന്ദര്യാത്മസ്ത്രീത്വമാണ് സമൂഹം പ്രാധാന്യം നൽകിയതെന്നവർ വാദിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നവവരേണ്യപരിഷ്കരണവ്യവഹാരങ്ങൾ നിർമിക്കുകയും പ്രചരിപ്പിക്കയും ചെയ്ത ഉത്തമസ്ത്രീത്വാദർശം സ്ത്രീയെ വീടിന്റേയും കുടുംബത്തിന്റേയും ഉൾഭാഗത്താണ് പ്രതിഷ്ഠിച്ചതെന്ന് ദേവിക.ജെ (25) തന്റെ പഠനങ്ങളിൽ വിലയിരുത്തുന്നുണ്ട്. സ്ത്രീക്ക് അവളുടെ അന്തർലോകവുമായിട്ടുള്ള ബന്ധത്തെ രൂപപ്പെടുത്തുന്നത് സമൂഹം അവളെ വിലയിരുത്താനാഗ്രഹിക്കുന്ന മൂല്യസംഹിതകളിലൂടെയാണ്.

സ്വന്തം വ്യക്തിത്വത്തെ നിലനിർത്തി സമൂഹവും നിയമവും നൽകുന്ന രൂപങ്ങൾ തനിക്ക് വേണ്ടെന്ന് പറയുന്ന നായികയുടെ കഥയാണ് കല്യാണി. സ്ത്രീകളുടെ ജീവിക്കാൻ കഴിയാത്ത അവസ്ഥകളുടെ ചിത്രം മാധവിക്കുട്ടി വരച്ചിടുന്നതിന് ഒരു ഉദാഹരണമാണ് ഇത്. ആൺവ്യവസ്ഥിതിയുടെ ജനാധിപത്യം സ്ത്രീയുടെ ഇച്ഛക്കെതിരെ പ്രവർത്തിക്കുന്നത് ഇവിടെ കാണാം. നഗരജീവിതത്തിലെ പെണ്ണ് സ്ത്രീയുടെ പുതിയ വ്യക്തിത്വത്തിന്റെ രൂപമാണ്. "ഭർത്താവ് നിനക്കുമുണ്ടോ കല്യാണി? അയാൾ ചോദിച്ചു. ഞാൻ കല്യാണിയല്ല. അവൾ പറഞ്ഞു. എനിക്ക് നിന്നെ മനസിലാവില്ല എന്ന് നിശ്ചയിച്ചുവോ? അയാൾ ചോദിച്ചു. നിങ്ങൾക്കെന്തോ തെറ്റ് പറ്റിയിരിക്കുന്നു, അവൾ പറഞ്ഞു. എന്നെ വിട്ടയക്കുകയാണ് നല്ലത്." ഭർത്താവിനെ ഓഫീസിലാക്കി വീട്ടിലേക്ക് കാറോടിച്ചുവരുന്ന അമ്മിണിയെ കുറച്ചുപേർ ചേർന്ന് പിടിച്ചുകൊണ്ടുപോവുകയും അതുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് കഥയിൽ അരങ്ങേറുന്നത്.

"അമ്മിണി, നീ ഇത് ചെയ്യുമെന്ന് ഞാൻ വിചാരിച്ചില്ല. എനിക്ക് കത്തുകൾ കിട്ടിയപ്പോഴും ഞാൻ വിശ്വസിച്ചില്ല. അവളുടെ ഭർത്താവ് പറഞ്ഞു. ഫോണിൽ

ഇപ്പോൾ ഒരുസന്ദേശം കിട്ടിയപ്പോഴും ഞാൻ വിചാരിച്ചു വല്ലവരും കളിപ്പിക്കുകയാണെന്ന്. നീയൊരു വേശ്യയാണെന്ന് ഞാനൊരിക്കലും വിശ്വസിച്ചിരുന്നില്ല." സമൂഹം നൽകുന്ന പദവികളെ മറികടന്ന് തന്റേതായ വ്യക്തിത്വത്തെ ഉയർത്തിപ്പിടിക്കാനാണ് അമ്മിണി ശ്രമിച്ചത്. മാധവിക്കുട്ടിയുടെ സ്ത്രീകഥാപാത്രങ്ങളിൽ സ്വത്വസംഘർഷം കൂടുതലനുഭവിക്കുന്നത് നഗരപശ്ചാത്തലത്തിലാണ്. ഇത് കല്യാണിയിലും കാണാം. സ്ത്രീത്വത്തിന്റെ സഞ്ചാരസ്വാതന്ത്ര്യത്തേയും വ്യക്തിത്വത്തേയും ഒക്കെ തനിമയോടെ അവതരിപ്പിക്കുന്നു.

1960ൽ എഴുതപ്പെട്ട ഈ കഥയിൽ നായിക ഭർത്താവിനെ ഓഫീസിൽ കൊണ്ടുവിട്ട് കാറോടിച്ച് നഗരത്തിലൂടെ സഞ്ചരിക്കുന്നു. അപ്പോഴാണ് പോലീസുകാരെന്ന് ഒറ്റനോട്ടത്തിൽ നോക്കിയവർ നിയമലംഘനത്തിന് അവളെ കസ്റ്റഡിയിലെടുക്കുന്നത്. അവളാകട്ടെ ഒരു നിയമലംഘനവും നടത്തിയിട്ടുമില്ല. തനിക്ക് എന്തുമാകാമെന്നും ഒരു സ്ത്രീക്ക് ഇത്രയൊക്കെയേ പാടുള്ളൂ എന്നുമുള്ള അലിഖിതവും ധിക്കാരവുമായ നിയമങ്ങൾ പുരുഷമേൽകോയ്മയുള്ള സമൂഹത്തിൽ നിലനിൽക്കുന്നിടത്തോളം കാലം അമ്മിണിയേപ്പോലുള്ളവർ കല്യാണിമാരായിക്കൊണ്ടിരിക്കും. അടുക്കളയിൽനിന്ന് അരങ്ങത്തേക്കെത്തുമ്പോഴും പുരുഷാധിപത്യം നിശ്ചയിച്ച് പരിധിക്കുള്ളിൽ നിൽക്കാത്ത നിയമലംഘനം നടത്തുന്ന, സ്വാതന്ത്ര്യേച്ഛുവായ സ്ത്രീകൾക്ക് അപരകളായി മാറേണ്ടിവരും. അവൾ അഭിസാരിണിയെന്ന് മുദ്ര കുത്തപ്പെടും (റീജാ രവീന്ദ്രൻ 2048). സ്ത്രീപക്ഷരാഷ്ട്രീയനിലപാടും പ്രതിബദ്ധതയും ഉണ്ടാക്കുന്ന ആശയം കഥയിൽ നിറഞ്ഞുനിൽക്കുന്നു.

സാറാജോസഫിന്റെ സ്ത്രീപക്ഷത കൂടുതൽ ക്ഷോഭകരവും ആഴമുഴള്ളതുമായ നിലപാടുകളിലേക്ക് വികസിക്കുന്നത് രചനകളിൽ കാണാം. അധീശ വ്യവസ്ഥിതിയോടുള്ള സമരപ്രഖ്യാപനങ്ങൾ എന്ന നിലയിൽ സ്ത്രീ, കീഴാളവാദങ്ങൾ കൈകോർക്കുന്ന കഥയാണ് തായ്കുലം എന്ന് ശാരദക്കുട്ടി വിലയിരുത്തുന്നുണ്ട്. അശോക എന്ന കഥയിൽ സീതയുടെ അഗ്നിപരീക്ഷ അവതരിപ്പിച്ചുകൊണ്ട് സാറാ ജോസഫ് എഴുതുന്ന ഒരു വാക്യമുണ്ട്. "പിന്നെ അടിവയറ്റിൽ നിന്ന് ആളിയുയരുന്ന തേങ്ങലോടെ അവരുടെ ബലിഷ്ഠമായ തോളുകളിലേക്ക് ചാഞ്ഞു. യാഗവേദിയിലേക്ക് കാരുണ്യത്തോടെ ബലിമൃഗത്തെയെന്നോണം അവരവളെ കൂട്ടിക്കൊണ്ടുപോയി." സാറാ ജോസഫിന്റെ കഥകളിൽ ആവർത്തിച്ചു

കാണാവുന്ന ദൃശ്യങ്ങളിലൊന്നാണ് വ്യവസ്ഥാപിതനീതിയുടെ ബലിത്തറയിലേക്ക് നയിക്കപ്പെടുന്ന സ്ത്രീ. മേൽകോയ്മാപരമായ നീതിവ്യവസ്ഥയിൽ സ്ത്രീ നേരിടുന്ന ബലിമൃഗാവസ്ഥയെക്കുറിച്ചുള്ള ബോധവും അതിനെതിരെ സ്ത്രീപക്ഷത്തുനിന്നു കൊണ്ട് ഭാഷയിലൂടെ നടത്തുന്ന പ്രതിരോധവുമാണ് സാറാജോസഫിന്റെ കഥകൾ (രാജശേഖരൻ പി.കെ., 2000; 79). സാമൂഹികവും മാനസികവുമായ ലോകത്തെ സൂക്ഷമതലത്തിൽ വിശകലനം ചെയ്തിരിക്കുന്നു.

സമൂഹത്തിൽ നിലനിൽക്കുന്ന ആൺകോയ്മയാണ് യഥാർത്ഥത്തിൽ ലിംഗ പദവിയുമായി ബന്ധപ്പെട്ട ധാരണകൾക്കനുസൃതമായി ആണിനേയും പെണ്ണിനേയും ആണായും പെണ്ണായും രൂപാന്തരപ്പെടുത്തിയെടുക്കുന്നത്. ഇതൊരുതരം സാമൂഹ്യ വൽകരണപ്രക്രിയയാണ്. സ്വന്തം ആധിപത്യം ഉറപ്പിക്കുന്നതിനും പെൺ സമൂഹത്തിന്റെ പാർശ്വവൽകരണത്തിനുമായി ആൺകോയ്മ സ്വീകരിക്കുന്ന തന്ത്ര ങ്ങളിൽ പ്രധാനം. അതിന്റെ സവിശേഷമായ പ്രതിനിധാനരീതിയാണ്, സ്ത്രീത്വത്തെ ക്കുറിച്ച് സമൂഹം സൃഷ്ടിക്കുന്ന ആദർശബിംബത്തിന്റെ മാതൃകയിൽ പെണ്ണിനെ വാർത്തെടുക്കുന്നത്. ഇത്തരത്തിലുള്ള മാതൃകകൾ സാഹിത്യത്തിലും പൊതുമണ്ഡ ലത്തിലും കാണാനാവും. ഇതിനെതിരെയുള്ള ശബ്ദമാണ് കഥാകാരികൾ രചനകളിലൂടെ നടത്തുന്നത്.

കുടുംബം, വിവാഹം, മാതൃത്വം തുടങ്ങിയ വ്യവസ്ഥാപിത സ്ഥാപനങ്ങൾ സ്ത്രീയുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അമ്മ, കുടിശികയും കൂട്ടി, കീഴ്ജീവനക്കാരി, ചില ചിത്രങ്ങൾ, വാൽസല്യത്തിന്റെ ഉറവ്, പൂജാവിഗ്രഹം, കുലമഹിമ, വൈസ്രോയീസന്ദർശനം, സ്ത്രീജന്മം തുടങ്ങിയ കഥകൾ വെളിപ്പെടുത്തുന്നത്.

വിവാഹജീവിതത്തിൽ സുഭദ്ര എന്ന കഥാപാത്രം നേടിയെടുത്ത ബിഎ ബിരുദം പ്രായോഗികതലത്തിൽ ബഹുമാനപ്പെട്ട അമ്മയായി പരിവർത്തനം ചെയ്യേണ്ടിവന്ന അവസ്ഥയാണ് നേരിടേണ്ടിവന്നത്. കുടിശികയും കൂടി എന്ന കഥയിൽ ഉദ്യോഗവും ഗൃഹഭരണവും കുട്ടികളുടെ പരിചരണവുമായി പ്രാരാബ്ധ മനുഭവിക്കുന്ന കഥാനായിക വാസന്തിക്ക് ആശ്വാസമേകുന്ന കൂട്ടുകാരിയാണ് ശാന്തി. അവിവാഹിതയായതുകൊണ്ട് പ്രാരാബ്ധമൊന്നുമറിയാതെ സ്വതന്ത്രയായി ജീവിക്കുകയാണ് ശാന്തി. അതിന് വാസന്തി പറയുന്നത് അതൊരു സുഖമല്ലെന്നും

ചെറുപ്പവും ആരോഗ്യവും നശിച്ച് വയസാവുമ്പോൾ നോക്കാനാരുമുണ്ടാവില്ല എന്ന മറുപടിയാണ്. 'വിശ്രമമുറി'യിൽ എന്ന കഥയിൽ പ്രേമവഞ്ചിതയായ കൂട്ടുകാരിയെ പ്രേമത്തിന്റെ വൈകാരികതയിൽ സ്വത്വാവബോധം നഷ്ടപ്പെടുത്താതെ യാഥാർത്ഥ്യ ബോധമുൾകൊണ്ട് വ്യക്തിത്വമാർജിക്കാൻ ശാന്തി ഉപദേശിക്കുന്നു.

സ്ത്രീകൾക്ക് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെ പരസ്പരം പങ്കുവെച്ചുകൊണ്ടുള്ള ഇത്തരം സൗഹൃദങ്ങൾക്ക് ഇടം കണ്ടെത്തുന്ന എത്രയോ അനുഭവതലങ്ങൾ സരസ്വതിയമ്മയുടെ ഒരുക്കത്തിന്റെ ഒടുവിൽ, പ്രേമത്തിന്റെ പ്രവൃത്തിമണ്ഡലം, പെൺബുദ്ധി, ബഹുമാനപ്പെട്ട അമ്മ, പകലും രാവും, പനിനീർപൂവ് എന്നീ കഥകളിലെ പെൺകൂട്ടായ്മയിൽ സുഹൃത്തുക്കളുടെ സാന്നിധ്യം കാണാനാവും (കനകലത പി.കെ. 194).

മാധവിക്കുട്ടിയുടെ കഥാലോകത്തിൽ വളരെ പ്രത്യക്ഷത്തിലുള്ള വൈവിധ്യങ്ങളും പുതുമകളും ആഖ്യാനഭേദങ്ങളും കാണാം. സ്ത്രീപക്ഷമെന്ന നിലപാടിന്റെ ചുരുക്കെഴുത്തുകളായല്ല മറിച്ച് അവയുടെ വിപുലീകരിക്കപ്പെട്ട സാധ്യതകളായി വേണം കരുതാൻ. ആൺ/പെൺ വൈകാരികപ്രപഞ്ചത്തേയും കടന്ന് ലിംഗഘടനയെത്തന്നെ പുതുക്കിയെഴുതാൻ കഥാകാരി ശ്രമിക്കുന്നുണ്ട്. ഇവർ നിലനിർത്തിയ ഭിന്നവർഗദ്വന്ദ്വാത്മകലൈംഗികഘടനയും പ്രണയം, കുടുംബം, ദാമ്പത്യസങ്കൽപങ്ങൾ വിഭാവനം ചെയ്തെടുത്ത സ്ത്രൈണരൂപങ്ങളും വ്യവസ്ഥകളും മാറ്റിമറിക്കാൻ ശ്രമിക്കുന്നു.

വളരെ ചെറുപ്പത്തിൽതന്നെ അമ്മ മരിച്ചുപോയ വേലക്കാരിപ്പെൺകുട്ടിയുടെ സ്വപ്നങ്ങളുടേയും ജീവിതയാഥാർത്ഥ്യങ്ങളുടേയും കഥയാണ് ചുവന്ന പാവാട. യജമാനത്തിയും അവരുടെ ഭർത്താവുമടങ്ങുന്ന കുടുംബത്തിലെ വാല്യക്കാരി യാണവർ. രാത്രിയിലവളെ ഭയപ്പെടുത്തുന്ന അമ്മയുടെ ഭൂതം, പകലൊക്കെ അവൾക്കജ്ഞാതമായ കാരണങ്ങളാൽ അവളെ പീഡിപ്പിക്കുകയും ഭർത്താവിനെ ക്കൊണ്ട് ശിക്ഷിപ്പിക്കുകയും ചെയ്യുന്ന യജമാനത്തി. ചുവന്ന പാവാടയെപ്പറ്റിയുള്ള അവളുടെ സ്വപ്നം ഒരേസമയം യാഥാർത്ഥ്യങ്ങളിൽനിന്ന് മോചനമാവുന്നു.

പുരുഷകേന്ദ്രിതമായ സമൂഹത്തിലെ പങ്കാളികളായ സ്ത്രീകൾ കടന്നു പോവുന്ന വിഭിന്നങ്ങളായ ദുരന്തസ്ഥലികളെ മാധവിക്കുട്ടി വ്യക്തമാക്കുന്നു. സഭാര്യനായ അരുണാചലത്തെ ഏകപക്ഷീയമായി പ്രേമിക്കുകയും ബലമായി

ആശ്ലേഷിക്കുകയും ചെയ്ത അരുണാചലത്തിന്റെ കഥയിലെ അപർണ, ഇടനാഴിയിലെ കണ്ണാടികളിലെ സൗമ്യമൂർത്തിയുടെ വാർധക്യസ്നേഹത്തിനിരയായ മാധവിയെന്ന സ്വപ്നജീവി ഭർത്താവാൽ ചതിക്കപ്പെട്ട് കഴുത്തിലെ കല്യാണത്താലി തടവി, എന്റെ പാവം താലിയെന്ന് വിങ്ങുന്ന ചതിയിലെ ലേഡീ ഡോക്ടർ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരികചരിത്രത്തിന്റെ പശ്ചാത്തലത്തിൽ നിന്നുനോക്കുമ്പോൾ ഈ അപ്രധാന്യം വിധ്വംസകം തന്നെയാണ്. കാരണം ചരിത്രത്തിന്റെ നിർമാതാക്കളും ഗുണഭോക്താക്കളും വ്യാഖ്യാതാക്കളുമായ പുരുഷലോകത്തിന്റെ അധികാരത്തെയാണത് തമസ്കരിക്കുന്നത്. നേതാക്കളും രക്ഷിതാക്കളും നായകന്മാരുമായ അവർ വരച്ചുവെച്ച സ്ത്രീരൂപത്തിന് വെളിയിലാണ് മാധവിക്കുട്ടിയുടെ സ്ത്രീകൾ. (ഉഷാകുമാരി.ജി., 2017; 36). സ്ത്രീപുരുഷബന്ധങ്ങളെ ചൂഴ്ന്നുനിൽക്കുന്ന സദാചാരം, കാപട്യം, സ്വാർത്ഥത ഇവയൊക്കെ മറനീക്കിക്കാണിക്കാൻ വ്യത്യസ്തമായ സ്ത്രീ കഥാപാത്രങ്ങൾ മാധവിക്കുട്ടി ഉപയോഗിക്കുന്നു.

സാറാജോസഫ് സ്ത്രീകേന്ദ്രീകൃതരാഷ്ട്രീയം നിർമിച്ചെടുക്കുവാനും പുരുഷകേന്ദ്രീകൃതസമൂഹത്തിൽ ഒരു സാംസ്കാരികപ്രശ്നമായി രാഷ്ട്രീയത്തെ അവതരിപ്പിക്കുവാനുമാണ് ശ്രമിച്ചത്. മുടിത്തെയ്യമുറയുന്നു, പാപത്തറ, സ്കൂട്ടർ, പ്രകാശിനിയുടെ മക്കൾ തുടങ്ങിയ കഥകളിലൂടെ സ്ത്രീപുരുഷബന്ധത്തേയും ദാമ്പത്യത്തേയും കുടുംബസങ്കൽപത്തേയും സംബന്ധിച്ച വ്യത്യസ്തമാനങ്ങൾ എഴുത്തുകാരി അവതരിപ്പിക്കുന്നു.

കന്യകയുടെ പുല്ലിംഗം എന്തെന്ന് ചോദിച്ച മകന് മറുപടി കൊടുക്കാനാവാതെ കോട്ടുവായിടുന്ന പിതാവ്, മകളുടെ വിളർച്ചയുടെ കാരണമാരായുന്ന ഭർത്താവിനോട് ഒന്നും പറയാനാവാതെ ക്ലേശിക്കുന്ന അമ്മ, ഹൃദയത്തിൽ രഹസ്യങ്ങൾ കുഴിച്ചിട്ടിരിക്കുന്ന മകൾ, വീട്ടിൽ പരിശുദ്ധാരൂപിയോടുള്ള പ്രാർത്ഥനയുടെ കുറവുണ്ടെന്ന് പറയുന്ന വല്യമ്മ, ഒടുവിൽ മുറിയിൽ ഉത്തരത്തിൽ നിന്ന് തൂങ്ങിനിൽക്കുന്ന മകളുടെ ജഡം, തകർന്ന് മുഖം കുത്തി വീണ കുടുംബാംഗങ്ങൾ, പതിനഞ്ച് വയസായ മകൾ ഒരു പുത്രനെ ഗർഭത്തിൽ വഹിച്ചതായുള്ള പോസ്റ്റ് മോർട്ടം റിപ്പോർട്ട്. (സുധീർ കിടങ്ങൂർ 168)

വർത്തമാനലിംഗരാഷ്ട്രീയത്തിന്റെ പ്രശ്നപരിസരം തിരിച്ചറിയുകയാണ് കെ. ആർ.മീര രചനകളിൽ. "വഞ്ചിക്കുന്ന ഭർത്താവിനോട് അതേ നാണയത്തിൽ പകരം

ചോദിക്കാൻ വ്യഭിചരിക്കാൻ ശ്രമിക്കുന്ന സുകന്യക്ക് അതത്ര എളുപ്പമല്ലെന്ന് മനസിലാവുന്നു. എന്തൊരു ലോകമാണിത്. വെറുതേ നിൽക്കുന്നവരെ തട്ടിക്കൊണ്ടു പോവും, വാണിഭം ചെയ്യും, ആവശ്യക്കാരെ അവഗണിക്കും.'' കുടുംബിനി–വ്യഭിചാരിണി എന്ന ദ്വന്ദ്വത്തിന്റെ തലമാണ് മുന്നോട്ടുവെക്കുന്നത്.

'സ്വവർഗസങ്കടങ്ങൾ' എന്ന കഥ ഫെമിനിസ്റ്റ് സംവാദത്തിൽ മൈക്ക് ഓപറേറ്റ് ചെയ്യാനെത്തി ധർമസങ്കടത്തിലാവുന്ന ഗോപാലകൃഷ്ണപിള്ളയെ ആഖ്യാനം ചെയ്യുന്നു. "മൈക്ക് താഴ്ത്താൻ ഗോപാലകൃഷ്ണപിള്ള എഴുന്നേറ്റു. അയാളെ വകവെക്കാതെ അവൾ പ്രസംഗം തുടങ്ങി. തുടക്കമൊന്നും ശ്രദ്ധിച്ചില്ല. പിന്നെ ലിംഗം എന്ന് കാതിൽ വീണു, അപ്പോൾ ഗോപാലകൃഷ്ണപിള്ള ഞെട്ടി. ശിവനേ, ലിംഗമോ? വിശ്വാസം വരാതെ ശ്രദ്ധിച്ചു. അതെ, ലിംഗം. അപ്പ്! അയാൾ ചുളുങ്ങി. പെണ്ണ് ഘോരഘോരം പ്രസംഗിച്ചു... ഈ ലിംഗമാണ് ഇന്ന് നാട് ഭരിക്കുന്നത്. സ്ത്രീയെ കീഴ്പെടുത്തി അവളുടെമേൽ ലൈംഗികമായ അധികാരം സ്ഥാപിക്കുകയാണ് പുരുഷൻ. ലിംഗം ഒരു പ്രതീകമാണ്. അതാണ് ഇന്നത്തെ ദുഷിച്ച അധികാരവ്യവസ്ഥയുടെ ആണിക്കല്ല്. അച്ചുതണ്ട്, സ്ത്രീയുടെ സ്വത്വത്തിനുമേൽ ലൈംഗികമായ അധീശത്വം സ്ഥാപിക്കുകയാണ് പുരുഷൻ. ഓരോ പുരുഷനും റേപ്പിസ്റ്റാണ്, ആക്രമിച്ച് കീഴടക്കാനാണ് അവന് വാസന..." വളരെയധികം പ്രസംഗിച്ചുകൊണ്ട് പുരുഷാധിപത്യകാഴ്ചപ്പാടുകളെ അവതരിപ്പിക്കുന്ന സന്ദർഭത്തിനകത്ത്പ്പെടുന്ന ഗോപാലകൃഷ്ണപിള്ള എന്ന മനുഷ്യന് ഉണ്ടാവുന്ന പ്രശ്നപരിസരങ്ങളാണ് കഥക്കാധാരം. "ബെസ്സിലിരിക്കുമ്പോൾ ഗോപാലകൃഷ്ണപിള്ള ചിന്തിച്ചു. വാസ്തവമായും എവളുമാർ അടിച്ചോടിക്കുമോ? അപ്പോൾ കൈയും കെട്ടി നോക്കി നിൽക്കുമോ? ഗോപാലകൃഷ്ണപിള്ള പെണ്ണുങ്ങളെ പഠിപ്പിക്കരുത്. പഠിപ്പ് കൂടുന്നതാണ് പ്രശ്നം. എവളെയൊക്കെ വീടിനകത്ത് ചങ്ങലക്കിടണം. അഴിച്ചുവിടരുത്. വിട്ടാൽ ഇതാണ് ഗതി." ഗോപാലകൃഷ്ണപിള്ള എന്ന കഥാപാത്രത്തിലൂടെ സാമൂഹ്യ കാഴ്ചപ്പാട് പറഞ്ഞുവെക്കുകയാണ് കെ.ആർ.മീര.

അയാൾ കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. ഫെമിനിസ്റ്റ് പ്രസംഗം കാതിൽ മുഴച്ചുകൊണ്ടേയിരുന്നു. ശിവനേ, കാലം പോയ പോക്ക്. പണ്ടൊക്കെ പെണ്ണുങ്ങൾ ഇമ്മാതിരി പെരുമാറുമോ? ലിംഗമെന്ന് പരസ്യമായി പറയുമോ? ആണുങ്ങളെ ആക്ഷേപിക്കുമോ? തുടങ്ങി ഒട്ടേറെ സംഘർഷഭരിതമായ

ചോദ്യങ്ങളുമായാണ് ഗോപാലകൃഷ്ണപിള്ള എന്ന കഥാപാത്രം സമൂഹത്തിൽ സംവദിക്കുന്നത്. ഗോപാലകൃഷ്ണപിള്ള രാവിലത്തെ പ്രസംഗം ലക്ഷ്മിക്കുട്ടിയെ പറഞ്ഞുകേൾപിച്ചു. ഇനി പറ, നിനക്കെന്റൂടി അങ്ങനെയൊക്കെ ദേഷ്യം തോന്നി യിട്ടുണ്ടോ? ലക്ഷ്മിക്കുട്ടി കിണുങ്ങിച്ചിരിച്ചു. അപ്പേ, ഈ പെണ്ണുങ്ങള് അങ്ങനെ യൊക്കെ പറഞ്ഞോ, അണ്ണാ? ഒരു കാര്യം ഞാൻ അണ്ണന്റൂടി പറയാം. ആണുങ്ങള് പൊതുവേ മോശം, കേട്ടാ എല്ലാരും അണ്ണന്റെ കൂട്ടല്ലല്ല്. ചെലര്ടെയൊക്കെ, അടി ച്ചൊടിക്കണമെന്ന് തോന്നും, അപ്പം നിനക്ക് ഇത്രേം ആണുങ്ങടടുത്തൂന്ന് ഒരു സന്തോഷം തോന്നിയിട്ടില്ലേ, ലക്ഷ്മിക്കുട്ടീ? പോ, എന്ത് സന്തോഷം അണ്ണാ, കാശ് കിട്ടണതന്നെ സന്തോഷം എന്ന നിലപാടാണ് ലക്ഷ്മിക്കുട്ടി എടുക്കുന്നത്.

പയ്യൻ അണ്ണൻ എന്തിന് കരയണ് എന്ന് അന്വേഷിച്ചു. ഗോപാലകൃഷ്ണപിള്ള വിങ്ങിവിങ്ങിക്കരഞ്ഞു. കരച്ചിലിനിടയിൽ ആ കഥ പറഞ്ഞു. അച്ചുതണ്ടിന്റെ കഥ, പാവാടക്കാരിയുടെ പ്രസംഗം, നീ പറയെടാ ലവളുമാര് പറഞ്ഞത് ശുത്തപോക്രിത്ത രമല്ലിയോ? പയ്യൻ ചിന്താധീനനായി, പെൺപിള്ളേർ വള പിടിച്ചിടുന്നതുപോലെ ബ്രേസ്ലെറ്റ് കൈയിൽ പിടിച്ച് അവൻ പറഞ്ഞു. അണ്ണൻ പറയണ പോലയല്ലണ്ണോ. എനിക്കൊരു പെണ്ണായാൽ മതി. കുറേ കാശുണ്ടാക്കി ഓപ്പറേഷൻ നടത്തി പെണ്ണാ വാൻ പോവ്വാണ് ഞാൻ. അന്നേരം അണ്ണനെന്നെ കല്യാണം കഴിക്കാവോ? കഥയിലെ ഇത്തരം സന്ദർഭങ്ങൾ നിയതയാഥാർത്ഥ്യങ്ങളെന്ന് നാം ഉറച്ചുവിശ്വസിച്ച ചിലത് ഉന്മത്തവിപരീതങ്ങളായി അർത്ഥം തേടുന്ന കാഴ്ചയാണ് സ്വവർഗസങ്കടങ്ങൾ. അച്ചടക്കം ലംഘിക്കുന്ന തീരുമാനങ്ങളിൽ വെല്ലുവിളിക്കുന്ന കെണികളേയും കുരുക്കുകളേയും സ്വാതന്ത്ര്യത്തിന്റെ വാതിലുകളാക്കുന്ന ഒറ്റശരിയുടെ സാന്നിധ്യം ഇവിടെയുണ്ട്. മാത്രമല്ല, തലമുറകളിലൂടെ കടന്നുവരുമ്പോഴുള്ള സാംസ്കാരിക വ്യതിയാനത്തെ അടയാളപ്പെടുത്താനാണ് രചനാകാരി ഇവിടെ സംവദിക്കുന്നത്.

### 4.1.3 കുടുംബത്തിലെ പെൺനിർമ്മിതി

സ്ത്രീപുരുഷബന്ധങ്ങളുടെ നവീകരണത്തെപ്പറ്റിയുള്ള ചിന്തകൾ കൂടുതലായി ഉയർത്തുന്നത് എക്കാലത്തും സ്ത്രീരചനകളാണെന്ന് ഗീത (603) വ്യക്തമാക്കുന്നു. "ഒരു തടവുപുള്ളിക്ക് കിട്ടുന്ന കഠിനതടവ് പോലെയാണ് മനുഷ്യ ജീവിക്ക് കിട്ടുന്ന സ്ത്രീജന്മം എന്നായിരുന്നു" കെ.സരസ്വതിയമ്മയുടെ അഭിപ്രായം. പെണ്ണ് വസ്തുക്കളേയും വളർത്തുമൃഗങ്ങളേയും പോലെയാണ്. ദാമ്പത്യ

ജീവിതത്തിൽ സ്ത്രീ എങ്ങനെയാവണമെന്ന സമൂഹത്തിന്റെ കാഴ്ചപ്പാടിനെ സരസ്വതിയമ്മയുടെ കഥകൾ തിരിച്ചറിയുന്നു. ഭാര്യക്ക് അവകാശവാദങ്ങളേയില്ല, അവളൊരു വ്യക്തിയായി പരിഗണിക്കപ്പെടുന്നത് തന്നെയില്ല. മധുരപലഹാരം എന്ന കഥയിലെ പ്രേമവിവാഹിതരായ സുരേന്ദ്രന്റേയും കാന്തിമതിയുടേയും ദാമ്പത്യ ജീവിതം വ്യക്തമാക്കുന്നത് ഇത് തന്നെയാണ്. ബഹുമാനപ്പെട്ട അമ്മയിലെ സുഭദ്ര വിവാഹജീവിതം ആരംഭിക്കുന്നതോടെ അവളുടെ ഉദ്യോഗജീവിതത്തിന് കോട്ടം തട്ടുന്നു. കുടുംബം അവളെ പ്രാരാബ്ധങ്ങളിലേക്ക് തള്ളിവിടുന്നു.

“സ്ത്രീയുടെ അറിവും കർമശേഷിയും വിവാഹാനന്തരം കുടുംബ ജീവിതത്തിൽ ഒതുങ്ങിപ്പോവുന്നതിന് ദൃഷ്ടാന്തമാണ് സുഭദ്ര. വിവാഹജീവിതത്തിൽ പുരുഷന്റെ സുഖഭോഗങ്ങൾക്കുള്ള ഒരു ഉപകരണം മാത്രമായി സ്ത്രീ മാറുന്ന അവസ്ഥ വിവാഹവ്യവസായം, രത്നം വിളയുന്ന ഭൂമി, പ്രേമധനം, വൈവിധ്യം വേണ്ടേ, ഇളകുന്ന മുതൽ എന്നീ കഥകളിലുണ്ട്. ഭർത്താവിനെ പരിചരിക്കാനും പ്രസവിക്കാനുമുള്ള ഒരു യന്ത്രമായി വിവാഹജീവിതത്തിൽ സ്ത്രീ വസ്തുവൽക രിക്കപ്പെടുന്നു.” (ഗീത.പി, 2002;590) സ്ത്രീയവസ്ഥകളുടെ പരിഷ്കരണമായിരുന്നില്ല സരസ്വതിയമ്മയുടെ കൃതികൾ ലക്ഷ്യമാക്കുന്നത്. കുടുംബബന്ധങ്ങളിൽ ഒത്തു തീർപ്പുകളില്ലാത്ത അഴിച്ചുപണികളാണവ ശുപാർശ ചെയ്യുന്നത്. സരസ്വതിയമ്മ ഉന്നയിച്ചത് സ്ത്രീ എന്താണ്, അവൾക്ക് കുടുംബത്തിനുള്ളിലെ സ്ഥാനമെന്ത് എന്നീ പ്രശ്നങ്ങളാണ് എന്നത് ശ്രദ്ധേയമാണ്.

സരസ്വതിയമ്മയുടെ ബഹുമാനപ്പെട്ട അമ്മ, പെൺബുദ്ധി, രത്നം വിളയുന്ന ഭൂമി, പകലും രാവും തുടങ്ങിയ കഥകളിൽ കുടുംബവ്യവഹാരം സ്ത്രീയുടെ ജീവിതത്തിൽ ഇടപെടുന്നതിനെ അവതരിപ്പിക്കുന്നു. സ്വതന്ത്രയായി ജീവിക്കാൻ തുനിയുന്ന സ്ത്രീ കുടുംബത്തിനും സമൂഹത്തിനും എല്ലാം അസ്വസ്ഥജനകമായ ഒരു സാന്നിധ്യമാണ്. അവളുടെ സ്വയാധികാരം സമൂഹത്തിന്റെ ഉൽകണ്ഠയ്ക്ക് ശമനമാകുന്നുള്ളൂ. (രവീന്ദ്രൻ.എൻ.കെ. 88)

> “സ്ത്രൈണമായ ലൈംഗികതക്ക് ഗാർഹികതയുടെ ചുവരുകൾക്കുള്ളിൽ മാത്രമേ അംഗീകാരവും സ്വീകാര്യതയുമുള്ളൂ. കുടുംബത്തിന്റെ തുടർച്ച ഇത് സമൂഹത്തിന്റേയും രാഷ്ട്രത്തിന്റേയും തുടർച്ചയാണ്. ഉറപ്പുവരുത്തുന്ന തരത്തിലുള്ള സ്ത്രീയുടെ ധർമമാണ് മാതൃത്വ ത്തിന്റെ പരിവേഷത്തിന് പിന്നിലുള്ളത്. കുടംബഭദ്രത സമൂഹത്തിന്റെ

> നിക്ഷിപ്തതാൽപര്യങ്ങളെ സംരക്ഷിക്കുന്നതിനാൽ നിലവിലുള്ള സമൂഹ ക്രമത്തിന്റെ സുസ്ഥിരതക്കനുകൂലമായ ഉടമ്പടികളാണ് മാതൃത്വത്തിന്റെ വാങ്മയം സൃഷ്ടിക്കുന്നത്. മലയാളകഥാസാഹിത്യത്തിൽ ഇത്തരമൊരു കാഴ്ചപ്പാടിന്റെ വിമർശനം ആദ്യമായി കാണാൻ കഴിയുന്നത് കെ.സരസ്വതിയമ്മയുടെ ചോലമരങ്ങൾ എന്ന കഥയിലാണ്.” (രാമകൃഷ്ണൻ.ഇ.വി, 1994;20) വ്യക്തമാക്കുന്നു. സമൂഹം, കുടുംബം, വ്യക്തി എന്നീ തലങ്ങളിലുള്ള സ്വത്വ പ്രതിസന്ധിയും സ്വാതന്ത്ര്യബോധവും ചുറ്റിപ്പറ്റിയുള്ള പ്രശ്നങ്ങൾ വീണ്ടും വീണ്ടും എഴുത്തുകാരി രചനകളിലൂടെ വരച്ചിടുന്നു.

കുടുംബത്തിനുള്ളിൽ സ്ത്രീ അനുഭവിക്കുന്ന ബഹുമുഖങ്ങളാണ് മാധവിക്കുട്ടി കഥകളിൽ ആവിഷ്കരിക്കുന്നത്. പ്രണയരഹിതമായ കുടുംബജീവിതം ഏറ്റുവാങ്ങേണ്ടിവരുന്ന സ്ത്രീകഥാപാത്രങ്ങൾ അവരുടെ രചനകളിൽ നിറഞ്ഞിരിക്കുന്നു. ലോകം ഒരു കവയിത്രിയെ നിർമിക്കുന്നു എന്ന കഥയിലെ കവയിത്രിയും ദുഃഖിതയാണ്. ഭർത്താവിന്റെ അഭിപ്രായത്തിൽ അവൾ സ്ത്രീയെപ്പോലെയല്ല പെരുമാറുന്നത് വ്യവസ്ഥാപിതകുടുംബത്തിനുള്ളിൽ സ്ത്രീയുടെ അനുഭവങ്ങൾ പ്രതിപാദിക്കുന്ന ഭർത്താവിനും മക്കൾക്കും കോലാടായി മാറുമ്പോൾ കുടുംബത്തിനുള്ളിലെ സ്ത്രീപുരുഷബന്ധത്തെപ്പറ്റി അവർ മുമ്പോട്ടുവെക്കുന്നത്. സ്ത്രീകളുടെ വ്യക്തിത്വവും വ്യതിരിക്തതയുമെല്ലാം രചനക്ക് വിഷയമാവുന്നുണ്ട്.

“ലോകം നിർമിക്കുന്ന കവയിത്രിയിൽനിന്ന് വ്യതിരിക്തയായി അവർ സ്വന്തം സ്ത്രീത്വത്തെ അനുഭവിക്കുന്നു. സമൂഹവുമായി നടത്തുന്ന ഒത്തുതീർപ്പുകൾ മലിനപ്പെടുത്താത്ത സമാന്തരലോകം ഭാവനാസൃഷ്ടികളിലൂടെയും ദാമ്പത്യത്തിന് പുറത്തുള്ള സ്നേഹബന്ധത്തിലൂടെയും നിർമിക്കാനുള്ള ശ്രമം അവരെ സമൂഹത്തിൽ കൂടുതൽ ഒറ്റപ്പെടുത്തുകയാണുണ്ടായത്.” (രാമകൃഷ്ണൻ ഇ.വി., 1994;29) എന്ന് പ്രസ്താവിക്കുന്നു.

സാറാജോസഫിന്റെ രചനകൾ ചെറുകഥാലോകത്ത് പുതിയൊരു സംവേദന തലം സൃഷ്ടിച്ചു. ലിംഗപരമായ മേധാവിത്വത്തിൻ കീഴിൽ സ്വന്തം ശരീരത്തിന്മേലുള്ള നിർണയാവകാശംപോലും എടുത്തുകളയപ്പെട്ടിട്ടുള്ള പെണ്ണിന്റെ ലോകത്തെക്കുറിച്ച് ഭയലേശമില്ലാതെ എഴുതുക എന്നതാണ് എന്റെ കർത്തവ്യം. അധീശവർഗ

മൂല്യങ്ങളോട് സമരം ചെയ്യുക മൂല്യങ്ങളേയും ജീവിതത്തേയും പൊളിച്ചെഴുതുക എന്ന വീക്ഷണത്തോടെ സാറാജോസഫ് രചനയിലേർപ്പെട്ടു. മനസിലെ തീ മാത്രം, എവിടെനിന്നോ വന്നവർ, ഒരു നിമിഷം, താഴ്വര, കാടിന്റെ സംഗീതം, മഴ, ഒരു ഉച്ചക്കുശേഷം എന്നിങ്ങനെ സാറാ ജോസഫിന്റെ ആദ്യകാലകഥകളിൽതന്നെ കുടുംബത്തിനുള്ളിലെ സ്ത്രീപുരുഷസംഘർഷത്തിന്റെ ഫലങ്ങൾ അവതരിപ്പിച്ചു.

സച്ചിദാനന്ദന്റെ സഞ്ചയനം എന്ന കവിതയിൽ സ്ത്രീപുരുഷബന്ധങ്ങളിൽ വീട് സ്ഥാപനവൽകരിക്കപ്പെടുമ്പോൾ സ്ത്രൈണതയെ ഗാർഹിക ഇടത്തോട് ബന്ധപ്പെടുത്തുന്ന വ്യവഹാരങ്ങൾ നമ്മുടെ സാമാന്യബോധത്തിന്റെ ഭാഗമാവുന്നതെങ്ങനെയെന്ന് കാണാം. അതുകൊണ്ട് കവി പുതിയൊരു കാഴ്ച മുന്നോട്ടുവെക്കുന്നു.

“വിരിഞ്ഞുയരട്ടെ
ഭൂമിയുടെ വാൽസല്യത്തിനർഹതയുള്ള
ഒരു പുതിയ വംശം
പുതിയ പുരുഷൻ
പുതിയ സ്ത്രീ.”

ഒരു പുതിയ ഭൂമി തേടി സ്ത്രീ മുന്നോട്ടുപോവുകയാണ്.

സാറാജോസഫിന്റെ കഥകളും സ്ത്രീക്ക് പുതിയ ആകാശവും പുതിയ ഭൂമിയേയും അന്വേഷിക്കുന്നവയാണ്. “ഓരോ എഴുത്തുകാരിയുടെ ഉള്ളിലും എന്ന കഥയിലെ എഴുത്തുകാരി എച്ചിൽപാത്രങ്ങളുടേയും അടിവസ്ത്രങ്ങളുടേയും ദുർഗന്ധമുപേക്ഷിച്ച് മേബിളമ്മായിയുടെ വീടന്വേഷിച്ച് പോവുന്നതിന്റെ കാരണമിതാണ്...” “ദാമ്പത്യത്തിന്റെ പ്രതീകമാണ് ദീർഘദൂരയാത്രകൾക്കുപകരിക്കാത്ത സ്കൂട്ടർ. മതവും സമൂഹവും നിർബന്ധപൂർവം ഈ ശവമഞ്ചം ചുമക്കാൻ സ്ത്രീപുരുഷന്മാരെ നിർബന്ധിക്കുന്നു. പെണ്ണിന്റെ മനസ് പ്രസരിക്കാത്ത ശരീരം ദാമ്പത്യത്തിന് ഭാരമാണ്. (ഈ ഉടലെന്നെ ചൂഴുമ്പോൾ) കെട്ടഴിഞ്ഞ കൊടുങ്കാറ്റു പോലെ പ്രിയനെ ചുറ്റിവരിയാൻ ആഗ്രഹിച്ച പ്രകാശിനിയെ നാല് ചുവരുകൾക്കുള്ളിൽ ഒതുക്കാനാണ് പുരുഷൻ ശ്രമിച്ചത്.” (ഗീത.പി, 1997;58)

### 4.1.4 പ്രതിരോധത്തിന്റെ പെൺശബ്ദങ്ങൾ

സ്ത്രീയെ സംബന്ധിച്ച് യാഥാർത്ഥ്യത്തിന് സഹജമായിരുന്ന പുരുഷ

വീക്ഷണവും കാൽപനികതക്കും സഹജമായിരുന്ന മഹത്വീകരണവും പൊതു മണ്ഡലത്തിലും സാഹിത്യത്തിലും കലകളിലും  കാണാനാവും. അവയെ അതി ജീവിക്കാനുള്ള അബോധാഭിലാഷം നമുക്ക് സരസ്വതിയമ്മയുടെ രചനകളിലെ ആഖ്യാനത്തിൽനിന്ന് കണ്ടെടുക്കാനാവും. നേരേ ചൊവ്വേ തുറന്നടിച്ചുള്ള ആവിഷ്കാരംകൊണ്ടും ശുദ്ധവും സത്യവുമായ പരുക്കൻ ഭാഷകൊണ്ടും അവരുടെ രചനകൾ സ്വന്തം നിലപാടുകൾ സമൂഹത്തിൽ എത്തിക്കുന്നു.

സ്വാതന്ത്ര്യത്തിനുവേണ്ടി സ്നേഹത്തേയോ കുടുംബബന്ധങ്ങളുടെ ദാർഢ്യത്തേയോ ബലിയർപ്പിക്കുന്നതിൽനിന്ന് സ്നേഹത്തെപ്പറ്റിയുള്ള ഭീതി സരസ്വതിയമ്മയെ പുറകോട്ട് വലിച്ചിരുന്നു. എന്നാൽ ഭയത്തേക്കാൾ സാറാ ജോസഫിൽ ഉയർന്നുനിൽക്കുന്നത് സ്വതന്ത്ര്യകാമനയാണ്. ഒരു എഴുത്തുകാരിയുടെ സ്വച്ഛന്ദവികാസത്തെ തടഞ്ഞുനിർത്തുന്ന ഘടകങ്ങളെ അതിജീവിക്കുന്നത് ഭയരാഹിത്യമാണ്. സ്ത്രീകൾ അനുഭവിക്കുന്നതും എന്നാൽ പുറത്തുപറയാൻ ഭയപ്പെടുന്നതുമായ ഒട്ടേറെ ഞെട്ടിപ്പിക്കുന്ന സത്യങ്ങൾ പുറംലോകത്തെ അറിയിക്കുകയെന്ന ദൗത്യമാണ് മാധവിക്കുട്ടി തന്റെ രചനയിലൂടെ നിർവഹിച്ചത് എന്ന് ആർ.ബി. രാജലക്ഷ്മി (88) വിലയിരുത്തുന്നു.

ബഹുമാനപ്പെട്ട അമ്മയിലെ കഥാപാത്രം വിദ്യാഭ്യാസമുള്ളവളും എന്നാൽ കുടുംബത്തിനുവേണ്ടി അതുപേക്ഷിച്ചവളുമാണ്. എന്നാൽ അമ്മയിലെ സുഭദ്ര എന്ന കഥാപാത്രത്തിന്റെ നേർവിപരീതമാണ് പെൺബുദ്ധിയിലെ വിലാസിനിയുടെ നിലപാട്. "പ്രേമത്തിന് നശ്വരമായ ശരീരത്തിന്റേയും ലൗകികമായ വിവാഹത്തിന്റേയും ആവശ്യമെന്താണ്" എന്ന ചോദ്യമാണ് മുന്നോട്ടുവെക്കുന്നത്. ദാമ്പത്യത്തിൽ സ്നേഹം മാത്രം പോരാ എന്നും സ്നേഹംകൊണ്ട് കുട്ടികളെ വളർത്തിയെടുക്കാൻ പറ്റില്ലെന്നും കൂട്ടിച്ചേർക്കുന്നു. അമ്മക്ക് ബുദ്ധിയും സ്വന്തമായ വരുമാനവും സ്വാതന്ത്ര്യവും ഉണ്ടാവണമെന്നും കഥാപാത്രം ആഹ്വാനം ചെയ്യുന്നു. "വിലാസിനിക്ക് പറ്റിയത് ഇതൊന്നുമല്ല, തലച്ചോറുള്ളവർ ഈ പ്രവൃത്തിക്ക് വരുന്നത് കഷ്ടമാണ്. എന്തുകൊണ്ടാണ് കോളേജിൽ ചേരാത്തത്? പരീക്ഷക്ക് ഒരാഴ്ച മുമ്പ് അവരുടെ സോഷ്യൽ കൊണ്ടാടപ്പെട്ടു. യാത്രയയച്ചും യാത്ര പറഞ്ഞും പലരും പ്രസംഗിച്ചു. അക്കൂട്ടത്തിൽ വിലാസിനിയെപ്പറ്റി 'പുരുഷത്വം തികഞ്ഞ സ്ത്രീ' എന്ന് ഒരാൾ അഭിപ്രായപ്പെട്ടപ്പോൾ അവളെ അപമാനിച്ചതായി എല്ലാവർക്കും തോന്നി."

സാഹോദര്യമല്ല നമ്മുടേത്, കാരണം സാഹോദര്യത്തിലും ആൺപെൺവ്യത്യാസം ശ്രദ്ധിക്കപ്പെടുന്നു. നമ്മുടേത് സൗഹാർദ്ദമാണ്. എങ്ങനെത്തേതെന്നോ? ബുദ്ധി ശക്തികളുടെ ആകർഷണംകൊണ്ടുമാത്രം. വിലാസിനിയുടെ പെരുമാറ്റകാരണം അന്യനായ പുരുഷന് അസ്വാതന്ത്ര്യമുണ്ടാക്കുന്ന ശല്യമാണ് സ്ത്രീയെന്ന ധാരണ തെറ്റാണെന്നയാൾക്കനുഭവമായി. ജോലിയിൽ പുരുഷന്മാർക്കൊപ്പമായ ജാഗ്രത, കാര്യങ്ങൾ കണിശമായി തുറന്നുപറയുന്ന ശീലം ഇതൊന്നും അയാൾ സ്ത്രീയിൽ നിന്നും പ്രതീക്ഷിച്ചിരുന്നില്ല. സമൂഹം വെച്ചുപുലർത്തുന്ന സ്ത്രീസമീപനമാണ് അവതരിപ്പിക്കുന്നത്.

സാറാജോസഫ് പുരുഷമേൽകോയ്മയിൽ സ്ത്രീക്ക് അനുവദിക്കപ്പെടാത്ത പെൺലൈംഗികതയെ ശൂർപണഖ എന്ന സൂചകത്തെ മുൻനിർത്തി വിശകലനം ചെയ്യുന്നു. തായ്കുലത്തോട് കുരുമം കാട്ടിയവർക്കെതിരെ തായ്മണ്ണിലെ മുഴുവൻ സ്ത്രീകളേയും ഒരുമിപ്പിക്കുകയാണ് ശൂർപണഖ. പെൺപോരാട്ടപ്പെരുമ അധികാര വ്യവസ്ഥയോടേറ്റുമുട്ടി സ്വത്വം തിരിച്ചുപിടിക്കുന്ന വർത്തമാനകാലത്ത് പുരാണത്തിന്റെ പഴയ താളുകളിൽനിന്ന് സവർണസങ്കൽപങ്ങളെ മാന്തിപ്പൊളിച്ചു കൊണ്ടിറങ്ങിവരുന്ന ശൂർപണഖയും അയോമുഖിയും ഒരു പുതുമൂല്യബോധം രേഖപ്പെടുത്തുന്നുണ്ടെന്ന് ശാരദക്കുട്ടി (7) നിരീക്ഷിക്കുന്നു.

“അവര് ഇന്റെ മൊലപ്പാലിന്റെ വേർകളം അറ്ത്തിട്ടത്! ഇന്റെ കുലത്തിന്റേയും നിണത്തിന്റേയും വേരുകള്! മയൻ കൊത്ത്യ കരിങ്കാളീടെ തിറത്തോടെ ഉര്ണ്ട്ട്ടും... ഇന്റെ കാനകത്തില് ഒരാണും ഒരു പെണ്ണിനോടും ഈ കൊട്മ കാട്ടീട്ടില്യ. പെണ്ണ് കാമംകൊണ്ടുലർന്ന് വരുമ്പോ ആവതില്ലെങ്കി ഒടപ്പെറന്നോൾക്ക് ചേർന്ന് വാക്ക് പറഞ്ഞ്, വേറൊരിടം ചൂണ്ടിവിടും.” തായ്മേനി തരിശാക്കാൻ രാവണപ്പെര്മാള് വാളെടുത്ത്ട്ടില്യ. പെണ്ണിന്റെ വടിവും കോലോം കെടത്തി ഇന്റെ കുലത്തിലാരും വീരനായിട്ടില്യ. ഇത്തരം കഥാസന്ദർഭങ്ങൾ ദളിത് സ്ത്രീത്വത്തെ വരച്ചിടുന്നു.

“മരം തളിർക്കണത് കാമംകൊണ്ട്. കാട് പൂക്കണതും കടല് ഉരിക്കണതും കാമംകൊണ്ട്. പെണ്ണിന്റെ കാമത്തില് തെറ്റുകുറ്റം ചാർത്തിയാല് കായിനിയായ മണ്ണി നാവിന! അകം പെരുത്ത് തിരുത്തം കെട്ട് ഒക്കെയും കെടുതി...” സമൂഹം അടിച്ച മർത്തുന്ന പെൺലൈംഗികതയെ ശൂർപ്പണഖ എന്ന കഥാപാത്രത്തെ മുൻനിർത്തി സാറാ ജോസഫ് സമൂഹത്തിൽ സംവദിക്കുന്നു.

സ്ത്രീകളേയും സ്ത്രീത്വത്തേയും ഉപകരണയുക്തിക്ക് കീഴ്പെടുത്തിയ പരിഷ്കരണവാദ-രാഷ്ട്രീയെഴുത്തിനും അത്രതന്നെ പുരുഷകേന്ദ്രിതമായ ആധുനികതാപ്രവണതകൾക്കും കീഴ്പ്പെടാതെ സ്വന്തം നില കണ്ടെത്താനാണ് എഴുത്തുകാരികൾ ശ്രമിച്ചിട്ടുള്ളത്. (ദേവിക.ജെ., 2014;256)

ഒരു ചീത്ത സിനിമയുടെ ഷൂട്ടിങ് എന്ന കഥയിൽ എഴുത്തുകാരി സിനിമാലോകത്തെ സന്ദർഭങ്ങളാണ് ആവിഷ്കരിക്കുന്നത്. സിനിമ എന്ന ദൃശ്യമാധ്യമത്തിലെ രണ്ട് സ്ത്രീകളിലൂടെ സ്ത്രീവാദത്തിൽതന്നെ അടങ്ങിയിരിക്കുന്ന ഏകമുഖത്തെ വിമതവായനക്ക് വിധേയമാക്കുന്നു. ഭാഷ സാംസ്കാരികചിഹ്നങ്ങൾ കൊണ്ട് ഏറ്റവുമധികം പ്രവർത്തിക്കുന്ന യാഥാസ്ഥിതിക സിനിമാസങ്കൽപങ്ങളോടാണ് ലീലാബായ് എന്ന സ്ത്രീസംവിധായിക ഇടയുന്നത്. "ഉടൽ ഒട്ടും പ്രധാനമല്ലാത്ത ഒരു സീനാണല്ലോ ഇത്? ആര് പറഞ്ഞു? വിമൽ തന്റെ അന്നോളമുള്ള സിനിമാനുഭവങ്ങളിൽ മൂർച്ചപ്പെടുത്തിയ സ്വരത്തിൽ ചോദിച്ചു. സീൻ ഏതായാലും കഥാപാത്രം പെണ്ണാണെങ്കിൽ പ്രേക്ഷകർ കൂടുതൽ പ്രതീക്ഷിക്കും...

എന്താണ് പ്രതീക്ഷ?

ഉടലിന്റെ ഓരോരോ കഷ്ണങ്ങൾ."

ലീലാബായ് അവിടെ തറഞ്ഞുനിന്നു. ഉടലിന്റെ ഓരോരോ കഷ്ണങ്ങൾ എന്ന പ്രയോഗം അവരുടെ ആത്മാവിൽ മുഴക്കങ്ങളുണ്ടാക്കിക്കൊണ്ടിരുന്നു. സമൂഹത്തിന്റെ കാഴ്ചപ്പാടിനെ നിശിതമായി വിമർശിക്കുന്നു. സിനിമയിലുള്ള യാഥാസ്ഥിതികസങ്കൽപങ്ങളോട് സ്ത്രീസംവിധായിക ലീലാബായ് ഇടയുന്നു. അനേകം പുരുഷന്മാരാൽ കടിച്ചുകീറപ്പെട്ട തകർന്നടിഞ്ഞ ഒരു സ്ത്രീയെയാണ് സിനിമക്ക് വേണ്ടതെന്നുണ്ടോ എന്നവർ ചോദിക്കുന്നു. പക്ഷേ ആൺകോയ്മയുടെ മാത്രം ഉപകരണമായി സ്വയം സങ്കൽപ്പിച്ചുശീലിച്ച നായികാനടിയെ ആ ബോധത്തിൽനിന്ന് മോചിപ്പിക്കാൻ എത്ര ശ്രമിച്ചിട്ടും ലീലാബായിക്ക് കഴിയുന്നില്ല. വിവേചകവും നർമബോധവുമുള്ള സ്ത്രീ എങ്ങനെ ജീവിക്കുന്നു എന്നും രചനകൾ പറഞ്ഞുകൊണ്ടിരിക്കുന്നു.

ഈ ഉടലെന്നെ ചൂഴുമ്പോൾ എന്ന കഥയിൽ ശരീരം എങ്ങനെ സമൂഹത്തിൽ സംവദിക്കുന്നു എന്ന് നോക്കിക്കാണുന്നു. മാത്രമല്ല, അതേ ശരീരം എങ്ങനെ ഭാരമായി മാറുന്നുവെന്നും രാധാമണിയെന്ന കഥാപാത്രത്തിലൂടെ അവതരിപ്പിക്കുന്നു.

"ഒന്ന്: രാധാമണി പുറത്ത് മാറിയിരുന്ന ദിവസങ്ങളിലൊന്നിൽ ഒരു പച്ചച്ചിരിയോടെ പായയിൽ വന്നിരുന്ന് വിറക്കുന്ന കൈകൾ അവളുടെ ജാക്കറ്റിന് മീതെ അമർത്തിയ ചിറ്റമ്മയുടെ ഭർത്താവ് കുട്ടികൃഷ്ണൻനായർ, സ്ത്രീ വീട്ടിലും സമൂഹത്തിലും തൊഴിലിടങ്ങളിലും ചൂഷണത്തിന് നിരന്തരം ഇരയാവുന്ന അവസ്ഥയാണ് വ്യക്തമാക്കുന്നത്.

രണ്ട്: കണക്കിൽ മണ്ടിയായിരുന്ന രാധാമണിയെ ഒറ്റക്ക് കണക്ക് പഠിപ്പിച്ച് ബ്ലാക്ബോഡിന്റെ കറുത്ത പശ്ചാത്തലത്തിലേക്ക് തന്റെ ശരീരത്തിന്റെ മർദ്ദനത്തിനെതിരെ ചേർത്തുനിർത്തിയ കണക്ക്മാഷ്.

മൂന്ന്: ആളില്ലാത്ത ഉച്ചകളിൽ കടന്നുവന്ന് രാധാമണിയെ വല്ലാത്തൊരർത്ഥത്തിൽ കെട്ടിപ്പിടിക്കുകയും മണപ്പിക്കുകയും ഉമ്മ വെക്കുകയും ഇക്കിളിപ്പെടുത്തുകയും ചെയ്യുന്ന അമ്മാവന്റെ മകൾ ശാരദേടത്തി." ഇങ്ങനെ ലൈംഗികതയുടെ ഭിന്നമുഖങ്ങൾ അവതരിപ്പിക്കുന്ന കഥാസന്ദർഭങ്ങൾ കാണാം.

ചിലപ്പോൾ എത്ര ക്രൂരമായാണ് ശരീരം മനസിനെ ചതിക്കുന്നത്. ഉടലും ഒരു ചൂഴ്നിലയാണ് എന്നും സാധാരണനിലയിൽ ചുറ്റുപാടുകളെന്ന് വിളിക്കപ്പെടുന്നതിനും ഒരു മനസിനുമിടയിൽ അത് വല്ലാതെ പ്രവർത്തിക്കുന്നു. സങ്കീർണമായ ലൈംഗികാനുഭവങ്ങൾ വളരെ ലാഘവത്തോടെ രചനാകാരി ആവിഷ്കരിക്കുന്നു.

ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മലയാളചെറുകഥാസാഹിത്യത്തിൽ കടന്നുവന്ന കഥാകാരിയാണ് കെ.ആർ.മീര. പെണ്ണെഴുത്തും ലിംഗവിവേചനചർച്ചകളുടെ പരിസരവും വളരെയേറെ മാറിക്കഴിഞ്ഞിരുന്ന കാലഘട്ടമാണ് ഇത്. കേരളീയ ജീവിതത്തിന്റെ ചരിത്രസന്ദർഭത്തിൽ നിലയുറപ്പിച്ച് പുരുഷനേയും സ്ത്രീയേയും ഒരുപോലെ ഇരകളാക്കുന്ന സാമൂഹ്യാവസ്ഥയെക്കുറിച്ച് ഉൽക്കണ്ഠപ്പെടുകയാണ് കഥാകാരി. അതിൽ സ്ത്രീയനുഭവിക്കുന്ന സ്വത്വപ്രകാശതടസങ്ങൾ ശക്തമായി ഊന്നിപ്പറയുന്നുണ്ട്.

ശൂർപണഖ എന്ന കഥയിൽ അനഘ എന്ന കഥാപാത്രം അധ്യാപികയായി ജോലിക്ക് പോവുന്നതും ഫെമിനിസ്റ്റ് എന്ന നിലയിൽ അറിയപ്പെടുകയും അവരെ ചുറ്റിപ്പറ്റി നടക്കുന്ന പ്രശ്നങ്ങളുമാണ് കഥ മുന്നോട്ടുവെക്കുന്നത്. ശൂർപണഖ എന്ന കഥയിൽ പുരാണത്തിലെ ശൂർപണഖ എന്ന മിത്തിൽ നിലയുറപ്പിച്ചുകൊണ്ട് സ്ത്രീ

ജീവിതത്തിൽ അഭിമുഖീകരിക്കുകയും അടിച്ചമർത്തപ്പെടുകയും ചെയ്യുന്ന ഇടങ്ങൾ തന്റെ തൂലികയിലൂടെ ആവിഷ്കരിക്കുന്നു. മാത്രമല്ല, സമൂഹത്തിന്റെ പല തട്ടുകളിലേയും സ്ത്രീരൂപഭാവങ്ങൾ ജീവസ്പന്ദമായിരിക്കുന്ന തരത്തിൽ ചിത്രീകരിക്കുന്നു.

അന്നൊക്കെ ഫെമിനിസ്റ്റായാൽ പെട്ടെന്ന് പ്രതികരിക്കണം. അതുകൊണ്ട് അനഘ അപ്പോൾതന്നെ ഗെറൗട്ടടിച്ചു. തിരിച്ചെടുക്കാൻ വിസമ്മതിച്ചപ്പോൾ സമരം വന്നു. വിട്ടുവീഴ്ചക്ക് തയ്യാറാകാതിരുന്നപ്പോൾ സമരം ശക്തമായി. ഫെമിനിസ്റ്റ് നേതാവായതുകൊണ്ട് സംഘടനയുടേയും മാതൃപാർട്ടിയുടേയും പിന്തുണ അനഘക്ക് കിട്ടി. കോലാഹലങ്ങൾക്കും ചുവരെഴുത്തുകൾക്കുമിടയിലൂടെ പതറാതെ നടന്നപ്പോൾ സഹപ്രവർത്തകരും കാഴ്ചക്കാരും പി.പി.അനഘയെ ശൂർപണഖ എന്ന് വിളിച്ചു. അനഘ തളർന്നില്ല. മൂക്കും മുലകളും ഛേദിക്കപ്പെട്ട ശൂർപണഖയെക്കുറിച്ച് അനഘക്ക് മതിപ്പായിരുന്നു. ചരിത്രത്തിലെ ആദ്യപീഡനമായിരുന്നു അതെന്ന് ശരി. പക്ഷേ, അതുതന്നെയായിരുന്നില്ലേ യഥാർത്ഥ സ്ത്രീവിമോചനം പൊതുബോധനിർമിതിയിൽ അംഗീകരിക്കപ്പെടുകയും പ്രാബല്യത്തിൽ വരുത്തുകയും ചെയ്ത സ്വത്വപൂരണത്തിന് വഴിപ്പെടാതെ സ്വത്വത്തിന്റെ സ്വാതന്ത്ര്യം അവതരിപ്പിക്കുന്നത് എങ്ങനെയെന്ന് കഥാകാരി പറഞ്ഞുവെക്കുന്നു.

“എനിക്കറിയാം എന്നോടുള്ള ദേഷ്യം തീർക്കാൻ ഒരു സ്റ്റീരിയോടൈപ്പ് സ്ത്രീയായി വളർത്തിയെടുക്കുകയാണ് നിങ്ങൾ മകളെ. രാം സ്ത്രീപുരുഷബന്ധം പ്രത്യുൽപാദനത്തിന് വേണ്ടിയുള്ളതാണ്. സെക്സൊരു പ്ലഷറായി കാണുമ്പോൾ സ്ത്രീശരീരത്തെ നിങ്ങളൊരു ഉപഭോഗവസ്തുവായി കാണുകയാണ്. സീസേറിയൻ കഴിഞ്ഞ് പതിനൊന്നാം ദിവസം അനഘ തൊടുപുഴ പീഡനക്കേസിൽ പോലീസ് സ്റ്റേഷനിൽ ധർണക്ക് പോയി, ചോരക്കുഞ്ഞിന് കുപ്പിപ്പാൽ കൊടുത്തതിന് രാം ചന്ദ്രഹാസമിളക്കി...” സാമൂഹ്യപ്രതിബദ്ധത അനഘയെ ഓർമിപ്പിച്ചു, മുലയൂട്ടലിനേക്കാൾ വലിയ സാമൂഹ്യധർമമൊന്നും സ്ത്രീക്കില്ലന്ന് രാം മോഹൻ വാദിച്ചു. മാതൃത്വമാണ് സ്ത്രീകൾക്ക് മഹത്വമെന്ന് ബോധ്യപ്പെടുത്തുകയാണ് രാം മോഹൻ ചെയ്യുന്നത്. മുലപ്പാൽ കുഞ്ഞിന്റെ ആരോഗ്യത്തിന് വേണ്ടത്. അല്ലാതെ ലാക്ടോജിൻ അല്ല എന്ന് വാദിക്കുന്നു. ഇവിടെയൊക്കെ പച്ചയായ ജീവിതമണ്ഡലത്തിൽ വരച്ചിടുന്ന അനുഭവവാങ്മയചിത്രങ്ങൾക്ക് വൈകാരികതയേറും. ഇത്തരത്തിലാണ് മീരയുടെ സ്ത്രീകഥാപാത്രങ്ങൾ രംഗത്തെത്തുന്നത്.

ആൺകോയ്മയുടെ ആഖ്യാനപരിസരങ്ങളിൽനിന്നും വ്യത്യസ്തമായി തനിമയും വ്യക്തിത്വവുമെല്ലാം ഉൾകൊണ്ട പെണ്ണവസ്ഥകളേയും അനുഭവങ്ങളേയും രചന കളിലൂടെ വ്യക്തമാക്കുകയാണ് മീര ചെയ്യുന്നത്.

### 4.1.5 കഥയിടങ്ങളിലെ ആണത്തം

പുരുഷത്വവും സ്ത്രീത്വവും അതിന്റെ നിർമിതിയിൽ തന്നെ പരസ്പര ബന്ധിതമാണ്. "ആണത്തവും പെണ്ണത്തവും തമ്മിൽ തമ്മിൽ ബന്ധപ്പെട്ട് കിടക്കുന്ന നിർമിതികളാണ്. പെണ്ണത്തത്തെക്കുറിച്ച് ചിന്തിക്കാതെ ആണത്തത്തിന്റെ സാമൂഹികമായ നിർമിതി മനസിലാക്കാൻ സാധിക്കുകയില്ല" എന്ന് മൈക്കിൾ എസ്. കിമ്മൽ (12) വിശദമാക്കുന്നുണ്ട്.

അധികാരം ഒരു പ്രയോഗമാണ്. നിയതമായ നിർവചനങ്ങൾക്ക് വഴങ്ങാ ത്തതുകൊണ്ടുതന്നെ വ്യാഖ്യാനസാധ്യതകൾ ഏറെയാണ്. ഘടനാബദ്ധമായ പ്രത്യക്ഷരൂപങ്ങളിലൂടെ മാത്രമല്ല അത് വിനിമയം ചെയ്യപ്പെടുന്നത്. അത് മനുഷ്യ ബന്ധങ്ങളിലാകെ വ്യാപിച്ചുകിടക്കുന്നു. അധികാരവിതരണത്തിലെ വൈവിധ്യങ്ങ ളാണ് ഒരു പ്രത്യേകസാമൂഹ്യഘടനയെത്തന്നെ ഉണ്ടാക്കിയെടുക്കുന്നത്. പുരുഷൻ/ സ്ത്രീ എന്നീ ദ്വന്ദ്വകൽപ്പനകളിലും ഈ അധികാരം പ്രവർത്തിക്കുന്നു. എന്നാൽ ആ അധികാരത്തിനപ്പുറത്തുനിന്നാണ് കഥയിടങ്ങളിൽ എഴുത്തുകാരികൾ ആണി ടങ്ങളെ ആവിഷ്കരിക്കുന്നത്.

സരസ്വതിയമ്മയുടെ നായികക്ക് കാമുകനെ സംബന്ധിച്ചും ചില സങ്കൽപ ങ്ങളുണ്ട്. സ്ത്രീയുടെ മധുരപ്പതിനേഴ് പോലെ പുരുഷന്റേയും മാധുര്യമൂറുന്ന പ്രായം അവൾ നിശ്ചയിക്കുന്നത് പതിനെട്ടിനും ഇരുപത്തൊന്നിനും ഇടക്കാണ്. കാമുകന് വേണ്ട ചില ഗുണങ്ങൾ പറയുന്ന കൂട്ടത്തിൽ അയാൾക്ക് തന്നേക്കാൾ പ്രായക്കുറവു ണ്ടായിരിക്കണമെന്ന കാര്യത്തിലും ലൂയിസക്ക് നിർബന്ധമുണ്ട്. ശരീരബലത്തോ ടൊപ്പം പുരുഷന് പ്രായക്കൂടുതലും പതിച്ചുകൊടുക്കുന്നതിനുപകരം ശരീരബലം ആണിനും പ്രായക്കൂടുതൽ പെണ്ണിനുമായി വിഭജിക്കുന്നതുമൂലം രണ്ടുവശത്തും തുല്യത കൈവരുമെന്നവൾ കരുതുന്നു. അങ്ങനെ സ്വാതന്ത്ര്യവും സമത്വപൂർണവും ആത്മൈക്യം പുലർത്തുന്നതുമായ സ്ത്രീപുരുഷബന്ധമാണ് പ്രണയത്തിന്റെ അടിത്തറയെന്ന് കഥാപാത്രം വ്യക്തമാക്കുന്നു.

'വിവാഹവിദ്വേഷി' എന്ന കഥയിൽ ഭാസ്കരൻ നായർക്കു സ്ത്രീ വിദ്വേഷം

അശേഷം ഉണ്ടായിരുന്നില്ല. ദൈവം ലോപമില്ലാതെ ധനവും, ഐശ്വര്യവും അയാൾക്ക് കൊടുക്കുകയും ചെയ്തു. എന്നിട്ടും തീക്ഷണമായ സ്വാതന്ത്ര്യാസക്തിയാൽ കുടുംബപാരതന്ത്ര്യത്തിലകപ്പെടാതിരിക്കാൻ വേണ്ടി അയാൾ വിവാഹം വേണ്ടെന്ന് വെച്ച് കളഞ്ഞു. നല്ല കറുത്ത കനം കുറഞ്ഞ കൂട്ടു പുരികങ്ങൾ, എപ്പോഴും പുഞ്ചിരിക്കുന്ന ചുണ്ടുകൾ, മിനുങ്ങുന്ന കണ്ണുകൾ; ഒരിക്കലും ഉടവും പൊടിയും പറ്റാത്ത വേഷ സാമഗ്രികൾ-ഇവയുടെ ഉടമ സ്ഥനായിരുന്ന ഭാസ്കരൻ നായർക്ക് സ്ത്രീ പുരുഷ ഭേദമില്ലാതെ എല്ലാവരുടേയും സ്നേഹം സമ്പാദിക്കാൻ നിഷ്പ്രയാസം കഴിഞ്ഞിരുന്നു.

> "ഭർത്താവ്, കാമുകൻ എന്നിവയിലുപരി പുരുഷൻ എന്ന സങ്കൽപ മാണ് കഥാകാരിക്കുള്ളത്." "ഭർത്താവ് സ്വന്തമാവണമെന്ന സ്വാർത്ഥ മോഹവും അവരുടെ കഥാപാത്രങ്ങൾക്കുണ്ട്. ചന്ദ്രരശ്മികൾ എന്ന കഥ യിലെ നായിക ഇത്തരക്കാരിയാണ്. ഭർത്താവ് ഏറ്റവും ഇഷ്ടപ്പെടുന്ന വ്യക്തി എന്ന നിലക്ക് ഇക്ബാലിനോട് അവൾക്ക് അസൂയയാണ്. വിദ്വേഷമാണ്. ഭർത്താവ് മറ്റൊരാളുടെ സ്വന്തമാവുന്നത് അവർക്കിഷ്ടമല്ല. സ്ത്രൈണസ്വഭാവമുള്ള ഇക്ബാൽ ആത്മഹത്യാശ്രമത്തിൽ നിന്ന് രക്ഷ പ്പെട്ട് ആശുപത്രിയിൽ കിടക്കുമ്പോൾ അയാളെ സന്ദർശിക്കുന്ന അവൾ പറയുന്നു. ഞാൻ ഗർഭം ധരിച്ചിരിക്കുന്നു. നിങ്ങൾക്ക് ആ കഴിവില്ലല്ലോ. അതുകൊണ്ടാണ് നിങ്ങൾ ആത്മഹത്യക്ക് ശ്രമിച്ചത്." (രാജീവ് കുമാർ.എം 55) ഗർഭം ധരിക്കാനുള്ള സ്ത്രീയുടെ മാത്രം കഴിവിൽ അഹങ്കരിക്കുകയല്ല. മറിച്ച് ഭർതൃസ്നേഹം കൊതിച്ച് അത് കിട്ടാതെ വന്നപ്പോൾ ഭർത്താവ് സ്നേഹിക്കുന്നയാളോട് അസൂയയും പകയും തോന്നുന്നതാണ് സന്ദർഭം.

"മുപ്പത്തഞ്ചിൽ വയസ്സിൽ അമ്പത്തഞ്ചുകാരന്റെ ഭാവരൂപങ്ങളോടുകൂടിയ ഒരവിവാഹിതനായിരുന്നു മാനേജർ. സ്ത്രീകളോട് അയാൾക്ക് വിദ്വേഷമാണോ, അശ്രദ്ധയാണോ എന്നാർക്കും തീർച്ചയില്ലായിരുന്നു. എന്തായാലും വിലാസിനി അയാളുടെ കീഴിൽ കഷ്ടപ്പെടുമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു...."

"വിലാസിനിയുടെ പെരുമാറ്റം കാരണം അന്യനായ പുരുഷനെ അസ്വതന്ത്രതയുണ്ടാക്കുന്ന ശല്യമാണ് സ്ത്രീ എന്ന ധാരണ തെറ്റാണെന്ന്

അയാൾക്കനുഭവമായി. ജോലിയിൽ പുരുഷന്മാർക്കൊപ്പമായ ജാഗ്രത, കാര്യങ്ങൾ കണിശമായി തുറന്നുപറയുന്ന ശീലം ഇതൊന്നും അയാൾ സ്ത്രീയിൽ പ്രതീക്ഷിച്ചിരുന്നില്ല." സരസ്വതിയമ്മയുടെ കഥാലോകത്ത് പ്രത്യക്ഷപ്പെടുന്ന പുരുഷകഥാപാത്രങ്ങൾ വിവിധ മാനങ്ങളുള്ളവരാണ്. ആണത്തമെന്നത് ഒരു പരമാധികാരമായി വർത്തിക്കുന്ന സമൂഹത്തിന്റെ കാഴ്ചപ്പാടിനെ, പുരുഷലോകത്തിന്റെ കല്പനകളെ വിമർശിക്കുകയാണ് എഴുത്ത്.

'മധുരപലഹാര'ത്തിൽ കാന്തിമതിയുടെ ദേഹത്തേക്ക് ചൂടു ചായ നീട്ടിയൊഴിച്ച് തന്റെ കോപം തീർക്കുന്ന സുരേന്ദ്രന്റെ പ്രവൃത്തിയാണ് ഒന്നാന്തരം ആണത്തം. എന്നിട്ടും ഭാര്യ മര്യാദ പഠിക്കുന്നില്ല എന്നു തോന്നുമ്പോഴാണ് അയാൾ അവളെ കൈനീട്ടി അടിക്കുന്നത്. അധികാരത്തിന്റെ പ്രകടനത്തിന്റെയും ഉറപ്പിക്കലിന്റെയും പൂർത്തീകരണമാണ് ആ അടി.

'വിവാഹവ്യവസായം' എന്ന കഥയിൽ മൂന്ന് വിവാഹം കഴിച്ച വാസുദേവൻ നായരുടെ ഒരാത്മഗതമാണ് "പുരുഷന്മാർക്കെന്തൊരാദായ മാർഗ്ഗമായിട്ടാണ് ഈശ്വരൻ ഈ പെൺവർഗ്ഗത്തെ സൃഷ്ടിക്കുന്നത്." എന്ന പുരുഷ കാഴ്ചയാണെങ്കിൽ മറിച്ച് ചിന്തിക്കുന്ന പുരുഷ കഥാപാത്രങ്ങളെയും കഥാകാരി ആവിഷ്കരിക്കുന്നുണ്ട്. അടിമയായി കാണേണ്ട ഭാര്യയെ തന്റെ പദവിക്കും വിദ്യാഭ്യാസത്തിനും സാമൂഹ്യ ബന്ധത്തിനും ഉതകുംവിധം ഒന്ന് പരിഷ്കരിക്കാനാഗ്രഹിക്കുന്ന ഹൃദയവിശാലത നിറഞ്ഞവരും ഇവിടെയുണ്ട്. 'ഇടിവെട്ടുതൈല'ത്തിൽ ഭാര്യയെ ടൂഷ്യൻ കൊടുത്ത് നന്നാക്കാൻ ശ്രമിക്കുന്ന ഭർത്താവ്. സമത്വത്തിന് വേണ്ടി പ്രസംഗിക്കുന്ന ആദർശവാദിയായ രഘുവീരൻ 'വീട്ടിലും പുറത്തും' എന്ന കഥയിൽ ആദർശതയുടെ യാഥാർത്ഥ്യം എന്തെന്ന് വ്യക്തമാക്കുന്നു.

ചതി എന്ന കഥയിലും സ്നേഹിക്കപ്പെടുന്ന സ്ത്രീ എന്ന കഥയിലും പുരുഷ വഞ്ചന സ്ത്രീയോട് കാട്ടുന്ന ക്രൂരതയാണ് വ്യക്തമാക്കുന്നത്. നിസ്സഹായതയല്ല തനി സ്വാർത്ഥം. ആ കഥകളിലെ പുരുഷന്മാർക്ക് 'ദാഹ'ത്തിന്റെ പേരിൽ മാപ്പ് കൊടുക്കാൻ കഥയുടെ അന്തർനാദം ആരേയും അനുവദിക്കുകയില്ല. അവിടെ വഞ്ചന പുരുഷന്റെ നിഷ്ഠൂരതയാണ്. ദാഹം സ്ത്രീയുടെ ദൗർബല്യമാവുമ്പോൾ "സ്നേഹം മൃദുവാക്കുന്ന ചില വാക്കുകൾക്ക് വേണ്ടിയുള്ള ദാഹം, എന്നും തനിച്ചാണെന്നുള്ള വിചാരം..." (തരിശുനിലം) എന്നിങ്ങനെയുള്ള സൂചകങ്ങളിലൂടെ

സഹതാപാർഹതയിലേയ്ക്കാണ് കഥകളുടെ അന്തർനാദത്തിന്റെ ചായ്വ്. കല്യാണി എന്ന കഥയിൽ സ്ത്രീ ക്രൂരമായി വഞ്ചിക്കപ്പെടുകയും പരമനിസ്സഹായാ വസ്ഥയിലേക്ക് തള്ളപ്പെടുകയും ചെയ്യുന്നതിന്റെ ചുമതല ഒരു പുരുഷനല്ല പുരുഷ വർഗത്തിനൊട്ടാകെയാണ്. ഒരു തെറ്റും ചെയ്യാത്തവളെ നീതിപാലകരാണ് വ്യഭിചാരി ണിയെന്ന് മുദ്ര കുത്തുന്നതും തടവിലാക്കുന്നതും. ഭാര്യ പറയുന്നത് കേൾക്കാൻ പോലും നിൽക്കാതെ പോലീസിന്റെ വാക്കുകൾ വേദവാക്യമായെടുത്ത് ഭർത്താവ് അവളെ ഉപേക്ഷിച്ച് പോവുന്നു. തന്റെ സ്വത്വത്തെക്കുറിച്ച് അവബോധം നഷ്ടപ്പെട്ട അവൾ പാമ്പുകൾ ഉറയൂരിക്കളയുന്നതുപോലെ അനായാസമായി അമ്മിണിയെന്ന പേരിനെ ഉപേക്ഷിച്ചു എന്നാണ് കഥയുടെ സമാപ്തി. (ലീലാവതി എം, 2008;667)

> മാധവിക്കുട്ടിയുടെ 'കവിയുടെ ഭാര്യ' എന്ന കഥയിൽ സ്ത്രീപുരുഷ ബന്ധത്തെ അടയാളപ്പെടുത്തുന്നത് ശ്രദ്ധേയമാണ്. പ്രേമകഥകൾ വായിച്ചും സൗന്ദര്യവർധകസാമഗ്രികൾ ഉപയോഗിച്ചും വീട്ടിൽ കഴി യുന്ന നായികയാണ് ഇവിടെ കാണാനാവുക. അങ്ങനെയൊരു കാലത്ത് വിദേശിയായ കവി അവളുടെ വീട്ടിലെത്തുന്നു. ആ മെലിഞ്ഞ രൂപം കണ്ണിൽപ്പെട്ട ഉടനെ പ്രേമിക്കാൻ തീരുമാനിക്കുന്നു. ഇതിന് ഹേതുവായ കാരണങ്ങൾ കഥാകാരി നിരത്തുന്നുണ്ട്. "ശരീരം ആത്മാവിന്റെ ഒരു വാസസ്ഥലം മാത്രമാണെന്ന് അയാൾ ഓർമപ്പെടു ത്തുന്നു. ശരീരത്തിന്റെ അടിമായാവാൻ ആത്മാവിനെ അനുവദിക്കാൻ പാടില്ല. വീട്ടുജോലികൾ ചെയ്ത് ജീവിതം പാഴാക്കിക്കളയുന്ന പെണ്ണു ങ്ങളെപ്പോലെയാവരുത് ആത്മാവെന്ന് അയാൾ ഉപദേശിക്കുന്നു. തന്റെ ശരീരത്തെ ഉപയോഗപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടും സ്ത്രീശരീര ത്തിന്റെ കീഴടങ്ങലിനെ സ്വീകരിക്കാത്ത പുരുഷനിൽ അവൾക്ക് വെറുപ്പുണ്ടാവാതെ വയ്യല്ലോ. സ്ത്രീയുടെ ശരീരം താനെന്ന വസ്തു വിനെ ഇല്ലാതാക്കുമെന്ന് ഭയക്കുന്ന പുരുഷനും അതിന് വ്യത്യ സ്തമായി അയാളിലേക്ക് അടിമുടിയിറങ്ങിച്ചെല്ലാൻ ആഗ്രഹിക്കുന്ന സ്ത്രീയും തമ്മിലുള്ള ഭിന്നത കഥയുടെ പ്രധാന പ്രമേയമണ്." (ബാലചന്ദ്രൻ വടക്കേടത്ത് 23) മാധവിക്കുട്ടിയുടെ സ്ത്രീസങ്കൽപവും ആണത്തവുമെല്ലാം പുനർവ്യാഖ്യാനിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

കെ.ആർ.മീരയുടെ കഥകളിൽ ആണത്ത ഇടങ്ങളെ ആവിഷ്കരിക്കുന്നത് "ചുമലൊപ്പം നീണ്ടമുടി ചീകിയൊതുക്കിയിരുന്നു. മുഖത്തു താടിയുടെയോ മീശയുടെയോ ലാഞ്ചനപോലുമുണ്ടായിരുന്നില്ല. നേർത്ത ചുണ്ടുകളും ഒട്ടിയ കവിളുകളും മൃദുലവും മിനുസവുമായിരുന്നു. മരണം ഒരു വാക്വംക്ലീനർ വച്ച് അയാളുടെ അവശേഷിച്ച ആണത്തം വലിച്ചെടുത്തു." കമിങ് ഔട്ട് എന്ന കഥയിൽ മലയാളിയുടെ സദാചാരബോധത്തെ മാറ്റിമറിക്കുന്ന ആൺ നോട്ടങ്ങളെ കഥാകാരി വ്യക്തമായി ചിത്രീകരിക്കുന്നു.

"ഒരു തേങ്ങൽ ഡേവിഡിന്റെ തൊണ്ടയിൽ നിന്നും പുറത്തുവന്നു. സേബ അയാളുടെ കൈതണ്ടയിൽ പിടിച്ചു.....യൂനോ സംതിങ്ങ്, ഡേവിഡ് ഇടർച്ചയോടെ ചോദിച്ചു. ഞങ്ങളുടെ വിവാഹം ഈ മാസം കഴിഞ്ഞതേയുള്ളൂ. വി.വേർ ദിസ്മന്ത്... സേബയുടെ തൊണ്ടയിൽ ഒരു കല്ലുവന്നുതടഞ്ഞു. ഇണയെ വേർപ്പെട്ട ആണിന്റെ ദുഃഖം...."

ഡേവിഡ് എന്ന കഥാപാത്രം സേബയോടു പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്. ടേക്ക് മൈ വേർഡ്, ആണാകട്ടെ, പെണ്ണാകട്ടെ, ശരീരമാണ് മനുഷ്യന്റെ സത്യം. യൂ കനോട്ട് ലിവ് എലൈ. സത്യത്തിന് ഒരു സുഖമുണ്ട് അവനാണ് അത് മനസ്സിലാക്കിതന്നത്. ഡേവിഡ് അതു പാപമല്ലേ? പ്രകൃതി വിരുദ്ധമല്ലേ എന്ന സേബയുടെ ചോദ്യത്തിന് ഡോണ്ട് ബീ ഹാർട്ട് ലെസ്, പ്രകൃതിയല്ലേ ഞങ്ങളെ ഇങ്ങനെ സൃഷ്ടിച്ചത് ഞാൻ വെറുമൊരു പുരുഷനല്ല എനിക്കുവേണ്ടത് ആണത്തമുള്ള പെണ്ണിനെയാണ്. ഇവിടെയൊക്കെ ആണോട് ആൺ, ജോയുടെയും ഡേവിയുടേയും പോരാട്ടം സ്നേഹത്തിനുവേണ്ടിയായിരുന്നു. ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി. കഥ അവസാനിക്കുന്നത് സേബ മുട്ടുകുത്തി ഹൃദയത്തിന്റെ കല്ലറക്കുള്ളിലുയിർത്ത ആണും പെണ്ണുമല്ലാത്ത ആരോ നിലവിളിച്ചു ലാസറെ പുറത്തുവരിക എന്നയിടത്താണ് ഇത്തരം കഥാസന്ദർഭങ്ങൾ സമൂഹത്തെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്.

## 4.2 ശരീരപരത

വൈവിധ്യതലങ്ങളിലൂടെയാണ് നവീനലോകം ശരീരത്തിന്റെ പ്രത്യയ ശാസ്ത്രം വിശദീകരണം സാധ്യമാക്കിയത്. സാമൂഹ്യപദവികളുടെ എണ്ണമറ്റ

വൈവിധ്യങ്ങൾ നൽകിക്കൊണ്ട് ശരീരത്തിന്റെ സ്വത്വവിശകലനം സാധ്യമാക്കുകയാണ് ചെയ്തത്. സാമൂഹ്യശാസ്ത്രപരമായി ശരീരം ഒരു സാമൂഹ്യനിർമാണോപകരണമാണ്. ശരീരത്തിന്റെ അനിഷേധ്യമായ സാമൂഹ്യപദവിക്ക് കാരണം അത് വളരുകയും വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു എന്നാണ്. (എം.എം.സിദ്ധിഖ് 89)

### 4.2.1 ഉടലെഴുത്ത്

പ്രത്യയശാസ്ത്രവിവക്ഷകളിൽ കുരുങ്ങാതെ പെൺമയെ സമർത്ഥനം ചെയ്യുക എന്നത് ഉടലെഴുതുമ്പോഴുള്ള പ്രവർത്തനമാണ്. കേന്ദ്രസ്ഥമായ ആശയങ്ങൾ തീക്ഷ്ണസ്വരത്തിലുള്ള വികാരവിചാരാവിഷ്കാരങ്ങൾ, പരീക്ഷണങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ, ചരിത്രങ്ങൾ എന്നിവയെ അഭിസംബോധന ചെയ്യുന്നു.

സരസ്വതിയമ്മ പ്രതിരോധിക്കാൻ സ്ത്രീസ്വത്വബോധത്തെ രചനയിലുടനീളം അവതരിപ്പിച്ചു. അത് കുടുംബം, വിവാഹം, മാതൃത്വം തുടങ്ങിയ സ്ഥാപനങ്ങൾ എങ്ങനെ അധികാരം ചെലുത്തി സ്ത്രീസ്വത്വത്തെ മാറ്റിമറിക്കുന്നു എന്നതാണ് വെളിപ്പെടുത്തുന്നതെങ്കിൽ മാധവിക്കുട്ടി പ്രതിരോധം തീർക്കാൻ വ്യത്യസ്ത ആഖ്യാന മാതൃകകളെയാണ് സ്വീകരിക്കുന്നത്. സ്ത്രീയുടെ ശരീരശാസ്ത്രപരമായ ബിംബവൽകരണത്തിലൂടെ എഴുത്ത് ശരീരമെഴുത്തിന്റെ സംബന്ധിച്ചുള്ള അറിവ് സ്ത്രീവാദ നിരൂപകർ എടുത്തവതരിപ്പിക്കുന്നത്. സാഹിത്യപരമായും സാമൂഹ്യപരമായുള്ള ഘടനയിൽ സ്ത്രീശരീരം എങ്ങനെ പ്രതിപാദിക്കപ്പെടുന്നു എന്നത് പ്രധാനമാണ്. എഴുത്തിലെ ശരീരമാണ് ശരീരത്തെപ്പറ്റിയുള്ള എഴുത്തല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്. സ്നേഹത്തെ ശരീരം കൊണ്ടന്വേഷിക്കുമ്പോൾ ശരീരത്തിനാണോ സ്നേഹത്തിനാണോ മുൻതൂക്കം. (രാജീവ്കുമാർ എം., 143)

മാധവിക്കുട്ടി സ്ത്രീസ്വത്വവും മറ്റ് പ്രശ്നങ്ങളും ശരീരത്തെ എഴുത്തിലേക്ക് സംക്രമിപ്പിച്ചുകൊണ്ടുള്ള രീതിയാണ് സ്വീകരിക്കുന്നത്. അവരുടെ രചനകളിൽ ഉടച്ചുവാർക്കുന്ന ഉടലെഴുത്തുകളിലൂടെ ചുമരുകൾക്കുള്ളിലെ രാഷ്ട്രീയം സമൂഹവുമായി സംവദിക്കുന്നു. സ്ത്രീ, പക്ഷിയുടെ മണം, കല്യാണി, ചന്ദനമരങ്ങൾ, സോനോഗാച്ചി തുടങ്ങിയവ ഉദാഹരണങ്ങളാണ്. സ്നേഹം ശരീരത്തിന്റെ കൂടി ആവശ്യമാണെന്ന തോന്നലിൽ ജീവിക്കുകയും അത്തരം ചിന്തകളെ ഭയത്തിന്റെ അനുരണനത്തിൽ ഒളിപ്പിക്കാൻ വിധിക്കപ്പെടുകയും ചെയ്യുന്ന സ്ത്രീയുടെ

കാമനകളെ അവതരിപ്പിക്കുകയാണ്. സ്നേഹവും അതിന്റെ അഭാവവും പല രൂപത്തിൽ സ്നേഹത്തിന്റെ രാഷ്ട്രീയം മാധവിക്കുട്ടിയുടെ കഥകളിൽ വന്നു ചേരുന്നു. "മാധവിക്കുട്ടി എന്നും സ്നേഹത്തിനായി തെരഞ്ഞു." ശരീരത്തിന് പുറത്തു കടന്ന് ഒരു വരി പോലും എഴുതാൻ അവർക്ക് കഴിഞ്ഞില്ലെന്ന് കൂടാതെ ശരീരത്തിനകത്തുകടന്ന് ഒരു വാക്കുപോലും ആഘോഷമാക്കാനറിയാത്തവൾ എന്ന് മാധവിക്കുട്ടിയെക്കുറിച്ച് അഷിത പറഞ്ഞ വരികളാണ്.

> "ശരീരത്തെക്കുറിച്ചുള്ള സ്ത്രീയെഴുത്ത് മലയാളത്തിൽ പുരുഷാധിപത്യ സങ്കൽപങ്ങളെ അഭിമുഖമായി, എതിർനിലയിൽ നിർത്തിക്കൊണ്ടാണ് പൊതുവേ കടന്നുവരാറ്. സ്ത്രീ/പുരുഷ അപരങ്ങൾക്കകത്താണ് അല്ലെങ്കിൽ അത്തരം അപര നിർമിതിയിലൂടെയാണ് സ്ത്രീശരീരം ആഖ്യാനം ചെയ്യപ്പെടാറ്. പ്രതിരോധമെന്ന ഒരു ആവശ്യാത്മകബോധം ഇത്തരം രചനകളെ വ്യാഖ്യാനിച്ചെടുക്കാവുന്ന ഒരു തലം അവ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു (മുടിത്തെയ്യമുറയുമ്പോൾ). ആവിഷ്കാരത്തേക്കാൾ അല്ലെങ്കിൽ അത്രതന്നെ പ്രബലമാവുന്ന ഘടകം പ്രതിരോധമാകുന്നു. ശരീരത്തെ സ്വാഭാവികമായി എഴുതുക എന്നത് ഏറെക്കുറെ അസാധ്യമാണ്. ചെറുത്തുനിൽപ്പിന്റെ അടയാളമായിക്കൊണ്ടേ ശരീരം എഴുതാനാവൂ എന്നൊരവസ്ഥ ഇതിനോടകം സ്ത്രീരചനകളിൽ പ്രബലമായിട്ടുണ്ട്." (ഉഷാകുമാരി.ജി 90) ശരീരത്തെ സംബന്ധിച്ച് സ്ത്രീകൾ ആലോചിക്കുന്നത് കുറ്റകരമായി കരുതിയിരുന്ന ഒരു സമൂഹമധ്യത്തിലാണ് സ്ത്രീ മാറിപ്പെരുമാറണമെന്ന് മാധവിക്കുട്ടിയുടെ കഥകൾ ആഖ്യാനം ചെയ്യുന്നത്.

"ശരീരത്തെ പരിത്യജിച്ചാൽ ശരീരത്തിന്റെ മരണമുള്ള അഭിമാനത്തെ മാത്രമേ ആ പരിത്യാഗം തകർക്കുകയുള്ളൂ. പക്ഷേ ഇത്തരത്തിലുള്ള പരിത്യാഗം ആത്മാവിന്റെ അഭിമാനത്തെ നശിപ്പിക്കുന്നു എന്നന്നേക്കുമായി." (ചതുരംഗം) ഇത്തരം സന്ദർഭങ്ങൾ ഉത്തമോദാഹരണമാണ്.

ഉടലടയാളങ്ങളുടെ പാഠനിർമിതിയിലൂടെ സ്ത്രീയുടെ ശരീരത്തിലും അബോധത്തിലും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന ആനന്ദാനുഭവങ്ങൾ വീണ്ടെടുക്കപ്പെടുകയാണ്. അത് എഴുത്തിലേക്ക് സന്നിവേശിപ്പിക്കുമ്പോൾ ഉടലൊരു

ഭൂപടമായിത്തീരുന്നു. ഉടലെഴുത്തിന്റെ അതിരുകളാകട്ടെ സ്നേഹവും രതിയുമാകുന്നു. കാമനകളും ജന്മവാസനകളും സ്വതന്ത്രവിഹാരം നടത്തുന്ന ഒരു സാമ്രാജ്യമായി ഉടൽ പരിവർത്തിക്കപ്പെട്ടുകൊണ്ടാണ് സ്ത്രീയുടെ ആനന്ദാനുഭവം എഴുത്തിലേക്ക് സന്നിവേശിക്കപ്പെടുന്നത്. (ജയപ്രകാശ്.പി. 80)

"നീ എന്നിൽ പ്രവേശിച്ചപ്പോൾ
നിന്റെ ശരീരം നിന്റെ ഗൃഹമായി
ഈ ആത്മാവ് നിന്റെ ശയ്യാഗൃഹം"

പ്രണയവും രതിയും നിർവൃതിയും കൂടിക്കലർന്ന ആത്യന്തികാനുഭവത്തെ കിനാവ് കണ്ട രാധയിൽ, ഉടൽ ആത്മീയാന്വേഷണത്തിനുള്ള ഉപാധി കൂടിയായി പരിഗണിക്കപ്പെടുന്നു. "സ്ത്രൈണമായ ആനന്ദാനുഭവങ്ങളുടെ ഭാഷാപരമായ സാധ്യത തേടുമ്പോൾ തീർച്ചയായും അത് ലൈംഗികതയുടെ രാഷ്ട്രീയമായും മാറുന്നു, സ്വത്വപൂരണത്തിന്റെ സാധ്യതയെന്ന നിലയിൽ ലൈംഗികത അതിന്റെ സർവവിധ മാസ്മരികതയോടുകൂടി മാധവിക്കുട്ടിയുടെ രചനാലോകത്ത് ചർച്ച ചെയ്യപ്പെടുന്നു." (ജയപ്രകാശ്.പി 80)

### 4.2.2 ശരീരവും സ്വത്വബോധവും

ശരീരത്തെ സംബന്ധിച്ച് സ്ത്രീകൾ ആലോചിക്കുന്നത് കുറ്റകരമായി കരുതിയിരുന്ന സദാചാരസമൂഹത്തിൽ സ്ത്രീ മാറിപ്പെരുമാറണമെന്നാണ് മാധവിക്കുട്ടിയുടെ കഥകൾ ആഖ്യാനം ചെയ്യുന്നത്. ശരീരത്തിന്റെ വിലയിടിഞ്ഞുകാണാൻ ഒരു സ്ത്രീയും ആഗ്രഹിക്കുന്നുണ്ടാവില്ല. 'അവശിഷ്ടങ്ങൾ' എന്ന കഥയിൽ മാധവിക്കുട്ടി പറയുന്നു. "ശരീരത്തിന്റെ വിലയിടിഞ്ഞുകഴിഞ്ഞാൽ സ്ത്രീ സതിയായി മാറുകയും ചെയ്യും. സാങ്കൽപ്പികമായ ചിതാഗ്നിയിൽ അവൾ കത്തിനശിക്കും. അതിനാൽ ശരീരത്തെ ഒരിക്കലും അവഗണിക്കാനാവില്ല എന്നാണ് നിരീക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ കഥാകാരി ശരീരത്തെ കഥയുടെ കേന്ദ്രസ്ഥാനത്ത് കൊണ്ടുവന്ന് പ്രതിഷ്ഠിച്ചു. അപ്പോൾ നമ്മുടെ യാഥാസ്ഥിതികവാദികൾ അതിനെ ലൈംഗികതയായി ചിത്രീകരിച്ചത് നാം കണ്ടതാണ് എന്ന് ബാലചന്ദ്രൻ വടക്കേടത്ത് (25) ഉന്നയിക്കുന്നു.

അകത്തിന്റെ ആളായിട്ടാണ് സ്ത്രീയെ എല്ലാ സമൂഹങ്ങളും രൂപപ്പെടുത്തിയിരുന്നതെന്ന് ചരിത്രപരമായി കാണാം. എന്തോ ഒന്നിന്റെ വീടിന്റെ അകത്തിരിക്കുന്ന

ആളിന് ചലനമല്ല ആവശ്യം. അധികം ചലിക്കാത്ത ശരീരഘടനയാണ്. വിധേയത്വവും അനുസരണ പ്രകടിപ്പിക്കാനുള്ള അടക്കവും ഒതുക്കവുമാണ് വേണ്ടത്. കേരളത്തിന്റെ സാമൂഹികതയിൽ ജാതിശരീരത്തിന്റെ ചലനത്തെ സവിശേഷമായി മെരുക്കുന്നതായിരുന്നു ഓരോരുത്തർക്കും നിശ്ചിത ഇടങ്ങളും തീണ്ടാപ്പാടകലങ്ങളും നൽകിയ ജാതിയുടെ യുക്തിയെ പൊളിച്ചുകളഞ്ഞാണ് നവോത്ഥാനം സാധ്യമാവുന്നത്. ശരീരത്തെ കെട്ടിയിടുന്ന ജാതിപാരമ്പര്യത്തെ പൊട്ടിക്കുന്നത് ആധുനികതയും നവോത്ഥാനവുമാണ്. ജാതിയുടെ പാരമ്പര്യയുക്തികൾ പൊട്ടിക്കപ്പെട്ടപ്പോഴും ലിംഗ ഘടനയുടെ അതിരുകൾ സവിശേഷമായി നിർമിക്കപ്പെടുകയായിരുന്നു എന്ന് യാക്കോബ് തോമസ് (2010;150) വ്യക്തമാക്കുന്നത്.

ശരീരത്തിന് മേലുള്ള ലിംഗപരമായ മേൽകോയ്മയാണ്, മുടിത്തെയ്യ മുറയുന്നു എന്ന കഥയിലെ പ്രശ്നം. കൊളോണിയൽ ചിന്തയുടെ ഭാഗമായി ശരീരത്തെ സംസ്കാരവൽകരിച്ചപ്പോൾ മനുഷ്യന്റെ സ്വത്വം കേവലം ശരീരത്തിലേക്ക് ഒതുക്കപ്പെട്ടു. പ്രകൃതിദത്തമായി നമുക്ക് ലഭിക്കുന്ന ശരീരത്തിന് മുകളിൽ മനുഷ്യൻ കെട്ടിപ്പടുക്കുന്ന മറ്റൊരു ശരീരമായാണ് സംസ്കാരത്തെ കണക്കാക്കപ്പെടുന്നത്.

സ്ത്രീത്വം പുരുഷത്വം ഇവ സംബന്ധിച്ച പരമ്പരാഗത ധാരണകളെ സരസ്വതിയമ്മ ചോദ്യം ചെയ്യുന്നുണ്ട്. മരം കയറുന്ന, സിഗരറ്റ് വലിക്കുന്ന വിലാസിനിയെ പുരുഷത്വമാണുള്ളത് എന്നാരോപിക്കുന്നവരെ അന്നപൂർണി കളി യാക്കുന്നുണ്ട് പെൺബുദ്ധി എന്ന കഥയിൽ. “ഈ ലാസിമഹാകള്ളിയാണ്. പുരുഷത്വം പോലും! ആ പറഞ്ഞവനെന്തോ തരക്കേടുണ്ട്. ലാസിയെപ്പോലെ സ്ത്രീത്വം ഞാൻ ഒറ്റ ഒരുത്തിയിലും കണ്ടിട്ടില്ല. എന്തിനാണിങ്ങനെ ലാസി അന്യരെ തെറ്റിദ്ധരിപ്പി ക്കുന്നത്?....” അതിനു മറുപടിയായി വിലാസിനി വായ്ക്കകത്ത് അടച്ചിരുന്ന പുക അവളുടെ മുഖത്തേക്ക് വിട്ടു. കണ്ടില്ലേ സ്ത്രീത്വം പുകയായി വരുന്നത്? പിടിച്ചോളൂ എന്ന് പറഞ്ഞ് എല്ലാവരും അന്നപൂർണ്ണിയെ കളിയാക്കി.

‘ഒരേഒരുരാത്രി’ എന്ന കഥയിൽ സ്ത്രീകഥാപാത്രത്തിനെക്കൊണ്ട് എഴുത്തുകാരി സമൂഹത്തിനുമുമ്പാകെ സംസാരിപ്പിക്കുന്നുണ്ട്. “പക്ഷേ, നിങ്ങൾ ആണുങ്ങളുടെ കൈയ്യിൽ ഒരു വലിയ തരക്കേടുണ്ട്. തീർച്ചയായും നിങ്ങൾ ആ കൂട്ടത്തിൽ അല്ലെന്നു എനിക്കിപ്പോൾ മനസ്സിലായി. പലർക്കും വെറും സ്നേഹിതയായി മാത്രം സ്ത്രീയായി സ്നേഹിക്കാനറിഞ്ഞുകൂട. അവരുടെ

സൗഹൃദത്തിന്റെ തലത്തിലെപ്പോഴും ലിംഗവ്യത്യാസത്തെ അടിസ്ഥാന പ്പെടുത്തിയുള്ള കാഴ്ച്ച പുകഞ്ഞുകിടക്കും....."

"സ്വത്വബോധത്തിനും സാമൂഹ്യമായ വ്യതിരിക്തതക്കും ശരീരം ഒരു പ്രധാന നിദാനമാണ്. തികച്ചും നിഷ്ക്രിയമായൊരു പ്രതിഭാസമല്ല ശരീരം. സമൂഹത്തിൽ പ്രതീകാത്മകമായ പലതും നിർമിച്ചെടുക്കുവാൻ ശരീരത്തിന് കഴിവുണ്ട്. സാമൂഹ്യ ജീവിതത്തിന്റെ സംഘാടകത്വത്തിനും രാഷ്ട്രീയ സാമ്പത്തിക പരിവർത്തനങ്ങൾക്കും ശരീരം ഒരു പ്രധാനഘടകം തന്നെ. സാമൂഹ്യശാസ്ത്രകാരനായ ബോർദിയോവിന്റെ ശാരീരികക്ഷമത എന്ന ആശയം ശരീരകേന്ദ്രീകൃതമായ സാമൂഹ്യദർശനമാകുന്നു. വൈയക്തികമായ അസമത്വത്തിനും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവു മായ ശ്രേണീകരണങ്ങൾക്ക് ശരീരം കാരണമാവുന്നുണ്ട്." (ഗിരീഷ്.പി.എം. 23) സമൂ ഹത്തിൽ പ്രതീകാത്മകമായ പലതും നിർമിച്ചെടുക്കാൻ ശരീരത്തിന് കഴിയുന്നുണ്ട് എന്ന ഈ ആശയം മാധവിക്കുട്ടിയുടെ രചനകളിൽ ചേർത്തുവെക്കാവുന്നതാണ്.

എഴുത്തുകളിലെ ജാതി, ലിംഗസ്വത്വസംഘർഷങ്ങൾ ആവിഷ്കരിക്കുന്ന ശരീര മാതൃകകളിൽ ശരീരം കൂടുതൽ ആഖ്യാനസൂചകമായി നിരന്തരം പ്രശ്നവത്കരിക്കപ്പെടുന്നത് കാണാം. ശരീരം സമകാലിക സാംസ്കാരിക സന്ദർഭങ്ങളുമായി കലഹിക്കുന്നത്. വ്യക്തിയുടെ രാഷ്ട്രീയായുധം തന്നെയാണ്. പരമ്പരാഗതമായ രീതികളേയും ആൺകോയ്മ വ്യവഹാരങ്ങളേയും തച്ചുടക്കുന്നരീതിയിലുള്ള ആവിഷ്കാരത്തിന് പ്രാധാന്യം നൽകി. ശരീരരാഷ്ട്രീയം പലമാനങ്ങളിൽ മാധവിക്കുട്ടിയുടെ കഥകളിൽ ആവിഷ്കൃതമാകുന്നു.

## 4.3 ലിംഗരാഷ്ട്രീയം

സാമൂഹികപദവികളുടെ എണ്ണമറ്റ വൈവിധ്യങ്ങൾ നൽകിക്കൊണ്ട് ശരീരത്തിന്റെ സ്വത്വവിശകലനം സാധ്യമാക്കുകയായിരുന്നു നവീനലോകം. അങ്ങനെയാണ് ലിംഗപരമായ സ്വത്വവിശകലനത്തിന് ശ്രദ്ധ കൈവരുന്നത്. ഈ ആശയസമരം സ്ത്രീവാദപരവും സ്വവർഗലൈംഗിക-സ്വതന്ത്രലൈംഗികവാദപരവും പുരുഷ-സ്ത്രീ ദ്വന്ദ്വതലങ്ങളും പഠനത്തിന് വഴിയൊരുക്കി.

### 4.3.1 പെൺ-പെൺ ഇടങ്ങൾ

പുരുഷൻ, സ്ത്രീ എന്നീ പഠനങ്ങളും വിമതപഠനങ്ങളും ഉണ്ടാവുന്നതിന്

എത്രയോ മുമ്പുതന്നെ സരസ്വതിയമ്മ വിവിധ ലിംഗകർതൃത്വങ്ങളെക്കുറിച്ച് ആവിഷ്ക രിച്ചിട്ടുണ്ട്. സരസ്വതിയമ്മക്ക് പുറകേ മാധവിക്കുട്ടി, സാറാ ജോസഫ്, കെ.ആർ.മീര തുടങ്ങിയ എഴുത്തുകാരികളും ഇത്തരം പ്രമേയങ്ങൾ കഥക്ക് വിഷയമാക്കിയിട്ടുണ്ട്.

സരസ്വതിയമ്മ പെൺ-ആൺ സ്നേഹബന്ധത്തെ ഒട്ടേറെ കഥകളിൽ അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ തന്റെ കഥാപാത്രങ്ങളെക്കൊണ്ട് പുരുഷസ്നേഹത്തിന് പകരം തനിക്കാവശ്യം സ്ത്രീസ്നേഹമാണ് എന്ന് പറയിപ്പിക്കുന്നുണ്ട്. രമണി, സ്വർഗ്ഗ ദ്വാരം, ചോലമരങ്ങൾ, വിവാഹാഭിലാഷം, സഫലമാവാത്തതിൽ നിരാശരാകാതെ, അന്യർക്ക് തണലേകുന്ന ചോലമരങ്ങൾ പോലെ സേവനനിരതരായി ജീവിതം നയി ക്കുന്നവരാണ് മധു-ലില്ലിക്കുട്ടിമാർ. സ്ത്രീയുടെ ജീവിതസാഫല്യം ദാമ്പത്യം, മാതൃത്വം തുടങ്ങിയ ഇടങ്ങളിൽ മറ്റൊരു മൂല്യസങ്കൽപത്തിൽ അധിഷ്ഠിതമായ സ്തീപക്ഷചിന്തകളിലൂടെ സമൂഹത്തിൽ പ്രവർത്തിച്ച ലിംഗാവബോധങ്ങളെ പുറമേക്ക് കൊണ്ടുവരുന്നു.

സ്വർഗ്ഗദ്വാരം എന്ന കഥ കന്യാസ്ത്രീമഠവും പരിസരവുമാണ്. ചില കാര്യങ്ങളെ മഠത്തിലെ രീതി സുഭദ്രയെ അമ്പരപ്പും അൽഭുതവുംകൊണ്ട് അസ്വസ്ഥയാക്കി. പിരിഞ്ഞിരിക്കാൻ വയ്യാത്ത പ്രാണസഖികളും കണ്ടമാനം വാൽസല്യം നൽകുന്ന അധ്യാപകരുമില്ലാതെ അവൾ പള്ളിക്കൂടത്തിൽ പഠിച്ചിട്ടില്ല. പക്ഷേ, ഇതിനകത്ത് സഖിത്വം നിഷിദ്ധവസ്തുവാണ്. വെളിയിൽനിന്ന് വരുന്ന വിദ്യാർത്ഥികൾക്ക് അവിടുത്തെ താമസക്കാരായ സതീർത്ഥ്യകളുമായി തീരെ അടു പ്പമുണ്ടായിക്കൂടാ, അവിടെ താമസിക്കുന്ന അധ്യാപികമാർക്ക് വിദ്യാർത്ഥികളോ ടുള്ള സൗഹൃദത്തിന് വിലക്കുണ്ടായിരുന്നു. ഈ നിയമങ്ങൾ ഗ്രഹിക്കുന്നതും അനു സരിക്കുന്നതും വളരെ ദുഷ്കരമായി സുഭദ്രക്ക് തോന്നി.

വ്യക്തിപരമായ താൽപര്യങ്ങളെല്ലാം അടിച്ചമർത്തി സാമൂഹ്യ സേവനത്തിനായി ഒരുങ്ങുന്നവർക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും അനുഭവ ങ്ങളും കന്യാമഠത്തിലെ നിയമങ്ങളേയും സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നു. സുഭദ്ര മിഴിച്ചിരുന്നു. തന്റെ എഴുത്തുകാരിയില്ലെങ്കിൽ ചത്തുപോവുമെന്നെഴുതാ റുള്ള സ്നേഹിതകളെപ്പറ്റി അവൾ ഓർമിപ്പിച്ചു. ആ സ്നേഹം തടയപ്പെടേണ്ട ഒരു തെറ്റാണെന്ന് അവൾ ഇവിടെവെച്ച് ആദ്യമായി അറിയുകയാണ്. പൊതുസമൂഹം അംഗീകരിക്കാത്ത അധികാരസ്ഥാപനങ്ങളും നിലപാടുകളും വ്യവസ്ഥകളേയും കഥകൾ അവതരിപ്പിക്കുന്നു.

സമീപകാലത്താണ് സ്വവർഗാനുരാഗികളുടെ ലോകത്തേയും അവകാശ ങ്ങളേയുംപ്പറ്റി പൊതുസമൂഹം ചിന്തിച്ചുതുടങ്ങിയത്. അതിനുമെത്രയോ മുമ്പ് സരസ്വതിയമ്മയുടെ കഥകളിൽ ഇത്തരം പ്രമേയങ്ങൾ സ്വീകരിച്ചിരുന്നെങ്കിലും മാധവിക്കുട്ടിയിലൂടെയാണ് ശ്രദ്ധിക്കപ്പെട്ടത്. ചന്ദനമരങ്ങൾ, നപുംസകങ്ങൾ തുടങ്ങിയ കഥകളിലൂടെ അവതരിപ്പിച്ചത് പൊതുസമൂഹമധ്യേ സ്ത്രീകളായിത്തന്നെ കഴിഞ്ഞുകൂടുകയും വിവാഹിതരാവുകയും വിവാഹമോചിതരാവുകയും അമ്മമാ രാവുകയൊക്കെ ചെയ്യുമ്പോഴും സ്വവർഗാനുരാഗികളായി മാനസികമായി ദ്വന്ദ്വ വ്യക്തിത്വങ്ങൾ കാത്തുസൂക്ഷിക്കുന്നവരായി ജീവിക്കേണ്ടിവന്നവരായിരുന്നു ഇവ രുടെ കഥാപാത്രങ്ങൾ. ശാരീരികമായിപ്പോലും ആണെന്നോ പെണ്ണെന്നോ തിരിച്ച റിയാനാവാതെ സംഘർഷങ്ങളനുഭവിക്കുന്നവരുടെ ലോകമാണ് മാധവിക്കുട്ടി നപും സകങ്ങളിലൂടെ പകർത്തിവെക്കുന്നത്.

ജനിതകമായാലും ആന്തരികാവയവപരമായും ബാഹ്യപ്രകൃതിപരമായും മാത്രമല്ല, മാനസികമായും നിർണയിക്കപ്പെടുന്നതാണ് ഒരുവന്റെ/ഒരുവളുടെ ലിംഗ പരത. ഇവയെല്ലാം തമ്മിൽ പരസ്പരവൈരുദ്ധ്യവും ഏറ്റുമുട്ടലുകളും കൈകട ത്തലുകളും അരങ്ങേറുന്ന നിസ്സഹായമായ ഒരു വിഭാഗം ന്യൂനപക്ഷമെങ്കിലും അവഗണിക്കപ്പെടേണ്ടവരല്ല എന്ന ചിന്ത കഥ വ്യക്തമാക്കുന്നു.

സമൂഹം ഭീതിയോടെയും അറപ്പോടെയും നോക്കിക്കാണുന്ന വിമതവി ഭാഗക്കാർ തന്നെ വിശേഷാവസരങ്ങളിൽ ആടാനും കൊട്ടിപ്പാടാനും ക്ഷണിക്കപ്പെ ടുന്നതിലൊരു ഐറണിയുണ്ട്. ഇല്ലങ്ങളിലെ ഉണ്ണികൾക്ക് നാവേറ് കൊട്ടിപ്പാടുന്ന അധഃകൃതനായ പുള്ളുവന്റെ കൂടുതൽ അധമവൽകരിക്കപ്പെട്ട ഉത്തരേന്ത്യൻ പ്രതി രൂപങ്ങളാണവ. (ഖദീജ മുംതാസ് 93) ഞങ്ങൾ കുട്ടികളെ കക്കുന്നവരല്ല, തള്ളേ, രാം കിങ്കരി പറഞ്ഞു. കുട്ടികളെ കുടുംബക്കാർ ഞങ്ങൾക്ക് വിൽക്കാറുണ്ട്. നല്ല സംഖ്യക്ക് വാങ്ങിക്കുകയല്ലാതെ കട്ടെടുക്കുന്ന സമ്പ്രദായം ഞങ്ങൾക്കില്ല. നപുംസ കങ്ങൾക്ക് നിങ്ങളുടെ കൂട്ടരേക്കാൾ നേരും നെറിയുമുണ്ട്. ഞങ്ങൾ ഭൂമീദേവിയുടെ മക്കളാണ്. സമൂഹം പാർശ്വവൽകരിക്കുന്ന വിഭാഗമായി ഇവരെ അടയാളപ്പെടു ത്തുന്നത് കാണാനാവും.

രമണി എന്ന കഥ സുഷമ-ശാന്തി എന്നിവരുടെ സൗഹൃദബന്ധവും പെൺമനസുകളെയുമാണ് ആവിഷ്കരിക്കുന്നത്.

"കുറ്റങ്ങളൊക്കെ ഞാനേറ്റുകൊള്ളാം
തെറ്റിദ്ധരിക്കരുതെങ്കിലും നീ
നിന്നിലുപരിയായില്ലതൊന്നും
മന്നിലെനിക്കെന്റെ ജീവിതത്തിൽ" (65)

സരസ്വതിയമ്മയുടെ 'രമണി' എന്ന കഥാപാത്രം ഒടുവിൽ പറഞ്ഞത് കള്ളം. അതെന്നെ മുറുകെ കെട്ടിപ്പിടിച്ചുകൊണ്ട് സുഷമ പറഞ്ഞു. എങ്കിലും ഞാനൊരു കൂട്ടുകാരിയേയും ഇത്ര വളരെ സ്നേഹിച്ചിട്ടില്ല. സുഷമയും ശാന്തിയും തമ്മിലുള്ള സൗഹൃദം കഥയിൽ വ്യക്തമാക്കുന്നു. "ലാഭമെല്ലാം അവന്, നഷ്ടം മുഴുവൻ അവൾക്കും. അവളുടെ വിശുദ്ധി നശിച്ചു. അപമാനിതയായി. ഹൃദയം വൃണപ്പെട്ടു. പുരുഷൻ സർവസ്വതന്ത്രനല്ലേ. അനുഭവൈക്യവേദ്യമായ രസം കിട്ടു ന്നത്രയും നല്ലത്. രക്ഷകർത്താക്കളുടെ ശാപം, ലോകരുടെ നിന്ദ, വെറുപ്പ്, അപവാദം, അപരാധം, ദുഷ്പേര് ഇതിലെല്ലാം കഷ്ടതരമായി ചിലപ്പോൾ ശിശുരൂപത്തിൽ ദൈവ ശിക്ഷയും. ഇതെല്ലാം അവൾക്ക് സാമൂഹ്യവ്യവസ്ഥയിൽ പ്രണയത്തിന്റെ പാർശ്വ ഫലങ്ങളായാണ് അനുഭവിക്കേണ്ടിവന്നത്. ഓരോ സാമൂഹ്യവ്യവഹാരങ്ങളിലും സ്ത്രീയെ വിവിധ കള്ളികളിലൊതുക്കുന്ന അവബോധത്തെ അവതരിപ്പിച്ച് സ്ത്രീസ്വാതന്ത്ര്യത്തെ ചർച്ച ചെയ്യുന്നു.

"എന്റെ ശാന്തി, കവികൾ ചായം പിടിപ്പിച്ച് കാണിക്കുന്ന ദിവ്യപ്രേമം ഈ ലോകത്തെങ്ങും ഇല്ലേയില്ല. സുഷമ വീണ്ടും രമണന്റെ വിമർശനത്തിലെ നിലപാടുകൾ പങ്കുവെച്ചു. നോക്കൂ, ശാന്തീ. സമ്പൂർണപ്രേമസിദ്ധി അവളെക്കൊണ്ട് പച്ചിലക്കൊമ്പിൽ കോട്ടിക്കും. പക്ഷേ അതിലൊരു നുള്ളുപോലും വിഴുങ്ങുകയില്ല. അച്ഛനമ്മമാരെ ധിക്കരിച്ച് കീഴ്ജാതിക്കാരന്റെ കൂടെ ചാടിപ്പോയ പെണ്ണിനെ കണ്ടാൽ ആളുകൾ ഒഴിഞ്ഞു മാറും. അങ്ങാടിപ്പിള്ളേർ കല്ല് പെറുക്കി എറിയും. എന്റെ ശാന്തീ, ഏട്ടിലെ പശു ഒരിക്കലും പുല്ല് തിന്നുകയില്ല. അവളെ പ്രേമത്തിനുവേണ്ടി സുഖബലി കഴിച്ച ദേവിയായിട്ടല്ല കാമപൂർത്തിക്ക് കർതവ്യം മറന്ന കുലടയായിട്ടേ ലോകം കാണു കയുള്ളൂ. ഇത്തരത്തിൽ സാമൂഹ്യവീക്ഷണവും സൗഹൃദബന്ധവും എല്ലാംകൂടി സംഘർഷം അനുഭവിക്കുന്ന കഥാപ്രമേയമാണ് എഴുത്തുകാരി അവതരിപ്പിക്കുന്നത്.

സ്ത്രീയെ കുലടയായിട്ടേ ലോകം കാണുകയുള്ളൂ എന്ന വാചകത്തിലൂടെ സ്ത്രീപദവി, സ്ത്രീപ്രശ്നങ്ങൾ എന്നിവ പ്രതിനിധാനം ചെയ്യുന്നു. 'അവിവാഹിതത്വത്തിന് ബ്രഹ്മചര്യമെന്ന അർത്ഥം അവരുടെ നിഘണ്ടുവിലെങ്ങുമില്ല.

കമിതാവെ കൊല്ലാനും ഗർഭിണിയെ കന്യകയാക്കാനും വേശ്യയെ സതിയാക്കാനും അപരാധിയെ നിരപരാധിയാക്കാനും എന്നല്ല ലോകരുടെ കണ്ണിൽ എല്ലാവിധത്തിലും മണ്ണിടാനും പണത്തിന് കഴിയും." സുഷമ വളരെ വ്യക്തമായ സാമൂഹ്യാവബോധ ത്തെയാണ് സുഹൃത്തിന് മുന്നിൽ നിരീക്ഷണത്തിന് വിട്ടുകൊടുക്കുന്നത്.

ലിംഗബന്ധത്തിന്റെ വ്യത്യസ്താവതരണത്തിലൂടെ മാധവിക്കുട്ടിയുടെ രചനകൾ സമൂഹവുമായി സംവദിക്കുന്നു. അസംതൃപ്തദാമ്പത്യത്തിന്റെ കഥകളിൽ പ്രത്യക്ഷമാവുന്ന വിരുദ്ധധ്രുവങ്ങളിൽ സ്ഥിതി ചെയ്യുകയാണ്. അസംതൃപ്തരായ ഭാര്യമാർ, സ്വാർത്ഥരായ ഭർത്താക്കന്മാർ, സ്നേഹശക്തിയുള്ള ഭാര്യമാർ, കാമാസ ക്തരായ ഭർത്താക്കന്മാർ, താരുണ്യവതികളായ ഭാര്യമാർ, വാർധക്യം ബാധിച്ച ഭർത്താക്കന്മാർ, പതിനഞ്ചാം വയസിൽ വിവാഹിതരായ ഭാര്യമാർ, കാമുകന്മാരെ ഇഷ്ടപ്പെടുന്ന ഭാര്യമാർ തുടങ്ങി വൈവിധ്യതലങ്ങൾ അവതരിപ്പിക്കുന്നു. (രാജീവ്കുമാർ എം. 54)

> പെൺപെൺ ബന്ധങ്ങളിലൂടെ അവരുടേതായ സ്വകാര്യതകളും ചിന്തകളും സങ്കൽപങ്ങളുമെല്ലാം കൈമാറ്റം ചെയ്യുന്നു. "പെൺപെൺ ബന്ധങ്ങളോട് അത്ര ഉദാരമായ കാഴ്ചപ്പാടല്ല പുരുഷാധിപത്യ വ്യവസ്ഥയിൽ നിലനിൽക്കുന്നത്. സ്ത്രീകൾ തമ്മിലുള്ള സൗഹൃദ ത്തിന്റെ ശക്തമായ വൈകാരികപ്രകടനത്തെ സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും കർശനമായി വിലക്കുകയും ചെയ്യുന്ന സാമ്പ്രദായിക മൂല്യബോധമാണ് ഇവിടെയുള്ളത്. സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹബന്ധമാണ് സ്വാഭാവികമായും യാഥാർത്ഥ്യമായതെന്നും മറ്റെല്ലാം പ്രകൃതിവിരുദ്ധമാണെന്നും നിശ്ചയിക്കപ്പെട്ട ഒരു വ്യവസ്ഥി തിയാണ് നിലനിൽക്കുന്നത്." (കനകലത കെ., 182)

പെൺസൗഹൃദങ്ങൾ, സ്ത്രീജന്മം, അവിവാഹിതന്റെ അശ്രുക്കൾ, പകലും രാവും, പനിനീർപ്പൂവുകൾ, വിശ്രമമുറി, ഒരുക്കത്തിന്റെ ഒടുവിൽ തുടങ്ങി ഒട്ടേറെ കഥകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. സൗഹൃദബന്ധത്തെ പെൺപെൺ, ആൺആൺ എന്നതിന് പുറമേ ആൺപെൺ ബന്ധാഖ്യാനങ്ങളും രചനകളിൽ കണ്ടെടുക്കാം. ഒരേയൊരു രാത്രി, ഡബിൾ ആക്റ്റ്, പെൺബുദ്ധി തുടങ്ങിയ കഥകൾ ആൺപെൺ സൗഹൃദത്തിന് ഉത്തമോദാഹരണമാണ്.

രവീന്ദ്രൻ എന്ന പുരുഷന്റെ കണ്ണിലൂടെ രണ്ട് സ്ത്രീകൾ തമ്മിലുള്ള അസാധാരണബന്ധത്തെയാണ് സ്ത്രീ ആവിഷ്കരിക്കുന്നത്. ചിത്രകാരനായ രവീന്ദ്രന്റെ സുഹൃത്തായ പ്രസന്ന അവളുടെ സ്നേഹിത രമയെ പരിചയപ്പെടുത്തുമ്പോൾതന്നെ അവളൊരു അസാധാരണസ്ത്രീയായി വിലയിരുത്തപ്പെടുന്നു. ബിഎ വിദ്യാർത്ഥിനികളായ അവരുടെ സ്നേഹത്തെ സൗഹൃദത്തിനപ്പുറം പ്രണയമായി തിരിച്ചറിയാൻ കഴിയാതിരുന്ന രവീന്ദ്രൻ പ്രസന്നയുമായുള്ള വിവാഹം നിശ്ചയിക്കുമ്പോഴാണ് രമയുടെ വെളിപ്പെടുത്തലുകളുണ്ടാവുന്നത്.

"ഞാനവളെ സ്നേഹിച്ചു. അവൾക്കുവേണ്ടി രാവും പകലും ഉറക്കമൊഴിച്ചു. അവളുടെ സുഖത്തിനുവേണ്ടി എന്റെ സുഖങ്ങൾ ബലി കഴിച്ചു. ഞാനൊരു സ്ത്രീയായിരിക്കാം. പക്ഷേ സഹോദരാ, ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയെ സ്നേഹിച്ചു കൂടെന്നുണ്ടോ? രമ-പ്രസന്ന ബന്ധത്തെ തിരിച്ചറിഞ്ഞ രവീന്ദ്രൻ വിവാഹത്തിൽനിന്ന് പിൻമാറുകയും വിഷജ്വരം ബാധിച്ച് പ്രസന്ന മരണമടയുകയും ആ മനോവിഷമത്തിൽ രമ ഗംഗാനദിയിൽ ചാടി ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു. ലെസ്ബിയൻ ബന്ധത്തെക്കുറിച്ച് കേരളീയസമൂഹം ചിന്തിച്ചുതുടങ്ങിയിട്ടില്ലാത്ത കാലത്ത് എഴുതപ്പെട്ട സ്ത്രീ ലെസ്ബിയനുകളുടെ ഗാഢവും നിഗൂഢവുമായ പരസ്പരബന്ധത്തെ ആവിഷ്കരിച്ചുകൊണ്ട് പുരുഷാധികാരമേൽകോയ്മാസംവിധാനങ്ങളിൽ സ്ത്രീസ്വവർഗബന്ധത്തിന് സാധ്യതയില്ലെന്ന് വ്യാഖ്യാനിച്ചുകൊണ്ട് ലെസ്ബിയനുകളുടെ മരണത്തെ രേഖപ്പെടുത്തിയിരിക്കുന്നു'' (രശ്മി ജി., അനിൽകുമാർ കെ.എസ്., 2016;168).

"ഭാഗ്യവാൻ! അപ്പപ്പിന്നെ ഏതുതരം കുടയാണാവശ്യം? പെൺകൊടയോ ആൺകൊടയോ?" "വിവാഹപ്രായമെത്തിയ കാലത്ത് അച്ഛനമ്മമാർ കൊണ്ടുചെന്ന നല്ല ആലോചനകളെല്ലാം നിരസിച്ചുകളഞ്ഞ അവൾക്ക്, അവസാനം ഇരുപത്തഞ്ചാം വയസ്സിൽ ഇങ്ങനെയൊരു വേഷം കെട്ടാനിടയാകുമെന്ന് ആരും സംശയിച്ചിരുന്നില്ല. 'സ്ത്രീണാഞ്ചചിത്തം!" (2013;443) സരസ്വതിയമ്മയുടെ ഒരുക്കത്തിന്റെ ഒടുവിൽ എന്ന കഥയിൽ സഖികൾ തമ്മിലുള്ള സംഭാഷണം നർമ്മത്തോടെ അവതരിപ്പിക്കുന്ന ഭാഗമാണിത്. എഴുത്തുകാരിയുടെ മിക്ക കഥകളിലും പെൺസൗഹൃദത്തിന്റെ നിമിഷങ്ങൾ ഗൗരവത്തോടെ കൈകാര്യം ചെയ്തിട്ടുണ്ട്. ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്ന സ്ത്രീസൗഹൃദത്തിന്റെ അനുഭവപരിസരങ്ങൾ

ശ്രദ്ധാവഹമാണ്. വിവാഹസമ്മാനം എന്ന കഥയിൽ ശാന്തി, സുകേശിനി സഖിത്വം ആവിഷ്കരിക്കുന്നുണ്ട്. സ്ത്രീകളുടെ സൗഹൃദങ്ങൾ പരസ്പരതാൽപര്യങ്ങളെ പങ്കുവെയ്ക്കുകയും തന്നെ വെളിപ്പെടുത്തിയും വികാരങ്ങളിലൂടെ മാനസികമായ ബന്ധം സ്ഥാപിച്ചെടുക്കുക കൂടിയാണ് ചെയ്യുന്നത്. ഇത്തരത്തിൽ സൗഹൃദത്തിന്റെ വിവിധ ഭാവങ്ങൾ അടയാളപ്പെടുത്തുന്നുണ്ട് കഥകളിൽ.

"വീട്ടിനകത്തേക്കു കയറിയ പാടെ ഭാരതി ആ ഇരുളടഞ്ഞ മുറിയിലേക്കോടി. അതിനകത്തൊരു കട്ടിലിൽ നെറ്റിയിൽ കൈ താങ്ങി കുനിഞ്ഞിരുന്ന സ്നേഹിതയുടെ തലയിൽ പിടിച്ചു ശക്തിപൂർവ്വം കുലുക്കിക്കൊണ്ട് അവൾ പറഞ്ഞു:"കള്ളി, മഹാകള്ളി, ഞാൻ വരാനുള്ള സമയമായപ്പം ഇരുട്ടത്തു കേറി കുനിഞ്ഞിരിക്കുന്നതു കണ്ടില്ലേ?'' (2013;596) പകലും രാവും എന്ന കഥ ആരംഭിക്കുന്നത് ഇങ്ങനെയാണ്. സൗഹൃദത്തെക്കുറിച്ച് എഴുത്തുകാരിയുടെ വ്യക്തമായ നിലപാട് വെളിപ്പെടുത്തുന്നു.

"നാലഞ്ചുകൊല്ലങ്ങൾക്കുശേഷം സ്നേഹിതയെക്കണ്ട സന്തോഷത്തിൽ അവൾ മതിമറന്നുപോയി എന്തെല്ലാം കാര്യങ്ങൾ പരസ്പരം പറഞ്ഞു കേൾപ്പിക്കാനുണ്ട്! എന്തെല്ലാം! എന്തെല്ലാം!" ഭാരതിയും ലീലയും തമ്മിലുള്ള മൈത്രീബന്ധം അടയാളപ്പെടുത്തുകയാണ് 'പകലും രാവും' എന്ന കഥ. സ്ത്രീകൾ തമ്മിലുള്ള സൗഹൃദത്തിന്റെ ശക്തമായ വൈകാരികബന്ധം ചർച്ചചെയ്യുന്നു. കൂടാതെ സ്വകാര്യതകൾ കൂട്ടുകാരിയുമായി പങ്കുവെയ്ക്കുന്നു.

സൗഹൃദത്തിന്റെ വിഭിന്നഭാവതലങ്ങൾ, ജീവിതസന്ദർഭങ്ങൾ ആവിഷ്കരിക്കുന്ന കഥയിലെ മറ്റൊരു സന്ദർഭം ശ്രദ്ധിക്കാം. "എന്തോ പറയാൻ ലീലയുടെ വിളറിയ ചുണ്ടുകൾ അനങ്ങി. അതുകാണാതെ സ്നേഹത്തെപ്പറ്റിയുള്ള തത്ത്വപ്രസംഗത്തിൽ ഉയർന്നു തുടങ്ങിയ ശബ്ദം വീണ്ടുംതാഴ്ത്തി ഭാരതി പറഞ്ഞു. എതിർപ്പിനുവേറെയും കാരണമുണ്ട്. തങ്ങളുടെ പ്രായവ്യത്യാസം. ഞാനാണു മൂത്തതെന്നു പറയുന്നതു കള്ളമാണു ലീലേ" എട്ടും പത്തും വയസ്സിനു മൂത്ത പെണ്ണുങ്ങളെപ്പോലും ചിലർ ഭാര്യയാക്കുന്നില്ലേ? പിന്നെന്താണു സമപ്രായത്തിലിത്ര അരുതായ്ക? ഇതാണു നല്ലത്. ആഹ്ലാദത്തള്ളലിൽ അവൾ ലീലയുടെ ശരീരം വേദനിക്കുംവിധം അമർത്തി" (2013;598). പല കഥകളിലും ആത്മാർത്ഥസഖികളുടെ സ്നേഹത്തിന്റെ രാഷ്ട്രീയം കണ്ടെത്താനാവും.

“സ്നേഹിതയുടെ തല പിടിച്ചടുപ്പിച്ച് അവളുടെ ചെവിക്കകത്തു വായ് വച്ചുകൊണ്ടു പുഞ്ചിരിയമർത്തി ഭാരതി പറഞ്ഞു. സംശയമേയുള്ളു. തീർച്ച പറയാനായിട്ടില്ല. നിനക്കോ? നീയിങ്ങനെ വിളറി ക്ഷീണിച്ചിരിക്കുന്നതിന്റെ കാരണം പറ”. ഇത്തരത്തിൽ കഥയുടെ ഓരോ സന്ദർഭവും എടുത്ത് പരിശോധിച്ചാൽ സഖികളുടെ സ്നേഹപങ്കുവയ്ക്കലുകൾ കാണാം.

‘‘പൂർവ്വസുഹൃദ്ബന്ധം സ്ഥാപിക്കപ്പെട്ട സന്തോഷത്തോടെ മാലതി പറഞ്ഞു. ‘‘ദേവകിക്കിപ്പഴിവിടെയാണോ ജോലി? വെറുതെ ഇവിടിങ്ങനെ ഇരിക്കുന്നതെന്ത്?” പ്രേമത്തിന്റെ പ്രവൃത്തിമണ്ഡലം എന്ന കഥയിലെ ദേവകി, മാലതി എന്നീ സുഹൃത്ബന്ധത്തിന്റെ പരിസരങ്ങളാണ് വരച്ചിടുന്നത്

### 4.3.2 ആൺ-പെൺ ബന്ധം

സ്ത്രീപുരുഷബന്ധത്തെ ഒരു വ്യവഹാരമായി കാണുന്നതിൽ ഒരപാകത യുമില്ല. സ്ത്രീ അറിയുന്നത് അവൾ പുരുഷന് നൽകുന്നു. പുരുഷൻ മറിച്ചും ചെയ്യുന്നു. ഈ സക്രിയതയിൽ അനവധി സാമൂഹ്യമൂല്യങ്ങൾ ഇടപെടുന്നുണ്ടെന്ന് മനസിലാക്കാനും പ്രയാസമില്ല. അത് ചിലപ്പോൾ സദാചാരപരമാണ്: മറ്റ് ചിലപ്പോൾ ജീവശാസ്ത്രസംബന്ധിയാണ്. അതോടെ സാംസ്കാരികമായും സാമൂഹ്യമായും ഒരു വിനിമയാടിത്തറ സംജാതമാവുന്നുണ്ടാവും. ഈയൊരു വിനിമയസാഹചര്യ ത്തിൽനിന്നാണ് ലിംഗാധിഷ്ഠിതസംവാദം ഉടലെടുക്കുകയെന്ന് തോന്നിപ്പോവുന്നു. (ബാലചന്ദ്രൻ വടക്കേടത്ത് 7)

“ലിംഗഭേദത്തെക്കുറിച്ചും കുടുംബബന്ധത്തെക്കുറിച്ചുമുള്ള വ്യവസ്ഥാപി തനിയമങ്ങളെയാണ് സമൂഹത്തിൽ ഒരു വ്യക്തി അനുസരിക്കേണ്ടത്. അല്ലാതെ സ്വന്തം മനഃസാക്ഷിയുടെ നിർദേശങ്ങളെയല്ല എന്ന് സരോജം ഒടുവിൽ വേദനയോടെ മനസിലാക്കുന്നു.” (കനകലത 186) സരസ്വതിയമ്മയുടെ നിയമപരി ധിക്കപ്പുറം എന്ന കഥയിൽ സരോജിനി എന്ന കഥാപാത്രത്തിന്റെ ദാമ്പത്യം ശിഥി ലമാവുന്നത് പുരുഷ സൗഹൃദംകൊണ്ടാണ്. സ്വതന്ത്രമായ സ്ത്രീപുരുഷമൈത്രീ ബന്ധത്തിനും പലപ്പോഴും തടസമാവുന്നത് ആൺപെൺ വ്യത്യാസത്തിലൂന്നി ക്കൊണ്ടുള്ള സാമൂഹ്യമനോഭാവമാണെന്ന് സരസ്വതിയമ്മ തന്റെ രചനകളിലെ കഥാ പാത്രക്കൊണ്ട് പറയിപ്പിക്കുന്നു. “ഭാര്യയുള്ള ഒരു ചെറുപ്പക്കാരനെ ശുശ്രൂഷിക്കാൻ

സരോജം ആശുപത്രിയിൽ പോവുന്നതെന്തിന്? ആ ചെറുപ്പക്കാരനെ എനിക്കത്ര ഇഷ്ടമായതുകൊണ്ട്.

അവളുടെ സ്വരത്തിൽ തന്നിഷ്ടക്കാരിയുടെ തന്റേടം നിറഞ്ഞുനിന്നിരുന്നു.

എന്നേക്കാൾ? അയാൾ ചോദിച്ചു.

ആയിരിക്കാം... ഇതുപോലെ ഇന്നലെക്കിന്നുണ്ടായ ബന്ധമല്ല അത്. തൊട്ടിലിൽ കിടന്ന കാലം മുതൽ ഞങ്ങൾ ബന്ധുക്കളാണ്. ആപത്തിൽ സഹായിക്കാനാണ് സ്നേഹത്തിന്റെ ആവശ്യം.

അത്ര വലിയ പരിഷ്കാരികളാണോ നമ്മൾ?

പരിഷ്കാരമല്ല, കടമ. അതൊന്നും ആരും വകവെച്ചുതരില്ല. സമൂഹം എന്ത് പറയും എന്നാലോചിച്ചിട്ടുണ്ടോ... തുടങ്ങി സംഭാഷണങ്ങളിലൂടെയാണ് കഥ സഞ്ചരിക്കുന്നത്. “സരോജത്തിന്റെ ഭർത്താവായ ഉണ്ണിത്താന് സരോജത്തെ മനസിലാക്കാൻ കഴിയും. എന്നാൽ സമൂഹം എന്ത് പറയും എന്ന ചോദ്യമാണ് അവതരിപ്പിക്കുന്നത്. വ്യക്തിക്ക് തെറ്റെന്ന് തോന്നാത്ത പലതും സമുദായത്തിന്റെ കണ്ണിൽ തെറ്റാണ്...” “എന്തായാലും ആളുകളെക്കൊണ്ട് എന്നെ പുച്ഛിപ്പിക്കാൻ തീരെ നിവൃത്തിയില്ല. അതുകൊണ്ട് സരോജത്തിന്റെ ഇഷ്ടം നടത്താൻ ഒറ്റ വഴിയേ ഉള്ളൂ. എന്താണത്. നാളെ നമ്മുടെ വിവാഹം വിടർത്തിക്കളയാം.” സതീശൻ എന്ന സുഹൃത്ത് സരോജത്തിനോട് പറയുന്നത് നേരത്തേ പരിചയമില്ലാത്തവർ വിവാഹം കഴിക്കുന്നത് ഒരു തരത്തിൽ മണ്ടത്തരമാണ് അല്ലേ സരോജം?

ഓ, വിവാഹം വെറുമൊരു ഭാഗ്യപരീക്ഷയല്ലേ? പരിചയക്കാരനെന്ന നിലയിൽ അന്യോന്യം സ്നേഹിക്കാൻ കഴിയുന്നവരെ ദാമ്പത്യം വെറുപ്പിച്ചെന്ന് വരാം. സതീശൻ പറഞ്ഞു. ഉണ്ണിത്താനദ്ദേഹം ഭാഗ്യവാനാണ്. അയാൾ തുടർന്നു. സരോജവും ഭാഗ്യവതിയാണ്.

“ഇങ്ങനെ പരസ്പരം പ്രവൃത്തിസ്വാതന്ത്ര്യം കൊടുക്കാൻ എത്ര ഭാര്യാഭർത്താക്കന്മാർക്ക് കഴിയും.” സമുദായത്തെ ഭയപ്പാടോടെ സമീപിക്കുന്ന പുരുഷയിടമായി ഉണ്ണിത്താൻ വരുന്നെങ്കിൽ അതിന് നേരെ വിപരീതമായ ഒരിടത്താണ് സതീശൻ നിൽക്കുന്നത്. മാത്രമല്ല, പ്രവൃത്തിസ്വാതന്ത്ര്യത്തെക്കുറിച്ചാണ് വെളിപ്പെടുത്തിയത്.

അവൾ തിരിഞ്ഞുനടന്നു. തനിക്ക് പറ്റിയ ഭീമമായ അബദ്ധം ആ നിമിഷത്തിൽ സരോജിനിക്ക് മനസിലായി. ആ ഭാര്യാഭർത്താക്കാന്മാരുടെ ഇടയിൽ മണ്ടത്തരംകൊണ്ട് കടന്നുകൂടിയ ഒരന്യയാണ് താൻ. ഞാൻ ചെയ്തത് തെറ്റാണ് കാമാക്ഷീ. ഭാര്യക്കാണ് ഭർത്താവിനെ ശുശ്രൂഷിക്കാൻ അവകാശം. ആരും നോക്കാതെ അയാൾ ചത്തുപോയാൽ അവൾക്കല്ലേ നഷ്ടം? അക്കാര്യം – എനിക്ക് – എനിക്ക് – ഞാൻ മറന്നുപോയി... സമുദായത്തിന്റെ പല ചോദ്യങ്ങൾക്കും ഉത്തരം നൽകി വേണം ജീവിക്കാൻ. ഭർതൃഭക്തികൊണ്ട് സരോജിനിയുടെ ഹൃദയം ചലിച്ചു. ആരാണ് മുമ്പിൽ നിൽക്കുന്നതെന്ന് ഗ്രഹിച്ച ആ സ്ത്രീ പറഞ്ഞു. കർമബന്ധം കൊണ്ട് വന്നുകൂടിയതാണിതെല്ലാം. പറിച്ചെറിഞ്ഞാലും മരിച്ചുപോയാലും അതൊന്നും വിട്ടുപോവൂല്ല. ആണുങ്ങളല്ലേ.

മറ്റൊരു സന്ദർഭത്തിൽ ഉണ്ണിത്താൻ രോഗിയായിരിക്കുന്ന സമയത്ത് സരോജത്തെ എനിക്കൊന്ന് കാണണം. എങ്ങനെയെങ്കിലും നിങ്ങളവളെ കൊണ്ടു വരണം. ഇനിയുമെനിക്കെന്തിനാണഭിമാനം? ചത്തുകഴിഞ്ഞിട്ട് ആളുകൾ എത്ര പുച്ഛി ച്ചാലെന്ത്? എന്ന നിലയിലേക്ക് ഉണ്ണിത്താൻ എന്ന കഥാപാത്രം പരിവർത്തനവിധേ യമാവുന്നു. സാമൂഹ്യസാഹചര്യങ്ങളും സാമുദായികസാംസ്കാരികബന്ധങ്ങളും വേരൂന്നി നിൽക്കുന്ന ഒരു സാമൂഹ്യചിത്രം സരസ്വതിയമ്മ കഥകളിൽ വരച്ചിടുന്നു.

സ്ത്രീപുരുഷബന്ധം സാഹിത്യത്തിലെ സജീവവിഷയങ്ങളിലൊന്നു തന്നെയാണ്. കാലദേശാതീതമായി വ്യത്യസ്തരൂപഭാവങ്ങളിൽ അത് ആവിഷ്കരി ക്കുന്നു. ഭർത്താവിന്റെ സ്നേഹം, സാന്ത്വനം, അംഗീകാരം എന്നിവ ആഗ്രഹിക്കുന്ന ഭാര്യമാരാണ് മാധവിക്കുട്ടിയുടെ സ്ത്രീകഥാപാത്രങ്ങൾ. “മാധവിക്കുട്ടി നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്ന ദാമ്പത്യങ്ങൾ തകർന്നതോ തകർച്ചയിലേക്ക് നീങ്ങിക്കൊ ണ്ടിരിക്കുന്നതോ ആണ്. എല്ലാം ഒരുതരം കാളവണ്ടികൾ, പൊളിഞ്ഞ കാളവണ്ടികൾ, കിഴവനും വങ്കനുമായ ഭർത്താവിനെക്കൊണ്ട് മടുത്തിട്ട് സ്നേഹമന്വേഷിച്ച് ദാമ്പത്യ ത്തിന് വെളിയിൽ പോവുന്ന യുവതിയായ ഭാര്യ, ഗൗരവമേറിയ സാമ്പത്തികമോ ഔദ്യോഗികമോ ആയ പ്രശ്നങ്ങളിൽ മുഴുകിയിട്ട് ഭാര്യയുമായി ഒന്നിച്ചുനിൽക്കാൻ സമയം കാണാത്ത ഭർത്താവ്, ഏകാന്തത കൊണ്ടോ സാംസ്കാരികമായ അടുപ്പം കൊണ്ടോ മറ്റാരെങ്കിലുമായി വേഴ്ചയിൽ ചെന്നുപെടുന്ന ഭാര്യ, ഭാര്യയെന്നല്ല ലോക ത്തിലാരെയും ഉപയോഗപ്പെടുത്തുന്നതിനല്ലാതെ ഒരിക്കലും സ്നേഹിക്കാൻ

കഴിയാത്ത പുരുഷൻ - ഇവരൊക്കെയാണ് ഈ ലോകത്തിലെ ദാമ്പത്യങ്ങളുടെ പങ്കാളികൾ." (വാസുദേവൻ നായർ 13) വ്യവസ്ഥാപിത ദാമ്പത്യബന്ധങ്ങളുടെ തകർന്ന ചിത്രങ്ങളാണ് മാധവിക്കുട്ടിയുടെ കഥകളിലധികവും. നീട്ടിവെച്ച മധുവിധു, ചതി എന്നിവ ഉദാഹരണങ്ങളാണ്.

പതിനഞ്ച് വർഷത്തെ ദാമ്പത്യജീവിതത്തിനുശേഷം മധുവിധുയാത്രക്ക് മദിരാശിക്ക് പുറപ്പെട്ടതായിരുന്നു അവർ. വണ്ടി ഇളകിത്തുടങ്ങിയപ്പോൾ, ഒന്നാം ക്ലാസ് മുറിയിൽ പ്രവേശിച്ച് അപരിചിതനായ ചെറുപ്പക്കാരന്റെ സാന്നിധ്യത്തിൽ, അസ്വസ്ഥയായി ഭാര്യ ഭർത്താവിനോട് പറഞ്ഞു. ഇയാള് മദിരാശി വരെ ഉണ്ടാവുമോ ആവോ? അയാൾ മറുപടി പറഞ്ഞില്ല. അജ്ഞാതമായ വിശപ്പ് നിഴലിക്കുന്ന കണ്ണു കളുള്ള ചെറുപ്പക്കാരന്റെ അലക്ഷ്യഭാവം അവൾക്ക് ഇഷ്ടമായില്ല. അയാൾ അവളെ നോക്കിയതേയില്ല. "തന്റെ സൗന്ദര്യത്തിനെ ആ ദരിദ്രവേഷക്കാരൻ അപമാനിച്ചതായി അവൾക്ക് തോന്നി. അവൾ ഒരു സുന്ദരിയായിരുന്നു. വയസ് മുപ്പത്തഞ്ചോളം വരും. പക്ഷേ ആ മുഖം കളി കഴിഞ്ഞ് മടങ്ങുന്ന ഒരു കുട്ടിയുടേതെന്നതുപോലെ തുടുത്തിരുന്നു. കണ്ണുകൾ കൽകരിക്കഷ്ണങ്ങളേപ്പോലെയായിരുന്നു. എന്നിട്ടും എന്തുകൊണ്ട് വിശക്കുന്ന ചെന്നായുടെ മുഖമുള്ള ഈ ചെറുപ്പക്കാരൻ അവളെ നോക്കുക കൂടി ചെയ്യാതെ പുറത്തെ മരങ്ങളിൽ നോക്കിക്കൊണ്ടിരുന്നു." അസ്വ സ്ഥതയോടെ അവൾ പറഞ്ഞു. "നല്ല മധുവിധു യാത്രയാണ്! അവളുടെ ഭർത്താവ് ചിരിച്ചു... ഭാര്യ വീണ്ടും പറഞ്ഞു. പതിനഞ്ച് കൊല്ലമായി നമ്മള് പ്ലാനിട്ടതല്ലേ. ഈ മുറിയില് തനിച്ചാവുമെന്ന് വിചാരിച്ചു. എന്തിനാ തനിച്ചാവണത്. സംസാരിക്കാൻ ഒരാളുണ്ടാവണത് നല്ലതല്ലേ? ഭർത്താവ് ചോദിച്ചു. അസഹ്യതയോടെ അവൾ സീറ്റിൽ ചാരിക്കിടന്ന് കണ്ണുകളടച്ചപ്പോൾ അവളുടെ ഭർത്താവ് നീലക്കുപ്പായക്കാരനെ നോക്കി, തന്റെ ഇടത്തേ കണ്ണ് ഇറുക്കി പുഞ്ചിരിച്ചു." അവൾ ഭർത്താവിന്റെ പ്രേമ ബന്ധത്തെക്കുറിച്ച് പറയുന്നു. സെക്രട്ടറി മിസ് ലോസോവും അയാളും തമ്മിലുള്ള പ്രേമം മൂത്ത് അപകടത്തിൽ കലാശിക്കുമായിരുന്നു എന്നും ഇപ്പോൾ തോന്നുന്നതു കൊണ്ട് ഒരു വിവാഹമോചനം ഒഴിവായെന്നും എല്ലാം അവളുടെ ശങ്കയാണെന്ന് കുറ്റപ്പെടുത്തുന്നു അയാൾ. അവൾ ചോദിക്കുന്നു, "എനിക്ക് എന്തില്ലാഞ്ഞിട്ടാണ്? സൗന്ദര്യമില്ലേ? പഠിപ്പില്ലേ? എന്താണ് കുറവ്? എന്തുകൊണ്ട് എന്നെക്കൊണ്ടുമാത്രം തൃപ്തിപ്പെട്ടുകൂടാ? മറ്റാരാണെങ്കിലും - ! മറ്റാരാണെങ്കിലും... പറയൂ, മുഴുവൻ പറയൂ.

മറ്റാരെങ്കിലും എന്നല്ല പക്ഷേ പറയേണ്ടത്. മിസ്റ്റർ സെൻഗുപ്തയെന്നാണ്. അവർക്ക് തമ്മിൽ വളർന്നുവന്നിരുന്ന വെറുപ്പ് ഒരു കരിനിഴൽ പോലെ ആ മുറിയിൽ സ്ഥലം പിടിച്ചു." രാത്രിയിൽ തന്നെ കൊല്ലാൻ ശ്രമിക്കുന്ന ചെറുപ്പക്കാരനെ കണ്ട് ഉറക്ക മുണർന്ന് നിലവിളിക്കുമ്പോൾ, ഭർത്താവുണർന്ന് തന്നെ രക്ഷപ്പെടുത്തുമെന്ന് അവൾ പ്രതീക്ഷിക്കുന്നു. എന്നാൽ അങ്ങനെയല്ല ഉണ്ടായത്. തങ്ങളുടെ രഹസ്യബന്ധങ്ങൾ പരസ്പരം അറിയുക വഴി ശത്രുക്കളായിത്തീർന്ന ദമ്പതികളെയാണ് മാധവിക്കുട്ടി ചിത്രീകരിച്ചിരിക്കുന്നത്. ഭാര്യയെ വധിക്കുവാൻ ഭർത്താവും ഭർത്താവിനെ കൊല്ലാൻ ഭാര്യയുടെ കാമുകനും വാടകക്കൊലയാളിയെ ഏർപ്പെടുത്തുന്നു.

ഭർത്താവിനെ ആത്മാർത്ഥമായി സ്നേഹിക്കുകയും വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്ത ലേഡി ഡോക്റ്ററുടെ കഥയാണ് 'ചതി'. പ്രസവത്തി നെത്തുന്ന സ്ത്രീകൾക്ക് മാതൃസഹജമായ സ്നേഹവാൽസല്യങ്ങൾ പകർന്നിരുന്ന അവർ രാത്രിയിൽ പലപ്പോഴും ആശുപത്രിയിൽതന്നെ കഴിയുവാൻ നിർബന്ധിതയാ വുന്നു. അത്തരമൊരു ദിവസമാണ് ഭർത്താവ് അവളുടെ അമ്പതാം പിറന്നാളിനെ ക്കുറിച്ച് പറഞ്ഞതും നേരത്തേ വരണമെന്ന് ഓർമപ്പെടുത്തുന്നതും. "ഈ മുഖത്തെ തന്റെ ഭർത്താവ് സ്നേഹിക്കുന്നുണ്ടോ? തീർച്ചയായും. അദ്ദേഹത്തിന്റെ ചെറുപ്പം വിടാത്ത ആ പുഞ്ചിരി അവർക്ക് ഓർമ വന്നു. ഓരോ തവണയും താൻ നഴ്സിങ് ഹോമിലേക്ക് പുറപ്പെടുമ്പോൾ അദ്ദേഹത്തിന്റെ മുഖം വാടാറുള്ളത് അവർ ഓർത്തു. ഇരുപത്തിയഞ്ച് കൊല്ലങ്ങൾക്കുശേഷവും ജീവിതത്തെ അദ്ദേഹം ഒരു മധുവിധു വാക്കിക്കൊണ്ടിരിക്കുകയാണ്. ഭർത്താവിനെക്കുറിച്ച് അഭിമാനത്തോടെയാണ് ഓർക്കുന്നത്."

ഡ്യൂട്ടി കഴിഞ്ഞ് പതിവിലും നേരത്തേ മടങ്ങുമ്പോൾ അവർ ഓർക്കുന്നു ആറ് മണിക്കൂർ തനിക്ക് അദ്ദേഹത്തോടൊന്നിച്ച് കഴിച്ചുകൂട്ടാം. ഇപ്പോൾ നിരാശനായി അദ്ദേഹം കിടന്നുറങ്ങുകയാവും. താൻ താക്കോലെടുത്ത് ശബ്ദമു ണ്ടാക്കാതെ വാതിൽ തുറന്ന് അകത്തേക്ക് കടക്കും. എന്നിട്ട് അദ്ദേഹത്തെ ഉണർത്താതെ ആ കട്ടിലിൽ കിടക്കും. എന്നിട്ട് ഉറങ്ങുക. യാതൊരു അലട്ടലുമില്ലാതെ കിടന്നുറങ്ങുക... വീട്ടിലെത്തുമ്പോൾ അവർ സന്തോഷിക്കുന്നു. "ഇതെന്റെ വീടാണ്. എന്റെ തോട്ടം... എന്റെ മരങ്ങൾ, എന്റെ സ്വന്തം ആകാശക്കഷ്ണം... പിന്നെ, ആ വീടിന്റെ വെൺമാടത്തിൻമീതെ കാണുന്ന വെള്ളമുഖം. എന്റെ സ്വന്തം ചന്ദ്രൻ..."

ഭർത്താവിനെ ഉണർത്താതെ കിടപ്പുമുറിയിലെത്തിയ അവരുടെ കാൽ കട്ടിലിലെ മിനുത്ത മറ്റൊരു കാലിൽ തട്ടവേ, ഞെട്ടി, പിൻവലിഞ്ഞ് അവർ തപ്പിനോക്കുന്നു. എന്ത്! ഒരു സ്ത്രീയോ. ചതിക്കപ്പെട്ടതായി അവരുടെ മനസ് പറഞ്ഞു. നിന്നെ ആര് സ്നേഹിക്കുന്നു?...

"ഉതിരാത്ത കണ്ണുനീർത്തുള്ളികൾ അവരുടെ കണ്ണുകളെ വേദനിപ്പിച്ചു ഒരിക്കൽകൂടി, ഒരിക്കൽകൂടി. തന്റെ മനോഹരമായ ആ ഭവനത്തേയും അതിന്റെ മുകളിൽകൂടി നീങ്ങുന്ന ചന്ദ്രനേയും നോക്കുവാൻ അവർ ആഗ്രഹിച്ചു. പക്ഷേ തിരിഞ്ഞുനോക്കുവാൻ ധൈര്യം വന്നില്ല... അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി, തന്റെ കഴുത്തിൽ തൂങ്ങിക്കിടന്നിരുന്ന കല്യാണത്താലി ഇടത്തേകൈകൊണ്ട് തൊട്ടു തടവി. ഡോക്റ്റർ തന്നെത്താൻ പറഞ്ഞു. പാവം താലി, എന്റെ പാവം താലി..."

ഭർത്താവിന്റെ സ്നേഹത്തിൽ മതിമറന്ന് അഹങ്കരിച്ചവളാണ് ഈ കഥയിലെ ഡോക്റ്റർ. എന്നാൽ താൻ ചതിക്കപ്പെട്ടുവെന്ന് വേദനയോടെ അറിയുന്നു. ഭാര്യാഭർതൃബന്ധത്തിന്റെ വ്യത്യസ്തതലങ്ങൾ കാഴ്ചവെക്കുന്ന മാധവിക്കുട്ടിയുടെ കഥകളാണ് ചുവന്ന പാവാട, കവിയുടെ ഭാര്യ, ജീനിയസിന്റെ ഭാര്യ, പാതിവ്രത്യം, പാതിവ്രത്യമെന്ന സമസ്യ, ചിത്തഭ്രമം, പുഴ വീണ്ടും ഒഴുകി, പരുന്തുകൾ, മഞ്ഞ് എന്നിവ.

സ്ത്രീമനസിന്റെ വിങ്ങുന്ന നൊമ്പരങ്ങൾ, പുരുഷന് തുല്യം അവകാശങ്ങൾ ആവശ്യപ്പെടുന്ന സ്ത്രീ, ദാമ്പത്യത്തിന്റെ പ്രശ്നങ്ങളെ നേരിടാനാവാതെ നിസ്സഹായാവസ്ഥയിലെത്തുന്നു. വിദ്യാഭ്യാസരംഗത്തും ഔദ്യോഗികരംഗത്തും സ്ത്രീയുടെ പങ്കാളിത്തം സജീവമാകുമ്പോൾ ദാമ്പത്യജീവിതം ദയനീയമായി പരാജയപ്പെടുന്നു. ഭാര്യാഭർതൃബന്ധത്തിൽ പുരുഷമേൽകോയ്മക്കെതിരെ പ്രതി കരിക്കാനാവാതെ നിശബ്ദമായിപ്പോവുന്ന സ്ത്രീകഥാപാത്രങ്ങളുടെ മാനസികാ വസ്ഥ അവതരിപ്പിക്കുന്ന കഥാകാരി.

സ്ത്രീപുരുഷബന്ധത്തിന്റെ വിവിധ തലങ്ങൾ തീക്ഷ്ണമായി അവതരിപ്പിച്ച കഥാകാരികളാണ് സരസ്വതിയമ്മ, മാധവിക്കുട്ടി തുടങ്ങിയവർ. "കഥാകാരികളെല്ലാം ചിത്രീകരിച്ചിരുന്നത് സ്ത്രീപുരുഷബന്ധങ്ങൾ ദാമ്പത്യത്തിലെ പൊരുത്തക്കേടുകൾ, സമൂഹത്തിന്റെ ഒറ്റപ്പെടുത്തൽ, ഏകാന്തത, കുടുംബത്തിലെ അസ്വസ്ഥതകൾ

എന്നിവയാണ് കഥാതന്തുവാകുന്നത് ബന്ധങ്ങളിലെ അതിസുന്ദരനിമിഷങ്ങളെ അവർ മറന്നുപോവുന്നതുപോലെ" (പ്രീത 4) ബന്ധങ്ങളെ അനുഭവമാക്കിമാറ്റുന്ന കഥകളും കാണാം.

"വാക്കുകൾക്കിടയിൽ ശരീരത്തിന്റെ ആവശ്യങ്ങൾക്കും ആത്മാവിന്റെ മോഹങ്ങൾക്കുമിടയിൽ വിതുമ്പിനിൽക്കുന്ന സ്ത്രീത്വത്തിന്റെ സ്ഥായിയായ ഉൽക്കണ്ഠ കുറുകിക്കൂടി നിൽക്കുന്നത് കാണാം. ആധുനികകാലഘട്ടത്തിൽ പ്രേമ ത്തിനും ദാമ്പത്യസ്നേഹത്തിനും സംഭവിച്ചിട്ടുള്ള അർത്ഥപരിണാമമാണ് മാധവി ക്കുട്ടിയുടെ ആത്മസംഘർഷങ്ങളുടെ കേന്ദ്രബിന്ദു. (രാജകൃഷ്ണൻ 72) സ്നേഹം സത്യമാണെന്നും സത്യം സൗന്ദര്യമാണെന്നും അവരുടെ കഥകൾ വെളിപ്പെടു ത്തുന്നു. പ്രണയത്തിന്റെ വിവിധ രൂപങ്ങളാണ് മാധവിക്കുട്ടിയുടെ കഥകളിലെ പ്രമുഖപ്രമേയം. തരിശുനിലം, നഷ്ടപ്പെട്ട നീലാംബരി, ചേക്കേറുന്ന പക്ഷികൾ എന്നിവയാണ്.

മനുഷ്യബന്ധങ്ങളുടെ സ്ഥാപനവൽകരണത്തെ നിഷേധിച്ചുകൊണ്ടുള്ള സ്വതന്ത്രവും സമത്വപൂർണവുമായ സ്ത്രീപുരുഷബന്ധത്തെ, താൻ വിഭാവനം ചെയ്ത പ്രണയസങ്കൽപമനുസരിച്ച് പ്രതിഷ്ഠിക്കാനുള്ള വെമ്പലാണ് സരസ്വതിയമ്മയുടെ രചനകളിൽ കാണാനാവുക. വ്യവസ്ഥാപിത പ്രേമസങ്കൽപ ത്തേയും വിവാഹത്തേയും രൂക്ഷമായി വിമർശിക്കുകയും അവിവാഹിതരായി ജീവി ക്കുന്നതിൽ സംതൃപ്തിയടയുകയും ചെയ്യുന്ന സ്ത്രീകഥാപാത്രങ്ങളും പല കഥകളിലും പ്രത്യക്ഷപ്പെടുന്നുണ്ട്.

അവരുടെ കഥയെഴുത്ത് എന്ന കഥയിലെ കഥ എഴുതാൻ മെനക്കെട്ടിരിക്കുന്ന മൂന്ന് കൂട്ടുകാരികളുടെ വാദഗതികൾ. പ്രേമം, വിവാഹം, മാതൃത്വം എന്നിവയെപ്പറ്റി യുള്ള വ്യവസ്ഥാപിതസങ്കൽപങ്ങൾക്ക് സാരമായ പോറലേൽപിക്കുകയാണ് ചെയ്യുന്നത്. "കമിതാക്കളുടെ ആദ്യസമാഗമം കുറിക്കുന്ന മുഹൂർത്തം കാമുകന്റെ വ്യാഴദശ തുടങ്ങുമ്പോഴും കാമുകിയുടെ ഏഴരാണ്ടശനി പോകുന്ന പോക്കിലുമാ ണെന്ന് ഒട്ട് നർമബോധത്തോടെ തുറന്നടിക്കുന്ന അവിവാഹിതയായ രമക്ക് പ്രണ യത്തെക്കുറിച്ച് ഉറച്ചൊരു നിലപാട് തന്നെയുണ്ട് - പ്രണയം ഒരിക്കലും വിവാഹത്തിൽ ചെന്നവസാനിക്കരുതെന്ന് പ്രായോഗികബുദ്ധിക്കാരിയാണ് അവൾ. സമുദായത്തിന്റെ അംഗീകാരം സിദ്ധിക്കുന്ന പ്രേമബന്ധം ഹൃദയശരീരങ്ങളുടെ

സ്വാഭാവികപ്രേരണയിൽ നിന്നുണ്ടാവുന്ന ആദർശപ്രേമമല്ലെന്നാണെന്റെ വിശ്വാസം." (കനകലത.പി.കെ. 146) വ്യവസ്ഥാപിതവിവാഹത്തെ എതിർക്കുന്ന സ്ത്രീകഥാപാത്രങ്ങളുടെ ബോധം ഉൾകൊള്ളുന്നു. മാത്രമല്ല സ്ത്രീപുരുഷ ബന്ധങ്ങളിൽ അന്തർഹിതമായിരിക്കുന്ന അധികാരപ്രയോഗങ്ങളുടെ സൂക്ഷ്മതല ങ്ങളെ ഇഴപിരിച്ച് പരിശോധിക്കുകയാണ് എഴുത്തുകാരി.

### 4.3.3 സ്ത്രൈണലൈംഗികത

സാധാരണയായി സാമൂഹ്യശാസ്ത്രത്തിന്റേയും ജീവശാസ്ത്രത്തിന്റേയും അധികാരതന്ത്രത്തിന്റേയുമൊക്കെ ചട്ടക്കൂട്ടിൽവെച്ചാണ് നാം ലൈംഗികതയെ വിലയിരുത്തുന്നത്. ഇതിൽതന്നെ സാമൂഹ്യശാസ്ത്രത്തിന്റെ, വിശേഷിച്ചും കുടുംബ ബന്ധത്തിന്റെ അടിത്തറയിലൂന്നിയുള്ള കാഴ്ചപ്പാടിനാണ് പ്രാമുഖ്യം. കുടുംബത്തിന്റേയും സമൂഹത്തിന്റേയും അധികാരകേന്ദ്രം പുരുഷനായതുകൊണ്ടു തന്നെ ലൈംഗികതയെ സംബന്ധിക്കുന്ന സ്ത്രീനിശബ്ദതയിലേക്കാണ് ഏത് ചർച്ചയും ചെന്നെത്തുന്നത്. ഇതിനൊരപവാദമായി സാഹിത്യത്തെ സ്ത്രീ ലൈംഗികതയെ അടയാളപ്പെടുത്തിയവരിൽ പ്രമുഖരാണ് മാധവിക്കുട്ടി, സാറാ ജോസഫ്, കെ.ആർ.മീര എന്നിവർ.

"സ്വത്വനിർമിതിയുടെ പൂരണത്തോട് ചേർത്തും വ്യക്തിസത്തകളുടെ ചേർച്ചയോട് ബന്ധപ്പെടുത്തിയും ലൈംഗികവിചാരവികാരങ്ങളെ മനുഷ്യന്റെ വംശാ വലിചരിത്രത്തിന്റെ ഭാഗമായി" (മിഷേൽ ഫൂക്കോ 15) അവതരിപ്പിച്ചിട്ടുണ്ട്. സ്വത്വ സംരക്ഷണത്തിൽ ആശ്വാസവും സന്തോഷവും കണ്ടെടുക്കുന്ന ഒരു സാംസ്കാരിക സമൂഹത്തെയാണ് ഫൂക്കോയുടെ ദർശനം അപനിർമിക്കാൻ ശ്രമിക്കുന്നത്. പൊതു സമൂഹാധികാരത്തിന്റെ സദാചാരം ഏറ്റവും കരുതലോടെ പരിഹസിക്കപ്പെട്ടിട്ടുള്ള ഒരു മേഖലയാണ് ഒരാളുടെ വൈകാരികമണ്ഡലം. തന്റെ ആഗ്രഹങ്ങളുടേയും അവകാശങ്ങളുടേയും അധികാരങ്ങളുടേയും ജന്മവാസനകളുടേയും കാരണം കൂടാ തെയുള്ള തിരസ്കാരം ഒരു വ്യക്തിയെന്ന നിലയിൽ ഏറ്റവും വലിയ വെല്ലു വിളിയാണ്. ഇത് അവരുടെ വ്യക്തി, കുടുംബ, സമൂഹബന്ധങ്ങളെ കീഴ്മേൽ മറിച്ചു. എന്നുവേണ്ട സ്ത്രീസ്വത്വത്തിന്റെ അനുഭവമേഖലകളെയെല്ലാം ബാധിക്കുന്നത് സാക്ഷ്യപ്പെടുത്തുകയാണ് കഥാകാരികൾ.

സ്ത്രൈണലൈംഗികതയുടെ പ്രശ്നങ്ങളെ സങ്കീർണമാക്കുന്നത്

നിലവിലുള്ള സദാചാരവ്യവസ്ഥയാണെന്ന യാഥാർത്ഥ്യത്തെ സരസ്വതിയമ്മയുടെ പല കഥകളും വെളിപ്പെടുത്തുന്നുണ്ട്. തെറ്റും ശരിയും, അമ്പിളി എന്നീ കഥകളിലെ നായികമാരുടെ പ്രശ്നങ്ങൾക്ക് കാരണം പരമ്പരാഗതമായ സദാചാരമൂല്യബോധ മാണ്. "ലൈംഗികാഭിലാഷം തൊട്ടുണർത്തപ്പെട്ട ഒരു വിധവയുടെ മാനസിക സംഘർഷമാണ് തെറ്റും ശരിയും എന്ന കഥ. തെറ്റും ശരിയും വ്യവച്ഛേദിച്ചറിയാ നാവാതെ പരമ്പരാഗതമായ സദാചാരവ്യവസ്ഥ മനസിൽ രൂഢമൂലമാക്കിയ പാപ ഭീതിക്കടിപ്പെട്ടുകൊണ്ട് ദുർബലയായ അവൾക്ക് വിധിയുടെ നിർണയത്തിനൊത്ത് തുടർന്നും വിധവയായി ജീവിക്കാനേ സാധിച്ചുള്ളൂ. വ്യവസ്ഥാപിതസമൂഹത്തിൽ ഒരു വിധവയുടെ ലൈംഗികത നേരിടുന്ന പ്രശ്നങ്ങൾ പ്രധാനമായും നിലവിലുള്ള സദാചാരവ്യവസ്ഥ അടിച്ചേൽപിക്കുന്ന മൂല്യബോധമാണെന്ന് ഈ കഥ അടയാള പ്പെടുത്തുന്നു എന്ന് പി.കെ.കനകലത (171) വിലയിരുത്തുന്നു.

പെൺലൈംഗിക കർതൃത്വം പ്രകടമാക്കുന്ന എഴുത്താണ് മാധവിക്കുട്ടി നടത്തിയിരുന്നത്. മാത്രമല്ല ലൈംഗികതയുടെ പെൺഭാഷ്യം മറവുകളില്ലാതെ പ്രത്യക്ഷമാക്കുന്നു. "ഒരു സാധാരണ സ്ത്രീയായി ജനിക്കുവാൻ കൂടി കഴിഞ്ഞില്ലല്ലോ നിനക്ക്" എന്നാണ് കഥാസന്ദർഭത്തിൽ കാമുകൻ കാമുകിയോട് പറയുന്നത് (തരിശുനിലം). നിനക്കുവേണ്ടി പോരാടുവാൻ ഒരുപൊടി സൗന്ദര്യം കൂടി നിന്റെ കൈവശമില്ലല്ലോ എന്നു പറയുന്ന കാമുകൻ (ദാഹം) സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീ പുരുഷ സങ്കൽപ്പങ്ങളെ കുറിച്ചുള്ള ധാരണകളാണ് ഇവിടെ വരച്ചിടുന്നത്.

"ശരീരകാമനകളെ, ലൈംഗികത, സർഗാത്മകത, സൗന്ദര്യാസ്വാദനം, അണിഞ്ഞൊരുങ്ങൽ ഇവയൊക്കെയുമായി ബന്ധപ്പെടുത്തി പുതിയൊരു പ്രത്യയശാസ്ത്രം ചമക്കുകയാണ് മാധവിക്കുട്ടി" (ഉഷാകുമാരി.ജി. 38)

ഹോസ്പിറ്റലിൽവെച്ച് യാദൃച്ഛികമായി കണ്ടുമുട്ടുന്ന രണ്ട് രോഗികളുടെ കഥയാണ് 'മോഹമഞ്ഞ'. പെട്ടെന്നുള്ള കാഴ്ചയിൽ ആശുപത്രിയെ ചുറ്റിപ്പറ്റിയുള്ള പ്രമേയമാണ് എങ്കിലും അതിനപ്പുറം രതിയുടെ കാമനകളെ അവതരിപ്പിക്കുന്നു. മെഡിക്കൽ കോളജിൽവെച്ച് കണ്ടുമുട്ടുകയും തമ്മിൽ ആകർഷണമുണ്ടാവുകയും ചെയ്യുന്നു. അതിനുശേഷം ഡോക്ടറെ കണ്ട് സിനിമക്ക് പോവുകയും ലോഡ്ജിൽ മുറിയെടുത്ത് ഇണ ചേരുകയും ചെയ്യുന്നു.

"അപരിചിതരായ സ്ത്രീയും പുരുഷനും ആശുപത്രിയിൽവെച്ച് കണ്ടു

മുട്ടുകയും പിന്നീട് ലൈംഗികതയിലേക്ക് പരിചയം വളരുകയും ചെയ്യുന്നുണ്ട്. ഇവിടെ കുടുംബം എന്ന ചെറിയ ഘടനക്ക് പുറത്ത് ആശുപത്രി എന്ന ബൃഹദ്ഘടനയിലേക്കുള്ള മാറ്റം സ്വാതന്ത്ര്യത്തിന്റെ സൂചന നൽകുന്നു. എന്നാൽ ഇവിടെ സ്ത്രീയും പുരുഷനും സ്വതന്ത്രരല്ലെന്ന് കാണിക്കുന്നുണ്ട്. സമൂഹത്തിന്റെ സദാചാരനിയമങ്ങൾ തന്നെയാണ് കാഴ്ചയെ തടഞ്ഞുനിർത്തിക്കൊണ്ട് രോഗമായും മഞ്ഞനിറമായും തവിട്ടുനിറമായും വിലയിരുത്തിയിരിക്കുന്നത്. മനഃപൂർവമായിത്തന്നെ സ്ത്രീയെ വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ടവൾ സ്വീകരിക്കുമ്പോൾ സദാചാരഭ്രംശം സംഭവിക്കില്ലെന്ന് ഉറപ്പിക്കുകയാണ് കെ.ആർ.മീര." (ലിഷ എച്ച്.ടി. 629) ഓരോ ഘട്ടത്തിലും ഇത്തരം മനഃപൂർവമായ ഇടപെടലുകളിലൂടെ കഥാകാരി സ്ത്രീപുരുഷബന്ധത്തെ സാമ്പ്രദായികനിയമങ്ങളുമായി ചേർത്തുവെച്ച് വിശകലനം ചെയ്യുന്നു.

നിലനിൽക്കുന്ന ഭാഷയോടും സംസ്കാരത്തോടും നിഷേധാത്മക സമീപനമാണ് മലയാളസാഹിത്യരംഗത്ത് സ്ത്രീയെഴുത്തുകാർ സ്വീകരിച്ചത്. നിലനിൽക്കുന്ന പുരുഷനിർമ്മിതസ്ത്രീത്വത്തിന്റെ വികലരൂപങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടാണ് ഓരോ കഥാകാരിയും സാമ്പ്രദായികനിയമത്തെ ലംഘിക്കാനൊരുമ്പെടുന്നത്. ലിംഗാധിപത്യവും മുതലാളിത്തവും തമ്മിലുള്ള ബന്ധത്തിലൂടെ രൂപീകരിക്കപ്പെട്ട ലൈംഗിക പ്രത്യയശാസ്ത്രത്തിന്റെ നിരാകരണമാണ് മലയാളകഥാകാരികളുടെ മുഖ്യമായ രാഷ്ട്രീയപരിസരം. പുരുഷൻ നിർമ്മിച്ചുവെച്ച ഭാഷാവ്യവസ്ഥയിൽ സ്ത്രീക്ക് സ്വയം പ്രതിനിധാനം അസാധ്യമാണെന്ന് ലിഷ എച്ച്.ടി. (625) രേഖപ്പെടുത്തുന്നു.

സാറാജോസഫിന്റെ കഥകളിലൂടെ സ്ത്രീയുടെ ലൈംഗികത ശരീരത്തിനപ്പുറത്തേക്ക് സമഗ്രമായൊരു വ്യക്തിസത്തയുടെ പ്രഭാവത്തിലേക്ക് പടരുന്നു. അശോക, തായ്കുലം തുടങ്ങിയ കഥകൾ വ്യത്യസ്തലൈംഗികഭാവങ്ങളെ ഉൾകൊള്ളുന്നു.

"അന്ധമായ ആസക്തികളെ പിന്തുടരുന്ന സ്ത്രീപുരുഷശരീരങ്ങളെയാണ് മോഹമഞ്ഞ കാട്ടിത്തരുന്നത്. രതിയുടെ സൂചനകളെ കഥയിൽ ശക്തമായി ആവിഷ്കരിച്ചിട്ടുണ്ട് കഥാകാരി. പഴകിയ റൊട്ടിയിൽ പൂപ്പലിന്റെ രോമാഞ്ചം പടരുക, മഴക്കാലത്ത് കരിയിലിടകൾക്കിടയിൽ കൂണുകളുടെ വെളുത്ത ലിംഗങ്ങളുയരുക എന്നീ ബിംബങ്ങളിലൂടെ അന്ധമായ രതികാമനകളെ സൂചിപ്പിക്കുന്നു എന്ന് ജി.രശ്മി, അനിൽകുമാർ (2018;138) എന്നിവർ വിലയിരുത്തുന്നു.

എഴുത്തുകാർ നിലനിൽക്കുന്ന അവസ്ഥകളോട് പ്രതികരിക്കുന്നത് സാധാരണയാണ്. എന്നാൽ കെ.ആർ.മീര അക്കാര്യത്തിൽ പുതുമകൾ അനുഭവ പ്പെടുത്തുന്നു. സ്ത്രീവ്യക്തിത്വത്തിന്റെ ഗുണഗണങ്ങൾ വർണിക്കുക, പുരുഷന്റെ മേൽകോയ്മാബുദ്ധികളെ, അഹംഭാവങ്ങളെ പരിഹസിക്കുക, പുതിയ സ്ത്രീപുരു ഷവ്യക്തിത്വങ്ങളെ നിർമിച്ചെടുക്കുക എന്നീ ആഖ്യാനതന്ത്രങ്ങൾ രചനകൾ അനുവർത്തിക്കുന്നു.

### 4.3.4 ലൈംഗികന്യൂനപക്ഷവും കഥയും

ഇതര ലൈംഗികതയേയും അത് നമ്മുടെ സമൂഹത്തിലും കുടുംബം പോലുള്ള സ്ഥാപനങ്ങളിലും ഉണ്ടാക്കുന്ന സംഘർഷങ്ങളേയും തീക്ഷ്ണമായ രീതിയിൽ അവതരിപ്പിക്കുന്നുണ്ട് എഴുത്തുകാരികൾ. സ്ത്രീപുരുഷബന്ധങ്ങളെ മാറ്റി നിർത്തിക്കൊണ്ട് സ്ത്രീസ്ത്രീബന്ധങ്ങളേയും പുരുഷപുരുഷബന്ധങ്ങളേയും ഇന്ന് സമൂഹത്തിൽ ധാരാളം കാണാൻ കഴിയും. “ഒരേ ലിംഗത്തിൽ പെട്ടവരോട് വൈകാരി കാകർഷണവും ലൈംഗികാഭിമുഖ്യവും തോന്നുന്നതിനെയാണ് സ്വവർഗരതി എന്ന് വിളിക്കുന്നത്. ഒരേ വർഗത്തിൽപ്പെട്ടവർ തമ്മിലുള്ള (അതായത് പുരുഷനും പുരുഷനും അല്ലെങ്കിൽ സ്ത്രീയും സ്ത്രീയും) ലൈംഗികബന്ധത്തെയാണ് സ്വവർഗ സംഭോഗം എന്ന് വിശ്വവിജ്ഞാനകോശം നിർവചിക്കുന്നത്. Homosexuality[3] എന്ന പദമാണ് ഇംഗ്ലീഷിൽ ഇതിനുപയോഗിക്കുന്നത്. ഒരാണിനോട് ലൈംഗികവും വൈകാരികവും ശാരീരികവുമായ ആകർഷണം തോന്നുന്ന പുരുഷനെ ഗേ (Gay) എന്നും സ്ത്രീയോട് വൈകാരികവും ശാരീരികവുമായ ആകർഷണവും ലൈംഗി കാഭിനിവേശവും തോന്നുന്ന സ്ത്രീയെ ലെസ്ബിയൻ (Lesbian) എന്നും വിളിക്കുന്നു.” (രശ്മി ജി., അനിൽകുമാർ കെ.എസ്, 2016;66) സ്ത്രീപുരുഷബന്ധ മാണ് സ്വാഭാവികമെന്ന് വിശ്വസിക്കുന്ന പൊതുസമൂഹത്തിന് മറ്റ് ബന്ധങ്ങളെ അംഗീകരിക്കാൻ കഴിയില്ല.

സമൂഹത്തിലെ പ്രതിസന്ധികളെ മറികടന്നാണ് പല എഴുത്തുകാരും സ്വവർഗരതിപ്രമേയങ്ങൾ അവതരിപ്പിക്കുന്നത്. ചെറുകഥാരംഗത്ത് ലെസ്ബിയൻ കഥകൾ ധാരാളമായി അവതരിപ്പിക്കപ്പെട്ടപ്പോൾ അത്രയൊന്നുംതന്നെ ഗേയിസം പ്രമേയമായ കഥകൾ മലയാളത്തിൽ എഴുതപ്പെട്ടിട്ടില്ല. ഇത്തരം പ്രമേയങ്ങളെ നവീന എഴുത്തുകാരികൾ ധീരമായ പരീക്ഷണത്തോടെയാണ് അവതരിപ്പിച്ചത്.

ശരീരം ഒരു മുദ്രണസ്ഥലമാണ് എന്ന ആശയം മിഷേൽ ഫൂക്കോ അവതരിപ്പിക്കുന്നുണ്ട്. സാംസ്കാരികമായ മൂല്യവും അർത്ഥവും ശരീരത്തിനുണ്ടാവുന്ന ചരിത്രത്തിന്റെ മുദ്രണപ്രക്രിയയിലൂടെയാണ് കേവലശരീരത്തെ തകർത്തിട്ട് സാംസ്കാരികമായ ശരീരത്തെ ഉൽപാദിപ്പിക്കുന്നത്.

ലിംഗപദവി സാമൂഹികമായി നിർമിക്കപ്പെട്ട ആണത്തത്തേയും പെണ്ണത്തത്തേയും കുറിക്കുന്നു. അനവധി സങ്കേതങ്ങളിലൂടെയും സ്ഥാപനവൽകൃതമായ വ്യവഹാരങ്ങളിലൂടെയും രൂപപ്പെട്ടുവരുന്നതും ദൈനംദിനജീവിത വ്യവഹാരങ്ങളിലൂടെ അനുശീലിപ്പിക്കപ്പെടുന്നതുമായ ഒന്നാണ്.

തൊണ്ണൂറുകളിൽ വിമതസംവാദങ്ങളുടെ ആവിർഭാവത്തോടെ ലൈംഗികതാപഠനങ്ങൾക്കും രാഷ്ട്രീയചർച്ചകൾക്കും നിർണായകമായ ചില ദിശാഭേദങ്ങൾ വന്നുചേരുകയുണ്ടായി. സ്വത്വ/ലൈംഗിക അഭിരുചികളെ സ്വാഭാവികം/അസ്വാഭാവികം എന്ന ദ്വന്ദ്വസങ്കൽപങ്ങളിൽ സ്വത്വരൂപീകരണത്തിലെ അനന്തസാധ്യതകൾ തിരിച്ചറിയാനും ആഘോഷിക്കാനുമാണ് വിമതവാദം ഉദ്ഘോഷിക്കുന്നത്.

സ്വത്വാവിഷ്കാരത്തിലോ ലൈംഗികാഭിരുചിയിലോ മുഖ്യധാരയിൽനിന്ന് വേറിട്ടുനിലനിന്നിരുന്നവരെ അധിക്ഷേപിക്കാനായി ഉപയോഗിച്ചിരുന്ന ക്വീർ എന്ന പദത്തെത്തന്നെയാണ് ശാക്തീകരണത്തിന്റെ മുദ്രയായി വിമതപ്രസ്ഥാനങ്ങൾ ഉപയോഗപ്പെടുത്തിയത്. തുടർന്നുവന്ന ചർച്ചകൾ സുവിദിതമായ ഒരു വ്യക്തിത്വരൂപീകരണത്തിന് പകരം, സ്വത്വാവിഷ്കാരത്തിലും പ്രണയ/ലൈംഗികാഭിരുചികളിലും അനന്തസാധ്യതകളെ തിരിച്ചറിയുന്നതും അവക്ക് അംഗീകാരം നേടിയെടുക്കുന്നതുമാണ് ഫലപ്രദമായ ശാക്തീകരണം എന്ന തിരിച്ചറിവിലേക്കാണ് നയിച്ചത്. (മുരളീധരൻ 19)

സരസ്വതിയമ്മയുടെ ആൺപെൺ, പെൺപെൺ എന്നീ ആവിഷ്കാരമാതൃകകളിൽ എത്തിനിൽക്കുമ്പോൾ മാധവിക്കുട്ടി ഭിന്നവർഗലൈംഗികതയുടെ പ്രശ്നമണ്ഡലങ്ങളും അവ സമൂഹത്തിൽ നേരിടുന്നതും പ്രശ്നവൽകരിക്കപ്പെടുകയുമാണ് ചെയ്യുന്നത്. സാറാ ജോസഫിലും കെ.ആർ. മീരയിലുമെത്തുമ്പോൾ സ്ത്രൈണലൈംഗികതയുടെ പാർശ്വവൽകരണവും അരുതുലൈംഗികതയിൽ പ്രവർത്തിക്കുന്ന സാമൂഹ്യഇടങ്ങളും സമൂഹത്തോട് സംവദിക്കുന്നു.

“ഷീലയുടെ അച്ഛന്റെ ആശ്രിതയായി വളർന്ന കല്യാണിക്കുട്ടി അവളുടെ പഴയ വസ്ത്രങ്ങൾ ധരിച്ചുനടന്നു. ഷീലയുടെ ഭക്ഷണമുറിയിലോ കിടപ്പുമുറിയിലോ കല്യാണിക്കുട്ടിക്ക് പ്രവേശനമുണ്ടായിരുന്നില്ല. ഒരിക്കൽ ഷീല നിർബന്ധിച്ചപ്പോൾ കട്ടിലിലുണ്ടായിരുന്ന കല്യാണിക്കുട്ടിയെ മുത്തശ്ശി ശകാരിച്ചു പുറത്താക്കി. കല്യാണിക്കുട്ടി പഠിച്ച് ഡോക്ടറായത് ഷീലയുടെ കുടുംബത്തിന്റെ ധനസഹായം കൊണ്ടാണ്. എന്നാൽ, ഷീലയുടെ അച്ഛന്റെ മരണത്തെ നിർവികാരതയോടെ സ്വീകരിച്ച കല്യാണിക്കുട്ടി ഒരു ദിവസം ഷീലയുടെ പിതാവ് തന്റേയും പിതാവാണെന്നും സംശയിക്കുന്നു. പണം ചെലവഴിച്ചത് അതുകൊണ്ടാവാം.” സാമ്പത്തികമായ കീഴാഴ്മയും ആശ്രിതാവസ്ഥയും കല്യാണിക്കുട്ടിയിൽ അപകർഷതയേക്കാൾ വീറും ഉറപ്പുമാണ് നിർമ്മിച്ചെടുക്കുന്നത്. അവൾ പറയുന്നു, നിനക്കൊരു മാറ്റവുമില്ല, എന്റെ ഷീലാ. നീയിപ്പോഴും ദാനശീലയായി നിലകൊള്ളുന്നു.

ഭിന്നവർഗലൈംഗികതയുടെ ഘടന ലയിച്ചുകിടക്കുന്ന തരത്തിലാണ് അവരുടെ ശാരീരികാടുപ്പങ്ങളും ആയതിനാൽ സ്വവർഗാനുരാഗത്തിന്റെ സാഹചര്യങ്ങൾ നിലനിർത്തുമ്പോഴും അതിന്റെ അസ്ഥിരീകരണമായി വഴി മാറുകയും ചെയ്യുന്ന സന്ദർഭങ്ങൾ. ലെസ്ബിയൻ അനുഭവത്തെക്കുറിച്ചുള്ള സാമാന്യധാരണയെ പരിക്കേൽപിച്ചുകൊണ്ടാണ് ഈ സന്നിഗ്ധത പ്രവർത്തിക്കുന്നത്. (ഉഷാകുമാരി ജി., 2017;90) കല്യാണിക്കുട്ടിയിൽ അധികാരവും മേൽനിലയും അതിലൂടെ ആണത്തവും ഉണർത്തിയെടുക്കപ്പെടുന്നതിന്റെ കാരണം അവളുടെ വർഗപരമായ കീഴാളത തന്നെയാവണം. അതവളിൽ അതിബലവും അധീശനിലയുമായി തെളിയുന്നു. ലൈംഗികതയിലെ കർതൃത്വനിലയും ഷീലയുടെ നിസ്സഹായമായ കീഴടങ്ങലും അത് സൂചിപ്പിക്കുന്നു.

പണ്ട് നീയെന്നെ എന്നും പെണ്ണേ എന്നാണ് വിളിച്ചിരുന്നത്. ആ വിളി മാറ്റിക്കിട്ടാനാണ് ഞാൻ ആണായി അഭിനയിച്ചത്. നിന്റെ പെണ്ണും ആണും ഞാനായിത്തീർന്നു. ഓസ്ട്രേലിയയിലേക്ക് കൂടെച്ചെല്ലാനും തന്നോടൊപ്പമുള്ള ജീവിതത്തിൽ വിശ്രാന്തിയും ആനന്ദവും അനുഭവിക്കാനും ഷീലയെ അവൾ ക്ഷണിക്കുന്നു. ബന്ധങ്ങൾക്കത് അവൾ സ്വയം യജമാനനായി മാറുന്നു. ഷീലയെ ആണായി സങ്കൽപിച്ചുകൊണ്ട് അവളുടെ കുഞ്ഞിനെ മാത്രമേ തനിക്ക് പ്രസവിക്കാൻ ആഗ്രഹമുള്ളൂ എന്നും കല്യാണിക്കുട്ടി ഒരിക്കൽ പറയുന്നുണ്ട്. മറ്റൊരിക്കൽ ഷീല

നീയൊരു ആൺകുട്ടിയായിരുന്നെങ്കിൽ നിനക്കെന്നെ സ്നേഹിച്ചുതുടങ്ങാമായിരുന്നു. നീയെന്തുകൊണ്ട് ഒരാണായി ജനിച്ചില്ല എന്നും അവൾ പറയുന്നു. ഇത്തരത്തിൽ ലെസ്ബിയൻ തലങ്ങൾ വരച്ചിടുന്നു.

ചന്ദ്രരശ്മികൾ എന്ന കഥ വ്യവഹരിക്കുന്നത് ഹെട്രോസെക്ഷ്വാലിറ്റിയിൽ വിശ്വസിക്കുന്ന ഒരു സ്ത്രീയോടുള്ള സ്വവർഗാനുരാഗിയായ പുരുഷന്റെ തുറന്ന കലഹമാണ്. കുടുംബവ്യവസ്ഥകൾ തന്റെ സ്വവർഗപ്രണയത്തെ നിഷേധിക്കുമ്പോൾ ആത്മഹത്യയിലേക്ക് നടന്നടുക്കുവാൻ ശ്രമിക്കുന്ന ഇക്ബാൽ എന്ന ചെറുപ്പക്കാരനിലൂടെ പുരുഷസ്വവർഗാനുരാഗത്തിന്റെ മറ്റൊരു തീവ്രവശം മാധവിക്കുട്ടി വരക്കുന്നു. അതിനുപുറമേ ബയോസെക്ഷ്വൽ എന്ന സ്വത്വതലത്തെ അവതരിപ്പിക്കുന്നു.

എന്റെ സ്നേഹിത അരുണ എന്ന കഥയിൽ വിമല എന്ന പെൺ ആണത്തത്തിലേക്ക് പരിവർത്തിക്കപ്പെടുന്നു. "വിമല... ഞാനീ വേഷമൊക്കെ കണ്ടപ്പോൾ അരുണയുടെ വല്ല സ്നേഹിതനുമായിരിക്കുമെന്ന് കരുതി. നിനക്കെന്താണ്, വിമലാ? ഭ്രാന്തോ? ആണുങ്ങളുടെ വേഷമിട്ട് നടക്കാൻ... നീ മിണ്ടാതിരിക്കൂ, ഷീലാ. വിമലക്ക് സാരിയല്ല ചേർച്ച. എനിക്കവളെ കാലറുകളും ഷർട്ടും മറ്റുമായി കാണുന്നതാണിഷ്ടം. ഷീല എന്റെയടുത്ത് ചേർന്നിരുന്നുകൊണ്ട് പറഞ്ഞു, എന്റെ സ്നേഹിത... എന്റെ ഓമന ചെറുക്കാ... ഞാൻ നിന്നെ തിന്നാൻ പോവുന്നു." (മാധവിക്കുട്ടി 327) ഇത്തരം നിലപാടുകൾ ഭിന്നലൈംഗികതയുടെ സാമൂഹ്യവൽകരണത്തെ ചോദ്യം ചെയ്യുന്നു.

'ചതിയിലെ' നായികയായ ലേഡീഡോക്ടറോട് പുതുതായി വന്ന നഴ്സിന് സ്നേഹം തോന്നുന്നു. അവളുടെ മനസ്സിൽ കുറ്റബോധമെന്നപോലെ കിടക്കുകയായിരുന്ന ആ സ്നേഹം അവളോട് പറഞ്ഞു. 'നീ സാധാരണ സ്ത്രീയല്ല.... നീ ഒരു സ്ത്രീയെ സ്നേഹിക്കുന്നു.' സ്ത്രീക്ക് പുരുഷബന്ധം മാത്രമേ പാടുള്ളൂ. അവളുടെ കൂട്ടുകാരി ചോദിച്ചു. ഇതെന്ത് സ്നേഹമാണ്?, പെണ്ണുങ്ങൾക്ക് പെണ്ണുങ്ങളോട് സ്നേഹമോ?.... പെണ്ണ് പെണ്ണിനെ സ്നേഹിക്കുന്നത് അസ്വാഭാവികമായി കരുതുന്നു കൂട്ടുകാരി. "കണ്ണുകൾക്കിടയിൽ കണ്ട കറുത്ത നിഴലുകളും ഞരമ്പുകൾ പൊങ്ങി നിൽക്കുന്ന കൈപടങ്ങളും അവളുടെ കണ്ണുകൾ നനയിപ്പിച്ചു..... സ്നേഹം..... പരിശുദ്ധമായ ഈ സ്നേഹം..... തുടങ്ങി സ്ത്രീയുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രമേയങ്ങൾ എഴുത്തുകാരി ആവിഷ്കരിക്കുന്നുണ്ട്.

കെ.ആർ.മീരയുടെ കഥകൾ വർത്തമാനലിംഗരാഷ്ട്രീയത്തിന്റെ പ്രശ്ന പരിസരം തിരിച്ചറിയുന്നു. അമർത്തിയ രതി സർപ്പയജ്ഞത്തിലും സ്വതന്ത്രരതി മോഹ മഞ്ഞയിലും ആവിഷ്കരിക്കുന്നു. മരിച്ചവളുടെ കല്യാണം, ഓർമയുടെ ഞരമ്പ്, മോഹമഞ്ഞ, വാണിഭം തുടങ്ങിയ കഥകളെല്ലാം ഇക്കൂട്ടത്തിൽപെടുന്നു.

ബഹുസ്വരവും വിചിത്രവുമായ അനുഭവങ്ങളിലൂടെ കടന്നുപോവുന്നതു കൊണ്ട് കപടസദാചാരത്തേയും ദമിതലൈംഗികതയേയും വിചാരണ ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ അത് രാഷ്ട്രീയവുമാണ്. 'വാണിഭം' എന്ന കഥ ആരംഭിക്കുന്നത് ഇങ്ങനെയാണ്. വഞ്ചിക്കപ്പെട്ട സ്ത്രീകൾ ഒന്നുകിൽ ഫെമിനിസ്റ്റുകളാവും, അല്ലെങ്കിൽ വ്യഭിചാരിണികൾ. ചുരുക്കം ചിലർ സന്യാസിനികളാവും. ചില മഹാപാപികൾ എഴുത്തുകാരികളും. "സുകന്യ വ്യഭിചരിക്കാൻതന്നെ തീരുമാനിച്ചു. കത്തുന്ന വെയിലിൽ അവർക്ക് പൊള്ളി. വ്യഭിചാരം വിചാരിച്ചത്ര എളുപ്പമല്ല. ഈ രംഗത്തും കോംപിറ്റീഷൻ ഭയങ്കരം തന്നെ. എക്സലെൻസ് കൊണ്ടേ രക്ഷയുള്ളൂ." സുകന്യ എന്ന കഥാപാത്രത്തെക്കൊണ്ട് ചിന്തിപ്പിക്കുന്ന സന്ദർഭങ്ങളാണ് എഴുത്തുകാരി ആവി ഷ്കരിക്കുന്നത്. അവർ തനിച്ചുനിൽക്കുന്ന ഒരുത്തന്റെ അരികിലേക്ക് ചെന്നു. അയാ ളുടെ മുഖത്ത് പാരവശ്യഭാവം നിഴലിച്ചിരുന്നു. കൈയിൽ പിഞ്ഞിത്തുടങ്ങിയ തുകൽബേഗ് പിടിച്ചിരുന്നു. സുകന്യ അയാൾക്കരികിലെത്തി. പുഞ്ചിരിച്ചു. വിരോധ മില്ലെങ്കിൽ നമുക്ക് കുറച്ചുസമയം ഒരുമിച്ചിരുന്നുകൂടേ എന്ന് ചോദിച്ചു. അയാൾ മേഡം ഞാൻ അല്ല, സോറി, പോടേ... എന്ന് പറഞ്ഞ് ഒഴിയുന്നു.

സുകന്യക്ക് നിരാശ തോന്നിയെങ്കിലും കുറച്ചകലെ പെട്ടികൾക്കരികിൽ ഉറക്കം തൂങ്ങിയിരിക്കുന്ന ഒരാളുടെ അടുത്തേക്ക് ചെന്ന് പെട്ടിയിൽ തട്ടി അയാളെ ഉണർത്തി. എനിക്ക് വ്യഭിചരിക്കാൻ താൽപര്യമുണ്ട്. സാർ എന്ന് മുഖവുരയില്ലാതെ പറഞ്ഞു. അയാൾ ഉറക്കം ഞെട്ടി. ആരെങ്കിലും കേട്ടോ എന്ന് നോക്കി. ചുറ്റുപാടും നോക്കി. എനിക്ക് വ്യഭിചിക്കാൻ താൽപര്യമുണ്ട്, താങ്കൾക്ക് വിരോധമുണ്ടോ എന്ന് സുകന്യ ആവർത്തിച്ചു. അയാളുടെ മുഖം വിവർണമായി, മുഖത്ത് അപമാനം നിഴലിച്ചു. പോ പെണ്ണുംപിള്ളേ എന്നാട്ടി. അയാൾ തിരിഞ്ഞിരുന്നു...

സുകന്യക്ക് അതിഭയങ്കരക്ഷോഭം തോന്നി. എന്തൊരു ലോകമാണിത്. വെറുതെ നിൽക്കുന്നവരെ തട്ടിക്കൊണ്ടുപോവും, വാണിഭം ചെയ്യും. ആവശ്യക്കാരെ അവഗണിക്കും എന്ന കഥാപാത്രത്തിന്റെ തിരിച്ചറിവുകളിലൂടെയാണ് കഥ

വികസിക്കുന്നത്. ഈ നാട്ടിൽ സ്ത്രീകൾ രണ്ടാം തരം പൗരന്മാർ എന്ന് സുകന്യ വിളിച്ചു പറഞ്ഞു. ഇവിടെയൊക്കെ ഓരോ എഴുത്തും സമൂഹത്തെ പുനഃസൃഷ്ടിക്കുന്ന സാംസ്കാരിക ഇടപെടലുകളായി നിലകൊള്ളുന്നു. നമ്മുടെ ജീവിതത്തിന്റെ അന്തഃസംഘർഷങ്ങളെ ആവിഷ്കരിക്കുകയാണ് ഒട്ടുമിക്ക കഥകളിലും എഴുത്തുകാരി ചെയ്യുന്നത്. കെ.ആർ.മീരയുടെ ഓരോ കഥയും ഓരോ മാതൃകയാണ്. പുതുവഴികൾ സാധ്യമാണ് എന്നതിന്റെ സൂചകം. സന്ദർഭങ്ങൾക്ക് പുതിയ വീക്ഷണവും വ്യാഖ്യാനവും നൽകി വരക്കുന്ന ചിത്രങ്ങൾ. രൂപഘടനയിൽ തുടങ്ങി ഭാവസന്നിവേശത്തിൽ വരെ സകല തലങ്ങളിലും പരീക്ഷണങ്ങൾ സാധ്യമാണെന്നും അങ്ങനെയാണ് പുതിയ നിരീക്ഷണങ്ങൾ കഥയിൽ രൂപപ്പെടുന്നത്.

മുകളിൽ പ്രസ്താവിച്ച ആശയത്തോട് ചേർത്തുവെക്കാവുന്ന കഥയാണ് കമിങ് ഔട്ട്. ഗേ ജീവിതവും സംസ്കാരവുമാണ് കഥാകാരി കഥയിൽ കൊണ്ടുവരുന്നത്. ലണ്ടനിലെ നഴ്സായ സേബയുടെ കാഴ്ചകളിലൂടെയാണ് കമിങ് ഔട്ട് ചുരുൾ നിവരുന്നത്. തികച്ചും യാദൃച്ഛികമായി അവൾ രണ്ട് പുരുഷന്മാരെ ലണ്ടനിലെ പുതുവർഷരാത്രിയിൽ പരിചയപ്പെടുന്നു. സാധാരാണ വ്യക്തിത്വങ്ങളായിരുന്ന അവർ സേബയെ ഞെട്ടിക്കുന്നത് പുതുവർഷം പിറക്കുന്ന സമയത്ത് പരസ്പരം ആശ്ലേഷിച്ചും താലോലിച്ചുംകൊണ്ടാണ്. സേബക്കത് അവലക്ഷണമായിരുന്നു. ആൺ-ആൺപ്രണയം അവളുടെ യുക്തിക്കും ധാരണകൾക്കും നിരക്കാത്ത ലോകമായിരുന്നു അത്. തുടർന്നുള്ള അര മണിക്കൂറിന് ശേഷം ജോൺ മരിക്കുന്നു. ഡേവിഡിന്റെ സ്വാതന്ത്ര്യത്തിന്റെ ലോകങ്ങൾ അവസാനിക്കുകയും ചെയ്യുന്നു. മരണത്തിന്റെ മടുപ്പിക്കുന്ന പശ്ചാത്തലത്തിലും ഗേയുടെ പ്രശ്നങ്ങളേയും അതിനെ നോക്കിക്കാണുന്ന ഒരു സ്ത്രീജിവിതത്തേയും അവതരിപ്പിക്കാനാണ് കഥ ശ്രമിച്ചിരിക്കുന്നത്. കമിങ് ഔട്ടിൽ ഡേവിഡ്, ജോൺ എന്നീ വ്യക്തികളുടെ ജീവിതാഖ്യാനത്തിലൂടെ ഗേയുടെ വ്യഥകളെയാണ് കെ.ആർ.മീര അനാവരണം ചെയ്യുന്നത് (രശ്മി ജി., അനിൽകുമാർ കെ.എസ്., 2018;74) അഭിപ്രായപ്പെടുന്നു.

സാറാജോസഫിന്റെ മുടിത്തെയ്യമുറയുന്നു എന്ന കഥയിൽ ശരീരത്തിന്റെ വിമോചനം പ്രഖ്യാപിക്കുകയെന്ന ലിംഗപരമായ പ്രതികരണമായാണ് ലളിത നിലകൊള്ളുന്നത്. മുടിയുടെ പിന്നിൽ പുരുഷൻ ഭീരുവാകുന്നുവെന്നും മുടിയുടെ തഴപ്പാർന്ന പ്രദർശനത്തിലൂടെ പെണ്ണ് സ്വയം നിർവചിക്കപ്പെട്ട ഒരു സാമൂഹ്യ

ജീവിയാകുന്നുവെന്ന ആശയം ഈ കഥ ബോധപൂർവം പറയാൻ ശ്രമിക്കുന്നു.

പുരുഷൻ മുടി വളർത്താതിരിക്കുകയും വെട്ടിക്കളയുകയും സ്ത്രീകളെ മുടി വളർത്തണമെന്ന് നിർബന്ധിക്കുകയും മുടിയുടെ പരസ്യപ്രദർശനം അശ്ലീലമാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു എന്ന് ലളിത എന്ന കഥാപാത്രം പറയാതെ പറയുന്നു. "വളർത്തിയ മുടികൾ തന്നെ നെറുകയിൽ നാട്ടിയ ശിവലിംഗ ങ്ങളായി ഉയർത്തിക്കെട്ടിവെച്ചുകൊണ്ട് പെണ്ണ് നടക്കുന്നത്. ഈ ശിവലിംഗം പുരു ഷാധിപത്യപ്രതീകമാണ്. നേരം മറിച്ച എണ്ണ തേച്ച് സമൃദ്ധമാക്കിയ തഴച്ച കൃഷ്ണ സർപ്പച്ചുരുളുകളായ മുടികൾ അഴിച്ചിട്ട് നടക്കുമ്പോൾ പുരുഷലോകം തന്നെയാണ് അവളെ ഭഗവതിയാക്കുന്നതും. രണ്ടും ഒരേ വീക്ഷണത്തിന്റെ വിരുദ്ധഭാവങ്ങളാ ണെന്നേയുള്ളൂ (സിദ്ധിഖ് 91).

'കമിങ്ഔട്ട്' എന്ന കഥയിൽ "തലേന്നു പരിചയപ്പെട്ടപ്പോൾ ഡേവിഡ് നൽകിയ ഹസ്തദാനം മരവിച്ചതായിരുന്നു. ഫോട്ടോകൾക്കുശേഷം ചുമലിൽ തട്ടി വിളിച്ചു ജോൺ ചോദിച്ച ഫേവർ അതാണ്. പന്ത്രാണ്ടാകുമ്പോൾ ബിഗ്ബെനിന്റെ മണിമുഴങ്ങും, അപ്പോൾ ഒരു സ്നാപ്പ്, പ്ലീസ്, സിസ്റ്റർ തണുപ്പിലും തിരക്കിന്റെ സംഭ്രമത്തിലും അവൾ കൂടുതൽ ആലോചിക്കാതെ സെൽഫോൺ വാങ്ങി പിന്നീടാണ് അയാളെ ചേർത്തണച്ച ഡേവിഡിനെ കണ്ടത്. അവൾക്ക് രക്തം തിളച്ചു ആണോട് ആൺ, അവലക്ഷണം. ഫോൺ വലിച്ചെറിയാൻ തോന്നി, പക്ഷേ എന്തൊരു പ്രണയം അവൾ സ്തബ്ധയായി. അവർ പരസ്പരം ചേർത്തുപിടിച്ച വിധം, അവർ പരസ്പരം കടാക്ഷിച്ച വിധം, വ്യൂഫൈൻഡറിലൂടെ നോക്കി നിൽക്കേ രണ്ടുപേരും ഓരോ വൈൻ ഗ്ലാസ്സ് ഉയർത്തി....." ആൺ ആൺ പ്രണയവും ആവിഷ്ക്കാരവുമെല്ലാം കഥ ചർച്ചചെയ്യുന്നു. ലൈംഗികതയുടേയും ലിംഗബോധത്തിന്റെയും വൈവിധ്യത്തെ ക്കുറിച്ചുള്ള വശം മനസ്സിലാക്കാൻ സാധിക്കുന്നതു വഴി ലൈംഗിക ലിംഗന്യൂന പക്ഷങ്ങളുടെ സാംസ്കാരിക സാമൂഹിക സ്വീകാര്യത ഉറപ്പു വരുത്തുന്നു.

### 4.4 ലിംഗാവബോധത്തിന്റെ പരിണതികൾ

കഥനത്തേയും ജീവിതത്തേയും ചരിത്രത്തേയും വേർതിരിക്കാനാവാത്ത സമ്മിശ്രവും സന്നിഗ്ദധവും സങ്കീർണവുമായ ഒരു കാലത്തിലൂടെയാണ് നാം കടന്നുപോവുന്നത്. സ്ത്രീകഥാലോകത്തിന്റെ വർത്തമാനകാലവളർച്ച

പരിശോധിക്കുമ്പോഴാണ് ലിംഗാവബോധത്തെ നോക്കിക്കാണാൻ സ്ത്രീയെ ലിംഗാധിഷ്ഠിതമായി അടിച്ചമർത്തുന്ന പുരുഷാധിപത്യഘടനയെ കഥകളിലെ സംവാദാത്മകതലം രൂപീകരിച്ചുകൊണ്ടാണ് സരസ്വതിയമ്മ നേരിട്ടത്.

ഓരോ സൂക്ഷ്മവ്യവഹാരത്തിലും പൊതുസമൂഹത്തിന്റെ ചിട്ടവട്ടങ്ങളെ പരിഹസിക്കുന്ന ആഖ്യാനസവിശേഷത, 1930കളിൽ ആധുനികഅണുകുടുംബം വിമർശനം നടത്തി സാമൂഹികപ്രശ്നങ്ങളെ സൂക്ഷ്മായി അടയാളപ്പെടുത്തിയ എഴുത്തുകാരിയാണ് സരസ്വതിയമ്മ. സ്ത്രീവാദം, പെണ്ണെഴുത്ത് എന്നീ ആശയങ്ങൾ സജീവമായിട്ടില്ലാത്ത കാലത്ത് സമൂഹത്തിൽ സ്ത്രീയുടെ നില വ്യക്തിത്വം, പ്രണയം, ദാമ്പത്യം എന്നിവയെക്കുറിച്ച് സരസ്വതിയമ്മയുടെ കഥകളിൽ പ്രതിരോധാത്മകചിന്തകൾ രൂപപ്പെട്ടിരുന്നു. സ്ത്രൈണം/പൗരുഷം എന്ന സാംസ്കാരികമായ ലിംഗവിവേചനത്തെ കഥകളിലൂടെ അവർ നേരിട്ടു.

സ്ത്രീ പരമ്പരാഗതകുടുംബഘടനക്കും ദാമ്പത്യത്തിനുമകത്ത് അനുഭവിക്കുന്ന വീർപ്പുമുട്ടലുകളും പുരുഷാധിപത്യസമൂഹത്തിന്റെ സദാചാര നിയമങ്ങൾക്കുള്ളിൽ അനുഭവിക്കുന്ന വിലക്കുകളും മറികടക്കാനുള്ള ആഖ്യാന ശ്രമങ്ങളാണ് മാധവിക്കുട്ടിയുടേതുപോലെത്തന്നെ സാറാ ജോസഫിന്റേയും.

രണ്ടെഴുത്തുകാരികളുടെ രചനകളും തമ്മിൽ വളരെയേറെ ഭിന്നത സൃഷ്ടിക്കുന്നുണ്ട്. ആധുനികതയുടെ സാമൂഹ്യരാഷ്ട്രീയചരിത്രപശ്ചാത്തലമാണ് മാധവിക്കുട്ടിയുടെ എഴുത്ത് നിലകൊള്ളുന്നത്. എന്നാൽ സാറാ ജോസഫിന്റെ രചനകൾ കടന്നുവരുന്നത് ആധുനികതക്ക് ശേഷമുള്ള സാമൂഹ്യരാഷ്ട്രീയസന്ദർഭത്തിലാണ്. കുടുംബഘടന നിർണയിക്കാനും ദാമ്പത്യസദാചാരാലൈംഗികമൂല്യ സങ്കൽപങ്ങളിൽ സ്ത്രീയെ പ്രതിഷ്ഠിക്കുകയും അതിനെ ചുറ്റിപ്പറ്റിയുള്ള പ്രശ്നങ്ങളുമാണ് മാധവിക്കുട്ടി സംവദിച്ചതെങ്കിൽ സാറാ ജോസഫ് സ്ത്രീയുടെ സ്വത്വസംഘർഷങ്ങളും അതിന് കാരണമായി നിലകൊള്ളുന്ന പുരുഷനിയന്ത്രിത സമൂഹത്തോടും സ്ഥാപനങ്ങളോടും വ്യവസ്ഥകളോടും വിപ്ലവാത്മകമായി പ്രതിരോധിക്കുന്നു.

കെ.ആർ.മീരയിലെത്തുമ്പോൾ കേരളീയപരിസരത്തിലെ ലിംഗാധികാരത്തേയും ലിംഗഭേദമൂല്യങ്ങളേയും ആവിഷ്കരിക്കുന്നു. ഭിന്നവർഗലൈംഗികതയുടെ

ആവിഷ്കാരം സ്ത്രീപുരുഷസ്വത്വങ്ങളുടെ കർതൃവിഷയ സ്ഥാനങ്ങളെ നിർണയിക്കുന്നിടത്താണ് ലിംഗാധികാരം പ്രവർത്തിക്കുന്നത് എന്ന് നിരന്തരം ഓർമപ്പെടുത്തുന്നു. മാത്രമല്ല ലിംഗസ്വത്വപ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണെന്നും വ്യത്യസ്തലൈംഗികതകൾ അംഗീകരിക്കപ്പെടേണ്ടതാണെന്നും രചന മുന്നോട്ടുവെക്കുന്നു.

കേരളത്തിന്റെ സവിശേഷമായ സാഹിത്യസംസ്കാരത്തിൽ ലിംഗാവബോധത്തെ അടിസ്ഥാനപ്പെടുത്തി സരസ്വതിയമ്മ, മാധവിക്കുട്ടി, സാറാ ജോസഫ്, കെ.ആർ.മീര എന്നിവരുടെ രചനകളെ വിശകലനം ചെയ്യുമ്പോൾ ലിംഗഭേദങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീയുടെ അനുഭവങ്ങൾ, ലൈംഗികത എന്നിവയൊക്കെ രാഷ്ട്രീയമാനങ്ങൾ സമൂഹം നൽകിവരുന്നു. സ്ത്രീപുരുഷവിഭജിതമായ സാമൂഹ്യനിർമിതിയിൽ രൂപപ്പെടുന്ന ലിംഗക്രമങ്ങളുടെ അയുക്തികമായ വിവേചനവും ഉത്കണ്ഠകളും എഴുത്തുകാരികൾ പ്രകടമാക്കി.

## കുറിപ്പുകൾ

### 1. ശരീരപരത

ജാതിയുടെ വസ്ത്രം നീക്കി ആധുനികതയുടെ വസ്ത്രം ധരിക്കാൻ കേരളീയ സ്ത്രീപുരുഷന്മാരുടെ ശരീരം സജ്ജമാവുന്ന കാലമാണ് 1850 സാമൂഹ്യാധികാരങ്ങളെല്ലാം പ്രവർത്തിക്കുന്ന ശരീരങ്ങളെ മാറ്റിത്തീർക്കുന്ന പ്രക്രിയകൾക്ക് നടുവിലാണ് ആധുനി കത മൂർത്തമായി വെളിപ്പെടുന്നത്. ശരീരവുമായി ബന്ധപ്പെട്ട ആശയങ്ങൾ യാക്കോബ് തോമസിന്റെ 'ജാതി, ആധുനികത, ശരീരം ആധുനികതയുടെ പാഠങ്ങൾ മലയാളകവിത യിലെ സ്ത്രീപക്ഷരാഷ്ട്രീയം പിന്നെ ശരീരവുമായി ബന്ധപ്പെട്ട പഠനങ്ങളും പ്രയോജന പ്പെടുത്തുന്നു.

### 2. ലിംഗപദവി

ലിംഗപദവി എന്ന പദം ഭാഷയിൽ കടന്നുവരുന്നത് ഫെമിനിസ്റ്റുകളുടെ ഇടപെ ടൽ കൊണ്ടാണ്. ആണത്തം പെൺമ എന്നിങ്ങനെയുള്ള സാമൂഹ്യപദവി, ലിംഗപദവി, സാംസ്കാരികപ്രതിനിധാനമാണ് കൂടാതെ ലൈംഗികപദവി സാമൂഹ്യനിർമിതിയാണ്. ജൂഡിത് ബട്‌ലറെ ഉദ്ധരിച്ചുകൊണ്ട് ദേവിക പറയുന്നത് സാംസ്കാരികവ്യവഹാരമാണ് ലിംഗപദവിയെന്നാണ്, ജീവശാസ്ത്രപരമായ ലിംഗസ്വഭാവത്തെ വ്യവഹാരപൂർവമെന്ന രീതിയിൽ ഇത് സ്ഥാപിച്ചെടുക്കുന്നു.

"സ്ത്രീയുടെ ലിംഗപരമായ പദവി ഒരു സാമൂഹികനിർമിതിയാണ്. ഗാർഹികവും സാമൂഹികവുമായ അടിമത്തത്തിന്റെ മൂല്യബോധം സ്ത്രീയും പുരുഷനും അടങ്ങുന്ന പൊതുസമൂഹം ഒരുപോലെ പിൻപറ്റുന്നതാണ് സ്ത്രീയുടെ സ്വത്വരാഷ്ട്രീയം നേരിടുന്ന പരിമിതി. പൊതുബോധം സ്വാംശീകരിച്ചുവെച്ചിരിക്കുന്ന വാർപ്പുമാതൃകകളിൽനിന്നും മോചനം നേടാനുള്ള സമരം സ്ത്രീയുടെ ആന്തരലോകത്തെ സംഘർഷഭരിതമാക്കുന്നു വെന്ന യാഥാർത്ഥ്യം കാണേണ്ടതുണ്ട്. പൊതുമനസ് പിൻപറ്റുന്ന ഒരു പൊതുബോധം തന്നെയാണ് സ്ത്രീയേയും രൂപപ്പെടുത്തുന്നത്. അതുകൊണ്ടാണ് മിക്കപ്പോഴും സ്ത്രീ വിരുദ്ധാശയങ്ങളുടേയും സങ്കൽപങ്ങളുടേയും കാവലാളുകളായി സ്ത്രീകളെത്തന്നെ സ്ഥാനപ്പെടുത്താൻ ഇടയാവുന്നത്." (അനിൽകുമാർ.എ.വി. 67)

3. Heterosexuality:(ഭിന്നവർഗലൈംഗികത)

സ്ത്രീവർഗവും പുരുഷവർഗവും അടങ്ങുന്ന സമൂഹത്തിലെ ഭൂരിപക്ഷത്തിൽ കണ്ടുവരുന്ന ഭിന്നമായ വർഗങ്ങൾ തമ്മിലുള്ള ലൈംഗികതയെ സൂചിപ്പിക്കുന്ന പദം

4. Homosexuality:(സ്വവർഗലൈംഗികത)

സ്ത്രീവർഗവും പുരുഷവർഗവും അടങ്ങുന്ന സമൂഹത്തിലെ ഒരു ന്യൂനപക്ഷത്തിൽ കണ്ടുവരുന്ന, സ്വന്തം വർഗത്തോട് തന്നെയുള്ള ആകർഷണത്തോട് സൂചിപ്പിക്കുന്ന പദം.

# ഗ്രന്ഥസൂചി

അഗജ, പി. "വിമത ലൈഗികതയും സ്ത്രീകളും കേരളീയസമൂഹത്തിനൊരു വിമർശനം" എഴുത്തകം, ജൂലൈ 2016.

അച്യുതൻ, എം. *ചെറുകഥാസാഹിത്യചരിത്രം*. കോട്ടയം: ഡിസി ബുക്സ്, 2009.

അജയ്, ശേഖർ. *ബി.ആർ.അംബേദ്കർ*. കോട്ടയം: എസ്പിസിഎസ്, 2015.

അജയ്, ശേഖർ. *സംസ്കാരം പ്രതിനിധാനം പ്രതിരോധം*. മാവേലിക്കര: ഫേബിയൻ ബുക്സ്, 2009.

അജു, കെ.നാരായണൻ. (എഡി). *താക്കോൽ വാക്കുകൾ*. ഭൂമിമലയാളം. ആലുവ: വിദ്വാൻ പി.ജി.സ്മാരക ഗവേഷണകേന്ദ്രം, 2017.

അജിത്, കെ.ശ്രീധരൻ. (എഡി). *മൂന്നാം കേരളചരിത്ര കോൺഫെറൻസ് പ്രബന്ധങ്ങൾ*. കോട്ടയം: എസ്പിസിഎസ്, 2016.

അഞ്ജന, വി. ആർ. "പാട്ടിലൂടേ സംഗതി ഒരു ദലിത്, സ്ത്രീ, ഫോക്‌ലർ, പരിപ്രേക്ഷ്യം" വിജ്ഞാന കൈരളി, ഡിസംബർ, 2012.

അപ്പൻ, കെ.പി. *ഉത്തരാധുനികത വർത്തമാനവും വംശാവലിയും*. കോട്ടയം: ഡിസി ബുക്സ്, 1997.

അപ്പൻ, കെ.പി. *കഥ: ആഖ്യാനവും അനുഭവസത്തയും*. കോട്ടയം: ഡി.സി.ബുക്സ്, 1999.

അനിൽ, കെ.എം. (എഡി). *ശരീരം ജാതി അധികാരം അസ്പൃശ്യതയുടെ പ്രതിഭാസികത*, കോഴിക്കോട്: പ്രോഗ്രസ് ബുക്സ്, 2018.

– – – . (എഡി). *സംസ്കാര നിർമ്മിതി.* കോഴിക്കോട്: പ്രോഗ്രസ് ബുക്സ്, 2017.

അനിൽകുമാർ, *ഇന്ദുലേഖയുടെ അനുജത്തിമാർ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007.

അനിൽകുമാർ, എ.വി. *ശരീരം വിപണി ദൈവം*. തൃശൂർ: അടയാളം പബ്ലിക്കേഷൻസ്, 2007.

അരവിന്ദാക്ഷൻ. *അധികാരത്തിന്റെ ആസക്തികൾ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2012.

അശ്വതി പി. : "മിശ്രലിംഗം വൈകല്യമല്ല". എഴുത്തകം, ജൂലൈ 2016.

അയ്യൂബ്, എ.എസ്. വിവ.പ്രണയത്തിന്റെയും ലൈംഗികതയുടെയും മനശാസ്ത്രം. കോഴിക്കോട്: പാപ്പിയോൺ, 2010.

ആനന്ദി, ടി.കെ. *മാർക്സിസവും ഫെമിനിസവും ചരിത്രപരമായ വിശകലനം*. തൃശൂർ: സമത, 2017.

ഇന്ദുമേനോൻ, കെ. *ഇന്ദുമേനോന്റെ കഥകൾ*. കോട്ടയം: ഡിസി ബുക്സ്, 2012.

ഉഷാകുമാരി, ജി. *ഉടൽ ഒരു നെയ്ത്ത് സംസ്കാരത്തിന്റെ സ്ത്രീവായന* കോട്ടയം: എസ്പിസിഎസ്, 2013.

– – – . "പുതുകവിതയിലെ ഉടൽ നിയമങ്ങൾ". ഭാഷാപോഷിണി, ജനുവരി 2014.

– – – . (എഡി): "സ്തീവാദസമീപനങ്ങൾ". മലയാളം റിസർച്ച് ജേണൽ, ആഗസ്റ്റ് 2012.

– – – . "തന്മ, ശരീരം, കാമന മാധവിക്കുട്ടിയുടെ നോവലുകളിലൂടെ". സാഹിത്യ ലോകം, ആഗസ്റ്റ് 2017.

ഉണ്ണികൃഷ്ണൻ, എം.എം. "നവീനത മലയാള ചെറുകഥയിൽ". മലയാളം റിസേർച്ച് ജേണൽ, സെപ്തംബർ 2008.

എബ്രഹാം. (എഡി). *മാധവിക്കുട്ടി ശരീരത്തിന് എത്ര ചിറകുകൾ*. തൃശൂർ : എച്ച്&സി ബുക്സ്, 2009.

ഏംഗൽസ്. ഫ്രെഡെറിക്. *കുടുംബം സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം*, പരി.ദാമോദരൻപിള്ള പി.എൻ. തിരുവനന്തപുരം: ചിന്ത, 2010.

ഒരു സംഘം ലേഖകർ. *കേരളത്തിലെ സ്ത്രീകൾ ഇന്നലെ ഇന്ന്*. സെമിനാർ പ്രബന്ധങ്ങൾ. തിരുവനന്തപുരം : എകെജി പഠനഗവേഷണകേന്ദ്രം, 1992.

കനകലത, പി.കെ. *കെ.സരസ്വതിയമ്മ: ഒറ്റക്ക് വഴി നടന്നവൾ*. കോട്ടയം: ഡിസി ബുക്സ്, 2013.

കൽപറ്റ, നാരായണൻ. *ഏതിലയും മധുരിക്കുന്ന കാടുകളിൽ*. കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2005.

കൽപ്പറ്റ, നാരായണൻ. "ഉടൽ അറിവിന്റെ കടൽ". മാതൃഭൂമി, ഏപ്രിൽ 2005.

കാണിപ്പയ്യൂർ, ശങ്കരൻ നമ്പൂതിരിപ്പാട്. *നായന്മാരുടെ പൂർവചരിത്രം*. വാല്യം 1 & 2. തൃശൂർ : മംഗളോദയം, 1881.

കിഷോർകുമാർ, ഇ. "മാധവിക്കുട്ടിയുടെ സ്വവർഗ്ഗാനുരാഗികൾ". പച്ചക്കുതിര, ആഗസ്റ്റ് 2016.

കുഞ്ഞൻപിള്ള, ഇളംകുളം. *ജന്മിസമ്പ്രദായം*. കോട്ടയം: എസ്പിസിഎസ്, 1960.

കുഞ്ഞിക്കണ്ണൻ, വാണിമേൽ. *കഥയുടെ ആറാംകാലം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

കെ.ഇ.എൻ. (എഡി). *ലൈംഗിക ഉദാരീകരണം പരിസരവും രാഷ്ട്രീയവും*. കോഴിക്കോട് : പ്രോഗ്രസ് പബ്ലിക്കേഷൻസ്, 2005.

കൊച്ച്, കെ.കെ. *കേരളചരിത്രവും സാമൂഹ്യരൂപീകരണവും*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012.

കൊച്ചുത്രേസ്യ, തോമസ്. *സ്ത്രീശക്തിയുടെ മനഃശാസ്ത്രം*. കോട്ടയം: നാഷനൽ ബുക്സ്, 2009.

കൊസാംബി, ഡി.ഡി. *പ്രാചീനഭാരതത്തിന്റെ സംസ്കാരവും നാഗരികതയും: ചരിത്ര പരമായ രൂപരേഖ.* കോട്ടയം : ഡിസി ബുക്സ്, 2003.

ഖദീജ, മുംതാസ്. *പുരുഷനറിയാത്ത സ്ത്രീമുഖങ്ങൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2015.

– – – . "സപത്നിയായിരിക്കാൻ നിനക്കിനിയും കഴിയുമോ". മാതൃഭൂമി നവംബർ 2008.

ഖദീജ, മുംതാസ്. "പ്രണയം ലൈംഗികത സ്ത്രീ വിമോചനം". കേരള പ്രൈവറ്റ് കോളേജ് ടീച്ചർ മാസിക, മാർച്ച് 2018.

ഗംഗാധരൻ, എം. *സ്ത്രീയവസ്ഥ കേരളത്തിൽ.* തിരുവനന്തപുരം: സൈൻ ബുക്സ്, 2007.

ഗണേഷ്, കെ.എൻ. *കേരളത്തിന്റെ ഇന്നലെകൾ.* തിരുവനന്തപരും: ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 2014.

– – – . *പ്രകൃതിയും മനുഷ്യനും.* തൃശ്ശൂർ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, 2014.

– – – . "ആൺകാലത്തെ പെൺ മുൻകൈ". പച്ചകുതിര, ഫെബ്രുവരി 2015.

ഗിരീഷ്, പി.എം. *അധികാരവും ഭാഷയും.* കോഴിക്കോട്: പാപ്പിയോൺ, 2001.

ഗീത, പി. *കണ്ണാടികളുടക്കുന്നതെന്തിന്.* തൃശൂർ: കറന്റ് ബുക്സ്, 1997.

– – – . *സ്ത്രീവിമോചനമെന്നാൽ മനുഷ്യവിമോചനം.* തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 2000.

– – – . *എഴുത്തമ്മമാർ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014.

– – – . *സ്ത്രീവാദത്തിന്റെ കേരളീയപരിസരം.* തിരുവനന്തപുരം: മൈത്രി ബുക്സ്, 2005.

– – – . *ദേവദൂതികൾ മാഞ്ഞുപോയത്.* കോട്ടയം: എസ്.പി.സി.എസ്, 1999.

– – – . "പ്രേമത്തിന്റെ ഇഹപരങ്ങൾ". മാതൃഭൂമി, മെയ് 2012.

– – – . "പേറ്റുനോവും ഈറ്റുപുണ്യവും". മാതൃഭൂമി, ജനുവരി 2015.

– – – . "ആമി അടയാളപ്പെടുത്തുന്നത്". മലയാളം, ജനുവരി 2018.

– – – . "സ്ത്രീപക്ഷരചനയിൽ നിന്ന് സ്ത്രീ രചനയിലേക്ക്". താപസം 2017.

ഗീതാഹിരണ്യൻ. *ഗീതാഹിരണ്യന്റെ കഥകൾ.* തൃശ്ശൂർ: കറന്റ് ബുക്സ്, 2004.

– – – . ഒറ്റസ്നാപ്പിൽ ഒതുക്കാനാവില്ല ഒരു ജന്മസത്യം. കോട്ടയം: ഡി.സി.ബുക്സ്, 1999.

ഗോവിന്ദപിള്ള, പി. *കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റ് ദർശനം.* തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻ, 2013.

ഗോവിന്ദൻ, എം. *കരഞ്ഞ കവിയും ചിരിച്ച തത്വജ്ഞാനിയും.* കോട്ടയം: ഡിസി ബുക്സ്, 1993

ഗോവിന്ദപ്പിള്ള, പി. *ഗ്രാംഷിയൻ വിചാരവിപ്ലവം*. തിരുവനന്തപുരം: ചിന്ത, 2008.

ഗ്രാമപ്രകാശ്, എൻ.ആർ. *നാടകം പാഠവും പ്രയോഗവും*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2009.

– – – . "ഇരുന്നാൽ ഇനിയും കഥയെഴുതും ഞാൻ പോട്ടെ". മാതൃഭൂമി, ജനുവരി 2012.

ഗ്രേസി. "ഫെമിനിയം പറയാത്തവുമനിസം". മാതൃഭൂമി, ഡിസംബർ 2008.

– – – . ഗ്രേസിയുടെ കഥകൾ. കോട്ടയം: ഡി.സി.ബുക്സ്, 2005.

ചന്ദ്രിക, സി.എസ്. *കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം*. തൃശൂർ: കേരള സാഹിത്യ അക്കാദമി, 1998.

– – – . *ആർത്തവമുള്ള സ്ത്രീകൾ*. മാവേലിക്കര: ഫേബിയൻ ബുക്സ്, 2008.

ചന്ദ്രമതി. *ചന്ദ്രമതിയുടെ കഥകൾ*. കോട്ടയം: ഡിസി ബുക്സ്, 2009.

– – – . *രത്നാകരന്റെ ഭാര്യ*. കോട്ടയം : ഡിസി ബുക്സ്, 2010

– – – . "മാധവിക്കുട്ടി സിദ്ധാന്തങ്ങൾക്കപ്പുറം". ഭാഷാപോഷിണി, ജൂലൈ 2009.

ജമീലാ, ചെറിയാൻ. (വിവ). *സ്ത്രീയും സമൂഹവും*. നവജീവൻ പബ്ലിക്കേഷൻസ്, 1999.

ജയകൃഷ്ണൻ, എൻ. (എഡി). *ഫെമിനിസം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.

– – – . (എഡി). *പെണ്ണെഴുത്ത്*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.

ജയപ്രകാശ്, ആർ. "ലൈംഗികപീഡനങ്ങളിൽ ടെലിവിഷൻ വില്ലനാകുമ്പോൾ". ദേശാഭിമാനി മാർച്ച് 2013.

ജാനമ്മ, കുഞ്ഞുണ്ണി. *സ്ത്രീ ജീവിതം സംസ്കാരം*. കോട്ടയം: എസ്പിസിഎസ്, 2010.

ജാൻസി, ജെയിംസ്. (എഡി). *ഫെമിനിസം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.

– – – . *ഉൾകാഴ്ചകൾ*. തൃശൂർ: കറന്റ് ബുക്സ്, 2001.

ജിതേഷ്, ടി. *ആഖ്യാന ശാസ്ത്രം*. കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്, 2017.

ജീവൻ, ജോബ് തോമസ്. *രതിരഹസ്യം*. കോട്ടയം: ഡിസി ബുക്സ്, 2013.

– – – . "കൊല്ലുന്ന ആണും തിന്നുന്ന പെണ്ണും". മാതൃഭൂമി ജൂൺ 2011.

ജോഷി, വർഗീസ്. ജോജി, മാടപ്പാട്ട്. (എഡി). *മലയാളത്തിലെ കഥാകാരികൾ*. കോട്ടയം: എസ്പിസിഎസ്, 2012.

– – – . ജോജി മാടപ്പാട്ട് (എഡി). *മലയാളത്തിലെ കഥാകാരികൾ*. കോട്ടയം: എസ്.പി.സി.എസ്, 2013.

ജോസ്, കെ. മാനുവൽ (എഡി). *മാറുന്ന മലയാള സിനിമ ഭാഷ സംസ്കാരം സമൂഹം*. കോട്ടയം: എസ്പിസിഎസ്, 2015.

ജ്യോതിലക്ഷ്മി, പി.എസ്. *ഉറൂബിന്റെ സ്ത്രീത്വദർശനം*. തൃശൂർ: കേരള സാഹിത്യ അക്കാദമി, 2008.

തിലക്, പി.കെ. *കഥാപഠനങ്ങൾ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2013.

താരതമ്യപഠനസംഘം, ചങ്ങനാശേരി. *അഞ്ഞൂറ് വർഷത്തെ കേരളം ചില അറിവട യാളങ്ങൾ (സംസ്കാരപഠനം)*. തൃശൂർ: കറന്റ് ബുക്സ്, 1999.

ദേവിക, ജെ. *കൽപനയുടെ മാറ്റൊലി*, തൃശൂർ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, 2011.

– – – . *ആണരശുനാട്ടിലെ കാഴ്ചകൾ*. തിരുവനന്തപുരം: വുമൺ ഇംപ്രിന്റ്, 2000.

– – – . *പൗരിയുടെ നോട്ടങ്ങൾ* കറന്റ്. തൃശൂർ: ബുക്സ്, 2010.

– – – . *സ്ത്രീവാദം*. കോട്ടയം: ഡിസി ബുക്സ്, 2000.

– – – . “മലയാള സാഹിത്യത്തിലെ തായ്കുലം”. ഭാഷാപോഷിണി, സെപ്തംബർ, 2010.

– – – . “കേരളീയ സ്ത്രീയെ രൂപാന്തരീകരിക്കുമ്പോൾ”. മാതൃഭൂമി, മെയ് 2014.

ദേവദാസ്, എം.എസ്. *മാർക്സിസ്റ്റ് ദർശനം.* തൃശ്ശൂർ: ചിന്താ പബ്ലിക്കേഷൻ, 1977.

ദിലീപ്കുമാർ. *വിജ്ഞാനം ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് സാമൂഹ്യശാസ്ത്ര ദർശനം*. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000

ദിലീപ് രാജ്. “ലിംഗമില്ലാത്ത ശരീരം എന്ന പാഠം ഉണ്ടാകേണ്ടതുണ്ട്”. മലയാളം, ഫെബ്രുവരി 2014.

ദിവ്യാധർമദത്തൻ. ആഖ്യാനവും രാഷ്ട്രീയവും. തിരുവനന്തപുരം: കൈരളി ബുക്സ്, 2017.

ധന്യാരാജ്. വാരന്ത്യജീവിതം. കോട്ടയം: ഡി.സി.ബുക്സ്, 2006.

നയന, കടിഞ്ഞേരി. “പെൺശരീരവും പൊതുബോധവും”. സാഹിത്യലോകം, ഏപ്രിൽ 2018.

നാലപ്പാട്ട്, നാരായണൻ. *രതിസാമ്രാജ്യം*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 1937.

നെല്ലിക്കൽ, മുരളീധരൻ. *കേരളജാതിവിവരണം*, റെയ്ൻ ബുക്സ്, 2008,

നൗഷാദ്, എസ്. “കമ്പോളകാലത്തെ വീരപുരുഷനും വിശുദ്ധ സ്ത്രീയും”. വിജ്ഞാന കൈരളി, ഡിസംബർ 2012.

പവിത്രൻ, പി. *ആധുനികതയുടെ കുറ്റസമ്മതം*, കോട്ടയം: എസ്.പി.സി.എസ്, 2000.

പ്രഭാകരൻ. *ദാമ്പത്യം എന്ന രോഗം കഥ തേടുന്ന കഥ*. കോഴിക്കോട് : പാപ്പിയോൺ, 2003.

പ്രഭാകരവാര്യർ,കെ.എം, ബിംബകല്പന കവിതയിൽ, താപസം, ഒക്ടോബർ 2006.

പ്രിയ, എ.എസ്. താമരകനി. കോട്ടയം: ഡി.സി.ബുക്സ്, 2010.

പ്രശാന്ത്കുമാർ. *സ്ത്രീരചനാദർശനം ഒരവലോകനം*. കോട്ടയം: ഡിസി ബുക്സ്, 1998.

പ്രസാദ്, സി.ആർ. *നിലപാടുറപ്പിക്കുന്ന ആഖ്യാനങ്ങൾ*, കോട്ടയം: എസ്.പി.സി.എസ്, 2013.

പ്രസാദ്, അമോർ. (എഡി). *സാറാ ജോസഫ് : സ്ത്രീപക്ഷചിന്തകളും കഥകളും*. തൃശൂർ: എച്ച് & സി, 2005.

പിയേഴ്സൺ, എൻ.എം. *ഇക്കോഫെമിനിസം–ഇക്കോടൂറിസം മാർക്സിസം*. തൃശൂർ: കറന്റ് ബുക്സ്, 2003.

ഫിലിപ്സ്, ജി. *സ്ത്രീപുരുഷബന്ധം നൂറ്റാണ്ടുകളിലൂടെ*. കോട്ടയം: നാഷനൽ ബുക്സ്, 1974.

ബാബുരാജ്, കെ. കെ. "ലൈംഗിക ഫാന്റസികൾ" പച്ചകുതിര, ഫെബ്രുവരി 2015.

ബാലകൃഷ്ണൻ, പി.കെ. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും*. കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 1983.

ബാലചന്ദ്രൻ. *കേരളീയ വസ്ത്രപാരമ്പര്യം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013.

ബഷീർ, എം.എം. *മലയാളചെറുകഥാസാഹിത്യചരിത്രം*, കോട്ടയം: എസ്.പി.സി.എസ്, 2008.

ബീന, ഇ.കെ. *പ്രതിരോധം സംസ്കാരം സിദ്ധാന്തവും പ്രയോഗവും*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014.

ബീനാമ്മ, മാത്യൂ. സ്ത്രീപുരുഷബന്ധം മലയാള ചെറുകഥയിൽ മഹാത്മഗാന്ധി യൂണിവേഴ്സിറ്റി 2002.

ബാലറാം, എം.പി. *വാക്കുകൾ നിശബ്ദതകൾ*. കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്കേഷൻ, 2018.

ബെറ്റിമോൾ, മാത്യൂ. *രതിയുടെ കാവ്യപുസ്തകം*. കോഴിക്കോട്: പാപ്പിയോൺ, 2012.

ബ്രഹ്മാനന്ദശിവയോഗി. സ്ത്രീവിദ്യാപോഷിണി. ആലത്തൂർ: സദാനന്ദ ഓഫ്സെറ്റ്, 1886.

ഭട്ടതിരിപ്പാട്, വി.ടി. കുറിയേടത്തു താത്രി:നവോത്ഥാനനായിക. കോട്ടയം: ഡി.സി. ബുക്സ്, 1997.

ഭാസ്കരനുണ്ണി, പി. *കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ*. തൃശൂർ: കേരള സാഹിത്യ അക്കാദമി, 2005.

– – – . *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം*. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2002.

മധു, ടി. വി. "ശരീരത്തിന്റെ സാമൂഹിക ബലതന്ത്രങ്ങൾ". പച്ചക്കുതിര, ഏപ്രിൽ 2013.

മധുസൂദനൻ. *ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ*. തൃശൂർ: കറന്റ് ബുക്സ്, 2009.

മധുസൂദനൻ. *കഥയും പരിസ്ഥിതിയും*. തൃശൂർ കറന്റ് ബുക്സ്, 2000.

മലയാളപഠനസംഘം. *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2007.

മാധവിക്കുട്ടി. *സമ്പൂർണകഥകൾ*. കോട്ടയം: ഡിസി ബുക്സ്, 2010.

– – – . *മാധവിക്കുട്ടിയുടെ സ്ത്രീകൾ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2012.

മായാമാലിനി. ബിംബകല്പനകളുടെ പ്രയോഗം മലയാളം ചെറുകഥയിൽ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, 2004.

മാർക്കോസ്, വി.പി. (എഡി) *സമകാലിക മലയാള ചെറുകഥ വഴിയും പൊരുളും*. ആലുവ: വിദ്വാൻ പിജി സ്മാരക ഗവേഷണകേന്ദ്രം, 2012.

മുകുന്ദൻ, എം. *എന്താണ് ആധുനികത*. കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 1976.

മുരളീധരൻ, ടി. കെ. "ലൈംഗികത, സദാചാരം, ആനന്ദം, ശരീരം, ചില സമസ്യ കൾ".– പച്ചക്കുതിര, ജനുവരി 2003.

മുജീബ്, റഹ്മാൻ. (എഡി). *രണ്ടാം കേരളചരിത്ര കോൺഫെറൻസ് പ്രബന്ധങ്ങൾ*. കോട്ടയം: എസ്.പി.സി.എസ്, 2015.

മിനി, പ്രസാദ്. *പെൺകഥകളുടെ ഫെമിനിസ്റ്റ് വായന*. കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്, 2015.

– – – . *സ്ത്രീ, പരിസ്ഥിതി, ആത്മീയത*. തിരുവല്ല: സി.എസ്.എസ്., 2009.

മീര, വി. *സ്ത്രീസമത്വവാദത്തിന്റെ രാഷ്ട്രീയം*. തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 1992.

മേരി, റീമ. "സ്ത്രീപക്ഷസാഹിത്യചരിത്രവിജ്ഞാനീയം". മലയാളം റിസേർച്ച് ജേണൽ, ഏപ്രിൽ 2016.

– – – . സ്ത്രീചരിത്രനിർമ്മിതി: കർതൃത്വവും ലിംഗപദവിയും മലയാള സാഹിത്യചരിത്രങ്ങളിൽ, സംസ്കൃത സർവ്വകലാശാല കാലടി, 2017.

മോഹൻദാസ്, ടി. കെ. "വ്യക്തി, കുടുംബം, സമുദായം, അനുഭവവും പാഠവത്കരണവും". സൂചകം മാസിക, 2002.

മ്യൂസ്, മേരി ജോർജ്. *ഉടലധികാരം*. കോഴിക്കോട്: ഒലിവ്, 2015.

യാക്കോബ്, തോമസ്. *ഉടലിന്റെ ആധുനികത* പ്രസക്തി ബുക്സ്, 2010.

– – – . *പുല്ലിംഗത്തിന്റെ നോട്ടങ്ങൾ*, ചലച്ചിത്രം, സ്ത്രീ, ആഗോളീകരണം, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, 2011.

– – – . *ആധുനികതയുടെ പാഠങ്ങൾ: മലയാളകവിതയുടെ സ്ത്രീപക്ഷരാഷ്ട്രീയം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012.

യാക്കോബ്, തോമസ്. (എഡി). ചെറുകഥ – മലയാളം റിസേർച്ച് ജേണൽ, 2009.

യാക്കോബ്, തോമസ്. (എഡി). . ''പുല്ലിംഗം, ആനന്ദം, നിരാമ്പു പുതിയ നോവലിലെ ശരീര രാഷ്ട്രീയം". ശാന്തം, ഫെബ്രുവരി 2013.

രവികുമാർ, കെ.എസ്. *ചെറുകഥ വാക്കും വഴിയും*, മലയാളചെറുകഥ, കോട്ടയം: എസ്.പി.സി.എസ്, 2009.

രവികുമാർ, കെ.എസ്. *ആഖ്യാനത്തിന്റെ അടരുകൾ*, കോട്ടം: ഡി.സി.ബുക്സ്,2012.

രവികുമാർ, കെ. എസ്, "ലോകാനുഭവത്തിന്റെ ആഖ്യാനങ്ങൾ". സാഹിത്യ ലോകം, ഏപ്രിൽ 2008.

രാഘവവാരിയർ, എം.ആർ. *അമ്മ വഴി കേരളം*. തൃശൂർ: കേരള സാഹിത്യ അക്കാദമി. 2006.

രഘുനാഥൻ, പറളി. *ഭാവിയുടെ ഭാവന.* കോട്ടയം: ഡിസി ബുക്സ്, 2007.

രാഹുൽ, സാംകൃത്യായൻ. *സാമൂഹ്യരേഖ (വിവ.കെ.പി.മണലിക്കര)* തിരുവനന്തപുരം: ചിന്താപബ്ലിക്കേഷൻ, 2008.

രാമചന്ദ്രൻ, ജി. പി. "നടി എന്ന സാമൂഹിക ശരീരം". മാധ്യമം, ഒക്ടോബർ 2018.

രവീന്ദ്രൻ, പി.പി. *ഇടപെടലുകൾ*, കോട്ടയം: ഡിസി ബുക്സ്, 1997.

– – – . *സംസ്കാരപഠനം ഒരാമുഖം പ്രയോഗം*. കോട്ടയം: ഡിസി ബുക്സ്, 2002.

– – – . *ഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം*. തിരുവനന്തപുരം: കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 2003.

– – – . *ആധുനികത വിചാരം വായന*, 2002.

രവീന്ദ്രൻ, എൻ.കെ. *പെണ്ണെഴുതുന്ന ജീവിതം*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010.

രശ്മി ബിനോയ്. *ചരിത്രത്തിലെ പെണ്ണിടങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

രശ്മി, ജി. & അനിൽകുമാർ, കെ.എസ്. *കെ.ആർ.മീരയുടെ കഥയുടെ കാലാന്തരങ്ങൾ*. തിരുവനന്തപുരം: ചിത്രരശ്മി ബുക്സ്, 2018.

– – –. വിമതലൈംഗീകത ചരിത്രം സിദ്ധാന്തം രാഷ്ട്രീയം. തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻസ്, 2016.

– – – . "ട്രാൻസ്ജെന്ററും ഇന്ത്യൻ പൊതുമണ്ഡലവും". ശാന്തംമാസിക, ജൂൺ 2017.

ശതാബ്ദ സ്മാരക പ്രസിദ്ധീകരണം. വിവേകാനന്ദസാഹിത്യസർവ്വസ്വം. തൃശൂർ: ശ്രീരാമകൃഷ്ണാശ്രമം പുറനാട്ടുകര, 1962.

രാമകൃഷ്ണൻ, ഇ.വി. *സ്ത്രീ സ്വത്വം സമൂഹം*. കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 1994.

– – – . ഇ.വി. *അക്ഷരവും ആധുനികതയും*. കോട്ടയം: എസ്പിസിഎസ്, 2001.

രാജഗോപാലൻ, ഇ.പി. *നിശ്ശബ്ദതയും നിർമാണവും ചെറുകഥയുടെ കേരള ചരിത്രത്തിലൂടെ*, 2006.

രാധിക, സി.നായർ. *സമകാലികസാഹിത്യസിദ്ധാന്തം*. തൃശൂർ: കറന്റ് ബുക്സ്, 2001.

രാമവർമ, കെ.പി. *കാമപൂജ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2017.

രാജലക്ഷ്മി, ആർ.ബി. *സർഗഭാവനയുടെ പെൺപക്ഷം*. കോട്ടയം: എൻബിഎസ്, 2010.

രാജലക്ഷ്മി, വി.എം. (എഡി). *സ്ത്രീനീതി*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1987.

രാജകൃഷ്ണൻ, വി. *ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ*. കോട്ടയം: കറന്റ് ബുക്സ്, 1998.

രാജശേഖരൻ, പി.കെ. *ഏകാന്തനഗരങ്ങൾ*. കോട്ടയം: ഡിസി ബുക്സ്, 2000.

– – – . *അന്ധനായ ദൈവം*. കോട്ടയം: ഡിസി ബുക്സ്, 2008.

– – – . *കഥാന്തരങ്ങൾ*. കോഴിക്കോട്: മാതൃഭൂമി, 2007.

രാജൻ, തിരുവോത്ത്. *ശരീരം ഒരു കടത്തുവഞ്ചി*. കൊച്ചി: പ്രണത, 2006.

രാധാകൃഷ്ണൻ, ആർ. *കേരളത്തിന്റെ സ്ത്രീശാക്തികചരിത്രം*, തിരുവനന്തപുരം: മാളൂബൻ പബ്ലിക്കേഷൻസ്, 2016.

രാജീവ്കുമാർ. *അന്തർജനം മുതൽ അഷിത വരെ*. തിരുവനന്തപുരം: പരിധി പബ്ലിക്കേഷൻസ്, 1994.

രാജേന്ദ്രൻ, സി. *സൗന്ദര്യശാസ്ത്രം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2006.

രാധാകൃഷ്ണൻ, എ.പി. *നരവംശശാസ്ത്രം സാമൂഹികസാംസ്കാരിക സമീപനങ്ങൾ*. കോട്ടയം : എസ്.പി.സി.എസ്, 2015.

– – – . (എഡി). *ആണധികാരത്തിന്റെ ബലപ്രയോഗങ്ങൾ*. തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 2013.

രാമകൃഷ്ണൻ, എ.കെ. & വേണുഗോപാലൻ, കെ.എം. *സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം*. പയ്യന്നൂർ: നയന പബ്ലിക്കേഷൻസ്, 1989.

രാമകൃഷ്ണൻ, ഇ.വി. *ഒരു സംബന്ധത്തിന്റെ കഥ : ഇന്ദുലേഖ പുറകോട്ട് വായിക്കുമ്പോൾ* (ഇന്ദുലേഖ : വായനയുടെ ദിശകൾ). 2001.

രേഖാരാജ്. *ദളിത് സ്ത്രീ ഇടപെടലുകൾ*. കോട്ടയം: ഡിസി ബുക്സ്, 2016.

രേഖ, കെ. രേഖയുടെ കഥകൾ. തൃശൂർ: കറന്റ് ബുക്സ്, 2010.

– – – . ആരുടേയോ ഒരു സഖാവ്. തൃശൂർ: കറന്റ് ബുക്സ്, 2005.

രേഷ്മ, ഭരദ്വാജ്. (എഡി). *മിഥ്യകൾക്കപ്പുറം സ്വവർഗലൈംഗികത*. കോട്ടയം: ഡിസി ബുക്സ്, 2004.

ലതികാനായർ. *ഭാരതസ്ത്രീകൾ നൂറ്റാണ്ടുകളിലൂടെ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010.

ലിസ, പി. ദലിത് സ്ത്രീ പ്രതിനിധാനം മലയാളം ചെറുകഥയിൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി, 2015.

ലീലാവതി, എം. *ആദ്യപ്രരൂപങ്ങൾ സാഹിത്യത്തിൽ: ഒരു പഠനം*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993.

ലീലാവതി, എം. *സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാളത്തിൽ*. തൃശൂർ: കേരള സാഹിത്യ അക്കാദമി, 2008.

– – – . *ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം*. തിരുവനന്തപുരം: പ്രഭാത് ബുക്സ്, 2000.

– – – . *ഭാരതസ്ത്രീ, ഗുരുവായൂർ; ദേവസ്വം പ്രസിദ്ധീകരണം, 2009.*

ലക്ഷ്മിക്കുട്ടിയമ്മ. *സ്ത്രീ കാലഘട്ടങ്ങളിൽ*. തൃശൂർ: സഹൃദയവേദി, 1981.

ലേഖ, എസ്.മാധവിക്കുട്ടിയുടെ സ്ത്രീകഥാപാത്രങ്ങൾ. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, 1999.

ലൈംഗിക- ലിംഗത്വന്യൂനപക്ഷങ്ങളെ കുറിച്ചുള്ള കൈപ്പുസ്തകം. സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ്. തിരുവനന്തപുരം: മെയ് 2018

വസന്തൻ, എസ്.കെ. *നമ്മൾ നടന്ന വഴികൾ*, തൃശൂർ: മലയാളപഠനഗവേഷണ കേന്ദ്രം, 2006.

വാസുദേവൻനായർ, കളർകോട്. *തരിശുനിലത്തിന്റെ കഥകൾ*, കോട്ടയം: എൻബി എസ്, 1974.

വിജയൻ, എം.എൻ. (എഡി). *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം*, വാല്യം 2 & 3. തൃശൂർ: കേരള സാഹിത്യ അക്കാദമി, 2002.

വിജയൻ, കോടഞ്ചേരി. ''ഇനിയും വരുമോ ഒരു ഹിജഡ വസന്തം... ലൈംഗിക ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങൾ". ശാന്തം, ഏപ്രിൽ 2016.

വേണുഗോപാലൻ, കെ.എം. (എഡി). *കേരളം ലൈംഗികത ലിംഗനീതി*, തിരുവനന്തപുരം: സൈൻ ബുക്സ്, 2006.

ശങ്കരൻ, കെ.പി. (എഡി). *വാഗർത്ഥപ്രതിപത്തി : ഡോ.എം.ലീലാവതിയുടെ സാഹിത്യപ്രപഞ്ചം* (പെൺബുദ്ധി മുൻബുദ്ധി - ബുദ്ധിജീവിയുടെ കേരളീയലിംഗപരിസരത്തിൽനിന്ന് എം.ലീലാവതിയെ വായിക്കുമ്പോൾ - യാക്കോബ് തോമസ്). തൃശൂർ : കറന്റ് ബുക്സ്, 2015

– – – . "കേവല സ്ത്രീ ബോധത്തിനു മദ്ധപ്പെടാത്ത സംവേദനം". ഉള്ളെഴുത്ത്, മാർച്ച്, 2013.

ശാരദാമണി, കെ. *സ്ത്രീവാദം സ്ത്രീവിമോചനം*. കോട്ടയം: ഡിസി ബുക്സ്, 1999.

ശിവദാസ്, കെ.കെ. എഡി. *പെൺകഥയുടെ വർത്തമാനം*, ശിഖ ഗ്രന്ഥവേദി, 2013.

ശാരദക്കുട്ടി. *പെൺവിനിമയങ്ങൾ*. കോട്ടയം: ഡിസി ബുക്സ്, 2007.

– – – . *പെണ്ണ് കൊത്തിയ വാക്കുകൾ*. കോട്ടയം: ഡിസി ബുക്സ്, 2010.

– – – . "ശരീരത്തെ സംയമികൾ എന്തിനുഭയക്കുന്നു". മാതൃഭൂമി, നവംബർ 2011.

ശിഹാബുദീൻ, പൊയ്ത്തുംകടവ്. "യാഥാർത്ഥ്യവും സ്നേഹവും പരസ്പരം ഒളിവിലാണിവിടെ" ചന്ദ്രിക, മാർച്ച് 2016.

ശ്രീജിത്ത്. *താരുണ്യത്തിന്റെ കഥാന്തരങ്ങൾ.* കോഴിക്കോട്: പാപ്പിയോൺ, 2007.

ശ്രീജിത്ത്. *കഥയിലെ ഹിരൺമയകാന്തി.* ചെങ്ങന്നൂർ: റെയ്ൻബോ ബുക്സ്, 2005.

ശ്രീദേവി കെ.നായർ. എഡി. *മലയാളത്തിന്റെ കഥാകാരികൾ*, കോട്ടയം: ഡിസി ബുക്സ്, 2001.

ശ്രീകല, പി. എസ്. "ഫെമിനിസത്തിന്റെ കേരളചരിത്രം". സ്ത്രീശബ്ദം, ഏപ്രിൽ 2018.

ശ്രീവൽസൻ. *നവമനോവിശ്ലേഷണം*. കോട്ടയം: ഡിസി ബുക്സ്, 2001.

ശ്രീകുമാർ. *ഉത്തരാധുനികതക്കപ്പുറം*. കോട്ടയം: ഡിസി ബുക്സ്, 2000.

ശൈഖ് മുഹമ്മദ്, കാരക്കുന്ന്. *ഖുറാൻ മലയാളഭാഷാന്തരം*, ആലുവ: 2011.

ശ്രീധരൻ, എം.എ. (എഡി). *ഊരുകാക്കുന്ന പെണ്ണൊലികൾ*, സമയം പബ്ലിക്കേഷൻസ്, 2014.

ഷാജി ജേക്കബ്. *വിപരീതങ്ങൾ മലയാളിയുടെ മാധ്യമജീവിതം*. തിരുവനന്തപുരം: പരിധി പബ്ലിക്കേഷൻസ്, 2012.

– – – . *മലയാളനോവൽ ദേശഭാവനയും രാഷ്ട്രഭൂപടങ്ങളും*. തൃശൂർ: കേരള സാഹിത്യ അക്കാദമി, 2010.

– – – . (എഡി). *സാംസ്കാരികവിമർശനവും മലയാളഭാവനയും*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014.

– – – . (എഡി). *തകഴി കാലഭൂപടങ്ങൾ.* കൈരളി ബുക്സ്, 2012.

ഷാഹിന, ഇ.കെ. പുതുമഴച്ചൂരുള്ള ചുംബനങ്ങൾ. മാതൃഭൂമി: കോഴിക്കോട്, 2015.

– – – . അനന്തപത്മനാഭന്റെ മരകുതിരകൾ. കോട്ടയം: ഡി.സി.ബുക്സ്, 2005.

ഷാജി, ജോസഫ്. (എഡി). *മൂന്നാം ലിംഗനീതിക്കായുള്ള നിലിവിളികൾ.* തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 2015.

ഷീബ, കെ. എം. "ക്വിയർ രാഷ്ട്രീയ പ്രസ്ഥാനം". സംഘടിത, ആഗസ്റ്റ് 2016.

ഷീബ, ഇ.കെ. വൈടുകെ. കോട്ടയം: ഡി.സി.ബുക്സ്, 2004.

– – – . നീലലോഹിതം. കോട്ടയം: ഡി.സി.ബുക്സ്, 2014.

ഷീബ, എം.കുര്യൻ. (എഡി). *സിനിമ സാങ്കേതികതയും സംസ്കാരവും*. തിരുവനന്തപുരം: കേരള സർവകലാശാല, 2016.

– – – . "സ്ത്രീപുരുഷ നിർമ്മിതി". ഭാഷാപോഷിണി, മെയ് 2011.

– – – . "സ്ത്രീപക്ഷരചനകളിൽ നിന്നും സ്ത്രീ രചനയിലേയ്ക്ക്''. താപസം, ഒക്ടോബർ 2007.

ഷംഷാദ്, ഹുസൈൻ. *ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2009.

ഷൂബ, കെ.എസ്. *വാസവദത്ത ബഹുപാഠങ്ങൾ നിർമിക്കുകയാണ്*. പാപ്പിയോൺ ബുക്സ്, 2008.

ഷൺമുഖൻ, പുലാപ്പറ്റ. *കാലത്തിന്റെ സാക്ഷ്യങ്ങൾ*. തിരുവനന്തപുരം: സൈൻ ബുക്സ്, 2012.

സജിത, മഠത്തിൽ. *അരങ്ങിന്റെ വകഭേദങ്ങൾ*. ഡിസി ബുക്സ്, 2013.

സജിത, കെ.ആർ. *ദളിതം അക്ഷരസംയുക്തം*. തിരുവനന്തപുരം: പരിധി പബ്ലിക്കേഷൻസ്, 2012.

സച്ചിദാനന്ദൻ, കെ. *സ്ത്രീപഠനങ്ങൾ*. കോഴിക്കോട്: ബോധി ബുക്സ്, 1990.

സത്യൻ, എം. മലയാളസിനിമയും ലിംഗരാഷ്ട്രീയവും, കാലിക്കറ്റ് യൂണിവേഴ്സിറ്റി, 2018.

സന്തോഷ്, മാനിച്ചേരി. *ശരീരിപരസ്യങ്ങളിലെ ശരീരജീവിതം*. കോതമംഗലം: സൈകതം ബുക്സ്, 2012.

സന്തോഷ്കുമാർ, കെ.സി. "ആണത്തത്തിന്റെ വാർപ്പുമാതൃകകൾ". എഴുത്തകം, ജൂലൈ 2016.

സാമുവൽ, മെറ്റീർ. *ഞാൻ കണ്ട കേരളം* (വിവ.എ.എൻ.സത്യദാസ്). കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.

സാബുഷൺമുഖം "വെള്ളിത്തിരയിലെ സ്ത്രീയും ജനപ്രിയ വിവക്ഷകളും". വിജ്ഞാന കൈരളി, സെപ്തംബർ 2012.

സാറാ ജോസഫ്. *സാറാ ജോസഫിന്റെ കഥകൾ*. കോട്ടയം: ഡീസി ബുക്സ്, 2009.

- - - . *ആത്മരോഷങ്ങളും ആകുലതകളും*. ഗ്രീൻ ബുക്സ്, 2009.

സാം, എൻ. *സമകാലികമലയാളസാഹിത്യം*. കോട്ടയം: കറന്റ് ബുക്സ്, 2014.

സുകുമാരൻ, വി. *സ്ത്രീ എഴുത്തും വിമോചനവും, ഫെമിനിസ്റ്റ് സിദ്ധാന്തചരിത്രം*. തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 2014.

സുജാറാണി മാത്യു. *വുമണിസം, സ്ത്രീചിന്തയും സിദ്ധാന്തവും*. കൈരളി ബുക്സ്, 2008.

സുനിത, ടി. വി. "ലിംഗപദവി തൊഴിൽ സങ്കൽപനങ്ങളെ നിർണയിക്കുമ്പോൾ". ദേശാഭിമാനി, മാർച്ച് 2015.

സുധീന്ദ്രൻ, സി.വി. *സ്ത്രീമനസ് മോചനം.* കോഴിക്കോട്: ഐ ബുക്സ്, 2017.

സുധീഷ്, വി.ആർ. *ഒറ്റക്കഥാപഠനങ്ങൾ*. കോട്ടയം: ഡിസി ബുക്സ്, 2006.

സുമംഗല, കെ.വി. *ലിംഗബന്ധങ്ങളുടെ ആഖ്യാനശാസ്ത്രം.* സി.വി.ശ്രീരാമന്റെ കഥകളിൽ. കൈരളി ബുക്സ്, 2011.

സ്മൃതി, എസ്. ബാബു ''മോഹമഞ്ഞ, പ്രണയ വൈറസ് എന്നീ കഥകളെ ആസ്പദമാക്കി ഒരന്വേഷണം''. സാഹിത്യലോകം, സെപ്തംബർ 2016.

സിദ്ധിഖ്, എം.എം. *ആഗോളീകരണവും മലയാളചെറുകഥയും*. തിരുവനന്തപുരം: കേരള സർവകലാശാല, 2010.

സിജോ, പൊറത്തൂർ: "ആ മഴവില്ലുകൾ മാഞ്ഞുപോവരുത് (ഭിന്ന ലൈംഗികതയുടെ ചരിത്രവർത്തമാനങ്ങൾ)''. ദേശാഭിമാനി, ഏപ്രിൽ 2016.

സിമോൺ, ദി ബുവെ. *സെക്കന്റ് സെക്സ്*. (വിവ.മുഞ്ഞിനാട് പത്മകുമാർ). കോട്ടയം: എൻബിഎസ്, 2015.

സീമാ, ടി.എൻ. *സ്ത്രീകൾക്കുമേൽ ഒരു യുദ്ധം നടക്കുന്നുണ്ട്*. തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 2014.

സെബാസ്റ്റിൻ, കെ. സി.''വിമോചനകനവിന്റെ പെണ്ണിടം''. മലയാളം, ജനുവരി 2018.

സോണിയ, ഇ.പി. *ജീവിതത്തിന്റെ സ്ത്രീവായന.* കോഴിക്കോട്: സെക്യുലർ ബുക്സ്, 2000.

സോമൻ, പി. *അധികാരം അശ്ലീലത, സാഹിത്യം*. കാലിക്കറ്റ് യൂണിവേഴ്സിറ്റി: ലെഫ്റ്റ് ബുക്സ്, 1996.

– – – . *മാർക്സിസം ലൈംഗികത സ്ത്രീപക്ഷം*. കറന്റ് ബുക്സ്, 2014.

– – – . *അമ്മ ദൈവവും സംസ്കാരവും*. കറന്റ് ബുക്സ്, 2004.

– – – . *ദേവദാസികളും സാഹിത്യചരിത്രവും*, പ്രഭാത് ബുക്സ്, 2001

സോമശേഖരൻ, എം.എം. *കേരളത്തിലെ പ്രത്യുൽപാദനബന്ധങ്ങൾ*. തിരുവനന്തപുരം: സൈൻ ബുക്സ്,

സുരേന്ദ്രൻ, പി. *ഹിജഡകളുടെ പൊരുൾ*. കോട്ടയം: ഡിസി ബുക്സ്, 2008.

ഹേമജോസഫ്. ''ആധുനികീകരണവും സ്ത്രീലൈംഗികതയുടെ ക്രമീകരണവും മീനാക്ഷിയിൽ''. താപസം, ഒക്ടോബർ 2007.

റീജ, വി. *സ്ത്രൈണകർതൃത്വം ആഖ്യാനം, പ്രതിനിധാനം, രാഷ്ട്രീയം*. തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 2016.

– – – . (എഡി). *കഥയുടെ ബഹുസ്വരത മലയാളകഥാപഠനങ്ങൾ*. 2016.

റൊമിലാ, ഥാപ്പർ. *ആദിമ ഇന്ത്യാ ചരിത്രം* (വിവ.പി.കെ.ശിവദാസ്). ഡിസി ബുക്സ്, 2010.

റോജി, വർഗീസ്. *പുതുകഥാസിദ്ധാന്തം രാഷ്ട്രീയം സമൂഹം*. കോട്ടയം: ഡിസി ബുക്സ്, 2017.

# REFERENCE

Ahman, Dennis, 1972: Homosexual oppression and Liberation Angus and Robertson, syfvey

Barthes, Roland 1957 Mythologies (English 2013) Hill and Wang, New York

Beauvoir, Simonede 1972 The Second sex, Harmonds worth, Penguin

Bhasin Kamala, 2009 Exploring masculinity, women unlimited, New Delhi.

Butter, Judith, 1990 Gender Trouble Feminished and the subversion of identity, Routledge, New York

Califa Pat, 1991 Gay men, Lesbians and sex: Doing it together Advocate Adviser, Alyson publication, New York

Connel R W, 2005 masculinities, university of California press, Berkelly and Los Angels, California.

Foucault, Michel, 2008 The history of sexuality, Volume, Pengium Books

Freud Sigmund 1940 (English 2011) Three Essays on the Theory of Sexuality, Martino Fine books, East ford

Mitchell, Juliet 1974 Psychoanalysis and feminism: A Radical Reassessment of freudias Psychoanalysis, Basic Books, New York

Morgan, Robin (Ed) 1970 sisterhood is powerful - An Anthology of wrifings from the women's Liberation movement, Randam House

Mulvey, Layra 1989 introduction in visvaland other pleasures Houndmills, Basingstok, Hampshire, negland Newyork.

illai Meera. T, 2010 women in Malayalam Cinema Naturalising Gender LHierarchies, orien Black Swab, New Delhi

Online Journal

http://gtd.sagepub.com[ISSN0971-8524]

1) GENDER TECHNOLOGY AND DEVELOPMENT

http://gtdgage.pub.com

2) INDIAN JOURANL OF GENDER STUDIES

https://theologicalndian.com/editors-pick/my-story-transman/

https//cds.edu/wp-content/uploads/2017/08/obby-Note-English.pdf

http://english.manoramaonline.com/lifestyle.society/2017/06/

Syama-sanju--transgender beauty-pageant.html

Nagaia, Shadhra, “Conceptualising gender studies : Curriculu and Pedagogy”.

Indian Journal of Gender studies 25(2019) Feb 2019. http:\\gid.sage pub,com

Naran, Seema “Internal the local Retailing: Feminist perspectives of J.Ann Tickner” Indian hournal of Gender.21 (2014) Fan (2014). Jan2015 http:\\gid.sage pub.com

Sten, Kevin. "Governing the local:Sovereignty, social Governance of Com munity Safety”. Social work of Society. 22/2014) Jan2015/ http:\\gtd.sagepub.com.